

# വെളിപാടുപുസ്തകം
## ഒരു വ്യാഖ്യാനം

ഡോ. മൈക്കിൾ കാരിമറ്റം

mediahousecalicut.com



# വെളിപാടുപുസ്തകം

## ഒരു വ്യാഖ്യനം

ഡോ. മൈക്കിൾ കാരിമറ്റം

ഏഴു മുദ്രവച്ച് ഭദ്രമാക്കപ്പെട്ട ഒരു രഹസ്യ ഗ്രന്ഥമാണ് വെളിപാടു പുസ്തകം, മിക്ക വായനക്കാർക്കും. പറക്കുന്ന പർവ്വതങ്ങൾ, തിളയ്ക്കുന്ന അഗ്നിതടാകങ്ങൾ, ഭീകരങ്ങളായ വിചിത്ര ജീവികൾ തുടങ്ങിയ അനേകം ചിത്രങ്ങൾ ഗ്രന്ഥത്തിന്റെ രഹസ്യാത്മകത വർദ്ധിപ്പിക്കുന്നു. കൃത്യമായ കണക്കുകൂട്ടലുകളിലൂടെ ലോകാവസാനത്തിന്റെ തിയതി നിശ്ചയിക്കാൻ പലരും ഈ ഗ്രന്ഥം ഉപയോഗിക്കാറുണ്ട്. തിരഞ്ഞെടുക്കപ്പെട്ട 144000 പേർ മാത്രമേ രക്ഷ പ്രാപിക്കൂ, അത് തങ്ങൾ മാത്രമാണ് എന്ന് ഈ ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിലൂടെ അവകാശപ്പെടുന്നവരുമുണ്ട്. ഏറെ തെറ്റിധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഇരയായി തീർന്നിട്ടുള്ള ബൈബിളിലെ അവസാനത്തെ പുസ്തകമായ വെളിപാടിന്റെ ശാസ്ത്രീയവും ആധികാരികവും അതേ സമയം ലളിതവുമായ ഒരു വ്യാഖ്യാനം.

MEDIA HOUSE
Noor Complex
Mavoor road, Kozhikode -673 004
Ph: 9746077500, 9746440800
email: mediahousecalicut@gmail.com
www.mediahousecalicut.com

MEDIA HOUSE
375/A, Pocket 2,
Mayur Vihar Phase-1, Delhi- 110 091
Ph: 011- 43042096, 09555642600
email: mediahousedelhi@gmail.com
www.mediahouseonline.in

Price ₹ 230/-
ISBN 978-93-85987-09-0
9 789385 987090

# വെളിപാടുപുസ്തകം
# ഒരു വ്യാഖ്യാനം

മൈക്കിൾ കാരിമറ്റം

**VELIPADUPUSTHAKAM ORU VYAGHYANAM**
(Book of Revelation, a Commentary - Malayalam)


| | | |
|---|---|---|
| Author | : | Michael Karimattam |
| Cover Design | : | Devassy, Benny & Prakash |
| Printed and Published by | : | Media House, Delhi/calicut |
| DTP | : | Our Lady's Centre, Trichur |
| Offset Printing | : | |
| First Published | : | 1991 |
| Second edition | : | May 2009 |
| Copy right | : | The author |
| Distribution | : | |
| price | : | |



All rights reserved. No part of this book may be reproduced without the written permission of the author.


## ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| | രണ്ടാം പതിപ്പ്. മുഖവുര | 5 |
| | ഗ്രന്ഥസൂചിക | 6 |
| | **ഭാഗം ഒന്ന്** | |
| | **പശ്ചാത്തലം** | 13 |
| 1. | **ചരിത്രപശ്ചാത്തലം** | 14 |
| | 1. സഭയും സാമ്രാജ്യവും | 14 |
| | 2. നീറോയുടെ മതമർദ്ദനം | 16 |
| | 3. ഡൊമീഷ്യനും രാജാരാധനയും | 17 |
| | 4. സഭ പ്രതിസന്ധിയിൽ | 19 |
| | 5. ഗ്രന്ഥകർത്താവ് | 22 |
| 2. | **സാഹിത്യരൂപം** | 24 |
| | 1. അപ്പോകലിപ്റ്റിക് | 24 |
| | 2. പ്രവചനം | 30 |
| | 3. ഇടയലേഖനം | 31 |
| | 4. ആരാധനാരൂപം | 31 |
| | 5. നാടകം | 32 |
| 3. | **പ്രതീകങ്ങൾ** | 34 |
| | 1. സംഖ്യകൾ | 34 |
| | 2. നിറങ്ങൾ | 35 |
| | 3. വ്യക്തികൾ - മൃഗങ്ങൾ | 36 |
| | 4. വസ്തുക്കൾ | 37 |
| | 5. ശരീരഭാഗങ്ങൾ | 37 |
| | 6. പ്രപഞ്ചം | 37 |
| 4. | **രൂപഘടന** | 39 |
| | 1. വിവിധ പാരമ്പര്യങ്ങൾ | 39 |
| | 2. ഭിന്നാഭിപ്രായങ്ങൾ | 39 |
| | 3. രചനാസങ്കേതങ്ങൾ | 41 |
| | 4. ഘടന | 46 |
| | 5. വിഭജനം | 47 |

## ഭാഗം രണ്ട്

## വ്യാഖ്യാനം


വ്യാഖ്യാനം 49

| | | |
|---|---|---|
| 1. | ആമുഖം 1,1-8 | 50 |
| 2. | പ്രവാചകദൗത്യദർശനം 1,9-20 | 60 |
| 3. | സഭകൾക്കുള്ള ലേഖനങ്ങൾ 2,1-3,22 | 69 |
| 4. | സ്വർഗ്ഗീയ സദസ് 4,1-5,14 | 108 |
| 5. | ഏഴു മുദ്രകൾ 6,1-8,1 | 125 |
| 6. | ഏഴു കാഹളങ്ങൾ 8,2-11,19 | 143 |
| 7. | സ്ത്രീയും സർപ്പവും 12,1-15,4 | 164 |
| 8. | ക്രോധത്തിന്റെ ഏഴുപാത്രങ്ങൾ 15,5-16,21 | 187 |
| 9. | ബാബിലോണിന്റെ പതനം 17,1-19,10 | 194 |
| 10. | സ്വർഗ്ഗീയ ജറുസലെം 19,11-22,5 | 212 |
| 11. | ഉപസംഹാരം 22,6-21 | 233 |


# രണ്ടാം പതിപ്പ്

# മുഖവുര

*രണ്ടുപതിറ്റാണ്ടുമുമ്പാണ് ഈ പുസ്തകം ആദ്യമായി പ്രസിദ്ധീകരിച്ചത്. 1981 ഡിസംബറിൽ കേരള കത്തോലിക്കാസഭയുടെ ഔദ്യോഗിക ബൈബിൾ വിവർത്തനം പി.ഒ.സി.യിൽ നിന്ന് പ്രസിദ്ധീകരിച്ചതോടെ കേരള കത്തോലിക്കരുടെ ഇടയിൽ ബൈബിളിനോടുള്ള താൽപ്പര്യം വർദ്ധിച്ചു; അതോടൊപ്പം സംശയങ്ങളും. ബൈബിൾ വായനയിൽ ഏറ്റം കൂടുതൽ സംശയങ്ങൾ ഉണ്ടായത് വെളിപാടു പുസ്തകത്തിൽ നിന്നായിരുന്നു. ദുർവ്യാഖ്യാനങ്ങളും തെറ്റായ പ്രബോധനങ്ങളും അനേകരുടെ വിശ്വാസത്തെത്തന്നെ പിടിച്ചുലച്ച സാഹചര്യത്തിലാണ് വെളിപാടു പുസ്തകത്തിന് ഒരു വ്യാഖ്യാനം തയ്യാറാക്കിയത്. നാലുതവണ പുനഃപ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന് അനുവാചകരിൽനിന്ന് ലഭിച്ച സ്വീകരണം ഏറെ പ്രോത്സാഹജനകമായിരുന്നു. വെളിപാടുപുസ്തകം ഉയർത്തുന്ന വെല്ലുവിളികൾ ഇന്നു വർദ്ധിച്ചിട്ടേയുള്ളൂ.*

*ചില പ്രത്യേക കാരണങ്ങളാൽ കുറച്ചുകാലമായി പുസ്തകത്തിന്റെ കോപ്പി ലഭ്യമായിരുന്നില്ല. അനേകരുടെ അഭ്യർത്ഥനയെമാനിച്ച് ഒരു രണ്ടാംപതിപ്പു പ്രസിദ്ധീകരിക്കുകയാണ്. ചുരുക്കം ചില തിരുത്തലുകളും വിശദീകരണങ്ങളും ഒഴിച്ചാൽ ഈ രണ്ടാംപതിപ്പിൽ കാര്യമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. പ്രസിദ്ധീകരണം ഏറ്റെടുത്ത മീഡിയ ഹൗസ് ഭാരവാഹികളോടും DTP ഭംഗിയായി ചെയ്ത ഔർ ലേഡീസ് സെന്ററിനോടും ഉള്ള കൃതജ്ഞത രേഖപ്പെടുത്തട്ടെ. പ്രത്യക്ഷത്തിൽ ദുർഗ്രഹം എന്നു തോന്നുന്ന, എന്നാൽ അതിമനോഹരമായ രക്ഷാസന്ദേശം സൂക്ഷിച്ചുവച്ചിരിക്കുന്ന, വെളിപാടുപുസ്തകം താൽപര്യപൂർവ്വം വായിച്ചുപഠിക്കാനും അതിൽ നിന്നു പ്രചോദനവും പ്രത്യാശയും ഉൾക്കൊള്ളാനും ഈ വ്യാഖ്യാനം അല്പമെങ്കിലും സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു.*

## The Book of Revelation
## Select Bibliography


Aune E,. David., *Revelation*. Word biblical Commentary, 3 Vols (52A, 52B, 52C), Word Books, Dallas, Texas, 1997,1998

Barclay William, *The Revelation of John*, 2 Vols; The Daily Study Bible, TPI, Bangalore, 1981 (revised edition 1976)

Boring M. Eugene., *Revelation*, Interpretation, A Bible Commentary for Teaching and Preaching, John Knox Press, Louisville, 1989

Bratcher, Robert G. and Howard A. Harton, *A Handbook on the Revelation to John*. New york 1993

Ford J. Massyngberde., *Revelation. Introduction, Translation and Commentary*, Anchor Bible, Vol 38, Doubleday, New York, 1975

Harrington J.Wilfred., *Revelation.*Sacra Pagina,Vol 16.The Liturgical Press, Collegeville, Minnesota, 1993

Mounce H. Robert., *The Book of Revelation*, The New International Commentary on the New Testament, Erdemans, Grand Rapids, Michigan, 1977

Richard, Pablo, *Apocalypse.* A People's Commentary on the Book of Revelation, Orbis Press, New York, 1995

Schuessler Fiorenza Elizabeth., *The apocalypse*, Herald Biblical Booklets, Franciscan Herald Press, Chicago, 1976

*The Book of revelation Justice and judgment*, Fortress Press, Philadelphia, 1985

*Revelation, Vision of a Just World.* Proclamation Commentaries, Fortress Press, Minneapolis, 1991

Thompson L. Leonard., *Revelation*. Abingdon New Testament Commentaries, Abingdon, Nashville, 1998


# ആമുഖം

ബൈബിളിലെ അവസാനത്തെ പുസ്തകമായ വി. യോഹന്നാനു ലഭിച്ച വെളിപാട് ഭൂരിഭാഗം ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇന്നും ഏഴു മുദ്രവച്ചു ഭദ്രമാക്കപ്പെട്ട ഒരു രഹസ്യഗ്രന്ഥമാണ്. നിത്യവിരുന്ന്, പുതിയ ആകാശവും പുതിയ ഭൂമിയും മുതലായ ചുരുക്കം ചില പ്രതീകങ്ങളൊഴിച്ചാൽ, ക്രിസ്തീയജീവിതത്തെയോ, സുവിശേഷപ്രഘോഷണത്തെയോ ധ്യാനപ്രസംഗങ്ങളെപ്പോലുമോ ഈ പുസ്തകം അധികമൊന്നും സ്വാധീനിക്കാറില്ല. പറക്കുന്ന പർവ്വതങ്ങൾ, തിളയ്ക്കുന്ന തടാകങ്ങൾ, ഭീകരങ്ങളായ വിചിത്രജീവികൾ തുടങ്ങി ഭാവനയുടെ അതിരുകളെ അതിലംഘിക്കുന്ന അനേകം ചിത്രങ്ങൾ ഈ പുസ്തകത്തിന്റെ രഹസ്യാത്മകത വർദ്ധിപ്പിക്കുന്നു. പ്രതികാരത്തിനുവേണ്ടിയുള്ള നിലവിളി, മനുഷ്യരെ ചവുട്ടിപ്പിഴിഞ്ഞു രക്തമൊഴുക്കുന്ന ക്രോധത്തിന്റെ ചക്ക് മുതലായവ ക്രിസ്തുനാഥൻ പ്രഘോഷിച്ച അനന്തമായ കരുണയുടെയും നിസ്സീമമായ സ്നേഹത്തിന്റെയും ചൈതന്യത്തിനു നിരക്കാത്തതായി തോന്നാം. അതിനാൽ കത്തോലിക്കാസഭയിലും മുഖ്യപ്രോട്ടസ്റ്റന്റു സഭകളിലും വെളിപാടു ഗ്രന്ഥത്തിന് തുച്ഛമായ സ്ഥാനമേ ഇന്നും നല്കപ്പെടുന്നുള്ളു. "ഒന്നും മനസ്സിലാകുന്നില്ല; വെളിപാടു വായിച്ചാൽ ഉള്ള വെളിവുകൂടി നഷ്ടപ്പെടുകയേ ഉള്ളൂ" എന്ന പ്രതികരണമാണ് സാധാരണക്കാരുടെ ഭാഗത്തുനിന്നും പൊതുവേ കേൾക്കുക.

അതേസമയം, ക്രിസ്തീയവിശ്വാസത്തിന്റെ മുഖ്യധാരകളിൽനിന്നു വഴുതിമാറിയ മൗലികവാദികളുടെ ചെറുസമൂഹങ്ങളിൽ വെളിപാടു പുസ്തകം ബൈബിളിലെ ഏറ്റം പ്രധാനപ്പെട്ട ഗ്രന്ഥമായി പരിഗണിക്കപ്പെടുന്നു. കൃത്യമായ കണക്കുകൂട്ടലുകളിലൂടെ ലോകാവസാനത്തിന്റെ തിയ്യതി നിശ്ചയിക്കാൻ ഈ ഗ്രന്ഥം പലരും ഉപയോഗിക്കാറുണ്ട്. ജീവഗ്രന്ഥത്തിൽ പേരെഴുതപ്പെട്ട 144,000 പേർ തങ്ങളാണെന്നും മറ്റുള്ളവരെല്ലാം ഗന്ധകമെരിയുന്ന അഗ്നിത്തടാകത്തിലെ നിത്യശിക്ഷയ്ക്കായി വധിക്കപ്പെട്ടവരാണെന്നും ഈ ഗ്രൂപ്പുകളിൽ ഓരോന്നും അവകാശപ്പെടുന്നു; ഭൗമിക പറുദീസായിൽ ക്രിസ്തുവിനോടൊപ്പം ആയിരം വർഷം വാഴാമെന്ന പ്രതീക്ഷ അനുയായികളിൽ ഉണർത്തുന്നു. ഈ സമൂഹങ്ങൾ തൊടുത്തുവിടുന്ന ആരോപണങ്ങളും ഉയർത്തുന്ന വെല്ലുവിളികളുമാണ് മറ്റു ക്രിസ്തുവിശ്വാസികളെ ഇന്നു വെളിപാടിപുസ്തകം പഠിക്കാൻ പ്രേരിപ്പിക്കുന്ന ഒരു പ്രധാന കാരണം.

മറ്റെല്ലാ ബൈബിൾ ഗ്രന്ഥങ്ങളെക്കാളും ഗ്രഹിക്കാൻ പ്രയാസമുള്ളതാണ് വെളിപാടുപുസ്തകം എന്നതിൽ സംശയമില്ല. അതിനാൽത്തന്നെ ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽ പോലും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന പല കാര്യങ്ങളെക്കുറിച്ചും ഭിന്നാഭിപ്രായങ്ങൾ നിലനില്ക്കുന്നുണ്ട്. എന്നാലും, പുസ്തകം അവതരിപ്പിക്കുന്ന രക്ഷാകരസന്ദേശത്തെക്കുറിച്ച് പൊതുവായ ധാരണയുണ്ട്. ആ ധാരണയുടെ വെളിച്ചത്തിലാണ് ഈ വ്യാഖ്യാനം

തയ്യാറാക്കിയിരിക്കുന്നത്.

ദൈവാരാധനയ്ക്കായി സമ്മേളിക്കുന്ന ക്രിസ്തുവിശ്വാസികളുടെ സമൂഹങ്ങളിൽ ഒരാൾ ഉച്ചത്തിൽ വായിക്കുകയും എല്ലാവരും കേൾക്കുകയും ചെയ്യുന്നതിനുവേണ്ടി എഴുതപ്പെട്ടതാണ് വെളിപാടുപുസ്തകം. പഴയനിയമവും, ഒന്നാംനൂറ്റാണ്ടിൽ യഹൂദരുടെയും ക്രൈസ്തവരുടെയും ഇടയിൽ പ്രചാരത്തിലിരുന്ന അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളും പരിചയമുള്ളവരായിരുന്നു അനുവാചകർ. വെളിപാടുപുസ്തകം വായിച്ചുകേൾക്കുമ്പോൾ അവരുടെ മനസ്സിൽ വിവിധങ്ങളായ ചിത്രങ്ങൾ തെളിയും; അനേകം ധ്വനികൾ ഉണരും. അവയുടെ വെളിച്ചത്തിൽ ഈ പുസ്തകം നല്കുന്ന രക്ഷാകരസന്ദേശം അവർക്കു വ്യക്തമാകുമായിരുന്നു.

പുറപ്പാട് 7 - 10; ദാനിയേൽ 7 - 12;സഖറിയാ 1 - 4; ഏശയ്യാ 24 - 27;65; ജറെ 4; എസെക്കിയേൽ 1 - 3; 38 - 42; ജോയേൽ 1 - 3 എന്നീ ബൈബിൾ ഭാഗങ്ങൾ വായിക്കുന്നത് വെളിപാടുപുസ്തകം വിവരിക്കുന്ന ചിത്രങ്ങളും പ്രതിപാദിക്കുന്ന രക്ഷാകരസന്ദേശവും ഗ്രഹിക്കാൻ സഹായകമാകും. വിശദാംശങ്ങൾ വിശകലനം ചെയ്യുന്നതിനുമുമ്പേ പുസ്തകം ഒറ്റയിരുപ്പിൽ, ഉച്ചത്തിൽ വായിച്ചുകേൾക്കുന്നത് അതിന്റെ പൊതുവായ നീക്കത്തെയും ഘടനയെയുംകുറിച്ച് ഏകദേശം ഒരു രൂപം ലഭിക്കാൻ ഉപകരിക്കും.

ക്രിസ്തുവിലുള്ള വിശ്വാസം വാക്കും പ്രവൃത്തിയുംവഴി ഏറ്റുപറയുന്നതിന്റെ പേരിൽ പീഡനത്തിനിരയാവുന്ന സഭാസമൂഹങ്ങൾക്ക് അവരുടെ നേതാവും സഹനത്തിൽ പങ്കുകാരനുമായ യോഹന്നാൻ എഴുതിയ ലേഖനമാണ് വെളിപാടുപുസ്തകം. പാത്മോസ് ദ്വീപിലേക്കു നാടുകടത്തപ്പെട്ട അദ്ദേഹം ഒരു ഞായറാഴ്ച പ്രാർത്ഥനാനിരതനായിരിക്കുമ്പോൾ ലഭിച്ച വെളിപാട് ഇരുപത്തിരണ്ടധ്യായങ്ങളിലായി വിവരിക്കുന്നു. സഭകളുടെ മധ്യേ നില്ക്കുന്ന മഹത്വീകൃതനായ മനുഷ്യപുത്രൻ യോഹന്നാനെ പ്രവാചകദൗത്യം ഏല്പിക്കുന്നതോടെ ദർശനങ്ങളും ശ്രവണങ്ങളും ആരംഭിക്കുന്നു. റോമൻ പ്രവിശ്യയായ ഏഷ്യയിലെ ഏഴു പ്രമുഖ സഭകൾക്കുള്ള മനുഷ്യപുത്രന്റെ സന്ദേശമാണ് ആദ്യമേ ലഭിക്കുന്നത്. ശാസനയും താക്കീതും, പ്രോത്സാഹനവും വാഗ്ദാനങ്ങളുംവഴി വിശ്വാസികളെ തിരുത്തുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്ന ഈ ഭാഗം അവസാനിക്കുമ്പോൾ പുതിയൊരു ദൃശ്യം ആരംഭിക്കുന്നു.

വാനദൂതരാൽ പരിസേവിതനായി സ്വർഗ്ഗീയ സിംഹാസനത്തിൽ ഉപവിഷ്ടനായ ദൈവത്തിന്റെ കൈയിൽനിന്നു കുഞ്ഞാട് മുദ്രിതമായ ചുരുൾ എടുക്കുമ്പോൾ സ്വർഗ്ഗീയ ഗണങ്ങൾ സ്തുതികീർത്തനങ്ങളാലപിച്ച് ദൈവത്തെയും കുഞ്ഞാടിനെയും ആരാധിക്കുന്നു. കുഞ്ഞാട് ചുരുളിന്റെ മുദ്രകൾ തുറക്കാൻ തുടങ്ങുന്നതോടെ ഭീകരമായ സംഭവപരമ്പരകൾ ഭൂമിയിൽ അരങ്ങേറുകയായി. ഏഴാംമുദ്രയും തുറന്നുകഴിയുമ്പോൾ കാഹളമേന്തിയ ഏഴു ദൂതന്മാർ കൂടുതൽ ഭയാനകമായ ശിക്ഷകൾ വിളിച്ചുവരുത്തുന്നു. ശിക്ഷാവിധിയുടെ മുന്നേറ്റത്തെ തൽക്കാലത്തേക്കു തടഞ്ഞുനിർത്തുന്നതുപോലെ മറ്റൊരു സ്വർഗ്ഗീയദൃശ്യം പ്രത്യക്ഷപ്പെടുന്നു. ശക്തനായ ദൂതന്റെ കൈയിൽനിന്നു ഗ്രന്ഥകാരൻ തുറന്ന ചെറിയ ചുരുൾ വാങ്ങി ഭക്ഷിച്ചു കഴിയുമ്പോൾ റോമാസാമ്രാജ്യത്തിൽ പീഡനമേല്ക്കുന്ന സഭയുടെ വിവിധ ചിത്രങ്ങൾ പ്രത്യക്ഷപ്പെടുന്നു. സ്വർഗ്ഗീയാരാധനയോടെ ഈ ദർശനപരമ്പര അവസാനിക്കുമ്പോൾ ഏഴു ദൂതന്മാർ ഭൂമിയുടെമേൽ ദൈവക്രോധത്തിന്റെ പാത്രങ്ങൾ ചൊരിയുന്നു. തുടർന്നുവരുന്നത് ക്രിസ്തുവിശ്വാസികളുടെ രക്തം കുടിച്ച് ഉന്മത്തയായ മഹാവേശ്യയുടെ ചിത്രമാണ്. മഹാബാബിലോൺ എന്നു വിളിക്കപ്പെടുന്ന റോമിന്റെ പതനത്തോടെ വീണ്ടും സ്വർഗ്ഗത്തിൽ സ്തുതിഗീതങ്ങൾ ഉയരുന്നു. അടുത്തതായി സാത്താനെതിരേയുള്ള നിർണ്ണായകപോരാട്ടമാണ്. ആദ്യമേ അനുയായികളും പിന്നീട് സാത്താനും പിടിക്കപ്പെടുന്നു. ആയിരംവർഷത്തെ ഇടവേളയ്ക്കുശേഷം മോചിതനായ സാത്താൻ അന്തിമയുദ്ധത്തിൽ നിത്യാഗ്നിയിലേയ്ക്ക് എറിയപ്പെടുന്നതോടെ തിന്മ തുടച്ചുമാറ്റപ്പെടുന്നു. സമൂലം നവീകരിക്കപ്പെട്ട പ്രപഞ്ചം ദൈവാലയമായി മാറുന്നു. സ്വർഗ്ഗീയ ജറുസലേം എന്നും കുഞ്ഞാടിന്റെ മണവാട്ടിയെന്നും വിശേഷിപ്പിക്കപ്പെടുന്ന സഭ സ്വർഗ്ഗീയ മനോഹാരിതയിൽ പ്രത്യക്ഷപ്പെടുന്നു. അവിടെ നിത്യജീവനും സ്വർഗ്ഗഭാഗ്യവും അനുഭവിക്കുന്ന വിശ്വസ്തസമൂഹം അനവരതം ദൈവത്തെ ആരാധിക്കുന്നു. മനുഷ്യഭാവനയെ ഉല്ലംഘിക്കുന്ന അതിമനോഹരമായ ഭാവി യാഥാർത്ഥ്യമാക്കാൻ താൻ വേഗം വരുന്നു എന്ന വാഗ്ദാനവും "കർത്താവേ വരണമേ" എന്ന സഭയുടെ പ്രാർത്ഥനയും ഒരുമിച്ചുയരുമ്പോൾ ദർശനങ്ങൾക്കു തിരശ്ശീല വീഴുന്നു. കർത്താവിന്റെ കൃപ ആശംസിച്ചുകൊണ്ട് ഗ്രന്ഥകാരൻ തന്റെ ലേഖനം അവസാനിപ്പിക്കുന്നു.

വെളിപാടു പുസ്തകം വായിക്കുമ്പോൾ ബീഭത്സവും ഭയാനകവും ക്രൂരവുമായ ദൃശ്യങ്ങളും, കരുണാർദ്രവും അതിമനോഹരവുമായ ചിത്രങ്ങളും ഇടകലർന്ന് ഒരു വെള്ളിത്തിരയിലെന്നപോലെ അനുവാചകരുടെ മനസ്സിലൂടെ അതിവേഗം കടന്നുപോകും. ഇവയുടെ എല്ലാം വിശദാംശങ്ങൾ വ്യാഖ്യാനിക്കാനല്ല, പൊതുവായ അർത്ഥം ഗ്രഹിക്കാനാണു നാം ശ്രമിക്കേണ്ടത്. നന്മയും തിന്മയും തമ്മിൽ, ദൈവവും സാത്താനും തമ്മിൽ, ഈ ഭൂമിയിൽ നടക്കുന്ന സംഘട്ടനത്തിന്റെ ചിത്രീകരണമാണിത്. ഈ സംഘട്ടനത്തിന്റെ ഒരു ഘട്ടമാണ് റോമാസാമ്രാജ്യം ക്രിസ്തുസഭയ്ക്കെതിരേ നടത്തിയ പീഡനവും, സഭയുടെ ധീരവും ക്ഷമാപൂർണ്ണവുമായ ചെറുത്തുനില്പും.

ഏഴുതലയും പത്തുകൊമ്പും ഉള്ള ഭീകരമൃഗത്തെപ്പോലെ ശക്തവും ക്രൂരവുമാണ് സാമ്രാജ്യം. തന്റെ നിയമങ്ങളും ജീവിതശൈലിയുംവഴി അനേകരെ സത്യദൈവത്തിൽനിന്നകറ്റുന്നതിനാൽ രക്താംബരവും രത്നാഭരണങ്ങളും അണിഞ്ഞ വേശ്യയെപ്പോലെ വശ്യയാണവൾ; ക്രിസ്തുവിശ്വാസികളെ ക്രൂരമായി പീഡിപ്പിക്കുന്നതിനാൽ രക്തംകുടിച്ച് ഉന്മത്തയും. പ്രത്യക്ഷത്തിൽ ദുർബ്ബലമായ സഭ സാമ്രാജ്യത്തിന്റെ പ്രലോഭനങ്ങളെയും പീഡനങ്ങളെയും വകവയ്ക്കാതെ വിശ്വസ്തയായ മണവാട്ടിയെപ്പോലെ തന്റെ നാഥനോടു ചേർന്നുനില്ക്കുന്നു.

റോമാസാമ്രാജ്യം തകർന്നുവീഴുന്ന ദൃശ്യം വിശദമായി ചിത്രീകരിക്കുമ്പോഴും തിന്മയുടെ ശക്തി വീണ്ടും വീണ്ടും വ്യത്യസ്ത രൂപഭാവങ്ങളിൽ പ്രത്യക്ഷപ്പെട്ട് ക്രിസ്തുവിശ്വാസികൾക്കെതിരേ ആക്രമണം നടത്തുമെന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുണ്ട്. ഈ സംഘ

ട്ടനം ചരിത്രത്തിന്റെ അവസാനംവരെ തുടരും. എന്നാൽ ഭൂമിയുടെയും ചരിത്രത്തിന്റെയും അധിപൻ റോമാചക്രവർത്തിയോ, മറ്റ് ഏതെങ്കിലും സാമ്രാജ്യശക്തിയോ, അവയുടെ എല്ലാം പിന്നിൽ നില്ക്കുന്ന സാത്താനോ അല്ല, ദൈവമാണ് എന്ന ഉറച്ചവിശ്വാസം വെളിപാടു പുസ്തകത്തിൽ ഉടനീളം പ്രതിധ്വനിക്കുന്നുണ്ട്. നന്മ വിജയിക്കും, തിന്മ എന്നേക്കുമായി ഉന്മൂലനം ചെയ്യപ്പെടും; തിന്മയോടു ചേർന്നുനില്ക്കുന്നവർ നിത്യശിക്ഷയ്ക്കും നന്മയോടു ചേർന്നു നില്ക്കുന്നവർ നിത്യഭാഗ്യത്തിനും അർഹരാകും എന്ന ഉറച്ച ബോധ്യമാണ് അഗ്നിത്തടാകത്തിന്റെയും സ്വർഗ്ഗീയ ജറൂസലെമിന്റെയും ചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്നത്. ദൈവികത അവകാശപ്പെട്ടുകൊണ്ട്, അഥവാ ദൈവത്തെ നിഷേധിച്ചുകൊണ്ട്, ലോകചരിത്രത്തിൽ കടന്നുവരുന്ന സകല സർവ്വാധിപത്യ സാമ്രാജ്യശക്തികളുടെയും നിഷേധമാണ് ഈ ചിത്രങ്ങളിലൂടെ വരച്ചുകാട്ടുന്നത്.

പാപവും തിന്മയും അതിന്റെ വിശ്വരൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെടുന്നതിനാൽ വെളിപാടുപുസ്തകത്തിലെ പല ദൃശ്യങ്ങളും അതിക്രൂരവും ഭയാനകവുമാണ്. ദൈവത്തെ നിഷേധിച്ചു സ്വയം ദൈവമായി പ്രതിഷ്ഠിക്കാനുള്ള മനുഷ്യന്റെ ശ്രമമാണ് പാപത്തിന്റെ കാതൽ. അതിനെതിരെയുള്ള സന്ധിയില്ലാസമരവും ശിക്ഷയും അതുപോലെതന്നെ ഭയാനകവും ക്രൂരവുമായിരിക്കും. തിന്മയുടെ ഉന്മൂലനവും പാപത്തിന്റെ ശിക്ഷയും നടപ്പാക്കുമ്പോൾ ദൈവം തന്റെ നീതിയും ശക്തിയും പ്രകടമാക്കുന്നു. അന്തിമവിധി കരുണയുടെ അവസരമല്ല.

വിശ്വാസികൾക്കു പ്രോത്സാഹനവും പ്രത്യാശയും മർദ്ദകരായ അധർമ്മികൾക്കു ഭീകരമായ താക്കീതും നല്കുന്നതാണ് വെളിപാടുപുസ്തകം. മാനസാന്തരത്തിനുള്ള ആഹ്വാനം ഇതിൽ പലതവണ ആവർത്തിക്കപ്പെടുന്നുണ്ട്. തിന്മയുടെ ശക്തിയുമായി വിട്ടുവീഴ്ചയോ ഒത്തുതീർപ്പോ ക്രിസ്തുവിശ്വാസിക്ക് അനുവദനീയമല്ല. അതിന്റെ പ്രലോഭനങ്ങൾക്കെതിരേ വിശ്വാസികൾ നിതാന്തജാഗ്രത പുലർത്തണം; പീഡനങ്ങളിൽ ക്ഷമാപൂർവ്വം ഉറച്ചുനില്ക്കണം. തിന്മയുടെ ഭീകരതയെ ഭയന്നോ, വശ്യതയാൽ ആകൃഷ്ടരായോ ക്രിസ്തുവിനോടുള്ള വിശ്വസ്തത വെടിയുന്നത് നിത്യനാശത്തിനു കാരണമായിത്തീരും. കുഞ്ഞാടിന്റെയും മൃഗത്തിന്റെയും രാജ്യത്തിൽ ഒരുമിച്ചു പങ്കുചേരാൻ ആർക്കും സാധിക്കുകയില്ല. സർവ്വാധിപത്യം അവകാശപ്പെടുന്ന പ്രത്യയശാസ്ത്രങ്ങളും സാമ്രാജ്യവാദങ്ങളും ജനജീവിതത്തിന്റെ എല്ലാ തുറകളിലേക്കും കിനിഞ്ഞിറങ്ങുന്ന ദൈവവിരുദ്ധ ഭൗതികതയും മൃഗീയമായ ക്രൂരതയോടെ, വേശ്യാസമാനമായ വശ്യതയോടെ ക്രിസ്തു വിശ്വാസികൾക്ക് ഇന്നും ഒരു വലിയ ഭീഷണിയും പ്രലോഭനവുമായി തുടരുന്നു.

അതിനാൽ ഓരോ വ്യക്തിയും തന്റേതായ ജീവിത സാഹചര്യങ്ങളിൽ വ്യക്തമായ തീരുമാനങ്ങളെടുക്കാനും പക്ഷം ചേരാനും നിർബന്ധിതനാകുന്നു. സഭാസമൂഹങ്ങൾക്കും ഈപക്ഷം ചേരൽ അനിവാര്യമാണ്. വ്യക്തിഗതവും ആദ്ധ്യാത്മികവുമായ തലങ്ങളിൽ മാത്രമല്ല, സാമൂഹിവും ഭൗതികവുമായ തലങ്ങളിലും ഈ പക്ഷം ചേരൽ പ്രകടമാകണം എന്ന് വെളിപാട് പുസ്തകം അനുശാസിക്കുന്നു. സാത്താന്റെ വിവിധരൂപങ്ങളെയും ഭാവങ്ങളെയും തിരിച്ചറിഞ്ഞ് തള്ളിപ്പറയാനും ക്രിസ്തുവിനോടുള്ള വിശ്വസ്തത വാക്കും പ്രവർത്തിയും വഴി ഉറക്കെ പ്രഘോഷിക്കാനും ദൈവം അവസാനമായി നല്കുന്ന ആഹ്വാനമാണ് വെളിപാട് പുസ്തകം. "അതിനാൽ മനസ്സിലാകുന്നില്ല" എന്ന പറഞ്ഞ് അതിനെ മാറ്റിവയ്ക്കാനാവില്ല. ജീവദായകവും, അതേസമയം ഇരുവായ്ത്തലവാൾപോലെ മൂർച്ചയേറിയതുമായ ദൈവവചനമാണത്; അതർഹിക്കുന്ന ഗൗരവത്തോടെ സ്വീകരിച്ചേമതിയാവൂ.

വെളിപാട് പുസ്തകത്തിൽ പ്രകടമാകുന്ന രക്ഷാകരസന്ദേശം ദൈവശാസ്ത്രത്തിലോ ബൈബിൾ വിജ്ഞാനീയത്തിലോ പ്രത്യകപരിശീലനമില്ലാത്തവർക്കും ഗ്രഹിക്കാനാവും വിധം കഴിയുന്നത്ര ലളിതമായി അവതരിപ്പിക്കാൻ ഈ വ്യാഖ്യാനത്തിൽ ശ്രമിച്ചിട്ടുണ്ട്.പുസ്തകം എഴുതപ്പെട്ട കാലഘട്ടത്തിന്റെ പ്രത്യകതകൾ, അതിൽ ഉപയോഗിച്ചിരുന്ന സാഹിത്യരൂപങ്ങളുടെയും ശൈലിയുടെയും സവിശേഷതകൾ, പുസ്തകത്തിന്റെ പൊതുവായ ഘടന, എന്നിവ ആദ്യഭാഗത്ത് വിശകലനം ചെയ്യുന്നു. രണ്ടാംഭാഗത്തു വെളിപാട് പുസ്തകത്തിന്റെ ഓരോ അധ്യായവും വാക്യവും വിശദീകരിക്കുന്നു.

വെളിപാട് പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങൾ എല്ലാം തന്നെ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബൈബിളിന്റെ ഇതരഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നവയാണ്. അവയുമായുള്ള ബന്ധം മനസ്സിലാക്കിയെങ്കിലേ യോഹന്നാൻ നല്കുന്ന സന്ദശം ഗ്രഹിക്കാനാവൂ. ഓരോ വാക്യവും വ്യാഖ്യാനിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ഇതര ബൈബിൾ ഭാഗങ്ങളിലേക്കു സൂചനകൾ നല്കിയിട്ടുണ്ട്. അവയും കൂടി വായിക്കുന്നത് അർത്ഥം ഗ്രഹിക്കാൻ സഹായിക്കും.

ഗ്രീക്കിൽ എഴുതപ്പെട്ട വെളിപാട്പുസ്തകത്തിന്റെ ഭാഷ പലപ്പോഴും ആവർത്തനവിരസവും വ്യാകരണനിയമങ്ങളെ മാനിക്കാത്തുതുമാണ്. ആനുകാലിക മലയാള വിവർത്തനങ്ങളെല്ലാം തന്നെ മൂലഭാഷയുടെ അസ്വാരസ്യം ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ വസ്തുനിഷ്ഠമായ പഠനത്തിന് ഭാഷാഭംഗിയേക്കാൾ മൂലത്തോടുള്ള വിശ്വസ്തത കൂടുതൽ പ്രാധാന്യമർഹിക്കുന്നതുകൊണ്ട് നിലവിലുള്ള വിവർത്തനങ്ങളൊന്നും അതേപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. The Greek New Testment, Ed. by Kurt Aland et al. 2nd Ed., Stuttgart. 1969 എന്ന ഗ്രന്ഥമാണ് വിവർത്തനത്തിന് മൂലഗ്രന്ഥമായി സ്വീകരിച്ചിരിക്കുന്നത്.

വെളിപാടുപുസ്തകത്തിലെ എല്ലാ രഹസ്യങ്ങളും പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞു എന്നു ഞാൻ അവകാശപ്പെടുന്നില്ല. ഇനിയും അവ്യക്തവും നിഗൂഢവുമായി അവശേഷിക്കുന്ന പലതുമുണ്ട്. വിശദീകരിക്കുന്ന ആശയങ്ങൾതന്നെ ചിലപ്പോഴെല്ലാം വ്യത്യസ്തങ്ങളായ വ്യാഖ്യാനസാധ്യതകൾ ഉള്ളവയാണ്. വെളിപാട് പുസ്തകം അവതരിപ്പിക്കുന്ന പല പ്രമേയങ്ങളും, അവ ക്രിസ്തു വിശ്വാസികൾക്കു മുമ്പിൽ ഉയർത്തുന്ന വെല്ലുവിളികളും കൂടുതൽ ആഴത്തിൽ പഠിക്കുന്നത് ഉപകാരപ്രദമായിരിക്കും. ഇത് ഒരു വ്യാഖ്യാനത്തിന്റെ പരിധിയിൽ ഒതുങ്ങുന്നതല്ലാത്തതിനാൽ ചുരുക്കം ചില സൂചനകൾ നല്കുക മാത്രമേ ഇവിടെ ചെയ്തിട്ടുള്ളൂ.

# ഭാഗം I

## പശ്ചാത്തലം

കാലത്തിനതീതമാണ് ദൈവത്തിന്റെ വചനം. എഴുതപ്പെട്ട ദൈവ വചനമാണ് ബൈബിൾ. ഏതു കാലത്ത് എഴുതപ്പെട്ടതാണെങ്കിലും ബൈബിൾ ഉൾക്കൊള്ളുന്ന രക്ഷാകരസന്ദേശം സ്ഥലകാല പരിമിതികളെ മറികടന്ന് സാർവ്വത്രികവും സനാതനവുമായി നിലകൊള്ളുന്നു. എന്നാൽ പുസ്തകം എഴുതപ്പെട്ട സാഹചര്യങ്ങൾ രചനയ്ക്കു സ്വീകരിച്ചിരിക്കുന്ന സാഹിത്യരൂപത്തെയും ഇതര ശൈലീവിശേഷങ്ങളെയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. അതിനാൽ ഗ്രന്ഥം രചിക്കപ്പെട്ട സ്ഥലകാല സാഹചര്യങ്ങളെക്കുറിച്ചുള്ള അറിവ് ആ ഗ്രന്ഥം ഉൾക്കൊള്ളുന്ന സന്ദേശം ഗ്രഹിക്കാൻ സഹായകമാകും.

വെളിപാടു പുസ്തകത്തെ സംബന്ധിച്ചിടത്തോളം ഇത് തികച്ചും അന്വർത്ഥമാണ്. അതിനാൽ ഗ്രന്ഥം രചിക്കപ്പെട്ട ചരിത്ര പശ്ചാത്തലം, ഗ്രന്ഥകാരന്റെ പ്രത്യേകതകൾ, ഗ്രന്ഥരചനയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്ന സാഹിത്യരൂപങ്ങൾ, ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങൾ, ആശയങ്ങൾ അവതരിപ്പിക്കാനായി സ്വീകരിച്ചിരിക്കുന്ന ക്രമം അഥവാ പുസ്തകത്തിന്റെ ഘടന എന്നീ വിഷയങ്ങൾ ഈ ഭാഗത്തു ചർച്ച ചെയ്യുന്നു.

# 1. ചരിത്രപശ്ചാത്തലം

ഏ.ഡി. 95-ാം ആണ്ടോടടുത്താണ് വെളിപാടു പുസ്തകം എഴുതപ്പെട്ടത്. പുസ്തകത്തിലെ തന്നെ പല പരാമർശങ്ങളും ആദിമ സഭാപിതാക്കന്മാരുടെ സാക്ഷ്യവും ഇതിനു തെളിവായുണ്ട്. വെളിപാടു പുസ്തകം രചിക്കപ്പെട്ട കാലഘട്ടത്തിന്റെ പ്രത്യേകതകൾ അപഗ്രഥിക്കാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

## 1. സഭയും സാമ്രാജ്യവും

റോമാസാമ്രാജ്യത്തിലുടനീളം ക്രിസ്ത്യാനികൾ ക്രൂരമായ മതപീഡനത്തെ നേരിടുന്ന അവസരമായിരുന്നു അത്. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം മതമർദ്ദനം അപരിചിതമോ അപ്രതീക്ഷിതമോ ആയിരുന്നില്ല. രക്തത്തിൽ കുതിർന്നതാണ് ആദിമസഭയുടെ ചരിത്രം. കുരിശിൽ കുത്തിപ്പിളർക്കപ്പെട്ട നാഥന്റെ തിരുവിലാവിൽ നിന്നു പുറപ്പെട്ട സഭ പീഡനങ്ങൾക്കും മധ്യേയാണ് വളർന്നത്. ക്രിസ്തുവിനെ ദൈവദൂഷകനും രാഷ്ട്രീയ കലാപകാരിയുമായി മുദ്രകുത്തി കുരിശിൽ തറച്ചവർ അവന്റെ അനുയായികളെയും വെറുതെ വിട്ടില്ല. ഗുരുവിനു ലഭിച്ച സ്വീകരണം തന്നെ ശിഷ്യന്മാർക്കും ലഭിച്ചു. യഹൂദനേതാക്കൾ ജറുസലെമിൽ തുടങ്ങിയ എതിർപ്പും പീഡനവും രക്തച്ചൊരിച്ചിലും പലസ്തീനായ്ക്കു പുറത്തേക്കും വ്യാപിച്ചു. അപ്പസ്തോലന്മാരും ക്രിസ്തീയ പ്രേഷിതരും ചെന്നിടത്തെല്ലാം യഹൂദതീവ്രവാദികളുടെ എതിർപ്പുകളെ നേരിടേണ്ടി വന്നു. വി. പൗലോസിന്റെ അനുഭവങ്ങൾ അപ്പസ്തോലപ്രവർത്തനങ്ങളിൽ വിശദീകരിക്കുന്നതിൽ നിന്ന് ഇതു വ്യക്തമാണ്. യഹൂദമതത്തിൽനിന്നുത്ഭവിച്ച ഒരു പാഷണ്ഡതയായിട്ടാണ് യഹൂദനേതാക്കൾ ആദ്യമാദ്യം ക്രിസ്തുമതത്തെ കണ്ടത്. സർവ്വശക്തിയും ഉപയോഗിച്ച് ഇതിനെ ഉന്മൂലനം ചെയ്യാൻ അവർ ശ്രമിച്ചു. എന്നാൽ പീഡിപ്പിക്കുന്തോറും കരുത്താർജ്ജിച്ചു വരുകയായിരുന്നു ക്രിസ്തുവിന്റെ സഭ.

ക്രിസ്തുവിന്റെ മരണത്തിനു ശേഷം ഏകദേശം ഇരുപതു വർഷമായപ്പോഴേക്കും റോമാസാമ്രാജ്യത്തിന്റെ എല്ലാഭാഗത്തും ക്രിസ്തീയസന്ദേശം വ്യാപിച്ചു കഴിഞ്ഞിരുന്നു. യഹൂദരും അതിലേറെ വിജാതീയരും ഈ പുതിയ സന്ദേശം സ്വീകരിക്കാൻ തയ്യാറായി. സ്വീകരിക്കാതെ മാറി നിന്നവർ ക്രിസ്ത്യാനികളെ അവഹേളിക്കാനും ഒറ്റപ്പെടുത്താനും പലപ്പോഴും അടിച്ചമർത്താനും ശ്രമിച്ചു. എന്നാൽ ആദ്യമാദ്യം ഇത് ഒറ്റപ്പെട്ട സംഭവങ്ങളായിരുന്നു. പെട്ടെന്നുണ്ടായ വികാരാവേശത്താൽ ജനക്കൂട്ടം പ്രേഷിതരെ പീഡിപ്പിക്കാൻ ഒരുമ്പെട്ട പല സാഹചര്യങ്ങളിലും റോമൻ അധികാരികൾ അവരുടെ സംരക്ഷണത്തിനെത്തിയിരുന്നു. എഫേസോസിലെ വെള്ളിപ്പണിക്കാർ തങ്ങളുടെ വിഗ്രഹക്കച്ചവടത്തിനു കോട്ടം തട്ടിയതിന്റെ പേരിൽ പൗലോസിനെയും കൂട്ടരെയും വധിക്കാൻ ശ്രമിച്ചപ്പോൾ റോമൻ ഭരണാധികാരി തന്നെയാണ് അവരുടെ രക്ഷയ്ക്കെത്തിയത്. ഇപ്രകാരമുള്ള റോമൻ സംരക്ഷണം പൗലോസിന്റെ ജീവിതത്തിൽ ആവർത്തിക്കപ്പെട്ടതായി കാണാം. ഏ.ഡി. 50-ൽ റോമൻ ചക്രവർത്തിയായ ക്ലാവുദീയൂസ് ക്രിസ്ത്യാനികളെ റോമിൽ നിന്നു പുറത്താക്കി (അപ്പ 18,2). പക്ഷേ, അതു ക്രിസ്തുമതത്തോട് എന്തെങ്കിലും പ്രത്യേക എതിർപ്പുണ്ടായിരുന്നതുകൊണ്ടല്ല, ക്രിസ്തുവിന്റെ പേരിൽ യഹൂദരും ക്രിസ്ത്യാനികളും തമ്മിലുണ്ടായ കലഹത്തിന്റെ പേരിലായിരുന്നു എന്ന് റോമൻ ചരിത്രകാരനായ സുവെത്തോണിയൂസ് രേഖപ്പെടുത്തിയിട്ടുണ്ട്.

റോമാസാമ്രാജ്യത്തോടും അതിന്റെ അധികാരികളോടും സൗമ്യവും വിധേയത്വപൂർണ്ണവുമായ ഒരു സമീപനമാണ് ആദിമ സഭ സ്വീകരിച്ചിരുന്നത്. നിരപരാധിയായ യേശുവിനെ വധശിക്ഷയ്ക്കു വിധിച്ച റോമായുടെ പ്രതിനിധി പീലാത്തോസിനെപ്പോലും കുറ്റത്തിൽ നിന്നൊഴിവാക്കുന്ന വിധത്തിലുള്ളതാണ് സുവിശേഷത്തിലെ വിവരണങ്ങൾ. യേശുവിനെ ജനകീയ വിചാരണയ്ക്കു വിധേയനാക്കുകയും അവസാനം ജനഹിതത്തെ മാനിക്കുകയും മാത്രമാണ് അയാൾ ചെയ്തത് എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് ഈ വിവരണങ്ങൾ. ആരാച്ചാരായി കുരിശിൻ ചുവട്ടിൽ നിന്ന ശതാധിപൻ യേശുവിന്റെ നിരപരാധിത്വം ഏറ്റുപറയുന്നു. കഫർണാമിലെ ശതാധിപനും കേസറിയായിലെ കൊർണേലിയൂസും ഒക്കെ ക്രിസ്തുവിനെ ആദരിക്കുന്ന റോമൻ അധികാരികളാണ്.

അധികാരം ദൈവദത്തമാണെന്നും അതിനാൽ അധികാര സംവിധാനത്തെ എതിർക്കുന്നവർ ദൈവത്തെയാണ് എതിർക്കുന്നതെന്നും നന്മ ചെയ്യുന്നവർ അധികാരികളെ ഭയപ്പെടേണ്ടതില്ല എന്നും വി. പൗലോസ് പഠിപ്പിച്ചു (റോമാ 13, 1-7). അവർ നികുതി കൊടുക്കണം; എല്ലാ വിധത്തിലും അനുസരണയുള്ള പൗരന്മാരായി ജീവിക്കണം; രാജാക്കന്മാർക്കു വേണ്ടി പ്രാർത്ഥിക്കണം (1 തിമോ 2, 1-3 തീത്തോ 3,1). കർത്താവിനെ പ്രതി അവർ എല്ലാ രാഷ്ട്രീയാധികരികൾക്കും വിധേയരായിരിക്കണം. (1 പത്രോ 2, 13-14). തിന്മ ചെയ്യുന്നവനെതിരേ ദൈവത്തിന്റെ ക്രോധം നടപ്പാക്കുന്ന ദൈവശുശ്രൂഷകനാണ് അധികാരി. ദൈവത്തിന്റെ ശിക്ഷാവിധി നടപ്പാക്കാൻ വേണ്ടിയാണ് അവൻ വാൾ ധരിച്ചിരിക്കുന്നത് (റോമാ 13,4).

ഇതിൽ നിന്നു തികച്ചും വ്യത്യസ്തമായൊരു സമീപനമാണ് വെളിപാടു പുസ്തകത്തിൽ കാണുന്നത്. സാമ്രാജ്യ ശക്തി ദൈവത്തിന്റെ ശുശ്രൂഷകനല്ല, വിശുദ്ധരുടെയും യേശുവിന്റെ സാക്ഷികളുടെയും രക്തം കുടിച്ച് ഉന്മത്തയായ മഹാവേശ്യയാണ് (വെളി 17,6). ബഹുമാനവും വിധേയത്വവുമല്ല, വിട്ടുവീഴ്ചയില്ലാത്ത എതിർപ്പും സമൂലതിരസ്കരണവുമാണ് യോഹന്നാൻ വിശ്വാസികളിൽ നിന്നും ആവശ്യപ്പെടുന്നത്. ഇതുവരെ അനുവർത്തിച്ചുപോന്നതിനു കടകവിരുദ്ധമായ ഈ സമീപനത്തിന്റെ കാരണം എന്താണ്?

## 2. നീറോയുടെ മതമർദ്ദനം

ഏ.ഡി. 64, ജൂലായ് 18-ാം തീയതി അർദ്ധരാത്രിയോടടുത്ത് ടൈബർ നദിയുടെ തീരത്തുള്ള ചേരി പ്രദേശത്ത് അഗ്നിബാധയുണ്ടായി. വളരെ വേഗം റോമാപ്പട്ടണത്തിന്റെ മിക്കഭാഗങ്ങളിലേക്കും അതു കത്തിപ്പടർന്നു. ആറു ദിനരാത്രങ്ങൾ നീണ്ടു നിന്ന അഗ്നിയുടെ സംഹാരതാണ്ഡവത്തിൽ റോമാപ്പട്ടണത്തിന്റെ മുക്കാൽ ഭാഗവും കത്തിച്ചാമ്പലായി. പാവപ്പെട്ടവരുടെ ചേരികളും പ്രഭുക്കന്മാരുടെ മാളികകളും മാത്രമല്ല, റോമക്കാർ ഏറെ വിലമതിച്ചിരുന്ന പുരാതന ക്ഷേത്രങ്ങളും അമൂല്യമായ ശില്പകലാ നിക്ഷേപങ്ങളും എല്ലാം ചാരക്കൂനയായിത്തീർന്നു. ആരാണീ ഭീകരനാശത്തിനുത്തരവാദി? ഭ്രാന്തനായ നീറോ ചക്രവർത്തി തന്നെയാണ് നഗരത്തിന് തീ കൊളുത്തിയതെന്ന് പലരും അടക്കം പറഞ്ഞു. റോമിനെ നശിപ്പിച്ച തീപോലെ ഈ വാർത്തയും അതിവേഗം പ്രചരിച്ചു. സ്വന്തം ജീവൻ അപകടത്തിലാണെന്നു മനസ്സിലാക്കിയ നീറോ എളുപ്പമൊരു ബലിയാടിനെ കണ്ടു പിടിച്ചു - ക്രിസ്ത്യാനികൾ.

പല കാരണങ്ങളാലും റോമിൽ നോട്ടപ്പുള്ളികളായിത്തീർന്ന ഒരു ജനസമൂഹമായിരുന്നു ക്രിസ്ത്യാനികൾ. അധികപങ്കും അടിമകളും ദരിദ്രരുമായിരുന്നു അവർ. ചുരുക്കം ചില പ്രഭു കുടുംബങ്ങളിലെ അംഗങ്ങളും അവരുടെ അണികളിൽ ഉണ്ടായിരുന്നു. ജനജീവിതത്തിന്റെ പൊതുസരണികളിൽ നിന്ന് അവർ മാറി നിന്നു. റോമക്കാർ വിലമതിച്ചിതനെയൊന്നും വിലപ്പെട്ടതായി അവർ കരുതിയില്ല. റോമാക്കാരുടെ ക്ഷേത്രങ്ങളിൽ പോയില്ല; ദേവന്മാരെ ആരാധിച്ചുമില്ല. വിരുന്നുകളിലും വിനോദങ്ങളിലും പങ്കെടുത്തില്ല. കാരണം, റോമക്കാരുടെ വിരുന്നുകൾ മദിരോത്സവങ്ങളിലും വിനോദങ്ങൾ ക്രൂരമായ മനുഷ്യക്കുരുതികളിലുമാണ് കലാശിച്ചിരുന്നത്. വിഗ്രഹങ്ങൾക്ക് അർപ്പിച്ച മാംസം ക്രിസ്ത്യാനികൾ കടകളിൽ നിന്നു വാങ്ങിയില്ല. സമ്പത്തും സുഖഭോഗങ്ങളും അവർ ആഗ്രഹിച്ചില്ല. പട്ടണത്തിനു പുറത്ത്, നദീ തീരങ്ങളിലും ഭൂഗർഭാലയങ്ങളിലും രാത്രികാലങ്ങളിൽ അവർ സമ്മേളിക്കും. പ്രഭാതം വരെ റോമാക്കാർക്കപരിചിതനായ ഒരു ദൈവത്തിന്



സ്തോത്രങ്ങളാലപിക്കും. മത്സരത്തിനുപകരം സാഹോദര്യവും, ശത്രുതക്കു പകരം ക്ഷമിക്കുന്ന സ്നേഹവും, സമ്പത്തിനുപകരം ദാരിദ്ര്യാരൂപിയും, ആഡംബരങ്ങൾക്കു പകരം മിതത്വവും അവർ പാലിച്ചു.

പൊതുജനദൃഷ്ടിയിൽ ക്രിസ്ത്യാനികൾ വിഢ്ഡികളായിരുന്നു; റോമാക്കാരുടെ ദൈവങ്ങളെ ആരാധിക്കാത്തിനാൽ നിരീശ്വരന്മാരും, അവരുടെ സമ്മേളനങ്ങളിൽ പങ്കെടുക്കാത്തതിനാൽ അപകടകാരികളും. ക്രിസ്ത്യാനികളുടെ രഹസ്യസമ്മേളനങ്ങളെ സംശയദൃഷ്ടിയോടെയാണ് അവർ വീക്ഷിച്ചിരുന്നത്. വിശുദ്ധ കുർബാനയെക്കുറിച്ച് അനേകം കള്ളക്കഥകൾ പ്രചാരത്തിൽ വന്നു. സമ്മേളനമധ്യേ ഒരു ശിശുവിനെ മാവിൽപ്പൊതിഞ്ഞശേഷം അവരുടെ മൂപ്പൻ അതിന്റെ ഹൃദയം കുത്തിപ്പിളർക്കുമെന്നും എല്ലാവരും കൂടി കുഞ്ഞിന്റെ ശരീരം പച്ചയ്ക്കു തിന്നുമെന്നും ആയിരുന്നു ഒരു കഥ. ക്രിസ്ത്യാനികൾക്കെതിരേ പറഞ്ഞു പരത്താത്ത നുണകളുണ്ടായിരുന്നില്ല.

ഇപ്രകാരം പൊതുജനത്തിന്റെ അവജ്ഞയ്ക്കും വെറുപ്പിനും ഇരയായിത്തീർന്ന ക്രിസ്ത്യാനികളെയാണ് നീറോ റോമിലെ അഗ്നിബാധയ്ക്ക് ഉത്തരവാദികളായി മുദ്ര കുത്തിയത്. ക്രിസ്ത്യാനികളെ തിരഞ്ഞു പിടിച്ച് നശിപ്പിക്കാൻ ചക്രവർത്തി കല്പനയിറക്കി. പൊതുജനം പടയാളികളെ സഹായിച്ചു. ജനത്തിന്റെ സകല ക്രൂരതയും ക്രിസ്ത്യാനികൾക്കെതിരേ അഴിച്ചുവിട്ടു. ഈ കാലത്താണ് അപ്പസ്തോലന്മാരായ പത്രോസും പൗലോസും കൊല്ലപ്പെട്ടത്. 68-ൽ നീറോ ആത്മഹത്യ ചെയ്യുന്നതുവരെ ഈ മതപീഡനം തുടർന്നു. റോമാ പട്ടണത്തിൽ മാത്രമായിരുന്നു ഔദ്യോഗികമായ ഈ പീഡനം. പക്ഷേ, ക്രിസ്ത്യാനിയായിരിക്കുക എന്നത് നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. പില്ക്കാലത്തെ മതമർദ്ദകരായ ചക്രവർത്തിമാർക്ക് നീറോയുടെ നിയമം ഒരു മാതൃകയും പ്രചോദനവുമായി. ക്രിസ്തുവിന്റെ സഭയും സാമ്രാജ്യശക്തിയും തമ്മിലുണ്ടായിരുന്ന ബന്ധത്തെ ഇത് നിർണ്ണായകമായി ബാധിച്ചു.

## 3. ഡൊമീഷ്യനും രാജാരാധനയും

പട്ടാളവിപ്ലവത്തിനു നടുവിലാണ് നീറോ ആത്മഹത്യ ചെയ്യാൻ നിർബന്ധിതനായത്. തുടർന്ന് ഒരു വർഷത്തിനുള്ളിൽ ഗാൽബ, ഒത്തോ, വിത്തേള്ളിയൂസ് എന്നീ മൂന്നു സൈന്യാധിപന്മാർ ചക്രവർത്തിയുടെ സിംഹാസനത്തിൽ കയറി എതിരാളിയുടെ വാളിനിരയായി. ജറുസലെം നഗരത്തിന് ഉപരോധമേർപ്പെടുത്തിയ റോമൻ സൈന്യത്തെ നയിച്ചിരുന്ന വെസ്പസിയാൻ ആണ് ഈ ആഭ്യന്തരകലാപത്തിന് അറുതിവരുത്തിയത്. പത്തു വർഷത്തെ ഭരണത്തിനുശേഷം വെസ്പസിയാൻ മരിച്ചപ്പോൾ (69-79) മകൻ

ടൈറ്റസ് ചക്രവർത്തിയായി (79-81). ടൈറ്റസിന്റെ അകാല മരണത്തെ തുടർന്ന് അനുജൻ ഡൊമീഷ്യൻ ഭരണം ഏറ്റെടുത്തു.

നീറോ വ്യർത്ഥാഭിമാനം മുറ്റിയ ഒരു ഭ്രാന്തനായിരുന്നെങ്കിൽ കുശാഗ്രബുദ്ധിയായ ഒരു പിശാചായിരുന്നു ഡൊമീഷ്യൻ എന്നാണ് ചരിത്രകാരന്മാർ വിധിയെഴുതിയത്. അനേകം ജനതകളും രാജ്യങ്ങളും അടങ്ങുന്നതായിരുന്നു റോമാ സാമ്രാജ്യം. യുഫ്രെട്ടീസ് നദി മുതൽ അറ്റ്ലാന്റിക്ക് സമുദ്രം വരെയും ബ്രിട്ടൺ മുതൽ എത്യോപ്യാവരെയും മൂന്നു ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചു കിടന്ന, ലോകം അന്നുവരെ കണ്ടിട്ടുള്ളതിൽ ഏറ്റം വിശാലമായ, സാമ്രാജ്യത്തെ ഒരുമിച്ചു നിർത്തുക എളുപ്പമായിരുന്നില്ല. മതവികാരം മറ്റേതു സാമൂഹിക വികാരത്തെയുംകാൾ ശക്തമാണെന്നു മനസ്സിലാക്കിയിരുന്ന ഡൊമീഷ്യൻ സാമ്രാജ്യത്തെ ഒരു മതാചാരത്തിന്റെ ചട്ടക്കൂട്ടിൽ ഐക്യപ്പെടുത്താൻ ശ്രമിച്ചു. രാജാരാധനയാണ് ഇതിനായി കണ്ടുപിടിച്ച മാർഗ്ഗം.

ഡൊമീഷ്യന്റെ ഭാവനയിൽ പൊടുന്നനേ പൊട്ടി വിടർന്നതല്ല ഈ ആശയം. ലോകം മുഴുവൻ കീഴടക്കി, സമാധാനവും നീതിയും സ്ഥാപിച്ച്, ഭരണം നടത്തുന്ന റോമാ സാമ്രാജ്യത്തോടുള്ള ഭക്തിയും ആദരവും ആയിട്ടാണ് ഇതാരംഭിച്ചത്. ഏഷ്യാ മൈനറിലായിരുന്നു ഇതിന്റെ തുടക്കം. സ്മിർണാ പട്ടണത്തിൽ ബി.സി. 195-ൽ തന്നെ റോമാദേവതയ്ക്കുവേണ്ടി ഒരു ക്ഷേത്രം നിർമ്മിച്ച് ആരാധനയാരംഭിച്ചിരുന്നു.

കാലക്രമത്തിൽ, റോമിനുള്ള ആരാധന ചക്രവർത്തിയ്ക്കുള്ള ആരാധനയായി രൂപാന്തരപ്പെട്ടു. ജൂലിയസ് സീസറെ മരണശേഷം റോമൻ സെനറ്റ് ദൈവമായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ നാമത്തിൽ ക്ഷേത്രങ്ങൾ നിർമ്മിച്ച് ആരാധനയർപ്പിച്ചു. സീസറിന്റെ വധത്തിനു ശേഷമുണ്ടായ ആഭ്യന്തര കലാപം ഒതുക്കി സാമ്രാജ്യത്തിൽ സമാധാനം സ്ഥാപിച്ച ഒക്ടേവിയന് റോമൻ സെനറ്റ് അഗസ്റ്റസ് എന്ന പേരിൽ ദൈവിക ബഹുമതി നല്കി. ഏഷ്യാ മൈനറിലെ പല പ്രവിശ്യകളിലും തന്റെ പേരിൽ ക്ഷേത്രങ്ങൾ നിർമ്മിച്ച് ബലിയർപ്പണം നടത്താൻ ചക്രവർത്തി തന്നെ അനുവാദം നല്കി. സാവധാനം രാജാരാധനയ്ക്ക് ഒരു മതത്തിന്റെ രൂപഭാവങ്ങൾ കൈവന്നു. ക്ഷേത്രങ്ങളും പുരോഹിതന്മാരും ആരാധനക്രമങ്ങളും നിലവിൽ വന്നു.

അഗസ്റ്റസിനുശേഷം ചക്രവർത്തിയായ ടൈബീരിയസ് (ഏ.ഡി. 14 -37) തനിക്ക് ആരാധന അർപ്പിക്കാനോ തന്റെ പേരിൽ ക്ഷേത്രങ്ങൾ നിർമ്മിക്കാനോ അനുവദിച്ചില്ല. തുടർന്ന് അധികാരമേറ്റ കലിഗുള (37-41) സാമ്രാജ്യത്തിലുള്ള എല്ലാവരും തന്നെ ദൈവമായി ആരാധിക്കണം എന്നു നിർബന്ധിച്ചു. ജറുസലെം ദേവാലയത്തിൽ തന്റെ വിഗ്രഹം പ്രതിഷ്ഠിക്കാൻപോലും അദ്ദേഹം ശ്രമിച്ചു. ക്ലോഡിയസ് (41-54) ഇതിനു കടകവിരുദ്ധമായ നിലപാടാണ് സ്വീകരിച്ചത്. രാജാരാധന അദ്ദേഹം നിരോധിച്ചു. നീറോ (54-68) താൻ ദൈവമാണെന്ന് അവകാശപ്പെട്ടില്ല. ആരാധന ആവശ്യപ്പെട്ടുമില്ല. വെസ്പസിയാനും (69-79) ടൈറ്റസും (79-81) ആരാധന ആഗ്രഹിച്ചില്ല. എന്നാൽ ഡൊമീഷ്യൻ (81-96) രാജാരാധന നിർബന്ധമാക്കി.



ഇതുവരെയുണ്ടായിരുന്ന ചക്രവർത്തിമാർക്ക് റോമൻ സെനറ്റും ജനങ്ങളും ദൈവികപദവി നല്കിയപ്പോൾ ഡൊമീഷ്യൻ ആ ബഹുമതി സ്വയം ഏറ്റെടുക്കുകയായിരുന്നു. താൻ ദൈവമാണെന്ന് ഒരു കല്പനയിലൂടെ സാമ്രാജ്യത്തുടനീളം വിളംബരം ചെയ്തു. തന്നെ "ഞങ്ങളുടെ കർത്താവും ദൈവവും" എന്ന് എല്ലാവരും അഭിസംബോധന ചെയ്യണം എന്ന് അദ്ദേഹം നിർബന്ധിച്ചു. രാജശാസനങ്ങളെല്ലാം "കർത്താവും ദൈവവുമായ ചക്രവർത്തി കല്പിക്കുന്നു" എന്ന ആമുഖത്തോടെ തുടങ്ങണം എന്നും നിയമമുണ്ടായി. രാജഭക്തിയുടെ പ്രകടനമായി ആണ്ടിൽ ഒരിക്കൽ റോമാ സാമ്രാജ്യത്തിലെ എല്ലാ പൗരന്മാരും നഗരാധിപന്റെ മുമ്പിൽവച്ച് രാജാവിന്റെ വിഗ്രഹത്തിന് ധൂപമർപ്പിക്കുകയും "സീസർ കർത്താവും ദൈവവുമാകുന്നു" എന്ന് ഏറ്റുപറയുകയും ചെയ്യണം എന്നു കല്പിച്ചു. ഇതിനു വിസമ്മതിക്കുന്നവർ നിരീശ്വരന്മാരും രാജദ്രോഹികളും ആയി പ്രഖ്യാപിക്കപ്പെട്ടു. അവർക്ക് ജീവിക്കാൻ അവകാശമുണ്ടായിരുന്നില്ല. ഏഷ്യാ മൈനറിലാണ് ഈ നിയമം ഏറ്റം ശക്തമായി നടപ്പിലാക്കപ്പെട്ടത്.

### 4. സഭ പ്രതിസന്ധിയിൽ

റോമാസാമ്രാജ്യത്തിൽ നിലവിലിരുന്ന അനേകം മതങ്ങളെ ഉന്മൂലനം ചെയ്ത് പുതിയൊരു മതം സ്ഥാപിക്കുക ആയിരുന്നില്ല ഡൊമീഷ്യന്റെ ലക്ഷ്യം. സാമ്രാജ്യത്തിന്റെ ഐക്യദാർഢ്യമാണ് ചക്രവർത്തി ഉന്നംവച്ചത്. എല്ലാ ജനതകൾക്കും താന്താങ്ങളുടെ മതവിശ്വാസമനുസരിച്ചു ജീവിക്കാൻ അനുവാദമുണ്ടായിരുന്നു. എന്നാൽ എല്ലാവരും ചക്രവർത്തിയെയും ദൈവമായി ആരാധിക്കണം എന്നുമാത്രം. രാജഭക്തിയും സാമ്രാജ്യത്തോടുള്ള കൂറും പ്രഖ്യാപിക്കാനുള്ള മാർഗ്ഗമായിട്ടാണ് ഇത് അവതരിപ്പിക്കപ്പെട്ടത്. ബഹുദൈവാരാധനക്കാരായ ഇതരമതസ്ഥർക്ക് ഇതൊരു പ്രശ്നമായിരുന്നില്ല. എന്നാൽ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇതൊരു നിർണ്ണായക പ്രതിസന്ധിയായിത്തീർന്നു.

ഏകദൈവത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികൾക്ക് രാജാവിന്റെ അവകാശവാദങ്ങളെ അംഗീകരിക്കാനോ ആരാധനയെ സംബന്ധിച്ച നിയമങ്ങൾ അനുസരിക്കാനോ സാധിക്കുമായിരുന്നില്ല. രാജാവിനെ ദൈവമായി ആരാധിക്കുക തങ്ങളുടെ കർത്താവും ദൈവവുമായ ക്രിസ്തുവിനെ തള്ളിപ്പറയുന്നതിനു തുല്യമായിരുന്നു; രാജാരാധനയ്ക്കു വഴങ്ങാതിരിക്കുക മര

ണാർഹമായ രാജദ്രോഹവും. രാജനിയമം നിഷ്ക്കരുണം നടപ്പിലാക്കപ്പെട്ടു. ക്രിസ്ത്യാനികളുടെ വസ്തുവകകൾ കണ്ടുകെട്ടി. കുഞ്ഞുങ്ങളും സ്ത്രീകളും വൃദ്ധരും പോലും ക്രൂരമായ മർദ്ദനത്തിനിരയായി. ഉറ്റവർ വന്യമൃഗങ്ങൾക്കിരയാവുന്നതു നോക്കിനില്ക്കാൻ അവർ നിർബ്ബന്ധിതരായി, തങ്ങളുടെ ഊഴം വരുന്നതുവരെ. സഭാധികാരികളെ പ്രത്യേകം തിരഞ്ഞുപിടിച്ച് 'മാതൃകാപരമായി' ശിക്ഷിക്കാൻ രാജസേവകർ പ്രത്യേകം ശ്രദ്ധിച്ചു. ജയിൽവാസം, പീഡനങ്ങൾ, നാടുകടത്തൽ, അടിമവേല, സർക്കസിൽ വന്യമൃഗങ്ങൾക്ക് ഇട്ടുകൊടുക്കൽ ഇങ്ങനെ വിവിധങ്ങളായ പീഡനമുറകൾക്ക് ക്രൈസ്തവർ ഇരയായി.

പീഡനങ്ങൾ ഉണ്ടാകുമെന്ന് യേശു മുൻകൂട്ടി അറിയിച്ചിരുന്നു; എന്നാൽ അത് ഇത്ര ക്രൂരമോ ദീർഘമോ ആയിരിക്കുമെന്ന് അധികമാരും കരുതിയില്ല. ഉത്ഥിതനായ നാഥൻ അധികം വൈകാതെ ശക്തി പ്രാഭവങ്ങളുടെ മടങ്ങിവരുമെന്നും പീഡനങ്ങൾക്കറുതി വരുത്തി ദൈവരാജ്യം സ്ഥാപിക്കുമെന്നും ക്രൈസ്തവരിൽ നല്ലൊരു പങ്ക് വിശ്വസിച്ചിരുന്നു. "മനുഷ്യപുത്രന്റെ ആഗമനത്തിനുമുമ്പ് നിങ്ങൾ ഇസ്രായേലിലെ പട്ടണങ്ങളെല്ലാം ഇങ്ങനെ ഓടി പൂർത്തിയാക്കുകയില്ല" (മത്താ. 10,23). "ഞാൻ വരുന്നതു വരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത്? " (യോഹ. 21,22). ഇങ്ങനെയുള്ള യേശുവചനങ്ങൾ ഈ വിശ്വാസത്തിനു പിൻബലമായിരുന്നു. തന്റെ മരണത്തിനുമുമ്പ് കർത്താവു മടങ്ങിവരും എന്ന് വി. പൗലോസ് പോലും പ്രതീക്ഷിച്ചിരുന്നതായി തോന്നിപ്പിക്കുന്ന സൂചനകളുണ്ട്: "നാം എല്ലാം നിദ്ര പ്രാപിക്കുകയില്ല" (1 കോറി 15,52); "ജീവിച്ചിരിക്കുന്നവരായി നമ്മളിൽ അവശേഷിക്കുന്നവർ കർത്താവിനെ എതിരേല്ക്കാനായി അവരോടൊപ്പം മേഘങ്ങളിൽ സംവഹിക്കപ്പെടും" (1 തെസ 4,17). ജറുസലെമിന്റെ നാശവും കർത്താവിന്റെ പുനരാഗമനവും ഒരുമിച്ചു സംഭവിക്കുമെന്ന് പലരും വിശ്വസിച്ചിരുന്നു.

പ്രതീക്ഷിച്ചതുപോലെ കർത്താവു മടങ്ങിവന്നില്ല. തന്നെയുമല്ല, പീഡനങ്ങൾ നാൾക്കുനാൾ ശക്തിപ്പെടുകയും ചെയ്തു. കർത്താവും ദൈവവും താനാണെന്ന് അവകാശപ്പെടുന്ന റോമൻ ചക്രവർത്തി ക്രിസ്തുവിനെക്കാൾ കൂടുതൽ ശക്തനായി കാണപ്പെട്ടു. പീഡിപ്പിക്കപ്പെടുന്ന ശിഷ്യഗണത്തെ രക്ഷിക്കാൻ ക്രിസ്തു വരാതായപ്പോൾ തങ്ങൾ വലിയൊരു വഞ്ചനയ്ക്ക് ഇരയായോ എന്നു പലരിലും സംശയമുദിച്ചു. പീഡനം അറുതിയില്ലാത്തതും റോമാ അജയ്യവുമായി പലർക്കും  അനുഭവപ്പെട്ടു. ചെറുത്തു നില്ക്കുക നിരർത്ഥകമായി കരുതിയ അനേകർ ക്രിസ്തു വിശ്വാസം ഉപേക്ഷിച്ച് മറ്റുള്ളവരെപ്പോലെ ജീവിക്കാൻ തുടങ്ങി.

ഇതോടൊപ്പം മറ്റൊരു ചിന്താഗതിയും ഏഷ്യയിലെ പല ക്രൈസ്തവ



സമൂഹങ്ങളിലും പൊന്തി വന്നു. വിഗ്രഹം വെറും കല്ലോ മണ്ണോ ആണെന്നും അതിനു യാതൊരു ശക്തിയുമില്ല എന്നും ബൈബിൾ ആവർത്തിച്ചു പഠിപ്പിയ്ക്കുന്നുണ്ട്. ദൈവം ഒരുവൻ മാത്രമേയുള്ളു. അവൻ അദൃശ്യനാണ്. അപ്പോൾ താൻ ദൈവമാണെന്ന ചക്രവർത്തിയുടെ അവകാശവാദം മുഖവിലയ്ക്ക് എടുക്കേണ്ടതില്ല. ചക്രവർത്തി തന്നെ എല്ലാവർക്കും മതസ്വാതന്ത്ര്യം നല്കുമ്പോൾ, രാജഭക്തി പ്രകടിപ്പിക്കാനായി ആണ്ടിലൊരിക്കൽ ഒരു പ്രതിമയുടെ മുമ്പിൽ ഒരു പിടി കുന്തുരുക്കം പുകയ്ക്കുന്നതിൽ എന്താണ് തെറ്റ്? വിശ്വാസമാണ് പ്രധാനം. യേശുക്രിസ്തുവിൽ ഉറച്ചു വിശ്വസിക്കുന്നവർ രക്ഷ പ്രാപിക്കും. തന്നെയുമല്ല, രാജാധികാരത്തെ മാനിക്കാനും അനുസരിക്കാനും അപ്പസ്തോലന്മാർ തന്നെ പഠിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ രാജകല്പനയ്ക്കു വഴങ്ങുകയും തങ്ങളുടെ വിശ്വാസം ഹൃദയത്തിൽ സൂക്ഷിക്കുകയുമാണ് ഉചിതം എന്നു പലരും കരുതി. ക്രിസ്തീയ വിശ്വാസവും രാജാരാധനയും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കാൻ അവർ ശ്രമിച്ചു.

കർക്കശമായ ക്രിസ്തീയ ജീവിതശൈലി പല സാമൂഹിക പ്രശ്നങ്ങൾക്കും കാരണമായിക്കൊണ്ടിരുന്നു. വിവിധങ്ങളായ തൊഴിൽ-വ്യാപാര സംഘടനകളിൽ ക്രിസ്ത്യാനികളും അംഗങ്ങളായിരുന്നു. ക്രിസ്തീയവിശ്വാസം സ്വീകരിച്ചതുകൊണ്ടു ജനജീവിതത്തിന്റെ മുഖ്യധാരയിൽ നിന്നു മാറി നില്ക്കുന്നതു ശരിയല്ലല്ലോ? അതിനാൽ സംഘടനാസമ്മേളനങ്ങളിലും സുഹൃത്തുക്കളുടെ വിരുന്നുകളിലും പങ്കെടുക്കുക ആവശ്യമാണ്. വിരുന്നുകളിൽ വിളമ്പിയിരുന്നത് വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ച മാംസമായിരുന്നു. കാരണം, ചന്തയിൽ വില്പനയ്ക്കുവന്ന മാംസം അധികപങ്കും വിഗ്രഹങ്ങൾക്കർപ്പിച്ചതായിരുന്നു. അതു ഭക്ഷിക്കാതിരിക്കുന്നത് ആതിഥ്യമര്യാദയ്ക്ക് ചേർന്നതല്ല. വിഗ്രഹങ്ങൾ ഒന്നുമല്ല എന്നും അവയ്ക്ക് അർപ്പിച്ച മാംസത്തിനു പ്രത്യേകത ഒന്നുമില്ലെന്നും വി.പൗലോസ് പഠിപ്പിച്ചിട്ടുണ്ട് (1 കോറി 8,1-13). അതിനാൽ യാതൊരു മനശ്ചാഞ്ചല്യവും കൂടാതെ വിരുന്നുകളിൽ പങ്കെടുക്കാം. രാജഭക്തി പരസ്യമായി കൊട്ടിഘോഷിക്കാൻ പ്രവിശ്യകളിലുള്ള അധികാരികളും സമ്പന്നരും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വിരുന്നുകളുടെ ആരംഭത്തിൽ "കർത്താവും ദൈവവുമായ" ചക്രവർത്തിക്ക് ആദരവർപ്പിക്കുക; ചക്രവർത്തിയുടെ ബഹുമാനാർത്ഥം നൈവേദ്യം ഒഴുക്കുക ഇതൊക്കെ സാധാരണ ആചാരമായിത്തീർന്നു. പലരും ഇതിൽ ഒരു തെറ്റും കണ്ടില്ല. ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും കടന്നുവന്ന ഈ വിട്ടുവീഴ്ചാമനോഭാവം ക്രിസ്തീയ വിശ്വാസത്തെ ഉള്ളിൽ നിന്നു കാർന്നു തിന്നുന്ന മാരകരോഗമായിത്തീർന്നു.

ഇപ്രകാരമൊരു പ്രതിസന്ധിയിലാണ് വെളിപാടു പുസ്തകം രചിക്കപ്പെട്ടത്. മതമർദ്ദനത്തിൽ മനം തളരുന്ന വിശ്വാസികൾക്കു ശക്തി പകരണം.

കർത്താവു മടങ്ങിവന്ന് തിന്മയ്ക്കറുതി വരുത്തി തന്റെ ഭരണം സ്ഥാപിക്കുമെന്ന് ഉറപ്പു നല്കണം. രാജാവിനെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നവർ ക്രിസ്തുവിലുള്ള വിശ്വാസത്തെ തള്ളിപ്പറയുകയാണെന്നും അവർക്കു ക്രിസ്തുവിന്റെ രാജ്യത്തിൽ പങ്കുണ്ടാവുകയില്ല എന്നും ബോധ്യം നല്കണം. ഇങ്ങനെയുള്ള ലക്ഷ്യങ്ങളാണ് വെളിപാടു പുസ്തകത്തിന്റെ രചനയ്ക്കു പ്രേരകമായി നിന്നത്.

## 5. ഗ്രന്ഥകർത്താവ്

വെളിപാടു പുസ്തകം തന്നെ ഗ്രന്ഥകർത്താവിനെ കുറിച്ച് ചില പ്രധാന വിവരങ്ങൾ നല്കുന്നുണ്ട്. യോഹന്നാൻ എന്നാണ് അദ്ദേഹത്തിന്റെ പേര് (വെളി 1, 1. 4.9; 22,8). ഏഷ്യയിലെ തന്റെ ക്രിസ്തീയ സഹോദരങ്ങളെപ്പോലെ വിശ്വാസത്തിന്റെ പേരിൽ പീഡനമേല്ക്കുകയും പാത്മോസ് ദ്വീപിലേക്കു നാടുകടത്തപ്പെടുകയും ചെയ്യപ്പെട്ടവനാണ് അദ്ദേഹം. ഏഷ്യയിലെ ഏഴു സഭകൾക്ക് എഴുതുന്ന ലേഖനങ്ങളിൽ നിന്ന് ആ സഭകളുടെ മേൽ അധികാരമുള്ള ഒരു വ്യക്തിയായിരുന്നു യോഹന്നാൻ എന്നു ന്യായമായും അനുമാനിക്കാം. ഓരോ സഭയുടെയും ചരിത്രവും നേട്ടങ്ങളും കോട്ടങ്ങളും അവ നേരിടുന്ന പ്രതിസന്ധികളും വ്യക്തമായി അദ്ദേഹത്തിനറിയാം.

ആരാണ് ഈ യോഹന്നാൻ എന്ന കാര്യത്തിൽ ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങളാണുള്ളത്. കത്തോലിക്കരിൽ അധികപങ്കും യേശുവിന്റെ പ്രേഷ്ഠശിഷ്യനും യാക്കോബിന്റെ സഹോദരനുമായ അപ്പസ്തോലനാണ് വെളിപാടു കർത്താവായ യോഹന്നാൻ എന്നു കരുതുന്നു. നാലാം സുവിശേഷവും വെളിപാടുഗ്രന്ഥവും ഒരേ വ്യക്തിയുടെ രചനയായും കരുതപ്പെടുന്നു. ആദിമസഭാ പിതാക്കന്മാരുടെ സാക്ഷ്യവും ഈ നിഗമനത്തെയാണ് പിന്താങ്ങുന്നത്.

എന്നാൽ നാലാം സുവിശേഷവും വെളിപാടും തമ്മിൽ ഭാഷാശൈലി, സാഹിത്യരൂപം, അവതരിപ്പിക്കുന്ന പ്രധാന ആശ്രയങ്ങൾ എന്നിവയിൽ ഗണ്യമായ വ്യത്യാസമുള്ളതിനാൽ ഇരു ഗ്രന്ഥങ്ങളും ഒരേ കർത്താവിന്റെ കൃതികളാവാൻ സാധ്യതയില്ല എന്ന അഭിപ്രായത്തിന് കത്തോലിക്കാ പണ്ഡിതന്മാരുടെ ഇടയിലും ഇന്നു സ്വാധീനം വർദ്ധിച്ചുവരുന്നുണ്ട്. യോഹന്നാന്റെ പേരിൽ അറിയപ്പെടുന്ന അഞ്ചു പുസ്തകങ്ങളാണ് പുതിയ നിയമത്തിലുള്ളത്. ഇവയെല്ലാം അപ്പസ്തോലൻ തന്നെ രചിച്ചതായിരിക്കണം എന്നില്ല. എഫേസോസ് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന യോഹന്നാൻ അപ്പസ്തോലന് വലിയൊരു ശിഷ്യഗണമുണ്ടായിരുന്നു (School of John). തങ്ങളുടെ ഗുരുവിൽ നിന്നു ലിഖിതമായും വാചികമായും ലഭിച്ചവയുടെ വെളിച്ചത്തിൽ, ശിഷ്യഗണത്തിൽപ്പെട്ടവരാണ് ഈ അഞ്ചു ഗ്രന്ഥങ്ങളുടെയും അന്തിമ



പ്രസാധനം നടത്തിയത് എന്ന നിഗമനത്തിലേക്കാണ് ഇന്ന ബൈബിൾ പഠിതാക്കൾ നീങ്ങുന്നത്.

ഗ്രന്ഥകർത്താവിനെക്കുറിച്ച് കത്തോലിക്കാ സഭ ഔദ്യോഗികമായ പ്രഖ്യാപനങ്ങളൊന്നും നടത്തിയിട്ടില്ല. പുതിയ നിയമഗ്രന്ഥങ്ങൾ ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന വിധത്തിൽ എഴുതി പ്രസിദ്ധീകരിച്ചത് ഒരു അപ്പസ്തോലനാണോ എന്നത് ഗ്രന്ഥത്തിന്റെ കാനോനികതയെ ബാധിക്കുന്നില്ല. മർക്കോസും ലൂക്കായും അപ്പസ്തോലന്മാരല്ലല്ലോ. യേശുവിൽ നിന്നു ലഭിച്ചതും അപ്പസ്തോലന്മാർ പഠിപ്പിച്ചതുമായ വിശ്വാസസത്യം ഉൾക്കൊള്ളുന്നതാണോ ഈ ഗ്രന്ഥം എന്നതാണ് കാനോനികതയുടെ മാനദണ്ഡമായി സഭ സ്വീകരിക്കുന്നത്. രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ വെളിപാടു പുസ്തകം ബൈബിളിന്റെ ഭാഗമായി കത്തോലിക്കാ സഭ അംഗീകരിച്ചിട്ടുണ്ട്. സിറിയൻ സഭ ഇതിനൊരപവാദമായിരുന്നെങ്കിലും ഈ ഗ്രന്ഥത്തിന്റെ കാനോനികത ഇന്ന് ഒരു ക്രൈസ്തവസമൂഹവും ചോദ്യം ചെയ്യുന്നില്ല.

B B B B B

# ൨. സാഹിത്യരൂപം

ഒരു ഗ്രന്ഥം ഉൾക്കൊള്ളുന്ന സന്ദേശം ഗ്രഹിക്കാൻ ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപം മനസ്സിലാക്കുക ആവശ്യമാണ്. നോവലിനെ ചരിത്രമായോ, കഥയെ സംഭവമായോ വ്യഖ്യാനിച്ചാൽ അർത്ഥം ഗ്രഹിക്കാൻ കഴിയാതെ പോകും. വെളിപാടു പുസ്തകത്തെ സംബന്ധിച്ച് ഇത് ഏറ്റം പ്രസക്തമാണ്. പീഡിതമായ സഭാസമൂഹങ്ങളിൽ പരസ്യമായി വായിക്കുന്നതിനുവേണ്ടി എഴുതിയ ഈ ഗ്രന്ഥം ഒരു പ്രത്യേകവിധത്തിൽ മനസ്സിലാക്കണം എന്ന് ഗ്രന്ഥകാരൻ തന്നെ നിർദ്ദേശിക്കുന്നതായി കാണാം. ബൈബിളിലെ മറ്റൊരു ഗ്രന്ഥത്തിനും ഇല്ലാത്ത പേരാണ് ഇതിനു നല്കിയിരുക്കുന്നത് - വെളിപാട്. *അപ്പോകലിപ്സിസ്* എന്ന ഗ്രീക്കു നാമമാണ് നാം വെളിപാട് എന്നു വിവർത്തനം ചെയ്യുന്നത്. നിഗൂഢമായ രഹസ്യങ്ങൾ വെളിപ്പെടുത്തുക എന്നാണ് ഈ വാക്കിന് അർത്ഥം. ഈ നാമത്തിന്റെ വിശേഷണരൂപമാണ് *അപ്പോകലിപ്റ്റിക്*. ഇതിനുപുറമേ പല സാഹിത്യരൂപങ്ങളുടെയും സ്വാധീനം വെളിപാടുപുസ്തകത്തിൽ കാണാം. ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കാൻ ഈ സാഹിത്യരൂപങ്ങളുടെ പ്രത്യേകത കണക്കിലെടുക്കേണ്ടതുണ്ട്.

## 1. അപ്പോകലിപ്റ്റിക് സാഹിത്യരൂപം

ബി.സി. 200-നും ഏ.ഡി. 100- നും മധ്യേ ഇസ്രായേൽക്കാർക്കിടയിൽ പ്രചാരത്തിലിരുന്ന ഒരു സാഹിത്യരൂപമാണ് അപ്പോകലിപ്റ്റിക് എന്ന പേരിൽ അറിയപ്പെടുന്നത്. വൻ സാമ്രാജ്യശക്തികളാൽ മർദ്ദിതമായ ഒരു ജനവിഭാഗത്തിന്റെ പ്രത്യാശകൾ അതിശക്തമായി അവതരിപ്പിക്കുന്ന സാഹിത്യരൂപമാണിത്. ഇതിന്റെ ഉത്ഭവം, പ്രത്യേകതകൾ, വെളിപാടു പുസ്തകത്തിൽ ഇതിന്റെ സ്വാധീനം എന്നിവയാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

**a. ഉത്ഭവം:** തങ്ങൾ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരു ജനതയാണെന്ന് ഇസ്രായേൽക്കാർ വിശ്വസിച്ചിരുന്നു. പുരോഹിതരാജ്യവും വിശുദ്ധജനവുമായ ഇസ്രായേൽ ലോകജനതകളുടെമേൽ ഭരണം നടത്തുന്ന ഒരു വലിയ സാമ്രാജ്യമായിത്തീരും എന്ന് അവർ പ്രതീക്ഷിച്ചിരുന്നു. ദാവീദിന്റെ കാലത്ത് രാജ്യം സുസ്ഥാപിതമായതോടെ ഈ പ്രതീക്ഷ ശക്തിപ്പെട്ടു. എന്നാൽ സോളമന്റെ മരണത്തോടെ (ബി.സി.931) രാജ്യം രണ്ടായി പിളർന്നു. രണ്ടു നൂറ്റാണ്ടു കഴിഞ്ഞപ്പോൾ (722) വടക്കൻ രാജ്യമായ ഇസ്രായേൽ അസ്സീറിയായ്ക്കു കീഴടങ്ങി, ചരിത്രത്തിൽനിന്നപ്രത്യക്ഷമായി. ഏകദേശം ഒന്നരനൂറ്റാണ്ടു കൂടി തെക്കൻ രാജ്യമായ യൂദാ സ്വാതന്ത്ര്യം കാത്തു സൂക്ഷിച്ചെങ്കിലും 587-ൽ ബാബിലോണിന്റെ ആധിപത്യത്തിൻ കീഴിലായി. തുടർന്ന് പേർഷ്യയും, ഗ്രീസും ഇസ്രായേൽ ജനത്തിന്റെ മേൽ ഭരണം നടത്തി. ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഇസ്രായേലിനു രാഷ്ട്രീയ പാരതന്ത്ര്യം മാത്രമല്ല, ക്രൂരമായ മതമർദ്ദനവും അനുഭവിക്കേണ്ടിവന്നു. സിറിയൻ രാജാവായ അന്തിയോക്കസ് നാലാമൻ ഇസ്രായേൽക്കാരുടെ മതവിശ്വാസത്തെ നിശ്ശേഷം നശിപ്പിക്കാൻ ശ്രമിച്ചു. ഒരു സാമ്രാജ്യശക്തിയായി ലോകത്തെ അടക്കി വാഴുക സാധ്യമല്ലെന്നും തങ്ങളെ ദൈവം ഏല്പിച്ചിരിക്കുന്ന ദൗത്യം അതല്ലെന്നും ഇസ്രായേലിനു ബോധ്യമായി.

കഠിനമായ മതപീഡനങ്ങൾക്കു മധ്യേ തങ്ങളുടെ ചരിത്രത്തെ വിലയിരുത്തിയവർക്ക് ദൈവത്തിന്റെ വിമോചനകൃത്യങ്ങളെ പുതിയൊരു വെളിച്ചത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. ദൈവജനത്തെ അടിമകളാക്കി വച്ച ഈജിപ്തുകാർ യാഹ്വേയുടെ കരത്തിന്റെ കരുത്തു കണ്ടു; അവരുടെ ശക്തമായ സൈന്യം ചെങ്കടലിൽ ചത്തുപൊങ്ങി. സാമ്രാജ്യശക്തികളായ അസ്സീറിയയും ബാബിലോണും പേർഷ്യയും എല്ലാം ചരിത്രത്തിന്റെ പ്രയാണത്തിൽ പിൻതള്ളപ്പെട്ടു. വിമോചകനായ യാഹ്വേയാണ് ചരിത്രത്തെ നയിക്കുന്നത്. അവന്റെ മുമ്പിൽ ഒരു സാമ്രാജ്യ ശക്തിക്കും നിലനില്ക്കാനാവില്ല. ദൈവജനത്തെ പീഡിപ്പിക്കുന്ന അന്തിയോക്കസ് എപ്പിഫാനസും അയാളുടെ സാമ്രാജ്യവും താമസിയാതെ ഉന്മൂലനം ചെയ്യപ്പെടും എന്ന വിശ്വാസം മർദ്ദിതജനത്തിനു പ്രത്യാശ നല്കി. ഈ പ്രത്യാശയാണ് അപ്പോകലിപ്റ്റിക് എന്ന സാഹിത്യരൂപത്തിലൂടെ അവർ പ്രകടിപ്പിച്ചത്.

സർവ്വശക്തനായ ദൈവം ചരിത്രത്തിൽ ഇടപെട്ട്, മർദ്ദകനെ നശിപ്പിച്ച്, മർദ്ദിതജനത്തിനു രക്ഷനല്കുന്ന നിമിഷം ആസന്നമായിരിക്കുന്നു എന്ന വിശ്വാസവും പ്രതീക്ഷയും ഉച്ചത്തിൽ ഉദ്ഘോഷിക്കുന്ന ഗ്രന്ഥങ്ങളാണ് അപ്പോകലിപ്റ്റിക ഗ്രന്ഥങ്ങൾ. മർദ്ദകശക്തിയുടെ അന്ത്യം വിളിച്ചറിയിക്കുന്ന ഈ ഗ്രന്ഥങ്ങൾ ജനത്തെ വിപ്ലവത്തിനു പ്രേരിപ്പിക്കുന്നവയായിരുന്നു. ഇവ ഭരണാധികാരികളുടെ കൈകളിൽ ചെന്നുപെടുന്നത് തികച്ചും അപകടകരമായിരുന്നു. അതിനാൽ അവർക്കു മനസ്സിലാവാത്തതും എന്നാൽ തങ്ങളുടെ ജനത്തിനു സുഗ്രാഹ്യവുമായ ഒരു ശൈലി അവലംബിക്കേണ്ടി വന്നു. ദൈവം ഇസ്രായേലിനെ ശത്രുക്കളിൽ നിന്നു മോചിപ്പിച്ച് വീണ്ടും ഒരു ജനതയാക്കും എന്നു പഠിപ്പിക്കുന്ന പഴയനിയമ പ്രവാചകഗ്രന്ഥങ്ങളിൽ ഈ ശൈലിയുടെ അവ്യക്തമായ തുടക്കം കാണാനാവും ആമോ 5, 18-20; ജറെ 4, 23-26; എസെ 37, 1-14 തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഏശയ്യായുടെ

പുസ്തകത്തോടു പില്ക്കാലത്തു കൂട്ടിച്ചേർത്തതായി കരുതപ്പെടുന്ന 24-27 അധ്യായങ്ങൾ ഏശയ്യായുടെ ചെറിയ വെളിപാട് എന്ന പേരിൽ അറിയപ്പെടുന്നു.

ദാനിയേലിന്റെ പുസ്തകത്തിലാണ് ഈ സാഹിത്യരൂപം അതിന്റെ തനിമയിൽ പ്രത്യക്ഷപ്പെടുന്നത്. ബൈബിളിന്റെ ഭാഗമായി അംഗീകരിച്ചിട്ടില്ലാത്ത ഏനോക്ക്, പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെ ഉടമ്പടി, സിബിലിന്റെ അരുളപ്പാടുകൾ (Sibilline Oracles), ഏശയ്യായുടെ സ്വർഗ്ഗാരോഹണം, മോശയുടെ സ്വർഗ്ഗാരോഹണം, ബാറുക്കിന്റെ വെളിപാട്, നാലാം എസ്രാ എന്നിങ്ങനെ നിരവധി ഗ്രന്ഥങ്ങൾ ഈ സാഹിത്യരൂപത്തിൽ രചിക്കപ്പെട്ടവയാണ്. ഖുമ്റാൻ സന്യാസികളുടെ ഇടയിലും ഈ സാഹിത്യരൂപം ഏറെ പ്രചാരത്തിലിരുന്നു. ഏശയ്യാ, ഹോസിയാ, മിക്കാ, നാഹും, ഹബക്കുക്, സെഫാനായാ എന്നീ പ്രവാചക ഗ്രന്ഥങ്ങളുടെ വ്യാഖ്യാനം, അന്തിമയുദ്ധനിയമം, സമൂഹനിയമസംഹിത തുടങ്ങി അവരുടെ അനേകം ഗ്രന്ഥങ്ങൾ അപ്പോകലിപ്റ്റിക് ശൈലിയിൽ രചിക്കപ്പെട്ടവയാണ്. പുതിയ നിയമത്തിലെ പല ഗ്രന്ഥങ്ങളിലും ഈ ശൈലിയുടെ സ്വാധീനം കാണാം. മർക്കോ 13; 1 കോറി 15; 2 പത്രോ 3, 8-13 തുടങ്ങിയവ ഉദാഹരണങ്ങളാണ്.

**b. പ്രത്യേകതകൾ:** അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന ആശയങ്ങൾ ഏറെ വൈവിധ്യമാർന്നവയാണെങ്കിലും അവയക്കു പൊതുവായ ചില പ്രത്യേകതകൾ കാണാനാവും.

**i. ദ്വിയുഗവീക്ഷണം:** രണ്ടു യുഗങ്ങളെക്കുറിച്ചുള്ള വീക്ഷണമാണ് അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിന്റെ ഒരു പ്രത്യേകത. പ്രതീക്ഷയ്ക്കു വകയില്ലാത്ത വിധം ദുഷിച്ചു വഷളായതാണ് ഈ യുഗം. ഇത് തിന്മയുടെ ശക്തിയായ സാത്താന് അധീനമായിരിക്കുന്നു. സാമ്രാജ്യശക്തികളെല്ലാം സാത്താന്റെ പിണിയാളുകളും ദൈവത്തിന്റെ ശത്രുക്കളുമാണ്. അവർ ദൈവജനത്തെ പീഡിപ്പിക്കുന്നു. തിന്മയ്ക്കധീനമായ ഈ യുഗത്തെ പൂർണ്ണമായി നശിപ്പിച്ച ശേഷം ദൈവം പുതിയൊരു യുഗം ആരംഭിക്കും. വരാനിരിക്കുന്ന ആ പുതുയുഗത്തിൽ തിന്മയുണ്ടായിരിക്കുകയില്ല.

**ii. യുഗാന്ത്യം:** ലോകചരിത്രത്തിന്റെ തുടർച്ചയല്ല പുതുയുഗം. അതൊരു പുതിയ സൃഷ്ടിയായിരിക്കും. പുതുയുഗപ്പിറവിക്കു മുമ്പേ ഭൂമിയിൽ വലിയ പീഡനങ്ങളുണ്ടാകും. യുദ്ധവും പട്ടിണിയും പകർച്ചവ്യാധികളും മനുഷ്യരെ വലയ്ക്കും. മനുഷ്യരുടെ ഇടയിൽ ശത്രുത പെരുകും, സാഹോദര്യം ഇല്ലാതാകും. ഋതുക്കളുടെ ക്രമം തെറ്റും, ഭൂമിക്കു സമനില നഷ്ടപ്പെടും, സൂര്യൻ ഇരുണ്ടുപോകും, നക്ഷത്രങ്ങൾ നിപതിക്കും, ആകാശശക്തികൾ ഇളകും. ഭൂമി എരിയുന്ന അഗ്നിത്തടാകമാകും. ഈ



യുഗത്തിന്റെ അവസാനവും പുതുയുഗ സൃഷ്ടിയും ദൈവത്തിന്റെ മാത്രം പ്രവൃത്തിയാണ്. അതിൽ മനുഷ്യന് ഒരു പങ്കും ഇല്ല.

**iii. അന്ത്യം ആസന്നം:** ഈ ലോകത്തിന്റെ അവസാനം ആസന്നമായിരിക്കുന്നു എന്ന വിശ്വാസം ഈ ഗ്രന്ഥങ്ങളിലെല്ലാം കാണാം. ലോകാവസാനം കൃത്യമായി നിർണ്ണയിക്കാൻ പല കണക്കുകളും അവർ അവതരിപ്പിക്കും.

**iv. പുനരുത്ഥാനം - വിധി:** ഈ യുഗത്തിന്റ അവസാനം കുറിക്കുന്ന ദിവസത്തെ കർത്താവിന്റെ ദിവസം എന്നാണു വിളിക്കുക. വിശ്വാസത്തിന്റെ പേരിൽ പീഡനമേറ്റു മരിക്കുന്നവർ ശരീരത്തോടെ ഉയിർത്തെഴുന്നേല്ക്കും. അവർ ദൈവത്തോടൊന്നിച്ച് രാജാക്കന്മാരെപ്പോലെ വാഴും. പാപികളാകട്ടെ നിത്യനാശത്തിന് വിധിക്കപ്പെടും. ഇസ്രായേലിനു പുതുജീവനും വിജാതീയർക്കു ശിക്ഷയും നല്കുന്ന ദിവസമായിട്ടാണ് ഇതിനെ അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങൾ കണ്ടത്.

**v. മിശിഹായുടെ ഭരണം:** ഈ യുഗത്തിനും വരാനിരിക്കുന്ന യുഗത്തിനും മധ്യേ നിശ്ചിതമായ ഒരു കാലയളവിലേക്ക് ഈ ഭൂമിയിൽ മിശിഹാ ഭരണം നടത്തും എന്ന പ്രതീക്ഷ പല അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിലും കാണാം. ശത്രുക്കളെ നശിപ്പിച്ച് ഇസ്രായേലിനു സാമ്രാജ്യം നല്കുന്നതാണ് ഈ ഭരണം. സകലവിധ ഭൗതിക സന്തോഷവും പ്രദാനം ചെയ്യുന്ന ഈ ഭരണത്തിന്റെ ദൈർഘ്യത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. മിശിഹായുടെ ഭരണത്തിന്റെ അന്ത്യത്തിലായിരിക്കും ലോകാവസാനവും അന്തിമവിധിയും സംഭവിക്കുക.

**vi. പ്രതീകങ്ങൾ:** പ്രതീകങ്ങളിലൂടെ ആശയങ്ങൾ അവതരിപ്പിക്കുക ഈ സാഹിത്യരൂപത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. സംഖ്യകൾ, നിറങ്ങൾ, ലോഹങ്ങൾ, മൃഗങ്ങൾ, ശരീരാവയവങ്ങൾ തുടങ്ങിയവ ഓരോ പ്രത്യേക അർത്ഥത്തിലാണ് ഉപയോഗിക്കപ്പെടുക. ഇതേക്കുറിച്ച് കൂടുതൽ വിശദമായി അടുത്ത അധ്യായത്തിൽ പ്രതിപാദിക്കുന്നതാണ്.

**vii. ദർശനങ്ങൾ - ശ്രവണങ്ങൾ:** "ഞാൻ കണ്ടു, ഞാൻ കേട്ടു" എന്നീ പ്രയോഗങ്ങളാണ് മറ്റൊരു പ്രത്യേകത. സാധാരണ മനുഷ്യദൃഷ്ടിക്കു കാണാനോ കേൾക്കാനോ കഴിയാത്ത കാര്യങ്ങളാണ് ഇവിടെ കാണുകയും കേൾക്കുകയും ചെയ്യുന്നത്. ചിലപ്പോൾ സ്വപ്നരൂപത്തിലും, അതിലേറെ ജാഗ്രദാവസ്ഥയിലും ഉണ്ടാകുന്ന ദർശനങ്ങളായി ഇവ അവതരിപ്പിക്കപ്പെടുന്നു. ദൈവവും സ്വർഗ്ഗവും എല്ലാം ദർശനവിഷയങ്ങളാകുന്നു. ദൈവത്തിൽ നിന്നു നേരിട്ടു ലഭിച്ച സന്ദേശമാണ് താൻ അവതരിപ്പിക്കുന്നത് എന്നു വ്യക്തമാക്കാൻ വേണ്ടിയാണ് ഗ്രന്ഥകാരൻ ഈ മാധ്യമങ്ങൾ ഉപയോഗിക്കുന്നത്.

**viii. മാലാഖമാരും പിശാചുക്കളും:** ദൈവം തന്റെ സന്ദേശം മനുഷ്യരെ അറിയിക്കാനും തന്റെ പദ്ധതി നടപ്പിലാക്കാനും വേണ്ടി നിയോഗിക്കുന്ന ദൂതന്മാരാണ് മാലാഖമാർ. പഴയനിയമത്തിൽ ചുരുക്കമായേ മാലാഖമാരെക്കുറിച്ച് പ്രതിപാദിക്കുന്നുള്ളൂ. എന്നാൽ അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ സംഖ്യാതീതമായ മാലാഖാമാർ പ്രത്യക്ഷപ്പെടുന്നു. ദൈവദൂതന്മാരാണ് ഗ്രന്ഥകാരന്മാർക്ക് സ്വർഗ്ഗീയ ദർശനം വ്യാഖ്യാനിച്ചു കൊടുക്കുന്നത്. തിന്മയുടെ ശക്തിയായ സാത്താന്റെ ദൂതന്മാരാണ് പിശാചുക്കൾ. പാപം വഴി അധഃപതിച്ച മാലാഖാമാരാണവർ. മിശിഹായുടെ ഭരണം ആരംഭിക്കുമ്പോൾ അവർ തടവിലാക്കപ്പെടും; യുഗാന്ത്യത്തിൽ നശിപ്പിക്കപ്പെടുകയും ചെയ്യും.

**ix. വ്യാജനാമം:** ബി.സി. അഞ്ചാം നൂറ്റാണ്ടിന്റെ പകുതിയോടെ അവസാനത്തെ പ്രവാചകനും മരിച്ചതായി ഇസ്രായേൽക്കാർ വിശ്വസിച്ചിരുന്നു. തുടർന്നുള്ള കാലത്ത് നിയമപണ്ഡിതന്മാരായ റബ്ബിമാരും പുരോഹിതന്മാരുമാണ് ജനത്തെ നയിച്ചിരുന്നത്. ദൈവത്തിൽ നിന്ന് പുതിയൊരു വെളിപാടു അവർ പ്രതീക്ഷിച്ചിരുന്നില്ല. ഇതുവരെ നല്കപ്പെട്ട നിയമങ്ങളും പ്രവചനങ്ങളും പഠിച്ചു വ്യാഖ്യാനിക്കുക മാത്രമാണ് കരണീയം എന്ന് അവർ കരുതി. അതിനാൽ പുതിയൊരു സന്ദേശം സ്വീകരിക്കപ്പെടുക ദുഷ്കരമായിരുന്നു. ഈ സാഹചര്യത്തിൽ തങ്ങൾക്ക് ലഭിച്ച ഉൾക്കാഴ്ചകൾ ജനമധ്യത്തിൽ അവതരിപ്പിക്കാനായി അപ്പോകലിപ്റ്റിക് ഗ്രന്ഥകാരന്മാർ സ്വീകരിച്ച മാർഗ്ഗമാണ് വ്യാജനാമം. പുരാതനകാലത്തു ജീവിച്ചിരുന്ന പ്രസിദ്ധരായ വ്യക്തികൾക്കു ദൈവം വെളിപ്പെടുത്തിയതും അവർ എഴുതി സൂക്ഷിച്ചിരുന്നതുമായ ഗ്രന്ഥങ്ങൾ എന്ന ഭാവേനയാണ് പുതിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടത്. ആദവും ഹവ്വായും, ഏനോക്ക്, അബ്രഹാം, ദാനിയേൽ മുതലായവ ഉദാഹരണങ്ങളാണ്.

വ്യാജനാമങ്ങൾ സ്വീകരിക്കുന്നതിന് മറ്റൊരു കാരണവുമുണ്ടായിരുന്നു. മർദ്ദകഭരണം നടത്തുന്ന രാജാക്കന്മാരുടെ അന്ത്യം വിളിച്ചറിയിക്കുന്ന ഈ ഗ്രന്ഥങ്ങളുടെ പൊരുൾ അവരിൽ നിന്നു മറച്ചുവയ്ക്കാൻ ഈ മാർഗ്ഗം സഹായിച്ചു. പണ്ടെങ്ങോ ജീവിച്ചിരുന്ന ഒരാൾ എഴുതിയ പുസ്തകമാണെങ്കിൽ അത് ഇപ്പോഴത്തെ ഭരണാധികാരികൾക്ക് ഭീഷണിയാവില്ലല്ലോ.

**x. ചരിത്രം പ്രവചനരൂപത്തിൽ:** കഴിഞ്ഞകാലത്തെ സംഭവങ്ങളെ പ്രവചനരൂപത്തിൽ ചിത്രീകരിക്കുക ഈ സാഹിത്യരൂപത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. ലോകചരിത്രത്തെക്കുറിച്ച്, വിശിഷ്യാ ദൈവജനമായ ഇസ്രായേലിനു സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച്, ദൈവം ചില പ്രത്യേക വ്യക്തികൾക്കു മുൻകൂട്ടി നല്കിയ വെളിപാട് എന്ന രീതിയിലാണ് ഗ്രന്ഥങ്ങൾ രചിക്കപ്പെടുക. എന്നാൽ പ്രതീകാത്മകമായും വ്യംഗ്യമായും



അവതരിപ്പിക്കുന്ന ഈ ചരിത്രം കഴിഞ്ഞകാല സംഭവങ്ങളുടെ വിവരണങ്ങളാണെന്ന് ശ്രദ്ധിച്ചു വായിച്ചാൽ മനസ്സിലാക്കാൻ കഴിയും. നബുക്കദ്നേസറിന്റെ സ്വപ്നം (ദാനി 2,31-45), ആട്ടുകൊറ്റന്മാരെക്കുറിച്ചു ദാനിയേലിനുണ്ടായ ദർശനം (ദാനി 8,1-27), കാവൽദൂതന്മാർ തമ്മിൽ യുദ്ധം (ദാനി 10-11) തുടങ്ങിയവ കടന്നുപോയ സാമ്രാജ്യങ്ങളെയും ഗ്രന്ഥകാരന്റെ കാലത്തു ഭരിക്കുന്ന അന്തിയോക്കസ് നാലാമനെയുംകുറിച്ചുള്ള വിവരണങ്ങളാണ്. ഭൂതകാലസംഭവങ്ങൾക്കു പ്രവചനരൂപത്തിൽ നല്കുന്ന വിവരണം വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതാണ്. എന്നാൽ ഭാവിയെക്കുറിച്ചു വിവരിക്കുമ്പോൾ അവ്യക്തത വർദ്ധിക്കുന്നതായി കാണാം.

**c. വെളിപാടുപുസ്തകത്തിൽ:** മേൽ വിവരിച്ച അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിന്റെ പല പ്രത്യേകതകളും വെളിപാടു ഗ്രന്ഥത്തിലും ദൃശ്യമാണ്; എന്നാൽ ഏറെ വ്യത്യാസങ്ങളും കാണാം. 1. പണ്ടെന്നോ ജീവിച്ചിരുന്ന ഒരാളായിട്ടല്ല, തന്റെ അനുവാചകരോടൊത്ത് സഹനങ്ങളിൽ പങ്കുചേരുന്നവനായിട്ടാണ് ഗ്രന്ഥകർത്താവ് സ്വയം അവതരിപ്പിക്കുക. 2.യോഹന്നാൻ എന്ന പേര് വ്യാജനാമമായി കരുതാൻ സാധ്യത കുറവാണ്. മുദ്രവച്ചു സൂക്ഷിക്കേണ്ട രഹസ്യവെളിപാടായിട്ടല്ല, എല്ലാവരെയും അറിയിക്കേണ്ട രക്ഷാകര സന്ദേശമായിട്ടാണ് ഗ്രന്ഥം രചിച്ചിരിക്കുന്നത്. 3. യുഗാന്തത്തെക്കുറിച്ചുള്ള ദർശനങ്ങൾ ദീർഘമായ കാലയളവിനുള്ളിൽ പലപ്പോഴായി ലഭിച്ചതായിട്ടാണ് അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങൾ ചിത്രീകരിക്കുന്നത്. ദർശനങ്ങൾക്കായി ഗ്രന്ഥകാരൻ ഉപവാസവും പ്രാർത്ഥനയും വഴി ഏറെ നാൾ കാത്തിരിക്കുന്നു. ദൂതന്മാരുടെ വിശദീകരങ്ങൾ പലപ്പോഴും ഏറെ ദീർഘവും കേന്ദ്രവത്തായ ആശയത്തിൽ നിന്ന് വ്യതിചലിക്കുന്നതുമാണ്. വെളിപാടു പുസ്തകത്തിലാകട്ടെ, ദർശനങ്ങൾ ഒന്നിനുപുറകെ ഒന്നായി അതിവേഗം, ഒരു വെള്ളിത്തിരയിലെന്നപോലെ, കടന്നു വരുന്നു. ദൂതന്മാർ ചുരുങ്ങിയ വിശദീകരണമേ നൽകുന്നുള്ളൂ. എല്ലാം ഒറ്റദിവസം സംഭവിച്ചതായിട്ടാണ് അവതരിപ്പിക്കുന്നത്. 4. യുഗാന്തം കണക്കുകൂട്ടി കണ്ടെത്താൻ പറ്റുന്ന ഒന്നായി യോഹന്നാൻ കരുതുന്നില്ല. 5. അന്തിമവിധി അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ വിജാതീയരുടെ മേലുള്ള ശിക്ഷാവിധിയായി ചിത്രീകരിക്കപ്പെടുമ്പോൾ വെളിപാടു പുസ്തകത്തിൽ അത് ദൈവത്തോട് അവിശ്വസ്തത കാട്ടിയ എല്ലാവരുടെയും മേൽ പതിക്കുന്നു. 6. മനുഷ്യന്റെ സൽപ്രവൃത്തികൾക്ക് ഈ ഭൂമിയിൽ ദൈവരാജ്യത്തെ ഒരു യാഥാർത്ഥ്യമാക്കാൻ സാധിക്കുകയില്ല; അതു പൂർണ്ണമായും ദൈവത്തിന്റെ സൃഷ്ടിയും ദാനവുമാണ് എന്ന അപ്പോകലിപ്റ്റിക് ചിന്താഗതി സ്വീകരിച്ചു കൊണ്ടു തന്നെ വിശ്വാസികളുടെ സഹനത്തിനും വിശ്വസ്തതയ്ക്കും യോഹന്നാൻ അർത്ഥം നല്കുന്നു. അന്ത്യംവരെ ഉറച്ചു നില്ക്കുന്നവർക്കു മാത്രമേ ദൈവരാജ്യത്തിൽ പങ്കുചേരാൻ കഴിയൂ. തന്നെയുമല്ല,

വിശുദ്ധരുടെ സഹനവും പ്രാർത്ഥനയും ദൈവരാജ്യത്തിന്റെ ആഗമനത്തെ ത്വരിതപ്പെടുത്തുന്നതായും യോഹന്നാൻ കാണുന്നു.

വെളിപാടു പുസ്തകം രചിച്ചിരിക്കുന്നത് മുഖ്യമായും അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിലാണെങ്കിലും മറ്റു സാഹിത്യരൂപങ്ങളുടെയും സ്വാധീനം ഈ ഗ്രന്ഥത്തിൽ കാണാം.

**2. പ്രവചനം**

യേശുക്രിസ്തുവിൽ നിന്നു ലഭിച്ച വെളിപാട് എന്ന് പുസ്തകത്തെ വിശേഷിപ്പിക്കുന്നുണ്ടെങ്കിലും താൻ എഴുതിയിരിക്കുന്നത് ഒരു പ്രവാചക ഗ്രന്ഥമാണെന്ന് ഗ്രന്ഥകാരൻ തന്നെ പുസ്തകത്തിന്റെ ആരംഭത്തിലും (1, 3) അവസാനത്തിലും (22, 18) എടുത്തുപറയുന്നുണ്ട്. അന്നു പ്രചാരത്തിലിരുന്ന അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിന്റെ മാത്രം വെളിച്ചത്തിൽ ഈ പുസ്തകത്തെ മനസ്സിലാക്കിയാൽ പോരാ എന്ന് ഗ്രന്ഥകാരൻ നിർദ്ദേശിക്കുന്നു.

പ്രവാചകന്മാർക്കു ശേഷമാണ് അപ്പോകലിപ്റ്റിക് ഗ്രന്ഥകാരന്മാർ ഇസ്രായേലിൽ രംഗപ്രവേശനം ചെയ്തത് എന്നു നാം കണ്ടു കഴിഞ്ഞു. വെളിപാടുപുസ്തകത്തിലാകട്ടെ ഈ രണ്ടു സാഹിത്യരൂപങ്ങളും സമന്വയിപ്പിച്ചിരിക്കുന്നതായി കാണാം. എന്താണ് പ്രവാചകഗ്രന്ഥങ്ങളുടെ പ്രത്യേകതകൾ?

പ്രവാചകന്മാർ പൊതുവെ എഴുത്തുകാരായിരുന്നില്ല, പ്രസംഗിക്കുന്നവരായിരുന്നു. പ്രവാചകന്മാർ പറഞ്ഞ കാര്യങ്ങൾ പിൻതലമുറയ്ക്കായി എഴുതി സൂക്ഷിച്ചത് പ്രവാചകശിഷ്യന്മാരായിരുന്നു. സമകാലികരോടു നേരിട്ടു സംസാരിക്കുന്നവരാണ് പ്രവാചകന്മാർ. ദൈവത്തിന്റെ ദൃഷ്ടിയിലൂടെ സീനായ് ഉടമ്പടിയുടെ വെളിച്ചത്തിൽ ലോകചരിത്രത്തെയും ഇസ്രായേൽ ജനത്തിന്റെ ജീവിതത്തെയും അവർ നോക്കിക്കാണുന്നു. മറ്റുള്ളവർ സമൃദ്ധിയും സമുദ്ധിക്ഷതയും വലിയ പ്രതീക്ഷകളും കാണുന്നിടത്ത് പ്രവാചകന്മാർ അനീതിയും അവിശ്വസ്തതയും ആസന്നമായിരിക്കുന്ന നാശവുമാണ് കാണുക. മർദ്ദനത്തിലും ചൂഷണത്തിലും അധികാരം കയ്യടക്കിയവരുടെ സുഖഭോഗങ്ങളിലും അടിയുറച്ച സമൂഹത്തിനെതിരേ ദൈവത്തിന്റെ ശിക്ഷാവിധി ആസന്നമായിരിക്കുന്നു എന്ന് അവർ വിളിച്ചറിയിക്കും. അതേസമയം, പ്രത്യാശയറ്റ മർദ്ദിതർക്കു ദൈവം നല്കാൻ പോകുന്ന മോചനത്തിന്റെ വക്താക്കളുമാണവർ. ദൈവത്തോടും അവിടുത്തെ ഉടമ്പടിയോടുമുള്ള വിശ്വസ്തതയ്ക്ക് അവർ പരമപ്രാധാന്യം കല്പിക്കുന്നു. യുഗാന്തനവീകരണത്തെക്കാൾ ഇന്നു നടത്തേണ്ട ജീവിതനവീകരണത്തിനാണ് അവർ ഊന്നൽ നല്കുന്നത്.



വെളിപാടു പുസ്തകത്തിൽ പ്രവാചകശബ്ദം മുഴങ്ങി കേൾക്കാം. ശാസനയും വിമർശനവും കുറ്റാരോപണവും ശിക്ഷയുടെ മുന്നറിയിപ്പും, സാന്ത്വനവും രക്ഷയുടെ വാഗ്ദാനവും എല്ലാം വെളുപാടു ഗ്രന്ഥകാരൻ ഉപയോഗിക്കുന്നുണ്ട്. ജീവൻ ത്യജിച്ചും കർത്താവിനോടു വിശ്വസ്തത പുലർത്താനുള്ള ആഹ്വാനവും, മരണം വരെ വിശ്വസ്തത പാലിക്കുന്നവർക്ക് ലഭിക്കാനിരിക്കുന്ന മഹത്വവും ജീവസ്സുറ്റ നിറങ്ങളിൽ യോഹന്നാൻ വരച്ചു കാട്ടുന്നു. പ്രവചനവും വെളിപാടും ഈ പുസ്തകത്തിൽ സമ്മേളിക്കുന്നു. വേറെയും ചില സാഹിത്യരൂപങ്ങളുടെ സ്വാധീനം ഇതിൽ കാണാം.

**3. ഇടയലേഖനം**

പുതിയ നിയമത്തിലെ ഇരുപത്തൊന്നു പുസ്തകങ്ങൾ ''ലേഖനങ്ങൾ'' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഏതെങ്കിലും പ്രാദേശികസഭയ്ക്ക് എഴുതിയ ലേഖനങ്ങളുണ്ട്, ആഗോളസഭയ്ക്കായി എഴുതപ്പെട്ട ലേഖനങ്ങളുമുണ്ട്. സഭയുടെ ആനുകാലിക പ്രശ്നങ്ങളെ കണക്കിലെടുത്തുകൊണ്ട് വിശ്വാസസത്യങ്ങൾ വിശദീകരിക്കുകയും വിശ്വാസത്തിന്റെ വെളിച്ചത്തിൽ പ്രശ്നങ്ങളെ നേരിടാൻ പ്രചോദനം നല്കുകയുമാണ് ലേഖനങ്ങൾ ചെയ്യുക. അഭിസംബോധന, ആശംസകൾ, പ്രശംസകൾ, ഉപദേശങ്ങൾ, താക്കീതുകൾ, സമാപനാശംസ, ആശീർവ്വാദം, എന്നിവയാണ് ലേഖനങ്ങളിൽ പൊതുവേ കാണുക. ലേഖന കർത്താവിന്റെ അവസ്ഥയെക്കുറിച്ചുള്ള പരാമർശങ്ങളും ലേഖനം സ്വീകരിക്കുന്നവരെക്കുറിച്ചുള്ള ഉൽകണ്ഠകളും ഇവയിൽ കാണാം.

ഏഷ്യയിലെ ഏഴു സഭകൾക്കുള്ള ലേഖനമായിട്ടാണ് വെളുപാടു പുസ്തകം രചിക്കപ്പെട്ടിരിക്കുന്നത്. ആ സഭകളുമായി അടുത്ത ബന്ധവും സഭകളുടെമേൽ അധികാരവും ഉള്ള ആളാണ് യോഹന്നാൻ എന്ന് പുസ്തകത്തിൽ നിന്നു വ്യക്തമാകും. ഓരോ സഭയുടെയും പ്രത്യേക അവസ്ഥയെക്കുറിച്ച് അദ്ദേഹത്തിനറിവുണ്ട്. ഓരോ സഭയ്ക്കും വേണ്ട പ്രത്യേക നിർദ്ദേശങ്ങളും അദ്ദേഹം നല്കുന്നു. യേശുക്രിസ്തുവിന്റെ അധികാരത്തോടെയാണ് ലേഖകൻ എഴുതുന്നത്. ആദ്യത്തെ മൂന്ന് അധ്യായങ്ങളിലും അവസാനത്തെ അധ്യായത്തിലും മാത്രമേ ഇടയലേഖനത്തിന്റെ ശൈലി സ്വീകരിച്ചിട്ടുള്ളൂ എന്നത് ശ്രദ്ധേയമത്രെ. തന്നെയുമല്ല, ഏഴ് എന്നത് പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യ ആയതിനാൽ പീഡനത്തിനു വിധേയമാകുന്ന ആഗോളസഭയെ ലക്ഷ്യം വച്ചുകൊണ്ടാണ് വെളിപാടു പുസ്തകം എഴുതപ്പെട്ടിരിക്കുന്നത് എന്നു മനസ്സിലാക്കാം.

**4. ആരാധനാ രൂപം (Liturgy)**

ലിറ്റർജിയുമായി ബന്ധപ്പെട്ട പല പ്രതീകങ്ങളും ശൈലി വിശേഷങ്ങളും വെളിപാടു പുസ്തകത്തിൽ കാണാം. കൊല്ലപ്പെട്ടതായി തോന്നുന്ന

കുഞ്ഞാട്, ബലിപീഠം, അഗ്നി, ധൂപം മുതലായവ ആരാധനയുമായി ബന്ധപ്പെട്ട് പ്രതീകങ്ങളാണ്. സ്വർഗ്ഗീയ സിംഹാസനത്തിനുമുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്ന ശ്രേഷ്ഠന്മാർ, ദൈവത്തിനു സ്തുതി പാടുന്ന ജീവികൾ, കീർത്തനങ്ങളാലപിക്കുന്ന വിശുദ്ധർ, പല തവണ ആവർത്തിക്കപ്പെടുന്ന ദൈവസ്തുതികൾ (doxology) ഇവയെല്ലാം ഒരു ആരാധനക്രമത്തിന്റെ പ്രതീതിയാണു നല്കുക. ജറുസലെം ദേവാലയത്തിൽ നടന്നിരുന്ന ആരാധനക്രമത്തിന്റെയോ അല്ലെങ്കിൽ ക്രിസ്തീയസമൂഹങ്ങളിലെ പെസഹാആഘോഷത്തിന്റെയോ ചുവടുപിടിച്ചാണ് വെളിപാടു പുസ്തകം രചിക്കപ്പെട്ടിരിക്കുന്നത് എന്നു കരുതുന്നവരുണ്ട്.

പ്രതീകങ്ങളും യാചനാ-സ്തുതി-പ്രാർത്ഥനകളും ഏറെയുണ്ടെങ്കിലും പുസ്തകം മുഴുവൻ ഒരു ലിറ്റർജിയാണെന്നു പറയാനാവില്ല. അതേസമയം ലിറ്റർജിയുടെ സ്വാധീനം അംഗീകരിക്കുകയും വേണം. സ്വർഗ്ഗീയ ലിറ്റർജിയാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് എന്നതു ശ്രദ്ധേയമത്രെ. ഭൂവാസികളായ മനുഷ്യർക്ക് അതിൽ പങ്കുചേരാനാവില്ല. സ്വർഗ്ഗത്തിൽ തുറന്ന ഒരു വാതിലിലൂടെ കാണാൻ മാത്രമേ ഗ്രന്ഥകാരനും വായനക്കാർക്കും കഴിയുന്നുള്ളു. ഭൂവാസികളുടെ പ്രാർത്ഥനകൾ ദൈവദൂതന്മാരാണ് സ്വർഗ്ഗീയ സിംഹാസനത്തിനുമുമ്പിൽ സമർപ്പിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നുള്ള സന്ദേശങ്ങളും അവർ തന്നെ മനുഷ്യന് എത്തിച്ചുകൊടുക്കുന്നു. മരണത്തിലൂടെ മരണത്തിന്മേൽ വിജയം വരിച്ചവർക്കു മാത്രമേ ഈ സ്വർഗ്ഗീയാരാധനയിൽ പങ്കുചേരാൻ കഴിയൂ.

റോമാചക്രവർത്തി നിർബന്ധമാക്കിയ രാജാരാധനയിൽ പങ്കുചരാത്തവർക്ക് ഈ സ്വർഗ്ഗീയരാധാനയിൽ പങ്കുചേരാൻ കഴിയും. ദൈവത്തിന്റെ വസതിയും അവിടെ അവിരാമം നടക്കുന്ന സ്വർഗ്ഗീയാരാധനയുമായി തുലനം ചെയ്യുമ്പോൾ റോമാചക്രവർത്തിയുടെ കൊട്ടാരവും സദസ്സും ആരാധനയും ഒക്കെ എത്ര നിഷ്പ്രഭമാണെന്ന് വിശ്വാസികളെ ഗ്രന്ഥകാരൻ ബോധ്യപ്പെടുത്തുന്നു. വിശ്വാസത്തിനുവേണ്ടി പീഡനമേല്ക്കാനും മരിക്കാനും ക്രിസ്ത്യാനികളെ സന്നദ്ധരാക്കുന്നതിനുവേണ്ടിയാണ് ഈ സാഹിത്യരൂപം ഉപയോഗിക്കുന്നത് എന്നു കരുതാം.

### 5. നാടകം

വെളിപാടു പുസ്തകം മുഴുവൻ ഒരു വലിയ നാടകത്തിന്റെ രൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നതെന്നും കരുതുന്നവരുണ്ട്. പ്രപഞ്ചമാണ് വേദി; നന്മയും തിന്മയും തമ്മിലുള്ള പോരാട്ടമാണ് പ്രമേയം. ദൈവവും കുഞ്ഞാടും മാലാഖമാരും ക്രിസ്തുവിന്റെ സഭയും ഒരു വശത്ത്; സാത്താനും അവന്റെ സേവകരായ പിശാചുക്കളും ഉപകരണങ്ങളായ



സാമ്രാജ്യശക്തികളും മറുവശത്ത്. വിഭാവനം ചെയ്യാവുന്നതിൽ ഏറ്റം വിശാലമായ വേദിയും ഇതിവൃത്തവും പാത്രങ്ങളുമാണ് അവതരിപ്പിക്കപ്പെടുന്നത്. ഏഴ് അങ്കങ്ങളും ഓരോ അങ്കത്തിലും ഏഴു രംഗങ്ങളും ഉള്ള ഒരു വലിയ നാടകമായി ചില ബൈബിൾ പണ്ഡിതന്മാർ വെളിപാടു പുസ്തകത്തെ കാണുന്നു.

നാടകം എന്ന സാഹിത്യരൂപത്തിന്റെ സ്വാധീനവും ഗ്രന്ഥത്തിലുണ്ട് എന്ന് അംഗീകരിക്കണം. വൈവിധ്യമാർന്ന രംഗങ്ങൾ, കഥാപാത്രങ്ങൾ, സംഘർഷങ്ങൾ, വീർപ്പുമുട്ടിക്കുന്ന നാടകീയ മുഹൂർത്തങ്ങൾ ഇവയെല്ലാം വെളിപാടു പുസ്തകത്തിന്റെ പ്രത്യേകതകൾ തന്നെ. തിന്മയുടെ ഉന്മൂലനവും നന്മയുടെ സമ്പൂർണ്ണ സംസ്ഥാപനവും എന്ന അന്ത്യത്തിലേക്കാണ് ഗ്രന്ഥം അതിവേഗം നീങ്ങുന്നത്. ഉത്ഥിതനായ മനുഷ്യപുത്രന്റെ ദർശനത്തോടെ ആരംഭിക്കുന്ന സംഭവപരമ്പര സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങി വരുന്നതോടെയാണ് പരിസമാപ്തിയിലെത്തുക. എന്നാലും നാടകം എന്ന നിലയിൽ മാത്രം വെളിപാടു പുസ്തകത്തെ കാണാനാവില്ല.

മേൽ വിവരിച്ച എല്ലാ സാഹിത്യരൂപങ്ങളുടെയും സ്വാധീനം ഈ ഗ്രന്ഥത്തിലുണ്ട്. അവയിൽ ഏറ്റം പ്രധാനപ്പെട്ടത് അപ്പോകലിപ്റ്റിക് സാഹിത്യരൂപമാണെന്നു സമ്മതിച്ചേ മതിയാവൂ. പുസ്തകം വ്യാഖ്യാനിക്കുമ്പോൾ വിവിധ സാഹിത്യരൂപങ്ങളുടെ സ്വാധീനം കണക്കിലെടുക്കാതെ എല്ലാം വാച്യാർത്ഥത്തിൽ എടുത്താൽ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന അർത്ഥവും ഗ്രന്ഥം നൽകുന്ന രക്ഷാകരസന്ദേശവും ഗ്രഹിക്കാൻ കഴിയാതെ പോകും.

B B B B B

# 3. പ്രതീകങ്ങൾ

ഈ ലോകത്തിന്റെ അധികാരിയായ സാത്താനെതിരേ ദൈവം നടപ്പാക്കുന്ന ശിക്ഷാവിധിയുടെ ചിത്രമാണ് വെളിപാടു പുസ്തകം വരച്ചുകാട്ടുന്നത്. സാത്താനും അവന്റെ അനുയായികളും ദൈവത്തിനും അവിടുത്തെ ജനത്തിനും എതിരേ നടത്തുന്ന യുദ്ധമായി മതപീഡനങ്ങളെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നു. രണ്ടു രാജ്യങ്ങൾ പരസ്പരം ജീവന്മരണ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നു. നന്മയും തിന്മയും തമ്മിലുള്ള ഈ യുദ്ധം പ്രപഞ്ചത്തെ മുഴുവൻ ഗ്രസിക്കുന്നതാണ്. പ്രതീകങ്ങളിലൂടെ മാത്രമേ ഇതിനെ വിവരിക്കാൻ കഴിയൂ. പഴയനിയമത്തിലും വെളിപാടു സാഹിത്യകൃതികളിലും പൊതുവേ ഉപയോഗിക്കപ്പെട്ടിരുന്ന ഈ പ്രതീകങ്ങൾ അന്നത്തെ വായനക്കാർക്കു സുപരിചിതങ്ങളായിരുന്നെങ്കിലും ഇന്ന് അവയിൽ പലതിന്റെയും അർത്ഥം ഗ്രഹിക്കുക എളുപ്പമല്ല. അതിനാൽ വെളിപാടു പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രധാന പ്രതീകങ്ങളും അവയുടെ പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള അർത്ഥവുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

വെളിപാടു പുസ്തകത്തിലെ പ്രതീകങ്ങളെ പൊതുവെ ആറു ഭാഗങ്ങളായി തിരിക്കാം. 1. സംഖ്യകൾ 2. നിറങ്ങൾ 3. വ്യക്തികൾ 4. വസ്തുക്കൾ 5. ശരീരാവയവങ്ങൾ 6. പ്രപഞ്ചം.

## 1. സംഖ്യകൾ

കൃത്യമായ എണ്ണത്തെ സൂചിപ്പിക്കാൻ വേണ്ടിയല്ല, പൂർണ്ണതയെയോ അപൂർണ്ണതയെയോ സൂചിപ്പിക്കുന്ന പ്രതീകങ്ങളായിട്ടാണ് വെളിപാടു ഗ്രന്ഥകാരൻ സംഖ്യകളെ ഉപയോഗിക്കുന്നത്.

**a. പൂർണ്ണസംഖ്യകൾ**: 3, 4, 7, 10, 12 ഉം ഇവയുടെ ഗുണിതങ്ങളും.

*മൂന്ന്* ദൈവികപൂർണ്ണതയെ സൂചിപ്പിക്കുന്നു. ഒരേ കാര്യം മൂന്നു തവണ ആവർത്തിക്കുമ്പോൾ അത്യുത്തമം എന്ന അർത്ഥം ലഭിക്കുന്നു. ദൈവത്തെ പരിശുദ്ധൻ എന്നു മൂന്നു തവണ പ്രകീർത്തിക്കുമ്പോൾ ദൈവം പരമപരിശുദ്ധനാണ് എന്ന് ഏറ്റു പറയുന്നു.

*നാല്:* ഭൂമിക്കു നാലുകോണുകളുള്ളതായാണ് സങ്കല്പം. അതിനാൽ നാല് എന്ന സംഖ്യ ഭൂമി മുഴുവനെയും മാത്രമല്ല സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ സൂചിപ്പിക്കുന്നു.

*ഏഴ്* പൂർണ്ണതയെ സൂചിപ്പിക്കുന്നു. ഏഷ്യയിലെ ഏഴു സഭകൾക്ക് എന്ന വിധത്തിലാണ് പുസ്തകം എഴുതപ്പെട്ടിരിക്കുന്നത്. ഈ ഏഴു സഭകളും സാങ്കല്പികങ്ങളല്ല, യഥാർത്ഥത്തിൽ ഉണ്ടായിരുന്നവയാണ്. എന്നാലും ഏഴ് എന്ന സംഖ്യ, ക്രിസ്തുവിന്റെ സഭ മുഴുവനെയും ലക്ഷ്യമാക്കി എഴുതപ്പെട്ടതാണ് ഈ പുസ്തകം എന്നു സൂചിപ്പിക്കുന്നു.

*പത്ത്* പൂർണ്ണതയെ സൂചിപ്പിക്കുന്ന മറ്റൊരു സംഖ്യയാണ്. ഇതിന്റെ ഗുണിതങ്ങൾ 10 x 10 x 10 = 1000 വലിയൊരു സംഖ്യയെ സൂചിപ്പിക്കുന്നു. ആയിരം വർഷങ്ങൾ ദീർഘവും എന്നാൽ പരിമിതവുമായ കാലയളവിനെയാണ് സൂചിപ്പിക്കുക. 10,000 x 10,000 അസംഖ്യം എന്നർത്ഥം.

*പന്ത്രണ്ട്* ബൈബിളിൽ ഉടനീളം വളരെ പ്രാധാന്യമുള്ള ഒരു സംഖ്യയാണ്. ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ സ്ഥാനത്ത് യേശു പന്ത്രണ്ട് അപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത് തന്റെ സഭ സ്ഥാപിച്ചു. ദൈവജനത്തെയാണ് ഈ സംഖ്യ സൂചിപ്പിക്കുക. 12 x 12 x 1000 = 144,000 ദൈവജനത്തെ മുഴുവനെയും സൂചിപ്പിക്കുന്നു.

**b. അപൂർണ്ണസംഖ്യകൾ**: ഭിന്നസംഖ്യകൾ, പൂർണ്ണ സംഖ്യകളുടെ പകുതി, അവയിൽ ഒന്നു കുറവുള്ളത് ഇവയെല്ലാം അപൂർണ്ണതയെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്.

"$\frac{1}{4}$" "$\frac{1}{3}$" ഭാഗികമാണ്. ഭൂമിയുടെ നാലിലൊന്നിൻമേൽ അധികാരം ലഭിച്ചു (6, 8); ഭൂമിയുടെ മൂന്നിലൊരുഭാഗം വെന്തെരിഞ്ഞു (8, 7). ഭൂമി മുഴുവനുമല്ല, ഒരു ഭാഗത്തെ മാത്രമേ ബാധിക്കുന്നുള്ളു.

*മൂന്നര* പൂർണ്ണ സംഖ്യയായ ഏഴിന്റെ പകുതി. $3\frac{1}{2}$ ദിവസം, വർഷം - ഹ്രസ്വമായൊരു കാലയളവ്; അതു പീഡനത്തിന്റെയും ക്ലേശങ്ങളുടെയും കാലമായിരിക്കും.

*ആറ്* പൂർണ്ണസംഖ്യയായ ഏഴിൽ ഒന്നു കുറവ് - അപൂർണ്ണതയെ സൂചിപ്പിക്കുന്നു. ആറ് മൂന്നു തവണ ആവർത്തിച്ചാൽ ലഭിക്കുന്ന "666" അപൂർണ്ണയുടെ പൂർണ്ണതയെയാണ് സൂചിപ്പിക്കുന്നത്. പൂർണ്ണത ദൈവികതയിലുള്ള പങ്കുചേരലാണെങ്കിൽ തികഞ്ഞ അപൂർണ്ണതയുടെ പ്രതീകമായ "666" തിന്മയുടെ ശക്തിയായ സാത്താനിലുള്ള പങ്കുചേരലാണ്. വെളി 13,18 ൽ പ്രത്യക്ഷപ്പെടുന്ന ഈ സംഖ്യ തിന്മയുടെ ശക്തിയുടെ മൂർത്തരൂപത്തെ സൂചിപ്പിക്കുന്നു.

## 2. നിറങ്ങൾ

*വെള്ള:* വിജയത്തിൽ സന്തോഷം, നിർമ്മലത എന്നിവയെ സൂചിപ്പിക്കന്നു. വെള്ളവസ്ത്രധാരികൾ തങ്ങളുടെ നൈർമ്മല്യം കാത്തുസൂക്ഷിച്ചവരും പീഡനങ്ങളുടെ മേൽ വിജയം വരിച്ചവരുമാണ്. (3, 5: 7, 9).

*ചുവപ്പ്*: തീക്കനലിന്റെ നിറം, വിപ്ലവം, യുദ്ധം രക്തച്ചൊരിച്ചൽ (6, 4) എന്നിവയെ സൂചിപ്പിക്കുന്നു.

*കറുപ്പ്*: മരണത്തെ, മുഖ്യമായും പട്ടിണിമരണത്തെ, സൂചിപ്പിക്കുന്നു. (6, 5).

*വിളറിയനിറം (മഞ്ഞ):* പകർച്ചവ്യാധികൾ മൂലമുണ്ടാകുന്ന മരണം (6, 7-8).

*ധുമ്രം:* രാജകീയനിറം. മുഖ്യമായും സീമാതീതമായ സുഖഭോഗങ്ങളെ സൂചിപ്പിക്കുന്നു. (17, 4).

*സ്വർണ്ണം:* രാജകീയ മഹത്വം. ഇതു നന്മയോ തിന്മയോ ആകാം. മനുഷ്യപുത്രൻ സ്വർണ്ണംകൊണ്ടുള്ള ഇടക്കച്ച ധരിച്ചിരിക്കുന്നത് രാജകീയാധികാരത്തെയാണു സൂചിപ്പിക്കുക. എന്നാൽ ധുമ്രവസ്ത്രം ധരിച്ച സ്ത്രീ സ്വർണ്ണം അണിഞ്ഞിരിക്കുന്നത് സാമ്രാജ്യശക്തിയുടെ സൂചനയാണ്.

## 3. വ്യക്തികൾ - മൃഗങ്ങൾ

*മനുഷ്യപുത്രൻ:* - മരണത്തിലൂടെ തിന്മയുടെമേൽ വിജയം വരിച്ച ഉത്ഥിതനായ ക്രിസ്തു.

*ദൈവദൂതൻ:* ദൈവഹിതം മനുഷ്യരെ അറിയിക്കുകയും അതു നടപ്പാക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സേവകൻ.

*കുഞ്ഞാടിന്റെ മണവാട്ടി:* ക്രിസ്തുവിന്റെ സഭ - ക്രിസ്തുവിശ്വാസികളുടെ സമൂഹം. $3\frac{1}{2}$

*ശ്രേഷ്ഠന്മാർ:* മഹത്വീകരിക്കപ്പെട്ട ദൈവജനത്തിന്റെ പ്രതിനിധികളും പ്രതീകവും. ഇസ്രായേലും സഭയും അടങ്ങുന്ന ദൈവജനത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നു.

*സ്ത്രീ:* ദൈവജനത്തിന്റെ പ്രതീകം.

*വേശ്യ:* ബാബിലോൺ: ദൈവജനത്തെ പീഡിപ്പിക്കുന്ന സാമ്രാജ്യശക്തി; സാത്താന്റെ ജനം.

*നാലു ജീവികൾ:* ദൈവമഹത്വം പ്രകടമാക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്ന സൃഷ്ടപ്രപഞ്ചം.

*കുഞ്ഞാട്* : പാപമോചനത്തിനായി സ്വയം ബലിയർപ്പിച്ച ക്രിസ്തുവിന്റെ പ്രതീകം.

*മൃഗം:* സാമ്രാജ്യശക്തി. കടലിൽ നിന്നു കയറി വന്ന മൃഗം (13, 1) ശക്തമായ നാവികസേനവഴി കടലിന്മേൽ ആധിപത്യം സ്ഥാപിച്ചിരുന്ന റോമാ



സാമ്രാജ്യത്തെ സൂചിപ്പിക്കുന്നു. ഭൂമിക്കടിയിൽ നിന്നു കയറി വന്ന മൃഗം (13,11) റോമൻ പ്രവിശ്യകളുടെ അധിപന്മാരും സാമന്ത രാജാക്കന്മാരും.

*സർപ്പം*: തിന്മയുടെ ശക്തിയും ദൈവത്തിന്റെയും ദൈവജനത്തിന്റെയും ശത്രുവുമായ സാത്താൻ (12,3; 20,2).

*തവളകൾ* - നുണപ്രചരണം

## 4. വസ്തുക്കൾ

*കിരീടം* : രാജകീയാധികാരം

*സിംഹാസനം* : രാജകീയാധികാരം

*രത്നങ്ങൾ* : മനോഹാരിത, സമ്പത്ത്

*വാൾ* : ദൈവവചനം (1, 16) ദൈവം നടപ്പിലാക്കുന്ന ശിക്ഷാവിധി (19, 15); നാശം (6, 4)

*കാഹളം* : ദൈവത്തിന്റെ ആജ്ഞാസ്വരം (1, 11)

*നീണ്ട അങ്കി* : പൗരോഹിത്യം (1, 13)

*കുരുത്തോല* : വിജയം

## 5. ശരീരഭാഗങ്ങൾ

*തല* : അധികാരത്തെയും അധികാരമുള്ളവനെയും സൂചിപ്പിക്കുന്നു. പലപ്പോഴും രാജാക്കന്മാരെ സൂചിപ്പിക്കാനാണ് ഈ പ്രതീകം ഉപയോഗിക്കുന്നത്.

*കൊമ്പ്* : ശക്തി, രാജത്വം, രാജാവ്

*കണ്ണ്* : അറിവ്, ഏഴു കണ്ണുകൾ (5, 6) - സർവ്വജ്ഞാനം, സമ്പൂർണ്ണ ജ്ഞാനം.

*ചിറക്* : വേഗത

## 6. പ്രപഞ്ചം

*സ്വർഗ്ഗം* : ദൈവിക മേഖല

*ഭൂമി* : മാനുഷിക മേഖല

*ആകാശം* : മനുഷ്യനും ദൈവത്തിനും മധ്യേയുള്ള ശക്തികളുടെ മേഖല

*കടൽ* : അപകടമേഖല

*പാതാളം* : ശിക്ഷയുടെ സ്ഥലം, സാത്താന്റെ അധിവാസസ്ഥലം

*കൊയ്ത്ത്* : രക്ഷാവിധി. വിശ്വസ്തത പാലിച്ച ദൈവജനത്തിനു യുഗാന്തത്തിൽ ലഭിക്കുന്ന നിത്യരക്ഷ.

*മുന്തിരി വിളവെടുപ്പ്* : ശിക്ഷാവിധി. തിന്മയുടെ ശക്തിക്കു വഴങ്ങിയ അവിശ്വസ്തർക്കു ലഭിക്കുന്ന നിത്യശിക്ഷ.

*പ്രപഞ്ചശക്തികളിൽ വ്യതിയാനം* : ഭൂമികുലുക്കം, ഇരുണ്ടുപോകുന്ന സൂര്യൻ, രക്തവർണ്ണമാകുന്ന ചന്ദ്രൻ, മുതലായവ പ്രപഞ്ചത്തിന്മേൽ വിധി നടപ്പാക്കാൻ വരുന്ന ദൈവത്തിന്റെ സാന്നിധ്യം സൂചിപ്പിക്കുന്നു; ഇവയെല്ലാം അക്ഷരാത്ഥത്തിൽ സംഭവിക്കുകയാണെങ്കിൽ പ്രത്യക്ഷമാകുന്ന ദൈവിക സാന്നിധ്യത്തെക്കുറിച്ചുള്ള അവബോധമാണ് വായനക്കാരിൽ ഉണ്ടാകേണ്ടത്. പാപത്തിനധീനമായ പ്രപഞ്ചത്തെ ദൈവം സമൂലമായി നവീകരിക്കും എന്ന സൂചനയാണ് ഇവ നല്കുക.

ഈ പ്രതീകങ്ങളെല്ലാം തന്നെ പഴയനിയമഗ്രന്ഥങ്ങളിൽ നിന്ന് എടുത്തവയാണ്. വ്യാഖ്യാനഭാഗത്ത് ഓരോന്നിന്റെയും പഴയനിയമത്തിലെ ഉറവിടങ്ങൾ എടുത്തു കാട്ടുന്നതായിരിക്കും. അതിമനോഹരവും അതിഭീകരവുമായ ചിത്രങ്ങളാണ് വെളിപാടു ഗ്രന്ഥകാരൻ വരച്ചു കാട്ടുന്നത്. മനോഹരവും ആകർഷകവുമായതെല്ലാം ദൈവത്തെയും ദൈവം നല്കുന്ന രക്ഷയെയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. തിന്മയുടെ ശക്തിയെയും അവനും അനുയായികൾക്കും ലഭിക്കാനിരിക്കുന്ന ശിക്ഷയെയും സൂചിപ്പിക്കാനാവട്ടെ ഭയാനകവും ബീഭത്സവുമായി ചിത്രങ്ങളാണ് അവതരിപ്പിക്കുന്നത്. മതമർദ്ദനത്തിൽ മനം തകരാതെ, ദൈവത്തോടു വിശ്വസ്തത പുലർത്താൻ സ്വർഗ്ഗഭാഗ്യത്തിന്റെ വാഗ്ദാനം പ്രചോദനം നല്കുന്നു. അതേസമയം അവിശ്വസ്തർക്കു ലഭിക്കാനിരിക്കുന്ന നിത്യശിക്ഷയുടെ ഭീകരചിത്രം താൽക്കാലിക പീഡനങ്ങളെ ഭയന്ന് വിശ്വാസം ത്യജിക്കാൻ ഒരുങ്ങുന്നവർക്ക് കർശനമായ താക്കീതായിരിക്കും. ഓരോ പ്രതീകത്തിന്റെയും വിശദാംശങ്ങളിൽ തങ്ങി നില്ക്കാതെ ഒരു സയൻസ് - ഫിക്ഷൻ ഫിലിമിലെന്നതുപോലെ, അവ കൺമുന്നിലൂടെ കടന്നു പോകാൻ അനുവദിക്കുകയും അവയിൽ നിന്നു പൊതുവായി ലഭിക്കുന്ന പ്രതീതി അനുഭവിച്ചറിയാൻ ശ്രമിക്കുകയുമാണ് വെളിപാടു പുസ്തകം വായിക്കുമ്പോൾ ചെയ്യേണ്ടത്.

B B B B B



# 4. രൂപഘടന

ഗ്രന്ഥകാരൻ വിനിമയം ചെയ്യാൻ ആഗ്രഹിക്കുന്ന സന്ദേശം ഗ്രഹിക്കാൻ അയാൾ ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപം എന്ത് എന്നറിയുന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ അവലംബിച്ചിരിക്കുന്ന ക്രമം എന്ത് എന്നറിയുന്നതും. പുസ്തകത്തിന്റെ പൊതുവായ ഘടനയെക്കുറിച്ചു വ്യക്തത ലഭിച്ചെങ്കിലേ അതിൽ അവതരിപ്പിച്ചിരിക്കുന്ന ആശയം മനസ്സിലാക്കാൻ കഴിയൂ. എന്നാൽ വെളിപാടു പുസ്തകത്തിന്റെ ഘടനയെക്കുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ ഇന്നും ഭിന്നാഭിപ്രായങ്ങളാണുള്ളത്.

## 1. വിവിധ പാരമ്പര്യങ്ങൾ

ദർശനങ്ങൾ, ശ്രവണങ്ങൾ, പ്രവചനങ്ങൾ, ഉപദേശങ്ങൾ, സ്തുതിപ്പുകൾ, എന്നിങ്ങനെ അനേകം ഘടകങ്ങളുടെ ഒരു സമാഹാരമാണ് വെളിപാടു പുസ്തകം. ഈ ഘടകങ്ങളെ എല്ലാം വേർതിരിച്ച് അവയുടെ ഉറവിടങ്ങൾ കണ്ടുപിടിച്ചു വിശദീകരിക്കാനുള്ള ഒരു ശ്രമം, പ്രത്യേകിച്ചും ജർമ്മൻ ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽ നടന്നിരുന്നു. എന്നാൽ ഇപ്രകാരമുള്ള ശിഥിലീകരണ വ്യാഖ്യാനം പുസ്തകത്തിന്റെ ഉള്ളടക്കം ഗ്രഹിക്കാൻ സഹായിക്കുന്നില്ല എന്നു മനസ്സിലാക്കിയതിനെ തുടർന്ന് ഇവയെ എല്ലാം കൂടി ഒരുമിച്ചു കാണാനുള്ള ശ്രമമാണ് ഇന്ന് നടക്കുന്നത്. ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന വിധത്തിൽ രൂപപ്പെടുത്തുന്നതിനുമുമ്പ് മുഖ്യമായും രണ്ടു വ്യത്യസ്ത ഗ്രന്ഥങ്ങളായി ഇതു നിലനിന്നെന്നും ഈ രണ്ടു ലിഖിതപാരമ്പര്യങ്ങളെ യോഹന്നാൻ എന്ന ക്രിസ്തീയ പ്രവാചകനാണ് സംയോജിപ്പിച്ചതെന്നും കരുതുന്നവരുണ്ട്. ഈ പാരമ്പര്യങ്ങളിൽ ഒന്ന് ഒരു യഹൂദ അപ്പോകലിപ്റ്റിക് ഗ്രന്ഥവും മറ്റൊന്ന് സ്നാപക ശിഷ്യന്മാർ രൂപം കൊടുത്ത ഗ്രന്ഥവും ആയിരുന്നു എന്നും ചിലർ കരുതുന്നു. പാരമ്പര്യങ്ങളുടെ വേരുകൾ തേടിയുള്ള അന്വേഷണം പുസ്തകത്തിന്റെ സന്ദേശത്തിൽ നിന്നകന്നു വഴിമുട്ടുന്നതിനാൽ പുസ്തകത്തെ ഇന്നു ലഭിച്ചിരിക്കുന്ന വിധത്തിൽത്തന്നെ മനസ്സിലാക്കാനാണ് ബൈബിൾ പഠിതാക്കൾ അധികപങ്കും ശ്രമിക്കുന്നത്.

## 2. ഭിന്നാഭിപ്രായങ്ങൾ

രക്ഷാചരിത്രത്തെ പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുകയാണ് വെളിപാടു ഗ്രന്ഥകാരന്റെ ലക്ഷ്യമെന്നു കരുതി ചിലർ പുസ്തകത്തെ മൂന്നുഭാഗ

മായി തിരിക്കാറുണ്ട്. 4 – 11 അധ്യായങ്ങൾ ഇസ്രായേൽ ചരിത്രം; 12–20 സഭാചരിത്രം; 21–22 ഭാവിമഹത്വം എന്നിവ വിവരിക്കുന്നതായി ഇക്കൂട്ടർ കരുതുന്നു. 1–3 അധ്യായങ്ങൾ പൊതുവായ ആമുഖമായിട്ടാണ് അവർ പരിഗണിക്കുക. ഏറെ പ്രചാരം ലഭിച്ചിട്ടുള്ള വിഭജനമാണിതെങ്കിലും പുസ്തകത്തിന്റെ ഉള്ളടക്കത്തോട് പൂർണ്ണമായും നീതി പുലർത്താൻ ഇതിനു കഴിയുകയില്ല. ഇസ്രായേൽ ചരിത്രമായി അവതരിപ്പിക്കപ്പെടുന്ന ഭാഗത്ത് ക്രിസ്തുവിന്റെ വ്യക്തമായ പ്രവർത്തനങ്ങളും ഭാവി മഹത്വത്തെക്കുറിച്ചുള്ള പല സൂചനകളുമുണ്ട്. സഭയുടെ ചരിത്രമായി കരുതപ്പെടുന്ന ഭാഗത്ത് പഴയ നിയമത്തിൽ നിന്നുള്ള ധാരാളം പരാമർശങ്ങൾ കാണാം. അതിനാൽ കാലാനുക്രമമായ ഒരു ഘടനയല്ല ഗ്രന്ഥകാരൻ തന്റെ പുസ്തകത്തിന് നല്കിയിരിക്കുന്നത് എന്നു വ്യക്തം.

ഒരു പ്രത്യേകബിന്ദുവിൽ നിന്നാരംഭിച്ച് ലക്ഷ്യത്തിലേക്കു ശരംപോലെ കുതിക്കുന്ന ഋജുരേഖാവീക്ഷണമല്ല ചരിത്രത്തെ സംബന്ധിച്ചിടത്തോളം വെളിപാടു ഗ്രന്ഥത്തിനുള്ളത്. ഒരേ കാര്യങ്ങൾതന്നെ പലതവണ ആവർത്തിക്കുക ഈ പുസ്തകത്തിന്റെ ഒരു പ്രത്യേകതയാണ്. "ഏഴ്" എന്ന സംഖ്യയ്ക്കു ഗ്രന്ഥം വലിയ പ്രാധാന്യം നല്കുന്നുമുണ്ട്. അതിനാൽ രക്ഷാകര ചരിത്രത്തിന്റെ ഒരു ചാക്രിക വീക്ഷണം ഏഴു ചക്രങ്ങളായി അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത് എന്നു മറ്റു ചിലർ കരുതുന്നു. ഒരേ പ്രമേയം തന്നെ ഏഴ് അങ്കങ്ങളിലായി അവതരിപ്പിക്കുന്ന ഒരു പ്രപഞ്ചനാടകമാണ് വെളിപാട് എന്നു കരുതുന്നവരുണ്ട്. ഈ ഏഴു ഭാഗങ്ങൾ, അഥവാ ഏഴ് അങ്കങ്ങൾ ഓരോന്നും ഏഴ് ഉപവിഭാഗങ്ങൾ അഥവാ രംഗങ്ങൾ ഉൾക്കൊള്ളുന്നതായും കരുതപ്പെടുന്നു. പ്രത്യക്ഷത്തിൽ ആകർഷകവും സ്വീകാര്യവുമായി തോന്നാവുന്ന ഈ വിഭജനവും അടുത്തു പരിശോധിക്കുമ്പോൾ പൂർണ്ണമായും തൃപ്തികരമല്ല എന്നു കാണാം. ഏഴു ലേഖനങ്ങൾ (2–3) ഏഴു മുദ്രകൾ (6–7) ഏഴു കാഹളങ്ങൾ (8–9) ഏഴു പാത്രങ്ങൾ (16) എന്നീ നാലു സംപ്തഗണങ്ങൾ വളരെ വ്യക്തമാണ്. എന്നാൽ ഈ വിഭജനക്രമം മറ്റു ഭാഗങ്ങളിൽ വ്യക്തമല്ല. പുസ്തകഭാഗങ്ങളെ വലിച്ചു നീട്ടിയും വെട്ടിക്കുറച്ചും മാത്രമേ ഇപ്രകാരം ഒരു ഘടന വിശദീകരിക്കാനാവൂ. അതു പുറമേ നിന്ന് അടിച്ചേല്പിക്കുന്ന വിഭജനമായിത്തീരും.

പറയാനുള്ള കാര്യങ്ങൾ യുക്തിഭദ്രവും കാലാനുക്രമവും ആയ വിധത്തിൽ അടുക്കും ചിട്ടയുമായി അവതരിപ്പിക്കുന്ന രീതിയാണ് നമുക്കു പരിചയമുള്ളത്. അതിനാൽ വെളിപാടു ഗ്രന്ഥവും ഇപ്രകാരമൊരു ക്രമത്തിൽ രചിക്കപ്പെട്ടതായിരിക്കണം എന്ന മുൻവിധി വിഭജനശ്രമത്തെ വഴിമുട്ടിക്കുന്നു. പുസ്തകത്തിന്റെ ഘടനയെക്കുറിച്ചു വ്യക്തത ലഭിക്കണമെങ്കിൽ മുൻവിധികൾ മാറ്റിവച്ച് പുസ്തകരചനയിൽ ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്ന



വിവിധ സങ്കേതങ്ങൾ കണക്കിലെടുക്കണം.

## 3. രചനാസങ്കേതങ്ങൾ

വൈവിധ്യമാർന്ന ഘടകങ്ങളെ ഏകോപിപ്പിച്ച് ഒറ്റ ഗ്രന്ഥമായി നിർത്തുന്നതിന് പല മാർഗ്ഗങ്ങൾ ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുണ്ട്.

### a. പഴയനിയമത്തിന്റെ ഉപയോഗം

പഴയനിയമത്തിൽ നിന്ന് ഒറ്റവാക്യം പോലും അതേപടി ഉദ്ധരിക്കുന്നില്ലെങ്കിലും വെളിപാടു പുസ്തകത്തിലുടനീളം പഴയനിയമത്തിന്റെ സ്വാധീനം കാണാം. പഴയനിയമത്തിൽ നിന്നു കടം കൊണ്ട വാക്കുകളും പ്രതീകങ്ങളും തന്റേതായ രീതിയിൽ കോർത്തിണക്കിയാണ് യോഹന്നാൻ ദർശനങ്ങളും പ്രവചനങ്ങളും രചിക്കുന്നത്. പുറപ്പാടു സംഭവത്തോടനുബന്ധിച്ചുള്ള മഹാമാരികൾ, കർത്താവിന്റെ ദിനത്തെയും യുഗാന്തത്തെയും കുറിച്ചുള്ള പ്രവാചകന്മാരുടെ പ്രതിപാദനങ്ങൾ, ദൈവജനത്തെ പീഡിപ്പിച്ചിരുന്ന വിജാതീയർക്കെതിരായുള്ള ശാപങ്ങൾ, മഹത്വപൂർണ്ണമായ ഭാവിയെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ, സ്വർഗ്ഗീയ സദസ്സിന്റെ വിവരണങ്ങൾ ഇവയെല്ലാം സാഹചര്യങ്ങളിൽ നിന്നു വേർപെടുത്തി വെളിപാടുഗ്രന്ഥകാരൻ തനതായ രീതിയിൽ ഉപയോഗിച്ചിരിക്കുന്നു. ഇപ്രകാരമുള്ള ഉപയോഗത്തിലൂടെ അദ്ദേഹം പഴയനിയമത്തിനുതന്നെ പുതിയൊരു വ്യാഖ്യാനം നല്കുന്നു.

വെളി 1, 12–20ൽ വിവരിക്കുന്ന മനുഷ്യപുത്രദർശനം ഇതിനുദാഹരണമാണ്. ദാനി 10, 1–21ൽ നിന്ന് എടുത്തതാണ് ഈ വിവരണം എങ്കിലും ദാനിയേലിന്റെ ദർശനം അതേപടി പകർത്തുകയല്ല യോഹന്നാൻ ചെയ്യുന്നത്. ദർശനത്തിന്റെ പൊതുഘടനയ്ക്കു പുറമേ, സ്വർണ്ണംകൊണ്ടുള്ള അരപ്പട്ട, പ്രകാശിക്കുന്ന മുഖം, ജ്വലിക്കുന്ന കണ്ണുകൾ, ദർശനമാത്രയിൽ ദാനിയേലിനുണ്ടായ ബോധക്ഷയം, വീണു കിടന്നവനെ സ്പർശിച്ചു ശക്തി പകർന്നത് – ഇത്രയും ഘടകങ്ങളാണ് ഈ ദർശനത്തിൽ നിന്നു യോഹന്നാൻ സ്വീകരിച്ചിരിക്കുന്നത്. മറ്റു വിശദാംശങ്ങൾ പല ഭാഗങ്ങളിൽ നിന്നെടുത്തതാണ് – മനുഷ്യപുത്രൻ ദാനി 7, 13; വെൺകമ്പിളി പോലെ ധവളമായ ശിരസും മുടിയും ദാനി 7, 9; ഉലയിൽ ചുട്ടുപഴുപ്പിച്ച് തിളങ്ങുന്ന പിച്ചളപോലുംള്ള പാദങ്ങൾ – എസെ 1, 7; പാദം വരെ നീണ്ടു കിടക്കുന്ന മേലങ്കി പുറ 28, 31–32. ഏഴു ദീപപീഠങ്ങൾ ജറുസലെം ദേവാലയത്തിൽ ഉണ്ടായിരുന്നതും, യഹൂദജനതയുടെ പ്രതീകവുമായ ഏഴു ശാഖകളുള്ള ദീപപീഠത്തെ അനുസ്മരിപ്പിക്കുന്നതാണ്.

പഴയനിയമത്തിലെ പ്രതീകങ്ങൾ സ്വന്തമാക്കി ഉപയോഗിക്കുന്നതി

നാൽ ആ പ്രതീകങ്ങളുടെ പിൻബലത്തിൽ മാത്രം ആശ്രയിച്ച് വെളിപാടു പുസ്തകത്തിന്റെ ഘടന നിശ്ചയിക്കാനാവില്ല.

### b. മിത്തുകളിൽ നിന്നുള്ള പ്രതീകങ്ങൾ

ലോകത്തിന്റെയും മനുഷ്യന്റെയും ഉത്ഭവം, തിന്മയുടെ തുടക്കം, ചരിത്രത്തിന്റെ ലക്ഷ്യം തുടങ്ങിയ പ്രാപഞ്ചികസത്യങ്ങളെ സംബന്ധിച്ച് ജനസമൂഹങ്ങളുടെ അബോധമനസ്സിൽ രൂപംകൊണ്ട ആദികഥകളാണ് മിത്തുകൾ എന്നു പറയാം. ഇതിലെ കഥാപാത്രങ്ങളെല്ലാം അതിമാനുഷരാണ്. അതിപുരാതന കാലത്തു സംഭവിച്ചവ എന്ന വിധത്തിൽ ഇവയെ "പുരാണങ്ങൾ" എന്നു വിളിക്കാം. പറക്കുന്ന പർവ്വതങ്ങൾ, സംസാരിക്കുന്ന മൃഗങ്ങൾ, ഘോരസംഘട്ടനത്തിൽ ഏർപ്പെടുന്ന നന്മ തിന്മയുടെ ശക്തികൾ ഇവയൊക്കെ എല്ലാ പുരാതന മതങ്ങളിലും പ്രചാരത്തിലിരുന്ന മിത്തുകളാണ്. ഇപ്രകാരമുള്ള മിത്തിക്കൽ പ്രതീകങ്ങളും പ്രമേയങ്ങളും വെളിപാടു ഗ്രന്ഥകാരൻ ഉപയോഗിച്ചിട്ടുണ്ട്. ഒരുദാഹരണം മാത്രം ഇവിടെ എടുത്തു കാട്ടാം.

ഗർഭിണിയായ സ്ത്രീയുടെ മിത്ത് മിക്കവാറും എല്ലാ പുരാതനമതങ്ങളിലും പ്രചാരത്തിലിരുന്നു. മൂന്നു മുഖ്യ കഥാപാത്രങ്ങളാണ് ഇതിലുള്ളത് - സ്ത്രീ, ശിശു, സർപ്പം. ഗർഭിണി പ്രസവിക്കുന്ന ശിശുവിനെ കൊല്ലാൻ സർപ്പം കാത്തു നില്ക്കുന്നു. എന്നാൽ ജനിച്ചയുടനെ ശിശു സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെടുന്നു. സ്ത്രീയും ശിശുവും നന്മയുടെയും സർപ്പം തിന്മയുടെയും പ്രതീകങ്ങളാണ്. ബാബിലോണിൽ ഡംകിനാ - മർദുക് - തിയാമത് എന്ന പേരുകളിലാണ് ഈ മൂന്നു കഥാപാത്രങ്ങൾ അറിയപ്പെട്ടിരുന്നത്. ഈജിപ്തിലാകട്ടെ ഈസിസ് - ഹോരസ് - തിഫോൺ എന്നും ഗ്രീസിൽ ലേത്തോ - അപ്പോളോ - പിഥോൺ എന്നും ഇവർ അറിയപ്പെട്ടിരുന്നു. ഭാരതീയ ചിന്തയിൽ പ്രചാരത്തിലിരിക്കുന്ന യശോദര-കൃഷ്ണൻ -കംസൻ (കാളിയൻ) സങ്കല്പവും ഇതേ മിത്തിന്റെ മറ്റൊരു രൂപമായി കരുതാവുന്നതാണ്. യഹൂദരുടെ ഇടയിൽ പ്രചാരത്തിലിരുന്ന സിയോൺ കന്യക-മിശിഹാ-ലെവിയാത്തൻ (സാത്താൻ - സർപ്പം) സങ്കല്പത്തിൽ ഈ മിത്തിന്റെ സ്വാധീനമുണ്ട്. റോമൻ ചക്രവർത്തിയെ ദൈവമായി ആരാധിക്കുന്നതിലും ഈ മിത്തിന്റെ സ്വാധീനം കാണാം. ദേവറാണിയായ റോമായുടെ മകനാണ് ദേവനായ ചക്രവർത്തി.

ഈ മിത്തിലെ ചില ഘടകങ്ങൾ സ്വന്തമായ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ട് ലോകജനതകളും ഇസ്രായേൽ ജനവും പ്രതീക്ഷിച്ചിരുന്ന ദൈവികശിശു യേശു ക്രിസ്തുവാണെന്നു യോഹന്നാൻ സ്ഥാപിക്കുന്നു. അതേസമയം, ദേവതയായി പരിഗണിക്കപ്പെട്ടിരുന്ന റോമാസാമ്രാജ്യം സർപ്പത്തിന്റെ സ്ഥാനത്തേക്കു മാറ്റി നിർത്തപ്പെടുകയാണ്. നന്മയും തിന്മയും തമ്മിലുള്ള



സംഘട്ടനവും തിന്മയുടെമേൽ നന്മയുടെ ആത്യന്തികമായ വിജയവും വെളിപാടു ഗ്രന്ഥത്തിന്റെ അടിസ്ഥാന പ്രമേയങ്ങളിലൊന്നാണ്.

### c. ഇതര സങ്കേതങ്ങൾ

ഗ്രന്ഥത്തിന്റെ ഘടനയെ നിർണ്ണായകമായി സ്വാധീനിക്കുന്ന മറ്റു ചില സങ്കേതങ്ങളുണ്ട്.

**i. ഉൾപ്പെടുത്തൽ (ക്ലിപ്തീകരണം-inclusion):** ഒരു ഖണ്ഡികയുടെയോ അധ്യായത്തിന്റെയോ പുസ്തകത്തിന്റെ തന്നെയോ ആരംഭത്തിലും അവസാനത്തിലും ഒരേ വാക്യങ്ങളോ വാക്യശകലങ്ങളോ വാക്കുകളോ ഉപയോഗിച്ചുകൊണ്ട് അവയ്ക്കുള്ളിലുള്ളവയെ മുഴുവൻ ഒന്നായി കാണണം എന്നു സൂചിപ്പിക്കുന്ന രചനാസങ്കേതമാണിത്. ഉദാ: 1, 1 "ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്നവ" = 22, 6 "ഉടനെ സംഭവിക്കാനിരിക്കുന്നവ". 1,1-2 "യേശുക്രിസ്തു തന്റെ ദൂതനെ അയച്ച്......യോഹന്നാന് ഇതു വെളിപ്പെടുത്തി. അവൻ...... സാക്ഷ്യം നല്കി" = 22, 16 "യേശുവായ ഞാൻ സഭകളെക്കുറിച്ചു നിങ്ങൾക്കു സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി എന്റെ ദൂതനെ അയച്ചു". 1, 7 "ഇതാ, അവൻ മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നു" = 22, 20 "അതേ, ഞാൻ വേഗം വരുന്നു".

പുസ്തകത്തിന്റെ ഐക്യം ഉറപ്പിക്കുന്നതോടൊപ്പം പുസ്തകത്തിൽ പ്രതിപാദിക്കുന്ന പ്രധാന പ്രമേയം വ്യക്തമാക്കുന്നതുമാണ് ഈ ഉൾപ്പെടുത്തൽ. യേശുക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ചുള്ള വെളിപാടാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെടുന്നത്.

**ii മുൻപ്രഖ്യാപനം (Preannouncement):** പിന്നീട് വിശദമാക്കുകയോ പൂർത്തീകരിക്കപ്പെട്ടതായി അവതരിപ്പിക്കുകയോ ചെയ്യാൻ പോകുന്ന കാര്യം മുൻകൂട്ടി അറിയിക്കുക:

| | |
|---|---|
| 2, 7 വിജയിക്ക് ജീവന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കാൻ കൊടുക്കും | 22, 2-14 |
| 2, 11 രണ്ടാമത്തെ മരണം | 20, 14 |
| 14, 8 ബാബിലോണിന്റെ പതനം | 18, 1-24 |
| 16, 14-16 നിർണ്ണായകയുദ്ധം | 19, 17-21 |

**iii പ്രതിനിർദ്ദേശം (Cross reference):** പുസ്തകത്തിന്റെ ഒരു ഭാഗത്ത് അവതരിപ്പിച്ച ആശയത്തിലേക്കു വിരൽചൂണ്ടുക.

| | |
|---|---|
| 2, 7 വലതു കൈയിൽ ഏഴു നക്ഷത്രങ്ങൾ | 1, 13-16 |
| 14,14 മനുഷ്യപുത്രനെപ്പോലെ ഒരുവൻ | 1, 13 |

19, 12 മിഴികൾ തീനാളം പോലെ 1, 14

**iv വൈരുദ്ധ്യം (Contrast):** പരസ്പരം വിരുദ്ധങ്ങളായ ചിത്രങ്ങൾ സമാന്തരമായി അവതരിപ്പിക്കുക.

കുഞ്ഞാട് 5, 6-14 × മൃഗം 13, 1-4

സ്ത്രീ 12, 1-2 × വേശ്യ 17, 1-6 × കുഞ്ഞാടിന്റെ മണവാട്ടി 19, 7-8

സ്വർഗ്ഗീയ ജറുസലെം 21, 9-27 × മഹാബാബിലോൺ 17-18

രണ്ടു സാക്ഷികൾ 11, 1-13 × രണ്ടു മൃഗങ്ങൾ 13, 1 -18

കുഞ്ഞാടിന്റെ വിവാഹവിരുന്നത് 19, 9 × മൃഗത്തിന്റെ മഹാവിരുന്ന് 19, 17-21

**v സപ്തഗണങ്ങൾ (Septets):** പുസ്തകത്തിന്റെ ഘടനയെത്തന്നെ നിർണ്ണായകമായി സ്വാധീനിക്കത്തക്കവിധത്തിൽ ഏഴിന്റെ ഗണങ്ങളെ യോഹന്നാൻ അവതരിപ്പിക്കുന്നു. ഏഴു സഭകൾക്കുള്ള ലേഖനങ്ങൾ, ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴു പാത്രങ്ങൾ എന്നീ നാലു സപ്തഗണങ്ങൾ ശ്രദ്ധേയമാണ്.

**vi സർപ്പളചലനം (Spiral movement):** ചേർത്തുവച്ചിരിക്കുന്ന വളയങ്ങൾ പോലെയാണ് സ്പ്രിംഗ്. എന്നാൽ ഓരോ വളയവും അടുത്തതിലേക്കു നയിക്കുന്നു. ഇപ്രകാരം ഒരു രചനാസങ്കേതത്തെയാണ് സർപ്പളചലനം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. വെളിപാടു പുസ്തകത്തിലെ പല ഭാഗങ്ങളും അതിൽത്തന്നെ പൂർണ്ണമാണെന്നു തോന്നും. തിന്മയുടെമേലുള്ള ശിക്ഷാവിധി ഉദാഹരണമാണ്. ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴു പാത്രങ്ങൾ ഇവയോരോന്നും തിന്മയുടെ ഉന്മൂലനമാണെന്നു തോന്നാമെങ്കിലും ഓരോ സപ്തഗണവും അന്തിമശിക്ഷാവിധിയിലേക്കു നയിക്കുന്നതാണ്. മുദ്രകൾ തുറക്കുമ്പോൾ പ്രപഞ്ചത്തിന്റെ 1/4 ഭാഗവും (6,8) കാഹളധ്വനിയിൽ 1/3 (8,7-12) ഭാഗവും പാത്രങ്ങൾ ഒഴിക്കുമ്പോൾ മുഴുവനായും (16, 12-21) നശിപ്പിക്കപ്പെടുന്നു. പക്ഷെ ഇതെല്ലാം നിർണ്ണായകമായ ശിക്ഷാവിധി (20, 11-15) യിലേക്കുള്ള നീക്കം മാത്രമാണ്. ദൈവം പാപികൾക്ക് അനുതപിക്കാനുള്ള അവസരം നല്കുന്നു എന്നും ഇതു സൂചിപ്പിക്കുന്നു (9, 21). സാത്താൻ സ്വർഗ്ഗത്തിൽ നിന്നു വലിച്ചെറിയപ്പെട്ടു (12, 10), പാതാളത്തിൽ അടയ്ക്കപ്പെട്ടു (20, 2), അഗ്നിത്തടാകത്തിലേക്കെറിയപ്പെട്ടു (20, 10), മഹാവേശ്യ വധിക്കപ്പെട്ടു (17-18), മൃഗം പിടിക്കപ്പെട്ടു (19, 19-20), മൃത്യുവും പാതാളവും അഗ്നിത്തടാകത്തിലേക്ക് എറിയപ്പെട്ടു (20, 16) എന്നീ പരാമർശങ്ങളെല്ലാം യുഗാന്ത്യത്തിലേക്കുള്ള നിരന്തരവും സർപ്പളവുമായ നീക്കത്തെയാണ് സൂചിപ്പിക്കുക.



**vii ഇടവേള (Interlude):** യുഗാന്തത്തിലേക്കുള്ള അപ്രതിഹതമായ മുന്നേറ്റത്തിൽ, വൻതിരകൾപോലെ ഒന്നിനു പിറകെ ഒന്നായി ആഞ്ഞടിക്കുന്ന ശിക്ഷാവിധികൾക്കു മധ്യേ ഗ്രന്ഥകാരൻ പലപ്പോഴും രക്ഷയുടെ ചിത്രം അവതരിപ്പിക്കുന്നുണ്ട്. പീഡനങ്ങളിൽനിന്നു മോചനം പ്രാപിച്ച് സ്വർഗ്ഗത്തിൽ നിരന്തരം ദൈവത്തെ സ്തുതിക്കുന്ന വിശ്വസ്തരരുടെ ദൃശ്യം ഇപ്പോൾ പീഡനമേല്ക്കുന്നവർക്കു ധൈര്യം പകരുന്നു. രക്ഷ യുഗാന്തത്തിൽ സംഭവിക്കാനിരിക്കുന്ന ഒരു യാഥാർത്ഥ്യം മാത്രമല്ല, അത് ഇപ്പോൾ തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നും ഈ ഇടവേള സൂചിപ്പിക്കുന്നു. ആറാംമുദ്ര പൊട്ടിച്ചപ്പോഴുണ്ടായ ഭീകരദുരിതങ്ങൾക്കുശേഷം ഏഴാം മുദ്ര പൊട്ടിക്കുന്നതിനു മുമ്പ് (7,1-17) രക്ഷിക്കപ്പെട്ടവരുടെ ഗണം പ്രത്യക്ഷപ്പെടുന്നു. 6,9-11; 11,15-19; 12,10-12; 14,1-5; 15,2-4; 19,1-9; 20,4-6 ഇപ്രകാരമുള്ള ഇടവേളകളാണ്.

**viii സമ്മിശ്രണം (Intercalation):** ഒന്നിനു പിന്നാലെ ഒന്നായി നടക്കുന്ന രണ്ടു സംഭവങ്ങൾക്കു മധ്യേ മൂന്നാമതൊന്ന് ഇടയ്ക്കു തിരുകുന്ന പ്രക്രിയയെ സമ്മിശ്രണം എന്നു വിളിക്കുന്നു. യുക്തിയും കാലക്രമവും അനുസരിച്ചുള്ള സംഭവങ്ങളുടെ ഒഴുക്കിനെ തടഞ്ഞു നിർത്തുന്ന ഈ സങ്കേതം വഴി പുതിയൊരു ചിത്രം ലഭിക്കുന്നു. ഇവ മൂന്നും ഒരുമിച്ച് ഒറ്റ യൂണിറ്റായി കാണണം. 8, 2 ഏഴു ദൂതന്മാർക്ക് ഏഴു കാഹളം നല്കപ്പെട്ടു. 8, 6 ദൂതന്മാർ കാഹളം ഊതാൻ തയ്യാറായി. ഒരുമിച്ചു പോകുന്ന ഈ രണ്ടു ചിത്രങ്ങൾക്കു മധ്യേ ധൂപകലശമേന്തിയ ദൂതന്റെ മറ്റൊരു ചിത്രം (8, 3-5) തിരുകുന്നതിലൂടെ വിശുദ്ധന്മാരുടെ പ്രാർത്ഥന യുഗാന്തത്തെ ത്വരിതപ്പെടുത്തുന്നു എന്ന ആശയമാണ് ലഭിക്കുക. 17, 1-22, 9 ലും ഇതേ സങ്കേതം ഉപയോഗിച്ചിരിക്കുന്നതായി കാണാം. 17,1-19, 19 മഹാബാബിലോണിന്റെ പതനം, കുഞ്ഞാടിന്റെ വിവാഹവിരുന്നിനുള്ള ഒരുക്കം എന്നിവ വിവരിക്കുന്നു. ഇതേ തുടർന്നു വരേണ്ടത് കുഞ്ഞാടിന്റെ മണവാട്ടിയുടെ ചിത്രമാണ് - 21, 9-22,5. എന്നാൽ ഇവ രണ്ടിനും മധ്യേ മറ്റൊരു ചിത്രം, സാത്താന്റെ മേലുള്ള ക്രിസ്തുവിന്റെ വിജയവും പുതിയ സൃഷ്ടിയും, 19, 11-21, 8 അവതരിപ്പിച്ചിരിക്കുന്നു. ഈ ചിത്രവും ആദ്യത്തേതിന്റെ തന്നെ ആശയമാണ് ഉൾക്കൊള്ളുന്നത്.

**IX ശൃംഖലീകരണം (Interlocking):** പുസത്കഭാഗങ്ങൾ കൃത്യമായി വേർതിരിച്ച് ഒന്നിനു പുറകെ ഒന്നെന്ന ക്രമത്തിൽ അവതരിപ്പിക്കുന്നതിനു പകരം മുൻപിലും പിൻപിലുമുള്ള ഭാഗങ്ങളോട് ഒരു ചങ്ങലയിലെ കണ്ണികൾ എന്ന നിലയിൽ കൂട്ടിക്കൊളുത്തി അവതരിപ്പിക്കുന്നതിനെയാണ് ശൃംഖലീകരണം എന്നു വിളിക്കുന്നത്. 10, 1-11, 14 ഇതിനുദാഹരണമാണ്. ആറും ഏഴും കാഹളങ്ങൾക്കു മധ്യേയുള്ള 'ഇടവേള' എന്ന നിലയിലാണ് ഇതു ചേർത്തിരിക്കുന്നത്. എന്നാൽ ചെറിയ ചുരുൾ നല്കികൊണ്ട് പുതി

യൊരു ദൗത്യം ഏല്പിക്കുന്ന ചിത്രം പുതിയൊരു ഭാഗത്തിന്റെ തുടക്കം കുറിക്കുന്നു. പാതാളത്തിൽ നിന്നു കയറി വരുന്ന മൃഗം (11,7) എന്ന പരാമർശം വഴി സ്ത്രീയും സർപ്പവും മൃഗങ്ങളും ചിത്രീകരിക്കപ്പെടുന്ന ഭാഗവുമായി (12-13) ഈ ഭാഗം അഭേദ്യം ബന്ധപ്പെട്ടുമിരിക്കുന്നു. കാഹളങ്ങളുടെ ഭാഗത്തു നടപ്പാക്കുന്ന ശിക്ഷാവിധിയും തുടർന്നുള്ള ഭാഗവും തമ്മിൽ ഈ രചനാസങ്കേതം വഴി അടുത്ത ബന്ധം സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

## 4. ഘടന

വളരെ കണിശമായ ഒരു വിഭജനത്തിനു വെളിപാടു പുസത്കം വഴങ്ങുകയില്ല എന്ന് മേൽ വിവരിച്ചവയുടെ വെളിച്ചത്തിൽ വ്യക്തമാകുന്നു. അതിനാലാണ് വ്യാഖ്യാതക്കളുടെ ഇടയിൽ ഘടനയെക്കുറിച്ച് അഭിപ്രായഭിന്നത നിലനില്ക്കുന്നത്. എന്നാലും ഘടനയെ സംബന്ധിച്ച് വളരെ സ്പഷ്ടമായ ചില സൂചനകൾ പുസ്തകത്തിൽ തന്നെ കാണാം.

വ്യക്തമായ ഒരാമുഖവും (1,1-8) ഉപസംഹാരവും (22, 6-21) പുസ്തകത്തിനുണ്ട്. പുസ്തകത്തിന്റെ ഉള്ളടക്കത്തെ "ഇപ്പോൾ ഉള്ളവയും ഭാവിയിൽ സംഭവിക്കാനിരിക്കുന്നവയും" (1,19) എന്നാണ് ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്. 4, 1-ൽ "ഇനിയും സംഭവിക്കാനിരിക്കുന്നവയെ നിനക്കു കാണിച്ചു തരാം" എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്ന് ഗ്രന്ഥകാരൻ പുസ്തകത്തെ വ്യക്തമായും രണ്ടു ഭാഗങ്ങളായി തിരിക്കുന്നതായി അനുമാനിക്കാം. 2-3 അധ്യായങ്ങൾ സഭയുടെ ഇപ്പോഴത്തെ അവസ്ഥയെയും 4-22 അധ്യായങ്ങൾ രക്ഷാകര പ്രവൃത്തിയുടെ പൂർത്തീകരണത്തെയും വിവരിക്കുന്നു. മനുഷ്യപുത്രന്റെ ദർശനം (1, 9-20) പുസ്തകത്തിനു മുഴുവൻ ആമുഖമായി നില്ക്കുന്നെങ്കിലും ഒന്നാം ഭാഗത്തിന്റെ തുടക്കം എന്ന നിലയിലാണ് ഇതിനെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. രണ്ടാം ഭാഗവും ഒരു സ്വർഗ്ഗീയ ദർശനത്തോടെ ആരംഭിക്കുന്നു (4-5) മുദ്രിതമായ ചുരുൾ നിവർത്തുന്നതിലൂടെ രക്ഷാ ചരിത്രം അതിന്റെ പരിസമാപ്തിയിലേക്കു കുതിക്കുന്നു. തിന്മയുടെ മേലുള്ള വിജയം മൂന്നു സ്പതഗണങ്ങളായിട്ടാണ് (6,1-8,1; 8,2-11,19: 15,5-19,10) അവതരിപ്പിച്ചിരിക്കുന്നത്. 19,11-22,5 ശിക്ഷാവിധിയും സമ്പൂർണ്ണരക്ഷയും നടപ്പാക്കുന്നതിന്റെ ചിത്രം അവതരിപ്പിക്കുന്നു. ഈ നീക്കത്തിനു മധ്യേ തിരുകിവച്ച രീതിയിലാണ് 10,1-15,4 പ്രത്യക്ഷപ്പെടുന്നത്. ആരംഭത്തിലെ മനുഷ്യപുത്രദർശനത്തെ അനുസ്മരിപ്പിക്കുന്ന മറ്റൊരു ദർശനത്തോടെ (10,1) ഈ വിവരണം ആരംഭിക്കുന്നു. അതേ സമയം രണ്ടാം ഭാഗത്ത് അവതരിപ്പിച്ച മുദ്രിതമായ ചുരുളിനു സമാനമായ ഒരു ചുരുൾ ഇവിടെയും അവതരിപ്പിക്കുന്നു (10,2). 5,1-ലെ ചുരുൾ മുദ്രിതമായിരുന്നെങ്കിൽ ഇത് തുറന്നതും ചെറുതുമാണ്. ആദ്യദർശനത്തിലെന്നതുപോലെ ഈ ദർശനത്തിലും



യോഹന്നാന് ഒരു ദൗത്യം ഏല്പിക്കപ്പെടുന്നു (10,11). ഇതിൽ നിന്നെല്ലാം ലഭിക്കുന്ന സൂചന ഇവിടെ ഒരു പുതിയ ഭാഗം ആരംഭിക്കുന്നു എന്നതാണ്. തുറന്ന ചെറിയ ചുരുളും ദൗത്യവും (10,1-11), രണ്ടു സാക്ഷികൾ (11,1-19), സ്ത്രീയും സർപ്പവും (12,1-18), രണ്ടു മൃഗങ്ങൾ (13,1-18), കുഞ്ഞാടും അനുയായികളും (14,1-5; 15,2-4), അന്തിമവിധി (14,6-20) ഇവയെല്ലാം ഒരുമിച്ചു നില്ക്കുന്നു. മുദ്രിതമായ ചുരുൾ നിവർത്തുന്നതിലൂടെ സാക്ഷാൽക്കരിക്കപ്പെടുന്ന രക്ഷാചരിത്രത്തെ റോമാ സാമ്രാജ്യത്തിൽ പീഡിപ്പിക്കപ്പെടുന്ന സഭയുടെ അനുഭവങ്ങളിലൂടെ പ്രവചനശൈലിയിൽ വ്യാഖ്യാനിക്കുകയാണ് ഈ ഭാഗത്ത് ചെയ്യുന്നത്.

ഈ ഭാഗം ഘടനയിലും ഉള്ളടക്കത്തിലും പുസ്തകത്തിന്റെ കേന്ദ്രമാണ്. ഇതിൽത്തന്നെ 12-ാം അധ്യായം കൂടുതൽ ശ്രദ്ധയർഹിക്കുന്നു. പീഡിപ്പിക്കപ്പെടുന്ന സ്ത്രീ, സ്വർഗ്ഗാരോഹിതനായ ശിശു, സ്വർഗ്ഗത്തിൽ നിന്നു വലിച്ചെറിയപ്പെട്ട സർപ്പം, സ്ത്രീക്കു ലഭിക്കുന്ന സംരക്ഷണം എന്നിവ ഏഷ്യാമൈനറിലെ പീഡിതമായ സഭയ്ക്കു പ്രത്യാശയും ധൈര്യവും പകരുന്നതാണ്. തങ്ങളുടെ അവസ്ഥയെ ദൈവികദൃഷ്ടിയിൽ നോക്കിക്കാണാനും ഉത്ഥിതനായ നാഥനിൽ നിന്നു ശക്തിയാർജ്ജിച്ചുകൊണ്ട് ധീരതയോടെ ഉറച്ചുനില്ക്കാനും ഈ ദർശനം കരുത്തുപകരുന്നു. ഏഷ്യയിലെ സഭയുടെ മാത്രമല്ല, നാഥന്റെ പുനരാഗമനം വരെ ലോകമെമ്പാടും പീഡനമേല്ക്കുന്ന സഭയുടെയും സഭയെ പീഡിപ്പിക്കുന്ന തിന്മയുടെ ശക്തിയുടെയും ചിത്രമാണിത്.

മേൽവിവരിച്ച പരിമിതികളെ കണക്കിലെടുത്തുകൊണ്ടു തന്നെ വെളിപാടു പുസ്തകത്തെ താഴെകാണുംവിധം വിഭജിക്കാം. പഠനത്തിനുള്ള സൗകര്യത്തെ ഉദ്ദേശിച്ചാണ് ഈ വിഭജനം നിർദ്ദേശിക്കുന്നത്, മറ്റു വിഭജനസാധ്യതകൾ ഉണ്ടെന്നകാര്യം അവഗണിക്കുന്നില്ല.

## 5. വിഭജനം

*ആമുഖം* : 1,1 - 8

*ഒന്നാം ഭാഗം* : 1,9-3,22 ഏഴു സഭകൾക്കു മനുഷ്യപുത്രന്റെ സന്ദേശം

*രണ്ടാം ഭാഗം* : 4,1-22,5 ചുരുളഴിയുന്ന രക്ഷാചരിത്രം

1. സ്വർഗ്ഗീയ സദസ് 4,1-5,14
2. ഏഴു മുദ്രകൾ 6,1-8,1
3. ഏഴു കാഹളങ്ങൾ 8,2-11,19
4. സ്ത്രീയും മൃഗവും 12,1-15,4
5. ഏഴു പാത്രങ്ങൾ 15,5-16,21
6. ബാബിലോണിന്റെ പതനം 17,1-19,10
7. സ്വർഗ്ഗീയ ജറുസലെം 19,11-22,5

*ഉപസംഹാരം 22,6-21*

ഈ വിഭജനക്രമം സ്വീകരിക്കുമ്പോഴും വിവിധ ഭാഗങ്ങൾ തമ്മിലുള്ള ഗാഢമായ ബന്ധം വിസ്മരിച്ചുകൂടാ. ഏഴു സഭകൾക്കുള്ള മനുഷ്യപുത്രന്റെ സന്ദേശം പരിസമാപ്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ ശിക്ഷാവിധിയെ വിവരിക്കുന്ന മൂന്നു സപ്തഗണങ്ങൾ ഒരേ കാര്യത്തിന്റെ തന്നെ മൂന്നു തരത്തിലുള്ള അവതരണമാണ്. ''സ്ത്രീയും മൃഗവും'' അതിനു മുമ്പിലും പിമ്പിലും ഉള്ള സപ്തഗണങ്ങളുമായി കോർ ത്തിണക്കിയിട്ടുണ്ട്. തുടർന്നുവരുന്ന ''ബാബിലോണിന്റെ പതനം'' ''പാത്രങ്ങളുടെ സപ്തഗണ ''ത്തിന്റെ തുടർച്ചയും അതോടൊപ്പം പരിസമാപ്തിയുടെ തുടക്കവുമാണ്.

വെളിപാടു പുസ്തകം വലിയൊരു മൊസായിക് ചിത്രം പോലെയാണ്. മുഴുവനായി കാണുമ്പോഴേ ചിത്രം അവതരിപ്പിക്കുന്ന ആശയം ഗ്രഹിക്കാനാവൂ. ഭാഗങ്ങൾ അപഗ്രഥിക്കുമ്പോൾ ഈ സാകല്യത കൺമുന്നിൽ നിന്നു മറയാൽ അനുവദിച്ചുകൂടാ.

B B B B B



# ഭാഗം II

## വ്യാഖ്യാനം

ഈ വ്യാഖ്യാനം തയ്യാറാക്കുന്നതിൽ ചില പൊതു തത്വങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. ബൈബിൾ ബൈബിൾ കൊണ്ടു തന്നെ വ്യാഖ്യാനിക്കുക. ഓരോ വാക്യവും ആശയവും പ്രതീകവും വ്യാഖ്യാനിക്കുമ്പോൾ അതുമായി സാമ്യവും ബന്ധവുമുള്ള ഇതര ബൈബിൾ ഭാഗങ്ങളും ശ്രദ്ധിക്കണം. അതിനായി സൂചനകൾ നല്കിയിട്ടുണ്ട്. ബൈബിളിന്റെ പൊതുവായ പഠനങ്ങൾക്കു വിരുദ്ധമായ വ്യാഖ്യാനം ശരിയായിരിക്കുകയില്ല. 2. ചരിത്രപശ്ചാത്തലവും സാഹിത്യരൂപവും കണക്കിലെടുക്കണം. പ്രതീകാത്മകഭാഷ ഇത്രയേറെ ഉപയോഗിച്ചിരിക്കുന്ന മറ്റൊരു ബൈബിൾ ഗ്രന്ഥമില്ല. അതിനാൽ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനം അർത്ഥം ഗ്രഹിക്കാൻ സഹായിച്ചെന്നുവരില്ല. 3. പുസ്തകത്തിന്റെ ഘടന മനസ്സിലാക്കുക ആവശ്യമാണ്. രൂപഘടനയെക്കുറിച്ച് ആദ്യഭാഗത്തു പറഞ്ഞ കാര്യങ്ങൾ അനുസരിച്ചാണ് പുസ്തകത്തിന്റെ വിഭജനവും വ്യാഖ്യാനവും തയ്യാറാക്കിയിരിക്കുന്നത്.

ഗ്രന്ഥകാരൻ ആഗ്രഹിച്ച സന്ദേശം ഗ്രഹിക്കാനാണ് ഈ വ്യാഖ്യാനത്തിൽ മുഖ്യമായും ശ്രമിക്കുന്നത്. ആനുകാലികവും പ്രയോഗികവുമായ വിചിന്തനങ്ങളും തീരുമാനങ്ങളും അതിൽ നിന്ന് ഉരുത്തിരിയേണ്ടതാണ്. ഒരേ കാര്യങ്ങൾതന്നെ ഗ്രന്ഥകാരൻ പലതവണ ആവർത്തിക്കുന്നുണ്ട്. അതിനാൽ ഒരിക്കൽ കണ്ട ആശയങ്ങളും പ്രതീകങ്ങളും വീണ്ടും കാണുമ്പോൾ വ്യാഖ്യാനം ആവർത്തിക്കാതെ ആദ്യം നല്കിയ വിശദീകരണത്തിലേക്കു സൂചന നല്കുന്നതേയുള്ളൂ. പുതുതായി എന്തെങ്കിലുമുണ്ടെങ്കിൽ അതു മാത്രം വിശദീകരിക്കുന്നു.

# 1 ആമുഖം 1,1–8

വെളിപാടുപുസ്തകത്തിന്റെ ആമുഖം മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1. പ്രാരംഭം 1, 1–3; 2. അഭിവാദനം 1, 4–6; 3. പ്രവാചകവചനം 1, 7–8.

**1. പ്രാരംഭം 1, 1–3**

1. യേശുക്രിസ്തുവിന്റെ വെളിപാട്. ഉടനെ സംഭവിക്കേണ്ടവ തന്റെ
ദാസന്മാർക്കു കാണിച്ചുകൊടുക്കേണ്ടതിന് ദൈവം അത് അവനു
നൽകി. അവൻ തന്റെ ദൂതനെ അയച്ച് അത് തന്റെ ദാസനായ
2. യോഹന്നാനെ അറിയിച്ചു. ദൈവത്തിന്റെ വചനവും യേശുക്രി
സ്തുവിന്റെ സാക്ഷ്യവുമായി താൻ കണ്ട സകലതിനും അവൻ
3. സാക്ഷ്യം നല്കി. ഈ പ്രവചനത്തിന്റെ വചനങ്ങൾ വായിക്കുന്നവ
നും കേൾക്കുന്നവരും ഇതിൽ എഴുതപ്പെട്ടവ പാലിക്കുന്നവരും ഭാഗ്യ
വാന്മാർ. കാരണം സമയം അടുത്തെത്തിയിരിക്കുന്നു.

പുസ്തകത്തിന്റെ ഉള്ളടക്കവും സ്വഭാവവും വ്യക്തമാക്കുന്നതാണ് ആദ്യത്തെ മൂന്നു വാക്യങ്ങൾ. മതപീഡനത്താൽ മനം തകരുകയും കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി കാത്തിരുന്നു തളരുകയും ചെയ്യുന്ന സഭാസമൂഹങ്ങൾക്കു പ്രത്യാശയുടെ സന്ദേശമാണ് ഗ്രന്ഥകാരൻ നല്കുന്നത്. ഈ പുസ്തകം വെറു മാനുഷികമായ ഉപദേശങ്ങളോ ആശ്വാസവചനങ്ങളോ അല്ല, ശക്തവും ആധികാരികവുമായ ദൈവവചനമാണ്. പഴയനിയമത്തിലെ പ്രവാച ഗ്രന്ഥങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ഈ ആമുഖം (ഏശ 1,1; ജറെ 1,2; ഹോസി 1,1). ദൈവം യേശുക്രിസ്തുവഴി നല്കിയ വെളിപാടാണ് യോഹന്നാൻ എഴുതുന്നത്. ഈ പ്രാരംഭത്തിലെ ചില വാക്കുകൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

*1, 1 വെളിപാട്* – '*അപ്പോകലിപ്സിസ്*' എന്ന ഗ്രീക്കു പദമാണ് വെളിപാട് എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. ഗ്രീക്കിൽ പുസ്തകം തുടങ്ങുന്നതു തന്നെ ഈ വാക്കുകൊണ്ടാണ്. പുസ്തകത്തിന്റെ സാഹിത്യരൂപത്തെയും ഉള്ളടക്കത്തെയും സൂചിപ്പിക്കുന്ന പേരാണിത്. ഈ ലോകത്തിന്റെ ഭാവിയെ സംബന്ധിച്ച് മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ രഹസ്യങ്ങൾ ദൈവം നേരിട്ടു വെളിപ്പെടുത്തുന്നു എന്നാണ് സൂചന.

ദൈവമാണ് വെളിപാടു നല്കുന്നത്. ഭാവിയെ സംബന്ധിച്ച കാര്യങ്ങൾ ദൈവത്തിനു മാത്രമേ അറിയൂ (ദാനി 2, 28; മർക്കോ 13, 28; അപ്പ 1, 7). ദൈവം യേശു ക്രിസ്തു വഴി വെളിപ്പെടുത്തുന്നു എന്നത് പുതിയ നിയമത്തിലുടനീളം ആവർത്തിച്ചു പ്രസ്താവിച്ചിട്ടുണ്ട് (ലൂക്കാ 10, 22; യോഹ 1, 18; 5, 19–23; ഹെബ്രാ 1, 2). മനുഷ്യനായി അവതരിച്ച ദൈവപുത്രനെയാണ് യേശുക്രിസ്തു എന്നു വിളിക്കുന്നത്. രക്ഷാകര പ്രവൃത്തിയിൽ പിതാവിന്റെയും പുത്രന്റെയും പ്രത്യേക ധർമ്മങ്ങളെ ഈ പ്രസ്താവന വ്യക്തമാക്കുന്നു.

*ദാസന്മാർ* എന്നതുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ട ചില പ്രവാചകന്മാരെ മാത്രമല്ല, ക്രിസ്തു വിശ്വാസികളെ മുഴുവനും ഉദ്ദേശിക്കുന്നു. ഉടനെ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളാണ് വെളിപാടിന്റെ വിഷയം. രക്ഷാചരിത്രത്തിന്റെ പൊതുവായ അവതരണമല്ല, അതിവേഗം വന്നടുത്തു കൊണ്ടിരിക്കുന്ന പരിസമാപ്തിയാണ് പ്രതിപാദിക്കപ്പെടാൻ പോകുന്നത്. ഭാവിയിൽ സംഭവിക്കാനിരിക്കുന്നവ അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളുടെയെല്ലാം പൊതുവായ പ്രമേയമാണ്. മാനുഷിക സാമ്രാജ്യങ്ങളുടെ തകർച്ചയും ദൈവഭരണത്തിന്റെ സംസ്ഥാപനവുമാണ് ദാനി 2, 28–29 ൽ ഈ പ്രയോഗം വഴി സൂചിപ്പിക്കുന്നത്. ആസന്നമായിരിക്കുന്നു, ഉടനെ വരുന്നു എന്ന പ്രസ്താവനകൾ പുസ്തകത്തിന്റെ അന്ത്യത്തിൽ (22, 12. 20) ആവർത്തിക്കുന്നതിലൂടെ പീഡനങ്ങളിൽ നിന്നുള്ള മോചനത്തിനും കർത്താവിന്റെ ആഗമനത്തിനുമായി കാത്തിരിക്കുന്നവർക്കു ദൈവം തന്നെ പ്രത്യാശയും ശക്തിയും പ്രദാനം ചെയ്യുന്നു.

യേശുക്രിസ്തു തന്റെ ദൂതൻവഴിയാണ് ഈ സന്ദേശം കൈമാറിയത്. പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് ഒരു ദൂതൻ യോഹന്നാന് ദർശനങ്ങൾ വിശദീകരിച്ചുകൊടുക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യഭാഗത്താകട്ടെ മനുഷ്യപുത്രനായ യേശു ക്രിസ്തു നേരിട്ടാണ് സന്ദേശങ്ങൾ നല്കുക. ദൈവം യേശു ക്രിസ്തു വഴി രക്ഷയുടെ സുവിശേഷം അറിയിച്ചു (അപ്പ 10,36) എന്ന അപ്പസ്തോലികസഭയുടെ വിശ്വാസം ഇവിടെ പ്രതിഫലിക്കുന്നു. വാക്കുകളിലൂടെ എന്നതിലുപരി അടയാളങ്ങളിലൂടെ ആശയം വിനിമയം ചെയ്യുക എന്ന അർത്ഥമാണ് അറിയിച്ചു എന്നു വിവർത്തനം ചെയ്തിരിക്കുന്ന പദത്തിന്റെ മൂലാർത്ഥം.

**1,2** വെളിപാടു പുസ്തകത്തിൽ വളരെ പ്രാധാന്യമുള്ള പദങ്ങളാണ് *സാക്ഷ്യം, സാക്ഷി, സാക്ഷ്യപ്പെടുത്തുക* എന്നിവ. താൻ കണ്ട സകലതിനും നല്കുന്ന സാക്ഷ്യമായിട്ടാണ് ഗ്രന്ഥകാരൻ പുസ്തകത്തെ അവതരിപ്പിച്ചിരിക്കുന്നത്. ദൈവവചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവും എന്ന് താൻ കണ്ടവയെ അദ്ദേഹം വിശേഷിപ്പിക്കുന്നു. ലോകത്തിന്റെ വിധി നിർണ്ണയത്തെ സംബന്ധിച്ച് ദൈവം നല്കിയ വെളിപാടാണ് ഇവിടെ ദൈവവചനം എന്നതുകൊണ്ട് അർത്ഥമാക്കുക. ആ വെളിപാടാകട്ടെ, യേശു ക്രിസ്തുതന്നെ

സാക്ഷ്യപ്പെടുത്തിയതുമാണ്.

ഒരു വസ്തുതയുടെ സത്യാവസ്ഥ തെളിയിക്കുന്നതിനു വേണ്ടി ചെയ്യുന്ന പ്രവൃത്തിയോ പറയുന്ന വാക്കോ ആണ് സാക്ഷ്യം. യേശുക്രിസ്തുവിനെ സാക്ഷിയായി അവതരിപ്പിക്കുക യോഹന്നാന്റെ ലിഖിതങ്ങളുടെ ഒരു പ്രത്യേകതയാണ്. "ഇതിനു വേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത് - സത്യത്തിനു സാക്ഷ്യം നല്കാൻ" (യോഹ 18,37) എന്ന പ്രഖ്യാപനം ഇതു വ്യക്തമാക്കുന്നു. തന്റെ കുരിശുമരണമാണ് യേശു നല്കിയ ഏറ്റം വലിയ സാക്ഷ്യം. യേശുവിന്റെ ശിഷ്യന്മാരും സാക്ഷ്യ നല്കാൻ വിളിക്കപ്പെട്ടവരാണ്. "നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും" (അപ്പ 1,8). സാക്ഷ്യത്തിന്റെ പരമമായ പ്രകടനമാണ് ജീവത്യാഗം. അതിനെ രക്തസാക്ഷിത്വം എന്നു വിളിക്കുന്നു. യേശുക്രിസ്തുവിനു സാക്ഷ്യ നല്കാൻ വേണ്ടി പീഡമേല്ക്കുകയും നാടുകടത്തപ്പെടുകയും ചെയ്തവനാണ് താൻ എന്ന് ഗ്രന്ഥകർത്താവു പറയുന്നുണ്ട് (1,9). സാക്ഷ്യം എന്ന ആശയം ആരംഭത്തിലേ അവതരിപ്പിച്ചുകൊണ്ട് യേശുവിനു വേണ്ടി പീഡനമേല്ക്കുന്ന സഹോദരങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും പ്രത്യാശ നല്കി ശക്തിപ്പെടുത്തുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്.

**1, 3** തന്റെ ഗ്രന്ഥത്തെ 'വെളിപാട്', 'സാക്ഷ്യം' എന്നിവയ്ക്കു പുറമേ *പ്രവചന*മായി കാണണമെന്നും ഗ്രന്ഥകാരൻ ആവശ്യപ്പെടുന്നു. ഹൃദയം തകർന്നവർക്ക് ആശ്വാസവും പ്രത്യാശയും, അഹങ്കാരികൾക്കു താക്കീതും, മാനസാന്തരത്തിനുള്ള ആഹ്വാനവും നല്കുന്ന ദൈവവചനമാണ് പ്രവചനം. സർവ്വോപരി, പ്രപഞ്ചത്തിന്റെ മേലുള്ള ദൈവത്തിന്റെ വിധി നിർണ്ണയം അതു വിളിച്ചറിയിക്കുന്നു. എഴുത്തും വായനയും ചുരുക്കം പേർക്കു മാത്രം വശമായിരുന്ന ഒരു കാലത്താണ് ഗ്രന്ഥം രചിക്കപ്പെട്ടത്. ദൈവാരാധനയ്ക്ക് ഒരുമിച്ചുകൂടുന്ന സഭാ സമൂഹങ്ങളിൽ വെച്ച് ഒരാൾ വായിക്കുകയും എല്ലാവരും കേൾക്കുകയും ചെയ്യുന്നു എന്ന സൂചനയാണ് വായിക്കുന്നവനും കേൾക്കുന്നവരും എന്ന പ്രയോഗത്തിലൂടെ ലഭിക്കുക.

സുവിശേഷങ്ങളിലെ അഷ്ടഭാഗ്യങ്ങൾപോലെ വെളിപാടു പുസ്തകത്തിൽ സപ്തഭാഗ്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (1,3; 14,13; 16,15; 19,9; 20,6; 22,7.14). അവയിൽ ആദ്യത്തേതാണ് ഈ വാക്യം. "ഈ പുസ്തകത്തിലെ വചനങ്ങൾ പാലിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന പ്രഖ്യാപനം ഗ്രന്ഥത്തിന്റെ അവസാനം (22,7) ആവർത്തിച്ചിരിക്കുന്നു. ലോകാവസാനത്തെ സംബന്ധിച്ച കാര്യങ്ങൾ കൃത്യമായി അറിയാനുള്ള ജിജ്ഞാസ തൃപ്തിപ്പെടുത്താൻ വേണ്ടിയല്ല, ദൈവത്തിന്റെ ഹിതമറിഞ്ഞ് അതനുസരിച്ചു ജീവിക്കാനുള്ള ആഗ്രഹത്തോടെ ആയിരിക്കണം ഈ പുസ്തകം വായിക്കുന്നത് എന്ന ഗ്രന്ഥകാരൻ തുടക്കത്തിലേ അനുശാസിക്കുന്നു. ദൈവത്തിൽ നിന്നു നേരിട്ടു ലഭിച്ച



പ്രവാചകവചനം എന്ന നിലയിൽ ഈ ഗ്രന്ഥത്തെ പഴയനിയമ ഗ്രന്ഥങ്ങളോടൊപ്പം ദൈവനിവേശിതവും ആധികാരികവുമായ ബൈബിളിന്റെ ഭാഗമായി കരുതണം എന്ന് ഗ്രന്ഥകാരൻ ആവശ്യപ്പെടുന്നു.

വായിച്ചു കേൾക്കാൻ പോകുന്ന സന്ദേശം ജീവൽ പ്രധാനമാണെന്ന് ഓർമ്മിപ്പിക്കുന്നതാണ് *സമയം അടുത്തെത്തിയിരിക്കുന്നു* എന്ന പ്രഖ്യാപനം. ദൈവം തിന്മയെ ഉന്മൂലനം ചെയ്ത് തന്റെ രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുന്ന സമയമാണ് ഇവിടെ വിവക്ഷ. കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ മടങ്ങിവരവിനെയും ഇതു സൂചിപ്പിക്കുന്നു. ദൈവം ലോകത്തിന്റെ മേൽ വിധി പ്രസ്താവിക്കുന്ന നിർണ്ണായക നിമിഷമാണിത്. യുഗാന്തം എന്നു വിളിക്കുന്ന ഈ സമയം അടുത്തെത്തിയിരിക്കുന്നതിനാൽ യോഹന്നാന്റെ പ്രവാചകാഹ്വാനത്തിന് അടിയന്തര സ്വഭാവമുണ്ട്.

## 2. അഭിവാദനം 1, 4–6

4. യോഹന്നാൻ ഏഷ്യയിലെ ഏഴു സഭകൾക്ക് എഴുതുന്നത്: ആയിരിക്കുന്നവനും
ആയിരുന്നവനും വരാനിരിക്കുന്നവനുമായവനിൽ നിന്നും അവന്റെ സിംഹാ
സനത്തിനു മുമ്പിലുള്ള സപ്താത്മാക്കളിൽ നിന്നും, വിശ്വസ്തസാക്ഷിയും
5. മരിച്ചവരിൽ നിന്നുള്ള ആദ്യജാതനും ഭൂമിയിലെ രാജാക്കന്മാരുടെ അധിപനും
ആയ യേശുക്രിസ്തുവിൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും. നമ്മെ
സ്നേഹിക്കുന്നവനും, സ്വന്തം രക്തത്താൽ നമ്മുടെ പാപങ്ങളിൽ നിന്നു നമ്മെ
6. മോചിച്ച് തന്റെ ദൈവവും പിതാവും ആയവന്റെ രാജ്യവും പുരോഹിതരും
ആക്കിയവനും ആയവന് മഹത്വവും ആധിപത്യവും എന്നേക്കും ആമ്മേൻ.

**1,4** ലേഖനങ്ങളിൽ പൊതുവേ കാണാറുള്ള അഭിവാദനശൈലിയാണ് യോഹന്നാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ അഭിവാദനം ഗ്രന്ഥത്തെ *ഇടയലേഖനം* എന്ന സാഹിത്യരൂപത്തിൽ അവതരിപ്പിക്കുന്നു. റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവിശ്യകളിൽ ഒന്നായിരുന്നു ഏഷ്യ. ഇന്നു ടർക്കിയുടെ ഭാഗമാണിത്. എന്തുകൊണ്ട് ഈ ഏഴു സഭകളെ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നു എന്ന ചോദ്യത്തിനു വ്യാഖ്യാതാക്കൾ പല ഉത്തരങ്ങൾ നല്കാറുണ്ട്. ഗ്രന്ഥകാരനു നേരിട്ടു പരിചയവും അധികാരവുമുള്ള സഭകളായതിനാലായിരിക്കണം ഇവയെ പ്രത്യേകം തിരഞ്ഞെടുത്തത്. പ്രവിശ്യയിലെ പ്രമുഖ നഗരമായിരുന്ന എഫേസോസിൽ നിന്ന് ഈ പട്ടണങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന രാജപാതയുണ്ടായിരുന്നതിനാൽ ഒരു പട്ടണത്തിൽ നിന്നും മറ്റൊന്നിലേക്ക് ലേഖനം എത്തിക്കുക എളുപ്പമായിരുന്നു. ഇതിനുപുറമേ 'ഏഴ്' പൂർണ്ണസംഖ്യയാകയാൽ ഏഴു സഭകൾ ക്രിസ്തുവിന്റെ സഭയുടെ പ്രതീകമായി കരുതാവുന്നതാണ്. അതിനാൽ പേരു പറഞ്ഞിരിക്കുന്ന ഏഴു സഭകൾക്കു മാത്രമല്ല, ആഗോളസഭയ്ക്കു മുഴുവൻ

വേണ്ടിയാണ് യോഹന്നാൻ എഴുതുന്നത് എന്ന് അനുമാനിക്കാം.

*കൃപയും സമാധാനവും* എന്ന ആശംസ പുതിയ നിയമത്തിലെ മിക്ക ലേഖനങ്ങളിലും കാണാം. ദൈവം തന്റെ അനന്തമായ കാരുണ്യത്തിൽ മനുഷ്യനു സൗജന്യമായി നല്കുന്ന ദാനത്തിന്റെ ആകെത്തുകയാണ് കൃപ. സമാധാനം കൃപയുടെ ഫലമാണ്. ദൈവവും മനുഷ്യരും തമ്മിലും, മനുഷ്യർ തമ്മിൽ തമ്മിലും, മനുഷ്യനു തന്നോടുതന്നെയും ഉള്ള ഐക്യമാണ് സമാധാനം എന്ന പദം കൊണ്ടു വിവക്ഷിക്കുന്നത്. "ദൈവകൃപ ലഭിച്ച വർക്കു സമാധാനം'' (ലൂക്കാ.2,14). കൃപയുടെ ഉറവിടമായി മൂന്നു നാമങ്ങൾ യോഹന്നാൻ എടുത്തുകാട്ടുന്നു. ''ആയിരിക്കുന്നവനും ആയിരുന്നവനും വരാനിരിക്കുന്നവനും'' എന്ന വിവരണം ദൈവം മോശയ്ക്കു വെളിപ്പെടുത്തിയ യാഹ്‌വേ എന്ന നാമത്തിന്റെ (പുറ 3,14-15; 6,3-4) വ്യാഖ്യാനമാണ്. നിത്യനായ ദൈവം എന്ന അർത്ഥമാണ് ഈ പ്രയോഗത്തിനുള്ളത്. കാലത്തിനതീതനാണ് ദൈവം; കാലത്തിന്റെ അധിപനുമാണവൻ. ഭൂതവും ഭാവിയുമില്ലാത്ത നിത്യതയുടെ ഒരു നിമിഷമാണ് ദൈവത്തിന്റെ സമയം. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഇസ്രായേൽ ജനത്തെ മോചിപ്പിക്കാൻ ഒരുങ്ങുമ്പോഴാണ് ദൈവം തന്റെ നാമം വെളിപ്പെടുത്തിയത്. മതപീഡനത്തിനിരയാകുന്ന സഭകൾക്കു മോചനം ആസന്നമായിരിക്കുന്നു എന്ന് പുറപ്പാടു സംഭവവുമായുള്ള ഈ ബന്ധം സൂചിപ്പിക്കുന്നു. പഴയനിയമത്തിൽ യാഹ്‌വേ എന്ന പേരിൽ സ്വയം വെളിപ്പെടുത്തിയ ദൈവം തന്നെയാണ് ഇവിടെ സഭകൾക്കു കൃപയും സമാധാനവും നല്കുന്നത്.

*സപ്താത്മാക്കൾ* എന്ന പ്രയോഗത്തെക്കുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായമുണ്ട്. പരിശുദ്ധത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിനെയാണ് ഇതു സൂചിപ്പിക്കുന്നതെന്ന് ചിലർ കരുതുന്നു; മറ്റു ചിലരാകട്ടെ ദൈവസന്നിധിയിൽ നിരന്തരം ശുശ്രൂഷ ചെയ്യുന്ന ഏഴു മുഖ്യദൂതന്മാരാണ് (വെളി 8, 2: തോബി 12, 15) വിവക്ഷിക്കപ്പെടുന്നത് എന്നു വാദിക്കുന്നു. ഏഴ് പൂർണ്ണതയെ സൂചിപ്പിക്കുന്നതിനാൽ സപ്താത്മാക്കൾ ആത്മാവിന്റെ പൂർണ്ണത എന്ന അർത്ഥമാണു നല്കുക. നിത്യനായ ദൈവത്തോടും യേശുക്രിസ്തുവിനോടും ഒപ്പം കൃപയുടെ ഉറവിടമായി മാലാഖമാരെ അവതരിപ്പിക്കുന്നു എന്നു കരുതുക പ്രയാസമാണ്. അതിനാൽ ആദ്യത്തെ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യം. സപ്തദാനങ്ങളുടെ ദാതാവിനെ (ഏശ 11,2-3) സപ്താത്മാക്കൾ എന്നു വിളിച്ചിരിക്കുന്നതാവണം. 'സപ്താത്മാക്കൾ' എന്ന പദപ്രയോഗം രണ്ടു തവണ കൂടി വെളിപാടു ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട് (3,1; 4,5). ഇതിൽ രണ്ടാമത്തേത് സപ്താത്മാക്കളെ ദൈവസിംഹാസനത്തിനുമുമ്പിൽ ജ്വലിക്കുന്ന ഏഴു തീപ്പന്തങ്ങളായി ചിത്രീകരിച്ചിരിക്കുന്നു. തീനാവുകളുടെ രൂപത്തിൽ അപ്പസ്തോലന്മാരുടെ



മേൽ ആവസിച്ച പരിശുദ്ധാത്മാവിനെ (അപ്പ 2,3) അനുസ്മരിപ്പിക്കുന്നതാണിത്.

**1,5** യേശുക്രിസ്തു ആരെന്നു വ്യക്തമാക്കുന്ന മൂന്നുവിശേഷണങ്ങൾ അഥവാ പദവിപ്പേരുകൾ നല്കിയിരിക്കുന്നു. അവന്റെ മരണവും ഉത്ഥാനവുമായി ബന്ധപ്പെട്ടതാണ് ഇവ മൂന്നും. ഒന്ന് മറ്റൊന്നിനു നിദാനം എന്ന വിധത്തിലാണ് ഈ വിശേഷണങ്ങൾ നിലകൊള്ളുന്നത്. *1. വിശ്വസ്തസാക്ഷി:* മരണംവരെ പിതാവിനോടും നമ്മോടും വിശ്വസ്തത പാലിച്ചവനാണ് വിശ്വസ്തസാക്ഷി *2. മൃതരിൽ നിന്നുള്ള ആദ്യജാതൻ:* യേശുവിന്റെ മരണത്തോടെ ലോകത്തിന്മേലുള്ള പാപത്തിന്റെ ആധിപത്യം അവസാനിച്ചു. അവന്റെ പുനഃരുത്ഥാനത്തിൽ പുതുയുഗം ഉദ്ഘാടനം ചെയ്യപ്പെട്ടു. അവനിൽ വിശ്വസിക്കുന്ന ഏവർക്കും പുനരുത്ഥാനവും ജീവനും ലഭ്യമാകുന്നു. അവനെപ്പോലെ മരണംവരെ വിശ്വസ്തത പാലിക്കുന്നവർ അവന്റെ പുനരുത്ഥാനത്തിൽ പങ്കുചേരും (കൊളോ 1,18; 1കോറി 15,20; റോമ 6,5). *3. ഭൂമിയിലെ രാജാക്കന്മാരുടെ അധിപൻ:* മരണവും ഉത്ഥാനവും വഴി പിതാവിൽ നിന്ന് സർവ്വ അധികാരവും സ്വീകരിച്ചിരിക്കുന്ന യേശു സകല രാജാക്കന്മാരുടെയും അധിപനാണ്. ഈ വിശ്വാസപ്രഖ്യാപനം റോമാചക്രവർത്തിയുടെ അവകാശവാദങ്ങളെ ഖണ്ഡിക്കുന്നു. ക്രിസ്തുവിന്റെ സഭയെ പീഡിപ്പിക്കുന്ന സാമ്രാജ്യശക്തികളും ക്രിസ്തുവിന്റെ ആധിപത്യത്തിൻ കീഴിലാണ്. ഈ വിശ്വാസം പീഡിതർക്കു പ്രത്യാശയും ധൈര്യവും പ്രദാനം ചെയ്യുന്നു. ''ഞാൻ അവനെ എന്റെ ആദ്യജാതനും ഭൂമിയിലെ രാജാക്കന്മാരിൽ അത്യുന്നതനും ആക്കും'' (സങ്കീ 89, 27) എന്ന സങ്കീർത്തനഭാഗത്തിന്റെ സ്വാധീനം ഈ വാക്യത്തിൽ കാണാം.

അടുത്തതായി, യേശുക്രിസ്തു നമുക്കുവേണ്ടി പൂർത്തിയാക്കിയ രക്ഷാകർമ്മത്തിലേക്ക് യോഹന്നാൻ ശ്രദ്ധതിരിക്കുന്നു. അവൻ നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മെ നമ്മുടെ പാപത്തിൽ നിന്നു മോചിപ്പിക്കുകയും ചെയ്തു. നമ്മുടെ അർഹതയെ പരിഗണിച്ചല്ല, അനന്തമായ സ്നേഹത്താൽ പ്രേരിതനായാണ് യേശുക്രിസ്തു നമ്മെ മോചിപ്പിച്ചത്. യേശുവിനു നമ്മോടുള്ള സ്നേഹത്തിന്റെ പാരമ്യം പ്രകടമാക്കുന്നതാണ് കുരിശുമരണം. യേശുവിന്റെ രക്തത്താൽ നാം മോചിപ്പിക്കപ്പെട്ടു എന്നത് പുതിയനിയമത്തിലുടനീലം പ്രതിധ്വനിക്കുന്ന വിശ്വാസസത്യമാണ് (മർക്കോ 10,45; അപ്പ 20,28; റോമാ 5,9; എഫേ 1,7; ഹെബ്രാ 9,14; 1യോഹ 1, 7). സംഹാരദൂതനിൽ നിന്നു രക്ഷയും ഈജിപതിലെ അടിമത്തത്തിൽ നിന്നു മോചനവും നല്കിയ പെസഹാ കുഞ്ഞാടിന്റെ പ്രതീകം യേശുവിൽ യാഥാർത്ഥ്യമായിത്തീരുന്നു.

സ്നേഹിക്കുകയും മോചിപ്പിക്കുകയും ചെയ്തു എന്ന രണ്ടു ക്രിയ

കളുടെ കാലം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഗ്രീക്കുമൂലത്തിൽ സ്നേഹിക്കുക എന്നത് വർത്തമാനകാലവും മോചിപ്പിക്കുക എന്നതു ഭൂതകാലവും ആയി കൊടുത്തിരിക്കുന്നു. യേശുവിന്റെ സ്നേഹം എന്നും നിലനില്ക്കുന്നതാണ്. അവൻ ഇന്നും എന്നും നമ്മെ സ്നേഹിക്കുന്നു. പാപത്തിൽ നിന്നുള്ള മോചനമാകട്ടെ, എക്കാലത്തേക്കും വേണ്ടി ഒരിക്കൽ പൂർത്തിയാക്കിയതാണ്. കുരിശുമരണം ഒരിക്കൽ മാത്രം സംഭവിച്ചു. ആ ഒറ്റ പ്രവൃത്തിയിലൂടെ മനുഷ്യവർഗ്ഗം മുഴുവനും എന്നേക്കുമായി മോചിതമായിരിക്കുന്നു.

**1,6** യേശു നമ്മെ പാപത്തിന്റെ ആധിപത്യത്തിൽ നിന്നു മോചിപ്പിച്ച് ദൈവത്തിന്റെ രാജ്യവും പുരോഹിതരും ആക്കി. തനിക്കായി ഒരു രാജ്യം ഒരുക്കാനും പുരോഹിതജനതയെ വാർത്തെടുക്കാനും ഉള്ള ദൈവികപദ്ധതി പുറപ്പാടു സംഭവത്തിൽ ആരംഭിച്ചതാണ് (പുറ 19,6). ദൈവത്തിന്റെ ഹിതം പൂർണ്ണമായി അനുസരിക്കുകയും അവിടുത്തെ ഭരണത്തിനു സ്വയം സമർപ്പിക്കുകയും ചെയ്യുന്ന ജനത്തിനു ദൈവം മാത്രമാണ് രാജാവ്. ഇസ്രായേൽ ജനം ദൈവത്തിന്റെ രാജകീയ ജനമായി സ്വയം കരുതി. ഭാവിയെ സംബന്ധിച്ച ഒരു വാഗ്ദാനമായി ഏശയ്യാ ഇതിനെ അവതരിപ്പിച്ചു (ഏശ 61,6). ആദിമസഭ യഥാർത്ഥ ഇസ്രായേലും രാജകീയ ജനതയുമായിട്ടാണ് സ്വയം വിശേഷിപ്പിച്ചത് (1 പത്രോ 2,9). പഴയനിമത്തിന്റെ കാഴ്ചപ്പാടിൽ ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യസ്ഥനായി നില്ക്കുന്നവനാണ് പുരോഹിതൻ. ജനത്തിനുവേണ്ടി പ്രാർത്ഥിക്കുയും ബലികളിർപ്പിക്കുകയും ദൈവഹിതം ജനങ്ങളെ അറിയിക്കുകയും ചെയ്യുന്നത് പുരോഹിതനാണ്. പുരോഹിതനുമാത്രമേ വിശുദ്ധസ്ഥലത്തു പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. എന്നാൽ യേശുക്രിസ്തുവിന്റെ മരണം വഴി എല്ലാവർക്കും വിശുദ്ധസ്ഥലത്തു പ്രവേശം ലഭ്യമായിരിക്കുന്നു (ഹെബ്രാ 10,19). ലോകജനതകൾക്കു മധ്യേ ക്രിസ്തുവിശ്വാസികൾ പുരോഹിതശുശ്രൂഷയർപ്പിക്കുന്നു. ദൈവവചനം പ്രഘോഷിക്കുകയും ദൈവത്തിനു പ്രാർത്ഥനയുടെയും സ്തുതിയുടെയും ബലികൾ അർപ്പിക്കുകയും ചെയ്യുക എല്ലാ ക്രൈസ്തവരുടെയും അവകാശവും കടമയുമാണ്.

*തന്റെ ദൈവവും പിതാവും ആയവൻ* എന്നു ദൈവത്തെ വിശേഷിപ്പിക്കുന്നതിലൂടെ യേശുവിന്റെ ദൈവത്വം നിഷേധിക്കുകയല്ല, യേശു മനുഷ്യനായി അവതരിച്ച ദൈവപുത്രനാണെന്ന് ഏറ്റുപറയുകയും, പിതാവും പുത്രനും തമ്മിലുള്ള ബന്ധം അടിവരയിട്ടു കാണിക്കുകയുമാണ് യോഹന്നാൻ ചെയ്യുന്നത്. യേശുവിന്റെ ദൈവമഹത്വത്തെക്കുറിച്ചു വെളിപാടു പുസ്തകത്തിൽ അനേകം പരാമർശങ്ങളുണ്ട്.

രക്ഷാകർമ്മത്തിന്റെ പേരിൽ യേശുക്രിസ്തുവിനു സ്തുതിയർപ്പിച്ചുകൊണ്ടാണ് അഭിവാദനം അവസാനിക്കുന്നത്. ആരാധനാ സമൂഹങ്ങളിൽ



ഉയരുന്ന സ്തുതിപ്പുകളെ (doxology) അനുസ്മരിപ്പിക്കുന്നതാണിത്. ഇപ്രകാരമുള്ള സ്തുതിപ്പുകൾ വെളിപാടു പുസ്തകത്തിൽ പലതവണ ആവർത്തിക്കുന്നുണ്ട്. സൃഷ്ടികർമ്മത്തിന്റെ പേരിൽ പിതാവായ ദൈവത്തെയും (4,8-11) രക്ഷാകർമ്മത്തിന്റെ പേരിൽ യേശുക്രിസ്തുവിനെയും (5,9-10) സ്തുതിക്കുന്നു. ദൈവത്തിന്റെ മാത്രം വിശേഷണമാണ് മഹത്വം. രണ്ടാമത്തെ വിശേഷണമായ ആധിപത്യം *ക്രാത്തോസ്* എന്ന ഗ്രീക്കുപദത്തിന്റെ വിവർത്തനമാണ്. അജയ്യവും അപ്രതിരോധ്യവുമായ ദൈവികശക്തിയെയാണ് ഈ പദം സൂചിപ്പിക്കുന്നത്. സകലതിനെയും തന്റെ കൈപ്പിടിയിൽ ഒതുക്കുകയും സകലശക്തികളെയും ചൊല്പടിക്കു നിർത്തുകയും ചെയ്യുന്ന ദൈവത്തിന്റെ ശക്തിയാണ് ഇവിടെ വിവക്ഷ. സൃഷ്ടികർമ്മത്തിലും ഈജിപ്തിൽ നിന്നുള്ള മോചനത്തിലും ദൈവം പ്രകടമാക്കിയ ശക്തിയാണിത് (ഏശ 40, 26; പ്രഭാ 18,5). ദൈവത്തിന്റെ മാത്രം വിശേഷണങ്ങളായ മഹത്വവും ആധിപത്യവും യേശുക്രിസ്തുവിനു നല്കുന്നതിലൂടെ വി.ഗ്രന്ഥകാരൻ യേശുവിനെ ദൈവമായി ഏറ്റുപറയുന്നു.

### 3. പ്രവാചകവചനം 1, 7-8

7. ഇതാ അവൻ മേഘങ്ങളോടുകൂടെ വരുന്നു. ഓരോ മിഴിയും അവനെ കാണും.
അവനെ കുത്തി മുറിവേല്പിച്ചവരും അവനെ കാണും. ഭൂമിയിലെ സകല
8. ഗോത്രങ്ങളും അവനെ പ്രതി വിലപിക്കും. അതെ, ആമ്മേൻ, ഞാൻ ആൽഫ
യും ഒമേഗയും ആകുന്നു. ആയിരിക്കുന്നവനും ആയിരുന്നവനും വരാനി
രിക്കുന്നവനും സർവ്വശക്തനും ദൈവവുമായ കർത്താവ് അരുളിച്ചെയ്യുന്നു.

പീഡിതർക്കു പ്രത്യാശയും പീഡകർക്കു താക്കീതും നല്കുന്ന രണ്ടു പ്രവചനങ്ങളോടെ വെളിപാടുഗ്രന്ഥത്തിന്റെ ആമുഖം അവസാനിക്കുന്നു. അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന മതമർദ്ദനത്താൽ തളർന്നുപോകുന്ന ക്രിസ്തീയ സമൂഹത്തിന്റെ മുമ്പിൽ അതിമനോഹരമായ ഒരു ചിത്രമാണ് വി. ഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത്. ആദ്യത്തെ പ്രവാചകവചനം ദാനിയേൽ, സഖറിയാ എന്നീ പഴയനിയമ പ്രവാചകഗ്രന്ഥങ്ങളിൽ നിന്നെടുത്തതാണ്. രണ്ടാമത്തേതാകട്ടെ ദൈവം നേരിട്ടരുളിച്ചെയ്യുന്ന വചനവും. ലോകത്തിന്റെ മേൽ ഭരണം നടത്തുന്നത് റോമായോ മറ്റേതെങ്കിലും സാമ്രാജ്യശക്തിയോ അല്ല, സർവ്വശക്തനായ ദൈവമാണ് എന്ന് വിശ്വാസികളെ ബോധ്യപ്പെടുത്തുന്നതാണ് ഈ പ്രവചനങ്ങൾ. വെളിപാടു പുസ്തകത്തിന്റെ മുഴുവൻ രത്നച്ചുരുക്കം ഈ വചനങ്ങളിൽ കാണാം.

**1, 7** കർത്താവായ യേശു ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ മടങ്ങിവരവിനു വേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്ന പീഡിതസമൂഹത്തോട് യോഹന്നാൻ പറയുന്നു: ‘‘ഇതാ മേഘങ്ങളോടുകൂടെ അവൻ വരുന്നു’’. ദാനി

യേൽ 7,13-ൽ നിന്നെടുത്തതാണ് ഈ വചനഭാഗം. ബാബിലോൺ, മേദിയാ, പേർഷ്യാ, ഗ്രീസ് എന്നീ സാമ്രാജ്യശക്തികളുടെ പതനത്തെ നാലു മൃഗങ്ങളുടെ പ്രതീകങ്ങളിലൂടെ ചിത്രീകരിച്ചതിനുശേഷം അന്തിയോക്കസ് നാലാമന്റെ കീഴിൽ ക്രൂരമായ മതമർദ്ദനമേല്ക്കുന്ന ഇസ്രായേൽ ജനത്തിനു ദൈവം നല്കാൻ പോകുന്ന മഹത്വീകരണമാണ് ദാനിയേൽ ഏഴാം അധ്യായത്തിൽ വിവരിക്കുന്നത്. വാനമേഘങ്ങളിൽ ആഗതനാകുന്ന മനുഷ്യപുത്രൻ ദൈവത്തിൽ നിന്നു മഹത്വവും അധികാരവും സ്വീകരിക്കുന്ന ദൈവജനമാണ് എന്ന് ദാനിയേൽ വിശദീകരിച്ചു (ദാനി 7, 27). വരാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള ഒരു പ്രവചനമായി പുതിയനിയമം ഇതിനെ കണ്ടു. യേശുവിന്റെ തന്നെ വചനങ്ങൾ ഈ വ്യാഖ്യാനത്തിന് പിന്തുണയായി നിന്നു (മത്താ 26,64). പുതിയനിയമപാരമ്പര്യത്തിലെ ഈ വ്യാഖ്യാനമാണ് വെളിപാടു ഗ്രന്ഥകാരൻ ഒരു പ്രവചനരൂപേണ ഇവിടെ അവതരിപ്പിക്കുന്നത്. ലോകത്തിന്റെ മേൽ വിധി പ്രസ്താവിക്കാൻ വരുന്ന യേശുവിനെ മുന്നിൽകണ്ടുകൊണ്ട് അവന്റെ പേരിൽ പീഡനത്തിനിരയാകുന്ന വിശ്വാസികൾ ശക്തിയും ധൈര്യവും ആർജ്ജിക്കണം.

യേശുവിന്റെ ആദ്യത്തെ വരവ് ബലഹീനതയിലായിരുന്നു. പലസ്തീനായിൽ മാത്രമാണ് അവൻ പ്രവർത്തിച്ചത്. അധികമാരും അവനെ തിരിച്ചറിഞ്ഞില്ല. അധികാരികൾ അവനെ തിരസ്കരിക്കുകയയും കുരിശിൽ തറച്ചുകൊല്ലുകയും ചെയ്തു. എന്നാൽ രണ്ടാമത്തെ വരവ് മഹത്വത്തോടെയായിരിക്കും. അപ്പോൾ ലോകജനതകൾ മുഴുവൻ അവനെ കാണും. അവനിൽ വിശ്വസിക്കുകയും അവന്റെ നാമത്തിൽ പീഡനമേല്ക്കുകയും ചെയ്തവർക്ക് അത് അനന്തമായ ആനന്ദത്തിന്റെ നിമിഷമായിരിക്കും. എന്നാൽ അവനെ തിരസ്കരിക്കുകയും അവന്റെ വിശ്വാസികളെ പീഡിപ്പിക്കുകയും ചെയ്തവർക്കാകട്ടെ, ആ ദർശനം ഭയത്തിനും അനന്തമായ ദുഃഖത്തിനും കാരണമായിത്തീരും.

"അവനെ കുത്തിമുറിവേല്പിച്ചവരും അവനെ കാണും" എന്ന വചനം സഖ 12,10-ൽ നിന്നെടുത്തതാണ്. "ഭൂമിയിലെ സകല ഗോത്രങ്ങളും അവനെ പ്രതി വിലപിക്കും". എന്നതാകട്ടെ സഖ 12,10-ന്റെ സ്വാധീനത്തിൽ വെളിപാടു ഗ്രന്ഥകാരൻ രചിച്ചതാണ്. സഖറിയായുടെ പ്രവചനത്തിൽ ഈ വാക്യം ജനത്തിന്റെ അനുതാപത്തെയും മാനസാന്തരത്തെയും സൂചിപ്പിച്ചിരുന്നു. എന്നാൽ വെളിപാടു പുസ്തകത്തിലാകട്ടെ ക്രിസ്തുവിനെതിരേ ചെയ്ത അതിക്രമങ്ങളെക്കുറിച്ചുള്ള ബോധ്യവും ഉടനെ നടക്കാൻ പോകുന്ന ശിക്ഷാവിധിയിൽനിന്നുളവാകുന്ന ഭയവും ദുഃഖവുമാണ് സൂചിപ്പിക്കുന്നത്. യോഹ 19,37-ൽ സഖറിയായുടെ ഈ പ്രവചനം യേശുവിന്റെ തിരുവിലാവു കുത്തിപ്പിളർന്നതിനെ വ്യാഖ്യാനിക്കാൻ ഉപയോഗിച്ചിട്ടുണ്ട്. അവിടെ റോമൻ പടയാളികളെയാണ് ഉദ്ദേശിക്കുക. എന്നാൽ ഇവിടെ പടയാളികളും യഹൂദനേതാക്കന്മാരും മാത്രമല്ല, പാപം വഴി യേശുവിനെ തള്ളിപ്പറയുകയും പീഡിപ്പിക്കുകയും ചെയ്ത സകല ജനതകളും കഠിന ദുഃഖത്തിലാഴ്ത്തപ്പെടുന്നു. എന്നാൽ അന്തിമവിധിക്കായി വരുന്ന മനുഷ്യപുത്രന്റെ മുമ്പിലുള്ള ഈ ദുഃഖം രക്ഷാകരമല്ല.



*അതെ, ആമ്മേൻ* എന്ന വാക്കുകളിൽ ആദ്യത്തേത് ഗ്രീക്കും രണ്ടാമത്തേതു ഹീബ്രുവുമാണ്. രണ്ടിന്റെയും അർത്ഥം ഒന്നു തന്നെ. പറഞ്ഞ കാര്യങ്ങളുടെ സത്യാവസ്ഥ ആവർത്തിച്ചുറപ്പിക്കുന്നതാണ് ഈ വാക്കുകൾ, ഇതിനു മാറ്റമില്ല.

**1.8** ദൈവം തന്നെയാണ് ഇവിടെ സംസാരിക്കുന്നത്. ദൈവത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നതാണ് ഈ വചനം. പുറ 3, 14; ഏശ 41, 4; ആമോ 4, 13 എന്നീ പഴയനിയമ ഭാഗങ്ങളുടെ സ്വാധീനം ഈ വാക്യത്തിൽ ദൃശ്യമാണ്. ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തെ അക്ഷരമാണ് ആൽഫ; ഒമേഗാ അവസാനത്തേതും. ആരംഭവും അവസാനവും എന്ന് ഇത് അർത്ഥമാക്കുന്നു. എല്ലാറ്റിന്റെയും ആരംഭവും ലക്ഷ്യവുമായവനാണ് ദൈവമായ കർത്താവ്. ഇതേ വിശേഷണം ഗ്രന്ഥത്തിന്റെ അവസാനത്തിൽ (വെളി 22,13) യേശുക്രിസ്തുവിനു നല്കുന്നതിലൂടെ യേശുവിന്റെ ദൈവത്വം ഗ്രന്ഥകാരൻ ഏറ്റുപറയുന്നു. നിത്യനായ ദൈവം (വെളി 1, 4) സർവ്വശക്തനാണ്. *പന്തോക്രാത്തോർ* എന്ന ഗ്രീക്കു പദമാണ് *സർവ്വശക്തൻ* എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഈ പദം പുതിയ നിയമത്തിൽ ആകെ പത്തു പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട്. 2 കോറി 6, 18 ഒഴികെ ബാക്കി ഒമ്പതു തവണയും വെളിപാടു പുസ്തകത്തിൽ തന്നെയാണ് (വെളി. 1,8; 4,8; 11,17; 15,3; 16,7.14; 19,6.15; 21,22). *സൈന്യങ്ങളുടെ കർത്താവായ ദൈവം* എന്ന് പഴയനിമയത്തിൽ നല്കുന്ന വിശേഷണം തന്നെയാണിത്. സർവ്വചരാചരങ്ങളും സൃഷ്ടമായ സകലതും അവൻ തന്റെ ചൊല്പടിക്കു നിർത്തുന്നു. രാജാക്കന്മാരും ചക്രവർത്തിമാരും സകല സാമ്രാജ്യശക്തികളും എന്നല്ല, പ്രപഞ്ചശക്തികൾ മുഴുവൻ ആരുടെ അധികാരത്തിൻ കീഴിലായിരിക്കുന്നുവോ അവനാണ് സർവ്വശക്തൻ; അവനാണ് ദൈവമായ കർത്താവ്. ഇപ്രകാരം ശക്തനായ ഒരധികാരിയുടെ സംരക്ഷണമുള്ളവൻ ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ല എന്ന് യോഹന്നാൻ തന്റെ സഹോദരങ്ങളെ അനുസ്മരിപ്പിക്കുന്നു.

**B B B B B**

# 2 പ്രവാചക ദൗത്യദർശനം
## 1,9-20

മഹത്വീകൃതനായ യേശുക്രിസ്തു ഏഷ്യയിലെ ഏഴു സഭകൾക്കു നല്കുന്ന സന്ദേശമാണ് വെളിപാടുപുസ്തകത്തിന്റെ ഒന്നാം ഭാഗത്തു പ്രതിപാദിക്കുന്നത്. പേരെടുത്തു പറയുന്ന ഏഴു പ്രാദേശിക സഭകളെ മാത്രമല്ല, ആഗോളസഭയെ മുഴുവൻ ലക്ഷ്യമാക്കിയുള്ളതാണ് ഈ സന്ദേശം എന്നതിൽ സംശയമില്ല. ഇടയലേഖനങ്ങളുടെ ശൈലിയിൽ എഴുതിയിരിക്കുന്ന ഈ ഭാഗം ഒരു ദർശനത്തോടെ ആരംഭിക്കുന്നു. യേശുക്രിസ്തു തന്റെ ദാസനായ യോഹന്നാനെ പ്രവാചകദൗത്യം ഏല്പിക്കുന്നതാണ് ഈ പ്രാരംഭ ദർശനം. പഴയനിയമ പ്രവാചകന്മാർക്കു ലഭിച്ച വിളിയോട് ഈ ദർശനത്തിന് ഏറെ സാമ്യമുണ്ട് (ഏശ 6,1-13; എസെ 1-3). ദർശനം ലഭിച്ച ആളിന്റെ അവസ്ഥ, സ്ഥലകാല സാഹചര്യങ്ങൾ, ഏല്പിക്കപ്പെടുന്ന ദൗത്യം, ദൗത്യം ഏല്പിക്കുന്ന യേശുക്രിസ്തുവിനെക്കുറിച്ചുള്ള വിവരണം എന്നിവയാണ് ഈ വാക്യങ്ങളിൽ പ്രതിപാദിക്കപ്പെടുന്നത്.

### 1 ദൗത്യം 1,9-11

9. നിങ്ങളുടെ സഹോദരനും പീഡകളിലും രാജ്യത്തിലും യേശുവിലുള്ള ക്ഷമാ
പൂർവ്വമായ ഉറച്ചുനില്പിലും നിങ്ങളോടൊപ്പം പങ്കുചേർന്നവനുമായ യോഹ
ന്നാനായ ഞാൻ ദൈവവചനത്തെയും യേശുവിനെക്കുറിച്ചു നല്കിയ സാക്ഷ്യ
10. ത്തെയും പ്രതി, പാത്മോസ് എന്ന ദ്വീപിലായിരുന്നു. കർത്താവിന്റെ ദിനത്തിൽ
ഞാൻ ആത്മാവിൽ ലയിച്ചിരിക്കേ എന്റെ പിറകിൽ നിന്ന് കാഹളത്തിന്റേതു
11. പോലുള്ള ഒരു വലിയ സ്വരം പറയുന്നതു കേട്ടു: നീ കാണുന്നത് ഒരു ചുരുളിൽ
എഴുതി എഫേസോസ്, സ്മിർണാ, പെർഗാമോസ്, തിയത്തീറാ, സാർദീസ്,
ഫിലാദെൽഫിയാ, ലാവൊദിക്യാ എന്നീ സ്ഥലങ്ങളിലെ ഏഴു സഭകൾക്ക്
അയച്ചു കൊടുക്കുക.

**1,9** ആദ്യമേ തന്നെ ഗ്രന്ഥകാരൻ അനുവാചകരുമായുള്ള തന്റെ ബന്ധം വ്യക്തമാക്കുന്നു. *നിങ്ങളുടെ സഹോദരൻ* എന്നാണ് യോഹന്നാൻ സ്വയം വിശേഷിപ്പിക്കുന്നത്. ഈ സാഹോദര്യമാകട്ടെ മൂന്നു കാര്യങ്ങളിൽ അടങ്ങിയിരിക്കുന്നു. 1. *പീഡകൾ* - വിശ്വാസത്തിന്റെ പേരിൽ നേരിടേണ്ടിവന്ന പീഡനങ്ങളെയാണ് ഇതു സൂചിപ്പിക്കുന്നത്. 2. *രാജ്യം* - യേശുക്രിസ്തു ഉദ്ഘാടനം ചെയ്ത ദൈവരാജ്യമാണ് വിവക്ഷ. അജ്ഞാതമായ ഭാവിയിൽ, ലോകാവസാനത്തിനുശേഷം സാക്ഷാൽക്കരിക്കപ്പെടാനിരിക്കുന്ന ഒന്നു മാത്രമല്ല ദൈവരാജ്യം. ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ നടപ്പാക്കാൻ തുടങ്ങിക്കഴിഞ്ഞു. ക്രിസ്തുവിനെ രാജാവും കർത്താവുമായി ഏറ്റുപറയുന്നതിന്റെ പേരിൽ അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങൾ ദൈവരാജ്യത്തിലേക്കുള്ള പ്രവേശനകവാടമാണ് (അപ്പ 14,22). 3. *ഉറച്ചു നില്പ്* നിഷ്ക്രിയവും പ്രത്യാശയറ്റതുമായ കീഴടങ്ങലല്ല, പീഡനങ്ങളെ സസന്തോഷം സ്വീകരിക്കുകയും, മരണം വരെ യേശുക്രിസ്തുവിനോടു വിശ്വസ്ത പാലിക്കുകയും ചെയ്യുന്ന ധീരതയാണിത്. ക്ഷമാപൂർണ്ണമായ സഹനം എന്നും ഇതിനെ വിവർത്തനം ചെയ്യാറുണ്ട്. ക്രിസ്തീയ ജീവിതത്തിന് ആവശ്യമായ ഗുണവിശേഷണമാണ് സഹനത്തിലുള്ള ക്ഷമാപൂർണ്ണമായ ഉറച്ചുനില്പ് (ലൂക്കാ 21, 19; 2 തിമോ 2, 12). ഉറച്ചുനില്ക്കാൻ ശക്തി നല്കുന്നത് യേശുവാണ്. പീഡനങ്ങൾ മൂലം യേശുവിനെ തള്ളിപ്പറയാതെ ഉറച്ചുനിന്നവരാണ് യോഹന്നാനും സഹോദരങ്ങളും.

ദൈവവചനം പ്രഘോഷിക്കുകയും യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയും ചെയ്തതിന്റെ പേരിൽ നാടുകടത്തപ്പെട്ടവനാണ് ഗ്രന്ഥകാരൻ. കുറ്റവാളികളെ വിദൂരങ്ങളിലേക്കു നാടുകടത്തുക റോമാക്കാരുടെ ഒരു ശിക്ഷാരീതിയായിരുന്നു. കുറ്റത്തിന്റെ കാഠിന്യം അനുസരിച്ച് ശിക്ഷയുടെ ക്രൂരതയും വർദ്ധിക്കും. ചില കുറ്റങ്ങൾക്ക് നാടുകടത്തലോടൊപ്പം അടിമവേലയും വിധിച്ചിരുന്നു. ഇപ്രകാരമുള്ള തടവുകാർ നാടുകടത്തപ്പെട്ടിരുന്ന ഒരു ദ്വീപാണ് പാത്മോസ്. ദയനീയവും ഭീകരവുമായിരുന്നു ഈ അടിമകളുടെ അവസ്ഥ. അരക്കച്ചമാത്രം വേഷം. കാലിൽ ചങ്ങല. പകലന്തിയോളം ഖനികളിൽ കഠിനാധ്വാനം. ജീവൻ നിലനിർത്താൻ അത്യാവശ്യമായ ആഹാരം. ഇപ്രകാരം ഒരു ശിക്ഷാവിധി സ്വീകരിച്ചവനാണ് യോഹന്നാൻ എന്ന് അനുമാനിക്കാം. രാജദ്രോഹമായിരുന്നു അദ്ദേഹത്തിന്റെ കുറ്റം.

എഫേസോസിൽ നിന്ന് ഏകദേശം 60 കി.മീ. പടിഞ്ഞാറ് ഏജിയൻ കടലിൽ, 40 ച.കി.മീ. മാത്രം വിസ്തീർണ്ണമുള്ള ഒരു കൊച്ചു ദ്വീപാണ് പാത്മോസ്. ഏറിയകുറും വലിയ പാറക്കെട്ടുകൾ. ഇന്ന് ഗ്രീസിന്റെ അധീനതയിലുള്ള ഈ ദ്വീപ് പത്തീനാ എന്ന് അറിയപ്പെടുന്നു. പീഡനങ്ങളിലുള്ള പങ്കാളിത്തം പീഡിതർക്ക് മോചനത്തിന്റെ സന്ദേശം എത്തിയ്ക്കാൻ യോഹന്നാനെ അർഹനാക്കി.

**1.10** *കർത്താവിന്റെ ദിനം* ആഴ്ചയുടെ ആദ്യദിവസമായ ഞായറാഴ്ചയാണ്. ഏഴാം ദിവസമായ ശനിയാഴ് (സാബത്ത്) യഹൂദർ കർത്താവിന്റെ ദിനമായി ആചരിച്ചിരുന്നു. എന്നാൽ യേശുവിന്റെ പുനരുത്ഥാനത്തിലൂടെ

ദൈവം പുതിയ സൃഷ്ടികർമ്മം ആരംഭിച്ച ദിവസത്തെയാണ് ക്രിസ്ത്യാനികൾ കർത്താവിന്റെ ദിനമായി ആചരിക്കുന്നത്. മാസത്തിന്റെ ആദ്യദിവസം ചക്രവർത്തിയുടെ ദിനമായി റോമാക്കാർ ആചരിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ ക്രിസ്ത്യാനികൾ ആചരിച്ച കർത്താവിന്റെ ദിനം പ്രത്യേകം ശ്രദ്ധേയമായിത്തീരുന്നു. ഞായറാഴ്ച തോറുമാണ് അവർ കർത്താവിന്റെ ഓർമ്മയാചരിച്ചുകൊണ്ട് അപ്പം മുറിക്കാൻ ഒരുമിച്ചു കൂടിയിരുന്നത് (അപ്പ 20,27). കർത്താവിന്റെ ദിനം എന്ന പ്രയോഗത്തിലൂടെ യോഹന്നാൻ ദർശനത്തിന് ഒരു ലിറ്റർജിക്കൽ പശ്ചാത്തലം ഒരുക്കുന്നു.

പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്ന ഗ്രന്ഥകാരനു ലഭിക്കുന്ന ആത്മീയാനുഭൂതിയായിട്ടാണ് ദർശനം അവതരിപ്പിച്ചിരിക്കുന്നത്. അതോടൊപ്പം ദൈവത്തിന്റെ ആത്മാവ് തന്നെ ദൈവികമേഖലയിലേക്കുണർത്തുകയും ദൈവികരഹസ്യങ്ങൾ വെളിപ്പെടുത്തിത്തരുകയും ചെയ്തുവെന്നും ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. ഇപ്രകാരമുള്ള ആത്മീയാനുഭൂതിയുടെ ഉദാഹരണങ്ങൾ ബൈബിളിൽ വിരളമല്ല (എസെ 3,12–15; അപ്പ 10,10; 2കോറി 12, 2–4). താൻ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ അഭൗമികമായ മേഖലയിൽ നിന്നുള്ളവയാകയാൽ അവയെ വിവരിക്കാൻ ഗ്രന്ഥകാരൻ ക്ലേശിക്കുന്നതു കാണാം. *പോലെ* എന്ന പദം പലതവണ ആവർത്തിക്കുന്നതിലൂടെ അവാച്യമായ അനുഭൂതി വിശേഷണമാണ് താൻ വിവരിക്കാൻ ശ്രമിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

ദൈവിക സാന്നിധ്യത്തെ വിളിച്ചറിയിക്കുന്നതാണ് *കാഹളത്തിന്റേതു പോലുള്ള വലിയ സ്വരം* (പുറ 19,16). പുതിയ നിയമത്തിൽ അന്തിമവിധിയുടെ സമയമായി എന്നു വിളിച്ചറിയിക്കുന്നതാണ് കാഹളധ്വനി (മത്താ 24,31; 1കോറി 15,52; 1 തെസ 4,16). ഈ ലോകത്തിന്റെ മേൽ ദൈവം വിധി പ്രസ്താവിക്കാൻ പോകുന്നു എന്ന സൂചനയാണ് കാഹളധ്വനി നല്കുന്നത്. വിപ്രവാസത്തിന്റെ ഏകാന്തതയുടെയും, കഠിനാധ്വാനത്തിന്റെ ക്ലേശങ്ങളുടെയും, പീഡനത്തിന്റെ വേദനയുടെയും, അടിമത്തത്തിന്റെ അവമാനങ്ങളുടെയും മധ്യത്തിലും ക്രിസ്തു വിശ്വാസിക്ക് ആത്മീയാനുഭൂതിയിൽ ലയിക്കാൻ സാധിക്കും; ദൈവത്തിന്റെ സ്വരം ശ്രവിക്കാൻ കഴിയും.

**1,11** പിന്നിൽ നിന്നു മുഴങ്ങിയ സ്വരം യോഹന്നാനെ ഒരു ദൗത്യം ഏല്പിച്ചു. പഴയനിയമ പ്രവാചകന്മാർക്കു ദൗത്യം ലഭിക്കുന്നതുമായിട്ട് സാമ്യമുള്ളതാണ് ഈ പ്രസ്താവന. *കർത്താവിന്റെ അരുളപ്പാടുണ്ടായി* എന്നാണ് പ്രവാചകഗ്രന്ഥങ്ങളിൽ കാണുക. പ്രവാചകന്മാർക്കു ലഭിക്കുന്ന ദൗത്യം ദൈവജനത്തോടു ദൈവവചനം പ്രസംഗിക്കാനാണ്. എന്തെങ്കിലും എഴുതാനുള്ള ദൗത്യം ചുരുക്കമായേ നല്കപ്പെടാറുള്ളു (ഏശ 30,8; ജറെ 30,2). യോഹന്നാനോടാകട്ടെ എഴുതാൻ മാത്രമാണ് ഇവിടെ ആവശ്യപ്പെടുന്നത്.



രണ്ടാമത്തെ ദൗത്യദർശനത്തിൽ പ്രവചിക്കാൻ ആവശ്യപ്പെടുന്നതായി കാണാം (വെളി 10,11). സഭാസമൂഹങ്ങൾക്കു കൈമാറാൻവേണ്ടിയാണ് യോഹന്നാനു സന്ദേശം നല്കപ്പെടുന്നത്. വചനം പ്രഘോഷിക്കുന്നതിനു മുമ്പേ ശ്രവിക്കണം. ലഭിച്ചവചനം സ്വന്തമായി കാത്തുസൂക്ഷിച്ചാൽ പോരാ, പ്രഘോഷിക്കണം. കത്തുകൾ സ്വീകരിക്കുന്ന സഭകൾ സ്ഥിതിചെയ്യുന്ന ഏഴു നഗരങ്ങളുടെ പേരുകൾ തുടർന്നു രേഖപ്പെടുത്തിയിരിക്കുന്നു.

## 2. ദർശനം 1,12–16

12. എന്നോടു സംസാരിച്ച സ്വരം ശ്രദ്ധിക്കാൻ തിരിഞ്ഞപ്പോൾ സ്വർണ്ണനിർമ്മിത
13. മായ ഏഴു ദീപപീഠങ്ങൾ ഞാൻ കണ്ടു. ദീപപീഠങ്ങളുടെ മധ്യേ മനുഷ്യപുത്ര
നെപ്പോലുള്ള ഒരുവൻ! അവനു പാദംവരെ നീണ്ടു കിടക്കുന്ന മേലങ്കി; മാറോ
14. ടടുത്തു സ്വർണ്ണംകൊണ്ടുള്ള ഇടക്കച്ച. അവന്റെ ശിരസ്സും മുടിയുമാകട്ടെ
15. വെൺകമ്പിളി പോലെയും മഞ്ഞുപോലെയും ധവളം; നയനങ്ങൾ തീജ്വാല
പോലെ; പാദങ്ങൾ ഉലയിൽ ചുട്ടുപഴുപ്പിച്ച, തിളങ്ങുന്ന പിച്ചളപോലെ; സ്വരം
16. പെരുവെള്ളത്തിന്റേതുപോലെയും, അവന്റെ വലത്തുകൈയിൽ ഏഴു നക്ഷ
ത്രങ്ങൾ; വായിൽ നിന്നു പുറത്തേക്കുവരുന്ന മൂർച്ചയുള്ള ഇരുവായ്ത്തല
വാൾ; വദനം പൂർണ്ണശക്തിയോടെ പ്രകാശിക്കുന്ന സൂര്യനെപ്പോലെ.

**1, 12** പിന്നിൽ നിന്നു കേട്ട ശബ്ദം ശ്രദ്ധിക്കാനായി (കാണാൻ എന്നാണ് മൂലത്തിന്റെ വാച്യാർത്ഥം) യോഹന്നാൻ തിരിഞ്ഞപ്പോൾ ആദ്യമേ കാണുന്നത് ശബ്ദത്തിന്റെ സ്രോതസ്സല്ല, സ്വർണ്ണത്തിൽതീർത്ത ഏഴു വിളക്കുകാലുകളാണ്. പുറ 25,31–37ൽ ഏഴു ശാഖകളുള്ള ഒരു സുവർണ്ണദീപപീഠം നിർമ്മിക്കാൻ ദൈവം മോശയ്ക്കു കല്പ നല്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു പില്ക്കാലത്ത് ഇസ്രായേൽ ജനത്തിന്റെ പ്രതീകമായി മാറി. യോഹന്നാൻ കാണുന്നത് ഏഴു ശാഖകളുള്ള ഒരു ദീപപീഠമല്ല, ഏഴു ദീപപീഠങ്ങളാണ്. ഇവ ഏഴു സഭകളുടെ പ്രതീകങ്ങളാണെന്ന് 1,20 ൽ വിശദീകരിക്കുന്നു. അന്ധകാരാവൃതമായ ലോകത്തിൽ പ്രകാശമായി വർത്തിക്കേണ്ടതാണ് യേശുവിന്റെ സഭ (മത്താ 5,4–16). പ്രകാശം പ്രസരിപ്പിക്കാത്ത സഭയ്ക്കു നിലനില്ക്കാൻ അവകാശമില്ല (വെളി 2,5).

തുടർന്നുള്ള അഞ്ചു വാക്യങ്ങളിൽ മനുഷ്യപുത്ര ദർശനമാണ് യോഹന്നാൻ വിവരിക്കുന്നത്. ഈ വിവരണത്തിന്റെ അടിസ്ഥാനത്തിൽ യേശുക്രിസതുവിന്റെ ബാഹ്യരൂപം ഭാവനയിൽ സങ്കല്പിക്കാനല്ല, വിവരണത്തിലെ ഓരോ ഘടകത്തിന്റെയും പ്രതീകാത്മകമായ അർത്ഥം കണ്ടെത്താനാണ് ശ്രമിക്കേണ്ടത്. കാരണം, യേശുക്രിസ്തുവിന്റെ ചിത്രം വരയ്ക്കാനല്ല, യേശു ആരെന്നു വ്യക്തമാക്കാനാണ് ഗ്രന്ഥകാരൻ ശ്രമിക്കുന്നത്. അതിനായി പഴയനിയമത്തിലെ പല ഭാഗങ്ങളും യോഹന്നാൻ ഉപയോഗിച്ചിട്ടുണ്ട്.

*1, 13 മനുഷ്യപുത്രൻ* എന്ന സംജ്ഞ ദാനിയേൽ 7, 13 നോടു ബന്ധപ്പെട്ടതാണ്. സിംഹാസനസ്ഥനായ ദൈവത്തിന്റെ സന്നിധിയിലേക്ക് വാനമേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്ന മനുഷ്യപുത്രൻ ദാനിയേലിന്റെ ദർശനത്തിൽ മഹത്വീകൃതമായ ദൈവജനത്തിന്റെയും, ഒപ്പം വരാനിരിക്കുന്ന രക്ഷകനായ മിശിഹായുടെയും പ്രതീകമാണ്. "ഇതാ വാനമേഘങ്ങളോടെ അവൻ വരുന്നു" (വെളി 1,7) എന്ന പ്രഖ്യാപനത്തിലൂടെ യോഹന്നാൻ മനുഷ്യപുത്രദർശനത്തിനു വഴിയൊരുക്കിയിട്ടുണ്ട്. മഹത്വീകൃതനായ യേശുക്രിസ്തുവാണ് ഇവിടെ മനുഷ്യപുത്രനായി ചിത്രീകരിക്കപ്പെടുന്നത്. യേശു തന്നെക്കുറിച്ചു പറയാൻ ഏറ്റം കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഒരു പേരാണിത്. ദൈവികമഹത്വം മാറ്റിവെച്ച്, സ്വയം ശൂന്യവത്ക്കരിച്ച്, മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ് (ഫിലി 2,6-8) മനുഷ്യപുത്രൻ. മരണവും ഉത്ഥാനവും വഴി മഹത്വീകരിക്കപ്പെടുകയും വിധിയാളനായി വീണ്ടും വരാനിരിക്കുകയും ചെയ്യുന്ന യേശുക്രിസ്തുവിനെ ഇവിടെ മനുഷ്യപുത്രൻ എന്നു വിളിക്കുന്നു.

*പാദം വരെ നീണ്ടുകിടക്കുന്ന മേലങ്കി* പുരോഹിതവേഷമാണ് (പുറ 28,4; ലേവ്യ 16,4). *സ്വർണ്ണംകൊണ്ടുള്ള ഇടക്കച്ച* രാജത്വത്തിന്റെ സൂചനയാണ്. സ്വർണ്ണനൂൽ ഇടകലർത്തി ചിത്രത്തുന്നലോടെ നെയ്തെടുത്ത ഇടക്കച്ച മാറോടടുത്തു ധരിക്കുന്നത് പ്രധാനപുരോഹിതന്റെ വേഷത്തിന്റെ ഭാഗമായിരുന്നു എന്ന് യഹൂദചരിത്രകാരനായ ജൊസേഫൂസ് രേഖപ്പെടുത്തിയിട്ടുണ്ട് (Jewish Antiquities III, 7, 4). യേശുവിനെ പ്രധാന പുരോഹിതനും രാജാവുമായി ചിത്രീകരിക്കുന്നതാണ് ഈ വേഷം. ദാനി 10, 5 - ൽ നിന്നു കടം കൊണ്ടതാണ് ഈ വിവരണം.

*1, 14 വെളുത്ത തലയും മുടിയും* ദാനി 7,9 ൽ സിംഹാസനസ്ഥനായ ദൈവത്തിന്റെ വിവരണത്തിനായി ഉപയോഗിച്ചിരുന്നു. കമ്പിളിപോലെ വെളുത്തമുടി പ്രായത്തെ സൂചിപ്പിക്കുന്നു. പുരാതനനായവൻ എന്നാണ് ദാനിയേൽ പറയുന്നത്. നിത്യനായ ദൈവം എന്നാണ് സൂചന. *മഞ്ഞുപോലെ ധവളം* എന്ന പ്രയോഗമാകട്ടെ പരിശുദ്ധിയെ സൂചിപ്പിക്കുന്നു (ഏശ 1,18). നിത്യനും പരിശുദ്ധനുമായ ദൈവത്തിനു തുല്യനാണ് മനുഷ്യപുത്രൻ എന്ന് ഈ വിവരണം ദ്യോതിപ്പിക്കുന്നു. *തീജ്വാലപോലുള്ള നയനങ്ങൾ* (ദാനി 10,6) ആഴത്തിൽ ചൂഴ്ന്നിറങ്ങുന്നവയാണ്. ഏഴു സഭകളുടെ അന്തരാത്മാവിലേക്കു മാത്രമല്ല, ചരിത്രത്തിന്റെ നിഗൂഢതകളിലേക്കു തന്നെ ഇറങ്ങിച്ചെന്ന് എല്ലാം കാണുന്ന ദൈവികജ്ഞാനത്തെയാണ് ജ്വലിക്കുന്ന കണ്ണുകൾ സൂചിപ്പിക്കുന്നത്. മനുഷ്യപുത്രൻ സർവ്വജ്ഞനാണ്. ഒരു രഹസ്യവും അവനിൽ നിന്ന് ഒളിഞ്ഞിരിക്കുന്നില്ല.



*1, 15 തിളങ്ങുന്ന പിച്ചളപോലുള്ള പാദങ്ങൾ* (ദാനി 10, 6; എസെ 1, 7) ഉറപ്പും വേഗതയും സൂചിപ്പിക്കുന്നവയാണ്. യേശു ക്രിസ്തു ഇന്നും എന്നും ഒരുവൻ തന്നെ (ഹെബ്ര 13, 8). ഉറപ്പുള്ള പാദങ്ങൾ സ്ഥിരതയെയും തിളങ്ങുന്ന പാദങ്ങൾ വേഗതയെയും സൂചിപ്പിക്കുന്നു. തന്നിൽ വിശ്വാസമർപ്പിക്കുന്നവർ എവിടെയായാലും അവരുടെ സഹായത്തിനെത്താൻ അവൻ വൈകുകയില്ല. *പെരുവെള്ളത്തിന്റെ ഇരമ്പൽപോലുള്ള ശബ്ദം* ദൈവത്തിന്റെ ശക്തമായ ആജ്ഞാസ്വരമാണ് (സങ്കീ 29, 3-9; എസെ 43,2). സകലസൃഷ്ടികളും അവന്റെ കല്പനയനുസരിക്കുന്നു. *വലതുകൈയിലെ ഏഴു നക്ഷത്രങ്ങൾ* സഭകളുടെ പ്രതീകങ്ങളാണെന്ന് 1,20 ൽ വ്യാഖ്യാനിക്കുന്നുണ്ട്. അതോടൊപ്പം ആകാശവിശാലതയെ ചാണിൽ ഒതുക്കുന്ന (ഏശ 40,12) സർവ്വാധിപനായ കർത്താവിന്റെ ചിത്രവുമാണിത്. ആകാശഗോളങ്ങളെ കൈയിൽ വഹിക്കുന്നവൻ പ്രപഞ്ച സ്രഷ്ടാവുതന്നെയാണ്. സമസ്തവും അവനിലൂടെ ഉണ്ടായി; ഉണ്ടായതൊന്നും അവനെകൂടാതെ ഉണ്ടായിട്ടില്ല (യോഹ 1,3) എന്ന വിശ്വാസപ്രഖ്യാപനത്തിന്റെ ചിത്രീകരണമായി ഇതിനെ കരുതാവുന്നതാണ്.

*1, 16 വായിൽ നിന്നു പുറത്തേക്കു വരുന്ന ഇരുവായ്ത്തലവാൾ* ദൈവവചനത്തെയാണ് സൂചിപ്പിക്കുന്നത്. വാൾ ശിക്ഷാവിധി നടപ്പാക്കുന്ന ആയുധമാണ്. റോമാസാമ്രാജ്യത്തിൽ മരണശിക്ഷ നല്കാനുള്ള അധികാരത്തെ വാളിന്റെ അധികാരം (Jus gladii) എന്നു വിളിച്ചിരുന്നു. വിധിയാളനായ മനുഷ്യപുത്രനാണ് വാളുമായി പ്രത്യക്ഷപ്പെടുന്നത്. ഹൃദയവികാരങ്ങളെ വിവേചിച്ചറിഞ്ഞു വിധി പ്രസ്താവിക്കുന്ന വാളാണ് ദൈവവചനം (ഹെബ്രായ 4, 12). തിന്മയുടെ ശക്തിയെ ഉന്മൂലനം ചെയ്യാനായി വരുന്ന മനുഷ്യപുത്രൻ തന്റെ വായിലെ വാൾകൊണ്ട് ശിക്ഷാവിധി നടപ്പാക്കും (വെളി 19, 21).

*സൂര്യനെപ്പോലെ പ്രകാശിക്കുന്ന വദനം* ദൈവത്വത്തിന്റെ സൂചനയാണ്. പരസ്യജീവിതകാലത്ത് ഒരിക്കൽ യേശു തന്റെ മഹത്വം തിരഞ്ഞെടുക്കപ്പെട്ട മൂന്നു ശിഷ്യന്മാർക്കു വെളിപ്പെടുത്തിയത് ഇപ്രകാരമായിരുന്നു (മത്താ 17,2). ആ ദർശനം ലഭിച്ചവരിൽ ഒരാളായിരുന്നു അപ്പസ്തോലനായ യോഹന്നാൻ. മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ മഹത്വമാണ് മനുഷ്യപുത്രന്റെ മുഖത്തെ സൂര്യനെ വെല്ലുന്ന ശോഭയോടെ പ്രകാശമാനമാക്കുന്നത്.

### 3. പ്രതികരണം 1, 17-20

17. അവനെ കണ്ടപ്പോൾ ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. അപ്പോൾ അവൻ വലത്തുകൈ എന്റെ മേൽ വച്ചുകൊണ്ടു പറഞ്ഞു: ഭയപ്പെ
18. ടേണ്ടാ, ഞാനാണ് ആദ്യനും, അന്ത്യനും, ജീവിക്കുന്നവനും. ഞാൻ മരിച്ചവ

നായിരുന്നു; എന്നാൽ, ഇതാ ഞാൻ എന്നേക്കും ജീവിക്കുന്നു. മരണത്തി
ന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈയിലുണ്ട്. അതിനാൽ
19. ഇപ്പോൾ ഉള്ളവയും ഇവയ്ക്കു ശേഷം സംഭവിക്കാനിരിക്കുന്നവയുമായി നീ
20. ദർശനത്തിൽ കാണുന്ന സകലതും രേഖപ്പെടുത്തുക. എന്റെ വലത്തു കൈ
യിൽ നീ കാണുന്ന ഏഴു നക്ഷത്രങ്ങളുടെയും ഏഴു സ്വർണ്ണദീപപീഠങ്ങളുടെ
യും രഹസ്യം ഇതാണ്: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരും ഏഴു
ദീപപീഠങ്ങൾ ഏഴു സഭകളും ആകുന്നു.

**1.17** അഭൗമികമായ ദർശനത്തിനു മുമ്പിൽ ഭയന്നു വിറയ്ക്കുകയും കമിഴ്ന്നുവീഴുകയും ചെയ്യുക ബൈബിളിലും അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിലും സാധാരണ കാണുന്ന ഒരു പ്രതികരണമാണ് (എസെ 1,28; ദാനി 8,18). ദൈവത്തെ മുഖാഭിമുഖം ദർശിച്ചാൽ മനുഷ്യൻ മരിച്ചുപോകും എന്ന വിശ്വാസം പഴയനിയമത്തിൽ പലതവണ ആവർത്തിച്ചിട്ടുണ്ട് (ന്യായാ 13,22; ഏശ 6,5). വിശുദ്ധനും സർവ്വശക്തനുമായ ദൈവത്തിന്റെ സന്നിധിയിൽ നില്ക്കാൻ പാപിയായ മനുഷ്യന് അർഹതയില്ല എന്ന സത്യം വിളിച്ചറിയിക്കുന്നതാണ് ഈ പ്രതികരണം (ലൂക്കാ 5, 8). ഭയത്തോടും ആദരവോടും കൂടെ മാത്രമേ മനുഷ്യന് ദൈവസന്നിധിയിലേക്ക് കടന്നു വരാൻ കഴിയൂ. മരിച്ചവനെപ്പോലെ മനുഷ്യപുത്രന്റെ കാല്ക്കൽ വീണ യോഹന്നാൻ അവന്റെ ദൈവികത ഏറ്റുപറയുന്നു.

*ഭയപ്പെടേണ്ടാ* എന്ന വചനം യേശുവിൽനിന്നു ശിഷ്യന്മാർ പലതവണ കേട്ടിട്ടുള്ളതാണ് (ലൂക്കാ 5,10; മത്താ 17,7). തുടർന്നുള്ള മൂന്നു വിശേഷണങ്ങൾ – ആദ്യനും അന്ത്യനും ജീവിക്കുന്നവനും – പഴയനിമയത്തിൽ ദൈവത്തിനു മാത്രം ഉപയോഗിക്കുന്നവയാണ് (ഏശ 44,6; 48,12). ആൽഫായും ഒമേഗയും (വെളി 1,8) എന്നു ദൈവം സ്വയം വിശേഷിപ്പിക്കുന്നതിനുള്ള അർത്ഥം തന്നെയാണ് ഇതിനുമുള്ളത്. എല്ലാറ്റിന്റെയും മുമ്പേ ഉണ്ടായിരുന്നവൻ അനാദിയാണ്; എല്ലാറ്റിന്റെയും അവസാനം ഉണ്ടായിരിക്കുന്നവൻ അനന്തനാണ്. ആരംഭവും അവസാനവുമില്ലാത്തവൻ, സർവ്വതിന്റെയും ഉറവിടവും ലക്ഷ്യവുമായവൻ ദൈവമാണ്. ഈ വിശേഷണം ദർശനത്തിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യപുത്രന്റെ ദൈവത്വം വ്യക്തമാക്കുന്നു.

*ജീവിക്കുന്നവൻ* എന്നതിന് തന്നിൽതന്നെ ജീവൻ ഉള്ളവൻ, ജീവന്റെ ഉടയവൻ, എന്നാണ് ബൈബിൾ നല്കുന്ന അർത്ഥം. ഈ അർത്ഥത്തിൽ ഇതും ദൈവത്തിന്റെ മാത്രം വിശേഷണമാകുന്നു. സൃഷ്ടികളെല്ലാം ജീവിക്കുന്നത് ജീവന്റെ ഉടയവനിൽ നിന്നു ദാനമായി ലഭിച്ച ജീവനാലാണ് (യോഹ 1, 3–4).

**1.18** തന്റെ മരണവും ഉത്ഥാനവും വഴി യേശുക്രിസ്തു മരണത്തിന്മേൽ വിജയം വരിച്ചു. "മൃതരിൽ നിന്നുള്ള ആദ്യജാതൻ" (വെളി 1, 5)



എന്ന ആശയം ഇവിടെ കൂടുതൽ വിശദമാക്കുന്നു. മരിച്ച് ഉയിർത്തെഴുന്നേറ്റവൻ ഇനി മരിക്കുകയില്ല. എന്നേക്കും ജീവിക്കുന്നവനാണ് ഭയപ്പെടേണ്ടാ എന്നു പറയുന്നത്. തങ്ങൾക്കു പ്രിയപ്പെട്ടതും വിലപ്പെട്ടതുമായ എല്ലാം നഷ്ടപ്പെടുകയും, ശാരീരികമായ മരണത്തെത്തന്നെ നേരിടുകയും ചെയ്യുന്ന സഭാസമൂഹത്തിന് ധൈര്യവും പ്രത്യാശയും പ്രദാനം ചെയ്യുന്നതാണ് ഈ പ്രഖ്യാപനം.

*താക്കോലുകൾ കൈവശമുണ്ടായിരിക്കുക* അധികാരത്തെ സൂചിപ്പിക്കുന്നു. മരിച്ചവർ വിശ്രമിക്കുന്ന സ്ഥലമായിട്ടാണ് പാതാളം ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത്യ *ഹാദെസ്* എന്ന് ഗ്രീക്കിലും *ഷെയോൽ* എന്നു ഹീബ്രുവിലും അറിയപ്പെടുന്ന ഇത് നിത്യശിക്ഷയുടെ സ്ഥലമായ നരകത്തിൽ നിന്നു വ്യത്യസ്തമായി സങ്കല്പിക്കപ്പെടുന്നു. മരണത്തിന്മേൽ ദൈവത്തിനു മാത്രമേ ആധിപത്യമുള്ളൂ. പാതാളത്തിന്റെ താക്കോൽ കൈവശമുള്ളന് ജീവിച്ചിരിക്കുന്നവരെ മരണത്തിന് ഏല്പിച്ചുകൊടുക്കാനും മരിച്ചവരെ ജിവിപ്പിക്കാനും കഴിയും. ഈ അധികാരവും യേശുവിന്റെ ദൈവത്വത്തെ സൂചിപ്പിക്കുന്നു. ജീവന്റെ നാഥനും മരണത്തിന്റെ അധിപനുമായവനിൽ വിശ്വസിക്കുന്നവർ ഭയപ്പെടേണ്ടതില്ല; അവർ മരിച്ചാലും ജീവിക്കും (യോഹ 5,21; 11,25–26). അതിനാൽ മരണത്തിന്റെ ഭീകരത നഷ്ടപ്പെട്ടിരിക്കുന്നു (1 കോറി 15,55; 2 തിമോ 1,10).

**1,19** ജീവന്റെയും മരണത്തിന്റെയും നാഥനാണ് യോഹന്നാനു കല്പന നല്കുന്നത് എന്നു വ്യക്തമാക്കാൻ വേണ്ടി *അതുകൊണ്ട്* എന്ന സമുച്ചയപദത്തിലൂടെ മുൻവാക്യവുമായി ഇതിനെ ബന്ധിപ്പിച്ചിരിക്കുന്നു. ദർശനത്തിന്റെ ആരംഭത്തിൽ നല്കിയ എഴുതാനുള്ള ദൗത്യം ആവർത്തിച്ചുറപ്പിക്കുകയാണിവിടെ. ഈ വാചകം (1,19) വെളിപാടു പുസ്തകത്തെ വ്യക്തമായും രണ്ടു ഭാഗങ്ങളായി തിരിക്കുന്നു. ഇപ്പോൾ ഉള്ളവ സഭയുടെ അവസ്ഥയെ സൂചിപ്പിക്കുന്നു. 2–3 അധ്യായങ്ങളിലെ ഏഴു ലേഖനങ്ങൾ ഇതിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്; 4–22 അധ്യായങ്ങളാകട്ടെ സംഭവിക്കാനിരിക്കുന്നവയെക്കുറിച്ചും. രണ്ടും ദർശനങ്ങളിലൂടെ യേശുക്രിസ്തു യോഹന്നാനു വെളിപ്പെടുത്തികൊടുക്കുന്നതാണ്.

**1,20** മനുഷ്യപുത്രന്റെ വലത്തുകൈയിലുള്ള നക്ഷത്രങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു എന്നതിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായമുണ്ട്. *സഭകളുടെ ദൂതന്മാർ* എന്നതുകൊണ്ട് ഓരോ പ്രാദേശിക സഭയുടെയും കാവൽ ദുതന്മാരായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാലാഖമാരാണ് അവർ എന്നു കരുതുന്നവരുണ്ട്. ഓരോ ജനതയ്ക്കും സംരക്ഷകരായി ദൈവദൂതന്മാർ നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്ന വിശ്വാസമാണ് (ദാനി 10,13) ഈ വിശദീകരണത്തിനു പിൻബലമായുള്ളത്. എന്നാൽ ദൈവദൂതന്മാർക്കു ലേഖനം എഴു

തുകയും അവരെ വീഴ്ചകളുടെ പേരിൽ ശാസിക്കുകയും ചെയ്യുന്നത് അസ്വാഭാവികമാണ്.

ഓരോ സഭയുടെയും അധികാരികളെയാണ് ഇവിടെ ഉദ്ദേശിക്കുന്ന തെന്ന് മറ്റു ചിലർ കരുതുന്നു. *ദൂതൻ* എന്ന വാക്കിന് *സന്ദേശവാഹകൻ* എന്ന അർത്ഥമാണുള്ളത്. സഭാസമൂഹത്തെ സന്ദേശം അറിയിക്കുന്നതിനായി സഭാധികാരി (മെത്രാൻ) ദൂതനായി പരിഗണിക്കപ്പെട്ടതായിരിക്കാം. സഭാധി കാരികളുടെ പേരിൽ അയയ്ക്കുന്ന ലേഖനം സഭയെ മുഴുവൻ ബാധിക്കുന്ന താണ്. അതിനാൽ സഭയുടെ ദൂതൻ സഭാധികാരിയുടെയും, ഒപ്പം സഭയു ടെതന്നെയും പ്രതീകമാണ് എന്നനുമാനിക്കാം.

സഭകളെ കൈയിൽ വഹിക്കുന്ന മനുഷ്യപുത്രൻ സർവ്വശക്തനാണ്. വലതുകൈ ശക്തിയുടെ പ്രതീകമാണ്. അവന്റെ കൈയിൽ നിന്ന് ആർക്കും ഒന്നും പിടിച്ചെടുക്കുക സാധ്യമല്ല (ഏശ 43, 13). നാഥൻ സ്വന്തം കൈയിൽ വഹിക്കുന്ന സഭ സുരക്ഷിതമാണ്. ഈ ചിത്രം (ഏശ 49, 16) നാഥനു സഭ യോടുള്ള സ്നേഹവും അടുപ്പവും വ്യക്തമാക്കുന്നു. ഉത്ഥിതനായ നാഥൻ അദൃശ്യനെങ്കിലും സഭയിൽനിന്നകന്നു പോയിട്ടില്ല എന്ന് ദീപപീഠങ്ങൾക്കു മധ്യേ നില്ക്കുന്ന മനുഷ്യപുത്രന്റെ ചിത്രം വ്യക്തമാക്കുന്നു. സഭകളെ ദീപങ്ങളായിട്ടല്ല, ദീപപീഠങ്ങളായിട്ടാണ് ഇവിടെ ചിത്രീകരിക്കുന്നത്. യേശു ക്രിസ്തുവാകുന്ന പ്രകാശം ലോകമെങ്ങും പ്രസരിപ്പിക്കുകയാണ് സഭയുടെ ദൗത്യം; ക്രിസ്തുവിനു പകരം നില്ക്കുകയില്ല.

B B B B B



# 3. സഭകൾക്കുള്ള ലേഖനങ്ങൾ
## 2,1-3,22

ഏഷ്യയിലെ ഏഴു സഭകൾക്കുള്ള ലേഖനങ്ങളായിട്ടാണ് ഈ ഭാഗം അവതരിപ്പിച്ചിരിക്കുന്നത്. എങ്കിലും പുതിയ നിയമത്തിലെ ഇതരലേഖനങ്ങ ളിൽ നിന്നും ഇവയ്ക്ക് ഏറെ വ്യത്യാസമുണ്ട്. ലേഖനങ്ങളിൽ പതിവായി കാണുന്ന അഭിവാദനങ്ങളോ ആശംസകളോ സമാപനാശീർവ്വാദങ്ങളോ ഇവ യിലില്ല. മറിച്ച്, പഴയനിമയത്തിലെ പ്രവാചകന്മാരുടെ പ്രഘോഷണങ്ങളോട് ഈ ലേഖനങ്ങൾക്ക് ഏറെ സാമ്യമുണ്ട്. ലേഖനരൂപത്തിലെഴുതിയ പ്രവച നങ്ങളാണിവ. സഭകളെക്കുറിച്ചുള്ള ക്രിസ്തു നാഥന്റെ വിലയിരുത്തലും വിമർശനങ്ങളും ശാസനകളും പ്രോത്സാഹനങ്ങളും ആണ് ഈ ലേഖനങ്ങ ളുടെ ഉള്ളടക്കം.

ലേഖനങ്ങൾക്കെല്ലാം പൊതുവായ ഒരു ഘടനയുണ്ട്.

1. ഓരോ സഭയ്ക്കും എഴുതാനുള്ള കല്പന
2. മനുഷ്യപുത്രദർശനത്തിലെ ഏതെങ്കിലും ഒരു ഘടകം
3. സഭയുടെ നേട്ടങ്ങളെ എടുത്തുകാട്ടി നല്കുന്ന പ്രശംസ
4. വീഴ്ചകളും കോട്ടങ്ങളും ചൂണ്ടിക്കാട്ടി ശാസന
5. മാനസാന്തരത്തിന് ആഹ്വാനം - ഉറച്ചുനില്ക്കാൻ പ്രചോദനം
6. ശിക്ഷയുടെ മുന്നറിയിപ്പ്
7. യുഗാന്തോന്മുഖമായ വാഗ്ദാനം (20-22 അധ്യായങ്ങളിൽ ഇവയുടെ പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്)
8. ആത്മാവിന്റെ സന്ദേശം ശ്രവിക്കാൻ ആഹ്വാനം.

സന്ദേശം ആർക്ക് ആർ അയയ്ക്കുന്നു എന്നു പറഞ്ഞതിനുശേഷം "ഞാൻ അറിയുന്നു" എന്ന മുഖവുരയുമായിട്ടാണ് വിലയിരുത്തൽ ആരംഭി ക്കുന്നത്. എല്ലാം അറിയുന്നവൻ സഭയെ സൂക്ഷ്മമായ നിരീക്ഷണത്തിനു വിധേയമാക്കുന്നു. രണ്ടു സഭകൾക്ക് (സ്മിർണ, ഫിലാദെൽഫിയാ) ശകാര മൊന്നും ലഭിക്കുന്നില്ല. മറ്റു രണ്ടു സഭകൾക്കാകട്ടെ (സാർദിസ്, ലാവോദി ക്യാ) ശകാരമേ കിട്ടുന്നുള്ളു. സഭകളെയും വ്യക്തികളെയും ഉള്ളിൽനിന്നു കാണുന്ന ക്രിസ്തുനാഥനാണ് ഇവിടെ സംസാരിക്കുന്നത്. ഓരോ സഭയ്ക്കും നല്കുന്ന സന്ദേശങ്ങൾ എല്ലാം കൂടി ഒരുമിച്ചു പരിഗണിക്കുമ്പോൾ ആഗോ

ളസഭയുടെ ചിത്രമാണ് ലഭിക്കുക. ഓരോ പ്രാദേശിക സഭയ്ക്കും ഓരോ വ്യക്തിക്കും ക്രിസ്തുവിന്റെ മുമ്പിലുള്ള തന്റെ അവസ്ഥ മനസ്സിലാക്കാനുതകുന്ന മുഖക്കണ്ണാടിയായി ഈ ലേഖനങ്ങളെ കാണാവുന്നതാണ്.

## 1. എഫേസോസിലെ സഭയ്ക്ക് 2, 1-7

1. എഫേസോസിലെ സഭയുടെ ദൂതന് എഴുതുക: വലതുകൈയിൽ ഏഴു നക്ഷ
ത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണ്ണ ദീപപീഠങ്ങൾക്കു മധ്യേ നടക്കുന്നവൻ
2. ഇപ്രകാരം പറയുന്നു: നിന്റെ പ്രവൃത്തികൾ, നിന്റെ പ്രയത്നങ്ങളും ക്ഷമാപൂർ
വ്വമായ ഉറച്ചുനില്പും ദുഷ്ടരോടുള്ള അസഹിഷ്ണുതയും, ഞാൻ അറിയു
ന്നു. അപ്പസ്തോലന്മാരെന്നു പറയുകയും എന്നാൽ, അങ്ങനെയല്ലാതിരിക്കു
കയും ചെയ്യുന്നവരെ പരിശോധിച്ച് അവർ നുണ പറയുന്നവരാണെന്നു നീ
3. കണ്ടുപിടിച്ചു. തീർച്ചയായും ക്ഷമാപൂർവ്വം ഉറച്ചു നില്ക്കാൻ തക്ക കഴിവു
നിനക്കുണ്ട്. എന്റെ നാമത്തെപ്രതി പീഡകൾ സഹിച്ചിട്ടും നീ തളർന്നില്ല.
4. എങ്കിലും നിനക്കെതിരേ എനിക്കൊന്നു പറയാനുണ്ട്. നിനക്ക് ആദ്യമുണ്ടായി
5. രുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ നീ ഏതവസ്ഥയിൽനിന്നാണ്
അധഃപതിച്ചതെന്ന് ഓർമ്മിക്കുക. മനസുതിരിഞ്ഞ് ആദ്യത്തെ പ്രവൃത്തികൾ ചെ
യ്യുക. അല്ലെങ്കിൽ ഞാൻ നിന്റെ അടുത്തുവരുകയും നിന്റെ ദീപപീഠം അതിന്റെ
6. സ്ഥലത്തു നിന്നു നീക്കിക്കളയുകയും ചെയ്യും. എന്നാൽ നിനക്ക് ഈ ഗുണ
മുണ്ട്: നിക്കൊളാവോസ് പക്ഷക്കാരുടെ ചെയ്തികൾ നീ വെറുക്കുന്നു. അവ
7. യെ ഞാനും വെറുക്കുന്നു. ആത്മാവ് സഭകളോട് അരുളിച്ചെയ്യുന്നതെന്തെന്ന്
ചെവിയുള്ളവൻ കേൾക്കട്ടെ. വിജയം വരിക്കുന്നവന് ദൈവത്തിന്റെ പറുദീ
സായിലുള്ള ജീവന്റെ വൃക്ഷത്തിൽ നിന്നും ഞാൻ ഭക്ഷിക്കാൻ കൊടുക്കും.

**2.1** ഏഴു ലേഖനങ്ങളിൽ ആദ്യത്തേത് എഫേസോസിലെ സഭയ്ക്കാണ് എഴുതുന്നത്. റോമാസാമ്രാജ്യത്തിന്റെ പശ്ചിമ-പൗരസ്ത്യ ഭാഗങ്ങൾക്ക് മധ്യേ നില്ക്കുന്ന ഏറ്റം പ്രധാനപ്പെട്ട തുറമുഖ നഗരമായിരുന്നു എഫേസോസ്. ഏഷ്യയിലെ പ്രമുഖ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാജപാത ഇവിടെ നിന്നാണ് ആരംഭിക്കുന്നത്. പ്രമുഖ വാണിജ്യകേന്ദ്രം, തീർത്ഥാടനകേന്ദ്രം, എന്നിങ്ങനെയുള്ള ബഹുമതികൾ എഫേസോസിനുണ്ടായിരുന്നു. 50,000 പേർക്ക് ഇരിക്കാവുന്ന ഏഷ്യയിലെ ഏറ്റവും വലിയ ആംഫിതിയേറ്ററും എഫേസോസിൽ തന്നെ ആയിരുന്നു. ഇതിനെക്കാൾ എല്ലാം ഉപരി എഫേസോസിനെ ലോകപ്രസിദ്ധമാക്കിയത് ഗ്രീക്കിൽ അർത്തേമിസ് എന്നും ലത്തീനിൽ ഡയാന എന്നും അറിയപ്പെടുന്ന ഫലപുഷ്ടിയുടെ ദേവതയുടെ ക്ഷേത്രമാണ്. ബി.സി. 356-ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി ജനിച്ച ദിവസം ഈ ക്ഷേത്രം അഗ്നിക്കിരയായി. പുതുക്കിപ്പണിത ക്ഷേത്രം പുരാതനകാലത്തെ ഏഴു മഹാത്ഭുതങ്ങളിൽ ഒന്നായി പ്രകീർത്തിക്കപ്പെട്ടിരുന്നു. രോഗശാന്തിയും സന്താനലബ്ധിയും അതുപോലുള്ള മറ്റ് അനുഗ്രഹങ്ങളും തേടി പതിനായി



രങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അവിടെ വന്നിരുന്നു. ഫലപുഷ്ടിയുടെ ദേവതയ്ക്കുള്ള ആരാധനയുമായി ബന്ധപ്പെട്ട് ലൈംഗികാരാജകത്വം നടമാടിയിരുന്നതിനാലും എല്ലാത്തരം കുറ്റവാളികൾക്കും ക്ഷേത്രം അഭയം നല്കിയിരുന്നതിനാലും ധാർമ്മികാധഃപതനത്തിന്റെ ഉറവിടമായും ഈ ക്ഷേത്രം പരിണമിച്ചു.

വി. പൗലോസ് മൂന്നു വർഷത്തിലേറെ ഇവിടെ താമസിച്ച് സുവിശേഷം പ്രസംഗിച്ചു (അപ്പ 19). തദ്ഫലമായി അനേകർ ക്രിസ്തുമതം സ്വീകരിച്ചു. ലോകപ്രസിദ്ധിയാർജ്ജിച്ചിരുന്ന എഫേസോസിലെ മാന്ത്രികച്ചുരുളുകൾ കെട്ടുകണക്കിനു കത്തിച്ചതും (അപ്പ 19,19) ജോലി നഷ്ടപ്പെട്ട വിഗ്രനിർമ്മാതാക്കൾ പൗലോസിനെതിരേ ജനങ്ങളെ ഇളക്കിവിട്ടതും (അപ്പ 19, 23-31) സുവിശേഷപ്രഘോഷണത്തിന്റെ വിജയത്തിനു തെളിവാണ്. തിമോത്തേയോസ് എഫേസോസിലെ പ്രഥമമെത്രാനായിരുന്നു (1 തിമോ 1,3). വി. യോഹന്നാൻ, പരിശുദ്ധ കന്യകാമറിയത്തോടൊപ്പം, ദീർഘകാലം എഫേസോസിൽ താമസിച്ചിരുന്നതായി പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നു. ഏഷ്യാ പ്രവിശ്യയിലെ സഭകളിൽ ഏറ്റം പ്രധാനപ്പെട്ടതായിരുന്നു എഫേസോസിലെ സഭ. ഒരു അതിരൂപതയുടെ സ്ഥാനമാണ് ഇതിനുണ്ടായിരുന്നത്.

മനുഷ്യപുത്രപ്രദർശനത്തിൽ നിന്നെടുത്ത (1, 13-16) രണ്ടു വിശേഷണങ്ങളാണ് യേശുക്രിസ്തുവിനു നല്കിയിരിക്കുന്നത്. ഏഷ്യയിലെ സഭകളിൽ എഫേസോസിനുള്ള പ്രത്യേകസ്ഥാനത്തെ സൂചിപ്പിക്കുന്നതാണ് ഈ വിശേഷണങ്ങൾ. *സപ്തതാരങ്ങൾ കൈയിൽ വഹിക്കുന്നവൻ* എല്ലാ സഭകളെയും ഒരുപോലെ സ്നേഹിച്ചു പരിപാലിക്കുന്നവനാണ്. *സപ്തദീപപീഠങ്ങൾക്കു മധ്യേ നടക്കുന്നവൻ* ആഗോളസഭയിൽ നിരന്തരം സന്നിഹിതനും പ്രവർത്തനനിരതനുമാണ്. എല്ലാ പ്രാദേശിക സഭകളെയും വിശ്വാസികളെയും നേരിട്ട് അറിയുകയും കാത്തു പരിപാലിക്കുകയും ചെയ്യുന്ന ക്രിസ്തുവാണ് ഏഷ്യയിലെ സഭകളിൽ പ്രമുഖസ്ഥാനം അലങ്കരിക്കുന്ന എഫേസോസിലെ സഭയോടു സംസാരിക്കുന്നത്.

**2.2** സഭയുടെ ക്ലേശങ്ങളും ദുഃഖങ്ങളും പ്രശ്നങ്ങളും നന്നായി അറിയാവുന്നതാണ് ക്രിസ്തു. *നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു* എന്ന മുഖവുരയുമായാണ് എല്ലാ സഭകൾക്കുമുള്ള സന്ദേശം ആരംഭിക്കുന്നത്. പ്രവൃത്തികൾ എന്തൊക്കെയാണെന്ന് തുടർന്ന് വിശദീകരിക്കുന്നു. *പ്രയത്നങ്ങൾ* സുവിശേഷ പ്രഘോഷണത്തിനായുള്ള കഠിനാധ്വാനമാണ്. വി.പൗലോസിൽ നിന്നു ലഭിച്ച മാതൃക (അപ്പ 20,17-35) അവർ കണിശമായി അനുകരിച്ചു. പീഡനങ്ങൾ വകവയ്ക്കാതെ യേശുവിന്റെ ആഹ്വാനം അനുസരിച്ച് (മത്താ 10,22; ലൂക്കാ 21,19) അവർ വിശ്വാസത്തിൽ *ക്ഷമാപൂർവ്വം ഉറച്ചു*

*നിന്നു. ദുഷ്ടന്മാരോടുള്ള അസഹിഷ്ണുത*യാണ് പ്രശംസയ്ക്കു കാരണമാകുന്ന മൂന്നാമത്തെ കാര്യം. ദുഷ്ടന്മാരെ നിനക്കു സഹിക്കാനാവില്ല എന്നാണ് വാച്യാർത്ഥം.

ചുറ്റിനടന്നു സുവിശേഷം പ്രസംഗിക്കുന്ന ശിഷ്യന്മാർ ആദിമസഭയിൽ ഏറെയുണ്ടായിരുന്നു. അവരിൽ പലരും അപ്പസോതലന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്നു (റോമാ 16,7; 1 കോറി 4,9). ഏതെങ്കിലും അപ്പസ്തോലന്റെയോ അപ്പസ്തോലനാൽ സ്ഥാപിതമായ സഭയുടെയോ പ്രതിനിധികൾ എന്ന നിലയിൽ ഇവർ സുവിശേഷപ്രഘോഷണം നടത്തിയിരുന്നു. ഇവർക്കു പ്രാദേശികസഭകളിൽ വലിയ സ്ഥാനവും സ്വാധീനവും ഉണ്ടായിരുന്നു. എന്നാൽ എല്ലാവരും ഒരുപോലെ ക്രിസ്തുവിന്റെ സുവിശേഷത്തോടു വിശ്വസ്തത പുലർത്തിയിരുന്നില്ല. ജറുസലെമിലെ യഹൂദതീവ്രവാദികളായ ചില ശിഷ്യന്മാർ വി.പൗലോസ് സ്ഥാപിച്ച സഭകളിൽ കുഴപ്പങ്ങൾ സൃഷ്ടിച്ചതിന്റെ ഉദാഹരണങ്ങൾ ഏറെയുണ്ട് (ഗലാ 1,6-9; 5,7-12). ഇക്കൂട്ടർ ക്രിസ്തുശിഷ്യന്മാരെ വഴിതെറ്റിക്കുന്ന കപട അപ്പസ്തോന്മാരാണ്. യഥാർത്ഥമായ അപ്പസ്തോലിക പാരമ്പര്യത്തിനു വിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുന്ന ഇത്തരക്കാരെക്കുറിച്ച് വി.പൗലോസ് തന്നെ എഫേസോസിലെ ശ്രേഷ്ഠന്മാർക്കു മുന്നറിയിപ്പു നല്കിയിരുന്നു (അപ്പ 20,29-30).

സുവിശേഷപ്രഘോഷകരുടെ പഠനവും ജീവിതവും ക്രിസ്തുവിന്റെ പഠനത്തിനും അപ്പസ്തോലന്മാരുടെ സാക്ഷ്യത്തിനും നിരക്കുന്നതാണോ എന്നു പരിശോധിച്ചറിയണം. ഫലത്തിൽ നിന്നു വൃക്ഷത്തെ അറിയാൻ നാഥൻ തന്നെ ആവശ്യപ്പെട്ടിട്ടുണ്ട് (മത്താ 7,15-20). അപ്പസ്തോലന്മാർ എന്ന വകാശപ്പെടുന്നവരെ പരീക്ഷിച്ചറിയാൻ വേറെയും മാർഗ്ഗങ്ങൾ അപ്പസ്തോലന്മാർ തന്നെ നല്കിയിട്ടുണ്ട് (1 യോഹ 4,1-3; 1 കോറി 14,29). എഫേസോസിലെ സഭ ഇപ്രകാരമുള്ള പരിശോധനകൾ നടത്തുകയും കപട അപ്പസ്തോലന്മാരെ തിരിച്ചറിഞ്ഞ് തള്ളിപ്പറയുകയും ചെയ്തതിന്റെ പേരിൽ നാഥൻ അവരെ പ്രശംസിക്കുന്നു.

**2.3** തന്നെപ്രതി സഹിക്കേണ്ടി വന്ന ക്ലേശങ്ങളെ എടുത്തുകാട്ടി നാഥൻ സഭയെ വീണ്ടും പ്രശംസിക്കുന്നു. പീഡനങ്ങളിലൂടെ തെളിയിക്കപ്പെട്ടതാണ് ആ സഭയുടെ സഹനശക്തി. ക്രിസ്തുവിനോടുള്ള വിശ്വസ്തതയിൽ നിന്ന് തന്നെ വ്യതിചലിപ്പിക്കാൻ ഒന്നിനും കഴിയാത്തവണ്ണം അത്ര ഉറപ്പുള്ളതാണ് എഫേസോസിലെ സഭയുടെ വിശ്വാസം.

**2.4** പ്രശംസയ്ക്കുശേഷം ശക്തമായ ശകാരവും വ്യക്തമായ താക്കീതും നല്കുന്നു. *ആദ്യമുണ്ടായിരുന്ന സ്നേഹം കൈവെടിഞ്ഞു* എന്ന



താണ് എഫേസോസിലെ സഭയ്ക്കെതിരേയുള്ള ആരോപണം. വിശ്വാസത്തിന്റെ തനിമ കാത്തുസൂക്ഷിക്കാനും വിശ്വാസവിരുദ്ധരെ തിരഞ്ഞുപിടിച്ച് പുറത്താക്കാനുമുള്ള ശ്രമത്തിൽ സഭയ്ക്ക് നഷ്ടപ്പെട്ടത് സ്നേഹമാണ്. സുവിശേഷം സ്വീകരിച്ച ആദ്യനാളുകളിൽ സഹോദരങ്ങൾ തമ്മിൽ പ്രകടമായിരുന്ന ഊഷ്മളമായ സ്നേഹബന്ധം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ബാഹ്യമായ പ്രകടനമായിരുന്നു. ഇപ്പോൾ അതിന്റെ സ്ഥാനത്ത് അവശേഷിച്ചിരിക്കുന്നത് ചേരിതിരിവും കക്ഷിമാത്സര്യങ്ങളുമാണ്. സഭയ്ക്കുള്ളിലെ അനൈക്യം അപ്പസ്തോലന്മാരുടെ കാലത്തു തന്നെ വലിയൊരു പ്രശ്നമായിരുന്നു (1 കോറി 1, 10-13). സത്യങ്ങളും തത്വസംഹിതകളും സ്നേഹത്തിന്റെ അഭാവത്തിൽ അപകടകാരികളായിത്തീരുന്നു. മതങ്ങൾക്കുള്ളിൽത്തന്നെ നടക്കുന്ന ക്രൂരമായ പീഡനങ്ങളും മത്സരങ്ങളും ഇതിന്റെ വ്യക്തമായ ഉദാഹരണമാണ്.

**2.5** മൂന്നു കാര്യങ്ങളാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. 1. *ഓർമ്മിക്കുക* 2. *മനസ്സു തിരിയുക* 3. *പ്രവർത്തിക്കുക.* ക്രിസ്തുവിനെ അറിഞ്ഞ് അവനൊടൊത്തു നടക്കാൻ തുടങ്ങിയ ആദ്യകാലത്തെ ഓർമ്മിക്കുക. അതും ഇപ്പോഴത്തെ അവസ്ഥയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ താൻ കർത്താവിൽ നിന്ന് എത്ര മാത്രം അകന്നുപോയിരിക്കുന്നു എന്ന് ഗ്രഹിക്കാനാവും. ധൂർത്തപുത്രന്റെ ജീവിതപരിവർത്തനം ആരംഭിക്കുന്നത് പിതാവിന്റെ സ്നേഹത്തെക്കുറിച്ച് ഓർക്കുമ്പോഴാണ് (ലൂക്കാ 15,17). ഈ അനുസ്മരണം മാനസാന്തരത്തിലേക്കു നയിക്കണം. മാനസാന്തരം മുഖ്യമായും രണ്ടു കാര്യങ്ങൾ ഉൾക്കൊള്ളുന്നു. 1. ചെയ്തുപോയ തെറ്റിനെക്കുറിച്ചുള്ള ദുഃഖം. ഇതിനെയാണ് അനുതാപം എന്നു വിളിക്കുന്നത്. 2. ജീവിത നവീകരണത്തിനുള്ള തീരുമാനം. മനോഭാവത്തിൽ വരുത്തേണ്ട സമൂലപരിവർത്തനമാണ് മാനസാന്തരം. ഇതു ചിന്തയുടെയും വികാരങ്ങളുടെയും തലങ്ങളിൽ ഒതുങ്ങി നില്ക്കാതെ അനുദിനജീവിത്തിൽ പ്രകടമാകണം. അതിനാലാണ് *ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക* എന്ന് ആവശ്യപ്പെടുന്നത്. "മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ" (ലൂക്കാ 3.8) എന്ന ആഹ്വാനം എല്ലാ പ്രവാചകന്മാരും ആവർത്തിച്ചിരുന്നു. ധൂർത്തപുത്രന്റെ മടങ്ങിവരവ് മാനസാന്തരത്തിന്റെ മകുടോദാഹരണമാണ്.

കർശനമായ താക്കീത് മാനസാന്തരത്തിനുള്ള ആഹ്വാനത്തിന് അടിയന്തിരസ്വഭാവം നല്കുന്നു, മാനസാന്തരത്തിനു തയ്യാറല്ലെങ്കിൽ *ക്രിസ്തുവിന്റെ സഭ* എന്ന സ്ഥാനം തന്നെ എഫേസോസിനു നഷ്ടപ്പെടും എന്ന മുന്നറിയിപ്പാണ് ക്രിസ്തു നല്കുന്നത്. സ്നേഹമില്ലാത്ത സമൂഹം ക്രിസ്തുവിന്റെ സഭയല്ല. ക്രിസ്തുവിന്റെ സ്നേഹം സഹോദര സ്നേഹത്തിലൂടെ

ജ്വലിച്ചു നില്ക്കുന്ന ദീപമല്ലെങ്കിൽ പിന്നെ ദീപപീഠം അർത്ഥശൂന്യമാണ്. കെട്ടുപോയ വിളക്കു കത്തിക്കുക, അല്ലെങ്കിൽ വിളക്കു തന്നെ എടുത്തു മാറ്റപ്പെടും എന്ന താക്കീത് വലിയൊരു ഭീഷണിയാണ്.

**2.6** താക്കീതിനുശേഷം വീണ്ടും പ്രശംസാവചനം. *നിക്കൊളാവോസ് പക്ഷക്കാരോടുള്ള* വെറുപ്പാണ് ഇവിടെ പ്രശംസക്കു കാരണമാകുന്നത്. പെർഗാമോസിലെ സഭയ്ക്കുള്ള ലേഖനത്തിൽ ഇക്കൂട്ടർ വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. എഫേസോസ് അവരെ പുറന്തള്ളിയപ്പോൾ പെർഗാമോസിലെ ചിലർ അവരെ സ്വീകരിക്കാൻ സന്നദ്ധരായി. ക്രിസ്തുമതം നിർദ്ദേശിക്കുന്ന കർശനമായ ജീവിതനിഷ്ഠയ്ക്കുപകരം പേഗൻ മതങ്ങളുടെ അയഞ്ഞ ജീവിതശൈലി സ്വീകരിക്കാനും വിട്ടുവീഴ്ചകളും ഒത്തുതീർപ്പും വഴി എല്ലാവരോടും പൊരുത്തപ്പെട്ടുപോകാനുമുള്ള ആഹ്വാനമായി ഈ സിദ്ധാന്തത്തെ കരുതാം. രാജാരാധനയിലും വിരുന്നു സല്ക്കാരങ്ങളിലും മറ്റും പങ്കുചേർന്ന് ജനജീവിതത്തിന്റെ മുഖ്യധാരയിൽ ലയിക്കാനുള്ള ഈ പ്രവണത ക്രിസ്തീയതയുടെ തനിമ നഷ്ടപ്പെടുത്തുന്നതാണ്. (ഈ സിദ്ധാന്തത്തെക്കുറിച്ച് പെർഗാമോസിനുള്ള ലേഖനം അപഗ്രഥിക്കുമ്പോൾ വിശദമായി പ്രതിപാദിക്കുന്നതാണ്.

**2.7** *ചെവിയുള്ളവൻ കേൾക്കട്ടെ* എന്ന ആഹ്വാനം ഏഴു ലേഖനങ്ങളുടെയും അവസാനം ആവർത്തിക്കുന്നു. ഹൃദയം തുറന്നു വചനം ശ്രവിക്കുന്നതിന്റെ പ്രധാന്യത്തെ ഊന്നിപ്പറയാൻ ഈ പദപ്രയോഗം യേശു അനേകം തവണ ആവർത്തിച്ചിട്ടുണ്ട് (മത്താ 11,15; 13,9). സഭകളോടു സംസാരിക്കുന്ന ആത്മാവ് ഉത്ഥിതനായ യേശുവിന്റെ ആത്മാവാണ് (അപ്പ 16,7). പരിശുദ്ധാത്മാവ് സംസാരിക്കുന്നത് യേശുവിന്റെ തന്നെ വാക്കുകളാണ് (യോഹ 16,13-15). യേശുക്രിസ്തുവിനോടുള്ള വിശ്വസ്തതയിൽ മരണം വരെ ഉറച്ചുനില്ക്കുന്നവരാണ് *വിജയം വരിക്കുന്നവർ*. അവർക്കു സമ്മാനമായി *ജീവന്റെ വൃക്ഷത്തിന്റെ ഫലം* വാഗ്ദാനം ചെയ്യുന്നു. ഈ വാഗ്ദാനം പൂർത്തിയാവുന്നത് വെളി 22,2-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പാപിയായ മനുഷ്യനു നിഷേധിക്കപ്പെട്ട ഈ ഫലം (ഉൽപ 3, 22-24) യേശു ക്രിസ്തുവഴിയാണ് വീണ്ടും ലഭ്യമാകുന്നത്. യഹൂദ റബ്ബിമാർ നിയമത്തെ ജീവന്റെ വൃക്ഷമായി കണ്ടു. പുതിയനിമയത്തിലാകട്ടെ യേശുതന്നെയാണ് ജീവന്റെ വൃക്ഷം. നിത്യജീവൻ പ്രദാനം ചെയ്യുന്നവൻ എന്നാണിതിനർത്ഥം. ഉദ്യാനം എന്നാണ് *പറുദീസാ* എന്ന പേർഷ്യൻ വാക്കിന്റെ മൂലാർത്ഥം. ഉൽപ്പത്തി പുസ്തകത്തിൽ (ഉൽപ 3, 8) ദൈവം മനുഷ്യനോടൊത്ത് ഉലാത്താൻ വരുന്ന തോട്ടമാണത്. പാപംവഴി മനുഷ്യനു നഷ്ടപ്പെട്ട പറുദീസാ യേശുക്രിസ്തുവഴി വീണ്ടും ലഭ്യമാകുന്നു. ദൈവികസാന്നിദ്ധ്യത്തിൽ നിന്നു സംജാതമാകുന്ന അനന്തമായ സന്തോഷത്തിന്റെ അവസ്ഥയാണ് പറുദീസാ.



## 2. സ്മിർണായിലെ സഭയ്ക്ക് 2, 8-11

8. സ്മിർണായിലെ സഭയുടെ ദൂതന് എഴുതുക: ആദ്യനും അന്ത്യനും മരിച്ചവനും
9. എന്നാൽ വീണ്ടും ജീവിക്കുന്നവനുമായവൻ ഇപ്രകാരം പറയുന്നു: നിന്റെ
ഞെരുക്കവും ദാരിദ്ര്യവും ഞാൻ അറിയുന്നു. എങ്കിലും നീ സമ്പന്നനാണ്.
യഹൂദരെന്ന് അവകാശപ്പെടുകയും എന്നാൽ അങ്ങനെയല്ലാതെ സാത്താന്റെ
സിനഗോഗായി വർത്തിക്കുകയും ചെയ്യുന്നവരുടെ ദോഷാരോപണങ്ങളും
10. ഞാൻ അറിയുന്നുണ്ട്. നീ ഉടനെ സഹിക്കാനിരിക്കുന്നവയെ ഭയപ്പെടരുത്.
നിങ്ങളിൽ ചിലരെ പിശാച് തടവിലിടാനിരിക്കുന്നു. അതു നിങ്ങൾ പരീക്ഷി
ക്കപ്പെടുന്നതിനാണ്. പത്തു ദിവസത്തേക്കു നിങ്ങൾക്കു ഞെരുക്കമുണ്ടാകും.
മരണംവരെ വിശ്വസ്തനായിരിക്കുക. ജീവന്റെ കിരീടം നിനക്കു ഞാൻ നല്
11. കും. ആത്മാവു സഭകളോടു പറയുന്നതെന്തെന്നു ചെവിയുള്ളവൻ കേൾക്ക
ട്ടെ. വിജയം വരിക്കുന്നവൻ തീർച്ചയായും രണ്ടാമത്തെ മരണത്തിന് അധീന
നാകയില്ല.

**2.8** എഫേസോസിൽ നിന്ന് ഏകദേശം 50 കിലോമീറ്റർ വടക്ക്, ഏജിയൻ കടൽത്തീരത്തുള്ള മനോഹരമായൊരു തുറമുഖ നഗരമാണ് സ്മിർണാ. ഇന്ന് ഇസ്മിർ എന്നറിയപ്പെടുന്ന ഈ നഗരം ടർക്കിയിലെ ഏറ്റം പ്രധാനപ്പെട്ട വ്യാപാരകേന്ദ്രങ്ങളിലൊന്നാണ്. ഈ നഗരത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടതാണ് ക്രിസ്തുവിനു നല്കിയിരിക്കുന്ന വിശേഷണങ്ങളും ക്രിസ്തു നല്കുന്ന വാഗ്ദാനവും. ബി.സി. ആറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ലീദീയായുടെ രാജാവായ അല്യാറ്റെസ് (Alyattes) ഈ പട്ടണം ആക്രമിച്ചു നശിപ്പിച്ചു. തുടർന്നു മൂന്നു നൂറ്റാണ്ടിലേറെ ചെറിയ ഒരു പട്ടണമായി കഴിഞ്ഞ സ്മിർണായെ അതിമനോഹരമായൊരു വൻ നഗരമായി പണിതുയർത്തിയത് അലക്സാണ്ടറിന്റെ സേനാപാധിപന്മാരിലൊരാളായ ലിസിമാക്കസ് ആണ്. ഇതു നഗരത്തിന്റെ പുനർജന്മമായി പരിഗണിക്കപ്പെട്ടു. ഏഷ്യായുടെ കിരീടവും ആഭരണവുമായിട്ടാണ് ചരിത്രകാരന്മാർ ഈ നഗരത്തെ വിശേഷിപ്പിക്കുന്നത്. സുപ്രസിദ്ധ ഗ്രീക്ക് ഇതിഹാസ കർത്താവായ ഹോമറിന്റെ ജന്മസ്ഥലമാണ് സ്മിർണാ എന്നു കരുതപ്പെടുന്നു.

റോമാ സാമ്രാജ്യത്തോടുള്ള അചഞ്ചലമായ വിശ്വസ്തതയായിരുന്നു സ്മിർണായുടെ മറ്റൊരു പ്രത്യേകത. ഏഷ്യയിൽ ആദ്യമായി റോമാ ദേവതയ്ക്കുവേണ്ടി ഒരു ക്ഷേത്രം നിർമ്മിച്ചത് സ്മിർണായിലാണ്. അത് ബി.സി. 195-ൽ ആയിരുന്നു. തുടർന്നുണ്ടായ ചരിത്രത്തിന്റെ ഗതിവിഗതികളിലെല്ലാം സ്മിർണാ റോമിനോടു കൂറു പുലർത്തി. തദ്ഫലമായി റോമാ സാമ്രാജ്യത്തിന്റെ പ്രത്യേക പരിഗണനയും ആനുകൂല്യങ്ങളും ഈ പട്ടണത്തിനു ലഭിച്ചിരുന്നു. ഏ.ഡി. 26-ൽ ടൈബീരിയസ് ചക്രവർത്തിയുടെ ബഹുമാനാർത്ഥം

ഏഷ്യാ മൈനറിൽ ഒരു ക്ഷേത്രം പണിയാൻ നിശ്ചയിച്ചപ്പോൾ ആ ബഹുമതിയ്ക്കായി അപേക്ഷിച്ച പതിനൊന്നു നഗരങ്ങളിൽനിന്ന് സ്മിർണായെയാണ് റോമൻ സെനറ്റ് തിരഞ്ഞെടുത്തത്.

എഫേസോസിലെ വാസത്തിനിടയിൽ വി.പൗലോസ് നേരിട്ടോ ശിഷ്യന്മാർ വഴിയോ ആയിരിക്കണം സ്മിർണായിൽ സഭ സ്ഥാപിച്ചത് എന്നു കരുതപ്പെടുന്നു. യോഹന്നാന്റെ ശിഷ്യനായിരുന്ന വി. പോളികാർപ്പ് സ്മിർണായിലെ മെത്രാനായിരുന്നു. ഏ.ഡി. 156-ൽ സ്മിർണാ നഗരവാസികൾ അദ്ദേഹത്തെ തൂണിൽകെട്ടി ചുട്ടുകൊന്നു. പോളിക്കാർപ്പിനെതിരേ ആരോപണങ്ങൾ ഉന്നയിക്കുന്നതിൽ മാത്രമല്ല, അന്നു സാബത്തായിരുന്നിട്ടുപോലും തീ കത്തിക്കാനായി വിറകു പെറുക്കികൂട്ടിന്നതിലും സ്മിർണായിലെ യഹൂദർ മുൻപന്തിയിലുണ്ടായിരുന്നു. ക്രിസ്ത്യാനികളോട് യഹൂദർക്കുണ്ടായിരുന്ന വിദ്വേഷത്തിന്റെ പ്രത്യക്ഷോദാഹരണമാണിത്. ഈ വിദ്വേഷം സ്മിർണായിലെ സഭയ്ക്കുള്ള ലേഖനത്തിൽ പ്രകടമാകുന്നുണ്ട്.

ക്രിസ്തുവിന്റെ രണ്ടു വിശേഷണങ്ങൾ സ്മിർണാ നഗരത്തിന്റെ പ്രത്യേകതകളെ സൂചിപ്പിക്കുന്നതാണ്. *ആദ്യനും അന്ത്യനുമായവൻ* ഏഷ്യയിലെ പ്രമുഖ സ്ഥാനത്തേക്കു കുതിക്കുന്ന നഗരത്തിലേക്ക് തന്റെ സന്ദേശം അയയ്ക്കുന്നു. അന്താരാഷ്ട്രതലത്തിലുള്ള പ്രാമുഖ്യമല്ല, ദൈവ തിരുമുമ്പിലെ പ്രാമുഖ്യമാണ് പ്രധാനം. ഒന്നാമൻ ക്രിസ്തുതന്നെയാണ്. *മരിച്ചവനും എന്നാൽ വീണ്ടും ജീവിക്കുന്നവനും* എന്ന വിശേഷണം ഒരിക്കൽ നശിപ്പിക്കപ്പെടുകയും നൂറ്റാണ്ടുകൾക്കുശേഷം പുനർനിർമ്മിക്കപ്പെടുകയും ചെയ്ത സ്മിർണായുടെ ചരിത്രപശ്ചാത്തലം മനസ്സിലുണർത്തുന്നു. തനിക്കുവേണ്ടി ജീവൻ ത്യജിക്കുന്നവർക്കു നിത്യജീവൻ നല്കാൻ കഴിവുള്ളവനാണ് ക്രിസ്തു എന്ന് ഈ വിശേഷണം അനുസ്മരിപ്പിക്കുന്നു.

**2,9** സ്മിർണായിലെ സഭയെക്കുറിച്ചു നല്ലതുമാത്രമേ നാഥനു പറയാനുള്ളു. സാമ്രാജ്യശക്തിയുടെ പ്രീതിപാത്രവും അതീവ സമ്പന്നവുമായ നഗരത്തിലെ ക്രിസ്ത്യാനികൾ ഏറെ ഞെരുക്കവും ദാരിദ്ര്യവും അനുഭവിക്കുന്നവരാണ്. അവരുടെ വിശ്വാസം തന്നെയാണ് ഈ അവസ്ഥയ്ക്കു കാരണമായത്. പലപ്പോഴും അപ്രതീക്ഷിതമായിട്ടായിരുന്നു ക്രിസ്ത്യാനികൾക്കെതിരേ ജനരോഷം ആളിക്കത്തിയത്. അപ്പോൾ ക്രിസ്ത്യാനികളുടെ വസ്തുവകകൾ കൊള്ളയടിക്കും; വീടുകളും കടകളും ചുട്ടെരിക്കും; ക്രിസ്ത്യാനികളെ പിടിച്ച് തടവിലാക്കുകയും വധിക്കുകയും ചെയ്യും. തികഞ്ഞ അരക്ഷിതാവസ്ഥയും ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വവും ക്രിസ്ത്യാനികളുടെ സന്തതസഹചാരികളായിരുന്നു. ഞെരുക്കങ്ങളും ദാരിദ്ര്യവും അവർ എന്നും അനുഭവിക്കേണ്ടിവന്നു. ഇതെല്ലാം അറിയുകയും കണക്കിലെടുക്കുകയും



ചെയ്യുന്നവനാണ് അവരുടെ നാഥൻ.

ക്രിസ്ത്യാനികൾക്കെതിരേ ജനരോഷമിളക്കി വിടുന്നതിൽ യഹൂദർക്കു വലിയ പങ്കുണ്ടായിരുന്നു. അപ്പസ്തോലപ്രവർത്തനങ്ങളിൽ വിവരിച്ചിരിക്കുന്ന വി. പൗലോസിന്റെ അനുഭവങ്ങൾ ഇതിനു തെളിവാണ് (അപ്പ 13,45; 14,2). ഏ..ഡി. 70-ൽ ജറുസലെം നശിപ്പിക്കപ്പെട്ടതിനുശേഷം യാംനിയായിലെ ഫരിസേയ പണ്ഡിതന്മാരുടെ തീരുമാനം യഹൂദരും ക്രിസ്ത്യാനികളും തമ്മിലുള്ള വിടവു വർദ്ധിപ്പിച്ചു. യഹൂദരുടെ പ്രാർത്ഥനാലയങ്ങളായ സിനഗോഗുകൾ ക്രിസ്ത്യാനികൾക്കെതിരേ നുണകൾ പ്രചരിപ്പിക്കുകയും വിജാതീയരെ ഇളക്കിവിട്ട് അവരെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരുടെ കേന്ദ്രങ്ങളായിത്തീർന്നു. ക്രിസ്തുവിനെ തള്ളിപ്പറയുകയും ക്രിസ്തുവിലൂടെ ദൈവം നല്കുന്ന രക്ഷ തിരസ്കരിക്കുകയും ചെയ്തതിനാൽ യഹൂദർ ദൈവജനം (സംഖ്യ 16,3) എന്ന പദവി നഷ്ടപ്പെടുത്തിയിരിക്കുന്നുവെന്നും തങ്ങളാണ് യഥാർത്ഥദൈവജനമെന്നും ക്രിസ്ത്യാനികൾ വാദിച്ചു. ഈ നിലപാടാണ് സാത്താന്റെ സിനഗോഗ് എന്ന പദപ്രയോഗത്തിലൂടെ പ്രത്യക്ഷമാകുന്നത്. സമൂഹം എന്നാണ് സിനഗോഗ് എന്ന പദത്തിന്റെ വാച്യാർത്ഥം. അവർ ദൈവത്തിന്റെ സമൂഹമല്ല, സാത്താന്റെ സമൂഹമാണ്.

അബ്രാഹത്തിൽനിന്നു ശാരീരകമായി ജനിച്ചതുകൊണ്ടു മാത്രം ആരും ദൈവജനമാകുന്നില്ല എന്ന് വി. പൗലോസ് പഠിപ്പിച്ചു (റോമാ 9,6). ദൈവം നല്കുന്ന രക്ഷ തിരസ്കരിക്കുന്നതിനാൽ യഹൂദർ ദൈവത്തിനെതിരായി നിലകൊള്ളുന്നു. അതിനാൽ ഇനി അവർ ദൈവത്തിന്റെ സമൂഹമല്ല, സാത്താന്റെ സമൂഹമാണ്. യേശുവിന്റെതന്നെ വാക്കുകളിൽ നിന്നു രൂപംകൊണ്ടതാണ് ഈ ആശയം (യോഹ 8,44). ശത്രു, കുറ്റം ആരോപിക്കുന്നവൻ, കലഹം സൃഷ്ടിക്കുന്നവൻ എന്നൊക്കെയാണ് *സാത്താൻ* എന്ന പദത്തിന്റെ അർത്ഥം. മേൽവിവരിച്ച നിലപാടിന്റെ പേരിൽ യഹൂദർക്കു ചേരുന്നതാണ് ഈ പേരെന്നു ക്രൈസ്തവർ കരുതി.

**2,10** യഹൂദരിലൂടെയും വിജാതീയരിലൂടെയും ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് ദൈവത്തിന്റെയും ദൈവജനത്തിന്റെയും ശത്രുവായ സാത്താൻ തന്നെയാണ്. പീഡനം ഇനിയും രൂക്ഷമാകാനിരിക്കുന്നതേയുള്ളു. തടവിലാക്കുന്നത് വധശിക്ഷയ്ക്കോ നാടുകടത്തലിനോ ഉള്ള ആദ്യത്തെ പടിയാണ്. തടവറകളിൽത്തന്നെ ക്രൂരമായ പീഡനം നടന്നിരുന്നു. ഇതെല്ലാം ക്രിസ്തുവിനോടുള്ള വിശ്വസ്തതയെ തെളിയിക്കാനുള്ള അവസരമായിരിക്കും. പീഡനങ്ങളിലൂടെ പരീക്ഷിക്കപ്പെടുമ്പോഴാണ് വിശ്വാസത്തിന്റെ മാറ്റു തെളിയുന്നത്. ഈ ഞെരക്കുങ്ങൾ താല്കാലികമായിരിക്കും. ഹ്രസ്വകാലത്തെ

സൂചിപ്പിക്കുന്നതാണ് ***പത്തുദിവസം*** എന്ന പദപ്രയോഗം.

വിശ്വാസത്തിന്റെ പേരിൽ ജീവൻ നഷ്ടപ്പെടുത്തുന്ന ക്രിസ്ത്യാനികൾക്കു നാഥൻ നല്കുന്നത് നിത്യജീവന്റെ കിരീടമാണ്. ഏഷ്യയുടെ കിരീടം എന്നറിയപ്പെട്ടിരുന്ന സ്മിർണായിലെ വിശ്വാസികൾക്കാണ് ക്രിസ്തുനാഥൻ *ജീവന്റെ കിരീടം* വാഗ്ദാനം ചെയ്യുന്നത്. രാജാക്കന്മാർ അണിയുന്ന സ്വർണ്ണ കിരീടമല്ല, മത്സരങ്ങളിൽ വിജയം വരിക്കുന്നവർക്കു ലഭിക്കുന്ന ലതാകിരീടമാണ് ഇവിടെ വിവക്ഷിക്കപ്പെടുക. മത്സരങ്ങളിൽ വിജയിക്കുന്നവർക്കു കിട്ടുന്ന ഇലകൾ മെടഞ്ഞുണ്ടാക്കിയ കിരീടം വാടിപ്പോകും. എന്നാൽ ക്രിസ്തു നല്കുന്ന കിരീടം ഒളിമങ്ങാതെ എന്നും പ്രകാശിക്കും (1 കോറി 9,25; 1 പത്രോ 5,4; 2 തിമോ 4,8).

**2,11** ക്രിസ്തുവിന്റെ പേരിൽ മരണം വരിക്കുന്നതുതന്നെയാണ് *വിജയം.* ശാരീരികമായ മരണത്തിലൂടെ ക്രൂശിതനോടു താദാത്മ്യപ്പെടുകയും മരണത്തിന്മേൽ വിജയം വരിക്കുകയും ചെയ്തവർക്ക് നിത്യജീവൻ സമ്മാനമായി ലഭിക്കും. നിത്യശിക്ഷയാകുന്ന രണ്ടാമത്തെ മരണം (വെളി 20,14) അവർക്കുണ്ടാവുകയില്ല. ഈ വാഗ്ദാനമാണ് വിശ്വാസികൾക്കു ധൈര്യം പകരുന്നത്; ഈ പ്രത്യാശയാണ് ക്രിസ്തുവിനോടു വിശ്വസ്തത പാലിക്കാൻ അവരെ ശക്തരാക്കുന്നത്.

## 3. പെർഗാമോസിലെ സഭയ്ക്ക് 2,12-17

12. പെർഗാമോസിലെ സഭയുടെ ദൂതന് എഴുതുക: മൂർച്ചയേറിയ ഇരുവായ്ത്തല
13. വാളുള്ളവൻ പറയുന്നു: നീ എവിടെ വസിക്കുന്നെന്ന് ഞാൻ അറിയുന്നു - സാത്താന്റെ സിംഹാസനം ഉള്ളിടത്തുതന്നെ. എങ്കിലും എന്റെ നാമത്തെ നീ മുറുകെപ്പിടിക്കുന്നു. നിങ്ങളുടെ ഇടയിൽ, സാത്താൻ വസിക്കുന്നിടത്തു വച്ച് എന്റെ വിശ്വസ്ത സാക്ഷിയായ അന്തിപ്പാസ് കൊല്ലപ്പെട്ട നാളുകളിൽ
14. പോലും എന്നിലുള്ള വിശ്വാസം നീ തള്ളിപ്പറഞ്ഞില്ല. എങ്കിലും നിനക്കെതിരായി ചില കാര്യങ്ങൾ എനിക്കു പറയാനുണ്ട്. വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കാനും വ്യഭിചാരം ചെയ്യാനും ഇസ്രായേൽ മക്കൾക്കു ദുഷ്പ്രേരണ നല്കാൻ ബാലാക്കിനെ പഠിപ്പിച്ച ബാലാമിന്റെ ഉപദേശങ്ങൾ മുറു
15. കെപ്പിടിക്കുന്നവർ അവിടെയുണ്ട്. അതുപോലെതന്നെ നിക്കൊളാവോസ് പക്ഷ
16. ക്കാരുടെ പഠനം മുറുകെപ്പിടിക്കുന്നവരും അവിടെയുണ്ട്. അതുകൊണ്ട് മനസ്സു തിരിയുക. അല്ലെങ്കിൽ നിന്റെ അടുത്തേക്ക് ഞാൻ ഉടനെ വന്ന് എന്റെ
17. വായിലെ വാൾകൊണ്ട് അവരോടു പോരാടും. ആത്മാവ് സഭകളോടു പറയുന്നതെന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. വിജയം വരിക്കുന്നവനു ഞാൻ നിഗൂഢമന്ന നല്കും. അവനു ഞാൻ ഒരു വെള്ളക്കല്ലും കൊടുക്കും. അതിൽ ഒരു പുതിയ നാമം കൊത്തിയിരിക്കും. അതെന്തെന്ന് സ്വീകരിക്കുന്നവനൊഴികെ മറ്റാരും അറിയുകയില്ല.



**2,12** സ്മിർണായിൽനിന്ന് ഏകദേശം 70 കിലോമീറ്റർ വടക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന പെർഗാമോസ് നഗരം പെർഗാമോസ് രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. അവസാനത്തെ രാജാവായ അറ്റാലാസ് III പെർഗാമോസ് രാജ്യം റോമക്കാർക്ക് ഇഷ്ടദാനമായി നല്കിയപ്പോൾ ഈ നഗരം റോമൻ പ്രവിശ്യയായ ഏഷ്യയുടെ തലസ്ഥാനമായിത്തീർന്നു. പെർഗാമോസ് പ്രസിദ്ധിയാർജ്ജിച്ചത് മതപരവും സാംസ്കാരികവുമായ മേഖലകളിലാണ്. രണ്ടു ലക്ഷത്തിൽപരം വാല്യങ്ങൾ സൂക്ഷിച്ചിരുന്ന അവിടുത്തെ ഗ്രന്ഥശാല അലക്സാണ്ട്രിയായിലേതിനുമാത്രം പിന്നിലായിരുന്നു. പപ്പീറസിനു പകരം എഴുത്തുകടലാസായി സംസ്കരിച്ച തുകൽ (parchment) കണ്ടുപിടിച്ചത് പെർഗാമോസ് ആണ്. "പെർഗാമോസിലെ കടലാസ്" എന്നാണ് ഈ തുകൽ അറിയപ്പെട്ടിരുന്നത്.

പെർഗാമോസിൽ അധിവസിച്ചിരുന്ന ഗവർണർക്ക് വധശിക്ഷ നല്കാനുള്ള അധികാരമുണ്ടായിരുന്നു. വാളിന്റെ അധികാരം (jus gladii) എന്ന് അറിയപ്പെട്ടിരുന്ന ഈ അധികാരം എല്ലാ റോമൻ ഗവർണർമാർക്കും ഉണ്ടായിരുന്നില്ല. ഈ പശ്ചാത്തലത്തിലാവണം ക്രിസ്തുവിനെ *മൂർച്ചയേറിയ ഇരുവായ്ത്തല വാളുള്ളവൻ* എന്നു വിശേഷിപ്പിക്കുന്നത്. ദൈവവചനത്തെയാണ് ഇതു സൂചിപ്പിക്കുന്നത് (ഹെബ്രാ 4,12). റോമൻ ഗവർണറുടേതിനേക്കാൾ വലിയ അധികാരമുള്ളവനാണ് സഭയുടെ നാഥനായ ക്രിസ്തു.

***2,13** നീ എവിടെ വസിക്കുന്നു എന്ന് ഞാൻ അറിയുന്നു.* വിശ്വാസികളുടെ സ്ഥിരവാസത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്. പീഡനങ്ങളുണ്ടാവുമ്പോൾ വീടും നാടും വിട്ട് ഓടുകയില്ല, വിശ്വാസസ്ഥിരതയോടെ ഉറച്ചു നില്ക്കുകയാണ് ക്രൈസ്തവർ ചെയ്യേണ്ടത്, ഇതു ജീവഹാനിക്കുതന്നെ കാരണമാകുമെങ്കിൽപ്പോലും. ഇപ്രകാരം ഉറച്ചുനില്ക്കുന്നതിന്റെ പേരിൽ നാഥൻ പെർഗാമോസിലെ സഭയെ പ്രശംസിക്കുന്നു.

*സാത്താന്റെ സിംഹാസനം* എന്നത് സേവൂസിനു പ്രതിഷ്ഠിക്കപ്പെട്ട ഭീമാകാരമായ ബലിപീഠത്തെ സൂചിപ്പിക്കുന്നു എന്നു കരുതുന്നവരുണ്ട്. രക്ഷകൻ എന്നറിയപ്പെട്ടിരുന്ന അസ്ക്ളാപ്പിയോസിന്റെ ക്ഷേത്രമാണ് വിവക്ഷിക്കപ്പെടുന്നത് എന്നു മറ്റു ചിലർ കരുതുന്നു. ക്രിസ്തുവിനെ മാത്രം രക്ഷകനായി അംഗീകരിക്കുന്നവർക്ക് അസ്ക്ളാപ്പിയോസിനെ സാത്താന്റെ പ്രതിരൂപമായേ കാണാൻ കഴിയുമായിരുന്നുള്ളൂ. റോമാ ദേവതയുടെ ക്ഷേത്രവും ഇതേ അർത്ഥത്തിൽത്തന്നെ പരിഗണിക്കാവുന്നതാണ്. എന്നാൽ ഇവയൊന്നുംതന്നെ തികച്ചും തൃപ്തികരമായ വിശദീകരണമായി തോന്നുന്നില്ല.

സാത്താന്റെ സിംഹാസനം എന്നതിനുശേഷം *സാത്താൻ വസിക്കുന്ന ഇടം* എന്നു കൂട്ടിച്ചേർത്തിരിക്കുന്നതു ശ്രദ്ധേയമാണ്. അവിടെ വച്ച് ക്രിസ്തുവിന്റെ സാക്ഷിയായ അന്തിപ്പാസ് കൊല്ലപ്പെട്ടു എന്നത് മറ്റൊരു ദിശയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. അന്തിപ്പാസിനെ *എന്റെ വിശ്വസ്തസാക്ഷി* എന്നാണ് ക്രിസ്തു തന്നെ വിശേഷിപ്പിക്കുന്നത്. സാക്ഷി എന്ന പദം ഒരു വിചാരണയിലേക്കു വിരൽ ചൂണ്ടുന്നു. മരണശിക്ഷ നടപ്പാക്കാൻ അധികാരമുള്ള റോമൻ ഗവർണരുടെ മുമ്പിൽവച്ച് അന്തിപ്പാസ് *ക്രിസ്ത്യാനി* എന്ന കുറ്റത്തിനു വിചാരണ ചെയ്യപ്പെടുകയും വാൾകൊണ്ടു വധിക്കപ്പെടുകയും ചെയ്തു. ക്രിസ്ത്യാനികളെ മരണത്തിനു വിധിക്കുന്ന കോടതിതന്നെയാവണം *സാത്താന്റെ സിംഹാസനം.* വെളി 12-13 ൽ റോമാസാമ്രാജ്യത്തെത്തന്നെ സാത്താന്റെ ഉപകരണമായി ചിത്രീകരിച്ചിരിക്കുന്നു. സീസറിനുള്ള ആരാധന നടപ്പിലാക്കുന്നതിൽ പ്രവിശ്യയുടെ തലസ്ഥാനമായ പെർഗാമോസ് മുൻകൈ എടുത്തിരുന്നു. അതിനാൽ റോമൻ ഗവർണരുടെ ആസ്ഥാനത്തെയാവണം ഇവിടെ സാത്താന്റെ സിംഹാസനം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്.

*വിശ്വാസം കൈവെടിഞ്ഞില്ല* എന്നത് ആദിമസഭയിലെ ഒരു സാങ്കേതികപദമായിരുന്നു. മതപീഡനങ്ങളുടെ നാളുകളിൽ രണ്ടു നിലപാടുകളായിരുന്നു സാധ്യമായിരുന്നത്. ഒന്നുകിൽ വിശ്വാസത്തിൽ ഉറച്ചുനിന്നു വധശിക്ഷ ഏറ്റെടുക്കുക. ഇതാണ് *രക്തസാക്ഷിത്വം.* അല്ലെങ്കിൽ ക്രിസ്തുവിനെ തള്ളിപ്പറയുക. ഇതാണ് *വിശ്വാസത്യാഗം* (apostasy). ഏറ്റം കഠിനമായി കരുതിയിരുന്ന മൂന്നു പാപങ്ങളിൽ ഒന്നാണിത്. കൊലപാതകവും വ്യഭിചാരവുമായിരുന്നു മറ്റ് രണ്ടു പാപങ്ങൾ. അന്തിപ്പാസ് ക്രിസ്തുവിനുവേണ്ടി ജീവൻ ത്യജിച്ചവനാണ്. വിശ്വസ്തസാക്ഷി എന്നു വിശേഷിപ്പിക്കുമ്പോൾ ക്രിസ്തു തന്റെ തന്നെ വിശേഷണമാണ് അദ്ദേഹത്തിനു നല്കുന്നത്.

**2.14** ഇതൊക്കെയാണെങ്കിലും പെർഗാമോസിലെ സഭയ്ക്കെതിരായി കുറ്റാരോപണവും ശാസനയുമുണ്ട്. *ബാലാമിന്റെ പഠനങ്ങളെ മുറുകെ പിടിക്കുന്നവരും നിക്കൊളാവോസ് പക്ഷക്കാരുടെ പഠനങ്ങൾ സ്വീകരിക്കുന്നവരും* അവരുടെ ഇടയിലുണ്ട് എന്നതാണ് ആരോപണം. ആരാണിവർ? ഈജിപ്തിൽനിന്നു കാനാനിലേക്കു യാത്രചെയ്യുന്ന ഇസ്രായേൽക്കാരെ ശപിക്കാനായി മൊവാബു രാജാവായ ബാലാക് വിളിച്ചുകൊണ്ടുവന്നയാളാണ് ബാലാം. ശപിക്കുന്നതിനുപകരം അനുഗ്രഹിക്കുകയാണ് ബാലാം ചെയ്തത് (സംഖ്യ 22-24). എന്നാൽ ഇസ്രായേൽക്കാർ മൊവാബ്യസ്ത്രീകളുമായി വേശ്യാവൃത്തിയിൽ ഏർപ്പെടുകയും അവരുടെ സ്വാധീനത്തിനുവഴങ്ങി വിഗ്രഹാരാധനയിൽ മുഴുകുകയും ചെയ്തു (സംഖ്യ 25,1-5). ഇത് ഇസ്രായേൽക്കാരെ നശിപ്പിക്കാനായി ബാലാം ബാലാക്കിനുപദേശിച്ചു കൊടുത്ത വിദ്യയായി പില്ക്കാല യഹൂദപാരമ്പര്യം കരുതി. ഈ ആശയമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.



**2,15** ബാലാമിന്റെ പഠനം തന്നെയാണ് നിക്കോളാവോസ് പക്ഷക്കാരുടെ പഠനവും എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. *ജനത്തെ വിഴുങ്ങുന്നവൻ* എന്നാണ് *ബാലാം* എന്ന പേരിന്റെ വാച്യാർത്ഥം *നിക്കൊളാവോസ്* എന്ന പേരിന്റെ അർത്ഥമാകട്ടെ *ജനത്തെ നശിപ്പിക്കുന്നവൻ* എന്നും. ആദ്യത്തേതു ഹെബ്രായനാമവും രണ്ടാമത്തേതു ഗ്രീക്കുനാമവും ആണ്. ബാലാമിന്റെ പഠനം ഇസ്രായേൽക്കാർക്കു നാശകാരണമായതുപോലെ നിക്കൊളാവോസ് സിദ്ധാന്തം ക്രിസ്ത്യാനികൾക്കു നാശകാരണമാകും. വിഗ്രഹങ്ങൾക്കു ബലിയർപ്പിച്ച മാംസം ഭക്ഷിക്കാനും വ്യഭിചാരത്തിൽ ഏർപ്പെടാനും ഇവ പ്രേരിപ്പിക്കുന്നു. വ്യഭിചാരം എന്നത് അക്ഷരാർത്ഥത്തിലല്ല, ബൈബിളിന്റെ പൊതുവായ കാഴ്ചപ്പാടനുസരിച്ച് വിഗ്രഹാരാധന എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത് എന്നാണ് വ്യാഖ്യാതാക്കളുടെ പൊതുവായ അഭിപ്രായം. വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട വേശ്യവൃത്തിയെ (ദേവദാസീ സമ്പ്രദായം *sacred prostitution*) യും ഇത് സൂചിപ്പിക്കുന്നുണ്ടാവാം.

ക്രിസ്തീയവിശ്വാസത്തെ വലിയൊരു പ്രതിസന്ധിയിൽ എത്തിച്ച സിദ്ധാന്തമായിരുന്നു ഇത് (ഒന്നാംഭാഗം *ചരിത്രപശ്ചാത്തലം* കാണുക). പേഗൻ മതങ്ങളും ആചാരങ്ങളുമായി ഒത്തുതീർപ്പിലെത്താനുള്ള ശ്രമമാണിത്. സാസ്കാരികാനുരൂപണത്തിന്റെ പരിധികളും പരിമിതികളും അനുസ്മരിപ്പിക്കുന്നതാണ് ഈ താക്കീത്. ക്രിസ്തീയ വിശ്വാസത്തിനു നിരക്കാത്ത ആചാരാനുഷ്ഠാനങ്ങൾ ക്രൈസ്തവനു സ്വീകരിക്കാനാവില്ല. തങ്ങളുടെ വിശ്വാസത്തനിമ കളഞ്ഞുകുളിച്ചുള്ള വിട്ടുവീഴ്ചകൾ, ജീവൻ രക്ഷിക്കാനാണെങ്കിൽപോലും, പാടില്ല.

**2,16** ഈ സിദ്ധാന്തങ്ങൾ സ്വീകരിച്ചവരോട് മനസ്സു തിരിയാൻ ക്രിസ്തു ആവശ്യപ്പെടുന്നു. മനോഭാവത്തിലും ജീവിതത്തിലും വരുത്തേണ്ട പരിവർത്തനമാണ് മാനസാന്തരം. അതിനു തയ്യാറാകാത്തവർക്കെതിരേ ശക്തമായ താക്കീതാണു നല്കുന്നത്. ലേഖനത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ച വാൾ ഇവിടെ പ്രസക്തമാകുന്നു. വചനമാകുന്ന വാൾകൊണ്ട് മനുഷ്യപുത്രൻ ഇവർക്കെതിരേ പോരാടും. സഭ മുഴുവനുമല്ല, ഈ തെറ്റിൽ അകപ്പെട്ടവർ മാത്രമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. ഹൃദയവിചാരങ്ങൾ വെളിപ്പെടുത്തുകയും തെറ്റും ശരിയും തമ്മിൽ വ്യവച്ഛേദിച്ച്, തെറ്റുചെയ്യുന്നവരുടെമേൽ ശിക്ഷാവിധി നടപ്പാക്കുകയും ചെയ്യുന്നതിനാണ് മനുഷ്യപുത്രൻ വാളുമായി വരുന്നത്. റോമൻ ഗവർണറുടെ വാളിനെ ഭയന്ന് വിശ്വാസം

ത്യജിക്കുന്നവർ മനുഷ്യപുത്രന്റെ വാളിനെ നേരിടേണ്ടിവരും.

**2,17** വിജയം വരിക്കുന്നവർക്കു നല്കുന്ന *നിഗൂഢമന്ന* എന്താണെന്നതിൽ ഇന്നും അഭിപ്രായഭിന്നതയുണ്ട്. ജറുസലെം നശിപ്പിക്കപ്പെടുന്നതിനു മുമ്പേ ജറെമിയാ പ്രവാചകൻ വാഗ്ദാനപേടകം നേബോ മലയിലെ ഒരു ഗുഹയിൽ ഒളിച്ചുവച്ചുവെന്നും മിശിഹാവരുമ്പോൾ മാത്രമേ അതു വീണ്ടും കണ്ടെത്താൻ കഴിയൂ എന്നുമുള്ള വിശ്വാസം 2 മക്ക 2,1-8ൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിഗൂഢമന്ന ഇതിനെയായിരിക്കണം സൂചിപ്പിക്കുന്നത് എന്നു ചിലർ കരുതുന്നു. മന്ന സ്വർഗ്ഗത്തിൽ നിഗൂഢമായി സൂക്ഷിച്ചിരിക്കുന്നെന്നും മിശിഹായുടെ കാലത്ത് അതു ഭൂമിയിലേക്കു വർഷിക്കപ്പെടും എന്നും ഉള്ള വിശ്വാസം പുതിയ നിയമകാലത്ത് യഹൂദരുടെ ഇടയിൽ നിലവിലിരുന്നു. രണ്ടായാലും മിശിഹാ നല്കുന്ന സമൃദ്ധിയെ ആണ് നിഗൂഢമന്ന സൂചിപ്പിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ജീവനുള്ള അപ്പം ഞാനാകുന്നു (യോഹ 6,51) എന്ന പ്രഖ്യാപനം യേശുതന്നെയാണ് നിഗൂഢമന്നയെന്ന സൂചന നല്കുന്നു. മരണംവരെ വിശ്വസ്തത പാലിക്കുന്നവർക്ക് യേശു നല്കുന്നത് തന്നെത്തന്നെ ആയിരിക്കും.

***വെള്ളക്കല്ലിനെ*** സംബന്ധിച്ച് പല അഭിപ്രായങ്ങൾ നിലവിലുണ്ട്. അവയിൽ ചിലത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. പേഗൻ മതങ്ങളിൽ പ്രചാരത്തിലിരുന്നതും ഇന്നും ഏറെ പ്രചാരത്തിലിരിക്കുന്നതുമായ ഒരാചാരത്തിന്റെ വെളിച്ചത്തിൽ ഇതിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നവരുണ്ട്. അപകടങ്ങൾ ഒഴിവാക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കാനുമായി ശക്തനായ ഒരു മധ്യസ്ഥന്റെ (ദേവന്റെ) പേരെഴുതിയ തകിടോ കല്ലോ മനുഷ്യർ ശരീരത്തിൽ ധരിക്കുന്ന ആചാരമാണിത്. ദേവന്റെയോ അസുരന്റെയോ പേര് അറിയാമെങ്കിൽ ആ ശക്തിയുടെമേൽ സ്വാധീനം ലഭിക്കുമെന്നും മറ്റാർക്കും ആ പേര് അറിയില്ലെങ്കിൽ സ്വാധീനവും ശക്തിയും അത്രയേറെ വലുതായിരിക്കുമെന്നും ഉള്ള മാന്ത്രികചിന്ത ഇതിനു പിന്നിലുണ്ട്. ഈ വിശദീകരണം സ്വീകരിച്ചാൽ ക്രിസ്തു നല്കുന്ന വെള്ളക്കല്ല് എല്ലാ അപകടങ്ങളിൽ നിന്നും രക്ഷിക്കാൻ ശക്തിയുള്ളതാണ്; കാരണം അതിൽ എഴുതിയിരിക്കുന്നത് ക്രിസ്തുവിന്റെ തന്നെ നാമമാണ്.

2. മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് നല്കപ്പെടുന്ന സാക്ഷിപത്രവുമായി ഇതിനെ വ്യാഖ്യാനിക്കുന്നവരുണ്ട്. ഇപ്രകാരമുള്ള സാക്ഷിപത്രം ലഭിച്ചവർക്ക് ഏതുമത്സരങ്ങളും കാണാൻ സൗജന്യമായി പ്രവേശനം അനുവദിച്ചിരുന്നു. ക്രിസ്തു തന്റെ വിശ്വസ്തർക്ക് വിജയത്തിന്റെ സാക്ഷിപത്രം നല്കും. അത് അവരെ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അർഹരാക്കും എന്ന സൂചനയാണ് ഈ വ്യാഖ്യാനത്തിൽ നിന്നു ലഭിക്കുന്നത്.



3. കല്ലിന്റെ നിറവും പേരിന്റെ പുതുമയും അടിസ്ഥാനമാക്കി മറ്റൊരു വിശദീകരണം നല്കാറുണ്ട്. 'വെൺമ' ദൈവിക പരിശുദ്ധിയുടെയും വിജയത്തിന്റെയും നിറമാണ്. പുതിയത് എന്നതിന് ഗ്രീക്കിൽ രണ്ടു പദങ്ങളുണ്ട്. *നെയോസ്* കാലസൂചന നല്കുന്നു. *കൈനോസ്* സ്വഭാവത്തെ സൂചിപ്പിക്കുന്നു. പുതിയ ജറുസലേം, പുതിയ ആകാശം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇവിടെ രണ്ടാമത്തെ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പുതിയ നാമം ഒരു പുതിയ സ്വഭാവത്തെയും സ്ഥാനത്തെയും സൂചിപ്പിക്കുന്നു. ശിമയോന് പത്രോസ് എന്ന പുതിയ നാമം നല്കുന്നതിലൂടെ ഒരു പുതിയ പദവി നല്കുകയായിരുന്നു. വിജയിക്കുന്നവന് ദൈവിക സ്വഭാവത്തിൽ അഥവാ ദൈവിക ജീവനിൽ പങ്കുനല്കും എന്ന സൂചനയാണ് ഈ വിശദീകരണത്തിൽനിന്നു ലഭിക്കുക. ഏതു വിശദീകരണം സ്വീകരിച്ചാലും നിഗൂഢമന്നയും പുതിയ പേരെഴുതിയ വെള്ളക്കല്ലും യേശുവുമായുള്ള പ്രത്യേക ബന്ധത്തെയാണ് ഊന്നിപ്പറയുന്നത്. വിജയം വരിക്കുന്നവനെ യേശു സ്വന്തമായി സ്വീകരിക്കും. അവന് സ്വയം ദാനം ചെയ്യും. ഇത് ഏറ്റം ഗാഢമായ സ്നേഹബന്ധമാണ്.

## 4. തിയത്തീറായിലെ സഭയ്ക്ക് 2,18-29

18. തിയത്തീറായിലെ സഭയുടെ ദൂതന് എഴുതുക: അഗ്നിനാളംപോലെ മിഴികളും തിള
ങ്ങുന്ന പിച്ചളപോലെപാദങ്ങളും ഉള്ള ദൈവപുത്രൻ ഇപ്രകാരം പറയുന്നു: നിന്റെ
19. പ്രവൃത്തികൾ, നിന്റെ സ്നേഹവും വിശ്വാസവും ശുശ്രൂഷയും ക്ഷമാപൂർവ്വ
മായ ഉറച്ചുനില്പും ഞാൻ അറിയുന്നു. നിന്റെ അവസാനത്തെ പ്രവൃത്തി
20. കൾ ആദ്യത്തേതിനേക്കാൾ അധികമാണ്. എങ്കിലും നിനക്കെതിരായി എനിക്കു
പറയാനുണ്ട്. വ്യഭിചാരം ചെയ്യുകയും വിഗ്രഹങ്ങൾക്കർപ്പിച്ചവ ഭക്ഷിക്കുക
യും ചെയ്യാൻ എന്റെ ദാസരെ പഠിപ്പിക്കാനും വഴിതെറ്റിക്കാനും പ്രവാചിക
എന്നു സ്വയം വിശേഷിപ്പിക്കുന്ന ജെസബെൽ എന്ന സ്ത്രീയെ നീ അനുവ
21. ദിക്കുന്നു. മനസ്സു തിരിയാൻ ഞാൻ അവൾക്കു സമയം നല്കി. എന്നാൽ
തന്റെ വ്യഭിചാരത്തിൽ നിന്നു മനസ്സുതിരിയാൻ അവൾ ആഗ്രഹിക്കുന്നില്ല.
22. ഇതാ അവളെ കിടക്കയിലേക്കും അവളോടൊത്തു വ്യഭിചാരം ചെയ്യുന്നവ
രെ, അവർ തങ്ങളുടെ പ്രവൃത്തികളിൽ നിന്നു മനസ്സുതിരിയുന്നില്ലെങ്കിൽ,
23. വലിയ ഞെരുക്കത്തിലേക്കും ഞാൻ വലിച്ചെറിയുന്നു. അവളുടെ മക്കളെ
ഞാൻ കൊന്നുകളയും. ഹൃദയങ്ങളെയും മനസ്സുകളെയും പരിശോധിക്കു
ന്നവനാണു ഞാൻ എന്ന് അപ്പോൾ എല്ലാ സഭകളും അറിയും. നിങ്ങൾ ഓരോ
24. രുത്തർക്കും പ്രവൃത്തിക്കനുസൃതം ഞാൻ പ്രതിഫലം നല്കും. ഈ പഠനങ്ങ
ൾ സ്വീകരിക്കുകയോ സാത്താന്റെ ആഴങ്ങൾ എന്ന് അവർ വിളിക്കുന്നവ അറി
യുകയോ ചെയ്യാതെ തിയത്തീറായിൽ അവശേഷിച്ചിട്ടുള്ള നിങ്ങളോടു ഞാൻ
25. പറയുന്നു: മറ്റുഭാരമൊന്നും നിങ്ങളുടെമേൽ ഞാൻ ചുമത്തുന്നില്ല. നിങ്ങൾക്കു
26. ളളവ ഞാൻ വരുന്നതുവരെ മുറുകെ പിടിക്കുവിൻ. വിജയം വരിക്കുന്നവന്,

എന്റെ പ്രവൃത്തികൾ അവസാനംവരെ ചെയ്യുന്നവന്, ജനതകളുടെമേൽ
27. ഞാൻ അധികാരം നല്കും. ഇരുമ്പുദണ്ഡുകൊണ്ട് അവൻ അവരെ മേയി
28. യ്ക്കും; മൺപാത്രങ്ങൾപോലെ അവരെ തകർക്കും. ഞാൻ എന്റെ പിതാ
29. വിൽ നിന്ന് അധികാരം സ്വീകരിച്ചതുപോലെ തന്നെ. പുലർകാലനക്ഷത്രം
ഞാൻ അവനു നല്കും. ആത്മാവു സഭകളോടു പറയുന്നത് എന്തെന്ന് ചെവി
യുള്ളവർ കേൾക്കട്ടെ.

2.18 പെർഗാമോസിൽനിന്ന് ഏകദേശം 70 കി.മീ തെക്കു കിഴക്കായി ലീക്കസ് നദിയുടെ തീരത്തു സ്ഥിതി ചെയ്തിരുന്ന ഒരു കൊച്ചുപട്ടണമാണ് തിയത്തീറാ. തലസ്ഥാനമായ പെർഗാമോസിന്റെ സംരക്ഷണത്തിനുവേണ്ടി ഏർപ്പെടുത്തിയിരുന്ന കാവൽ സൈന്യത്തിന്റെ ഒരു താവളം അവിടെയുണ്ടായിരുന്നു. ഭരണപരമോ മതപരമോ സാംസ്കാരികമോ ആയ വലിയ പ്രാധാന്യമൊന്നും അവകാശപ്പെടാനില്ലാത്ത, താരതമ്യേന അപ്രധാനമായ ഈ പട്ടണത്തിനാണ് ഏറ്റം ദീർഘമായ ലേഖനം എഴുതിയിരിക്കുന്നത്. ക്രിസ്തുവിനു നല്കിയിരിക്കുന്ന വിശേഷണങ്ങളും ഈ സഭയ്ക്കെതിരായ ആരോപണങ്ങളും മനസ്സിലാക്കാൻ ഈ പട്ടണത്തിന്റെ ചില പ്രത്യേകതകൾ അറിഞ്ഞിരിക്കുന്നത് സഹായിക്കും.

വിവിധങ്ങളായ കൈത്തൊഴിലുകൾക്കു പ്രസിദ്ധിയാർജ്ജിച്ച ഒരു പട്ടണമായിരുന്നു തിയത്തീറാ. കമ്പിളി, പട്ട് മുതലായവകൊണ്ടുള്ള തുണിത്തരങ്ങളും അവയ്ക്കു നിറം കൊടുക്കാനുള്ള ചായങ്ങളും നിർമ്മിക്കുക, തുകൽപ്പണി, ചെമ്പ്, ഓട്, പിത്തള തുടങ്ങിയ ലോഹങ്ങൾകൊണ്ടുള്ള പണി മുതലായവ ഇവിടുത്തെ പ്രധാന കൈത്തൊഴിലുകളായിരുന്നു. ഓരോ തൊഴിലിലും ഏർപ്പെട്ടിരുന്നവർക്ക് അവരവരുടേതായ സംഘടനകൾ (guilds) ഉണ്ടായിരുന്നു. ഇന്നത്തെ തൊഴിലാളി സംഘടനകളോടും ക്ലബ്ബുകളോടും സാമ്യമുള്ള ഈ സംഘടനകളിൽ പെടാതെ ഒറ്റയ്ക്കു നിന്നു തൊഴിൽ ചെയ്തു ജീവിക്കുക അവിടെ പ്രായേണ അസാധ്യമായിരുന്നു.

സംഘടനയുടെ അംഗങ്ങൾ സംഘടനകളുടേതായ സമ്മേളനങ്ങളിലും വിരുന്നുകളിലും നിർബ്ബന്ധമായും പങ്കെടുക്കണം. സമ്മേളനവും വിരുന്നും സാധാരണ ഒരുമിച്ചാണു നടക്കുക. ഏതെങ്കിലും ക്ഷേത്രത്തിലോ ക്ഷേത്രപരിസരത്തോ ആയിരിക്കും സമ്മേളനം. സമ്മേളനത്തിനു മുമ്പായി ബലിയർപ്പണമുണ്ടാകും. വിരുന്നിനു തുടക്കമായി ഏതെങ്കിലും ദേവനെ വിളിച്ചു പ്രാർത്ഥിക്കും. വിളമ്പിയിരുന്നത് ബലിയർപ്പിച്ച മാംസമായിരുന്നു. വിരുന്നിനുമധ്യേ ദേവന്മാർക്കു സ്തുതിപാടുക പതിവായിരുന്നു, വീഞ്ഞും മറ്റു ലഹരി പാനീയങ്ങളും സമൃദ്ധമായി വിളമ്പിയിരുന്നു. സ്ത്രീ-പുരുഷന്മാർ ഒരുമിച്ചാണ് വിരുന്നിൽ പങ്കുചേരുക. സായാഹ്നത്തിൽ ആരംഭിക്കുന്ന വിരു



ന്നുകൾ രാത്രിയിലേക്കു നീളും. ലൈംഗികാസക്തിയ കയറൂരിവിടുന്ന സമ്മേളനങ്ങളായിട്ടാണ് വിരുന്നുകൾ പലപ്പോഴും കലാശിക്കുക. പേഗൻ മതങ്ങളിൽ വിശ്വാസവും ധാർമ്മികജീവിതവും തമ്മിൽ വലിയ ബന്ധമൊന്നുമുണ്ടായിരുന്നില്ല. ഇത്തരം വിരുന്നുകൾക്കുള്ള ക്ഷണക്കത്തുകൾ തന്നെ "നമ്മുടെ കർത്താവായ - ദേവന്റെ മേശയിൽ എന്നോടൊപ്പം വിരുന്നുണ്ണാൻ താങ്കളെ ക്ഷണിക്കുന്നു" എന്നാണ് തുടങ്ങിയിരുന്നത്.

തിയത്തീറാ പട്ടണത്തിന്റെ സംരക്ഷകനായി ആരാധിച്ചു പോന്നത് സൂര്യദേവനായ അപ്പോളൊ (Appollo)യെ ആണ്. ദേവാധിദേവനായ സേവൂസിന്റെ മകനായിട്ടാണ് അപ്പോളൊ കരുതപ്പെട്ടിരുന്നത്. റോമാചക്രവർത്തിയും സേവൂസിന്റെ മകനായി പരിഗണിക്കപ്പെട്ടിരുന്നു. കാലക്രമത്തിൽ അപ്പോളൊയുടെ അവതാരമായി ചക്രവർത്തിമാർ അറിയപ്പെടാൻ തുടങ്ങി. അങ്ങനെ രാജാരാധനയും അപ്പോളോ ദേവന്റെ ആരാധനയും ഒന്നിച്ചു.

ഏഷ്യാമൈനറിലെ മാത്രമല്ല, റോമാസാമ്രാജ്യത്തിലുടനീളമുള്ള ക്രിസ്തീയസഭകൾക്ക് ഈ സാഹചര്യത്തിൽ വ്യക്തമായ തീരുമാനമെടുക്കേണ്ടിവന്നു. തിയത്തീറായിൽ മതമർദ്ദനം ആരംഭിച്ചില്ലെങ്കിൽത്തന്നെ തൊഴിലാളി സംഘടനകളുടെ പ്രത്യേക പശ്ചാത്തലത്തിൽ ഈ തീരുമാനം ഏറെ പ്രശ്നങ്ങൾ ഉളവാക്കിയിരുന്നു.

തിയത്തീറാ പട്ടണത്തിന്റെ പ്രത്യേകതകളെ കണക്കിലെടുത്തുകൊണ്ടാണ് മനുഷ്യപുത്രദർശനത്തിൽ നിന്നെടുത്ത രണ്ടു വിശേഷണങ്ങൾ (1,14-15) ക്രിസ്തുവിനു നല്കിയിരിക്കുന്നത്. ദാനി 10,6 ന്റെ സ്വാധീനം ഇതിൽ കാണാം. മനുഷ്യന്റെ വികാരവിചാരങ്ങളെ കൃത്യമായി കാണാൻ കഴിയുന്നവയാണ് അഗ്നിനാളംപോലുള്ള കണ്ണുകൾ. 23-ാം വാക്യത്തിൽ ഈ ആശയത്തിലേക്കു ഗ്രന്ഥകാരൻ മടങ്ങിവരുന്നുണ്ട്. സൂര്യദേവനായ അപ്പോളോ അല്ല ലോകത്തിന്റെ പ്രകാശമായ യേശുക്രിസ്തുവാണ് യഥാർത്ഥ ദൈവപുത്രൻ. *അഗ്നിനാളവും തിളങ്ങുന്ന പിച്ചളയും* അപ്പോളോ ദേവനെക്കുറിച്ചുള്ള സങ്കല്പങ്ങൾ മിഥ്യയാണെന്നും അവ സാക്ഷാൽക്കരിക്കപ്പെടുന്നത് യേശുക്രിസ്തുവിലാണെന്നും സൂചിപ്പിക്കുന്നു. *ദൈവപുത്രൻ* എന്ന പേര് വെളിപാടു പുസ്തകത്തിൽ ഇവിടെ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ. ഇതും അപ്പോളോയെ സംബന്ധിച്ച അവകാശവാദത്തെ ഖണ്ഡിക്കുന്നു.

**2,19** വലിയ പ്രശംസ നല്കിക്കൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. ആന്തരികഭാവവും ബാഹ്യപ്രകടനവും യോജിച്ചുപോകുന്നതിന്റെ പേരിൽ നാഥൻ സഭയെ അനുമോദിക്കുന്നു. തന്നെയുമല്ല, ഈ കാര്യങ്ങളിൽ സഭ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുന്നു എന്ന് നാഥൻതന്നെ അംഗീകരി

ക്കുകയും ചെയ്യുന്നു.

**2,20** സഭയ്ക്കെതിരായുള്ള നാഥന്റെ കുറ്റാരോപണമാണ് അടുത്തതായി അവതരിപ്പിക്കുന്നത്. ***ജെസബെൽ*** എന്നത് വ്യാജനാമമാണെന്നതിൽ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായവ്യത്യാസമില്ല. ഇസ്രായേൽ ജനത്തെ വിഗ്രഹാരാധനയ്ക്കു പ്രേരിപ്പിച്ച കുപ്രസിദ്ധയായ രാജ്ഞിയാണ് ആഹാബിന്റെ ഭാര്യയായ ജെസബെൽ (1 രാജാ 16,31-32;18,1-19,3). അവളുടെ പഠനങ്ങളിൽ രണ്ടു കാര്യങ്ങളാണ് എടുത്തുകാട്ടുന്നത്. *വ്യഭിചാരം* എന്നത് വാച്യാർത്ഥത്തിലും പ്രതീകാർത്ഥത്തിലും മനസ്സിലാക്കാം. *വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കുക* എന്നത് വാച്യാർത്ഥത്തിൽത്തന്നെ എടുക്കണം. ഈ രണ്ടു കാര്യങ്ങളാണ് ജറുസലെം സൂനഹദോസ് വിജാതീയ ക്രൈസ്തവരെ സംബന്ധിച്ച് ഊന്നിപ്പറഞ്ഞത് (അപ്പ 15,29). ഇവ രണ്ടും തമ്മിലുള്ള ബന്ധം മേൽ വിവരിച്ച വിരുന്നാഘോഷങ്ങളുടെ പശ്ചാത്തലത്തിൽ എളുപ്പം ഗ്രഹിക്കാനാവും. 'ക്രിസ്ത്യാനിയായതിന്റെ പേരിൽ ജനജീവിതത്തിന്റെ മുഖ്യധാരയിൽനിന്നു മാറിനില്ക്കേണ്ടതില്ല. സമ്മേളനങ്ങളിലും വിരുന്നുകളിലും പങ്കെടുക്കുക സംഘടനയിലെ അംഗത്വത്തിന്റെ അവശ്യഭാഗമാണെങ്കിൽ മടിക്കാതെ പങ്കെടുക്കണം' എന്നതാണ് ജെസബെലിന്റെ പഠനം.

*'ജെസബെൽ'* എന്ന വ്യാജനാമം ഒരു വ്യക്തിയെ സൂചിപ്പിക്കാനാണോ അതോ ഇപ്രകാരമുള്ള പഠനങ്ങൾ പ്രചരിപ്പിക്കുന്നവരെ സംബന്ധിച്ചു പൊതുവായിട്ടാണോ ഉപയോഗിച്ചിരിക്കുന്നത് എന്ന കാര്യത്തിൽ തർക്കമുണ്ട്. ലേഖനങ്ങളുടെ പൊതുവായ സ്വഭാവം കണക്കിലെടുക്കുമ്പോൾ രണ്ടാമത്തെ അഭിപ്രായത്തിനാണ് കൂടുതൽ സാധ്യതയുള്ളത്. സാമ്പത്തിക സുരക്ഷിതത്വത്തിനും സമൂഹത്തിലെ മാന്യതയ്ക്കും വേണ്ടി ക്രിസ്തീയ ധാർമ്മികതയിൽ അയവുവരുത്തുകയും പേഗൻ ആചാരങ്ങളോട് ഒത്തുതീർപ്പിലെത്തുകയും ചെയ്യാൻ ശ്രമിക്കുന്ന ഈ പഠനം നിക്കോളാവോസിന്റെ ഉപദേശത്തോടും ബാലാമിന്റെ പഠനത്തോടും (വെളി 2,14-15) സാമ്യമുള്ളതാണ്.

**2.21** അനിഷേധ്യമാം വിധം തെറ്റുതെളിയിച്ചതിനുശേഷം ശിക്ഷാവിധി പ്രസ്താവിക്കാനുള്ള ഒരുക്കമാണ് ഈ വാക്യം. തനിക്കു ലഭിച്ച മുന്നറിയിപ്പുകൾ കൂട്ടാക്കാതെ, മാനസാന്തരപ്പെടാൻ വിസമ്മതിച്ച്, തെറ്റിൽ തുടരുന്നവന് മാപ്പു ലഭിക്കുകയില്ല. ആസന്നമായിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പു മാത്രമാണ് അടുത്തതായി ലഭിക്കുക.

**2.22** ഇനി ഒരിക്കലും എഴുന്നേല്ക്കാനാവാത്തവിധം ശയ്യയിലേക്ക് ജെസബെലിനെ വലിച്ചെറിയും. രോഗശയ്യ എന്നായിരിക്കാം വിവക്ഷ. എന്നാൽ



*"ശയ്യയിലേക്ക്"* എന്നു മാത്രമേ ഗ്രീക്കിലുള്ളു. അതു പാതാളശയ്യയും (ഏശ 14,11) ആവാം. അവളുടെ പഠനങ്ങൾ സ്വീകരിക്കുന്നവർക്കും ഇതേ കഠിനമായ ശിക്ഷയാണ് ലഭിക്കാൻ പോകുന്നത്. *അവളുടെ മക്കൾ* എന്ന് 23-ാം വാക്യത്തിൽ വിശേഷിപ്പിച്ചിരിക്കുന്നതും ഇവരെയാണ്. ഈ താക്കീതുകൾ മാനസാന്തരത്തിനുള്ള അവസാനത്തെ ആഹ്വാനമായി പരിഗണിക്കണം. *മനസ്സുതിരിയുക* എന്ന പദം മൂന്നുതവണ ഈ ലേഖനത്തിൽ ആവർത്തിച്ചിരിക്കുന്നു. കർത്താവിന്റെ കരുണ അനന്തമാണെന്നു കരുതി അനുതപിക്കാതെ തിന്മയിൽ തുടരുന്നത് മോചനമില്ലാത്ത പാപമാണ്. *ഇതാ ഞാൻ വലിച്ചെറിയുന്നു* എന്നതു വർത്തമാനകാലമാണെങ്കിലും, പ്രവാചകശൈലിയിൽ ആസന്നമായിരിക്കുന്ന ശിക്ഷാവിധിയെയാണിതു സൂചിപ്പിക്കുക.

**2,23** മുഖ്യമായും ഈ വാക്യത്തെ മുന്നിൽകണ്ടുകൊണ്ടാണ് അഗ്നിനാളം പോലെ മിഴികളുള്ളവൻ എന്ന് ക്രിസ്തു സ്വയം വിശേഷിപ്പിച്ചത്. ജറെ 17,10-ന്റെ സ്വതന്ത്ര്യമായ ഉദ്ധരണിയാണിത്. *വൃക്കകളും ഹൃദയവും പരിശോധിക്കുന്നവൻ* എന്നാണ് ഗ്രീക്കു മൂലത്തിന്റെ വാച്യാർത്ഥം. സെമിറ്റിക് ചിന്താരീതിയിൽ ഏറ്റം തീവ്രമായ വികാരങ്ങളുടെ ഇരിപ്പിടമാണ് വൃക്കകൾ. ഉദരകോശങ്ങൾ, കുടൽ, അരക്കെട്ട് എന്നിവയും ഇതേ അർത്ഥത്തിലാണ് ഉപയോഗിക്കുക. ചിന്തയുടെ ഇരിപ്പിടമാണ് ഹൃദയം. മനുഷ്യന്റെ ഏറ്റം നിഗൂഢമായ വിചാരങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും പോലും ക്രിസ്തു വ്യക്തമായി അറിയുന്നു. ഓരോരുത്തർക്കും അവൻ പ്രതിഫലം നല്കുന്നത് പ്രവൃത്തിയുടെ അടിസ്ഥാനത്തിലായിരിക്കും (മത്താ 16,27). നല്ല വിചാരങ്ങളും ആഗ്രഹങ്ങളും മാത്രം പോരാ, നല്ല പ്രവൃത്തികളും ആവശ്യമാണ്. മനുഷ്യന്റെ പ്രവൃത്തികളെയും അവയ്ക്കു പിന്നിലുള്ള വികാരങ്ങളെയും ലക്ഷ്യങ്ങളെയും കണക്കിലെടുത്തുകൊണ്ടായിരിക്കും മനുഷ്യപുത്രൻ വിധി പ്രസ്താവിക്കുക.

**2.24** സാത്താന്റെ ആഴങ്ങൾ എന്നത് ഇന്നും തർക്കവിഷയമാണ്. രണ്ടു വിശദീകരണ സാധ്യതകളുണ്ട്. 1. 'ആഴങ്ങൾ' എന്നാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന *ബഥേയാ* (depths) എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം. സാധാരണയായി *രഹസ്യങ്ങൾ* എന്നു വിവർത്തനം ചെയ്യാറുള്ള *മിസ്തേരിയാ* (mysteria) എന്നതിൽ നിന്നും വ്യത്യസ്തമാണിത്. രഹസ്യം രക്ഷാകരമാണ്. ഈ ആഴങ്ങൾക്കു വേറെ ധ്വനികളാണുള്ളത്. തങ്ങളുടെ പ്രത്യേക പഠനത്തെ 'സാത്താന്റെ ആഴങ്ങൾ' എന്ന് അതിന്റെ ഉപജ്ഞാതാക്കൾ തന്നെ വിശേഷിപ്പിക്കുന്നതിനാൽ ആ വിധത്തിൽത്തന്നെ ഇതിനെ കരുതണം. ശാരീരികമായ സകല വഷളത്തങ്ങളിലും ആവോളം ആഴത്തിൽ മുഴുകുക. അങ്ങനെ തിന്മയുടെ സകല ആഴങ്ങളും അനുഭവിച്ചറിയുക. എന്നാൽ ആത്മാവിനെ

ഇവയിൽനിന്നെല്ലാം അകറ്റി ഉയർത്തി നിർത്തുക. ഇപ്രകാരം സാത്താന്റെ ആഴങ്ങൾ അറിഞ്ഞാലേ അവനെ പരാജയപ്പെടുത്താൻ കഴിയൂ. തിന്മയുടെ കോട്ടയ്ക്കുള്ളിൽ പ്രവേശിച്ച് തിന്മയുടെ ശക്തിയായ സാത്താന്റേമേൽ വിജയം വരിക്കാനുള്ള മാർഗ്ഗമാണിത്. 2. രക്ഷ പ്രാപിക്കാൻ ആവശ്യമായ നിഗൂഡജ്ഞാനമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. 'ദൈവത്തിന്റെ ആഴങ്ങൾ' എന്ന് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ അവകശപ്പെടുന്നെങ്കിലും യഥാർത്ഥത്തിൽ ഇതു സാത്താന്റെ രഹസ്യങ്ങൾ തന്നെയാണ്. യഹൂദ സിനഗോഗിനെ 'സാത്താന്റെ സിനഗോഗ്' എന്നു വിശേഷിപ്പിച്ച അതേ പരിഹാസമാണ് ഇവിടെയും മുഴങ്ങുന്നത്. ഈ രണ്ടു വ്യാഖ്യാനങ്ങളും ജ്ഞാനവാദം (Gnosticism) എന്നറിയപ്പെടുന്ന പാഷണ്ഡതയുടെ ആദ്യരൂപങ്ങളാണ്. ഇവയിൽ ആദ്യത്തേതാണ് കൂടുതൽ സ്വീകാര്യമെന്ന് വ്യാഖ്യാതാക്കളിൽ ഭൂരിഭാഗവും കരുതുന്നു. ഏതു വ്യാഖ്യാനം സ്വീകരിച്ചാലും, ഭീകരമായ ശിക്ഷ വിളിച്ചുവരുത്തുന്ന പാപമായിട്ടാണ് ഈ സിദ്ധാന്തത്തെ വി. ഗ്രന്ഥകാരൻ കാണുന്നത്.

**2.25** കർത്താവിന്റെ ആഗമനം വൈകുകയില്ലെന്നും അതുവരെ ധീരമായി ഉറച്ചുനില്ക്കണമെന്നും ഉള്ള ആഹ്വാനം മാത്രമാണ് തന്റെ വിശ്വസ്തർക്കു നല്കുന്നത്.

**2.26** തനിക്കു പിതാവിൽനിന്നു ലഭിച്ച അധികാരമാണ് ദൈവപുത്രൻ തന്റെ വിശ്വസ്തദാസർക്കു വാഗ്ദാനം ചെയ്യുന്നത്. മിശിഹായുടെ ഭരണത്തെക്കുറിച്ചുള്ള സങ്കീർത്തനഭാഗം (സങ്കീ 2,8-9) ഇവിടെ സ്വതന്ത്യമായി ഉദ്ധരിച്ചിരിക്കുന്നു.

**2.27** ഇടയന്റെ ദൗത്യമാണ് ഈ ഭരണം. ഭരിക്കുക എന്നല്ല, മേയിക്കുക എന്നാണു പറയുന്നത് എന്നതു ശ്രദ്ധേയമത്രേ. ഇടയന്മാർക്കു സാധാരണ രണ്ടു വടികളുണ്ടായിരുന്നു - അറ്റം വളഞ്ഞ ചെറിയ വടി ആടുകളെ നയിക്കാനും, രണ്ടറ്റത്തും ഇരുമ്പുകെട്ടിയ വലിയ വടി വന്യമൃഗങ്ങളെ അടിച്ച് ഓടിക്കാനും. രണ്ടാമത്തെ വടിയാണ് ഇവിടെ ഇരുമ്പുദണ്ഡ് എന്നു വിളിക്കുന്നത്. തിന്മയെ ഉന്മൂലനംചെയ്ത്, ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ സ്ഥാപിതമാകുമ്പോൾ ക്രിസ്തുവിന്റെ വിശ്വസ്തർ അവനോടൊത്തു വാഴും. വി. പൗലോസ് ഈ പ്രത്യാശ പ്രകടമാക്കുന്നുണ്ട് (2 തിമോ 2,12).

**2.28** രണ്ടാമത്തെ വാഗ്ദാനമായ പുലർകാലനക്ഷത്രം യേശുവിനെ തന്നെയാണു സൂചിപ്പിക്കുന്നത്. "ഞാൻ ദാവീദിന്റെ വേരും സന്തതിയുമാണ്: പ്രകാശപൂർണ്ണമായ പ്രഭാതനക്ഷത്രം" (വെളി 22,16) എന്ന പ്രഖ്യാപനം ഇതിനു തെളിവാണ്. തിയത്തീറായിലെ വിശ്വസ്തർക്കു നല്കുന്ന രണ്ടു വാഗ്ദാനങ്ങളുടെയും അടിസ്ഥാനം ഈ വാക്യം അവതരിപ്പിക്കുന്ന സത്യം



തന്നെ. അവസാനംവരെ ഉറച്ചുനിന്നു വിജയം വരിക്കുന്നവർക്കു ദൈവത്തിന്റെ രാജത്വത്തിൽ ഭാഗഭാഗിത്വം മാത്രമല്ല ദൈവപുത്രനെത്തന്നെ അവകാശമായി ലഭിക്കും.

## 5. സാർദീസിലെ സഭയ്ക്ക് 3,1-6

1. സാർദീസിലെ സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ സപ്താത്മാക്കളും
സപ്തതാരങ്ങളുമുള്ളവൻ ഇപ്രകാരം പറയുന്നു: നിന്റെ പ്രവൃത്തികൾ ഞാന
റിയുന്നു. ജീവിച്ചിരിക്കുന്നവൻ എന്ന പേര് നിനക്കുണ്ട്. പക്ഷേ നീ മൃതനാ
2. ണ്. ഉണർന്നിരിക്കുക. നിന്നിൽ ആസന്നമരണമായി അവശേഷിക്കുന്നതിനെ
ശക്തിപ്പെടുത്തുക. എന്തെന്നാൽ എന്റെ ദൈവത്തിന്റെ മുമ്പിൽ നിന്റെ പ്രവൃ
3. ത്തികൾ പൂർണ്ണമാക്കപ്പെട്ടതായി ഞാൻ കണ്ടില്ല. അതുകൊണ്ടു നീ സ്വീകരി
ച്ചതും കേട്ടതും എപ്രകാരമെന്നു സ്മരിച്ച് അതു കാത്തുസൂക്ഷിക്കുകയും
മനസ്സുതിരിയുകയും ചെയ്യുക. നീ ഉണർന്നിരിക്കുന്നില്ലെങ്കിൽ ഞാൻ കള്ള
നെ പ്പോലെ വരും. ഏതു സമയത്താണു ഞാൻ നിന്നെ പിടികൂടുകയെന്നു
4. നീ അറിയുകയില്ല. എന്നാൽ വസ്ത്രങ്ങൾ മലിനമാക്കിയിട്ടില്ലാത്തവരായി
കുറച്ചുപേർ സാർദീസിൽ നിനക്കുണ്ട്. അവർ ധവളവസ്ത്രധാരികളായി എന്റെ
5. കൂടെ നടക്കും. എന്തെന്നാൽ അവർ അതിനു യോഗ്യരാണ്. വിജയം വരി
ക്കുന്നവൻ ഇപ്രകാരം വെള്ളവസ്ത്രം ധരിക്കും; ജീവന്റെ പുസ്തകത്തിൽ
നിന്ന് അവന്റെ നാമം ഞാൻ മായിച്ചുകളയുകയില്ല. എന്റെ പിതാവിന്റെയും
അവിടുത്തെ ദൂതൻമാരുടെയും സന്നിധിയിൽ അവന്റെ നാമം ഞാൻ ഏറ്റു
6. പറയും. ആത്മാവ് സഭകളോടു പറയുന്നതെന്തെന്നു ചെവിയുള്ളവൻ
കേൾക്കട്ടെ.

**3.1** തിയത്തീറായിൽ നിന്ന് ഏകദേശം 50 കി.മീ തെക്കായി സ്ഥിതി ചെയ്തിരുന്ന ഒരു നഗരമാണ് സാർദിസ്. 1500 അടി ഉയരമുള്ള കിഴുക്കാം തൂക്കായ പാറക്കെട്ടിനു മുകളിലാണ് പട്ടണം പണിയപ്പെട്ടിരുന്നത്. ശത്രുക്കൾക്ക് അതിനെ ആക്രമിച്ചു കീഴടക്കുക പ്രായേണ അസാധ്യമായിരുന്നു. ബി.സി. ആറാം നൂറ്റാണ്ടിൽ ഏഷ്യയിലെ ഏറ്റം സമ്പന്ന നഗരമായി സാർദിസ് അറിയപ്പെട്ടിരുന്നു. സമ്പത്തിലും കോട്ടയുടെ സുരക്ഷിതത്വത്തിലും മതിമറന്ന സാർദിസ് രണ്ടുതവണ അപ്രതീക്ഷിതമായി ശത്രുക്കൾക്കു കീഴടങ്ങേണ്ടി വന്നു. ബി.സി. 546-ൽ പേർഷ്യൻ ചക്രവർത്തിയായ സൈറസിന്റെ പടയാളികൾ രാത്രിയിൽ പാറക്കെട്ടിന്റെ വിടവിലൂടെ പിടിച്ചു കയറി. കാവൽക്കാർ ഉറങ്ങുകയായിരുന്നു. അതിനാൽ നിഷ്പ്രയാസം പട്ടണം കീഴടക്കാൻ കഴിഞ്ഞു. ബി.സി. 195-ൽ സിറിയൻ രാജാവായ അന്തിയോക്കസ് മൂന്നാമന്റെ പടയാളികൾ ഇതേവിധത്തിൽ പട്ടണത്തിൽ പ്രവേശിച്ചു. അന്നും കാവല്ക്കാർ ഉറങ്ങുകയായിരുന്നു. എ.ഡി. 17-ൽ ഉണ്ടായ വലിയ ഭൂമികുലുക്കത്തിൽ ഏഷ്യാമൈനറിലെ മറ്റു പതിനാറു പട്ടണങ്ങളോടൊപ്പം സാർദിസ് നഗരവും നിലംപതിച്ചു. ടൈബീരി

യസ് ചക്രവർത്തി ഒരു ഭീമമായ തുക നല്കിയാണ് നഗരം വീണ്ടും പണിതത്. സാർദീസിലെ സഭയ്ക്ക് ഉണർന്നിരിക്കാൻ നല്കുന്ന ആഹ്വാനത്തിൽ ഈ ചരിത്രസംഭവങ്ങളുടെ സൂചനകാണാം.

ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളും ഉള്ളവൻ എന്നാണ് ക്രിസ്തു സ്വയം വിശേഷിപ്പിക്കുന്നത്. സപ്താത്മാക്കൾ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു എന്നു നാം കണ്ടുകഴിഞ്ഞു. ദൈവാത്മാവിന്റെ പൂർണ്ണത യേശുവിൽ കുടികൊള്ളുന്നു. ആത്മാവിന്റെ സപ്തദാനങ്ങൾ വർഷിക്കുകയും എല്ലാ സഭകളിലും പരിശുദ്ധാത്മാവിൽ സന്നിഹിതനായിരിക്കുകയും ചെയ്യുന്ന ക്രിസ്തുവാണ് സംസാരിക്കുന്നത്. സഭകളെ മുഴുവൻ അവൻ തന്റെ കൈകളിൽ വഹിക്കുന്നു. സഭ ക്രിസ്തുവിന്റേതാണ്. സഭയിലെ എല്ലാ അംഗങ്ങളും അവന്റെ ദാസന്മാരാണ്; സഭാധികാരികൾ ക്രിസ്തുവിനാൽ നിയുക്തരായ ഇടയന്മാരും (അപ്പ 20,28).

ഉത്ഥിതനായ ക്രിസ്തുവിൽനിന്നു യാതൊരു പ്രശംസയും ലഭിക്കാത്ത രണ്ടുസഭകളിൽ ഒന്നാണ് സാർദിസിലേത്. പ്രശംസ ലഭിക്കുന്നില്ല എന്നുമാത്രമല്ല നിശിതമായ വിമർശനങ്ങളും കർശനമായ താക്കീതുകളും ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. ***നാമമാത്രക്രിസ്ത്യാനികൾ*** എന്നു വിശേഷിപ്പിക്കാവുന്ന ഈ സഭ ജീവിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുന്നെങ്കിലും യഥാർത്ഥത്തിൽ മരിച്ചുകൊണ്ടിരിക്കുകയാണ്. നീ മൃതനാണ് എന്ന പ്രഖ്യാപനം ഈ സഭയുടെ പൊതുവായ അവസ്ഥയെ സൂചിപ്പിക്കുന്നതാവണം.

പുറമെനിന്നുള്ള പീഡനങ്ങളോ അകമേ നിന്നുള്ള പാഷണ്ഡതയോ ഈ സഭയെ പിടിച്ചുകുലുക്കുന്നില്ല. ചുറ്റുപാടും നടമാടുന്ന പേഗൻ സംസ്കാരത്തോട് ഒത്തുതീർപ്പിൽ എത്തിയതാവണം ഇതിനു കാരണം. “നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ട്.......ലോകം നിങ്ങളെ വെറുക്കും” (യോഹ 15,19) എന്ന് യേശുനാഥൻ മുൻകൂട്ടി അറിയിച്ചിരുന്നു. ചുറ്റുപാടുമുള്ള മറ്റു സഭകൾ കഠിനമായ പീഡനത്തിനിരയായപ്പോഴും സാർദീസിലെ സഭയ്ക്കു സ്വച്ഛമായി ജീവിക്കാൻ കഴിഞ്ഞത് ആ സഭ ലോകത്തിന്റേതായി ത്തീർന്നതുകൊണ്ടായിരിക്കണം. ചൈതന്യം നഷ്ടപ്പെട്ട വിശ്വാസം അർത്ഥശൂന്യമായ ആചാരങ്ങളുടെ പുറന്തോടിനുള്ളിൽ അന്ത്യശ്വാസം വലിക്കുകയാണ്. സാർദിസ് നഗരത്തിന്റെ അവസ്ഥ തന്നെയാണ് ആ നഗരത്തിലെ സഭയുടേതും. ഗതകാലമഹത്വത്തിൽ അഭിമാനിക്കുകയും വിശ്വാസത്തിന്റെ കാതലായ കാര്യങ്ങളിൽ പേഗൻ സംസ്കാരവുമായി വിട്ടുവീഴ്ചകൾ നടത്തി സ്വസ്ഥതയനുഭവിക്കുകയും ചെയ്യുന്ന ഈ സഭ എക്കാലത്തും ക്രിസ്തുവിന്റെ സഭയ്ക്കു സംഭവിക്കാവുന്ന ലൗകായതീകരണത്തിന്റെ ഉദാഹരണമാണ്.



*ഉണരുക* എന്ന ആഹ്വാനമാണ് നാഥന് ഈ സഭയ്ക്കു നല്കാനുള്ളത്. പെട്ടെന്ന് ഉറക്കത്തിൽ നിന്ന് ഉണരുക എന്നല്ല, സദാ ഉണർന്നിരിക്കുക എന്നാണ് ഗ്രീക്കുമൂലത്തിന്റെ അർത്ഥം. ജാഗ്രത പാലിക്കുന്നില്ലെങ്കിൽ സംഭവിക്കാൻ പോകുന്ന വിപത്തിനെക്കുറിച്ച് മൂന്നാംവാക്യത്തിൽ പരാമർശിക്കുന്നുണ്ട്. വിവിധങ്ങളായ പ്രലോഭനങ്ങൾക്കും വീഴ്ചകൾക്കും എതിരേ നിതാന്ത ജാഗ്രത പാലിക്കാനുള്ള ആഹ്വാനം പുതിയ നിയമത്തിലുടനീളം കാണാം (ലൂക്കാ 22,46; 1 കോറി 16,13; കൊളോ 4:2; 1 തെസ 5,6; 1 പത്രോ 5,8). കാവൽക്കാരുടെ അശ്രദ്ധമൂലം രണ്ടുതവണ ശത്രുക്കൾക്കു കീഴടങ്ങുകയും അപ്രതീക്ഷിതമായുണ്ടായ ഭൂകമ്പത്തിൽ നിലം പതിക്കുകയും ചെയ്ത സാർദീസിന്റെ ചരിത്രപശ്ചാത്തലത്തിൽ ഉണർന്നിരിക്കുക എന്ന ആഹ്വാനം ഗ്രഹിക്കാൻ എളുപ്പമുണ്ട്.

തന്നെ ഏല്പിച്ച ദൗത്യം നിർവ്വഹിക്കുന്നതിൽ ഈ സഭ പരാജയപ്പെട്ടിരിക്കുന്നു എന്നതാണ് അടുത്ത ആരോപണം. *എന്റെ ദൈവം* എന്ന പദപ്രയോഗം യേശുവിന്റെ ദൈവത്വത്തെ നിഷേധിക്കുകയില്ല, തന്റ മനുഷ്യത്വത്തിൽ പിതാവായ ദൈവത്തോടുള്ള അവന്റെ പ്രത്യേക ബന്ധം എടുത്തുകാണിക്കുകയാണ് ചെയ്യുന്നത് (വെളി 1,6; 2 കോറി 1,3). ചാരം മൂടിക്കിടക്കുന്ന തീക്കനലിനെ ഊതിക്കത്തിക്കുന്നതുപോലുള്ള ഒരു പ്രവൃത്തിയാണ് *ഉത്തേജിപ്പിക്കുക* എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. *മൃതനാണ്* എന്നു പറഞ്ഞെങ്കിലും ഇനിയും പൂർണ്ണമായും മരിച്ചിട്ടില്ലാത്ത ചിലതൊക്കെ ഈ സഭയിൽ അവശേഷിച്ചിട്ടുണ്ട് - നാമമാത്ര ക്രിസ്ത്യാനികളിലും ക്രിസ്തുവിന്റെ ചൈതന്യം ഒളിഞ്ഞുകിടക്കുന്നതുപോലെ. അവ എന്തൊക്കെയാണെന്നു വിശദീകരിക്കുന്നതിനു പകരം എന്താണ് അടിയന്തിരമായി ചെയ്യേണ്ടത് എന്നു നാഥൻ നിർദ്ദേശിക്കുന്നു.

**3,3** മൂന്നു കാര്യങ്ങളാണ് ഇവിടെ ആവശ്യപ്പെടുന്നത്. 1. *കേട്ടത് അനുസ്മരിക്കുക.* 2. *സ്വീകരിച്ചതു കാത്തുസൂക്ഷിക്കുക.* 3. *മനസ്സു തിരിയുക.* സുവിശേഷപ്രഘോഷണത്തിലൂടെ ലഭിച്ച വിശ്വാസമാണ് സഭ കാത്തുസൂക്ഷിക്കേണ്ടത്. സമൂലമായ മനഃപരിവർത്തനത്തിലൂടെ മാത്രമേ ഇതു സാധ്യമാകൂ. അനുസ്മരിക്കുക, കാത്തുസൂക്ഷിക്കുക എന്ന രണ്ടു കല്പനകളും ഗ്രീക്കിൽ വർത്തമാനകാലത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. സുവിശേഷം സ്വീകരിച്ച ആദ്യകാലത്തെ നിരന്തരം അനുസ്മരിക്കണം. യേശുവിനെ ആദ്യമായി കണ്ടുമുട്ടിയ നിമിഷത്തിന്റെ നിർവൃതിദായകമായ സ്മരണ ഒരിക്കലും മാഞ്ഞുപോകാൻ അനുവദിക്കരുത്. വിശ്വാസം കാത്തുസൂക്ഷിക്കുക എന്നതും നിരന്തരമായൊരു പ്രക്രിയയാണ്. എന്നാൽ മനസുതിരിയുക എന്ന ക്രിയയ്ക്ക് ഭൂതകാലം (aorist) ആണ് നല്കിയിരിക്കുന്നത്. ഒരിക്കൽമാത്രം

ചെയ്യേണ്ട പ്രവൃത്തിയാണിത്. തെറ്റായ വഴിയിൽനിന്നും പിന്തിരിയാൻ എന്നേക്കുമായി എടുക്കുന്ന ദൃഢമായ തീരുമാനത്തെ ഇതു സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ പ്രമാണങ്ങൾ അനുസരിക്കുന്നതിൽ സദാ ജാഗ്രത പാലിക്കുന്നതിലൂടെ ഈ തീരുമാനം വ്യക്തികളുടെയും സഭാസമൂഹത്തിന്റെയും അനുദിനജീവിതത്തിൽ പ്രകടമാകണം.

ഭീഷണമായൊരു താക്കീത് ഈ കല്പനയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. *കള്ളനെപ്പോലെ വരും* എന്നതു മനസ്സിലാക്കാൻ സാർദീസുകാർക്കു പ്രയാസമില്ല. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ തന്നെ വാക്കുകളാണിത് (മത്താ 24,43). അന്തിമ വിധിയ്ക്കായുള്ള മനുഷ്യപുത്രന്റെ വരവിനെ സൂചിപ്പിക്കാൻ ഇതേ ഉദാഹരണം വി. പൗലോസും (1 തെസ 5,4) വി. പത്രോസും (2 പത്രോ 3,10) ഉപയോഗിക്കുന്നുണ്ട്. ഇവിടെ ലോകവസാനവും അന്തിമ വിധിയും മാത്രമല്ല വ്യക്തികളുടെ അന്ത്യവും സൂചിപ്പിക്കപ്പെടുന്നു. നാഥൻ കണക്കു പരിശോധിക്കാൻ വരുന്നത് അപ്രതീക്ഷിതമായ ചരിത്രസംഭവങ്ങളിലൂടെ ആയിരിക്കും.

**3,4** തികച്ചും നിരാശാജനകമായ ഈ ചിത്രത്തിൽ പ്രതീക്ഷയുടെ രജതരേഖ വരയ്ക്കുന്ന വാക്യമാണിത്. പാപത്തിനധീനമായ സമൂഹത്തിൽനിന്ന് നീതിമാന്മാരായ ചുരുക്കം പേർ അവശേഷിച്ചിരിക്കുന്നു എന്ന വാർത്ത ആശ്വാസവും പ്രത്യാശയും നല്കുന്നു. *വസ്ത്രം മലിനമാക്കാത്തവർ* മാമ്മോദീസായിൽ ലഭിച്ച വിശുദ്ധി കാത്തുസൂക്ഷിച്ചവരെ സൂചിപ്പിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ചവർ തങ്ങൾക്കു ലഭിച്ച ദൈവികജീവന്റെയും വിശുദ്ധിയുടെയും അടയാളമായി വെള്ളവസ്ത്രം ധരിച്ച് ദിവ്യബലിയിൽ പങ്കുചേർന്നിരുന്നു.

**3,5** വിശ്വസ്തരായി നിലനില്ക്കുന്നവർക്ക് നല്കുന്ന സമ്മാനം ഇതിനുപുറമേ മൂന്നു പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നു. 1. *വെള്ളവസ്ത്രം ധരിപ്പിക്കും.* ചളിപുരണ്ട വസ്ത്രവുമായി ആരും ദേവാലയത്തിൽ പ്രവേശിക്കാൻ പാടില്ല എന്ന് പുരാതന മതങ്ങൾക്കു നിർബന്ധമുണ്ടായിരുന്നു. ദൈവസന്നിധിയിൽ പ്രവേശിക്കാനുള്ള അർഹതയും അവകാശവും സൂചിപ്പിക്കുന്നതാണ് ഈ വെള്ളവസ്ത്രം. അതോടൊപ്പം ജ്ഞാനസ്നാന വാഗ്ദാനം കാത്തു പരിപാലിച്ചവർക്കു ക്രിസ്തുനാഥൻ നല്കുന്ന പ്രശംസയും സമ്മാനവുമായി ഇതിനെ പരിഗണിക്കാം. കാരണം വെള്ളനിറം ദൈവികത, വിജയം, വിശുദ്ധി എന്നിവയെ സൂചിപ്പിക്കുന്നു. എന്റെകൂടെ *നടക്കും* - പറുദീസായിൽ ആദിമ മനുഷ്യൻ ദൈവത്തോടൊന്നിച്ചു നടന്നിരുന്നു (ഉൽപ 3,8). പേർഷ്യൻ ചക്രവർത്തിമാരുടെ ഉദ്യാനം പറുദീസ എന്നറിയപ്പെട്ടിരുന്നു. ചക്രവർത്തി വിശ്വസ്ത സേവകരോടൊപ്പം തന്റെ ഉദ്യാനത്തിൽ ഉലാത്തിയിരുന്നതിൽ നിന്നാവണം ഈ ചിത്രം രൂപംകൊണ്ടത്. മാമ്മോദീസായിൽ ലഭിച്ച നൈനർമ്മല്യം കാത്തുസൂക്ഷിച്ചവർ നാഥനോടൊപ്പം പറുദീസായിലായിരിക്കാൻ യോഗ്യത സമ്പാദിച്ചിരിക്കുന്നു.



*2. ജീവന്റെ പുസ്തകം* ദൈവജനത്തിലുള്ള അംഗത്വത്തെ സൂചിപ്പിക്കുന്നു (പുറ 32,32-33; സങ്കീ 69,28; എസെ 13,9; ദാനി 12,1). പുരാതന കാലത്ത് രാജാക്കന്മാർ തങ്ങളുടെ പ്രജകളുടെ പേരെഴുതിയ പട്ടികകൾ സൂക്ഷിച്ചിരുന്നു. ഒരാൾ മരിക്കുകകയോ കഠിനമായ കുറ്റത്തിനു ശിക്ഷിക്കപ്പെടുകയോ ചെയ്യുമ്പോൾ അയാളുടെ പേര് പട്ടികയിൽ നിന്ന് നീക്കം ചെയ്യും. മേലിൽ അയാൾ ആ രാജ്യത്തെ പ്രജയല്ല. പേരു വെട്ടുക എന്ന പ്രയോഗം മലയാളത്തിലുമുണ്ടല്ലോ. വിശ്വസ്തർക്ക് ദൈവത്തിന്റെ രാജ്യത്തിൽ അംഗത്വവും അവകാശവും ലഭിക്കും എന്ന സൂചനയാണ് ഈ വാഗ്ദാനം നല്കുന്നത്.

*3. ഏറ്റുപറയും.* ദൈവിക ന്യായാസനത്തിന്റെ ചിത്രമാണ് ഇതിന്റെ പശ്ചാത്തലം. ഭൂമിയിൽ തന്നെ ഏറ്റുപറയുന്നവരെ ക്രിസ്തു സ്വർഗ്ഗത്തിൽ ഏറ്റുപറയും എന്ന വാഗ്ദാനം സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 10,32). തന്നോടു വിശ്വസ്തത പാലിക്കുന്നവനോട് ക്രിസ്തുവും വിശ്വസ്തനായിരിക്കും. അവർ തനിക്കുള്ളവരാണ് എന്ന് പരസ്യമായി പ്രഖ്യാപിക്കും.

## 6. ഫിലാദെൽഫിയായിലെ സഭയ്ക്ക് 3.7-13

7. ഫിലാദെൽഫിയായിലെ സഭയുടെ ദൂതന് എഴുതുക: പരിശുദ്ധനും സത്യവാ
നും ദാവീദിന്റെ താക്കോൽ കൈവശമുള്ളവനും, മറ്റാർക്കും അടയ്ക്കാൻ കഴി
യാത്തവണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവിധം അട
8. യ്ക്കുന്നവനും ആയവൻ ഇപ്രകാരം പറയുന്നു: നിന്റെ പ്രവൃത്തികൾ ഞാ
നറിയുന്നു. ഇതാ നിന്റെ മുമ്പിൽ ആർക്കും പൂട്ടാൻ കഴിയാത്തവിധം തുറ
ന്നുകിടക്കുന്ന ഒരു വാതിൽ ഞാൻ സ്ഥാപിച്ചിരിക്കുന്നു. നിന്റെ ശക്തി പരിമി
തമാണ്. എങ്കിലും നീ എന്റെ വചനം കാത്തു. എന്റെ നാമം തള്ളിപ്പറഞ്ഞതു
9. മില്ല. ഇതാ, യഹൂദരാണെന്നു പറയുകയും എന്നാൽ അങ്ങനെയല്ലാതെ നുണ
യന്മാരായി നടക്കുകയും ചെയ്യുന്ന സാത്താന്റെ സിനഗോഗിൽ നിന്നുള്ള ചി
ലർ! ഇതാ, അവരെ ഞാൻ നിന്റെ കാല്ക്കൽ വരുത്തി കുമ്പിടുവിക്കും. അങ്ങ
10. നെ ഞാൻ നിന്നെ സ്നേഹിച്ചുവെന്ന് അവർ ഗ്രഹിക്കും. ക്ഷമാപൂർവ്വം ഉറച്ചു
നില്ക്കണമെന്നുള്ള എന്റെ വചനം നീ കാത്തതിനാൽ സകല ഭൂവാസിക
ളെയും പരിശോധിക്കാനായി ലോകത്തിൽ ഉണ്ടാകാനിരിക്കുന്ന പരീക്ഷണ
11. ത്തിന്റെ മണിക്കൂറിൽനിന്ന് ഞാനും നിന്നെ കാക്കും. ഞാൻ ഉടനെ വരു
ന്നു. നിന്റെ കിരീടം ആരും കവർന്നെടുക്കാതിരിക്കാൻ നിനക്കുള്ളതു കാത്തു
12. സൂക്ഷിക്കുക. വിജയം വരിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയ

ത്തിലെ ഒരു സ്തംഭമാക്കും. അവൻ പിന്നെ ഒരിക്കലും പുറത്തുപോവുകയി
ല്ല. അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ സന്നി
ധിയിൽനിന്നു സ്വർഗ്ഗം വിട്ട് ഇറങ്ങിവരുന്ന പുതിയ ജറുസലെമാകുന്ന എന്റെ
ദൈവത്തിന്റെ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ എഴു
13. തും. ആത്മാവു സഭകളോടു പറയുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ.

**3,7** സാർദീസിൽനിന്ന് ഏകദേശം 50 കി.മീ തെക്കു കിഴക്കായി സ്ഥിതി ചെയ്തിരുന്ന ഒരു കൊച്ചുപട്ടണമാണ് ഫിലാദെൽഫിയാ. *സഹോദരസ്നേഹം* എന്നാണ് പേരിന്റെ അർത്ഥം. പെർഗാമോസ് രാജാവായിരുന്ന അറ്റാലസ് II (ബി. സി. 159–138) ആണ് ഈ നഗരം സ്ഥാപിച്ചത്. സഹോദരനായ യുമെനെസിനുവേണ്ടി സ്ഥാനം ഒഴിഞ്ഞു കൊടുക്കുകയും റോമാക്കാർ പ്രലോഭിപ്പിച്ചിട്ടും അയാൾക്കെതിരേ തിരിയാതിരിക്കുകയും ചെയ്തതിന്റെ പേരിൽ സഹോദരന്റെ സ്നേഹിതൻ എന്നർത്ഥമുള്ള *ഫിലാദെൽഫോസ്* എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിൽ നിന്നാണ് നഗരത്തിന് ഈ പേരു ലഭിച്ചത്. ഇടയ്ക്കിടെ ഭൂമികുലുക്കം ഉണ്ടാകുന്ന ഒരു പ്രദേശത്താണ് ഈ പട്ടണം സ്ഥിതിചെയ്തിരുന്നത്. എ.ഡി. 17-ൽ ഉണ്ടായ ഭൂകമ്പത്തിൽ സാർദീസിനോടൊപ്പം ഫിലാദെൽഫിയായും തകർന്നുവീണു. എ.ഡി. 19-ൽ ടൈബീരിയസ് ചക്രവർത്തിയുടെ സഹായത്തോടെ നഗരം പുതുക്കിപ്പണിതെങ്കിലും തുടർച്ചയായുണ്ടാകുന്ന ഭൂമികുലുക്കം നഗരവാസികളെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു. ഭൂരിഭാഗം പേരും നഗരത്തിനുവെളിയിൽ കുടിലുകൾ കെട്ടി താമസിച്ചു. നഗരത്തിനുള്ളിൽ വസിക്കുന്നവരാകട്ടെ ഏതു സമയവും പുറത്തേക്ക് ഓടി രക്ഷപ്പെടാൻ ഒരുങ്ങിയിരുന്നു.

ഏഷ്യാമൈനറിലെ മീസിയാ, ലീഡിയാ, ഫ്രീജിയാ എന്നീ രാജ്യങ്ങളിലേക്കുള്ള രാജപാതകൾ ഫിലാദെൽഫിയായിലൂടെയാണു കടന്നുപോയിരുന്നത്. ഈ രാജ്യങ്ങളിലേക്ക് ഗ്രീക്കു ഭാഷയും സംസ്കാരവും കടത്തിവിടാനുള്ള വാതിലായി പെർഗാമോസ് ഈ നഗരത്തെ ഉപയോഗിച്ചിരുന്നു. 'ഏഷ്യായുടെ വാതിൽ' എന്നാണ് ഫിലാദെൽഫിയാ അറിയപ്പെട്ടിരുന്നത്.

നഗരത്തിന്റെ പുനർനിർമ്മാണത്തിനു സഹായിച്ച ടൈബീരിയസ് ചക്രവർത്തിയോടുള്ള കൃതജ്ഞതയുടെ അടയാളമായി നഗരവാസികൾ ഫിലാദെൽഫിയായ്ക്കു നെയോകേസറിയാ എന്ന പേരു നല്കി. നീറോ ചക്രവർത്തി ഈ പേരു മാറ്റി പഴയപേര് പുനഃസ്ഥാപിച്ചു. പിന്നീട് വെസ്പാസിയാൻ ചക്രവർത്തിയോടുള്ള ആദരവും നന്ദിയും പ്രകടിപ്പിക്കാൻ അദ്ദേഹത്തിന്റെ വീട്ടുപേരിനെ അനുകരിച്ച് നഗരത്തിനു ഫ്ളാവിയാ എന്ന പേരു നല്കി. പുതിയ പേരുകൾ നല്കുന്ന സാഹചര്യവും അതിന്റെ അർത്ഥവും ഫിലാദെൽഫിയാ നിവാസികൾക്ക് സുപരിചിതമായിരുന്നു.



ക്രിസ്തുവിനു നല്കിയിരിക്കുന്ന വിശേഷണങ്ങൾ മൂന്നും പഴയനിയമത്തിന്റെ സ്വാധീനത്തിൽ രൂപപ്പെടുത്തിയതാണ്. "വിശുദ്ധൻ" എന്നതു പഴയനിയമത്തിൽ ദൈവത്തിന്റെ മാത്രം വിശേഷണമാണ്. *ഇസ്രായേലിന്റെ പരിശുദ്ധൻ* എന്നാണ് യാഹ്‌വേ അറിയപ്പെടുന്നത് (ഏശ 6,3; 40,25; 43,15). *പരിശുദ്ധൻ* എന്നു സ്വയം വിശേഷിപ്പിക്കുന്നതിലൂടെ തന്റെ ദൈവികതയിലേക്ക് ക്രിസ്തു ശ്രദ്ധ ക്ഷണിക്കുന്നു. *സത്യവാൻ* എന്ന വിശേഷണവും പഴയനിയമത്തിൽ യാഹ്‌വേയ്ക്കു നല്കിയിരുന്നതാണ്. ദൈവത്തിന്റ യാഥാർത്ഥ്യം, വിശ്വസ്തത, സ്ഥിരത എന്നിങ്ങനെയുള്ള സ്വഭാവസവിശേഷതകളെ സൂചിപ്പിക്കുന്നതാണ് ഈ വിശേഷണം. വിഗ്രഹങ്ങൾ മിഥ്യയാണ്, ദൈവമാകട്ടെ യാഥാർത്ഥ്യവും. സൃഷ്ടമായതെല്ലാം മാറ്റമുള്ളതാണ്, ദൈവം അചഞ്ചലനും. ഈ വിശേഷണവും ക്രിസ്തുവിന്റെ ദൈവികതയിലേക്കു വിരൽ ചൂണ്ടുന്നു. തുടർന്നുവരുന്ന വാക്യങ്ങളിൽ യഹൂദരുമായുള്ള വിവാദത്തെക്കുറിച്ചു നല്കുന്ന സൂചന സത്യവാൻ എന്ന വിശേഷണത്തിനു മറ്റൊരു മാനവും നല്കുന്നു. യേശുവിനെ വ്യാജമിശിഹായായി ചിത്രീകരിക്കുന്നവർക്കെതിരേ അവൻ യഥാർത്ഥത്തിൽ മിശിഹായാണെന്ന് തറപ്പിച്ചു പറയുന്നു. യേശു സത്യവാനാണ്, അവനെ വിശ്വസിക്കാം.

*താക്കോൽ കൈവശമുള്ളവൻ* ഭവനത്തിന്മേൽ അധികാരമുള്ളവനാണ്. തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതാകട്ടെ ഭവനത്തിൽ പ്രവേശനം അനുവദിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. ദാവീദിന്റെ താക്കോൽ മിശിഹായുടെ അധികാരത്തെയാണ് സൂചിപ്പിക്കുന്നത്. ഏശ 22,22-ന്റെ സ്വാധീനം ഈ വിശേഷണത്തിൽ കാണാം. സിനഗോഗിൽ പ്രവേശിക്കുന്നതിൽ നിന്നു യഹൂദർ ക്രിസ്ത്യാനികളെ തടഞ്ഞിരുന്നു; ദൈവരാജ്യം തങ്ങൾക്കു മാത്രമുള്ളതാണെന്ന് അവർ അവകാശപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ദൈവരാജ്യത്തിൽ പ്രവേശനം നല്കാനും നിഷേധിക്കാനും ഉള്ള അധികാരം തന്റേതു മാത്രമാണെന്ന് ക്രിസ്തു ഇവിടെ പ്രഖ്യാപിക്കുന്നു.

**3,8** *"നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു"* എന്ന മുഖവുരയ്ക്കും സഭയെക്കുറിച്ചുള്ള വിലയിരുത്തലിനും മധ്യേ തുറന്ന വാതിലിനെക്കുറിച്ചുള്ള പ്രസ്താവന ചേർത്തിരിക്കുന്നു. ക്രിസ്തു തുറന്നത് മറ്റാർക്കും അടയ്ക്കാൻ സാധിക്കുകയില്ല. ദൈവരാജ്യത്തിലേക്കുള്ള പ്രവേശനമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഞാനാണ് വാതിൽ (യോഹ 10,7) എന്ന യേശുവിന്റെ പ്രഖ്യാപനം ഇവിടെ ശ്രദ്ധേയമാണ്. യേശുവിലൂടെ മാത്രമേ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയൂ. യഹൂദരുമായുള്ള വിവാദം അടുത്തവാക്യത്തിൽ തുടരുന്നുണ്ട്.

ഫിലാദെൽഫിയായുടെ ചരിത്ര പശ്ചാത്തലത്തിൽനിന്ന് തുറന്ന വാതിൽ മറ്റൊരു സൂചനകൂടി നല്കുന്നു. ഏഷ്യാ മൈനറിൽ ഗ്രീക്കു സംസ്കാരം പ്രചരിപ്പിക്കുന്നതിനുള്ള വാതിലായി പെർഗാമോസ് ഈ നഗരത്തെ ഉപയോഗിച്ചിരുന്നതുപോലെ സുവിശേഷ പ്രചരണത്തിനുള്ള ദൗത്യം ഈ സഭയ്ക്ക് ഏല്പിച്ചിരിക്കുന്നു എന്ന സൂചന ഇവിടെ കാണാം. സുവിശേഷ വേലയ്ക്ക് അനുയോജ്യമായ സാഹചര്യം ലഭിക്കുന്നതിനെ "വാതിൽ തുറന്നു കിട്ടുക" എന്നു വിശേഷിപ്പിക്കുക സാധാരണമായിരുന്നു (അപ്പ 14,27; 1 കോറി 16,9; 2 കോറി 2,12).

സ്മിർണായിലെ സഭയെ കുറിച്ചെന്നതുപോലെ ഈ സഭയെക്കുറിച്ചും നാഥനു നല്ലതുമാത്രമേ പറയാനുള്ളൂ. താരതമ്യേന ചെറുതും ജനമധ്യേ സ്വാധീനം കുറഞ്ഞതുമായ ക്രിസ്തീയ സമൂഹമായിരുന്നു ഫിലാദെൽഫിയായിലേത് എന്ന സൂചനയാണ് *പരിമിതമായ ശക്തി*യെക്കുറിച്ചുള്ള പരാമർശം നല്കുന്നത്. "*എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചില്ല*" എന്ന പ്രസ്താവനകൾ ഈ കൊച്ചു സമൂഹം നേരിടേണ്ടി വന്ന പരീക്ഷണത്തിലേക്കു വിരൽ ചൂണ്ടുന്നു. അംഗസംഖ്യയോ ശക്തി സ്വാധീനങ്ങളോ അല്ല, കർത്താവിന്റെ വചനം അനുസരിച്ചു ജീവിച്ചുകൊണ്ട് നാഥന്റെ നാമത്തിന് നഷ്ടം സഹിച്ചും സാക്ഷ്യം വഹിക്കാനുള്ള സന്നദ്ധതയാണ് പ്രധാനം.

**3,9** *സാത്താന്റെ സിനഗോഗി*നെക്കുറിച്ചുള്ള പരാമർശം സ്മിർണായിലെ സഭയ്ക്കുള്ള ലേഖനത്തിൽ കണ്ടതുതന്നെയാണ് (വെളി 2,9). ദൈവം അയച്ച രക്ഷകനായ മിശിഹായെ തള്ളിപ്പറയുകയും അതേസമയം തങ്ങളാണ് ദൈവജനം എന്നവകാശപ്പെടുകയും ചെയ്യുന്നതു നുണയാണ്. സത്യത്തെ നിഷേധിക്കുന്നവർ നുണയുടെ പിതാവായ സാത്താന്റെ പക്ഷക്കാരത്രെ (യോഹ 8,44). *സത്യവാൻ* എന്ന ക്രിസ്തുവിന്റെ വിശേഷണം ഈ സാഹചര്യത്തിൽ പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ക്രിസ്തുവിന്റെ സഭയാണ് യഥാർത്ഥ ദൈവജനം എന്ന് യഹൂദരും അംഗീകരിക്കാൻ നിർബന്ധിതരാകും എന്ന് തുടർന്നു വാഗ്ദാനം ചെയ്യുന്നു. *അവരെ ഞാൻ നിന്റെ കാല്ക്കൽ വരുത്തി കുമ്പിട്ടുവിക്കും* എന്ന പ്രസ്താവന എന്തിനെയാണ് സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ രണ്ടഭിപ്രായങ്ങളുണ്ട്. യുദ്ധത്തിൽ പരാജയപ്പെടുന്നവർ ജേതാവിന്റ കാല്ക്കൽ കുമ്പിടുന്ന പുരാതനമായ ആചാരത്തിന്റെ പശ്ചാത്തലത്തിൽ യഹൂദർ പരാജിതരായി സഭയുടെ മുമ്പിൽ മുട്ടുകുത്തും എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. യഹൂദർ ക്രിസ്തുവിനെ രക്ഷകനായി അംഗീകരിക്കുകയും ക്രിസ്തുവിന്റെ സഭയിലേക്കു വരുകയും ചെയ്യും എന്ന സൂചനയാണ് ഈ വാക്യം



നല്കുന്നതെന്നു മറ്റു ചിലർ അഭിപ്രായപ്പെടുന്നു. സഭയുടെ സുവിശേഷ ദൗത്യത്തെ സൂചിപ്പിക്കുന്ന "തുറന്ന വാതിൽ" രണ്ടാമത്തെ വ്യാഖ്യാനത്തിനു പിന്തുണ നല്കുന്നു. ലോകജനതകൾ കാഴ്ചകളുമായി ജറുസലെമിലേക്കു വന്ന് യാഹ്‌വേയുടെ മുമ്പിൽ കുമ്പിട്ടാരാധിക്കും എന്ന പ്രവചനങ്ങൾ (ഏശ 45,14; 49,23; 60,14) പുതിയ ജറുസലെം ആയ ക്രിസ്തുവിന്റെ സഭയിൽ പൂർത്തിയാകുന്നു (വെളി 21,24-26). യഹൂദരടക്കം സകല ജനതകളും സഭയിലേക്കുവരാൻ ക്രിസ്തുതന്നെ ഇടയാക്കും. ഈ മാനസാന്തരം ക്രിസ്തുവിനു സഭയോടുള്ള സ്നേഹത്തിന്റെ പരസ്യമായ അംഗീകാരമായിരിക്കും.

**3,10** *കാക്കുക* എന്ന പദം പ്രത്യേകം ശ്രദ്ധേയമാണ്. തന്റെ വചനം കാക്കുന്നവരെ ക്രിസ്തുവും കാക്കും, ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തിനു തൊട്ടുമുമ്പുണ്ടാകുന്ന വലിയ പരീക്ഷണവും ഞെരുക്കങ്ങളുമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത് (മർക്കോ 13,19; 2 തെസ 2,1-12). വിശ്വാസം നഷ്ടപ്പെടാൻ കാരണമാകുന്ന വലിയ പ്രലോഭനമായിരിക്കും ഇത്. യേശുവിന്റെ പീഡാസഹനം ഇപ്രകാരം ഒരു പ്രലോഭനമായിരുന്നു. "ഈ മണിക്കൂറിൽനിന്ന് എന്നെ രക്ഷിക്കണമേ" (യോഹ13,27) എന്നു പ്രാർത്ഥിക്കാൻ ദൈവപുത്രനായ ക്രിസ്തുപോലും പ്രലോഭിക്കപ്പെട്ടു. അവൻ ആ പരീക്ഷണത്തിന്റെ മണിക്കൂറിലൂടെ കടന്ന് അതിനെ വിജയിച്ചു. എന്നാൽ തന്റെ ശിഷ്യരോട് പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കുന്നതിനായി പ്രാർത്ഥിക്കാൻ അവൻ ആവശ്യപ്പെട്ടു (ലൂക്കാ 11,4; 21,40). ഈ വലിയ പ്രലോഭനത്തിന്റെ മണിക്കൂറിൽനിന്ന് ക്രിസ്തു തന്റെ വിശ്വസ്തരെ കാത്തു സൂക്ഷിക്കും.

***ഭൂവാസികൾ*** എന്ന വിശേഷണം വെളിപാടു പുസ്തകത്തിൽ ദൈവജനത്തിന്റെ വിരോധികളെയാണു സൂചിപ്പിക്കുക (6,10;8,13;11,10). അന്തിമപരീക്ഷണത്തിൽ ക്രിസ്തുവിന്റെ വിശ്വസ്തർ അവരോടൊപ്പം പരീക്ഷിക്കപ്പെടുകയില്ല. പീഡനങ്ങളിൽനിന്ന് ഒഴിവാക്കപ്പെടും എന്നല്ല, വിശ്വാസം കാത്തു സൂക്ഷിക്കാൻ നാഥൻ അവരെ ശക്തിപ്പെടുത്തും (യോഹ 17,15) എന്ന വാഗ്ദാനമാണ് ഇവിടെ നല്കുന്നത്. ക്ഷമാപൂർവ്വം ഉറച്ചു നില്ക്കാനുള്ള ആഹ്വാനം സ്വീകരിച്ചതിന്റെ പേരിൽ ഫിലാദെൽഫിയായിലെ സഭയ്ക്കു വീണ്ടും പ്രശംസ ലഭിക്കുന്നു.

**3,11** തുടർന്നും ഉറച്ചുനില്ക്കാൻ പ്രോത്സാഹനം നല്കുന്നതാണ് ***ഞാൻ വേഗം വരുന്നു*** എന്ന വാഗ്ദാനം. ക്രിസ്തുവിന്റെ വരവ് മറ്റു പല സഭകൾക്കും ശിക്ഷയുടെ മുന്നറിയിപ്പായിരുന്നെങ്കിൽ ഇവിടെ അതു വലിയ പ്രത്യാശ നല്കുന്ന വാഗ്ദാനമാണ്. യുഗാന്തവും മഹത്വപൂർണ്ണമായ രണ്ടാം വരവും ഇനിയും സംഭവിച്ചിട്ടില്ലെങ്കിലും ഒറ്റപ്പെട്ട വ്യക്തികളെ സംബന്ധിച്ചിടത്തോളം ക്രിസ്തു എപ്പോഴാണ് നിത്യതയുമായുള്ള കണ്ടുമുട്ടലിനു വിളി

ക്കാൻ വരുന്നതെന്ന് ആർക്കും അറിയില്ല. അലസരായി കഴിയുന്നവർക്ക് വലിയൊരു താക്കീതാണിത്. ക്രിസ്തുവിനുവേണ്ടി പീഡനമേല്ക്കുകയും അവന്റെ വരവിനായി ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്നവർക്കാകട്ടെ വലിയ സന്തോഷം പ്രദാനം ചെയ്യുന്ന സദ്വാർത്തയും. വിജയിക്കുന്നവർക്കു ലഭിക്കുന്ന സമ്മാനമാണ് *കിരീടം* (വെളി, 2,10). അത് നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി വിശ്വസ്തരായി തുടരാൻ ക്രിസ്തു ആഹ്വാനം ചെയ്യുന്നു.

**3,12** അവസാനംവരെ വിശ്വസ്തത പുലർത്തുന്നവർക്കുള്ള നിത്യസമ്മാനം മൂന്നു പ്രതീകങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നു. *1. എന്റെ ദൈവത്തിന്റെ ആലയത്തിലെ ഒരു സ്തംഭമാക്കും.* പഴയ നിയമത്തിന്റെയും പേഗൻ ആചാരങ്ങളുടെയും പശ്ചാത്തലത്തിൽ ഇതു മനസ്സിലാക്കാനവും. ജറുസലെം ദേവാലയത്തിൽ സോളമൻ രണ്ടു സ്തംഭങ്ങൾ സ്ഥാപിച്ചു. ഓരോന്നിലും ഓരോ പേരും എഴുതിയിരുന്നു (1 രാജാ 7,21). ചക്രവർത്തിയ്ക്കുള്ള ആരാധനയ്ക്കായി നിയമിതനായ പ്രധാന പുരോഹിതൻ ജോലിയിൽനിന്നു വിരമിക്കുമ്പോൾ അയാൾ ശുശ്രൂഷ നടത്തിയിരുന്ന ക്ഷേത്രത്തിൽ അയാളുടെ ബഹുമാനാർത്ഥം ഒരു സ്തംഭം സ്ഥാപിക്കുകയും സ്തംഭത്തിൽ അയാളുടെയും ചക്രവർത്തിയുടെയും പേര് കൊത്തിവയ്ക്കുകയും പതിവായിരുന്നു. സ്തംഭം സ്ഥിരതയെയാണ് സൂചിപ്പിക്കുന്നത്. ക്രിസ്തുവിന്റെ വിശ്വസ്തദാസൻ എന്നേക്കും ദൈവഭവനത്തിൽ വസിക്കും എന്ന സൂചനയാണ് ഈ വാഗ്ദാനം നല്കുന്നത്. അപ്പസ്തോലന്മാരെ സഭയുടെ നേതൃസ്തംഭങ്ങളായി ചിത്രീകരിക്കുന്നതിന്റെ (ഗലാ 2,9) സ്വാധീനം ഈ വാഗ്ദാനത്തിൽ കാണുന്നവരുണ്ട്. ദൈവഭവനത്തിൽ ഉന്നതമായ സ്ഥാനം നല്കുന്നതിന്റെ സൂചനയാണത്.

*2. പിന്നെ ഒരിക്കലും പുറത്തുപോവുകയില്ല.* ഭൂമികുലുക്കത്തെ ഭയന്ന് ഏതു നിമിഷവും വീടിനും പട്ടണത്തിനും പുറത്തേയ്ക്കു ഓടിപ്പോകാൻ തയ്യാറായിരുന്നവർക്ക് വലിയ ആശ്വാസം നല്കുന്നതാണ് ഈ വാഗ്ദാനം. വീട് ഇടിഞ്ഞു വീഴുമെന്നു ഭയപ്പെടേണ്ടാ. സുരക്ഷിതത്വവും സമാധാനവുമാണ് ഇതു സൂചിപ്പിക്കുന്നത്.

*3. നാമങ്ങൾ എഴുതും. a ദൈവത്തിന്റെ നാമം* – ഉടമസ്ഥാവകാശം സൂചിപ്പിക്കുന്നതാണ് പേരെഴുതൽ. വിശ്വസ്തത പാലിക്കുന്നവരെ ദൈവം തന്റേതായി സ്വീകരിക്കും. അടിമകളുടെമേൽ ഉടമയുടെ പേര് തീ കൊണ്ട് പൊള്ളിച്ച് എഴുതിയിരുന്ന പഴയ ആചാരത്തിന്റെ പശ്ചാത്തലത്തിൽ ഇതു മനസ്സിലാക്കാം. നെറ്റിയിൽ മുദ്രകുത്തിന്നതിനെക്കുറിച്ച് വെളിപാടു പുസ്തകത്തിൽ വീണ്ടും പതലവണ പരമാർശിക്കുന്നുണ്ട് (7.3; 13,16; 14,1). *b ദൈവനഗരത്തിന്റെ നാമം* – യുഗാന്തത്തിൽ പൂർണ്ണമായി സംസ്ഥാപിക്കപ്പെടുന്ന ദൈവരാജ്യത്തെ പുതിയ ജറുസലെം എന്നാണ് വെളിപാടു പുസ്തകം വിശേഷിപ്പിക്കുന്നത് (21,2). നഗരത്തിന്റെ പേരു വഹിക്കുന്നവർ ദൈവത്തിന്റെ നഗരത്തിലെ പൗരന്മാരായിരിക്കും. *c പുതിയ നാമം* – പലതവണ പുതിയ പേരു സ്വീകരിച്ച ഫിലാദെൽഫിയായിൽ വസിക്കുന്നവർക്ക് മനസ്സിലാക്കാൻ എളുപ്പമുള്ളതാണ് ഈ പ്രയോഗം. തന്റെ മഹത്വത്തിലൂടെ ക്രിസ്തു സ്വീകരിച്ച 'കർത്താവ്' (Kurios അപ്പ 2,36; ഫിലി 2,9-10) എന്ന നാമമായിരിക്കും ഈ പുതിയ പേര്. ഉത്ഥിതനായ ക്രിസ്തുവിന്റെ നാമം വഹിക്കുന്നവർ പുനരുത്ഥാനത്തിൽ അവനെപ്പോലെ ആയിരിക്കും (1 യോഹ 3,2-3). ദൈവത്തിന്റെ സ്വന്തം ജനവും ദൈവരാജ്യത്തിന് അവകാശികളും ദൈവപുത്രസ്ഥാനത്തിൽ പങ്കാളികളും ആകും എന്ന വാഗ്ദാനമാണ് മേൽ വിവരിച്ച പേരുകൾ നല്കുന്ന സൂചന.

## 7. ലാവോദിക്യായിലെ സഭയ്ക്ക് 3,14–22

14. ലാവോദിക്യായിലെ സഭയുടെ ദൂതന് എഴുതുക: വിശ്വസ്തനും സത്യവാനു
മായ സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭവുമായിരിക്കു
15. ന്ന ആമ്മേൻ ഇപ്രകാരം പറയുന്നു: നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു. നീ
തണുപ്പോ ചൂടോ ഉള്ളവനല്ല. നീ തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ
16. എന്നു ഞാൻ ആഗ്രഹിക്കുന്നു. നീ ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാ
കയാൽ നിന്നെ ഞാൻ എന്റെ വായിൽനിന്നു തുപ്പിക്കളയാൻ പോകുന്നു. എ
17. ന്തെന്നാൽ, ഞാൻ ധനവാനാണ്, എനിക്കു സമ്പത്തുണ്ട്, ഒന്നിനും കുറവില്ല
എന്നു നീ പറയുന്നു. എന്നാൽ, നീ നികൃഷ്ടനും ദയനീയനും ദരിദ്രനും അന്ധ
18. നും നഗ്നനും ആണെന്നു നീ അറിയുന്നില്ല. ഞാൻ നിന്നെ ഉപദേശിക്കുന്നു:
നീ ധനികനാകാൻ അഗ്നിശുദ്ധി വരുത്തിയ സ്വർണ്ണവും, നിന്റെ നഗ്നതയുടെ
നാണം വെളിവാകാത്ത വണ്ണം ധരിക്കാൻ ധവളവസ്ത്രങ്ങളും, നിനക്ക് കാഴ്ച
19. ലഭിക്കുന്നതിനു കണ്ണിലെഴുതാനുള്ള അഞ്ജനവും എന്നോടു വാങ്ങുക. ഞാൻ
സ്നേഹിക്കുന്നവരെ ശാസിക്കുകയും അവർക്കു ശിക്ഷണം നല്കുകയും
20. ചെയ്യുന്നു. അതുകൊണ്ടു തീക്ഷ്ണതയുള്ളവനാകുക, മനസുതിരിയുക. ഇതാ
ഞാൻ വാതില്ക്കൽനിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ
തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞാൻ അവനോടൊ
21. ത്തും അവൻ എന്നോടൊത്തും അത്താഴം കഴിക്കും. ഞാൻ വിജയംവരിച്ച്
എന്റെ പിതാവിനോടൊത്ത് അവിടുത്തെ സിംഹാസനത്തിൽ ഇരിക്കുന്നതു
പോലെ വിജയം വരിക്കുന്നവനെ എന്നോടൊത്ത് എന്റെ സിംഹാസനത്തിൽ
22. ഞാൻ ഇരുത്തും. ആത്മാവ് സഭകളോടു പറയുന്നതെന്തെന്നു ചെവിയുള്ള
വൻ കേൾക്കട്ടെ.

**3.14** ഫിലാദെൽഫിയായിൽ നിന്ന് ഏകദേശം 60 കി.മീ. തെക്ക്, ലീക്കസ് നദീതീരത്തു സ്ഥിതി ചെയ്തിരുന്ന ലാവോദിക്യാ നഗരം ബി.സി. 250-ലാണ്

സ്ഥാപിതമായത്. സ്ഥാപകനായ സീറിയൻ ചക്രവർത്തി അന്തിയോക്കസ് രണ്ടാമന്റെ ഭാര്യ ലാവോദിക്യായുടെ പേര് നഗരത്തിനു ലഭിച്ചു. ബി.സി. 190-ൽ ഈ നഗരവും പെർഗാമോസ് രാജ്യത്തിന്റെ അധീനതയിലായി. ബി.സി. 133-ൽ പെർഗാമോസ് രാജ്യം മുഴുവൻ റോമാക്കാർക്ക് ഇഷ്ടദാനമായി ലഭിച്ചപ്പോൾ ലാവോദിക്യായും റോമൻ പ്രവിശ്യയായ ഏഷ്യയുടെ ഭാഗമായി ത്തീർന്നു.

വളരെ സമ്പന്നമായൊരു നഗരമായിരുന്നു ലാവോദിക്യാ. ഈ നഗരത്തിലെ ബാങ്കുകൾ പാശ്ചാത്യലോകത്ത് വലിയ പ്രശസ്തിയാർജ്ജിച്ചിരുന്നു. ഏ.ഡി. 61-ലെ ഭൂമികുലുക്കത്തിൽ പട്ടണം തകർന്നപ്പോൾ അതിന്റെ പുനർനിർമ്മാണത്തിനായി റോമൻ ചക്രവർത്തി വച്ചുനീട്ടിയ സഹായം പുച്ഛിച്ചു തള്ളിക്കൊണ്ട് നഗരവാസികൾ തന്നെ പട്ടണം പണിതത് അവരുടെ സമ്പത്തിന്റെയും ആത്മാഭിമാനത്തിന്റെയും അടയാളമാണ്. ലാവോദിക്യായിലെ വൈദ്യപരിശീലനകേന്ദ്രം ഏഷ്യയിലെ ഇത്തരത്തിലുള്ള ഏറ്റം പ്രസിദ്ധമായ സ്ഥാപനമായിരുന്നു. കണ്ണിന്റെയും കാതിന്റെയും ചികിത്സയ്ക്കായി അവിടെ നിർമ്മിച്ചിരുന്ന ലേപനങ്ങൾ റോമാസാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും കയറ്റി അയച്ചിരുന്നു. അവിടെ ഉണ്ടാക്കിയിരുന്ന കറുത്ത കമ്പിളിക്കുപ്പായങ്ങൾ റോമാസാമ്രാജ്യത്തിലെമ്പാടും പ്രസിദ്ധിയാർജ്ജിച്ചതായിരുന്നു. ഈ വസ്തുതകളെല്ലാം ലാവോദിക്യായിലെ സഭയ്ക്കുള്ള ലേഖനത്തിൽ പ്രതിഫലിക്കുന്നുണ്ട്.

വി. പൗലോസിന്റെ ശിഷ്യനായ എപ്പാഫ്രാസ് ആയിരിക്കണം ലാവോദിക്യായിലെ സഭയുടെ സ്ഥാപകൻ. ഈ സഭയ്ക്ക് താൻ എഴുതിയ ഒരു ലേഖനത്തെക്കുറിച്ച് കൊളോസോസുകാർക്കുള്ള ലേഖനത്തിൽ വി.പൗലോസ് സൂചിപ്പിക്കുന്നുണ്ട് (കൊളോ 4,16). രണ്ടു നഗരങ്ങളും തമ്മിൽ 15 കി.മീ. ദൂരമേ ഉള്ളു.

തികച്ചും അസാധാരണമായൊരു നാമത്താലാണ് യേശു ഈ ലേഖനത്തിൽ സ്വയം വെളിപ്പെടുത്തുന്നത്. *ആമ്മേൻ* എന്ന ഹീബ്രുപദത്തിന്റെ അർത്ഥം *അങ്ങനെതന്നെ* എന്നാണ്. പഴയനിയമത്തിൽ ഒരിക്കൽ മാത്രം ആമ്മേൻ ദൈവത്തിന്റെ വിശേഷണമായി ഉപയോഗിച്ചിട്ടുണ്ട് (ഏശ 65,16). വിശ്വസ്തനായ ദൈവം എന്നു വിവർത്തനം ചെയ്യുന്നതിന്റെ ഹീബ്രു മൂലം ആമ്മേന്റെ ദൈവം (ഏലോഹേയ് ആമ്മേൻ) എന്നാണ്. ദൈവത്തിന്റെ വാക്കിനു മാറ്റമില്ല; അവനെ വിശ്വസിക്കാം എന്ന അർത്ഥമാണ് ഈ പ്രയോഗത്തിനുള്ളത്.

ആമ്മേൻ എന്ന ഹീബ്രൂപദത്തെ "വിശ്വസ്തനും സത്യവാനുമായ സാക്ഷി" എന്ന് ഗ്രന്ഥകാരൻ തന്നെ വിശദീകരിക്കുന്നു. പിതാവിന്റെ രക്ഷാ



കരപദ്ധതി വിശ്വസ്തതയോടെ പൂർത്തിയാക്കുകയും ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തിനു മരണംകൊണ്ടു സാക്ഷ്യം നല്കുകയും ചെയ്തവനാണ് യേശു; അഥവാ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ആമ്മേൻ ആണ് അവൻ. അവൻ പറയുന്നതു സത്യമാണ്; അവൻ തന്നെയാണ് സത്യം. അവനിൽ വിശ്വസിക്കാം.

*ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭം* എന്നതിന് ദൈവത്തിന്റെ ആദ്യത്തെ സൃഷ്ടി എന്നല്ല അർത്ഥം. "എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതൻ", "അവൻ എല്ലാറ്റിന്റെയും ആരംഭമാണ്" (കൊളോ 1,15.18) എന്ന വി. പൗലോസിന്റെ പ്രഖ്യാപനങ്ങളുടെ സ്വാധീനം ഇവിടെ ദൃശ്യമാണ്. പിതാവായ ദൈവം വചനമാകുന്ന പുത്രനിലൂടെ എല്ലാം സൃഷ്ടിച്ചു എന്ന വിശ്വാസം ഇവിടെ ഏറ്റുപറയുന്നു (യോഹ 1,3). പ്രപഞ്ചസൃഷ്ടിയെക്കുറിച്ചു മാത്രമല്ല, രക്ഷാകർമ്മത്തിലൂടെ നടന്ന പുതിയ സൃഷ്ടിയെക്കുറിച്ചും ഇവിടെ സൂചനയുള്ളതായി പലരും കരുതുന്നു. മനുഷ്യനായി അവതരിച്ച ദൈവവചനമായ യേശുക്രിസ്തുവിലൂടെയാണല്ലോ ഈ പുതിയ സൃഷ്ടി ആരംഭിച്ചത്. ആമ്മേൻ എന്ന പേരിന്റെ മേൽ വിവരിച്ച അർത്ഥത്തോടു ചേർന്നുപോകുന്നതാണ് ഈ വ്യാഖ്യാനം. ദൈവത്തിന്റെ പദ്ധതിക്കു പൂർണ്ണമായി വഴങ്ങി "ആമ്മേൻ" പറയുന്നതിലൂടെ യേശുക്രിസ്തു പുതിയ സൃഷ്ടിക്ക് ആരംഭംകുറിച്ചു. രക്ഷാപദ്ധതിയിലുള്ള യേശുവിന്റെ സ്ഥാനം എടുത്തുകാട്ടുന്നതാണ് ഈ പ്രയോഗം.

**3.15** നിശിതമായ വിമർശനമാണ് ലാവോദിക്യായിലെ സഭയുടെമേൽ യേശു ചൊരിയുന്നത്. അവർക്കു പരിചിതമായ പല പ്രതീകങ്ങളും ഈ ശകാരവർഷത്തിനായി ഉപയോഗിക്കുന്നുണ്ട്. *"തണുപ്പോ ചൂടോ ഉള്ളവനല്ല"* എന്ന പ്രയോഗത്തിന് "വിശുദ്ധനോ കഠിനപാപിയോ അല്ല" എന്നു സാധാരണ നല്കാറുള്ള വിശദീകരണം ശരിയല്ല. കുടിവെള്ളത്തിന്റെ പ്രതീകമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ചൂടുള്ള വെള്ളം കുടിക്കാൻ കൊള്ളാം. തണുത്തവെള്ളമാണെങ്കിലും നല്ലതുതന്നെ. എന്നാൽ ഇതുരണ്ടുമല്ലാത്ത "വാട്ടവെള്ളം" അരോചകമാണ്. ലീക്കസ് നദിയുടെ മറുകരെ ലാവോദിക്യായിൽനിന്ന് ഏകദേശം 6 കി.മീ അകലെ ഹിയെരാപ്പോളിസ് എന്നൊരു നഗരമുണ്ട്. ആ നഗരത്തിൽ ഔഷധസിദ്ധിയുള്ള തിളയ്ക്കുന്ന വെള്ളം പുറപ്പെടുവിക്കുന്ന ഉറവകളുണ്ട്. അവിടെനിന്നും ഒഴുകിവരുന്ന വെള്ളം ലാവോദിക്യായിൽ എത്തുമ്പോഴേക്കും ചൂടും തണുപ്പുമില്ലാത്ത വാട്ടവെള്ളമായിത്തീരും. അതു വായിലൊഴിക്കുന്ന അപരിചിതർ ഉടനെ തുപ്പിക്കളയും. ഈ പ്രതീകമാണ് ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ആന്തരികചൈതന്യം നഷ്ടപ്പെട്ട സഭയുടെ അവസ്ഥയെ ഇതു വിശേഷിപ്പിക്കുന്നു. ചൂടോ തണുപ്പോ ഉള്ളത് സ്വീകാര്യമായ അവസ്ഥയെ സൂചിപ്പിക്കുമ്പോൾ മന്ദോഷ്ണത

തികച്ചും അരോചകവും അസ്വീകാര്യവുമായ അവസ്ഥയെയാണു സൂചി പ്പിക്കുക.

**3.16** *തുപ്പിക്കളയാൻ പോകുന്നു* എന്നത് വലിയ ശിക്ഷയുടെ മുന്നറി യിപ്പാണ്. കർത്താവിന് അറപ്പുളവാക്കുന്ന അവസ്ഥയാണ് ക്രിസ്ത്യാനിയുടെ മന്ദോഷ്ണത. വിശ്വാസം മന്ദീഭവിച്ച്, സ്നേഹം എരിഞ്ഞടങ്ങി, കർത്താ വിന്റെ കാര്യത്തിൽ യാതൊരു താല്പര്യവുമില്ലാത്ത, വിശ്വാസ സംബന്ധി യായ എല്ലാ വിഷയങ്ങളോടും പരിപൂർണ്ണ നിസ്സംഗത പുലർത്തുന്ന ഈ അവസ്ഥ, കർത്താവിന് ഏറ്റം അരോചകമാണ്. ഇതിന്റെ വിശദീകരണം അടുത്ത വാക്യത്തിൽ നല്കുന്നു.

**3,17** ഭൗതികമായ കാഴ്ചപ്പാടിൽ ഒന്നിലും കുറവില്ലാത്തതായിരുന്നു ലാവോദിക്യായിലെ സഭ. എന്നാൽ അവർ അഭിമാനിച്ചിരുന്ന ഓരോ കാര്യവും എടുത്തുകാട്ടിക്കൊണ്ട് ഉത്ഥിതനായ നാഥൻ അവരുടെ സത്യാവസ്ഥ വെളി പ്പെടുത്തുന്നു. റോമൻ ചക്രവർത്തി വച്ചുനീട്ടിയ സഹായം നിരസിക്കാൻ മാത്രം സമ്പന്നരായ അവർ യഥാർത്ഥത്തിൽ പരമദരിദ്രരാണ്. ലോകപ്രസി ദ്ധിയാർജ്ജിച്ച കമ്പിളിക്കുപ്പായങ്ങൾ കയറ്റി അയയ്ക്കുന്നവർ ദൈവത്തിന്റെ മുമ്പിൽ നഗ്നരാണ്. കണ്ണു ചികിത്സയ്ക്കു വിഖ്യാതമായ ഔഷധം നിർമ്മി ക്കുന്നവർ ആത്മീയമായി അന്ധരാണ്. ഭൗതിക സമ്പത്തിന്റെയും പ്രൗഢി പ്രഭാവങ്ങളുടെയും മായാവലയത്തിൽ ആത്മീയ യഥാർത്ഥ്യങ്ങളെക്കുറി ച്ചുള്ള ഉൾക്കാഴ്ച നഷ്ടപ്പെട്ടവർ മൂഢസ്വർഗ്ഗത്തിലാണു കഴിയുക. മനു ഷ്യരുടെ മുമ്പിൽ എങ്ങനെ കാണപ്പെടുന്നു എന്നതല്ല, ദൈവതിരുമുമ്പിൽ എങ്ങനെ ആയിരിക്കുന്നു എന്നതാണ് പ്രധാനം.

**3,18** നാഥൻ നല്കുന്ന ഉപദേശം ലാവോദിക്യക്കാരുടെ അഹങ്കാരത്തെ അടിയോടെ തകർക്കുന്നതാണ്. യഥാർത്ഥമായ സമ്പത്തും വസ്ത്രവും കാഴ്ചയും ക്രിസ്തുവിനു മാത്രമേ നല്കാൻ കഴിയൂ. വിനയാന്വിതമായ ഹൃദയപരിവർത്തനത്തിലൂടെ മാത്രമേ ഇതു ലഭ്യമാകൂ. *സ്വർണ്ണം, വസ്ത്രം, അഞ്ജനം* എന്നിവയെല്ലാം യേശുവിൽനിന്നു ലഭിക്കുന്ന ആത്മീയ സമ്പ ത്തിനെ സൂചിപ്പിക്കുന്നു. സഹോദരസ്നഹേത്തിലൂടെ പ്രകടമാകുന്ന ദൈവ സ്നേഹമാണ് മനുഷ്യനെ യഥാർത്ഥത്തിൽ സമ്പന്നനാക്കുന്നത്. സ്നേഹ ത്തിൽനിന്നു നിർഗ്ഗളിക്കുന്ന സൽപ്രവൃത്തികളാണ് വെള്ളവസ്ത്രം (വെളി 19,8). ആത്മീയ യാഥാർത്ഥ്യങ്ങളിലേക്ക് ഉൾക്കണ്ണുകളെ തുറക്കാൻ പരി ശുദ്ധാത്മാവിന്റെ പ്രകാശത്തിനു മാത്രമേ കഴിയൂ. ദൈവത്തിന്റെ കൃപാ വരത്താൽ മാത്രമേ മനുഷ്യർ സമ്പന്നരും സമലംകൃതരും ആകൂ.

**3,19** സുഭാ 3,12-ന്റെ സ്വതന്ത്രമായ ഉദ്ധരണിയാണ് ഈ വാക്യമെങ്കിലും ബൈബിളിൽ ഉടനീളം തെളിഞ്ഞു നില്ക്കുന്ന ഒരു സത്യമാണ് ഇവിടെ



അവതരിപ്പിക്കുന്നത്. *സ്നേഹിക്കുക* എന്നു വിവർത്തനം ചെയ്തിരിക്കുന്നത് *ഫിലേയിൻ* എന്ന ഗ്രീക്കുപദമാണ്. വികാരോഷ്മളവും മാനുഷികവുമായ സ്നേഹത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. വാത്സല്യം എന്ന അർത്ഥമാ ണതിനുള്ളത്. എന്നാൽ ദൈവത്തിന്റെ സ്നേഹത്തെ സൂചിപ്പിക്കാൻ സാധാ രണ ഉപയോഗിക്കാറുള്ളത് *ആഗപ്പേയിൻ* എന്ന പദമാണ്. ഇത് ഒരിക്കലും പിൻവലിക്കാത്ത അചഞ്ചലമായ സ്നേഹത്തെ സൂചിപ്പിക്കുന്നു. ഈ പദം ബൗദ്ധികതലത്തിന് ഊന്നൽ നല്കുമ്പോൾ ആദ്യത്തേത് വൈകാരികതല ത്തിനു കൂടുതൽ പ്രാധാന്യം നല്കുന്നു. ദൈവത്തിന്റെ പിതൃസഹജമായ വാത്സല്യത്തെ ഇവിടെ ഊന്നിപ്പറയുന്നു. ആ വാത്സല്യമാണ് യേശുവിന് സഭകളോടുള്ളത്.

ശാസനയും ശിക്ഷണവും പുത്രവാത്സല്യത്തിന്റെ പ്രകടനങ്ങളാണ്. നിഷേധിക്കാനാവാത്തവിധം കുറ്റം കൺമുമ്പിൽ തെളിയിക്കുന്നതാണ് ശാസ ന. നാഥാനിൽനിന്നു ദാവീദിനു ലഭിച്ച ശാസന ഇതിന്റെ ഉദാഹരണമത്രേ. (2 സാമു 12,1-14). ശിക്ഷിക്കുകയോ നശിപ്പിക്കുകയോ അല്ല, കാര്യങ്ങളുടെ സത്യാവസ്ഥ ഗ്രഹിക്കാനായി മനുഷ്യന്റെ ഉൾക്കണ്ണുകളെ തുറക്കുകയാണ് ശാസനയുടെ ഉദ്ദേശ്യം. ശിക്ഷണമാകട്ടെ തെറ്റു തിരുത്തുന്നതിനും ജീവി തത്തെ നവീകരിക്കുന്നതിനും വേണ്ടിയുള്ളതത്രെ. ഇപ്രകാരമുള്ള ശാസന യുടെയും ശിക്ഷണത്തിന്റെയും ആവശ്യത്തെക്കുറിച്ച് ബൈബിളിൽ അനേകം പരാമർശങ്ങളുണ്ട് (സുഭാ 13,24; 23,13-14; 29,15; 1 കോറി 11,32; ഹെബ്രാ 12,6). മാതാപിതാക്കൾ മക്കളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യാതെ തന്നിഷ്ടത്തിനു വിടുന്നത് സ്നേഹത്തിന്റെയല്ല, അവരുടെ വളർച്ച യിൽ താല്പര്യമില്ലാത്തതിന്റെ അടയാളമാണ്. ദൈവത്താൽ ഉപേക്ഷി ക്കപ്പെടുകയാണ് ഏറ്റം വലിയ ശിക്ഷ. നാഥൻ സഭകൾക്കു നല്കുന്ന ശാസ നയും ശിക്ഷണവും അവരെ മാനസാന്തരത്തിലേക്കും കൂടുതൽ തീക്ഷ്ണ മായ ക്രിസ്തീയ ജീവിതത്തിലേക്കും നയിക്കണം.

**3,20** ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹത്തിന്റെ മനോഹരമാ യൊരു ചിത്രം ഈ വാക്യത്തിൽ തെളിഞ്ഞു വരുന്നു. വ്യക്തിസ്വാതന്ത്ര്യ ത്തെ അങ്ങേയറ്റം ബഹുമാനിച്ചുകൊണ്ടാണ് ദൈവം മനുഷ്യനുമായി ഇട പെടുന്നത്. ഹൃദയവാതിൽ തുറന്നു കൊടുത്താലേ ദൈവം അകത്തു പ്രവേ ശിക്കുകയുള്ളൂ. മനുഷ്യനെ തേടിവരികയും അവന്റെ സമ്മതത്തിനായി കാത്തു നില്ക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രം ക്രിസ്തുവിശ്വാസി കൾക്കു മാത്രമേ വരച്ചു കാട്ടാൻ കഴിയൂ. ദൈവത്തെ തേടുന്ന മനുഷ്യന്റെ ചിത്രമല്ല, മനുഷ്യനെ തേടുന്ന ദൈവത്തിന്റെ ചിത്രമാണ് ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ടത്.

ഗാഢമായ ഹൃദയൈക്യത്തിന്റെ പ്രതീകമാണ് ഒരുമിച്ചുള്ള അത്താഴം. ക്രിസ്തുവും ശിഷ്യനും തമ്മിലുള്ള വ്യക്തിപരമായ അഗാധസ്നേഹത്തെ പ്രകടമാക്കാൻ വേണ്ടിയാണ് *ഞാൻ അവനോടൊത്തും അവൻ എന്നോടൊത്തും അത്താഴം കഴിക്കും* എന്നു പറയുന്നത്. ഊട്ടുമേശയിലെ കൂട്ടായ്മയിലൂടെ യേശു തന്റെ സ്നേഹം പങ്കുവെച്ച എത്രയോ സംഭവങ്ങൾ സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. അന്ത്യത്താഴവും, അതിന്റെ ഓർമ്മയാചരിക്കുന്ന അപ്പം മുറിയ്ക്കൽ ശുശ്രൂഷയും, എമ്മാവൂസ് സംഭവും എല്ലാം ഈ വാക്യത്തിനു പിന്നിലുണ്ട്. നിത്യഭാഗ്യത്തെപ്പോലും ഇപ്രകാരമുള്ള വിരുന്നായി സുവിശേഷങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നു. ദൈവം സൗജന്യമായി നല്കുന്ന ദാനത്തിന്റെ മനോഹാരിതയും അതു സ്വീകരിക്കാനുള്ള മനുഷ്യരുടെ ഉത്തരവാദിത്വവും തെളിഞ്ഞു നില്ക്കുന്ന ചിത്രമാണിത്.

**3,21** വെളിപാടു പുസ്തകത്തിൽ വലിയ പ്രാധാന്യമുള്ള ഒരു പ്രതീകമാണ് *സിംഹാസനം.* രാജാധികാരത്തെയും മഹത്വത്തെയും സൂചിപ്പിക്കുന്ന ഈ പ്രതീകം പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് പല തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. ദൈവത്തിന്റെ സിംഹാസനവും സാത്താന്റെ സിംഹാസനവും പരസ്പര വൈരുദ്ധ്യത്തിൽ നില്ക്കുന്നു. യേശുവിനോടു വിശ്വസ്തത പുലർത്തുന്നുവർക്കു ലഭിക്കുന്ന നിത്യഭാഗത്തെ സൂചിപ്പിക്കാനാണ് ഇവിടെ സിംഹാസനത്തിന്റെ പ്രതീകം ഉപയോഗിക്കുന്നത്. സാത്താന്റെ സിംഹാസനത്തിനു മുമ്പിൽ പ്രണമിക്കാത്തവർക്ക് യേശുവിന്റെ സിംഹാസനത്തിൽ സ്ഥാനം ലഭിക്കും. ദൈവിക മഹത്വത്തിൽ ലഭിക്കുന്ന പങ്കിനെ ഇതു സൂചിപ്പിക്കുന്നു. ക്രിസ്തുനാഥൻ തന്റെ പരസ്യജീവിതകാലത്ത് പല പ്രതീകങ്ങളിലൂടെ ആവർത്തിച്ചിട്ടുള്ള ഈ വാഗ്ദാനം (മത്താ 19,28; ലൂക്കാ 22,30, യോഹ 14,3.23; 17,24) യുഗാന്തത്തിലാണ് പൂർത്തിയാവുക.

**3,22** *ആത്മാവ് സഭകളോടു പറയുന്നതെന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.* ഏഴു ലേഖനങ്ങളിലും ആവർത്തിക്കുന്ന ഈ ആഹ്വാനം പ്രത്യേകം ശ്രദ്ധേയമാണ്. ഓരോ സഭയ്ക്കും എഴുതുന്ന ലേഖനത്തിന്റെ അവസാനം ഇപ്രകാരമൊരു ആഹ്വാനം നല്കുന്നതിനാൽ ഓരോന്നിലും പറയുന്ന കാര്യങ്ങൾ ആ സഭയെ മാത്രം ഉദ്ദേശിച്ചുള്ളതല്ല എന്നു വ്യക്തമാക്കുന്നു. ക്രിസ്തുവിനു നല്കുന്ന വിശേഷണങ്ങളും സഭകൾക്കു നല്കുന്ന ഉപദേശങ്ങളും തിരഞ്ഞെടുക്കുന്നതിൽ ഓരോ സഭയുടെയും പ്രത്യേക ചരിത്രപശ്ചാത്തലത്തിന്റെ സ്വാധീനം ഉണ്ട്. എന്നാൽ സഭകളോടാണ് ഉത്ഥിതനായ ക്രിസ്തു ഓരോ ലേഖനത്തിലും സംസാരിക്കുന്നത്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനം ഏഷ്യാമൈനറിൽ ജീവിച്ചിരുന്ന ക്രിസ്തുവിശ്വാസികളുടെ സമൂഹങ്ങൾ മാത്രമല്ല, എല്ലാ കാലത്തും ലോകത്തെല്ലായിടത്തും ജീവിക്കുന്ന ക്രിസ്തീയസമൂഹങ്ങൾ മുഴുവൻ ഇവിടെ വിവക്ഷിക്കപ്പെടുന്നുണ്ട്. ചില സഭകൾക്ക് ശകാരം മാത്രം കിട്ടുന്നതിനാൽ അവ മറ്റു സഭകളെക്കാൾ മോശമായിരുന്നു എന്ന ചരിത്രപരമായ നിഗമനത്തിൽ എത്തുകയല്ല, വിമർശനങ്ങളും ശാസനകളും എപ്രകാരം ഓരോ സഭാസമൂഹങ്ങൾക്കു ബാധകമാകുന്നു എന്ന് പരിശോധിക്കുകയാണ് ചെയ്യേണ്ടത്. പ്രശംസയും പ്രോത്സാഹനവും വാഗ്ദാനങ്ങളും എല്ലാം ഇതേ രീതിയിൽ തന്നെ പരിഗണിക്കണം.



എല്ലാ ലേഖനങ്ങളും കൂടെ ഒരുമിച്ചു കാണുമ്പോൾ സഭയുടെ പൊതുവായ ചിത്രമായിരിക്കും ലഭിക്കുക. രാജാരാധനയും, വിഗ്രഹാരാധനയും, വിഗ്രഹങ്ങൾക്ക് അർപ്പിച്ചവയിലുള്ള പങ്കുചേരലും എല്ലാം ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഇന്നും പ്രസക്തമാണ്. ഭൗതികനേട്ടങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി ക്രിസ്തുവിലുള്ള വിശ്വാസം തള്ളിപ്പറയാനുള്ള പ്രലോഭനം എന്നും നിലനില്ക്കുന്നു. ഉത്ഥിതനായ നാഥന്റെ താക്കീതുകൾ ഗൗരവമായിത്തന്നെ ഇന്നും സ്വീകരിക്കാൻ പ്രാദേശിക സമൂഹങ്ങളും ആഗോള സഭയും കടപ്പെട്ടിരിക്കുന്നു.

സഭാസമൂഹങ്ങളെ മാത്രമല്ല, ഓരോ വ്യക്തിയെയും സംബന്ധിക്കുന്നതാണ് ലേഖനങ്ങളിലെ ശാസനകളും പ്രോത്സാഹനങ്ങളും, താക്കീതുകളും വാഗ്ദാനങ്ങളും. അതിനാൽ ഓരോ ലേഖനവും വായിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് തന്നോട് എന്താണ് പറയുന്നത് എന്നു കേൾക്കാൻ ഓരോരുത്തരും കാതോർക്കണം.

## 8. ഏഴു ലേഖനങ്ങൾ ഒറ്റനോട്ടത്തിൽ

| സഭക്ക് എഴുതാൻ കല്പന | ക്രിസ്തുവിന്റെ വിശേഷണം | നേട്ടങ്ങൾ - പ്രശംസ | വീഴ്ചകൾ - ശാസന |
|---|---|---|---|
| എഫേസോസ് 2, 1 - 7 | സപ്തതാരങ്ങൾ കൈയ്യിൽ പിടിച്ച് സപ്തപീഠങ്ങൾക്കു മധ്യേ നടക്കുന്നവൻ | പ്രയത്നങ്ങൾ - ക്ഷമാ പൂർണ്ണമായ സഹനം - വിശ്വസ്തത - ദുഷ്ടരോട് അസഹിഷ്ണുത | ആദ്യസ്നേഹം നഷ്ടപ്പെട്ടു. |
| സ്മിർണ 2, 8 - 11 | ആദ്യനും അന്ത്യനും മരിച്ചവനും വീണ്ടും ജീവിക്കുന്നവനും | ഞെരുക്കം - ദാരിദ്ര്യം - യഥാർത്ഥ സമ്പന്നൻ | ——— |
| പെർഗാമോസ് 2, 12 - 17 | ഇരുവായ്ത്തലവാൾ ഉള്ളവൻ | പീഡനങ്ങളിലും യേശുവിനോട് വിശ്വസ്തത പാലിച്ചു. | ബാലാമിന്റെയും നിക്കോളാവോസിന്റെയും പഠനങ്ങൾ സ്വീകരിക്കുന്നു. |
| തീയത്തീറ 2, 18 - 29 | അഗ്നിനാളംപോലെ മിഴികൾ, പിച്ചളപോലെ പാദങ്ങൾ, ദൈവപുത്രൻ - ഹൃദയവും മനസ്സും കാണുന്നവൻ | സ്നേഹം, വിശ്വാസം, ശുശ്രൂഷ, ഉറച്ചു നില്പ് ഇവയിൽ അഭിവൃദ്ധി | ജെസബെലിനോടു സഹിഷ്ണുത - വിഗ്രഹാർപ്പിത ഭക്ഷണം - വ്യഭിചാരം |
| സാർദീസ് 3, 1 - 6 | ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളും ഉള്ളവൻ | വസ്ത്രം മലിനമാക്കാത്ത ചുരുക്കം പേർ മാത്രം. | മൃതരാണ് - ഏല്പിച്ച ദൗത്യം നിർവഹിച്ചില്ല. |
| ഫിലാദെൽഫിയാ 3, 7 - 13 | പരിശുദ്ധൻ, സത്യവാൻ - ദൈവഭവനത്തിന്റെ താക്കോൽ കൈവശമുള്ളവൻ | ശക്തി പരിമിതമെങ്കിലും വചനം കാത്തു. യേശുവിനെ തള്ളിപ്പറഞ്ഞില്ല. | ——— |
| ലാവോദിക്യാ 3, 14 - 22 | വിശ്വസ്തനും സത്യവാനുമായ സാക്ഷി - സൃഷ്ടികർമ്മത്തിന്റെ ആരംഭം. ആമ്മേൻ | ——— | മന്ദോഷ്ണൻ - മിഥ്യാധാരണ - അന്ധത - അഹങ്കാരം |



| മാനസാന്തരത്തിന് ആഹ്വാനം | ശിക്ഷയുടെ മുന്നറിയിപ്പ് | യുഗാന്തോന്മുഖ വാഗ്ദാനം | ആത്മാവിന്റെ സ്വരം ശ്രവിക്കാൻ ആഹ്വാനം |
|---|---|---|---|
| ഓർമ്മിക്കുക - മനസ്സുതിരിയുക - പ്രവർത്തിക്കുക | ദീപപീഠം നീക്കിക്കളയും | പറുദീസായിലെ ജീവവൃക്ഷത്തിൽ നിന്ന് ഭക്ഷിക്കാൻ നല്കും | ആത്മാവ് സഭകളോടു പറയുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ |
| മരണംവരെ ഉറച്ചുനില്ക്കുക - മനസ്സുതിരിയുക | ——— | ജീവന്റെ കിരീടം | ,, |
| മനസ്സുതിരിയുക | വായിലെ വാൾകൊണ്ട് പോരാടും | നിഗൂഢമന്ന - രഹസ്യനാമം കൊത്തിയ വെള്ളക്കല്ല് | ,, |
| മനസ്സുതിരിയുക - ലഭിച്ചതിനെ മുറുകെപ്പിടിക്കുക | ശയ്യയിലേക്കും ഞെരുക്കത്തിലേക്കും വലിച്ചെറിയും - കൊന്നുകളയും | ജനതകളുടെ മേൽ അധികാരം - പുലർകാല നക്ഷത്രം | ,, |
| ഉണർന്നിരിക്കുക - ശക്തിപ്പെടുത്തുക - അനുസ്മരിക്കുക - കാത്തുസൂക്ഷിക്കുക | കള്ളനെപ്പോലെ വന്ന് പിടികൂടും | ധവളവസ്ത്രം - യേശുവിനോടുകൂടെ നടക്കും ജീവന്റെ പുസ്തകത്തിൽ പേര് - ദൈവത്തിന്റെ മുമ്പിൽ ഏറ്റുപറയും | ,, |
| ഉള്ളതു കാത്തുസൂക്ഷിക്കുക | ——— | ദൈവഭവനത്തിലെ സ്തംഭമാക്കും - പുറത്തു പോവുകയില്ല - 3 പേരുകൾ എഴുതും | ,, |
| സ്വർണ്ണവും വസ്ത്രവും കണ്ണിലെഴുതാൻ ലേപനവും വാങ്ങുക. - തീക്ഷ്ണനാവുക - മനസ്സുതിരിയുക | വായിൽ നിന്ന് തുപ്പിക്കളയും | ഒരുമിച്ച് അത്താഴം കഴിക്കും - സിംഹാസനത്തിൽ ഇരുത്തും | ,, |

# 4. സ്വർഗ്ഗീയ സദസ് 4,1-5,14

ഉത്ഥിതനായ നാഥൻ സഭകളെകുറിച്ചു നടത്തുന്ന വിലയിരുത്തലും സഭകൾക്കു നല്കുന്ന സന്ദേശങ്ങളുമാണ് വെളിപാടു പുസ്തകത്തിന്റെ ആദ്യഭാഗത്ത് ഏഴു ലേഖനങ്ങളിലൂടെ അവതരിപ്പിച്ചത്. ആസന്നമായിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പുകളും അടുത്തെത്തിയിരിക്കുന്ന രക്ഷയെക്കുറിച്ചുള്ള വാഗ്ദാനങ്ങളും ലേഖനങ്ങളിൽ പലതവണ ആവർത്തിക്കുകയുണ്ടായി. അവ നടപ്പാക്കുന്നതിന്റെ ചിത്രമാണ് പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് അവതരിപ്പിക്കുന്നത്. ആദ്യഭാഗം മുഖ്യമായും ഇടയലേഖന ശൈലിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ രണ്ടാം ഭാഗത്ത് അപ്പോകലിപ്റ്റിക് ശൈലിക്കു മുൻതൂക്കം നല്കിയിരിക്കുന്നു. ഒന്നിനുപുറകേ ഒന്നായി അതിവേഗം കടന്നുവരുന്ന ദർശനപരമ്പരയിൽ ആദ്യത്തേതാണ് 4-5 അധ്യായങ്ങളിൽ അവതരിപ്പിക്കുന്ന സ്വർഗ്ഗീയ സദസിന്റെ ചിത്രം.

യേശുവിന്റെ പേരിൽ ജയിൽവാസത്തിന്റെയും പീഡനങ്ങളുടെയും മരണത്തിന്റെയും നിരന്തര ഭീതിയിൽ കഴിയുന്ന സഭയുടെ ശ്രദ്ധ ഗ്രന്ഥകാരൻ കണ്ണീരിന്റെ താഴ്‌വരയായ ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്കുയർത്തുന്നു. തുറന്നിട്ടിരിക്കുന്ന ഒരു വാതിലിലൂടെ സ്വർഗ്ഗീയ സദസ് അകലെനിന്നു നോക്കി കാണാനേ കഴിയുന്നുള്ളുവെങ്കിലും ഈ കാഴ്ച പീഡിതർക്കു പ്രത്യാശയും ചഞ്ചലചിത്തർക്കു ധൈര്യവും പകരുന്നതാണ്. അപ്പോകലിപ്റ്റിക് ശൈലി ഉപയോഗിക്കുമ്പോഴും യോഹന്നാൻ അജപാലകന്റെയും പ്രവാചകന്റെയും ധർമ്മമാണ് അനുഷ്ഠിക്കുന്നത്.

സ്വർഗ്ഗീയ സിംഹാസനത്തിന്റെ ദർശനത്തോടെ ആരംഭിക്കുന്ന രണ്ടാം ഭാഗം പ്രപഞ്ചത്തിന്റെ നാഥൻ ആരെന്നു വ്യക്തമാക്കുന്നു. റോമാചക്രവർത്തിയല്ല, സ്വർഗ്ഗത്തിൽ സിംഹാസനസ്ഥനായിരിക്കുന്ന ദൈവമാണ് ലോകചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത്. അതിനാൽ ദൈവത്തിന്റെ മഹത്വത്തെയും ശക്തിപ്രാഭവങ്ങളെയും കുറിച്ചുള്ള ദർശനം ഈ ഭാഗത്തിന് ആമുഖമായി നില്ക്കുന്നു.

സ്വർഗ്ഗീയ സദസിന്റെ ദർശനം വ്യക്തമായും രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 4,1-11 സ്വർഗ്ഗത്തിൽ സിംഹാസനസ്ഥനായ ദൈവത്തിന്റെ ചിത്രം അവതരിപ്പിക്കുന്നു. 5, 1-14 മുദ്രിതമായ ചുരുൾ സ്വീകരിക്കുന്ന കുഞ്ഞാടിന്റെ ചിത്രം വർണ്ണിക്കുന്നു. രണ്ടു ചിത്രങ്ങളും ആരാധനാ കീർത്തനങ്ങളോടെ അവസാനിക്കുന്നു. സൃഷ്ടപ്രപഞ്ചം മുഴുവനും ദൈവത്തിനും കുഞ്ഞാടിനും ഒരുമിച്ച് ആരാധനയർപ്പിക്കുന്നു.

## 1. സ്വർഗ്ഗീയ സിംഹാസനം 4,1-8a

1. ഇതിനുശേഷം ഞാൻ കണ്ടു: ഇതാ, സ്വർഗ്ഗത്തിൽ തുറന്നിരിക്കുന്ന ഒരു
വാതിൽ. കാഹളധ്വനിപോലെ എന്നോടു സംസാരിക്കുന്നതായി ഞാൻ കേട്ട
ആദ്യത്തെ സ്വരം പറഞ്ഞു: ഇങ്ങോട്ടു കയറി വരൂ; ഇവയ്ക്കുശേഷം സംഭ
2. വിക്കേണ്ടവ നിനക്കു ഞാൻ കാണിച്ചു തരാം. പെട്ടെന്ന് ഞാൻ ആത്മാവിൽ
ലയിച്ചു. അതാ, സ്വർഗ്ഗത്തിൽ ഒരു സിംഹാസനം ഒരുക്കപ്പെട്ടിരിക്കുന്നു. സിം
3. ഹാസനത്തിൽ ഒരുവൻ ഇരിക്കുന്നു. സിംഹാസനസ്ഥൻ കാഴ്ചയിൽ സൂര്യ
കാന്തം പോലെയും മാണിക്യം പോലെയും. സിംഹാസനത്തിനു ചുറ്റും മര
4. തകം പോലെയുള്ള ഒരു മഴവില്ലും കാണപ്പെട്ടു. ആ സിംഹാസനത്തിനു ചുറ്റും
ഇരുപത്തിനാലു സിംഹാസനങ്ങൾ. അവയിൽ ധവള വസ്ത്രധാരികളായ ഇരു
പത്തിനാലു ശ്രേഷ്ഠന്മാർ ഇരിക്കുന്നു. അവരുടെ ശിരസ്സിൽ സ്വർണ്ണകിരീടങ്ങൾ
5. സിംഹാസനത്തിൽനിന്ന് മിന്നൽ പിണരുകളും ശബ്ദങ്ങളും ഇടിമുഴക്ക
ങ്ങളും പുറപ്പെടുന്നു. സിംഹാസനത്തിനുമുമ്പിൽ ജ്വലിക്കുന്ന ഏഴു തീപ്പ
6. ന്തങ്ങൾ; ഇവ ദൈവത്തിന്റെ സപ്താത്മാക്കളാണ്. സിംഹാസനത്തിനു മുമ്പിൽ
പളുങ്കു സമാനമായ കണ്ണാടിക്കടൽപോലെ. സിംഹാസനത്തിന്റെ നടുവിലും
സിംഹാസനത്തിന്റെ ചുറ്റിലുമായി നാലു ജീവികൾ. അവയ്ക്കു മുമ്പിലും
7. പിമ്പിലും നിറയെ കണ്ണുകൾ. ഒന്നാമത്തെ ജീവി സിംഹത്തെപ്പോലെ; രണ്ടാ
മത്തെ ജീവി കാളയെപ്പോലെ; മൂന്നാമത്തെ ജീവിക്ക് മനുഷ്യന്റേതുപോലുള്ള
8. മുഖം; നാലാമത്തെ ജീവി പറക്കുന്ന കഴുകനെപ്പോലെ. ഈ നാലു ജീവികൾ
ക്കും ആറു ചിറകുകൾ വീതം; ചുറ്റിലും ഉള്ളിലും നിറയെ കണ്ണുകൾ.

**4.1.** പുസ്തകത്തിന്റെ രണ്ടാംഭാഗത്തെ ഒന്നാംഭാഗവുമായി ബന്ധിപ്പിക്കുന്നതാണ് ഈ വാക്യം. ഇതിനുശേഷം, *ആദ്യത്തെ സ്വരം, ഇവയ്ക്കു ശേഷം* എന്നീ പദങ്ങൾ ഈ ബന്ധം ഉറപ്പിക്കുന്നു. വെളിപാടു പുസ്തകത്തിലെ ദർശനങ്ങൾ മുഴുവൻ ഒറ്റദിവസം, ഒരേ സ്ഥലത്തുവച്ചു ലഭിച്ചവയാണെന്നും ഉത്ഥിതനായ നാഥനാണ് വെളിപാടു നല്കുന്നതെന്നും ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നു. സഭയുടെ ഇപ്പോഴത്തെ അവസ്ഥയാണ് ആദ്യഭാഗത്തു വിവരിച്ചത്. ഭാവിയെ സംബന്ധിക്കുന്നവ രണ്ടാം ഭാഗത്തു വിവരിക്കുന്നു.

സ്വർഗ്ഗത്തെക്കുറിച്ചുള്ള പൗരാണിക സങ്കല്പത്തിന്റെ വെളിച്ചത്തിലേ *തുറന്നവാതിൽ* എന്ന പ്രയോഗം മനസ്സിലാക്കാൻ കഴിയൂ. ഭൂമിക്കു മുകളിൽ കമാനംപോലെ വിരിച്ചുനിർത്തിയിരിക്കുന്ന ആകാശം, ആകാശത്തിനുമുകളിൽ ജലം, അതിനും മുകളിൽ ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗം - ഇതാണ് ബൈബിളിൽ കാണുന്ന പ്രപഞ്ച സങ്കല്പം. തുറന്ന വാതിലും *കയറിവരൂ* എന്ന ആഹ്വാനവും ദൈവിക വെളിപാടു ലഭിക്കാൻ പോകുന്നതിന്റെ സൂചനകളാണ്. ദൈവിക സന്നിധിയിലേക്കു പ്രവേശിക്കാൻ

ക്രിസ്തുവാണ് മനുഷ്യനെ അർഹനാക്കുന്നത്. ദൈവിക പദ്ധതിയിൽ നിഗൂഢമായി സ്ഥിതിചെയ്യുന്ന ലോകചരിത്രത്തിന്റെ ഭാവിയെക്കുറിച്ച് ദൈവം വെളിപ്പെടുത്തിയാലേ മനുഷ്യന് എന്തെങ്കിലും ഗ്രഹിക്കാനാവൂ. ഇപ്രകാരമൊരു വെളിപാടാണ് ഇവിടെ ലഭിക്കാൻ പോകുന്നത് എന്ന് ഈ വാക്യം അറിയിക്കുന്നു.

സ്വർഗ്ഗീയസദസിനെകുറിച്ചുള്ള യോഹന്നാന്റെ വിവരണത്തിൽ എസെ 1; ഏശ 6; ദാനി 7 എന്നീ പഴയനിയമഭാഗങ്ങളുടെ സ്വാധീനം ദൃശ്യമാണ്. സ്വർഗത്തിലേക്കു കടന്നു ചെല്ലാനും ദൈവിക മഹത്വവും ദൈവിക പദ്ധതികളും കണ്ടു മനസ്സിലാക്കാനും മനുഷ്യർ ക്ഷണിക്കപ്പെടുന്നത് അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളുടെ പൊതുവായൊരു പ്രത്യേകതയാണ്. ദൈവമാണ് ചരിത്രത്തെ നയിക്കുന്നതെന്നുള്ള ഉറച്ച വിശ്വാസം ഏറ്റു പറയുന്ന ഒരു സാഹിത്യസങ്കേതമാണിത്.

**4.2** മനുഷ്യപുത്രദർശനമെന്നതുപോലെതന്നെ ഈ ദർശനവും ഒരാത്മീയാനുഭൂതിയാണ്. നഗ്നനേത്രങ്ങൾക്ക് അദൃശ്യമായ ദൈവികമേഖലയിലേക്ക് ഉണർത്തപ്പെടുന്ന ഗ്രന്ഥകാരൻ ആദ്യമേ കാണുന്നത് ദൈവത്തെയല്ല, സ്വർഗ്ഗീയ സിംഹാസനമാണെന്നതു ശ്രദ്ധേയമത്രേ. ദൈവം എന്ന പേരുപോലും ഇവിടെ ഉപയോഗിക്കുന്നില്ല. *സിംഹാസനസ്ഥൻ* എന്നുമാത്രമാണ് ദൈവത്തെക്കുറിച്ചു പറയുന്നത്. പഴയനിയമത്തിൽ പൊതുവേ കാണുന്നതാണ് സിംഹാസനാരൂഢനായ ദൈവത്തിന്റെ ചിത്രം (1 രാജാ 22,19; സങ്കീ 11,4; 47,8; ഏശ 6,1). ദൈവത്തോടുള്ള നിസ്സീമമായ ആദരവു പ്രകടമാക്കുന്നതോടൊപ്പം സൃഷ്ടപ്രപഞ്ചത്തിന്റെമേലുള്ള ദൈവത്തിന്റെ ആധിപത്യം ഏറ്റുപറയുകയും ചെയ്യുന്നതാണ് സിംഹാസനത്തെക്കുറിച്ചുള്ള പരാമർശം.

**4,3** അദൃശ്യനും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യനുമായ ദൈവത്തിന്റെ രൂപം വർണ്ണിക്കുക അസാധ്യമത്രേ. ദൈവിക സാന്നിധ്യത്തിന്റെ ഏറ്റം മനോഹരമായ ഒരു ചിത്രം വരയ്ക്കാനാണ് മൂന്നു രത്നങ്ങളുടെ പ്രതീകത്തിലൂടെ യോഹന്നാൻ ശ്രമിക്കുന്നത്. പ്രകാശം പ്രസരിപ്പിക്കുന്ന സൂര്യകാന്തവും, രക്തവർണ്ണമായ മാണിക്യവും ചേർന്ന് ജ്വലിക്കുന്ന അഗ്നിയുടെ പ്രതീതി ഉളവാക്കുന്നു (എസ 1,27). ദാനിയേലിന്റെ പുസ്തകത്തിലെ ദൈവദർശനത്തോട് (ദാനി 7,9-10) ഇതിനു സാമ്യമുണ്ട്. ദൈവം പ്രകാശത്തെ ഉടയാടയാക്കിയെന്നും (സങ്കീ 104,2) മനുഷ്യന് അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്നു ( 1 തിമോ 6,16) എന്നും പറയുമ്പോൾ ഇതേ ആശയം തന്നെയാണ് ബൈബിൾ അവതരിപ്പിക്കുന്നത്. മരതകം പോലുള്ള മഴവില്ല് ദൈവം നോഹയിലൂടെ മനുഷ്യവർഗ്ഗവുമായി ചെയ്ത സമാധാനഉടമ്പടിയുടെ (ഉൽപ 9,13) പ്രതീകമാണ്. ഈ മൂന്നു രത്നങ്ങളും സ്വർഗ്ഗീയ ജറുസലെമിന്റെ അടിത്തറയിൽ വീണ്ടും പ്രത്യക്ഷമാകുന്നുണ്ട് (വെളി 21,19-20).



**4,4.** ദൈവത്തിന്റെ മഹിമാപ്രാഭവത്തെ പ്രതിഫലിപ്പിക്കുന്നതാണ് ദൈവസിംഹാസനത്തിനു മുമ്പിൽ ധവള വസ്ത്രങ്ങളണിഞ്ഞ് സിംഹാസനങ്ങളിൽ ഇരിക്കുന്ന 24 ശ്രേഷ്ഠന്മാർ. കിരീടധാരികളായ അവർ ആരുടെ മുമ്പിൽ തങ്ങളുടെ കിരീടങ്ങൾ താഴെവച്ച് സാഷ്ടാംഗം പ്രണമിക്കുന്നുവോ അവൻ രാജാധിരാജനാണ്. ദാനിയേലിന്റെ ദർശനത്തിൽ ദൈവസന്നിധിയിൽ സിംഹാസനങ്ങളിൽ ഇരിക്കുന്നത് ന്യായാധിപന്മാരാണ്. പ്രപഞ്ചത്തിന്റെമേൽ വിധി പ്രസ്താവിക്കാനുള്ള ഒരുക്കമാണിത്. വെളിപാടുഗ്രന്ഥത്തിന്റെ ദർശനത്തിലും ഇതേ ആശയം പ്രതിഫലിക്കുന്നുണ്ട്.

പൊതുവായ ഈ വിശദീകരണത്തിനു പുറമേ ആരാണ് ഈ ശ്രേഷ്ഠന്മാർ എന്ന ചോദ്യത്തിന് പല ഉത്തരങ്ങൾ നല്കപ്പെടാറുണ്ട്. ഇസ്രായേലിലെ പുരോഹിതന്മാരെ 24 ഗണങ്ങളായി തിരിച്ചിരുന്നു (1 ദിന 24,1-18). സിംഹാസനങ്ങളിൽ ഇരിക്കുന്ന 24 പേർ ഈ പുരോഹിതഗണങ്ങളെ സൂചിപ്പിക്കുന്നു എന്നു കരുതുന്നവരുണ്ട്. എന്നാൽ ഇവർ ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളുടെയും സഭയിലെ പന്ത്രണ്ട് അപ്പസ്തോലന്മാരുടെയും പ്രതീകങ്ങളാണ് എന്ന വ്യാഖ്യാനം കൂടുതൽ സ്വീകാര്യമത്രെ. ദൈവജനത്തിന്റെ പ്രതീകവും പ്രതിനിധികളുമാണവർ. ദൈവജനം ദൈവത്തിന്റെ രാജത്വത്തിൽ പങ്കുചേരുന്നു എന്ന് അവരുടെ കിരീടങ്ങൾ സൂചിപ്പിക്കുന്നു. ദൈവത്തിന് അനന്തവും അനുസ്യൂതവുമായ ആരാധനയർപ്പിക്കുകയാണ് ദൈവജനത്തിന്റെ ധർമ്മം. സ്വർഗ്ഗത്തിൽ പൂർത്തിയാക്കപ്പെടുന്ന ഈ ധർമ്മത്തിന്റെ ചിത്രമാണ് യോഹന്നാൻ ഇവിടെ അവതരിപ്പിക്കുന്നതെന്ന് ന്യായമായും അനുമാനിക്കാം.

**4,5** ബൈബിളിൽ ചിരപ്രതിഷ്ഠനേടിയ പ്രതീകങ്ങളാണ് മിന്നൽ പിണരുകളും, ശബ്ദങ്ങളും, ഇടിമുഴക്കങ്ങളും (പുറ 19,16-17, 1 രാജാ 19,11-12; സങ്കീ 97,3-4; എസെ 1,13). ഇവയെല്ലാം ദൈവത്തിന്റെ വിശുദ്ധിയെയും മഹത്വത്തെയും വിളിച്ചറിയിക്കുന്നു. ജ്വലിക്കുന്ന തീപ്പന്തങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രതീകമാണെന്നു നാം കണ്ടുകഴിഞ്ഞു.

**4,6a** അലൌകികമായതു വർണ്ണിക്കാൻ ഗ്രന്ഥകാരൻ ക്ലേശിക്കുകയാണ്. താൻ കണ്ടതു വിവരിക്കാൻ പരിചിതമായ മേഖലകളിൽ നിന്നുള്ള വാക്കുകളും പ്രതീകങ്ങളും അപര്യാപ്തമായതിനാൽ *പോലെ* എന്നേ അദ്ദേഹത്തിനു പറയാൻ കഴിയുന്നുള്ളൂ. ദൈവവും പാപിയായ മനുഷ്യനും തമ്മിലുള്ള അനന്തമായ അകലത്തെ സൂചിപ്പിക്കുന്നതാണ് *കടൽ*. ആകാശത്തിനു മുകളിലുള്ള ജലത്തിനുമേൽ ദൈവം തന്റെ മാളിക സ്ഥാപിച്ചിരിക്കുന്നു എന്ന സങ്കല്പം (സങ്കീ 104,3) ഇവിടെ ആവർത്തിക്കപ്പെടുന്നുണ്ട്. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള അന്തരവും അവയ്ക്കിടയിലുള്ള അഗാധഗർത്തവും (ലൂക്കാ 16,26) ഇവിടെ സ്മർതവ്യമാണ്. രക്ഷാചരിത്രം അതിന്റെ പരിസമാപ്തിയിലെത്തുമ്പോൾ കടൽ അപ്രത്യക്ഷമാകും (വെളി 21,1) എന്നതും ശ്രദ്ധേ

യമത്രേ. അതുവരെ ഈ *പളുങ്കുകടൽ* നിലനില്ക്കും. യുഗാന്തത്തിൽ സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരുന്നതുവരെ രക്ഷിക്കപ്പെട്ടവരും ഈ പളുങ്കുകടലിലാണ് നില്ക്കുക (വെളി 15,2). ദൈവം മനുഷ്യനിൽ നിന്ന് അവാച്യമാം വിധം വ്യത്യസ്തനാണ് എന്ന് ഊന്നിപ്പറയാൻ പ്രകാശത്തിന്റെയും അകലത്തിന്റെയും പ്രതീകങ്ങളാണ് ഗ്രന്ഥകാരൻ ഉപയോഗിക്കുന്നത്.

**4,6b-8a** സ്വർഗ്ഗീയ സിംഹാസനത്തിന് അകമ്പടി സേവിക്കുന്ന *നാലു ജീവികളുടെ* ചിത്രം വെളിപാടു പുസ്തകത്തിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. ഏശയ്യായുടെ പുസ്തകത്തിൽ സെറാഫുകൾ എന്നാണ് ഇവയെ വിശേഷിപ്പിക്കുന്നത് (ഏശ 6,2). ദൈവദൂതന്മാരുടെ ഒരു ഗണമായി സെറാഫുകൾ കരുതപ്പെട്ടിരുന്നു. ആറു ചിറകുകൾ വീതമുള്ള സെറാഫുകളുടെ സ്ഥാനത്ത് എസെക്കിയേലിൽ നാലുചിറകും നാലും മുഖവും വീതമുള്ള നാലു ജീവികൾ പ്രത്യക്ഷപ്പെടുന്നു (എസെ 1,5-14). അവരെ കെരൂബുകൾ എന്നാണു വിളിക്കുന്നത് (എസെ 10,1). ഏശയ്യായിലെ നിരന്തരം സ്തുതിപാടുന്ന സെറാഫുകളുടെയും എസക്കിയേലിലെ ദൈവത്തിന്റെ രഥം വഹിക്കുന്ന കെരൂബുകളുടെയും ചിത്രങ്ങൾ സംയോജിച്ചതാണ് വെളിപാടു പുസ്തകത്തിലെ നാലു ജീവികൾ.

ആരെയാണ് ഈ ജിവികൾ സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ ഇന്നും തർക്കമുണ്ട്. ദൈവതിരുമുമ്പിൽ ശുശ്രൂഷ ചെയ്യുന്ന മാലാഖമാരാണ് അവർ എന്നതാണ് ഏറ്റം സ്പഷ്ടമായ വിശദീകരണം. എന്നാൽ ദർശനത്തിലെ പല ഘടകങ്ങളും ഈ വിശദീകരണത്തിന്റെ അപര്യാപ്തത തെളിയിക്കുന്നു. നാല് എന്ന സംഖ്യ സൃഷ്ടപ്രപഞ്ചത്തെ സൂചിപ്പിക്കുന്നതാണ്. മാലാഖമാർക്കു മനുഷ്യന്റെയും മൃഗങ്ങളുടെയും മുഖങ്ങൾ നല്കുന്നത് എന്തിനെന്നു വ്യക്തമല്ല. മാലാഖമാരെക്കുറിച്ചു പറയുമ്പോൾ ഇപ്രകാരമുള്ള പ്രതീകങ്ങൾ വെളിപാടു ഗ്രന്ഥകാരൻ വേറൊരിടത്തും ഉപയോഗിക്കുന്നില്ല. തന്നെയുമല്ല, ഈ ദർശനത്തിൽതന്നെ അസംഖ്യം ദൂതന്മാർ (5,11) പ്രത്യക്ഷപ്പെടുന്നുമുണ്ട്. അതിനാൽ ഈ ജീവികൾ മാലാഖമാരെ പ്രതിനിധാനം ചെയ്യുന്നു എന്നു കരുതുക പ്രയാസമാണ്.

ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയും പ്രതീകങ്ങളാണിവ എന്ന വിശദീകരണം കൂടുതൽ സ്വീകാര്യമാണ്. വന്യമൃഗങ്ങളിൽ ഏറ്റം ശ്രേഷ്ഠമായതാണ് സിംഹം; വളർത്തു മൃഗങ്ങളിൽ ഏറ്റം ശക്തമായത് കാള; ഭൂമിയിലെ എല്ലാ ജീവികളിലുംവച്ച് ബുദ്ധിയിലും ജ്ഞാനത്തിലും മികച്ചതു മനുഷ്യൻ; വേഗതയേറിയതു കഴുകൻ. ദൈവത്തിന്റെ ജ്ഞാനം സൃഷ്ടികളിൽ നിറഞ്ഞു നില്ക്കുന്നു എന്ന ആശയമാവാം ജീവികളുടെ കണ്ണുകൾ സൂചിപ്പിക്കുന്നത്. "സമുദ്രം ജലം കൊണ്ടെന്നപോലെ ഭൂമി കർത്താവിനെ



ക്കുറിച്ചുള്ള ജ്ഞാനം കൊണ്ടു നിറയും" (ഏശ 11,9) എന്ന പ്രവചനം ഇവിടെ ശ്രദ്ധേയമാണ്.

ദൈവത്തിന്റെ ചൈതന്യം നിറഞ്ഞുനില്ക്കുന്ന ജീവികൾ ജീർണ്ണതയുടെ അടിമത്തത്തിൽനിന്നു മോചിതമായ സൃഷ്ടപ്രപഞ്ചത്തിന്റെ (റോമാ 8,21) പ്രതീകമാണ്. കാലത്തിനതീതനായ ദൈവത്തിന്റെ കാഴ്ചപ്പാടിൽ രക്ഷാകർമ്മം പൂർണ്ണമാക്കപ്പെട്ടിരിക്കുന്നു. യുഗാന്തത്തോടെ ഭൂമിയിൽ യാഥാർത്ഥ്യമാകാനിരിക്കുന്നത് സ്വർഗ്ഗത്തിൽ നിറവേറിയിരിക്കുന്നു. നിത്യതയുടെ നിമിഷത്തിൽ നിന്നുകൊണ്ടാണ് യോഹന്നാൻ സ്വർഗ്ഗീയസദസ് വർണ്ണിക്കുന്നത്. ദൈവത്തിന് അർപ്പിക്കുന്ന ആരാധനയുടെ വിവരണത്തിൽ ഇതു കൂടുതൽ വ്യക്തമാകുന്നു.

ഈ നാലു ജീവികളെ നാലു സുവിശേഷകന്മാരുടെ പ്രതീകങ്ങളായി വ്യാഖ്യാനിക്കാൻ തുടങ്ങിയത് വി. ഇരനേയൂസാണ്. ഓരോ സുവിശേഷകന്റെയും പ്രതീകം ഏതെന്നു നിശ്ചയിക്കുന്നതിൽ ഏറെ വൈവിധ്യം ഇന്നും നിലനില്ക്കുന്നു. വി. അഗസ്റ്റിൻ നല്കിയ വിശദീകരണം വസ്തുതകളോട് കൂടുതൽ അനുയോജ്യമായി കരുതപ്പെടുന്നു.

യേശുവിനെ യഹൂദർ പ്രതീക്ഷിച്ചിരുന്ന മിശിഹാ രാജാവായി ചിത്രീകരിക്കുന്നതിനാൽ മത്തായിയുടെ പ്രതീകമാണ് മൃഗരാജാവായ സിംഹം. യേശുവിന്റെ മനുഷ്യത്വത്തിന് ഏറ്റം പ്രാധാന്യം നല്കുന്ന മർക്കോസിന്റെ പ്രതീകം മനുഷ്യൻ. ബലിയർപ്പണത്തിന്റെ ചിത്രീകരണംകൊണ്ട് സുവിശേഷം ആരംഭിക്കുന്ന ലൂക്കായുടെ പ്രതീകം കാള. മറ്റു മൂന്നു സുവിശേഷകന്മാരേക്കാൾ കൂടുതലായി യേശുവിന്റെ ദൈവത്വത്തിലേക്ക് ചിന്ത ഉയർത്തുകയും ആഴത്തിൽ കാണുകയും ചെയ്യുന്ന യോഹന്നാന്റെ പ്രതീകമാണ് കഴുകൻ. ദൈവദൂതദർശനത്തിനു പ്രാധാന്യം നല്കുന്നതിനാൽ മത്തായിയുടെ പ്രതീകമായി മനുഷ്യരൂപത്തിലുള്ള ദൈവദൂതനെയും സിംഹഗർജ്ജനംപോലെ മരുഭൂമിയിൽ മുഴങ്ങിയ സ്നാപകശബ്ദം കൊണ്ടു തുടങ്ങുന്ന മർക്കോസിന്റെ പ്രതീകമായി സിംഹത്തെയും കാണുന്നവരുമുണ്ട്.

## 2. സിംഹാസനസ്ഥന് ആരാധന 4,8b-11

8b. രാപകൽ ഇടവിടാതെ അവ ഉദ്ഘോഷിക്കുന്നു: ആയിരുന്നവനും ആയിരി
ക്കുന്നവനും വരാനിരിക്കുന്നവനും സർവ്വശക്തനും ദൈവവുമായ കർത്താവ്
9. പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ആ ജീവികൾ നിത്യം ജീവിക്കുന്നവ
നായ സിംഹാസനസ്ഥന് മഹത്വവും ബഹുമാനവും കൃതജ്ഞതയും നല്കി
യപ്പോഴെല്ലാം ആ ഇരുപത്തിനാലു ശ്രേഷ്ഠന്മാർ സിംഹാസനസ്ഥന്റെ മുമ്പിൽ
വീണ്, നിത്യം ജീവിക്കുന്നവനെ സാഷ്ടാംഗം പ്രണമിക്കുകയും ഞങ്ങളുടെ
10. ദൈവവും കർത്താവുമായ അങ്ങ് മഹത്വവും ബഹുമാനവും ശക്തിയും
സ്വീകരിക്കാൻ അർഹനാണ്; എന്തെന്നാൽ അങ്ങ് സർവ്വവും സൃഷ്ടിച്ചു,

11. അങ്ങയുടെ ഹിതത്താൽ അവയ്ക്ക് അസ്തിത്വം ലഭിക്കുകയും അവ സൃഷ്ടിക്കപ്പെടുകയും ചെയ്തു എന്നു പറഞ്ഞുകൊണ്ട് തങ്ങളുടെ കിരീടങ്ങൾ സിംഹാസനത്തിനുമുമ്പിൽ വയ്ക്കുകയും ചെയ്തിരുന്നു.

**4,8b** നാലു ജീവികളുടെ സ്തുതിഗീതത്തിന് ഏശയ്യായുടെ ദർശനത്തിലെ സെറാഫുകളുടേതിനോടു സാമ്യമുണ്ട് (ഏശ 6,3). സൃഷ്ടപ്രപഞ്ചം രാപകൽ ഇടവിടാതെ ദൈവത്തെ സ്തുതിക്കുന്നു എന്ന ആശയം സങ്കീർത്തനങ്ങളിൽ കാണാം (സങ്കീ 19,1-2). ദൈവത്തിനു മൂന്നു വിശേഷണങ്ങളാണ് ഇവിടെ നല്കുന്നത്. 1. *പരിശുദ്ധൻ* ഗ്രീക്കുമൂലത്തിൽ പരിശുദ്ധൻ എന്ന വിശേഷണമാണ് ആദ്യം വരുന്നത്. കറയോ കുറവോ ഇല്ലാത്തവൻ എന്നും സൃഷ്ടപ്രപഞ്ചത്തിൽ നിന്നും വ്യതിരക്തൻ, വേറിട്ടു നില്ക്കുന്നവൻ എന്നും ഈ പദത്തിന് അർത്ഥമുണ്ട്. സ്വർഗ്ഗീയ സിംഹാസനത്തിന്റെ വിവരണത്തിൽ പ്രതീകങ്ങളിലൂടെ അവതരിപ്പിച്ച ഈ യാഥാർത്ഥ്യം ഇവിടെ വാക്കുകളിലൂടെ പ്രഘോഷിക്കുന്നു. പരിശുദ്ധൻ എന്നു മൂന്നുതവണ ആവർത്തിക്കുന്നതിലൂടെ ദൈവത്തെ പരമപരിശുദ്ധനായി, പരിശുദ്ധിയുടെ പൂർണ്ണതയായി പ്രകീർത്തിക്കുന്നു. 2. *സർവ്വശക്തൻ* സകലതും തന്റെ ചൊല്പടിക്കു നിർത്തുന്നവൻ എന്നാണ് ഈ പദത്തിന്റെ അർത്ഥം. സ്വർഗ്ഗീയ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന ദൈവമാണ് പ്രപഞ്ചത്തിന്റെ നാഥൻ, റോമാ ചക്രവർത്തിയല്ല എന്ന ധ്വനി ഈ വിശേഷണത്തിൽ കാണാം. 3. *ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനും* എന്ന വിശേഷണമാകട്ടെ ദൈവം നിത്യനും മാറ്റമില്ലാത്തവനും ആണെന്നു പ്രഖ്യാപിക്കുന്നു. ഈ സത്യം തന്നെ *നിത്യം ജീവിക്കുന്നവൻ* എന്ന് അടുത്ത വാക്യത്തിൽ വ്യാഖ്യാനിക്കുന്നുണ്ട്. ചക്രവർത്തിമാരും സാമ്രാജ്യങ്ങളും വന്നുപോകുന്നു; ദൈവമാകട്ടെ അചഞ്ചലനായി എന്നും നിലനില്ക്കുന്നു. ഈ രണ്ടു വിശേഷണങ്ങളും 1,8ൽ കണ്ടതാണ്.

**4,9** നാലുജീവികൾ സമർപ്പിക്കുന്ന സ്തോത്രഗീതത്തെ ഒന്നുകൂടി വിശദീകരിക്കുകയാണ് ഈ വാക്യം. *കൃതജ്ഞത* എന്നു വിവർത്തനം ചെയ്തിരിക്കുന്നത് *യുക്കരിസ്തിയാ* എന്ന ഗ്രീക്കുപദമാണ്. വാഴ്ത്തൽ, നന്ദി പറയൽ എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. ദൈവം ചെയ്ത വലിയ കാര്യങ്ങളെ നന്ദിയോടെ അനുസ്മരിച്ച് ഏറ്റുപറയുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്.

**4,10-11** സൃഷ്ടപ്രപഞ്ചം മുഴുവൻ നിരന്തരമായി അർപ്പിക്കുന്ന ആരാധനയിൽ ദൈവജനം പങ്കുചേരുന്നതിന്റെ ചിത്രം ഈ വാക്യങ്ങൾ വരച്ചുകാട്ടുന്നു. സിംഹാസനസ്ഥന്റെ മുമ്പിൽവീണ് സാഷ്ടാംഗം പ്രണമിക്കുന്നത് പരിപൂർണ്ണമായ വിധേയത്വത്തിന്റെയും ആത്മസമർപ്പണത്തിന്റെയും പ്രതീകമാണ്.



*കർത്താവും ദൈവവും* എന്ന അഭിസംബോധന പഴയ നിയമത്തിലുടനീളം പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ വെളിപാടു പുസ്തകത്തിന്റെ പ്രത്യേക ചരിത്ര പശ്ചാത്തലത്തിൽ ഈ അഭിസംബോധനയ്ക്ക് രാഷ്ട്രീയമായൊരു ധ്വനിയുണ്ട്. സീസറിനെ 'കർത്താവും ദൈവവും' എന്നു വിളിക്കണം എന്ന കല്പനയുടെ വ്യക്തമായ നിഷേധമാണ് ഇവിടെ നടക്കുന്നത്. കർത്താവും ദൈവവും ഒരുവൻ മാത്രമേയുള്ളു. അതു സ്വർഗ്ഗീയ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നവനാണ്, റോമൻ ചക്രവർത്തിയായ ഡൊമീഷ്യനല്ല. നാലുജീവികളുടെ സ്തുതിപ്പുകൾ "ദൈവം പരിശുദ്ധനാകുന്നു" എന്ന സത്യം പൊതുവായി ഏറ്റുപറയുമ്പോൾ, ശ്രേഷ്ഠന്മാർ 'കർത്താവായ ദൈവമേ' എന്നു വിളിച്ചുകൊണ്ട് ദൈവത്തിനു നേരിട്ട് സ്തുതി സമർപ്പിക്കുന്നു. *അങ്ങ് അർഹനാണ്* എന്ന പ്രയോഗത്തിലും രാജാരാധനയുടെ നിഷേധം കാണാം. റോമൻ ചക്രവർത്തി സാഘോഷം നഗരപ്രവേശം നടത്തുമ്പോൾ "അങ്ങ് അർഹനാണ്" (you are worthy) എന്ന് ജനം ആർത്തുവിളിക്കുമായിരുന്നു. മഹത്വം സ്വീകരിക്കാനുള്ള അർഹത ചക്രവർത്തിക്കില്ല, ദൈവത്തിനു മാത്രമേയുള്ളു.

സൃഷ്ടികർമ്മത്തിന്റെ പേരിലാണ് ശ്രേഷ്ഠന്മാർ ദൈവത്തെ സ്തുതിക്കുന്നത്. *അസ്തിത്വം ലഭിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു* എന്ന പ്രഖ്യാപനം ഒരേ കാര്യത്തിന്റെ ആവർത്തനമല്ല. പ്രപഞ്ചം ബാഹ്യമായി സൃഷ്ടിക്കപ്പെടുന്നതിനുമുമ്പേ ദൈവത്തിന്റെ ഹിതത്തിൽ ഒരു പദ്ധതിയെന്നവണ്ണം സ്ഥിതി ചെയ്തിരുന്നു. ഈ പദ്ധതിയുടെ ബാഹ്യമായ പൂർത്തീകരണം ദൈവം നിശ്ചയിച്ച സമയത്താണുണ്ടായത്. പ്രപഞ്ചത്തിലെ യാതൊന്നും യാദൃശ്ചികമായുണ്ടായതല്ല, ദൈവം നിശ്ചയിച്ച സമയത്തും വിധത്തിലും ആണ് അവയുണ്ടായത്. തങ്ങളുടെ അസ്തിത്വത്തിന്റെ ഉടയവനെയാണ് സൃഷ്ടപ്രപഞ്ചവും ദൈവജനവും ഇവിടെ സ്തുതിക്കുന്നത്. ശ്രേഷ്ഠന്മാർ കിരീടം താഴെ വയ്ക്കുന്നതും ദൈവത്തിന്റെ പരമാധികാരത്തെ ഏറ്റുപറയുന്നതിനെ സൂചിപ്പിക്കുന്നു.

## 3. മുദ്രിതമായ ചുരുൾ 5,1-4

1. സിംഹാസനസ്ഥന്റെ വലത്തു കൈയിൽ അകത്തും പുറത്തും എഴുതപ്പെട്ടതും
2. സപ്തമുദ്രകളാൽ മുദ്രിതവുമായ ഒരു ചുരുൾ ഞാൻ കണ്ടു. ശക്തനായ ഒരു ദൂതനെയും ഞാൻ കണ്ടു. അവൻ ഉച്ചസ്വരത്തിൽ വിളിച്ചുപറയുന്നു: ഈ ചുരുൾ നിവർത്താനും ഇതിന്റെ മുദ്രകൾ പൊട്ടിക്കാനും അർഹതയുള്ള ആരു
3. ണ്ട്? എന്നാൽ, സ്വർഗ്ഗത്തിലോ ഭൂമിയിലോ ഭൂമിക്കടിയിലോ ഉള്ള ആർക്കും
4. ആ ചുരുൾ നിവർത്താനോ അതിലേക്കു നോക്കാനോ കഴിഞ്ഞില്ല. ചുരുൾ നിവർത്താനോ അതിലേക്കു നോക്കാനോ അർഹനായി ആരെയും കണ്ടെത്താഞ്ഞതിനാൽ ഞാൻ വളരെയേറെ കരഞ്ഞു.

**5.1** സ്വർഗ്ഗീയ സദസ്സിന്റെ പൊതുവായ വിവരണത്തിനുശേഷം ഗ്രന്ഥകാരൻ സിംഹാസനസ്ഥനിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദൈവത്തിന്റെ വലതുകൈയിൽ ഇരിക്കുന്ന ചുരുളാണ് തുടർന്നുള്ള വിവരണത്തിന്റെ കേന്ദ്രം. അകത്തും പുറത്തും എഴുതിയിരിക്കുന്നതിനാൽ വളരെയേറെ കാര്യങ്ങൾ ചുരുളിലുണ്ട് എന്ന സൂചനയാണ് ഗ്രന്ഥകാരൻ നല്കുന്നത്. എസെക്കിയേലിനു ലഭിച്ച പ്രഥമ ദർശനത്തിൽ ഇപ്രകാരം ഒരു ചുരുൾ പ്രത്യക്ഷപ്പെടുന്നുണ്ട് (എസെ 2,9-10). ആ ചുരുൾ നിവർത്തിയതായിരുന്നു. അതിൽ എഴുതിയിരുന്നത് ഇസ്രായേൽ ജനത്തിന്റെമേൽ പതിക്കാൻ പോകുന്ന ശിക്ഷാവിധിയായിരുന്നു. എന്നാൽ വെളിപാടു ഗ്രന്ഥത്തിലെ ചുരുൾ ഏഴു മുദ്രകൾ വച്ചു ഭദ്രമാക്കിയതാണ്. ചുരുളിൽ എന്താണ് എഴുതിയിരിക്കുന്നതെന്ന് അറിയാനാവില്ല.

മുദ്രിതമായ ചുരുളിനെക്കുറിച്ച് ദാനിയേലിന്റെ പുസ്തകത്തിൽ രണ്ടു പരാമർശങ്ങളുണ്ട് (ദാനി 8,26; 12,4.9). യുഗാന്തത്തെ സംബന്ധിക്കുന്ന രഹസ്യങ്ങളാണ് ചുരുളിലുള്ളത്. അത് ഇപ്പോൾ വെളിപ്പെടുത്താനാവില്ല എന്നു പറയാൻ വേണ്ടിയാണ് ഗ്രന്ഥത്തിനു മുദ്രവയ്ക്കാൻ ആവശ്യപ്പെടുന്നത്. റോമാക്കാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഒരാചാരം ചുരുളിനു മുദ്രവയ്ക്കുന്നതിന്റെ അർത്ഥം ഗ്രഹിക്കാൻ സഹായിക്കും. വിൽപത്രം എഴുതുന്നയാൾ ഏഴു സാക്ഷികളെക്കൊണ്ട് ചുരുട്ടിയ വിൽപത്രത്തിനു മുദ്ര വയ്പിക്കണം. പിന്നീട് ആ ഏഴുപേരും കൂടിയാലേ മുദ്രപൊളിച്ച് വിൽപത്രം വായിച്ച് നടപ്പിലാക്കാൻ കഴിയുമായിരുന്നുള്ളു. മേൽ വിവരിച്ച രണ്ടു പശ്ചാത്തലങ്ങളിൽനിന്നു ലഭിക്കുന്ന സൂചന ഇതാണ്: മുദ്രവച്ച ചുരുളിന്റെ ഉള്ളടക്കം യുഗാന്തത്തെ സംബന്ധിക്കുന്ന രഹസ്യമാണ്. ചുരുൾ നിവർത്തുകയെന്നാൽ അതിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുക എന്നാണ് അർത്ഥമാക്കുക. 'ഏഴ്' പൂർണ്ണതയുടെ സംഖ്യയാകയാൽ ഏഴുമുദ്രകൾ വച്ചത് പരമരഹസ്യമാണ്.

**5,2-3** ശക്തനായ ദൂതൻ വീണ്ടും രണ്ടുതവണ പ്രത്യക്ഷപ്പെടുന്നുണ്ട് (വെളി 10,1; 18,1-2). ചുരുളിൽ എഴുതിയിരിക്കുന്നവ നടപ്പിലാക്കാൻ അർഹതയുള്ള ആരുണ്ട് എന്ന ദൂതന്റെ ചോദ്യത്തിന് ഏശയ്യാ ശ്രവിച്ച ദൈവത്തിന്റെ ചോദ്യത്തോടു (ഏസ 6,8) സാമ്യമുണ്ട്. ദൈവത്തിനുവേണ്ടി പോകാൻ ഏശയ്യാ തയ്യാറായി. എന്നാൽ ഇവിടെ പ്രതികരണം മറിച്ചാണ്. കാരണം, ദൈവവചനം പ്രഘോഷിക്കുന്ന പ്രവാചകനെയല്ല, രക്ഷാകർമ്മം പൂർത്തിയാക്കാൻ കഴിയുന്നവനെയാണ് ദൈവം അന്വേഷിക്കുന്നത്. തിന്മയെ പൂർണ്ണമായി ഉന്മൂലനം ചെയ്യാനോ ദൈവത്തിന്റെ രക്ഷാപദ്ധതി സാക്ഷാൽക്കരിക്കാനോ ഒരു മനുഷ്യനും മാലാഖായ്ക്കും സാധിക്കുകയില്ല എന്ന സത്യം ഇവിടെ ഏറ്റുപറയുന്നു.



**5,4** തങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളുടെ അർത്ഥം ഗ്രഹിക്കാനും അവസാനം കാണാനും ആകാംക്ഷയോടെ കാത്തിരിക്കുന്ന ജനത്തിന്റെ ഇടയനാണ് പ്രവാചകനായ യോഹന്നാൻ. ദൈവത്തിന്റെ കൈയിൽ ഇരിക്കുന്ന ചുരുളിൽ ഇവ രണ്ടും ഉണ്ടെന്ന ബോധ്യം ചുരുൾ നിവർത്താൻ ആരെയും കണ്ടെത്താൻ കഴിയാത്തതിലുള്ള ദുഃഖം വർദ്ധിപ്പിക്കുന്നു. തിന്മയുടെ പൊരുളും മർദ്ദനത്തിൽനിന്നു മോചനവും തേടി സ്വർഗ്ഗത്തിന്റെ പടിവാതില്ക്കൽ നില്ക്കുന്ന പ്രവാചകനെ നിരാശ ഗ്രസിക്കുന്നതായി തോന്നും. തന്റെ ജനത്തിന്റെ ദുരവസ്ഥയിൽ ഹൃദയം പൊട്ടിക്കരയുന്ന ഇടയന്റെ ചിത്രമാണ് ഈ വാക്യം അവതരിപ്പിക്കുന്നത്. ക്രിസ്തുവിന്റെ വരവിനുമുമ്പുള്ള മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും അവസ്ഥയാണിത് - തിന്മയുടെ തടവറയിൽ മോചനത്തിന്റെ പ്രത്യാശപോലുമില്ലാതെ കഴിയുന്ന മനുഷ്യസമൂഹത്തിന്റെ അവസ്ഥ. യുഗയുഗാന്തരങ്ങളായി രക്ഷകനെ കാത്തിരിക്കുന്ന പ്രപഞ്ചത്തിന്റെ ഹൃദയാന്തരാളത്തിൽ നിന്നുയരുന്ന നെടുവീർപ്പുകളും സഹസ്രാബ്ദങ്ങളിലൂടെ മോചകനെ പ്രതീക്ഷിക്കുന്ന മർദ്ദിതരുടെ നിലവിളിയും ഏറ്റുവാങ്ങിയാണ് യോഹന്നാൻ സ്വർഗ്ഗകവാടത്തിൽ തകർന്ന ഹൃദയവും നിറഞ്ഞ കണ്ണുകളുമായി നില്ക്കുന്നത്.

## 4. വിജയം വരിച്ച കുഞ്ഞാട് 5,5-7

മർദ്ദനത്തിന്റെ കാഠിന്യം മോചനത്തിന്റെ സന്തോഷം വർദ്ധിപ്പിക്കുന്നു. കാത്തിരിപ്പിന്റെ ആകാംക്ഷ കണ്ടുമുട്ടലിന്റെ നിർവൃതിക്കു മാറ്റു കൂട്ടുന്നു. പ്രപഞ്ചം മുഴുവൻ മോചനത്തിന്റെ മുഹൂർത്തം ദർശിക്കാനായി ശ്വാസമടക്കി കാത്തുനില്ക്കുന്ന പ്രതീതിയാണ് ദൂതന്റെ വെല്ലുവിളിയും യോഹന്നാന്റെ കണ്ണീരും പ്രദാനം ചെയ്തത്. ക്രിസ്തുവിന്റെ വിജയത്തെ പ്രപഞ്ചനാടകത്തിന്റെ കേന്ദ്രമുഹൂർത്തമായി അവതരിപ്പിക്കാൻ ഇതു സഹായിക്കുന്നു. ഘടനാപരമായി നോക്കുമ്പോൾ സ്വർഗ്ഗീയ സദസിന്റെ വിവരണത്തിന്റെ കേന്ദ്രമാണ് ഈ ഭാഗം.

5. അപ്പോൾ ശ്രേഷ്ടന്മാരിലൊരാൾ എന്നോടു പറയുന്നു: കരയാതിരിക്കൂ; ഇതാ യൂദാവംശത്തിൽ നിന്നുള്ള സിംഹവും ദാവീദിന്റെ വേരും ആയവൻ ചുരുൾ നിവർത്താനും സപ്തമുദ്രകൾ പൊട്ടിക്കാനും ആയി വിജയിച്ചിരിക്കുന്നു.
6. അപ്പോൾ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിൽ, ശ്രേഷ്ഠന്മാരുടെ നടുവിൽ, കൊല്ലപ്പെട്ടതായി തോന്നുന്ന ഒരു കുഞ്ഞാടു നില്ക്കുന്നതു ഞാൻ കണ്ടു. അവന് ഏഴു കൊമ്പുകളും ഏഴു കണ്ണുകളും ഉണ്ട്. ഈ കണ്ണുകൾ ലോകമെമ്പാടും അയയ്ക്കപ്പെട്ട ദൈവത്തിന്റെ സപ്താത്മാക്കളാണ്.
7. അവൻ ചെന്നു സിംഹാസനസ്ഥന്റെ വലത്തു കൈയിൽനിന്നു ചുരുൾ എടുത്തു.

**5,5** *കരയാതിരിക്കൂ* എന്ന ശ്രേഷ്ഠന്മാരിലൊരുവന്റെ ആശ്വാസവചനം

യേശുവിൽനിന്നു പലതവണ ശിഷ്യന്മാർ കേട്ടിട്ടുള്ളതാണ് (ലൂക്കാ 7,13; 8,52). കണ്ണീരിന്റെ കാരണം കണ്ടുപിടിച്ച് അതു പരിഹരിക്കാൻ കഴിവുള്ളവനാണ് കരയേണ്ടാ എന്നു പറഞ്ഞത്. മരണത്തിന്മേൽ അധികാരമുള്ളവനാണ് താൻ എന്ന് യേശു നായിനിലെ വിധവയുടെ മകനെയും ജായിറോസിന്റെ മകളെയും ഉയിർപ്പിച്ചുകൊണ്ട് തെളിയിച്ചു. ഇവിടെ ശ്രേഷ്ഠന്മാർ നല്കുന്ന ആശ്വാസവചനത്തിന്റെ അടിസ്ഥാനം ഉടനെ വ്യക്തമാക്കുന്നുണ്ട്.

മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങളിലേക്കും യഹൂദരുടെ പ്രതീക്ഷകളിലേക്കും ശ്രദ്ധ തിരിക്കുന്ന രണ്ടു വിശേഷണങ്ങൾ യേശുവിനു നല്കിയിരിക്കുന്നു. യാക്കോബ് തന്റെ മക്കൾക്കു നല്കുന്ന അന്തിമാശീർവ്വാദത്തിൽ നിന്നെടുത്തതാണ് (ഉൽപ 49,9) *യൂദാവംശത്തിൽ നിന്നുള്ള സിംഹം* എന്ന ആദ്യത്തെ വിശേഷണം; രണ്ടാമത്തേതാകട്ടെ വരാനിരിക്കുന്ന രാജാവിനെക്കുറിച്ചുള്ള ഏശയ്യായുടെ പ്രവചനത്തിൽനിന്നും (ഏശ 11,1.10). "ജെസ്സെയുടെ കുറ്റിയിൽനിന്നു കിളിർക്കുന്ന മുള", "ജെസ്സെയുടെ വേര്", എന്നിങ്ങനെയാണ് ഏശയ്യാ പ്രവാചകൻ ഭാവി രാജാവിനെ വിശേഷിപ്പിച്ചത്. *ദാവീദിന്റെ വേര്* എന്നത് ഈ പ്രവചനത്തിന്റെ സ്വതന്ത്രമായ അവതരണമാണ്. മിശിഹായെക്കുറിച്ചു നൂറ്റാണ്ടുകളായി ഇസ്രായേൽ ജനം കാത്തുസൂക്ഷിച്ച പ്രതീക്ഷകൾ യേശുവിൽ നിറവേറിയിരിക്കുന്നു എന്ന് ശ്രേഷ്ഠൻ യോഹന്നാനെ അനുസ്മരിപ്പിക്കുന്നു. യേശുവിന്റെ വിജയം മരണത്തിന്മേലും തിന്മയുടെ സകല ശക്തികളുടെ മേലുമുള്ള വിജയമാണ്. താൻ നേടിയ വിജയത്തിലൂടെ യേശു ചുരുൾ നിവർത്താനുള്ള അർഹത നേടിയിരിക്കുന്നു. എന്തിനെയാണ് ഈ വിജയം സൂചിപ്പിക്കുന്നതെന്ന് അടുത്ത വാക്യം വിശദീകരിക്കുന്നു.

**5,6** സ്വർഗ്ഗീയ സദസ്സിന്റെ വിവരണത്തിലെ കേന്ദ്രമുഹൂർത്തമാണിത്. ദൈവസന്നിധിയിൽ നില്ക്കുന്ന കുഞ്ഞാടിന്റെ ചിത്രത്തിന് പല പ്രത്യേകതകളുണ്ട്. ശ്രേഷ്ഠന്മാരുടെ നടുവിലുള്ള അവന്റെ സ്ഥാനം ദൈവജനത്തോടുള്ള യേശുവിന്റെ ഐക്യദാർഢ്യം പ്രകടമാക്കുന്നു. *കൊല്ലപ്പെട്ടതുപോലെ നില്ക്കുന്നു* എന്ന അവതരണം തികച്ചും അസാധാരണമത്രെ. കൊല്ലപ്പെടുക എന്നത് ബലിയർപ്പണത്തെയാണ് സൂചിപ്പിക്കുന്നത്. ബലിയർപ്പിക്കപ്പെട്ട കുഞ്ഞാട് നില്ക്കുകയില്ല; എന്നാൽ നില്ക്കുന്നു എന്നു പറയുന്നതിലൂടെ പുനരുത്ഥാനത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. യേശുവിന്റെ മരണവും ഉത്ഥാനവും ഒരുമിച്ചു ചിത്രീകരിക്കുന്നതാണ് ഈ ദൃശ്യം.

ബലിയർപ്പിക്കപ്പെട്ട കുഞ്ഞാടിന്റെ പ്രതീകം പെസഹാക്കുഞ്ഞാടിലേക്കും പുറപ്പാടു സംഭവത്തിലൂടെ നടന്ന വിമോചനത്തിലേക്കും വിരൽ ചൂണ്ടുന്നു. മനുഷ്യവർഗ്ഗത്തിനു മാത്രമല്ല, സൃഷ്ടപ്രപഞ്ചത്തിനു മുഴുവൻ



മോചനം നല്കുന്നതാണ് യേശുവിന്റെ മരണവും ഉത്ഥാനവും. ഇതുവഴിയാണ് പാപത്തിനധീനമായ ലോകത്തിന്മേൽ അവൻ വിജയം നേടിയത്. ബലിയർപ്പണത്തിന്റെ അടയാളം സ്വശരീരത്തിൽ വഹിച്ചുകൊണ്ട് സ്വർഗ്ഗീയ സിംഹാസനത്തിനു മുമ്പിൽ നില്ക്കുന്ന യേശു ശിഷ്യസമൂഹത്തിനു സന്തോഷവും പ്രത്യാശയും പകരുന്നു. *കുഞ്ഞാടിന്റെ കൊമ്പുകൾ* ശക്തിയുടെയും അധികാരത്തിന്റെയും പ്രതീകമാണ്. ഏഴ് എന്ന പൂർണ്ണതയുടെ സംഖ്യ യേശുവിനെ സർവ്വശക്തനും സർവ്വാധികാരിയുമായി ചിത്രീകരിക്കുന്നു. മരണവും ഉത്ഥാനവും വഴി നേടിയ വിജയത്തെയും അധികാരത്തെയും ആണ് ഏഴു കൊമ്പുകൾ സൂചിപ്പിക്കുന്നത്. *ഏഴു കണ്ണുകൾ* സർവ്വജ്ഞാനത്തിന്റെ പ്രതീകമാണ്. സഖറിയാ 4,10-ന്റെ സ്വാധീനം ഈ വിശേഷണത്തിലുണ്ട്. എന്നാൽ സപ്താത്മാക്കൾ പരിശുദ്ധാത്മാവിന്റെ പ്രതീകമാണെന്നു നാം കണ്ടുകഴിഞ്ഞു. യേശു തന്റെ മഹത്വീകരണത്തിനുശേഷം ശിഷ്യഗണത്തിന്മേൽ അയയ്ക്കുന്ന പരിശുദ്ധാത്മാവിന്റെ ചിത്രമാണ് (അപ്പ 2,33) ഇവിടെ പ്രതികാത്മകമായി അവതരിപ്പിക്കുന്നത്. മരണവും ഉത്ഥാനവും വഴിയുള്ള മഹത്വീകരണത്തിനു ശേഷമേ പരിശുദ്ധാത്മാവ് അയയ്ക്കപ്പെടുകയുള്ളു എന്ന് യേശു പലതവണ പറഞ്ഞിട്ടുണ്ട് (യോഹ 7,39; 16,7). യേശു പഠിപ്പിച്ച കാര്യങ്ങൾ അനുസ്മരിപ്പിക്കുകയും (യോഹ 14,26) സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുകയും (യോഹ 16,13) ചെയ്യുന്ന ജ്ഞാനത്തിന്റെ ആത്മാവാണിത് (ഏശ 11,2).

**5,7** പിതാവിന്റെ ഹിതത്തിനു പൂർണ്ണമായി സ്വയം സമർപ്പിച്ചവൻ തന്റെ ആത്മബലിയിലൂടെ ദൈവസന്നിധിയിൽ പ്രവേശിക്കാൻ മനുഷ്യപുത്രനെന്നനിലയിൽ അർഹത നേടി. അവനിലൂടെയാണ് രക്ഷാചരിത്രം പൂർത്തിയാവുന്നത്. പ്രപഞ്ചത്തെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതി നടപ്പാക്കാൻ യേശു അർഹത നേടിയിരിക്കുന്നു എന്നതിന്റെ പ്രത്യക്ഷമായ അടയാളമാണ് ദൈവകരത്തിൽനിന്ന് അവൻ മുദ്രിതമായ ചുരുൾ എടുക്കുന്നത്. പീഡിതമായ ദൈവജനം ആകാംഷയോടെ കാത്തിരുന്ന രക്ഷയുടെ സമയം ആരംഭിച്ചു കഴിഞ്ഞു. തിന്മയുടെ ശക്തിയുടെമേൽ ശിക്ഷാവിധി നടപ്പാക്കുന്നതിന്റെ ആദ്യത്തെ പടിയാണ് ചുരുൾ എടുക്കുന്നത്. ഇത് സ്വർഗ്ഗത്തിൽ വലിയ സന്തോഷത്തിനും ആഹ്ലാദപ്രകടനത്തിനും സ്തുതി ഗീതങ്ങൾക്കും കാരണമാകുന്നു. മൂന്നു ചിത്രങ്ങളിലൂടെയാണ് ഈ ആഹ്ലാദപ്രകടനം വർണ്ണിക്കുന്നത്.

## 5 കുഞ്ഞാടിന് ആരാധന 5,8-10

8. അവൻ ചുരുൾ എടുത്തപ്പോൾ നാലു ജീവികളും ഇരുപത്തിനാലു ശ്രേഷ്ഠന്മാരും കുഞ്ഞാടിന്റെ മുമ്പിൽ സഷ്ടാംഗം പ്രണമിച്ചു. ഓരോരുത്തരും വീണയും വിശുദ്ധരുടെ പ്രാർത്ഥനകളാകുന്ന പരിമളദ്രവ്യം നിറഞ്ഞ സ്വർണ്ണ

9. കലശങ്ങളും കൈയിലേന്തിയിരുന്നു. അവർ ഒരു നവ്യഗാനം ആലപിക്കുന്നു; ചുരുൾ എടുക്കാനും അതിന്റെ മുദ്രകൾ തുറക്കാനും നീ അർഹനാണ്. എന്തെന്നാൽ നീ വധിക്കപ്പെടുകയും നിന്റെ രക്തംകൊണ്ട് എല്ലാ ഗോത്രത്തിലും ഭാഷയിലും ജനതയിലും രാജ്യങ്ങളിലും നിന്നുള്ളവരെ ദൈവത്തിനുവേണ്ടി
10. വിലയ്ക്കു വാങ്ങുകയും ചെയ്തു. നീ അവരെ നമ്മുടെ ദൈവത്തിന് ഒരു രാജ്യവും പുരോഹിതന്മാരും ആക്കി. അവർ ഭൂമിയുടെമേൽ ഭരണം നടത്തും.

**5,8** കുഞ്ഞാടിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്ന നാലു ജീവികളും ശ്രേഷ്ഠന്മാരും ദൈവത്തിനു നല്കിയ അതേ ആരാധന യേശുവിനും അർപ്പിച്ചുകൊണ്ട് അവന്റെ ദൈവത്വം ഏറ്റുപറയുന്നു. ആദ്യത്തെ ആരാധനയിൽ ജീവികൾ സ്തുതിപാടുകയും ശ്രേഷ്ഠന്മാർ പ്രണമിക്കുകയുമാണ് ചെയ്തത്. ഇവിടെയാകട്ടെ പ്രണാമവും ഗീതാലാപനവും എല്ലാവരും ഒരുമിച്ചു നടത്തുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനകൾ കുഞ്ഞാടിന്റെ മുമ്പിൽ സമർപ്പിക്കുന്ന ഇവർ സ്വർഗ്ഗത്തിൽ മദ്ധ്യസ്ഥരായി വർത്തിക്കുകയാണ്. മാലാഖമാരും വിശുദ്ധരും ദൈവജനത്തിന്റെപ്രാർത്ഥന ദൈവസന്നിധിയിൽ സമർപ്പിച്ച് അവർക്കായി മദ്ധ്യസ്ഥം വഹിക്കുന്നു എന്ന വിശ്വാസം പഴയനിയമത്തിലും (തോബി 12,15; ജറെ15,1) അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിലും പ്രകടമാകുന്നുണ്ട്. പ്രാർത്ഥനയെ പരിമളദ്രവ്യത്തോടുപമിക്കുകയും പ്രാർത്ഥയോടും ബലികളോടുമൊപ്പം സുഗന്ധദ്രവ്യങ്ങൾ അർപ്പിക്കുകയും ചെയ്യുക പഴയനിയമത്തിൽ സാധാരണമാണ് (സങ്കീ 141,2; ലേവ്യ 2,15; നിയ 33,10). വിശുദ്ധരുടെയും മാലാഖമാരുടെയും മാധ്യസ്ഥ്യം ബൈബിളിന്റെ പഠനത്തിനു വിരുദ്ധമല്ല എന്ന് ഇതുതെളിയിക്കുന്നു. യേശുവിന് ആരാധന അർപ്പിക്കുന്ന ദൈവജനത്തിന്റെയും സൃഷ്ടപ്രപഞ്ചത്തിന്റെയും പ്രതീകവും പ്രതിനിധികളുമാണ് ശ്രേഷ്ഠന്മാരും ജീവികളും.

**5,9** ദൈവത്തിന്റെ ഓരോ പുതിയ പ്രവർത്തിയും പുതിയ സ്തോത്ര ഗീതത്തിന് അവസരം നല്കുന്നു. പുതിയ ഗീതം ആലപിക്കുവിൻ എന്ന ആഹ്വാനം സങ്കീർത്തനങ്ങളിൽ ആവർത്തിക്കപ്പെടുന്നുണ്ട്. (സങ്കീ 33,3; 40,3;96,1) നാലു ജീവികൾ ദൈവത്തെ സ്തുതിച്ചത് സൃഷ്ടികർമ്മത്തിന്റെ പേരിലാണ്; കുഞ്ഞാടിനു സ്തുതിപാടുന്നതാകട്ടെ രക്ഷാകർമ്മത്തിന്റെ പേരിലും. *അർഹനാണ്* എന്നു ദൈവത്തിനു നല്കിയ വിശേഷണം (വെളി 4,11) ഇവിടെ ക്രിസ്തുവിനു നല്കുന്നു. ആമുഖത്തിൽ (വെളി 1,6) ഗ്രന്ഥകാരൻ ആലപിച്ച സ്തോത്രഗീതത്തോട് ഏറെ സാമ്യമുള്ളതാണ് ഈ സ്തുതിഗീതം. മൂന്നു കാര്യങ്ങളാണ് യേശുവിന്റെ അർഹതക്കു നിദാനങ്ങളായി എടുത്തുകാട്ടുന്നത്. 1. *കൊല്ലപ്പെട്ടു* 2. *വിലയ്ക്കു വാങ്ങി* 3. *രാജ്യവും പുരോഹിതരുമാക്കി.* കുരിശിലെ ബലിയാണ് ആദ്യത്തേത്. അതുവഴിയാണ് തുടർന്നുള്ള രണ്ടു കാര്യങ്ങളും സാധ്യമായത്.



യേശുവിന്റെ ബലി മനുഷ്യർക്കു രക്ഷ പ്രദാനം ചെയ്തു എന്ന സത്യമാണ് *ദൈവത്തിനു വേണ്ടി വാങ്ങി* എന്നു വിശദീകരിക്കുന്നത്. ദൈവത്തിന്റേതായിതീരുന്നതാണ് രക്ഷ. ദൈവഹിതത്തെ ധിക്കരിച്ച് തിന്മക്കധീനനായ മനുഷ്യനെ യേശു തിന്മയിൽ നിന്നു മോചിപ്പിച്ച് ദൈവവുമായി രമ്യപ്പെടുത്തിയത് ദൈവഹിതം സ്വന്തം ജീവിതത്തിൽ പരിപൂർണ്ണമായി നിറവേറ്റിക്കൊണ്ടായിരുന്നു. ഇപ്രകാരമുള്ള സമ്പൂർണ്ണ വിധേയത്വത്തിന്റെ പ്രകടനമാണ് കുരിശിലെ ബലി. അടിമകളെ സ്വതന്ത്രരാക്കുന്ന പ്രതീകമാണ് ഇവിടെ 'വിലയ്ക്കു വാങ്ങി' എന്ന പദത്തിലുള്ളത്. സാത്താനു വിലകൊടുത്തല്ല, സാത്താനെ പരാജയപ്പെടുത്തിയാണ് ക്രിസ്തു മനുഷ്യവർഗ്ഗത്തെ മോചിപ്പിച്ചത്. (ലൂക്കാ 11, 21-22). ഈ പരാജയപ്പെടുത്തൽ കുരിശുമരണത്തിലൂടെ സംഭവിച്ചതിനാൽ നാം ക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരാണന്നു പുതിയനിയമത്തിലുടനീളം പ്രഖ്യാപിക്കുന്നു (മർക്കോ 10,45; 1 കോറി 6,20; 1 തിമോ 2,6; 1പത്രോ 1,19). യേശു തന്റെ രക്തത്താൽ നമ്മെ പാപത്തിൽനിന്നു മോചിപ്പിച്ചു എന്ന് ആമുഖത്തിൽ പ്രഖ്യാപിച്ച സത്യമാണ് (വെളി 1,6) ഇവിടെ മറ്റൊരു പ്രതീകത്തിലൂടെ അവതരിപ്പിക്കുന്നത്. ഈ രക്ഷ സാർവ്വത്രികമാണ്. വർണ്ണവർഗ്ഗ വ്യത്യാസമെന്യേ സകല മനുഷ്യർക്കും യേശുവിലൂടെ രക്ഷ ലഭ്യമായിരിക്കുന്നു.

**5,10** യേശു നേടിയ വിജയത്തിന്റെ ഫലമായി രക്ഷിക്കപ്പെട്ടവർക്കു ലഭിച്ച സ്ഥാനത്തെ പുറപ്പാടുസംഭവത്തിന്റെ പശ്ചാത്തലത്തിൽ അടുത്തതായി വിവരിക്കുന്നു. സീനായ് ഉടമ്പടിയിൽ പങ്കുചേർന്നവർ ദൈവത്തിന്റെ പുരോഹിതരും വിശുദ്ധജനവുമായി (പുറ 19,6). യേശുവിന്റെ കുരിശിൽ ഉറപ്പിക്കപ്പെട്ട പുതിയ ഉടമ്പടിയിൽ പങ്കുചേരുന്നവർക്കും ലഭിക്കാനിരുന്ന പൗരോഹിത്യത്തിന്റെയും രാജത്വത്തിന്റെയും പ്രതീകവും മുന്നോടിയുമായിരുന്നു അത്. പുസ്തകത്തിന്റെ ആമുഖത്തിൽ യോഹന്നാൻ ക്രിസ്തുവിനു സ്തോത്രമർപ്പിക്കുന്നത് ഈ പ്രവർത്തനത്തിന്റെ പേരിലാണെന്നു നാം കണ്ടു കഴിഞ്ഞു (വെളി 1,6).

*അവർ ഭൂമിയുടെമേൽ ഭരണം നടത്തും* എന്നത് ക്രിസത്യാനികൾ ഒരു ഭൗതികസാമ്രാജ്യം പടുത്തുയർത്തി വാഴും എന്ന സൂചനയല്ല നല്കുന്നത്. "എന്റെ രാജ്യം ഐഹികമല്ല" (യോഹ 19,36) എന്നു പറഞ്ഞവന്റെ അനുയായികൾക്ക് ഇപ്രകാരം ഒരു സ്വപ്നംപോലും വച്ചുപുലർത്താൻ അവകാശമില്ല. യേശുവിന്റെ രാജത്വത്തിലുള്ള പങ്കുചേരലാണ് ഇവിടെ വിവക്ഷിക്കുന്നത് എന്ന് ന്യായമായും അനുമാനിക്കാം. കുഞ്ഞാടിന്റെ ചിത്രം ഈ രാജത്വത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു. മനുഷ്യന്റെ കാഴ്ചപ്പാടുകളെയും കണക്കുകൂട്ടലുകളെയും തലകുത്തി നിർത്തുന്നതാണ് ഈ ചിത്രം. കൊല്ലപ്പെട്ടവൻ നില്ക്കുന്നു; കുഞ്ഞാടിന് ഏഴുകൊമ്പുകൾ. മരണവും ജീവനും,

ബലവും ദൗർബ്ബല്യവും ഒരുമിക്കുന്ന ചിത്രമാണത്. മരണത്തിലൂടെ നേടുന്ന വിജയവും ബലഹീനതയിലൂടെ വെളിപ്പെടുന്ന ദൈവത്തിന്റെ ശക്തിയും ഇതിൽ പ്രകടമാകുന്നു. യേശുവിന്റെ ഉടമ്പടിയിൽ പങ്കുചേരുന്നവൻ അവന്റെ മരണത്തിലും, തദ്വാരാ അവന്റെ രാജത്വത്തിലും പങ്കുചേരുന്നു എന്ന യാഥാർത്ഥ്യത്തെയാണ് ഇവിടെ ഉദ്ഘോഷിക്കുന്നത്. "നാം അവനോടുകൂടെ മരിച്ചിട്ടുണ്ടെങ്കിൽ അവനോടുകൂടെ ജീവിക്കും; നാം ഉറച്ചുനില്ക്കുമെങ്കിൽ അവനോടുകൂടെ വാഴും" (2 തിമോ 2,11-12) എന്ന വി. പൗലോസിന്റെ വിശ്വാസം ഇതിലേക്കു വെളിച്ചംവീശുന്നു. യുഗാന്തത്തിൽ പൂർത്തിയാവുന്നതാണ് ഈ വാഗ്ദാനം.

## 6. മാലാഖാമാരുടെ ആരാധന 5,11-12

11. പിന്നെ, ഞാൻ സിംഹാസനത്തിന്റെയും ജീവികളുടെയും ശ്രേഷ്ഠന്മാരുടെയും ചുറ്റും അനേകം ദൂതന്മാരെ കണ്ടു; അവരുടെ സ്വരവും ഞാൻ കേട്ടു. അവരുടെ എണ്ണം പതിനായിരങ്ങളുടെ പതിനായിരങ്ങളും ആയിരങ്ങളുടെ
12. ആയിരങ്ങളും ആയിരുന്നു. ഉച്ചസ്വരത്തിൽ അവർ ഉദ്ഘോഷിക്കുന്നു: വധിക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തുതിയും സ്വീകരിക്കാൻ അർഹനാണ്.

**5,11** സ്വർഗ്ഗീയ സദസിന്റെ ചിത്രം കൂടുതൽ വിസ്തൃതമാകുന്നു. ദൈവജനത്തിന്റെയും സൃഷ്ടപ്രപഞ്ചത്തിന്റെയും പ്രതിനിധികളായ ശ്രേഷ്ഠന്മാരും നാലു ജീവികളും അർപ്പിക്കുന്ന ആരാധനയിൽ ദൈവദൂതന്മാർ പങ്കുചേരുന്നു. വലിയ സംഖ്യയിൽ തുടങ്ങി ചെറിയതിൽ അവസാനിപ്പിക്കുന്നത് ഒരു സെമിറ്റിക് ഭാഷാശൈലിയാണ്. 'പതിനായിരങ്ങളുടെ പതിനായിരങ്ങൾ' എന്നതിന് 'എണ്ണമറ്റ' എന്നർത്ഥമാണുള്ളത്.

**5,12** ശ്രേഷ്ഠന്മാരുടെയും ജീവികളുടെയും പുതിയ ഗാനത്തിന് മറുപടിയെന്നോണമാണ് ദൈവദൂതന്മാരുടെ കീർത്തനം അവതരിപ്പിച്ചിരിക്കുന്നത്. ആദ്യത്തെ ഗീതം കുഞ്ഞാടിനെ നേരിട്ട് അഭിസംബോധന ചെയ്തുകൊണ്ട് ആലപിക്കുമ്പോൾ രണ്ടാമത്തേത് ഒരു പ്രസ്താവനപോലെ അവതരിപ്പിച്ചിരിക്കുന്നു. കുരിശിലെ ബലിയിലൂടെ യേശു നേടിയ വിജയമാണ് മാലാഖാമാരുടെ കീർത്തനത്തിന്റെയും വിഷയം. ദാവീദ് ദൈവത്തിനർപ്പിച്ച സ്തുതിഗീതവുമായി (1 ദിന 29,11-12) ഇതിന് ഏറെ സാമ്യമുണ്ട്. പ്രകീർത്തിക്കപ്പെടുന്ന ഏഴുകാര്യങ്ങളും ഉത്ഥിതനായ ക്രിസ്തുവിന്റെ വിശേഷണങ്ങളാണ്. പുതിയനിയമത്തിന്റെ പല ഭാഗങ്ങളിലായി ഇവയെല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ക്രിസ്തുവിന് നല്കപ്പെടുന്നുണ്ട്.

1. *ശക്തി* അത്ഭുതപ്രവർത്തനങ്ങളിൽ, സർവ്വോപരി കുരിശുമരണത്തിലും ഉത്ഥാനത്തിലും പ്രകടമായ ദൈവത്തിന്റെ ശക്തിയാണിത്. അവനിൽ ആശ്രയിക്കുന്നവർ ആരെയും ഭയപ്പെടേണ്ടതില്ല. 2. *ധനം* ചക്രവർത്തിമാർ കൈയടക്കിവച്ചിരിക്കുന്ന ഭൗതിക സമ്പത്തല്ല, അനുപമമായ ദൈവിക സമ്പത്താണ് യേശുവിന്റെ ധനം (എഫേ 3,8; 2 കോറി 8,9). വാഗ്ദാനങ്ങൾ പാലിക്കാൻ അവന് കഴിവുണ്ട്. 3. *ജ്ഞാനം* ദൈവത്തിന്റെ ജ്ഞാനമാണ് ക്രിസ്തു (1 കോറി 1,24). അവന് അജ്ഞാതമായി ഒന്നുമില്ല. 4. *ബലം* സൈന്യത്തിന്റെയോ ആയുധത്തിന്റെയോ ബലമല്ല, സാത്താനെപ്പോലും പരാജയപ്പെടുത്താനും (ലൂക്കാ 11,22) തിന്മയുടെ ആധിപത്യത്തിൽ നിന്നു മനുഷ്യനെ മോചിപ്പിക്കുവാനുള്ള ദൈവത്തിന്റെ ബലമാണ് ക്രിസ്തുവിന്റേത്. അവനെതിരേ വിജയിക്കാൻ ആർക്കും കഴിയുകയില്ല. 5. *ബഹുമാനം* മനുഷ്യരാൽ അവമാനിതനും ലോകദൃഷ്ടിയിൽ നിന്ദിതനുമായിരുന്നു ക്രൂശിതൻ. എന്നാൽ സകലരും അവന്റെ മുമ്പിൽ മുഴങ്കാൽ മടക്കും (ഫിലി 2,11). ക്രിസ്തുവിന്റെ പേരിൽ നിന്ദിക്കപ്പെടുന്നവർ ലജ്ജിക്കേണ്ടതില്ല. അവന്റെ ബഹുമാനത്തിൽ അവരും പങ്കുചേരും. 6. *മഹത്വം* ദൈവത്തിന്റെ വിശേഷണമാണിത്. യേശുവിനു മഹത്വം നല്കുന്നതിലൂടെ അവന്റെ ദൈവികത ഏറ്റുപറയുന്നു. മനുഷ്യാവതാരത്തിൽ മാറ്റിവക്കുകയും (ഫിലി 2,6) പരസ്യജീവിതകാലത്തു നിമിഷനേരത്തേക്കുമാത്രം പ്രത്യക്ഷപ്പെടുകയും (2 പത്രോ 1,17) ചെയ്ത മഹത്വം ഉത്ഥാനത്തിലൂടെ യേശു വീണ്ടും സ്വീകരിച്ചിരിക്കുന്നു. തന്റെ മഹത്വത്തിൽ വിധിയാളനായി അവൻ വരുമ്പോൾ അവന്റെ വിശ്വസ്തദാസർ പുനരുത്ഥാനത്തിലൂടെ അവന്റെ മഹത്വത്തിന് അവകാശികളാകും 7. *സ്തുതി* മേൽ വിവരിച്ച വിശേഷണങ്ങളുടെ പേരിൽ സ്തുതിക്കപ്പെടാൻ അർഹനാണ് യേശു. സൃഷ്ടികർമ്മത്തിന്റെ പേരിൽ പിതാവായ ദൈവത്തിനും രക്ഷാകർമ്മത്തിന്റെ പേരിൽ ക്രിസ്തുവിനും സർവ്വസൃഷ്ടി ജാലങ്ങളും നിരന്തരം അർപ്പിക്കുന്നതും അർപ്പിക്കേണ്ടതുമായ കാഴ്ചയാണിത്.



## 7. സിംഹാസനസ്ഥനും കുഞ്ഞാടിനും ആരാധന 5,13-14

13. സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കടിയിലും സമുദ്രത്തിലും ഉള്ള എല്ലാ സൃഷ്ടികളും ഇങ്ങനെ പറയുന്നതു ഞാൻ കേട്ടു: സിംഹാസനസ്ഥനും കുഞ്ഞാടിനും എന്നേക്കും സ്തുതിയും ബഹുമാനവും മഹത്വും ആധിപത്യവും.
14. നാലു ജീവികളും ആമ്മേൻ എന്നു പ്രതിവചിച്ചു. ശ്രേഷ്ഠന്മാർ വീണ് സാഷ്ടാംഗം പ്രണമിച്ചു.

**5,13** ദാനിയേലിന്റെ പുസ്തകത്തിലെ പ്രപഞ്ചകീർത്തനത്തെ (ദാനി 3,1-68) അനുസ്മരിപ്പിക്കുംവിധം സൃഷ്ടിക്കപ്പെട്ട സകലതും ഒത്തൊരുമിച്ച് ദൈവത്തിനും ക്രിസ്തുവിനും ഒരേ സ്വരത്തിൽ സ്തുതിപാടുന്ന ദൃശ്യത്തോടെ സ്വർഗ്ഗീയസദസിന്റെ വിവരണം ഉച്ചകോടിയിലെത്തുന്നു. "ഭൂമി മുഴുവൻ കർത്താവിന് ആനന്ദഗീതമാലപിക്കട്ടെ" (സങ്കീ 98,4); "ജലപ്രവാഹ

ങ്ങൾ കരഘോഷം മുഴക്കട്ടെ.....പർവ്വതങ്ങൾ ആനന്ദഗീതം ആലപിക്കട്ടെ" (സങ്കീ 98,8) എന്നിങ്ങനെയുള്ള സങ്കീർത്തനങ്ങൾ സാക്ഷാൽകരിക്കപ്പെടുന്ന മുഹൂർത്തമാണ് യോഹന്നാൻ ചിത്രീകരിക്കുന്നത്. ദൈവം ഭൂമിയെ വിധിക്കാൻ വരുന്നു എന്ന സദ്വാർത്തയാണ് പ്രപഞ്ചത്തെ മുഴുവൻ ആനന്ദാരവത്തിൽ ലയിപ്പിക്കുന്നത് (സങ്കീ 98,9). തിന്മയുടെമേൽ ആസന്നമായിരിക്കുന്ന ശിക്ഷാവിധി വെളിപാടുഗ്രന്ഥത്തിൽ ഈ സ്തോത്രഗീതത്തിനു പ്രചോദനം നല്കുന്നു. മരണത്തിന്മേൽ വിജയം വരിച്ച കുഞ്ഞാടാണ് വിധിയാളൻ. ദൈവത്തിന്റെ ശിക്ഷാവിധിയാണ് അവൻ നടപ്പാക്കേണ്ടത്. അതിനാൽ ദൈവത്തിനും കുഞ്ഞാടിനും ഒരുമിച്ച് കീർത്തനമാലപിക്കുകയും ആരാധനയർപ്പിക്കുകയും ചെയ്യുന്നു. യേശുവിന്റെ ദൈവത്വത്തെ പ്രസ്പഷ്ടമാക്കുന്ന ചിത്രമാണിത്.

**5,14** *ആമ്മേൻ* എന്ന പ്രത്യുത്തരം ഇവിടെ ആലപിച്ച സ്തോത്രഗീതത്തിലെ എല്ലാകാര്യങ്ങളും അംഗീകരിച്ച് ഉറപ്പിക്കുന്നു. സാഷ്ടാംഗം പ്രണമിച്ച് ആരാധനയർപ്പക്കുന്ന ശ്രേഷ്ഠന്മാരുടെ ചിത്രത്തോടെ സ്വർഗ്ഗീയസദസ്സിന്റെ വിവരണം അവസാനിക്കുന്നു. സ്വർഗ്ഗത്തിൽ നിരന്തരം നടക്കുന്ന ആരാധനയുടെ അതിമനോഹരമായ ഈ ചിത്രം വരച്ചുകാട്ടിയത് പീഡിതമായ സമൂഹത്തെ തങ്ങൾ അനുഭവിക്കുന്ന ക്ലേശങ്ങളെ തല്ക്കാലത്തേക്കു വിസ്മരിക്കാൻ പ്രേരിപ്പിക്കുന്നതിനുവേണ്ടിയല്ല, അവയുടെ അർത്ഥം ഗ്രഹിക്കാൻ സഹായിക്കുന്നതിനാണ്. സ്വർഗ്ഗീയാരാധനയുടെ ദൃശ്യം പുസ്തകത്തിന്റെ അവസാനമല്ല, രണ്ടാം ഭാഗത്തിന്റെ തുടക്കം മാത്രമാണ് എന്ന കാര്യം വിസ്മരിക്കാൻ പാടില്ല. സ്തുതിയും ആരാധനയും സ്വീകരിക്കുന്ന കുഞ്ഞാടിന്റെ പ്രവർത്തനമാണ് തുടർന്ന് അവതരിപ്പിക്കാൻ പോകുന്നത്.

B B B B B



# 5 ഏഴു മുദ്രകൾ 6,1-8,1

പ്രപഞ്ചത്തെ സംബന്ധിച്ച ദൈവികപദ്ധതിയുടെ ചുരുൾ വിടർത്തുന്ന ചിത്രമാണ് ഈ ഭാഗത്ത് അവതരിപ്പിക്കുന്നത്. രംഗസംവിധാനത്തിൽമാറ്റമൊന്നും രേഖപ്പെടുത്താത്തതിനാൽ യോഹന്നാൻ സ്വർഗ്ഗത്തിൽ നിന്നു പ്രപഞ്ചത്തെ കാണുന്നതായി കരുതണം. കുഞ്ഞാട് ഓരോമുദ്രയും തുറക്കുമ്പോൾ യുഗാന്തത്തിലേക്കു നയിക്കുന്ന സംഭവപരമ്പരകൾ ഒന്നൊന്നായി വി.ഗ്രന്ഥകാരന്റെ കൺമുന്നിൽ തെളിയുന്നു. മുദ്രകൾ തുറക്കുന്നത് ചുരുളിന്റെ ഉള്ളടക്കം നടപ്പാക്കുന്നതിന്റെ തുടക്കമാണ്. തിന്മയെ ഉന്മൂലനം ചെയ്ത്, ദൈവഭരണം ഭൂമിയിൽ ശാശ്വതമായി ഉറപ്പിക്കുന്ന പദ്ധതിയാകയാൽ അധികപങ്കും ശിക്ഷാവിധികളാണ് ഇവിടെ വിവരിക്കുന്നത്.

പാപിയുടെ നാശമല്ല, മാനസാന്തരമാണ് ദൈവം ആഗ്രഹിക്കുന്നത്. അതിനാൽ ഒറ്റയടിക്കു നശിപ്പിക്കുകയല്ല, പടിപടിയായി കാഠിന്യം വർദ്ധിക്കുന്ന ശിക്ഷകളിലൂടെ അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും മനുഷ്യരെ ക്ഷണിക്കുകയാണ് ദൈവം ചെയ്യുന്നത്. ശിക്ഷാവിധികൾ തിന്മക്കെതിരേയുള്ള ദൈവകോപത്തിന്റെ അടയാളങ്ങളായിക്കണ്ട് മനസ്സുതിരിയാൻ മനുഷ്യർ സന്നദ്ധരാവണം. എന്നാൽ ഹൃദയകാഠിന്യത്തോടെ പാപത്തിൽ തുടരുന്നവർക്ക് നിത്യനാശമായിരിക്കും വന്നുഭവിക്കുക. ദൈവത്തിന്റെയും ദൈവജനത്തിന്റേയും ശത്രുക്കളുടെമേൽ ശിക്ഷാവിധി നടപ്പാക്കുമ്പോഴും ദൈവം തന്റെ വിശ്വസ്തർക്ക് സംരക്ഷണം നല്കുന്നു എന്ന സത്യം വെളിപ്പെടുത്താനായി ശിക്ഷയുടെയും സംരക്ഷണത്തിന്റെയും ദൃശ്യങ്ങൾ ഇടകലർത്തിയാണ് അവതരിപ്പിക്കുന്നത്.

ആദ്യത്തെ നാലു മുദ്രകൾ തുറക്കുമ്പോൾ നടക്കുന്ന സംഭവങ്ങൾക്ക് ഐക്യരൂപമുണ്ട്. നാലു കുതിരകളും അവയുടെ മേൽ സവാരി ചെയ്യുന്നവരും നാലു വിധത്തിലുള്ള നാശങ്ങളെ സൂചിപ്പിക്കുന്നു. ഇത് മനുഷ്യരുടെമേലുള്ള ഭാഗികമായ ശിക്ഷാവിധിയാണ്. അഞ്ചാമത്തെ മുദ്ര തുറക്കുമ്പോൾ വിശ്വസ്തരായ രക്തസാക്ഷികൾക്കു ദൈവം നല്കുന്ന സംരക്ഷണത്തിന്റെയും സമ്മാനത്തിന്റെയും ചിത്രം ഒരു ചെറിയ ഇടവേളയെന്നവണ്ണം അവതരിപ്പിക്കുന്നു. ആറാമത്തെ മുദ്രയുമായി ബന്ധപ്പെട്ട സംഭവങ്ങൾ സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ ബാധിക്കുന്നു. ഏഴാം മുദ്ര തുറക്കുന്നതിനു മുമ്പ് ദീർഘമായൊരു ഇടവേളയിൽ വിശ്വസ്തർക്കു ലഭിക്കുന്ന സംരക്ഷ

ണവും സമ്മാനവും വീണ്ടും വരച്ചുകാട്ടുന്നു. ഏഴാമത്തെ മുദ്രതുറക്കുമ്പോൾ ഉണ്ടാകുന്ന ഭീഷണമായ നിശബ്ദത തുടർന്നുവരുന്ന ശിക്ഷാവിധികളുടെ ഭീകരത വർദ്ധിപ്പിക്കുന്നു.

## 1. ആദ്യത്തെ നാലു മുദ്രകൾ 6, 1–8

1. ഞാൻ കണ്ടു: കുഞ്ഞാട് ആ ഏഴു മുദ്രകളിൽ ഒന്നു തുറന്നപ്പോൾ ആ നാലു
ജീവികളിൽ ഒന്ന് ഇടിനാദം പോലെയുള്ള സ്വരത്തിൽ വരുക എന്നു പറയു
2. ന്നതു ഞാൻ കേട്ടു. ഞാൻ കണ്ടു. ഇതാ ഒരു വെള്ളക്കുതിര. അതിന്റെ പുറത്തു
വില്ലുമായി ഇരിക്കുന്ന ഒരുവൻ. അവന് ഒരു കിരീടം നല്കപ്പെട്ടു. വിജയത്തിൽ
3. നിന്ന് വിജയത്തിലേക്ക് അവൻ ജൈത്രയാത ആരംഭിച്ചു. അവൻ രണ്ടാമത്തെ
മുദ്ര തുറന്നപ്പോൾ രണ്ടാമത്തെ ജീവി വരുക എന്നു പറയുന്നതു ഞാൻ കേട്ടു.
4. അപ്പോൾ തീക്കനലിന്റെ നിറമുള്ള മറ്റൊരു കുതിര പുറപ്പെട്ടു. മനുഷ്യർ പര
സ്പരം ഹിംസിക്കുമാറ് ഭൂമിയിൽനിന്നു സമാധാനം എടുത്തുകളയാൻ കുതി
രപ്പുറത്തിരുന്നവന് അധികാരം നല്കപ്പെട്ടു. അവന് ഒരു വലിയ ഖഡ്ഗവും
5. കൊടുത്തു. അവൻ മൂന്നാമത്തെ മുദ്രതുറന്നപ്പോൾ വരുക എന്ന് മൂന്നാമത്തെ
ജീവി പറയുന്നതു ഞാൻ കേട്ടു. ഞാൻ കണ്ടു: ഇതാ ഒരു കറുത്ത കുതിര.
6. അതിന്റെ പുറത്തിരിക്കുന്നവന്റെ കൈയ്യിൽ ഒരു ത്രാസ്. ആ നാലുജീവികളു
ടെ മധ്യത്തിൽ നിന്ന് പറയുന്ന ഒരു ശബ്ദംപോലെ ഞാൻ കേട്ടു: ഒരു ദെനാ
റക്ക് ഇടങ്ങഴി ഗോതമ്പ്, ഒരു ദെനാറക്ക് മൂന്നിടങ്ങഴി ബാർലി. എണ്ണയ്ക്കും
7. വീഞ്ഞിനും നാശം ചെയ്യരുത്. അവൻ നാലാമത്തെ മുദ്ര തുറന്നപ്പോൾ വരുക
എന്നു പറയുന്ന നാലാമത്തെ ജീവിയുടെ ശബ്ദം ഞാൻ കേട്ടു. ഞാൻ കണ്ടു:
ഇതാ, വിളറിയ ഒരു കുതിര. അതിന്റെ പുറത്തിരിക്കുന്നവനു മരണം എന്നു
8. പേര്. പാതാളം അവനെ പിൻതുടരുന്നു. വാളുകൊണ്ടും ക്ഷാമം കൊണ്ടും
പകർച്ചവ്യാധി കൊണ്ടും ഭൂമിയിലെ വന്യമൃഗങ്ങളെക്കൊണ്ടും സംഹാരം നട
ത്താൻ ഭൂമിയുടെ നാലിലൊന്നിന്മേൽ അവർക്ക് അധികാരം ലഭിച്ചു.

ആദ്യത്തെ നാലു മുദ്രകളുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ വിവരണത്തിൽ സാമ്യമുണ്ട്. മുദ്ര തുറന്നു, ഞാൻ കണ്ടു, നാലു ജീവികളിൽ ഓരോന്നും വരുക എന്നു വിളിച്ചു പറഞ്ഞു; കുതിരയും സവാരിക്കാരനും പ്രത്യക്ഷപ്പെട്ടു. ഇവയെല്ലാം ഒരേവിധത്തിൽ ആവർത്തിച്ചുകൊണ്ട് നാലും തമ്മിലുള്ള പരസ്പരബന്ധം വ്യക്തമാക്കുന്നു. കുതിരപ്പുറത്തിരിക്കുന്നവരെല്ലാം നാശം വിതയ്ക്കുന്നവരാണ്. പ്രകൃതിയിൽ സാധാരണ സംഭവിക്കാറുള്ളതാണ് ഈ ദൃശ്യങ്ങൾ. എന്നാൽ, ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ ചരിത്രത്തെ നോക്കിക്കാണുന്ന യോഹന്നാന് ഇവയെല്ലാം ദൈവം തിന്മയുടെ മേൽ നടപ്പാക്കുന്ന ശിക്ഷാവിധിയുടെ സൂചനകളാണ്. പഴയനിയമത്തിലെ പല പ്രവചനങ്ങളുടെയും യേശുവിന്റെതന്നെ വാക്കുകളുടെയും (ലൂക്കാ 21,9–11) സ്വാധീനം ഈ വിവരണങ്ങളിൽ കാണാം. ആനുകാലിക ചരിത്ര സംഭവങ്ങളും ഗ്രന്ഥകാരനെ സ്വാധീനിച്ചിട്ടുണ്ടാവാം.



**6,1** ഓരോ മുദ്ര തുറക്കുമ്പോഴും "ഞാൻ കണ്ടു" എന്ന് ആവർത്തിക്കുന്നതിലൂടെ തനിക്കു ലഭിച്ച വെളിപാടാണ് വിവരിക്കുന്നതെന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. ദൈവിക പദ്ധതിയെക്കുറിച്ചുള്ള അറിവ് മനുഷ്യൻ അന്വേഷിച്ചു കണ്ടുപിടിക്കുന്നതല്ല. ദൈവം ദാനമായി നല്കുന്നതാണ്.

**6,2** നാലു കുതിരകളെക്കുറിച്ചുള്ള പരാമർശം സഖറിയാ പ്രവാചകന്റെ ദർശനങ്ങളെ (സഖറിയ 1,8–17; 6,1–8) അനുസ്മരിപ്പിക്കുന്നു. ഏറ്റം മികച്ച യുദ്ധോപകരണമായിട്ടാണ് ബൈബിൾ വില്ലിനെ കാണുന്നത് (ഏശ 5,28; ജറെ 4,29). യുദ്ധത്തിൽ ജയിച്ചതിന്റെ അടയാളമാണ് കിരീടം. *"നിക്കാവോ"* എന്നു ഗ്രീക്കുപദമാണ് "*വിജയം*" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഈ പദത്തിന് കീഴടക്കുക, യുദ്ധത്തിൽ ജയിക്കുക. നശിപ്പിക്കുക എന്നൊക്കെ അർത്ഥമുണ്ട് (വെളി 2,15). "കീഴടക്കിക്കൊണ്ടും കീഴടക്കാനായും" അഥവാ "നശിപ്പിച്ചുകൊണ്ടും നശിപ്പിക്കാനായും" അവൻ പുറപ്പെട്ടു എന്നു വിവർത്തനം ചെയ്താൽ അർത്ഥം കൂടുതൽ വ്യക്തമാകും.

റോമാസാമ്രാജ്യത്തിന്റെ കിഴക്കെ അതിർത്തിയിൽ വസിച്ചിരുന്ന പാർത്തിയാക്കാർ പ്രസിദ്ധരായ വില്ലാളികളായിരുന്നു. വെള്ളക്കുതിരപ്പുറത്താണ് അവർ യുദ്ധത്തിനുപോയിരുന്നത്. അവർ റോമാക്കാർക്ക് എന്നും ഒരു പേടിസ്വപ്നമായിരുന്നു. റോമൻ സൈന്യം ഏ.ഡി. 62–ൽ അവരോട് ഏറ്റുമുട്ടി പരാജയപ്പെട്ടു. ഈ പശ്ചാത്തലം വെള്ളക്കുതിരപ്പുറത്തിരിക്കുന്ന വില്ലാളിയുടെ സൂചന വ്യക്തമാക്കുന്നു. വരാനിരിക്കുന്ന സകല ദുരന്തങ്ങളുടെയും മുന്നോടിയായി യോഹന്നാൻ യുദ്ധത്തെ അവതരിപ്പിക്കുന്നു. യുദ്ധവും വിജയവും ആഘോഷിക്കാനുള്ള മഹൽകൃത്യമല്ല, ദൈവികശിക്ഷയുടെ അടയാളമാണ്.

**6,3–4** രണ്ടാമത്തെ കുതിരയുടെ *തീക്കനൽപോലെ ചുവന്നനിറം* അതിന്റെ പുറത്തിരിക്കുന്നവനെ ഏല്പിച്ചിരിക്കുന്ന ദൗത്യത്തെ സൂചിപ്പിക്കുന്നു. ചുവപ്പ് രക്തച്ചൊരിച്ചിലിന്റെ പ്രതീകമാണ്. ആദ്യത്തെ അശ്വാരൂഢൻ പുറമെ നിന്നുള്ള ആക്രമണത്തെ സൂചിപ്പിച്ചപ്പോൾ രണ്ടാമത്തേയാൾ ആഭ്യന്തരകലാപങ്ങളെയാണ് സുചിപ്പിക്കുക. ഏ.ഡി. 69–ൽ റോമസിംഹാസനത്തിനുവേണ്ടി സേനാധിപന്മാർ തമ്മിൽ നടത്തിയ യുദ്ധങ്ങൾ സാമ്രാജ്യത്തെ മുഴുവൻ ആഭ്യന്തരകലാപത്തിലും ക്രൂരമായ രക്തച്ചൊരിച്ചിലിലും ആഴ്ത്തിയത് ഈ വിവരണത്തിന്റെ ചരിത്രപശ്ചാത്തലമായി പരിഗണിക്കാവുന്നതാണ്. അന്തഃഛിദ്രമുള്ള രാജ്യം നിലനില്ക്കുകയില്ല (മർക്കോ 3,24) എന്ന തിരുവചനത്തിന്റെ വെളിച്ചത്തിൽ, ആസന്നമായിരിക്കുന്ന നാശത്തിന്റെ സൂചനയാണ് ഇവിടെ നല്കുന്നത് എന്നനുമാനിക്കാം. വ്യക്തികളും ജനസമൂഹങ്ങളും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ തകർച്ച യുഗാന്തത്തിന്റെ മുന്നോടിയായി പഴയനിയമവും അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളും ചിത്രീകരിക്കാറുണ്ട് (ഏശ 19,2; സഖ 14,13).

**6,5-6** *കറുത്ത കുതിരയും തുലാസുമായി കുതിരപ്പുറത്തിരിക്കുന്ന* യാളും രൂക്ഷമായ ക്ഷാമത്തിന്റെ പ്രതീകങ്ങളാണ്. വലിയ ക്ഷാമം നേരിടുമ്പോഴാണ് അപ്പം തൂക്കിയും അളന്നും ഭക്ഷിക്കേണ്ടിവരുക. ഇപ്രാരമുള്ള ക്ഷാമത്തെ ഇസ്രായേൽ ജനം ദൈവികശിക്ഷയുടെ അടയാളമായി കണ്ടു (ലേവ്യ 26,26; എസെ 4,16-17). ഒരാളുടെ ദിവസക്കൂലിയാണ് റോമൻനാണയമായ ദേനാറാ (മത്താ 20,9). "ഇടങ്ങഴി" എന്നു വിവർത്തനം ചെയ്തിരിക്കുന്ന റോമൻ അളവ് ഏകദേശം ഒരു കിലോഗ്രാം തൂക്കമാണ്. പുതിയനിയമകാലത്ത് റോമാസാമ്രാജ്യത്തിൽ പൊതുവേ ഒരു ദേനാറായ്ക്കി 8-16 കിലോ ഗോതമ്പും, അതിന്റെ മൂന്നോ നാലോ ഇരട്ടി ബാർലിയും ലഭിക്കുമായിരുന്നു. നാട്ടിൽ ഭക്ഷണദൗർലഭ്യമുണ്ടാകുമ്പോൾ വാങ്ങാൻ പണമില്ലാത്തവരാണല്ലോ ആദ്യം പട്ടിണിയാവുക.

ഈ ചിത്രം കൂടുതൽ വ്യക്തമാക്കുന്നതാണ് *"എണ്ണയ്ക്കും വീഞ്ഞിനും നാശം ചെയ്യരുത്"* എന്ന കല്പന. ഇതു രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു. വരൾച്ചയുണ്ടാകുമ്പോൾ ആദ്യം നശിക്കുന്നത് ധാന്യവിളകളാണ്. കൂടുതൽ ആഴത്തിൽ വേരുള്ള മുന്തിരിയും ഒലിവും വരൾച്ചയെ അതിജീവിച്ചെന്നുവരും. അതിനാൽ ധാന്യവിളകൾ നഷ്ടപ്പെടുമ്പോഴും വീഞ്ഞും എണ്ണയും സുലഭമായിട്ടുണ്ടാവാം. അതിനാൽ വേഗം കടന്നുപോകുന്ന ഒരു വരൾച്ചയെയാണ് ഇതു സൂചിപ്പിക്കുന്നതെന്നു കരുതാം. എന്നാൽ മറ്റൊരു സൂചനകൂടി ഇതിലുണ്ട്. ഗോതമ്പും ബാർലിയും അനുപേക്ഷണീയമായ അനുദിനാഹാരമാണ്. എണ്ണയും വീഞ്ഞും ഒഴിച്ചുകൂട്ടാൻ പറ്റാത്തവയല്ല. അവശ്യസാധനങ്ങൾക്കു ക്ഷാമവും സുഖഭോഗവസ്തുക്കൾക്കു ധാരാളിത്വവും നിലനില്ക്കുന്ന വികൃതമായൊരു സാഹചര്യത്തിന്റെ സൂചനയാണിത്. ദരിദ്രർ പട്ടിണിയാൽ വലയുമ്പോഴും ധനികർക്കു സുഖഭോഗങ്ങളിൽ മുഴുകാൻ കഴിയുന്ന അനീതി നിറഞ്ഞ അവസ്ഥയാണ് ഇവിടെ വിഭാവനം ചെയ്യുന്നത്.

*എണ്ണയ്ക്കും വീഞ്ഞിനും നാശം ചെയ്യരുത്* എന്ന കല്പനയിൽ ഒരു ചരിത്രവസ്തുതയുടെ സൂചനയും കാണാം. ഏ.ഡി. ഒന്നാംനൂറ്റാണ്ടിന്റെ അവസാനദശകത്തിൽ സാമ്രാജ്യത്ത് വലിയ വരൾച്ചയുണ്ടായി. ധാന്യവിളകൾ നശിച്ചു. എന്നാൽ വീഞ്ഞും എണ്ണയും സമൃദ്ധമായുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ മുന്തിരിത്തോട്ടങ്ങളും ഒലുവുതോട്ടങ്ങളും പകുതി നശിപ്പിച്ച് ഗോതമ്പും ബാർലിയും കൃഷി ചെയ്യാൻ ഡൊമീഷ്യൻ കല്പനയിറക്കി. എന്നാൽ വ്യാപകമായുണ്ടായ പ്രതിഷേധം മൂലം ഈ കല്പന പിൻവലിക്കേണ്ടിവന്നു. ഈ പശ്ചാത്തലത്തിലാവാണം ക്ഷാമത്തെക്കുറിച്ചുള്ള വിവരണം രൂപപ്പെടുത്തിയിരിക്കുന്നത്.

**6,7-8** നാലാമത്തെ കുതിരയുടെ വിളറിയ നിറം രക്തമില്ലാത്ത ശരീര



ത്തിന്റെ, അഥവാ ശവത്തിന്റെ നിറമാണ്. കുതിരപ്പുറത്തിരിക്കുന്ന മരണത്തിന്റെ തന്നെ നിറമാണത്. മരിച്ചവർ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലമാണ് പാതാളം. ഇതുവരെ കണ്ട മൂന്നു ബാധകളും കൂടുതൽ രൂക്ഷമാകുന്ന ഒരു ചിത്രമാണ് ഇവിടെ വരച്ചുകാട്ടുന്നത്. നാടു വിജനമാകുമ്പോൾ വന്യമൃഗങ്ങളുടെ ആക്രമണം സാധാരണമാണ്. ഈ നാലു ബാധകളും ദൈവത്തിന്റെ ശിക്ഷകളായി പഴയനിയമത്തിൽ പലതവണ അവതരിപ്പിച്ചിട്ടുണ്ട് (ലേവ്യ 26,21-26; എസെ 14,21). "ഭൂമിയുടെ നാലിലൊന്ന്" എന്ന പ്രയോഗം ഏതെങ്കിലും ഒരു പ്രത്യേക ഭൂവിഭാഗത്തെയല്ല സൂചിപ്പിക്കുന്നത്. ലോകജനതകളുടെ കാൽഭാഗം എന്ന പൊതുവായ അർത്ഥമേ ഇതിനുള്ളു. ഈ ശിക്ഷകളെല്ലാം ഭാഗികമാണെന്നും ഇവയൊക്കെ അവസാനത്തിന്റെ തുടക്കം മാത്രമാണെന്നും ഇതു സൂചിപ്പിക്കുന്നു. തിന്മയിൽ അടിയുറച്ച ലോകത്തിന്റെമേൽ ദൈവത്തിന്റെ ശിക്ഷാവിധി അടിയ്ക്കടി ശക്തിപ്പെടുന്ന ചിത്രം ഇവിടെ കാണാനാവും.

## 2. അഞ്ചാം മുദ്ര 6,9-11

9. അവൻ അഞ്ചാമത്തെ മുദ്ര തുറന്നപ്പോൾ, ദൈവവചനത്തെപ്രതിയും തങ്ങളു
ടെ സാക്ഷ്യത്തെ പ്രതിയും വധിക്കപ്പെട്ടവരുടെ ആത്മാക്കളെ ബലിപീഠത്തിനു
10. കീഴിൽ ഞാൻ കണ്ടു. വലിയ സ്വരത്തിൽ അവർ ഇങ്ങനെ വിളിച്ചു പറഞ്ഞു:
പരിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരുടെമേൽ
ന്യായവിധി നടത്തി ഞങ്ങളുടെ രക്തത്തിനു പ്രതികാരം ചെയ്യാൻ അങ്ങ് എത്ര
11. ത്തോളം വൈകും? അവർക്ക് ഓരോരുത്തർക്കും വെള്ളയങ്കി നല്കപ്പെട്ടു.
അവരെപ്പോലെ വധിക്കപ്പെടാനിരുന്ന സഹദാസരുടെയും സഹോദരരുടെയും
എണ്ണം തികയുന്നതുവരെ അല്പസമയം കൂടി വിശ്രമിക്കാൻ അവർക്കു നിർ
ദ്ദേശം കിട്ടി.

**6.9** അഞ്ചാമത്തെ മുദ്ര തുറക്കുമ്പോൾ തികച്ചും വ്യത്യസ്തമായൊരു ദൃശ്യം പ്രത്യക്ഷപ്പെടുന്നു. ഭൂമിയിൽ നിറവേറുന്ന ശിക്ഷാവിധിയുടെ മുന്നേറ്റത്തിന് ഒരു ചെറിയ ഇടവേളയെന്ന നിലയിൽ, വിശ്വാസത്തിന്റെ പേരിൽ ജീവൻ നഷ്ടപ്പെടുത്തിയവരിലേക്കു വി.ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. രക്തസാക്ഷിത്വത്തിന്റെ അർത്ഥതത്തെക്കുറിച്ചുള്ള ഒരു വിശദീകരണം ഈ വാക്യത്തിൽ കാണാം. സാക്ഷ്യത്തെ പ്രതി വധിക്കപ്പെട്ടവരുടെ ആത്മാക്കൾ ബലിപീഠത്തിനടിയിലാണ് പ്രത്യക്ഷപ്പെടുന്നത്. സ്വർഗ്ഗത്തിലുള്ള ബലിപീഠത്തെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് എന്നതിൽ സംശയത്തിനിടയില്ല (വെളി 8,3; 14,18). രക്തസാക്ഷികളുടെ ആത്മാക്കൾ സ്വർഗ്ഗത്തിൽ, ദൈവസന്നിധിയിലാണ് എന്ന സത്യം ഈ വാക്യം ആദ്യമേ വെളിപ്പെടുത്തുന്നു.

ബലിയർപ്പിക്കപ്പെട്ട മൃഗത്തിന്റെ രക്തം ബലിപീഠത്തിനടിയിലാണ് ഒഴിക്കുക (ലേവ്യ 4,7). രക്തത്തിലാണ് ജീവൻ സ്ഥിതിചെയ്യുന്നതെന്നും

(ലേവ്യ 17,11) ദൈവം മാത്രമാണ് ജീവന്റെ നാഥൻ എന്നും ഏറ്റുപറയുന്ന പ്രവൃത്തിയായിരുന്നു ഇത്. രക്തസാക്ഷികൾ ക്രൂരമായി വധിക്കപ്പെട്ടവരാണെങ്കിലും അവരുടെ ജീവരക്തം ദൈവത്തിനു സ്വീകാര്യമായ ബലിയായി സമർപ്പിക്കപ്പെട്ടതാണ് എന്ന് അവരുടെ ആത്മാക്കൾ ബലിപീഠത്തിനടിയിൽ പ്രത്യക്ഷപ്പെടുന്നതിലൂടെ സൂചിപ്പിക്കുന്നു. രക്തസാക്ഷിത്വത്തെ ബലിയർപ്പണമായി ചിത്രീകരിക്കുക യഹൂദരുടെയും ആദിമ ക്രൈസ്തവരുടെയും ഇടയിൽ സാധാരണമായിരുന്നു (ജ്ഞാനം 3,6; ഫിലി 2,17; 2 തിമോ 4,6).

**6,10** വധിക്കപ്പെട്ടവരുടെ ആത്മാക്കൾ നിർജ്ജീവരോ നിശ്ശബ്ദരോ അല്ല. സ്വർഗ്ഗീയ സിംഹാസനത്തിനു മുമ്പിൽ അവരുടെ നിലവിളി നിരന്തരം ഉയർന്നു കൊണ്ടിരിക്കുന്നു. ജീവന്റെ നാഥനെ വിളിച്ചാണ് അവർ ഉച്ചത്തിൽ കരയുന്നത്. *'നാഥാ'* എന്നു വിവർത്തനം ചെയ്തിരിക്കുന്ന ഗ്രീക്കു പദത്തിന്റെ വാച്യാർത്ഥം സ്വേഛാനുസാരം പ്രവർത്തിക്കാൻ അധികാരമുള്ളവൻ എന്നാണ്. റോമാ ചക്രവർത്തി സാമ്രാജ്യത്തിന്മേലും, ഉടമകൾ അടിമകളുടെമേലും അവകാശപ്പെട്ടിരുന്ന അധികാരവും അവകാശവും സൂചിപ്പിക്കുന്ന പദമാണിത്. തങ്ങളുടെ ജീവന്റെ ഉടയവൻ ദൈവമാണെന്ന് ഈ നിലവിളിയിലൂടെ രക്തസാക്ഷികൾ ഏറ്റുപറയുന്നു. വാക്കു പാലിക്കുന്നവനാണ് വിശ്വസ്തൻ. മനുഷ്യരിൽനിന്നു വ്യത്യസ്തനും അതീതനുമാണ് *പരിശുദ്ധൻ*.

ദൈവം തന്റെ വിശ്വസ്തരുടെ പ്രാർത്ഥന കേൾക്കും എന്ന യേശുവിന്റെ വചനത്തെ (ലൂക്കാ 18,7-8) അനുസ്മരിപ്പിക്കുന്നതാണ് അവരുടെ യാചന. പ്രതികാരത്തിനു വേണ്ടിയുള്ള നിലവിളി ക്രിസ്തീയ ചൈതന്യത്തിനു നിരക്കാത്തതായി തോന്നിയേക്കാം. എന്നാൽ അധർമ്മത്തിനറുതി വരുത്തി, നീതി പുനഃസ്ഥാപിക്കുക ദൈവത്തിന്റെ പ്രവൃത്തിയാണ് (ജോബ് 19,25). ഇപ്രകാരം ഒരു നീതി നിർവ്വഹണത്തിനുവേണ്ടിയാണ് രക്തസാക്ഷികൾ നിലവിളിക്കുന്നത് (ഉൽപ 4,10). ശത്രുക്കളോടുള്ള വ്യക്തിപരമായ പകപോക്കലോ ശത്രുവിന്റെ നാശത്തിലുള്ള സന്തോഷമോ അല്ല, തിന്മയുടെ സമ്പൂർണ്ണമായ ഉന്മൂലനവും നന്മയുടെ ശക്തമായ പുനഃസ്ഥാപനവുമാണ് ഈ പ്രാർത്ഥനയുടെ ലക്ഷ്യം.

*ഭൂമിയിൽ വസിക്കുന്നവർ* എന്ന പദപ്രയോഗം ദൈവത്തെ എതിർക്കുകയും ദൈവജനത്തെ പീഡിപ്പിക്കുകയും ചെയ്യുന്നവരെ സൂചിപ്പിക്കുന്നു (വെളി 11,10; 13,8; 17,2). ദൈവനിഷേധികൾ ശക്തന്മാരായി തുടരുന്നിടത്തോളംകാലം ദൈവവിശ്വാസികൾ ഭോഷന്മാരായി പരിഗണിക്കപ്പെടും. അതിനാൽ അധർമ്മികളെ ശിക്ഷിച്ച് നീതി നടപ്പാക്കുക ദൈവത്തിന്റെ വിശുദ്ധിയും വിശ്വസ്തതയും തെളിയിക്കാൻ ആവശ്യമായി വരുന്നു. ഇതു നിറവേറി കാണാത്തതിലുള്ള ആകുലതയും ആശങ്കയും പ്രകടമാക്കുന്നതാണ്



*'ഇനിയും എത്രനാൾ'* എന്ന ചോദ്യം. പീഡിതജനങ്ങളിൽനിന്നു നിരന്തരം ഉയരുന്ന നിലവിളിയാണിത് (സങ്കീ 74,9; 79,5).

**6,11** വിശുദ്ധിയുടെയും വിജയത്തിന്റെയും ദൈവിക മഹത്വത്തിലുള്ള പങ്കുചേരലിന്റെയും (മത്താ 28:3) അടയാളമായ *വെള്ളയങ്കി* നല്കിക്കൊണ്ട് ദൈവം രക്തസാക്ഷികളുടെ പ്രാർത്ഥനയ്ക്കു മറുപടി നല്കുന്നു. അവർ വിശ്വസിച്ചതും ഏറ്റുപറഞ്ഞതും സത്യമാണെന്നും അവരുടെ സാക്ഷ്യം താൻ സ്വീകരിച്ചിരിക്കുന്നു എന്നും ദൈവം അംഗീകരിക്കുന്നതിന്റെ സൂചനയാണിത്. പക്ഷേ അവരുടെ വിജയവും സന്തോഷവും ഇനിയും പൂർണ്ണമായിട്ടില്ല. ഭൂമിയിൽ മതപീഡനം തുടരുമെന്ന സൂചനയാണ് തുടർന്നു നല്കുന്നത്....*എണ്ണം തികയുന്നതുവരെ* എന്ന കാലപരിധി രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു. 1. ദൈവം മുൻകൂട്ടി നിശ്ചയിച്ച പദ്ധതിയനുസരിച്ചാണ് ലോകചരിത്രം മുന്നേറുന്നത്. 2. പീഡനങ്ങൾക്കു ദൈവം തന്നെ അറുതി വരുത്തും. എന്നാൽ അത് എപ്പോഴാണ് എന്ന് ആർക്കും വെളിപ്പെടുത്തപ്പെട്ടിട്ടില്ല (അപ്പ 1,7).

*അല്പസമയം* എന്നത് ദൈവത്തിന്റെ സമയമാണ്. മനുഷ്യന്റെ സമയം കൊണ്ട് അതിനെ അളക്കാനാവില്ല. എന്നാലും ദൈവം തന്റെ വിശ്വസ്തരുടെ പ്രാർത്ഥന ശ്രവിക്കുമെന്നും അധർമ്മത്തിന് അറുതി വരുത്തുമെന്നും ഇത് ഉറപ്പു നല്കുന്നു. യേശു നല്കിയ വാഗ്ദാനത്തെ (ലൂക്കാ 18,7-8) അനുസ്മരിപ്പിക്കുന്നതാണ് ഈ ആശ്വാസവചനം. വിശ്വാസികളുടെ പ്രാർത്ഥന ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തെ ത്വരിതപ്പെടുത്തുമെന്ന സൂചനയാണ് ഇവിടെയും തുടർന്നുള്ള സംഭവ പരമ്പരയിലും ലഭിക്കുക. രക്തസാക്ഷികൾക്കു നല്കിയ വിശ്രമം പാതാളത്തിലെ നിർജ്ജീവാവസ്ഥയല്ല, ദൈവസന്നിധിയിലെ ആശ്വാസവും സന്തോഷവുമാണ്. ശരീരങ്ങളുടെ പുനരുത്ഥാനത്തോടെ മാത്രമേ ഈ സന്തോഷം പൂർത്തിയാവുകയുള്ളു.

## 3. ആറാം മുദ്ര 6,12-17

12. അവൻ ആറാമത്തെ മുദ്ര തുറന്നപ്പോൾ ഞാൻ കണ്ടു: വലിയ ഒരു ഭൂകമ്പമുണ്ടായി. സൂര്യൻ കരിമ്പടം പോലെ കറുത്തു. ചന്ദ്രൻ ആകെ രക്തം പോലെയായി.
13. കൊടുങ്കാറ്റിൽ ആടിയുലയുന്ന അത്തിവൃക്ഷത്തിൽനിന്നു പച്ചക്കായ്കൾ
14. പൊഴിയുന്നതുപോലെ ആകാശനക്ഷത്രങ്ങൾ ഭൂമിയിൽ പതിച്ചു. ആകാശം തെറുത്തുമാറ്റിയ ചുരുൾ പോലെ അപ്രത്യക്ഷമായി. എല്ലാ പർവ്വതങ്ങളും ദ്വീപു
15. കളും അവയുടെ സ്ഥാനങ്ങളിൽനിന്നു മാറ്റപ്പെട്ടു. ഭൂമിയിലെ രാജാക്കന്മാരും പ്രമുഖന്മാരും സൈന്യാധിപന്മാരും ധനികരും പ്രബലരും എല്ലാ അടിമകളും
16. സ്വതന്ത്രരും ഗുഹകളിലും പാറക്കെട്ടുകളിലും ഒളിച്ചു. അവർ മലകളോടും പാറകളോടും വിളിച്ചു പറഞ്ഞു: ഞങ്ങളുടെമേൽ വീഴുവിൻ; സിംഹാസനസ്ഥന്റെ ദൃഷ്ടിയിൽനിന്നും കുഞ്ഞാടിന്റെ ക്രോധത്തിൽനിന്നും ഞങ്ങളെ

17. മറയ്ക്കുവിൻ. എന്തെന്നാൽ, അവരുടെ ക്രോധത്തിന്റെ ഭീകരദിനം വന്നു കഴിഞ്ഞു. ആർക്കു നിലനില്ക്കാനാവും?

**6,12-14** ആദ്യത്തെ നാലു മുദ്രകൾ തുറന്നപ്പോൾ സംഭവിച്ച നാശങ്ങൾ മുഖ്യമായും മനുഷ്യരെയാണ് ബാധിച്ചത്. ആറാം മുദ്ര തുറക്കുമ്പോൾ സംഭവിക്കുന്നവയാകട്ടെ പ്രപഞ്ചത്തെ മുഴുവൻ ബാധിക്കുന്നു. പ്രാചീനമനുഷ്യന്റെ അറിവിനെ ആസ്പദമാക്കി ബൈബിൾ അവതരിപ്പിക്കുന്ന പ്രപഞ്ചസങ്കല്പത്തിന്റെ (ഉൽപ 1,1-19) വെളിച്ചത്തിലേ ഇവിടെ വിവരിക്കുന്ന പ്രകൃതി ക്ഷോഭങ്ങൾ മനസ്സിലാക്കാൻ കഴിയൂ. ദൈവപരിപാലനയുടെ അടയാളമാണ് പ്രപഞ്ചത്തെ നയിക്കുന്ന അലിഖിത നിയമങ്ങൾ (ജറെ 31,35-36). ഈ സംവിധാനങ്ങൾക്കു മാറ്റം വരുകയെന്നാൽ പ്രപഞ്ചത്തിന്റെ അവസാനം ആസന്നമായിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്.

അധർമ്മത്തിന് അറുതിവരുത്താനായി കർത്താവ് ചരിത്രത്തിൽ ഇടപെടുന്ന ദിവസത്തെ *കർത്താവിന്റെ ദിവസം* എന്ന് പ്രവാചകന്മാർ വിളിച്ചു. പ്രവാചകന്മാരുടെ വിവരണങ്ങളെ യഹൂദ അപ്പോകലിപ്റ്റിക് ഗ്രന്ഥകാരന്മാർ കൂടുതൽ ഭീകരമായി വിശദീകരിച്ചു. അവയെല്ലാം കൂടി സമാഹരിച്ച് അതിഭീകരമായൊരു ചിത്രമാണ് വെളിപാടു ഗ്രന്ഥകാരൻ ഇവിടെ രചിക്കുന്നത്.

പ്രപഞ്ചത്തെ ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ആകാശം, പർവ്വതങ്ങൾ, ദ്വീപുകൾ എന്നിങ്ങനെ ഏഴു ഘടകങ്ങളായി തിരിച്ച് നാശങ്ങളും അടയാളങ്ങളും അവതരിപ്പിച്ചിരിക്കുന്നു. ഇവയെല്ലാം തന്നെ പഴയ നിയമത്തിൽ പലേടത്തായി കാണുന്നതാണ് (ആമോ 8,8-9; ജോയേൽ 2,10-11. 30-31; ഏശ 13,9-10; 34,4; ജറെ 4,23-24; നാഹും 1,4-5). ലോകാവസാനത്തെക്കുറിച്ചു വിവരിക്കുമ്പോൾ പുതിയ നിയമവും ഇതേ പ്രതീകങ്ങൾ ഉപയോഗിക്കുന്നതു കാണാം. (മർക്കോ 13,24-25; 2പത്രോ 3,12).

സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ ദൈവം നിശ്ചയിച്ച ക്രമസംവിധാനങ്ങൾ മനുഷ്യനു സുരക്ഷിതത്വബോധം നല്കിയിരുന്നു. ഈ സംരക്ഷണവലയമാണ് പെട്ടെന്നു തകർന്നുവീഴുന്നത്. രക്ഷയ്ക്കായി എത്തിപ്പിടിക്കാൻ ഉറപ്പുള്ള യാതൊന്നും അവശേഷിക്കാത്ത അവസ്ഥാവിശേഷം സംജാതമാകുന്നു. ഇവയെല്ലാം അക്ഷരാർത്ഥത്തിൽ സംഭവിക്കുമോ ഇല്ലയോ എന്ന ആധുനിക മനുഷ്യന്റെ ചോദ്യം വി.ഗ്രന്ഥകാരന്മാരോ അവരുടെ സമകാലികരോ ഉന്നയിക്കുന്നതല്ല.

പ്രപഞ്ചത്തെ സംബന്ധിച്ച് ആധുനികരീതിയിലുള്ള ശാസ്ത്രീയ വീക്ഷണമല്ല, ദൈവശാസ്ത്രപരമായ കാഴ്ചപ്പാടാണ് വി.ഗ്രന്ഥകാരന്മാർക്കുണ്ടായിരുന്നത്. പ്രപഞ്ചത്തിലുണ്ടാകുന്ന ഈ വ്യതിയാനങ്ങളുടെ ചിത്രീകരണത്തിലൂടെ മുഖ്യമായും രണ്ടു കാര്യങ്ങളാണ് അവതരിപ്പിക്കുന്നത്. 1. പ്രപഞ്ചനാഥനെ ധിക്കരിച്ചവർക്കു പ്രപഞ്ചം സംരക്ഷണം നല്കുകയില്ല, എന്നു മാത്രമല്ല അവനെതിരേ തിരിയുകയും ചെയ്യും. സഹോദരനെ വധിച്ച കായേനു ലഭിച്ച ശിക്ഷയിൽ (ഉൽപ 4,11-12) ഈ സത്യത്തിന്റെ ലളിതവും ശക്തവുമായ ആവിഷ്ക്കരണം കാണാം. 2. മനുഷ്യന്റെ പാപത്തിൽ പ്രപഞ്ചം പങ്കുചേരുന്നു. പ്രപഞ്ചത്തെ ക്രമീകരിക്കാനും അങ്ങനെ സ്രഷ്ടാവിന്റെ പ്രവൃത്തിയിൽ പങ്കുചേരാനും വേണ്ടി മനുഷ്യനെ പ്രപഞ്ചത്തിന്റെ അധിപനായി ദൈവം നിശ്ചയിച്ചു (ഉൽപ 1,26). തന്റെ ദൗത്യത്തിൽ വീഴ്ചവരുത്തിയ മനുഷ്യൻ പ്രപഞ്ചത്തിന്മേലും ശാപം വരുത്തിവച്ചു (ഉൽപ 3,17). അതിനാൽ പാപത്തിനുള്ള ശിക്ഷയിൽ പ്രപഞ്ചവും പങ്കുചേരുന്നു. ആകാശഗോളങ്ങൾക്ക് എന്തു സംഭവിക്കുന്നു എന്നതല്ല, തിന്മ എപ്രകാരം ഉന്മൂലനം ചെയ്യപ്പെടുന്നു എന്നതാണ് ഈ വിവരണങ്ങളുടെ ശ്രദ്ധാകേന്ദ്രം. ഇവയൊന്നും അക്ഷരാർത്ഥത്തിലല്ല എടുക്കേണ്ടതെന്ന് തുടർന്നുള്ള വിവരണങ്ങൾ വ്യക്തമാക്കുന്നു. നക്ഷത്രങ്ങൾ ഭൂമിയിൽ പതിക്കുകയും ആകാശം അപ്രത്യക്ഷമാവുകയും ചെയ്തിട്ടും മനുഷ്യൻ ഭൂമിയിൽ വസിക്കുന്നു എന്നത് ശ്രദ്ധേയമത്രേ. തന്നെയുമല്ല, ഇവയെല്ലം മനുഷ്യനിൽ സംഭ്രാന്തി ജനിപ്പിക്കുകയല്ലാതെ അവരുടെ മരണത്തിനു കാരണമായിത്തീരുന്നുമില്ല.

**6,15** *ഏഴ്* എന്ന പൂർണ്ണസംഖ്യയുടെ സ്വാധീനം ഈ വാക്യത്തിലും ദൃശ്യമാണ്. മനുഷ്യരെയെല്ലാം ഏഴു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. *ഭൂമിയിലെ* എന്ന ആമുഖം ദൈവത്തിനു വിരുദ്ധമായി നില്ക്കുന്നവരെയാണ് തുടർന്ന് അവതരിപ്പിക്കാൻ പോകുന്നത് എന്ന സൂചന നല്കുന്നു. ഇവർക്കെതിരേയാണ് ശിക്ഷാവിധി നടപ്പാക്കാൻ പോകുന്നത്. മനുഷ്യസമൂഹത്തിന്റെ ഒരു വിഭാഗവും ഒഴിവാക്കപ്പെടുന്നില്ല. *പ്രമുഖന്മാർ* എന്നത് പ്രവിശ്യകളുടെമേൽ അധികാരമുള്ള പ്രഭുക്കന്മാരെയാണ് സൂചിപ്പിക്കുക. ശിക്ഷിക്കാൻ വരുന്ന ദൈവത്തിനുമുമ്പിൽ അധർമ്മികൾ ഒന്നടങ്കം സംഭ്രാന്തരാകുന്നു. പാപിയായ മനുഷ്യൻ ഏറ്റം അധികം ഭയപ്പെടുന്നത് മരണത്തെയല്ല, ദൈവികസാന്നിധ്യത്തെയാണ്. ആദ്യപാപത്തോടെ ആരംഭിച്ചതാണ് ഈ ഭയവും ഒളിക്കാനുള്ള ശ്രമവും (ഉൽപ 3,10)

**6,16** ദൈവത്തെ ധിക്കരിച്ചവർ ഇപ്പോൾ നിസ്സഹായരായി ഒളിക്കാൻ ഇടംതേടുന്നു. അവരുടെ നിലവിളിയിൽ ഹോസിയായുടെ പ്രവചനത്തിന്റെയും (ഹോസി 10,8) യേശുവിന്റെ വചനങ്ങളുടെയും (ലൂക്കാ 23,30) പൂർത്തീകരണം കാണാം. ദൈവത്തിന്റെ സാന്നിധ്യം വിശ്വസ്തർക്ക് ആശ്വാസവും സന്തോഷവും പ്രദാനം ചെയ്യുമ്പോൾ ദൈവനിഷേധികൾക്കു ഭയവും പരിഭ്രാന്തിയുമാണു നല്കുക. *കുഞ്ഞാടിന്റെ ക്രോധം* എന്ന പ്രയോഗം വൈരുദ്ധ്യം നിറഞ്ഞതാണ്. ശാന്തതയുടെ പ്രതീകമായാണ് കുഞ്ഞാട് കരു

തപ്പെടുക. എന്നാൽ തന്റെ വിശ്വസ്തരുടെ രക്തത്തിനു പ്രതികാരം ചെയ്യുന്ന അന്തിമദിനത്തിൽ അവന്റെ ക്രോധം പ്രത്യക്ഷമാകും.

ദൈവത്തിന്റെ ക്രോധം പഴയ നിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ പ്രാധാന്യമുള്ള ഒരു അടിസ്ഥാന പ്രമേയമാണ് (സങ്കീ 38,1; ഏശ 5,25; ജറെ 4,26; നാഹും 1,6; മത്താ 3,7; യോഹ 3,36; റോമാ 1,18; കോളോ 3,6). വധിക്കപ്പെട്ട കുഞ്ഞാട് ഏഴു കൊമ്പുകളുയർത്തി നില്ക്കുന്ന ചിത്രം (വെളി 5,6) ഇവിടെ ശ്രദ്ധേയമാകുന്നു. ബലഹീനതയിൽ വധിക്കപ്പെട്ടവൻ വിധിയാളനായി വരുന്നത് ദൈവത്തിന്റെ ക്രോധം നടപ്പാക്കാനാണ്. ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുണയുടെയും മറുവശമാണ് ക്രോധം. നിഷേധിക്കപ്പെട്ട നീതി നടപ്പാക്കുമ്പോഴാണ് ദൈവത്തിന്റെ ക്രോധം പ്രത്യക്ഷമാകുന്നത്. ഇതിൽനിന്ന് ഒളിക്കാൻ ആർക്കും സാധിക്കുകയില്ല. പ്രപഞ്ചവസ്തുക്കളൊന്നും അധർമ്മികൾക്ക് അഭയം നല്കുകയില്ല.

**6,17** സിംഹാസനസ്ഥനെയും കുഞ്ഞാടിനെയും ഒരേവിധത്തിൽ അവതരിപ്പിച്ചുകൊണ്ട് ഈ വാക്യം യേശുവിന്റെ ദൈവത്വത്തിലേക്കു വീണ്ടും വിരൽ ചൂണ്ടുന്നു. ക്രോധത്തിന്റെ ഭീകരദിനം അന്തിമവിധിയുടെ ദിനമാണ്. തങ്ങളുടെ ശത്രുക്കളായ വിജാതീയരുടെമേൽ ദൈവം ശിക്ഷാവിധി നടത്താൻ വരുന്ന ദിവസമായി ഇസ്രായേൽക്കാർ കർത്താവിന്റെ ദിവസത്തെ കണ്ടിരുന്നു. എന്നാൽ പ്രവാചകന്മാർ ഈ ധാരണയെ തകിടം മറിച്ചു. അധർമ്മത്തിൽ തുടരുന്ന ഏവർക്കും, ഇസ്രായേൽക്കാരോ വിജാതീയരോ എന്ന വ്യത്യാസമില്ലാതെ, കർത്താവിന്റെ ദിനം ഭീകരമായ ശിക്ഷയുടെ ദിവസമായിരിക്കും എന്ന് അവർ പ്രഘോഷിച്ചു (ആമോ 5,18-20; ഏശ 13,6). *ഭീകരദിനം വന്നു കഴിഞ്ഞു* എന്ന പ്രസ്താവന അധർമ്മികളുടെ അധരങ്ങളിൽ നിന്നാണുയരുന്നത്. അന്തിമവിധിയിൽ മാത്രം സ്വന്തം തെറ്റുകൾ അംഗീകരിക്കുന്നതു രക്ഷണീയമാവുകയില്ല. *ആർക്കു നിലനില്ക്കാനാവും* എന്ന ചോദ്യം അധർമ്മികളിൽ ആർക്കും ഈ ദിനത്തെ അതിജീവിക്കാൻ കഴിയില്ല എന്ന സത്യത്തിന്റെ ശക്തമായ പ്രസ്താവനയാണ്. നാഹും 1,6; മലാ 3,2 തുടങ്ങിയ പ്രവചനങ്ങളുടെ സ്വാധീനം ഇതിൽ പ്രകടമാകുന്നു. ചുരുളിൽ ഇനിയും ഒരുമുദ്രയേ അവശേഷിച്ചിട്ടുള്ളു. അതുകൂടി നീക്കിക്കഴിയുമ്പോൾ അന്തിമദിനത്തിന്റെ ഭീകരതകൾ ആരംഭിക്കും.

## 4. സംരക്ഷണമുദ്ര 7,1-8

ചുരുളിന്റെ ഏഴാം മുദ്രതുറന്ന് അന്തിമവിധി നടപ്പാക്കുന്നതിന്റെ വിവരണത്തിനുമുമ്പായി ഒരു വലിയ ഇടവേള എന്ന രീതിയിലാണ് ഏഴാം അധ്യായം അവതരിപ്പിച്ചിരിക്കുന്നത്. ദൈവനിഷേധികൾക്കെതിരേ ഭൂമിയിൽ അരങ്ങേറുന്ന കൊടിയ ശിക്ഷകൾക്കുമധ്യേ കർത്താവ് തന്റെ വിശ്വ



സ്തർക്കു നല്കുന്ന സംരക്ഷണം നാടകീയമാംവിധം ഇവിടെ അവതരിപ്പിക്കുന്നു. രണ്ടു ഘട്ടങ്ങളായിട്ടാണ് ഇടവേള ചിത്രീകരിച്ചിരിക്കുന്നത്.

1. ഇതിനുശേഷം ഭൂമിയുടെ നാലുകോണുകളിൽ നാലു ദൂതന്മാർ നില്ക്കുന്നതു
ഞാൻ കണ്ടു. കരയിലോ കടലിലോ വൃക്ഷങ്ങളിലോ വീശാതിരിക്കാൻ ഭൂമി
2. യിലെ നാലു കാറ്റുകളെയും അവർ പിടിച്ചു നിർത്തിയിരുന്നു. വേറൊരു
ദൂതൻ ജീവിക്കുന്ന ദൈവത്തിന്റെ മുദ്രയുമായി സൂര്യനുദിക്കുന്ന ദിക്കിൽനിന്ന്
ഉയർന്നുവരുന്നതു ഞാൻ കണ്ടു. കരയ്ക്കും കടലിനും നാശം ചെയ്യാൻ അധി
കാരം നല്കപ്പെട്ട ആ നാലു ദൂതന്മാരോട് അവൻ ഉച്ചസ്വരത്തിൽ വിളിച്ചുപറ
3. ഞ്ഞു: ഞങ്ങൾ നമ്മുടെ ദൈവത്തിന്റെ ദാസരുടെ നെറ്റിത്തടത്തിൽ മുദ്ര
കുത്തിത്തീരുവോളം നിങ്ങൾ കരയ്ക്കോ കടലിനോ വൃക്ഷങ്ങൾക്കോ നാശം
4. ചെയ്യരുത്. മുദ്രിതരുടെ എണ്ണം ഞാൻ കേട്ടു: ഇസ്രായേൽ മക്കളുടെ
എല്ലാ ഗോത്രങ്ങളിലും നിന്ന് മുദ്രിതരായവർ നൂറ്റി നാല്പത്തിനാലായിരം
5. യൂദാ ഗോത്രത്തിൽനിന്നു മുദ്രിതർ പന്തീരായിരം; റൂബൻ ഗോത്രത്തിൽനിന്നു
6. പന്തീരായിരം; ഗാദ് ഗോത്രത്തിൽ നിന്നു പന്തീരായിരം; ആഷേർ ഗോത്രത്തിൽ
നിന്നു പന്തീരായിരം; നഫ്ത്താലി ഗോത്രത്തിൽ നിന്നു പന്തീരായിരം; മനാ
7. സ്സെ ഗോത്രത്തിൽ നിന്നു പന്തീരായിരം; ശിമയോൻ ഗോത്രത്തിൽ നിന്നു
പന്തീരായിരം; ലേവീ ഗോത്രത്തിൽ നിന്നുപന്തീരായിരം; ഇസ്സാക്കർ ഗോത്ര
8. ത്തിൽ നിന്നു പന്തീരായിരം; സെബുലുൺ ഗോത്രത്തിൽ നിന്നു പന്തീരായിരം;
ജോസഫ് ഗോത്രത്തിൽ നിന്നു പന്തീരായിരം; ബഞ്ചമിൻ ഗോത്രത്തിൽ നിന്നു
മുദ്രിതർ പന്തീരായിരം.

**7,1** ഒരു ചതുരപ്പലകപോലെയാണ് പ്രാചീനർ ഭൂമിയെ കരുതിയിരുന്നത്. അവരുടെ വീക്ഷണത്തിൽ കാറ്റുകൾ രണ്ടു തരമുണ്ട്. ഭൂമിയുടെ വശങ്ങളിൽ നിന്നു വീശുന്ന കാറ്റുകൾ ഗുണപ്രദമാണ്; കോണുകളിൽനിന്നു വരുന്നവയാകട്ടെ വിനാശകരവും. *നാല്* എന്ന സംഖ്യ ഭൂമി മുഴുവനെയും സൂചിപ്പിക്കുന്നു. അഗ്നിയുടെമേലും (വെളി 14,18) ജലത്തിന്മേലും (വെളി 16,5) അധികാരമുള്ള ദൂതന്മാരെ അവതരിപ്പിക്കുന്നതിലൂടെ പ്രപഞ്ചശക്തികളെല്ലാം ദൈവത്തിന്റെ ആജ്ഞാനുവർത്തികളാണ് എന്ന വിശ്വാസം ഏറ്റുപറയുന്നു. അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ സാധാരണ കാണാറുള്ള ഒരു സങ്കല്പമാണിത്. നാശം വിതയ്ക്കുന്ന നാലുകാറ്റുകൾ പഴയനിയമത്തിലെ പല പ്രതിപാദനങ്ങളെയും (ജറെ 49,36; ദാനി 7,2) അനുസ്മരിപ്പിക്കുന്നു. വൃക്ഷങ്ങളുടെ കാര്യം എടുത്തുപറയുന്നത് കാറ്റുകൊണ്ടുണ്ടാകുന്ന നാശം ഏറ്റം അധികം പ്രത്യക്ഷമാകുന്നത് ഒടിഞ്ഞും തകർന്നും വീഴുന്ന വൃക്ഷങ്ങളിൽ ആയതിനാലാവണം.

**7,2-3** ദൈവത്തിന്റേത് എന്നു സൂചിപ്പിക്കാനായി മുദ്ര കുത്തുക എന്ന പ്രതീകം പഴയനിയമത്തിൽ പലതവണ ഉപയോഗിച്ചിട്ടുണ്ട് (പുറ 28,11; ഏശ 44,5). സംഹാരദൂതൻ പുറപ്പെടുന്നതിനുമുമ്പേ തന്റെ വിശ്വസ്തരെ മുദ്രകു

ത്താൻ ദൈവം ആവശ്യപ്പെടുന്നതായി എസെക്കിയേൽ (9,4) രേഖപ്പെടുത്തിയിരിക്കുന്നു. കുഞ്ഞാടിന്റെയും പിതാവിന്റെയും നാമമാണ് ഈ മുദ്രയെന്ന് വെളി 14,1; 22,4-ൽ നിന്നു മനസ്സിലാക്കാം. മൃഗത്തിന്റെ മുദ്ര സ്വീകരിച്ചവരിൽ നിന്ന് (വെളി 13,16; 14.9) കർത്താവിന്റെ വിശ്വസ്തരെ വേർതിരിച്ചു കാട്ടുന്നതാണ് ഈ മുദ്ര. ക്രൈസ്തവരെ പരിശുദ്ധാത്മാവിനാൽ മുദ്രിതരായി വി. പൗലോസ് പലതവണ വിശേഷിപ്പിച്ചിട്ടുണ്ട് (2 കോറി 1,22; എഫേ 1,13; 4,30). ഈ ബൈബിൾ ഭാഗങ്ങളുടെ പശ്ചാത്തലത്തിൽ *മുദ്രകുത്തുക* എന്നതുവഴി രണ്ടു സൂചനകളാണ് യോഹന്നാൻ നല്കുന്നത്. 1. ദൈവത്തിന്റെ മുദ്ര സ്വീകരിച്ചവർ ദൈവത്തിനുള്ളവരാണ്. 2. ആസന്നമായിരിക്കുന്ന ശിക്ഷാവിധിയിൽനിന്ന് ദൈവം അവർക്കു സംരക്ഷണം നല്കും.

ആത്മാവിൽ മുദ്രപതിക്കുന്ന കൂദാശകളെക്കുറിച്ചുള്ള ക്രിസ്തീയവിശ്വാസം മേല്പറഞ്ഞ ബൈബിൾ വാക്യങ്ങളുടെ വെളിച്ചത്തിൽ രൂപംകൊണ്ടതാണ്. എന്നാൽ വെളിപാടു പുസ്തകം എഴുതപ്പെടുന്ന കാലത്ത് ഇപ്രകാരമൊരു സാങ്കേതികത്വം മുദ്രപതിക്കലിനു ലഭിച്ചിരുന്നില്ല എന്നാണ് പണ്ഡിതമതം.

*ജീവിക്കുന്നവൻ* എന്ന വിശേഷണം ദൈവത്തെ തന്നിൽത്തന്നെ ജീവനുള്ളവനും ജീവന്റെ നാഥനുമായി ഏറ്റുപറയുന്നു. ചുറ്റും മരണം താണ്ഡവമാടുമ്പോൾ സംരക്ഷണം നല്കാൻ ജീവന്റെ നാഥനുമാത്രമേ കഴിയൂ. *സൂര്യനുദിക്കുന്ന ദിക്കിൽ നിന്ന് ഉയർന്നുവരുന്ന ദൂതൻ* രക്ഷയുടെ സൂചന നല്കുന്നു. രക്ഷകൻ കിഴക്കുനിന്നു വരും എന്ന ബൈബിൾ സങ്കല്പമാണ് ഇതിന്റെ പശ്ചാത്തലം (ബാറൂക്ക് 4,36; ഉൽപ 2,8; ലൂക്കാ 1,78). ദൈവം തടഞ്ഞുനിർത്തിയിരിക്കുന്നതിനാലാണ് അന്തിമശിക്ഷ ഇനിയും നടപ്പാകാത്തത്. *മുദ്രകുത്തിത്തീരുവോളം* എന്ന സമയപരിധിക്ക് വെളി 6,11-ൽ കണ്ട അല്പസമയത്തോടു സാമ്യമുണ്ട്. പ്രപഞ്ചശക്തികൾ ദൈവത്തിന്റെ കല്പനയാണ് അനുസരിക്കുന്നതെന്ന സത്യം ഒരിക്കൽകൂടി ഈ വാക്യം ആവർത്തിച്ചുറപ്പിക്കുന്നു.

**7,4** മുദ്രിതരുടെ സംഖ്യ വാച്യാർത്ഥത്തിലല്ല എടുക്കേണ്ടത് എന്ന കാര്യത്തിൽ അധികമാർക്കും സംശയമില്ല. 144,000 പേർ മാത്രമേ രക്ഷപ്രാപിക്കൂ എന്ന അഭിപ്രായത്തിന് യാതൊരു സാധ്യതയുമില്ല. പന്ത്രണ്ട് എന്ന പൂർണ്ണസംഖ്യയെ അതേ സംഖ്യകൊണ്ടുതന്നെ ഗുണിച്ചതിനെ വീണ്ടും ആയിരം ഇരട്ടിയായി വർദ്ധിപ്പിക്കുമ്പോൾ കിട്ടുന്ന സംഖ്യയാണിത്. ദൈവം സംരക്ഷണം നല്കുന്നവരുടെ എണ്ണത്തെ പരിമിതപ്പെടുത്തുകയല്ല, ദൈവജനത്തിന്റെ പൂർണ്ണതയെ സൂചിപ്പിക്കുകയാണ് ഈ സംഖ്യാസങ്കേതത്തിന്റെ ലക്ഷ്യം. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽനിന്നും പന്തീരായിരം പേർ വീതം മുദ്രിതരായി എന്നു പറയുന്നതിൽനിന്ന് ഇതു വ്യക്തമാണ്. എന്നാൽ



ആരാണിവർ?

ഇസ്രായേൽ ജനത്തിൽ രക്ഷപ്രാപിക്കുന്നവരെയാണ് ഇതു സൂചിപ്പിക്കുന്നതെന്നു കരുതുന്നവരുണ്ട്. പന്ത്രണ്ടു ഗോത്രങ്ങളുടെയും പേർ എടുത്തുപറയുന്നതിൽ നിന്നാണ് ഈ നിഗമനം. എന്നാൽ തങ്ങളാണ് യഥാർത്ഥ ഇസ്രായേൽ എന്ന് ആദിമക്രൈസ്തവർ അവകാശപ്പെടുന്നു എന്ന വസ്തുത ഇവിടെ ശ്രദ്ധേയമത്രെ. വി.പൗലോസിന്റെ ലേഖനങ്ങളിൽ ഇത് പ്രത്യേകം ഊന്നിപ്പറയുന്നുണ്ട് (റോമാ 2,28-29; 9,6-7; ഗലാ 6,16) "വിജാതീയരുടെ ഇടയിൽ ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്ക്' (യാക്കോ 1,1) ലേഖനം എഴുതുമ്പോൾ വി. യാക്കോബും ഇതേ ആശയമാണ് അവതരിപ്പിക്കുന്നത്. അതിനാൽ മുദ്രിതരായ 144,000 പേർ യഥാർത്ഥ ഇസ്രായേലായ സഭയെ പ്രതിനിധാനം ചെയ്യുന്നു എന്ന് അനുമാനിക്കാം.

ആസന്നമായിരിക്കുന്ന ദുരിതങ്ങളിൽ പ്രത്യേക സംരക്ഷണം നല്കുന്നതിനുവേണ്ടിയാണ് അവരുടെ നെറ്റിത്തടത്തിൽ മുദ്രപതിച്ചത്. മരണത്തിലൂടെ വിജയം വരിച്ചവരല്ല, ഭൂമിയിൽ ജീവിക്കുന്നവരാണ് അവർ. നിത്യഭാഗ്യത്തിനർഹരായവരുടെ ചിത്രം തുടർന്നു വരച്ചുകാട്ടുന്നുണ്ട്. അതിനാൽ ക്രിസ്തുവിനു സാക്ഷ്യം വഹിച്ചുകൊണ്ട് ഭൂമിയിൽ എക്കാലത്തും ജീവിക്കുന്ന സഭയെയാണ് ഈ സംഖ്യ സൂചിപ്പിക്കുന്നത്.

**7,5-8** ഗോത്രങ്ങളുടെ പട്ടികയിൽ രണ്ടു കാര്യങ്ങൾ ശ്രദ്ധയർഹിക്കുന്നു. 1. യാക്കോബിന്റെ ആദ്യപുത്രനായ റൂബനു പകരം യൂദായാണ് പട്ടികയിൽ ഒന്നാമതായി നില്ക്കുന്നത്. മിശിഹാ യൂദാഗോത്രത്തിൽനിന്നു വന്നതിനാൽ ആ ഗോത്രത്തിനു മുൻഗണന നല്കിയിരിക്കുന്നു. 2. പട്ടികയിൽ ദാനിന്റെ പേരില്ല. പകരം ജോസഫിന്റെ മകനായ മനാസ്സെയുടെ പേർ നല്കിയിരിക്കുന്നു. പഴയനിയമത്തിൽ പലപ്പോഴും (ഉൽപ 49,17; ന്യായാ 18,30; 1 രാജാ 12,29) ദാൻ നല്ല വെളിച്ചത്തിലല്ല പ്രത്യക്ഷപ്പെടുന്നത്. അന്തിക്രിസ്തു ദാൻ ഗോത്രത്തിൽനിന്നു വരും എന്ന വിശ്വാസം യഹൂദരുടെ ഇടയിൽ നിലവിലിരുന്നു. ജറെ 8,16 ഈ വിശ്വാസത്തിന് അടിത്തറപാകി. അതിനാലായിരിക്കണം മുദ്രിതരുടെ പട്ടികയിൽനിന്ന് ദാൻ പുറന്തള്ളപ്പെടുന്നത്.

## 5. വിജയഗീതം 7,9 12

9. ഇതിനുശേഷം ഞാൻ കണ്ടു: ഇതാ എണ്ണിത്തിട്ടപ്പെടുത്താൻ ആർക്കും സാധി
ക്കാത്ത ഒരു വലിയ ജനക്കൂട്ടം. അവർ സകല രാജ്യങ്ങളിലും ഗോത്രങ്ങളിലും
ജനപദങ്ങളിലും ഭാഷകളിലും നിന്നുള്ളവർ. അവർ വെള്ളയങ്കിയണിഞ്ഞു
കൈകളിൽ കുരുത്തോലയുമായി സിംഹാസനത്തിനു മുമ്പിലും കുഞ്ഞാടിന്റെ
10. മുമ്പിലും നില്ക്കുന്നു. വലിയ സ്വരത്തിൽ അവർ ഇങ്ങനെ വിളിച്ചു പറയുന്നു:
സിംഹാസനാരൂഢനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും പക്ക

11. ലാണു രക്ഷ, ദൂതന്മാരെല്ലാം സിംഹാസനത്തിനും ശ്രേഷ്ഠന്മാരും നാലു ജീവി
കൾക്കും ചുറ്റും നിന്നു. അവർ സിംഹാസനത്തിനു മുമ്പിൽ കമിഴ്ന്നു വീണ്
12. ദൈവത്തെ ആരാധിച്ചുകൊണ്ടു പറഞ്ഞു: ആമ്മേൻ. നമ്മുടെ ദൈവത്തിനു
സ്തുതിയും മഹത്വവും ജ്ഞാനവും കൃതജ്ഞതയും ബഹുമാനവും ശക്തി
യും ബലവും എന്നേക്കുമുണ്ടായിരിക്കട്ടെ. ആമ്മേൻ.

സംരക്ഷണമുദ്ര പതിച്ചു കഴിയുമ്പോൾ സ്വാഭാവികമായും ശിക്ഷാവിധിയാണു നാം പ്രതീക്ഷിക്കുക. എന്നാൽ ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കു തിരിഞ്ഞ് യുഗാന്തത്തിനും അപ്പുറത്തു സംഭവിക്കാനിരിക്കുന്ന സൗഭാഗ്യത്തിലേക്കാണ് ഗ്രന്ഥകാരൻ ശ്രദ്ധ ക്ഷണിക്കുന്നത്. ആസന്നമായിരിക്കുന്ന ഭീകരപരീക്ഷണങ്ങളിൽ വിശ്വാസികൾക്കു ശക്തി പകരുന്ന മനോഹരദൃശ്യമാണിത്. നിത്യസൗഭാഗ്യവുമായി തുലനം ചെയ്യുമ്പോൾ തങ്ങൾ ഇപ്പോൾ കൊടുക്കേണ്ടിവരുന്ന വില തുലോം തുച്ഛമാണെന്ന് ഈ ദർശനം വിശ്വാസികളെ ബോധ്യപ്പെടുത്തുന്നു.

**7,9** മാനവചരിത്രം അതിന്റെ പൂർണ്ണതയിൽ എത്തുമ്പോൾ പ്രത്യക്ഷമാകുന്ന വിജയംനേടിയ സഭയുടെ ചിത്രമാണ് ഒരു മുന്നാസ്വാദനമെന്നപോലെ ഇവിടെ അവതരിപ്പിക്കുന്നത്. *രാജ്യങ്ങൾ*, *ഗോത്രങ്ങൾ*, *ജനപദങ്ങൾ, ഭാഷകൾ* എന്ന നാലു ഘടകങ്ങൾ പൂർണ്ണതയെ സൂചിപ്പിക്കുന്നു. എല്ലാ കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലും ജീവിച്ചിരുന്നവർ നിത്യഭാഗ്യത്തിൽ പങ്കുചേരുന്ന ദൃശ്യമാണിത്. സ്വർഗ്ഗവാസികളുടെ വേഷമാണ് വെള്ളയങ്കി (മർക്കോ 16,5). ദൈവത്തിന്റെ വിശുദ്ധിയിൽ അവർ പങ്കുചേരുന്നു. *കുരുത്തോല* വിജയാഹ്ലാദത്തെ സൂചിപ്പിക്കുന്നു.

**7,20** വിജയികളുടെ കീർത്തനം അവസാനമില്ലാത്തതാണ്. ഇതു സൂചിപ്പിക്കാൻവേണ്ടി വിളിച്ചു പറയുന്നു എന്ന ക്രിയയുടെ വർത്തമാനകാലം ഉപയോഗിച്ചിരിക്കുന്നു. മനുഷ്യസൃഷ്ടി അതിന്റെ ലക്ഷ്യത്തിലെത്തിക്കഴിഞ്ഞു. ഇനി ദൈവസന്നിധിയിലുള്ള നിരന്തരമായ സ്തുതികീർത്തനമാണ്. ദൈവത്തിന്റെ സമയം നിത്യതയുടെ നിമിഷമായതിനാൽ വർത്തമാനകാലം മാത്രമേയുള്ളു. തങ്ങൾക്കു ലഭിച്ച രക്ഷ ദൈവത്തിന്റെയും അവിടുത്തെ പുത്രനായ ക്രിസ്തുവിന്റെയും ദാനമാണ് എന്ന് അവർ ആർത്തുവിളിക്കുന്നു. നന്ദിയും വിനയവും സന്തോഷവും ഒരുമിച്ചു പ്രകടമാക്കുന്നതാണ് ഈ ആർപ്പുവിളി. ദൈവം മാത്രമാണ് രക്ഷകൻ. തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെയാണ് ദൈവം രക്ഷ നല്കുന്നത്. മറ്റാരിലും രക്ഷയില്ല (അപ്പ 4,12) എന്ന അപ്പസ്തോല പ്രഘോഷണത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ കീർത്തനം.

**7,11-12** സ്വർഗ്ഗത്തിന്റെ പൂർണ്ണചിത്രം ഇവിടെ പ്രത്യക്ഷമാകുന്നു. സിംഹാസനത്തിനുചുറ്റും നില്ക്കുന്ന ദൂതന്മാർ സ്വർഗ്ഗീയദർശനത്തിൽ (5,11)



കണ്ടവർ തന്നെയാണ്. ഇവിടെ അവർ കമിഴ്ന്നുവീണ് ദൈവത്തെ ആരാധിക്കുന്നു എന്ന വ്യത്യാസമുണ്ട്. സ്വർഗ്ഗത്തിൽ പ്രവേശിച്ച ദൈവജനത്തിന്റെ വിജയകീർത്തനത്തെ അംഗീകരിച്ചുകൊണ്ട് അവർ തങ്ങളുടേതായ സ്തുതിഗീതം ആലപിക്കുന്നു. ആദ്യത്തെ *ആമ്മേൻ*, വിജയികളുടെ കീർത്തനത്തെ ദൂതന്മാർ ശരിവയ്ക്കുന്നതിന്റെ സൂചനയാണ്. അവസാനത്തെ *ആമ്മേൻ* ദൈവദൂതകീർത്തനത്തിന്റെ സമാപനവും. കീർത്തനങ്ങളും ആമ്മേൻ എന്ന ഉദ്ഘോഷവും ദർശനത്തിന് ഒരു ലിറ്റർജിയുടെ നിറം പകരുന്നു. ഈ കീർത്തനത്തിലെ എല്ലാ വിശേഷണങ്ങളും സ്വർഗ്ഗീയാരാധനയുടെ ദൃശ്യത്തിൽ (5,9-14) കണ്ടതാണ്.

## 6. ജേതാക്കൾ 7,13-17

13. ശ്രേഷ്ഠന്മാരിലൊരുവൻ എന്നോടു ചോദിച്ചു: വെള്ളയങ്കിയണിഞ്ഞ ഇവർ
14. ആരാണ്, ഇവർ എവിടെനിന്നു വരുന്നു? ഞാൻ മറുപടി പറഞ്ഞു: പ്രഭോ,
അങ്ങേയ്ക്കറിയാമല്ലോ. അപ്പോൾ അവൻ പറഞ്ഞു: ഇവരാണ് വലിയ
ഞെരുക്കത്തിൽ നിന്ന് വരുന്നവർ. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ
15. അങ്കികൾ കഴുകി വെളുപ്പിച്ചവർ. അതുകൊണ്ട് ഇവർ ദൈവത്തിന്റെ സിംഹാ
സനത്തിനു മുമ്പിൽ നില്ക്കുകയും അവിടുത്തെ ആലയത്തിൽ രാപകൽ
അവിടുത്തെ ആരാധിക്കുകയും ചെയ്യുന്നു. സിംഹാസനസ്ഥൻ തന്റെ സാന്നി
16. ധ്യത്തിന്റെ കൂടാരത്തിൽ അവർക്ക് അഭയം നല്കും. ഇനിയൊരിക്കലും
അവർക്കു വിശക്കുകയോ ദാഹിക്കുകയോ ഇല്ല. വെയിലോ ചൂടോ അവരുടെ
17. മേൽ പതിക്കുകയില്ല. എന്തെന്നാൽ സിംഹാസനമധ്യത്തിലിരിക്കുന്ന കുഞ്ഞാട്
അവരെ മേയിക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്കു നയിക്കുകയും
ചെയ്യും. ദൈവം അവരുടെ കണ്ണുകളിൽനിന്നു കണ്ണീരെല്ലാം തുടച്ചു നീക്കും.

**7,13-14** ആദ്യത്തെ സ്വർഗ്ഗ ദർശനത്തിലെന്നതുപോലെ (5,5) ഒരു ശ്രേഷ്ഠൻ ഇവിടെയും ദർശനത്തിന്റെ അർത്ഥം വിശദീകരിക്കുന്നു. ചോദ്യോത്തരരൂപത്തിൽ ദർശനങ്ങൾക്കു വിശദീകരണം നല്കുക അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിന്റെ ഒരു പ്രത്യേകതയാണ് (സഖ 4,5; 5,6). *വലിയ ഞെരുക്കം* എന്നതുകൊണ്ട് യുഗാന്തത്തിലെ വലിയ പരീക്ഷണമാണ് (വെളി 3,10) മുഖ്യമായും വിവക്ഷിക്കുക. എന്നാൽ ക്രിസ്തുവിനോടു വിശ്വസ്തത പുലർത്താൻ വേണ്ടി വിശ്വാസികൾ സഹിക്കേണ്ടിവരുന്ന സകല ത്യാഗങ്ങളും ഇതിൽപെടുന്നു എന്ന് ന്യായമായും അനുമാനിക്കാം. യുഗാന്തത്തിൽ ജീവിച്ചിരിക്കുന്ന തലമുറ മാത്രമല്ല, രക്ഷ പ്രാപിച്ച ദൈവജനം മുഴുവനുമാണ് ദൈവസന്നിധിയിൽ നില്ക്കുന്നത്.

*കുഞ്ഞാടിന്റെ രക്തത്തിൽ വസ്ത്രം കഴുകി വെളുപ്പിച്ചവർ* എന്ന പ്രയോഗം ഒരു വിരോധാഭാസമായി തോന്നാം. വീണ്ടും പ്രതീകാത്മകമായ ഭാഷയാണ് ഗ്രന്ഥകാരൻ ഉപയോഗിക്കുന്നത്. പാപമോചനത്തിലൂടെ ലഭിച്ച

വിശുദ്ധിയുടെയും പുതിയ അസ്തിത്വത്തിന്റെയും സൂചനയാണ് വെള്ളവസ്ത്രം. ഇവിടെ രണ്ടു കാര്യങ്ങൾ ശ്രദ്ധയർഹിക്കുന്നു. 1. കുഞ്ഞാടിന്റെ രക്തം വഴിയാണ് പാപമോചനം ലഭ്യമാകുന്നത്. കുരിശിൽ ചിന്തിയ രക്തത്താൽ യേശുക്രിസ്തു മനുഷ്യരുടെ പാപക്കറകൾ കഴുകിക്കളഞ്ഞു എന്ന വിശ്വാസം പുതിയ നിയമത്തിൽ അനേകം പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട് (1 യോഹ 1,7; റോമാ 3,25; 5,9; എഫേ 1,7; 1 പത്രോ 1,19). 2. ഈ വിശുദ്ധീകരണം ഓരോരുത്തരം സ്വതന്ത്രമായി സ്വീകരിക്കേണ്ടതാണ്. സ്വന്തം വസ്ത്രം കഴുകി വെളുപ്പിച്ചവരാണ് ദൈവസന്നിധിയിൽ നില്ക്കുക. മാമ്മോദീസായിൽ ലഭിച്ച വെള്ളവസ്ത്രം കറ പുരളാതെ കാത്തുസൂക്ഷിക്കാനും, വീണ്ടും പാപത്തിനധീനരായാൽ മാനസാന്തരവും പാപസങ്കീർത്തനവും വഴി വിശുദ്ധി വീണ്ടെടുക്കാനും ഉള്ള ഉത്തരവാദിത്വത്തെക്കുറിച്ച് അനുസ്മരിപ്പിക്കുന്നതാണ് ഈ വാക്യം. കുദാശകളിലൂടെയെല്ലാം പ്രവഹിക്കുന്നത് കുഞ്ഞാടിന്റെ രക്തത്തിന്റെ വിശുദ്ധീകരണ ശക്തിയത്രേ.

**7.15** കുരിശിലെ ബലിയിൽനിന്നു ലഭിച്ച പാപമോചനവും വിശുദ്ധീകരണവും ദൈവസന്നിധിയിൽ നില്ക്കാൻ അവരെ പ്രാപ്തരാക്കുന്നു. സ്വർഗ്ഗം തന്നെയാണ് ദൈവാലയം. *രാപകൽ* എന്ന പ്രയോഗത്തിന് അവിരാമം എന്നേ അർത്ഥമുള്ളു. തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം പേർ മാത്രമാണ് ഭൂമിയിലെ ദൈവാലയത്തിൽ പുരോഹിത ശുശ്രൂഷയർപ്പിക്കുന്നത്. എന്നാൽ സ്വർഗ്ഗീയ ദൈവാലയത്തിൽ സകല ജനതകളും സ്തുതിഗീതങ്ങളാലപിച്ചുകൊണ്ട് ദൈവസന്നിധിയിൽ പുരോഹിതശുശ്രൂഷയർപ്പിക്കുന്നു.

ദൈവം തന്റെ ജനത്തിനു നല്കുന്ന സംരക്ഷണത്തിന്റെ അതിമനോഹരമായ പ്രതീകമാണ് സാന്നിധ്യത്തിന്റെ കൂടാരം. *അവർക്കു മുകളിൽ തന്റെ കൂടാരം വിരിക്കും* എന്നാണ് വാച്യാർത്ഥം. വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രാമധ്യേ അഗ്നിത്തൂണിലും മേഘസ്തംഭത്തിലും (പുറ 13,21-22) ദൈവം തന്റെ സാന്നിധ്യം ഇസ്രായേൽ ജനത്തിനു വെളിപ്പെടുത്തിയതിന്റെ സജീവസ്മരണയുണർത്തുന്നതാണ് ഈ ചിത്രം. കൂടാരം വിരിക്കുകയെന്നാൽ വാസമുറപ്പിക്കുക എന്നാണ് അർത്ഥമാക്കുക. സമാഗമ കൂടാരത്തിൽ ദൈവത്തിന്റെ സാന്നിധ്യം നിറഞ്ഞുനിന്നു (പുറ 40,34-38). സോളമൻ നിർമ്മിച്ച ദേവാലയത്തിൽ ദൈവം വാസമുറപ്പിച്ചു. (1 രാജാ 8,10-11). ദൈവം തന്റെ ജനത്തിന്റെ മധ്യേ വീണ്ടും വാസമുറപ്പിക്കും എന്ന് പ്രവാചകന്മാരിലൂടെ വാഗ്ദാനം ചെയ്തിട്ടുണ്ട് (എസെ 37,27). ദൈവപുത്രന്റെ മനുഷ്യാവതാരം ദൈവം മനുഷ്യരുടെ മധ്യേ കൂടാരമടിക്കുന്നതായാണ് നാലാം സുവിശേഷകൻ വ്യാഖ്യാനിക്കുന്നത് (യോഹ 1,14). തന്റെ കല്പന പാലിക്കുന്നവരിൽ താനും തന്റെ പിതാവും വാസമുറപ്പിക്കും എന്ന് യേശു വാഗ്ദാനം ചെയ്തു (യോഹ 14,23). ഈ പ്രതീകങ്ങളുടെയും വാഗ്ദാനങ്ങളുടെയും എല്ലാം



പൂർത്തീകരണമാണ് സ്വർഗ്ഗത്തിലെ കൂടാരം. ദൈവം ഒരു കൂടാരവിരിയെന്നപോലെ തന്റെ ജനത്തെ പൊതിഞ്ഞു സംരക്ഷിക്കുന്ന ഹൃദയഹാരിയായ ചിത്രം ഇവിടെ തെളിയുന്നു.

**7,16** ബാബിലോണിൽ നിന്നുള്ള മോചനത്തെ വിവരിക്കാനായി ഏശയ്യാ ഉപയോഗിച്ച പ്രതീകങ്ങളുടെ വെളിച്ചത്തിലാണ് യോഹന്നാൻ നിത്യഭാഗത്തെ ചിത്രീകരിക്കുന്നത് (ഏശ 49,10). മനുഷ്യാത്മാവിന്റെ അത്യഗാധമായ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്താൻ ദൈവത്തിനു മാത്രമേ കഴിയൂ (സങ്കീ 42,1-2; 63,1). യേശു വാഗ്ദാനം ചെയ്ത ഈ സംതൃപ്തി (ലൂക്കാ 6,21; യോഹ 6,35) ദൈവത്തിന്റെ കൂടാരത്തിൽ പൂർത്തിയാകുന്നു.

**7,17** ദൈവവും ജനവും തമ്മിലുള്ള ബന്ധത്തെ ഇടയന്റെയും അജഗണത്തിന്റെയും പ്രതീകത്തിലൂടെ അവതരിപ്പിക്കുന്ന ബൈബിൾ ഭാഗങ്ങൾ ഏറെയുണ്ട്. ദൈവം തന്നെ തന്റെ ജനത്തിന് ഇടയനായിരിക്കും (ഏശ 40,11; എസെ 34,11-22) എന്ന വാഗ്ദാനം യേശുവിൽ നിറവേറി (യോഹ 10,11). നല്ല ഇടയന്റെയും കുഞ്ഞാടിന്റെയും പ്രതീകങ്ങൾ ഉരുക്കിച്ചേർത്ത ഈ ചിത്രം യേശുവിലൂടെ ലഭ്യമാകുന്ന രക്ഷയുടെ ഏറ്റം മനോഹരമായ വർണ്ണനായാണ്. ദൈവം തന്നെയാണ് *ജീവജലത്തിന്റെ ഉറവ* (ജറെ 2,13). ദൈവികസാന്നിധ്യമാണ് മനുഷ്യന്റെ സകല ദുഃഖങ്ങൾക്കും അറുതി വരുത്തുന്നത്. കുരിശിൽ സ്വയം ബലിയർപ്പിച്ച ദൈവപുത്രൻ തന്റെ വിശ്വസ്തരെ ദൈവിക സന്നിധാനത്തിലേക്കും നിത്യസൗഭാഗ്യത്തിലേക്കും നയിക്കും. ദൈവം കണ്ണീർ തുടച്ചുമാറ്റുന്ന ചിത്രം ഗ്രന്ഥകാരൻ വീണ്ടും അവതരിപ്പിക്കുന്നുണ്ട് (വെളി 21,4). അനശ്വരമായ നിത്യഭാഗ്യത്തിലേക്കുള്ള ഈ എത്തിനോട്ടം ഭൂമിയിൽ പീഡകൾ സഹിക്കുന്ന ദൈവജനത്തിന് പ്രത്യാശയും ശക്തിയും പ്രദാനം ചെയ്യുന്നു.

## 7. ഏഴാം മുദ്ര 8,1

> 8.1. അവൻ ഏഴാമത്തെ മുദ്ര തുറന്നപ്പോൾ സ്വർഗ്ഗത്തിൽ അരമണിക്കൂറോളം നിശ്ശബ്ദതയുണ്ടായി.

ദീർഘമായ ഇടവേളയ്ക്കുശേഷം ഗ്രന്ഥകാരൻ വീണ്ടും ചുരുളിലേയ്ക്കു ശ്രദ്ധ തിരിക്കുന്നു. ലോകത്തിന്റെ വിധി നിർണ്ണയം അറിയാൻ കാത്തിരിക്കുന്നവരുടെ ആകാംക്ഷ അതിന്റെ ഉച്ചകോടിയിൽ എത്തിനില്ക്കുമ്പോഴാണ് കുഞ്ഞാട് ഏഴാം മുദ്ര തുറക്കുന്നത്. എന്നാൽ മുദ്ര തുറക്കുമ്പോൾ പ്രതീക്ഷിച്ചിരുന്ന യാതൊന്നും സംഭവിക്കുന്നില്ല. മാത്രമല്ല, സകല പ്രവർത്തനങ്ങളും പൊടുന്നനെ നിലയ്ക്കുന്നു. ഏകദേശം അരമണിക്കൂർ നീണ്ടുനില്ക്കുന്ന ഈ നിശ്ശബ്ദത പ്രപഞ്ചനാടകത്തിന്റെ വീർപ്പുമുട്ടിക്കുന്ന ഒരു മുഹൂർത്തമാണ്. എന്താണ് സംഭവിക്കാൻ പോകുന്നത് എന്നറിയാനുള്ള

ആകാംക്ഷ പ്രക്ഷകരിൽ അസഹനീയമായ പിരിമുറുക്കം സൃഷ്ടിക്കുന്നു. വരാൻ പോകുന്നതിന്റെ ഭീകരത വർദ്ധിപ്പിക്കുന്നതാണ് ഈ നിശ്ശബ്ദത. ചരിത്രത്തിന്റെ നിയന്താവായ ദൈവത്തിന്റെ വിധി നിർണ്ണയത്തിനു മുമ്പിൽ സൃഷ്ടപ്രപഞ്ചം മുഴുവൻ ശ്വാസമടക്കി കാത്തുനില്ക്കുന്ന ഈ ചിത്രം പഴയനിയമത്തിലെ പല വിവരണങ്ങളുടെയും സ്മരണകൾ ഉണർത്തുന്നതാണ് (ഹബ 2,20; സെഫ 1,7-8; സഖ 2,13; സങ്കീ 46,9).

കൊടിയ യാതനകൾക്കു മധ്യത്തിലും പ്രാർത്ഥനകൾക്ക് ഉത്തരം കിട്ടാതെ വരുമ്പോഴുള്ള ദുഃഖവും സംഭ്രവും ഈ നിശ്ശബ്ദതയിൽ പ്രകടമാകുന്നുണ്ട്. എന്നാൽ ദൈവസന്നിധിയിലെ നിശ്ശബ്ദത നിഷ്ക്രിയത്വമല്ല. അവിടുന്ന് ചരിത്രത്തിൽ ഇടപെട്ട് പ്രാർത്ഥനകൾക്കുത്തരം നല്കും എന്ന് തുടർന്നുള്ള വിവരണങ്ങൾ വ്യക്തമാക്കുന്നു. ഏഴാം മുദ്ര തുറക്കുമ്പോഴുണ്ടാകുന്ന നിശ്ശബ്ദത അടുത്തസംഭവപരമ്പരകൾക്കു തുടക്കം കുറിക്കുകയാണ്. മുദ്രകളുടെ സപ്തഗണവും അടുത്തുവരുന്ന കാഹളങ്ങളുടെ സപ്തഗണവും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് ഈ നിശബ്ദത.

B B B B B



# 6 ഏഴു കാഹളങ്ങൾ 8,2-11,19

കഴിഞ്ഞ അധ്യായത്തിൽ കണ്ട മുദ്രകളുടെ സപ്തഗണത്തോട് ഘടനയിലും ഉള്ളടക്കത്തിലും സാമ്യമുള്ളതാണ് തുടർന്നുവരുന്ന കാഹളങ്ങളുടെ സപ്തഗണം. യുഗാന്തത്തെ സംബന്ധിച്ച വിവരണമാണ് രണ്ടു ഗണങ്ങളും നല്കുന്നത്. മുദ്രകളുമായി ബന്ധപ്പെട്ട മഹാമാരികൾ ആദ്യം മനുഷ്യരേയും പിന്നെ പ്രപഞ്ചത്തേയും ബാധിച്ചപ്പോൾ കാഹളങ്ങളുമായി ബന്ധപ്പെട്ടവ ആദ്യം പ്രപഞ്ചത്തേയും തുടർന്ന് മനുഷ്യരേയും ബാധിക്കുന്നു. തിന്മയുടെ ഉന്മൂലനത്തിലേക്കു നയിക്കുന്ന സംഭവപരമ്പരകൾ കൂടുതൽ തീവ്രവും ഭീകരവുമായിത്തീരുന്നു. മുദ്രകൾ ഭൂമിയുടെ നാലിലൊന്നിനെ നശിപ്പിച്ചപ്പോൾ കാഹളങ്ങൾ മൂന്നിലൊന്നിനെ നശിപ്പിക്കുന്നു. ആദ്യത്തെ മഹാമാരികൾക്ക് മനുഷ്യരും പ്രപഞ്ചശക്തികളും കാരണക്കാരായിരുന്നെങ്കിൽ ഇവിടെ കയറൂരിവിട്ട പൈശാചികശക്തികൾ നാശം കൂടുതൽ ഭീകരമാക്കുന്നു.

ഏഴാം മുദ്ര തുറന്നപ്പോൾ ഉണ്ടായ നിശ്ശബ്ദതയ്ക്കുശഷം കാഹളമേന്തിയ ഏഴു ദൂതന്മാർ പ്രത്യക്ഷപ്പെടുന്നു. എന്നാൽ അവരുടെ പ്രവർത്തനങ്ങൾ വിവരിക്കുന്നതിനുമുമ്പേ സ്വർഗ്ഗീയാരാധയുടെ ഒരു ചിത്രമാണ് അവതരിപ്പിക്കുന്നത്. വിശുദ്ധരുടെ പ്രാർത്ഥനയ്ക്കു മറുപടിയെന്നോണം മഹാമാരികൾ ഭൂമിയുടെമേൽ പതിക്കുന്നു. ആദ്യത്തെ നാലുകാഹളങ്ങളുമായി ബന്ധപ്പെട്ട മഹാമാരികൾ തമ്മിൽ ഐകരൂപ്യമുണ്ട്. അവയെല്ലാം ഈജിപ്തിന്റെമേൽ പതിച്ച മഹാമാരികളുടെ (പുറ 7-10) സ്വതന്ത്രമായ അനുരൂപണമാണ്. അഞ്ചും ആറും കാഹളങ്ങൾ പാതാളത്തിൽനിന്നു പൈശാചിക ശക്തികളെ വിളിച്ചുവരുത്തുന്നു. ഏഴാം കാഹളം ഊതുന്നതിനു മുമ്പേ ദീർഘമായൊരു ഇടവേളയിൽ പ്രത്യക്ഷപ്പെടുന്ന രണ്ടു ദൃശ്യങ്ങൾ ആറും ഏഴും മുദ്രകൾക്കു മധ്യേ ഉണ്ടായ ഇടവേളയ്ക്കു സദൃശമാണ്. തന്നെയുമല്ല, ഇവ ഏഴാം കാഹളത്തിനുശേഷം വരുന്ന ദൃശ്യങ്ങളുമായി അഭേദ്യം ബന്ധപ്പെട്ടും ഇരിക്കുന്നു. ***ശൃംഖലീകരണം*** എന്ന ഈ രചനാസങ്കേതത്തെക്കുറിച്ച് ഒന്നാം ഭാഗത്ത് നാം കണ്ടുകഴിഞ്ഞു. ഏഴാം കാഹളം വീണ്ടും ഒരു ഇടവേളയാണ് പ്രദാനം ചെയ്യുന്നത്. ഭൂമിയിൽ അരങ്ങേറുന്ന ശിക്ഷാവിധികളിൽ നിന്ന് ഗ്രന്ഥകാരൻ വീണ്ടും സ്വർഗ്ഗീയാരാധനയിലേക്ക് ശ്രദ്ധ തിരിക്കുന്നു. അങ്ങനെ കാഹളങ്ങളുടെ സപ്തഗണം സ്വർഗ്ഗീയാരാധനയുടെ രണ്ടു ചിത്രീകരണങ്ങൾക്കു മധ്യേ അവതരിപ്പിച്ചുകൊണ്ട് ആരാധനയും ദൈവ

രാജ്യത്തിന്റെ സംസ്ഥാപനവും തമ്മിലുള്ള ബന്ധം അടിവരയിട്ടുറപ്പിക്കുന്നു. തുടർന്നുവരുന്ന ക്രോധത്തിന്റെ പാത്രങ്ങളുടെ സപ്തഗണത്തോടും (വെളി 15,5-16,21) ഈ ഭാഗം ഘടനാപരമായി ബന്ധപ്പെട്ടിരിക്കുന്നു. കാഹളങ്ങൾ വിളിച്ചുവരുത്തുന്ന നാശങ്ങൾ തുടങ്ങുന്നതിനു മുമ്പേ ഉണ്ടാകുന്ന പ്രതിഭാസങ്ങൾ (വെളി 8,5) അതേവാക്കുകളിൽത്തന്നെ ഏഴാംപാത്രം ഒഴിക്കുമ്പോഴും വിവരിക്കുന്നു (16,18). ഇതാ തീർന്നു (16,1) എന്ന പ്രഖ്യാപനം ശിക്ഷാവിധിയുടെ പൂർത്തീകരണത്തെയാണ് സൂചിപ്പിക്കുക. ഒന്നാം മുദ്ര തുറന്നപ്പോൾ ആരംഭിച്ച മഹാമാരികൾ ഏഴാംപാത്രം ഒഴിക്കുമ്പോഴാണ് പൂർത്തിയാവുക. അങ്ങിനെ മൂന്നു സപ്തഗണങ്ങളും ഒരേ ശിക്ഷാവിധിയുടെ വിവിധ ചിത്രങ്ങളായി അവതരിപ്പിക്കപ്പെടുന്നു. ഈ മഹാമാരികളെല്ലാം ചിത്രീകരിക്കാൻ പുറപ്പാടു സംഭവത്തിൽനിന്ന് അനേകം പ്രതീകങ്ങൾ കടമെടുത്തിട്ടുണ്ട്.

## 1. കാഹളമേന്തിയ ഏഴു ദൂതന്മാർ 8,2

8.2 ദൈവസന്നിധിയിൽ ഏഴു ദൂതന്മാർ നില്ക്കുന്നതു ഞാൻ കണ്ടു. അവർക്ക് ഏഴു കാഹളങ്ങൾ നല്കപ്പെട്ടു.

4-5 അധ്യായങ്ങളിൽ അവതരിപ്പിച്ച സ്വർഗ്ഗീയസദസ്സ് തന്നെയാണ് ഇവിടെയും വേദിയായി വിവക്ഷിക്കുന്നത്. *ഏഴു ദൂതന്മാർ* എന്ന പ്രയോഗം പഴയനിയമത്തിലും (തോബി 12,15) യഹൂദപാരമ്പര്യത്തിലും പ്രകടമാകുന്ന ഏഴു മുഖ്യദൂതന്മാരെക്കുറിച്ചുള്ള വിശ്വാസത്തെ അനുസ്മരിപ്പിക്കുന്നു. ദൈവികസാന്നിധ്യത്തെയും (പുറ 19,16) ആസന്നമായിരിക്കുന്ന ശിക്ഷാവിധിയെയും (സഖ 9,14; മത്താ 24,31; 1 കോറി 15,52-53; 1 തെസ്സ 4,16) വിളിച്ചറിയിക്കുന്ന പ്രതീകങ്ങളായിട്ടാണ് ബൈബിൾ സ്വർഗ്ഗീയകാഹളങ്ങളെ അവതരിപ്പിക്കുന്നത്. സംഭവിക്കാൻ പോകുന്നവ ശിക്ഷാവിധിയാണെന്നും ദൈവമാണ് അവയെ നിയന്ത്രിക്കുന്നതെന്നും *ദൂതന്മാർക്കു കാഹളം നല്കപ്പെട്ടു* എന്നതിലൂടെ സൂചിപ്പിക്കുന്നു. മുദ്രിതമായ ചുരുളിന്റെ ഉള്ളടക്കം വെളിപ്പെടാൻ തുടങ്ങുകയായി.

## 2. പ്രാർത്ഥനയും ധൂപവും 8,3-5

3. മറ്റൊരു ദൂതൻ സ്വർണ്ണംകൊണ്ടുള്ള ഒരു ധൂപകലശവുമായി ബലിപീഠത്തിനു
മുമ്പിൽ വന്നുനിന്നു. സിംഹാസനത്തിന്റെ മുമ്പിലുള്ള സ്വർണ്ണ ബലിപീഠത്തി
ന്മേൽ എല്ലാ വിശുദ്ധരുടെയും പ്രാർത്ഥനയോടൊപ്പം അർപ്പിക്കാനായി ധാരാളം
4 പരിമളദ്രവ്യം അവനു നല്കപ്പെട്ടു. ദൂതന്റെ കൈയിൽനിന്നു പരിമളദ്രവ്യങ്ങ
ളുടെ ധൂപം വിശുദ്ധരുടെ പ്രാർത്ഥനകളോടൊപ്പം ദൈവസന്നിധിയിലേക്ക്
5. ഉയർന്നു. ദൂതൻ ധൂപകലശം എടുത്തു ബലിപീഠത്തിലെ അഗ്നികൊണ്ടു നി
റച്ച് ഭൂമിയിലേക്കെറിഞ്ഞു. അപ്പോൾ ഇടിമുഴക്കങ്ങളും ഉച്ചഘോഷങ്ങളും
മിന്നൽപ്പിണരുകളും ഭൂമികുലുക്കവും ഉണ്ടായി.



8,3-4 ദൂതന്മാർക്കു കാഹളം നല്കുന്നതും (8,2) അവരുടെ പ്രവർത്തനം ആരംഭിക്കുന്നതും (8,6) ആയ ദൃശ്യങ്ങൾക്ക് ഇടയിൽ തിരുകിയിരിക്കുന്ന ഈ ചിത്രം ശിക്ഷാവിധിയുടെ മുന്നേറ്റത്തെ തടഞ്ഞുനിർത്തുന്ന ഇടവേളയെന്നോണമാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇത് സപ്തമുദ്രകളെയും സപ്തകാഹളങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുകയും ചെയ്യുന്നു. അഞ്ചാം മുദ്ര തുറന്നപ്പോൾ കണ്ടതാണ് ഈ ബലിപീഠം (6,9). മുദ്രകളുടെ ഭാഗത്തു കേട്ട രക്തസാക്ഷികളുടെ നിലവിളിയോട് (6,10) സാമ്യമുള്ളതാണ് ഇവിടെ ഉയരുന്ന വിശുദ്ധരുടെ പ്രാർത്ഥന. 5,8-ൽ വിശുദ്ധരുടെ പ്രാർത്ഥനതന്നെ പരിമളദ്രവ്യമായി ചിത്രീകരിച്ചു. ഇവിടെയാകട്ടെ വിശുദ്ധരുടെ പ്രാർത്ഥനയോട് ദൈവദൂതൻ പരിമളദ്രവ്യം കലർത്തുന്നു.

ഭൂമിയിൽവച്ച് പ്രാർത്ഥിക്കുന്ന മനുഷ്യൻ തനിച്ചല്ല എന്നും ദൈവദൂതന്മാർ ആ പ്രാർത്ഥനയിൽ പങ്കുചേർന്ന് അതിനെ ദൈവത്തിനു സ്വീകാര്യമാക്കുന്നു എന്നുമുള്ള വിശ്വാസമാണ് പ്രാർത്ഥനയോടൊപ്പം പരിമളദ്രവ്യം കലർത്തുന്ന ചിത്രം സൂചിപ്പിക്കുന്നത്. ദൈവം തന്നെ ആഗ്രഹിക്കുന്നതും നിശ്ചയിച്ചതുമാണ് മാലാഖമാരുടെ ഈ മാധ്യസ്ഥ്യം എന്നു കാണിക്കാനാണ് പരിമളദ്രവ്യം നല്കപ്പെട്ടു എന്നു പറയുന്നത്. ബലിപീഠത്തിൽനിന്ന് സുഗന്ധപൂരിതമായി ദൈവസന്നിധിയിലേക്കുയരുന്ന പ്രാർത്ഥന ദൈവത്തിനു സ്വീകാര്യമായ ബലിയാണ്. മൃഗങ്ങളോ വസ്തുക്കളോ മാത്രമല്ല, പ്രാർത്ഥനയും ബലിയായി സ്വീകരിക്കപ്പെടുന്നു (സങ്കീ 141,2). ഇത് അർപ്പിക്കാൻ ആർക്കും സാധിക്കും.

8,5 അഞ്ചാം മുദ്ര തുറന്നപ്പോൾ കേട്ട രക്തസാക്ഷികളുടെ നിലവിളിക്കു ദൈവം നല്കിയ ഉത്തരം അല്പം കൂടി കാത്തിരിക്കാനായിരുന്നു (6,11). എന്നാൽ ഇവിടെ പ്രാർത്ഥനയ്ക്കു മറുപടിയെന്നോണം ശിക്ഷാവിധി ആരംഭിക്കുകയായി എന്ന സൂചനയാണ് ലഭിക്കുന്നത്. ദൂതന്റെ പ്രവർ ത്തനം ചിത്രീകരിക്കുന്നതിൽ എസെ 10,2-7 ന്റെ സ്വാധീനം കാണാം. ഭൂമിയിലേക്ക് അഗ്നിയെറിയുന്നത് ശിക്ഷാവിധിയുടെ തുടക്കം കുറിക്കുന്നു. ആ ദ്യത്തെ മൂന്നു കാഹളങ്ങൾ മുഴക്കുമ്പോൾ ഉണ്ടാകുന്ന മഹാമാരികളിൽ അഗ്നി പ്രത്യക്ഷപ്പെടുന്നുണ്ട്. ബലിപീഠത്തിൽ നിന്നെടുത്ത് ഭൂമിയിലേക്കെറിയുന്ന അഗ്നിയുമായി അഭേദ്യം ബന്ധപ്പെട്ടതാണ് ഈ മഹാമാരികൾ എന്നും വിശുദ്ധരുടെ പ്രാർത്ഥന യുഗാന്തത്തെ ത്വരിതപ്പെടുത്തുന്നു എന്നും ഉള്ള സൂചനയാണ് ഇതിൽനിന്നു ലഭിക്കുന്നത്. ഇടിമുഴക്കങ്ങളും ഭൂമികുലുക്കവും വിധി പ്രഖ്യാപിക്കാൻ വരുന്ന ദൈവത്തിന്റെ സാന്നിധ്യം വിളിച്ചറിയിക്കുന്നു. (സങ്കീ 96,9; 97,3-4). ഏഴാം കാഹളം മുഴക്കിക്കഴിയുമ്പോഴും ഇതേ പ്രതിഭാസങ്ങൾ (11,19) വിവരിച്ചുകൊണ്ട് ഏഴുകാഹളങ്ങളും തമ്മിലുള്ള ബന്ധം ഘടനാപരമായി ഉറപ്പിക്കുന്നു.

## 3. ആദ്യത്തെ നാലു കാഹളങ്ങൾ (8,6-12)

6. ഏഴുകാഹളങ്ങൾ പിടിച്ചിരുന്ന ഏഴു ദൂതന്മാർ അവ ഊതാൻ തയ്യാറായി ഒന്നാമൻ
7. കാഹളം മുഴക്കി. അപ്പോൾ രക്തം കലർന്ന കന്മഴയും തീയും ഭൂമിയിൽ പതിച്ചു. ഭൂമിയുടെ മൂന്നിലൊരു ഭാഗം കത്തിപ്പോയി. വൃക്ഷങ്ങളിൽ മൂന്നി
8. ലൊന്നും കത്തിപ്പോയി; പച്ചപ്പുല്ലു മുഴുവനും കത്തിപ്പോയി. രണ്ടാമത്തെ ദൂതൻ കാഹളം മുഴക്കി. കത്തിയെരിയുന്ന വലിയ മലപോലെ എന്തോ ഒന്ന് കടലിലേക്ക് എറിയപ്പെട്ടു. അപ്പോൾ കടലിന്റെ മൂന്നിലൊന്നു രക്തമായി.
9. കടലിലെ ജീവജാലങ്ങളിൽ മൂന്നിലൊന്നു ചത്തുപോയി. മൂന്നിലൊരു
10. ഭാഗം കപ്പലുകളും നശിപ്പിക്കപ്പെട്ടു. മൂന്നാമത്തെ ദൂതൻ കാഹളം മുഴക്കി. അപ്പോൾ പന്തംപോലെ കത്തുന്ന ഒരു വലിയ നക്ഷത്രം ആകാശത്തുനിന്ന് അടർന്ന് നദികളുടെ മൂന്നിലൊന്നിൻ മേലും നീരുറവകളിൻമേലും പതിച്ചു.
11. ആ നക്ഷത്രത്തിന്റെ പേരു തിക്തകം. അതു വീണപ്പോൾ ജലത്തിന്റെ മൂന്നി ലൊന്നു തിക്തകമായി. ഈ ജലത്താൽ അനേകം പേർ മൃതിയടഞ്ഞു. കാരണം
12. അതു കയ്പുള്ളതാക്കപ്പെട്ടിരുന്നു. നാലാമത്തെ ദൂതൻ കാഹളം മുഴക്കി. അപ്പോൾ സൂര്യന്റെ മൂന്നിലൊന്നും ചന്ദ്രന്റെ മൂന്നിലൊന്നും നക്ഷത്രങ്ങളുടെ മൂന്നിലൊന്നും തകർക്കപ്പെട്ടു. തന്മൂലം അവയുടെ മൂന്നിലൊന്ന് ഇരുണ്ടുപോ യി. പകലിന്റെ മൂന്നിലൊന്നും ഇരുണ്ടുപോയി. അതുപോലെ തന്നെ രാത്രി യുടെ മൂന്നിലൊന്നും.

8,6-12 ആദ്യത്തെ നാലു മുദ്രകൾ എന്നതുപോലെ തന്നെ ആദ്യത്തെ നാലു കാഹളങ്ങളും ഒറ്റ യൂണിറ്റായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അവ മൂലമുണ്ടാകുന്ന മഹാമാരികൾ ഒന്നിനു പിറകേ ഒന്നായി അതിവേഗം കട ന്നുവരുന്നു. കരയും ജലവും ആകാശഗോളങ്ങളും ആണ് ഈ നാലു കാഹ ളങ്ങൾ വഴി പ്രഹരിക്കപ്പെടുന്നത്. ജലത്തെ ഉപ്പുവെള്ളവും ശുദ്ധജലവു മായി വേർതിരിച്ചു കാണുന്നു. പ്രകൃതിശക്തികൾ പ്രപഞ്ചത്തിൽ വരുത്തുന്ന നാശനഷ്ടങ്ങളെ അപ്പോകലിപ്റ്റിക് ശൈലിയിൽ, പ്രതീകാത്മകമായി അവ തരിപ്പിക്കുന്നതാണ് ഈ മഹാമാരികൾ എന്ന കാര്യം വിസ്മരിക്കാവതല്ല.

ഈ മഹാമാരികളെല്ലാം ഈജിപ്തിന്റെമേൽ പതിച്ച മഹാമാരികളെ അനുസ്മരിപ്പിക്കുന്നതാണ് (പുറ 7,14-25; 9,24; 10,21-33). മനുഷ്യന്റെ പാപം മൂലം സൃഷ്ടപ്രപഞ്ചം ശിക്ഷിക്കപ്പെടുന്ന ചിത്രം പ്രവാചകന്മാർ വരച്ചുകാ ട്ടിയിട്ടുണ്ട് (ഹോസി 4,3; സെഫ 1,3). *തിക്തകം* എന്നതുകൊണ്ടു വിവക്ഷി ക്കുന്നത് കയ്പുള്ള വിഷച്ചെടിയാണ്. കാഞ്ഞിരം എന്നും ഇതിനെ വിവർത്തനം ചെയ്യാം. "ഞാൻ അവരെ കാഞ്ഞിരം തീറ്റും, വിഷം കുടി പ്പിക്കും" (ജറെ 9,15) എന്ന പ്രവചനത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ മഹാമാരി. മരുഭൂമിയിൽ വച്ച് കയ്പുള്ള ജലത്തെ ദൈവം മധുരമാക്കി (പുറ 15,22-25). ഇവിടെ മറിച്ചാണു സംഭവിക്കുക. ആകാശഗോളങ്ങൾ ശിക്ഷാവി ധേയമാകുന്ന ദൃശ്യം ആറാം മുദ്രയുമായി ബന്ധപ്പെടുത്തി അവതരിപ്പി



ച്ചതാണ് (വെളി 6,12-13).

ഈ മഹാമാരികളെല്ലാം സൃഷ്ടപ്രപഞ്ചത്തിന്റെ മൂന്നിലൊന്നിനെ ബാധിക്കുന്നു എന്നു പറയുന്നതിലൂടെ ശിക്ഷാവിധിയുടെ കാഠിന്യവും അതോടൊപ്പം പരിമിതിയും വ്യക്തമാക്കുന്നു. ഈജിപ്തിലെ മഹാമാരിക ളുമായുള്ള സാമ്യം പുറപ്പാടു സംഭവവുമായി ഇവയെ ബന്ധപ്പെടുത്തുന്നു. ഫറവോയുടെ അടിമത്തത്തിൽനിന്ന് ഇസ്രയേൽക്കാരെ മോചിപ്പിക്കാൻ വേണ്ടിയാണ് അന്നു മഹാമാരികൾ അയച്ചത്. അവ കൂടുതൽ രൂക്ഷമായി ഇവിടെ അവതരിപ്പിച്ചുകൊണ്ട് പീഡിതമായ ദൈവജനത്തിന്റെ മോചനം ആസന്നമായിരിക്കുന്നു എന്ന് സൂചിപ്പിക്കുന്നു.

മഹാമാരികളുടെ വിവരണത്തിൽ പഴയനിയമത്തിന്റെയും അപ്പോക ലിപ്റ്റിക് ഗ്രന്ഥങ്ങളുടെയും സ്വാധീനത്തിനു പുറമേ ആനുകാലിക സംഭവ ങ്ങളുടെ സൂചനയും കാണാവുന്നതാണ്. അഗ്നിപർവ്വതത്തിന്റെ പൊട്ടിത്തെ റിയ്ക്കലുമായി ബന്ധപ്പെട്ടതാണ് പച്ചയായതിനെയെല്ലാം ദഹിപ്പിക്കുന്ന തീമ ഴ. അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്ന ചുവന്ന ധൂളിപടലം മഴയോടൊന്നിച്ചു താഴേക്കു വരുമ്പോൾ രക്തവർണ്ണമായി മാറുന്നതും ഒരു സ്വാഭാവിക പ്രതി ഭാസമായി വ്യാഖ്യാനിക്കാറുണ്ട്. കത്തിയെരിയുന്ന മല കടലിൽ പതിച്ചതും അഗ്നിപർവ്വതവുമായി ബന്ധപ്പെട്ടതാവാം, അല്ലെങ്കിൽ ആകാശത്തുനിന്നു പതിക്കുന്ന ഉല്ക്കയാവാം. ഏ.ഡി. 79-ൽ പൊട്ടിത്തെറിച്ച വെസൂവിയസ് അഗ്നിപർവ്വതത്തിൽ നിന്നുയർന്ന കത്തിയെരിയുന്ന ചുവന്ന ധൂളിപടലം പോംപേ നഗരത്തെ മുഴുവൻ മൂടിക്കളയുകയും ഉൾക്കടലിൽ പതിക്കുകയും ചെയ്തത് ഇതിന്റെ ചരിത്രപശ്ചാത്തലമായി പരിഗണിക്കാവുന്നതാണ്. ഈ മഹാമാരികൾക്കു സ്വാഭാവിക വിശദീകരണം നല്കുമ്പോഴും ദൈവശിക്ഷ യായിട്ടാണ് ഗ്രന്ഥകാരൻ ഇവയെ അവതരിപ്പിക്കുന്നത് എന്ന കാര്യം വിസ്മ രിക്കാനാവില്ല. വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ കാണുന്നവർക്ക് പ്രകൃതി യിലെ സംഭവങ്ങളൊന്നും യാദൃശ്ചികങ്ങളായല്ല, മാനസാന്തരത്തിനായി ദൈവം നല്കുന്ന ആഹ്വാനങ്ങളായിട്ടേ കാണാൻ കഴിയൂ.

## 4. കഴുകന്റെ മുന്നറിയിപ്പ് 8,13

13. മധ്യാകാശത്തിൽ പറക്കുന്ന ഒരു കഴുകനെ ഞാൻ കണ്ടു. വലിയ സ്വരത്തിൽ അത് ഇങ്ങനെ വിളിച്ചു പറയുന്നതും കേട്ടു: ഇനിയും കാഹളം മുഴക്കാനിരി ക്കുന്ന മൂന്നു ദൂതന്മാരുടെ കാഹളധ്വനി മൂലം ഭൂവാസികൾക്കു ദുരിതം, ദുരി തം, ദുരിതം !

ഒരു ഇടവേള എന്നവണ്ണമാണ് ഈ ദൃശ്യം അവതരിപ്പിച്ചിരിക്കുന്നത്. ആദ്യത്തെ നാലു മഹാമരികൾ മനുഷ്യനെ പരോക്ഷമായേ ബാധിച്ചുള്ളു. തുടർന്നു വരുന്നവയാകട്ടെ മനുഷ്യന്റെമേൽ അഴിച്ചുവിടപ്പെട്ട പൈശാചിക

പീഡനങ്ങളാണ്. ഇവ രണ്ടിനെയും തമ്മിൽ വേർതിരിക്കാൻ ഈ ഇടവേള സഹായിക്കുന്നു. *മധ്യാകാശം* എന്നത് ആകാശത്തിന്റെ ഏറ്റം ഉയർന്ന ഭാഗമാണ്, സൂര്യൻ നട്ടുച്ചയ്ക്കു എത്തിനില്ക്കുന്ന ഭാഗം. എല്ലാവർക്കും കാണുകയും കേൾക്കുകയും ചെയ്യാവുന്ന വിധത്തിലാണ് കഴുകൻ വിളിച്ചു പറയുന്നത്. *കഴുകൻ* സന്ദേശം വിളിച്ചറിയിക്കുന്നത് അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചു കാണുന്ന ഒരു പ്രതീകമാണ്. ഭൂവാസികൾ എന്ന പ്രയോഗം വെളിപാടുപുസ്തകത്തിൽ ഏഴുതവണ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇവയെല്ലാം ദൈവത്തിനും ദൈവജനത്തിനും എതിരായി നില്ക്കുന്ന മനുഷ്യരെയാണ് സൂചിപ്പിക്കുന്നത്. *ദുരിതം* മൂന്നു തവണ ആവർത്തിക്കുന്നതിലൂടെ ഇനിയും വരാൻ പോകുന്ന ദുരിതങ്ങൾ ഏറ്റം കഠിനമാണെന്നും വിളിച്ചറിയിക്കുന്നു. തന്നെയുമല്ല, ഈ പ്രഖ്യാപനം തുടർന്നു വരാനിരിക്കുന്ന മൂന്നു ദുരിതങ്ങളെ സൂചിപ്പിക്കുന്നതായും കരുതാം. അവയിൽ രണ്ടു ദുരിതങ്ങൾ അഞ്ചും ആറും കാഹളങ്ങൾ വിളിച്ചു വരുത്തുന്നതാണ്. (വെളി 9,12;11,14). മൂന്നാമത്തെ ദുരിതം പൂർത്തിയാവുന്നത് മഹാബാബിലോണിന്റെ മേൽ ദൈവക്രോധത്തിന്റെ പാത്രം ചൊരിയുമ്പോഴാണ് (വെളി 18,10.16.19).

ഈ കഴുകൻ ആരാണെന്ന ചോദ്യത്തിന് കൃത്യമായ മറുപടിയില്ല. ഒരു ദൈവദൂതനായിട്ടല്ല ഇത് ചിത്രീകരിച്ചിരിക്കുന്നത്. പ്രപഞ്ചവസ്തുക്കളിലൂടെ ദൈവം മനുഷ്യനെ തന്റെ സന്ദേശം അറിയിക്കുന്നു എന്ന പൊതുവായ വിശ്വാസമാണ് ഇതിന്റെ പിന്നിലുള്ളത്. ബാലാമിന്റെ കഴുത (സംഖ്യ 22,28-30) ഉദാഹരണമാണ്. ശവമുള്ളിടത്തു കഴുകൻ വരും എന്ന ചൊല്ലിന്റെ വെളിച്ചത്തിൽ (ജോബ് 39,30; മത്താ 24,28). കൂട്ടക്കൊല നടക്കാൻ പോകുന്നു എന്ന് സൂചന ലഭിക്കുന്നു.

## 5. അഞ്ചാമത്തെ കാഹളം 9,1-12

1. അഞ്ചാമത്തെ ദൂതൻ കാഹളം മുഴക്കി. ആകാശത്തുനിന്നു ഭൂമിയിലേക്കുവീണ
ഒരു നക്ഷത്രം ഞാൻ കണ്ടു. പാതാളഗർത്തത്തിന്റെ താക്കോൽ അതിനു നല്ക
2. പ്പെട്ടു. അതു പാതാളഗർത്തം തുറന്നു. ഗർത്തത്തിൽനിന്നു വലിയ തീച്ചൂള
യിൽനിന്ന് എന്നപോലെ പുക പൊങ്ങി. ഗർത്തത്തിൽ നിന്നുള്ള പുകകൊണ്ട്
3. സൂര്യനും അന്തരീക്ഷവും ഇരുണ്ടുപോയി. ആ പുകയിൽനിന്നു വെട്ടുക്കിളി
കൾ ഭൂമിയിലേക്കു പുറപ്പെട്ടു വന്നു. ഭൂമിയിലെ തേളുകളുടേതുപോലുള്ള
4. ശക്തി അവയ്ക്കു നല്കപ്പെട്ടു. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനു
ഷ്യരെയല്ലാതെ, ഭൂമിയിലെ പുല്ലിനെയോ പച്ചച്ചെടികളെയോ വൃക്ഷങ്ങളെയോ
5. ഉപദ്രവിക്കരുതെന്ന് അവയോടു കല്പിച്ചു. മനുഷ്യരെ കൊല്ലാനല്ല, അഞ്ചു
മാസം പീഡിപ്പിച്ചു ഞെരുക്കാനാണ് അവയ്ക്ക് അനുവാദം നല്കപ്പെട്ടത്. അവ
6. യുടെ പീഡനമാകട്ടെ തേളുകുത്തുമ്പോഴത്തേതുപോലെ തന്നെ. ആ നാളുക
ളിൽ മനുഷ്യർ മരണത്തെ തേടും; പക്ഷേ, കണ്ടെത്തുകയില്ല. അവർ മരിക്കാ
7. ൻ ആഗ്രഹിക്കും; എന്നാൽ മരണം അവരിൽനിന്ന് ഓടിയകലും. വെട്ടുക്കി



ളികൾ പടക്കോപ്പണിഞ്ഞ കുതിരകൾക്കു സദൃശമായിരുന്നു. അവയുടെ തല
യിൽ സ്വർണ്ണക്കിരീടം പോലെ എന്തോ ഒന്ന്. അവയുടെ മുഖം മനുഷ്യമുഖം
8. പോലെയും. അവയ്ക്കു സ്ത്രീകളുടേതുപോലുള്ള തലമുടി, സിംഹങ്ങളുടേതു
9. പോലുള്ള പല്ലുകൾ. ഇരുമ്പുകവചങ്ങൾ പോലുള്ള കവചങ്ങൾ. അവയുടെ
ചിറകുകളുടെ ശബ്ദം പോർക്കളത്തിലേക്കു പായുന്ന അനേകം അശ്വരഥ
10. ങ്ങളുടെ ശബ്ദം പോലെ. അവയ്ക്കു തേളുകളുടേതുപോലുള്ള വാലും വിഷ
മുള്ളും ഉണ്ടായിരുന്നു. ഈ വാലുകളിൽ അഞ്ചുമാസത്തേക്കു മനുഷ്യരെ
11. പീഡിപ്പിക്കാൻ പോന്ന ശക്തിയുണ്ടായിരുന്നു. പാതാളത്തിന്റെ ദൂതനാണ് അവ
യുടെ രാജാവ്. അവന്റെ പേര് ഹെബ്രായ ഭാഷയിൽ അബദോൻ, ഗ്രീക്കുഭാ
12. ഷയിൽ അപ്പോളിയോൺ. ഒന്നാമത്തെ ദുരിതം കടന്നുപോയി. ഇതാ രണ്ടു
ദുരിതങ്ങൾ കൂടി ഇനിയും വരുന്നു.

9,1-2 അഞ്ചാമത്തെ കാഹളം മുഴക്കുമ്പോൾ ഇതുവരെ കണ്ടതിൽ നിന്നു വ്യത്യസ്തവും കൂടുതൽ ഭയാനകവുമായ ശക്തികൾ മനുഷ്യരുടെ മേൽ അഴിച്ചു വിടപ്പെടുന്നു. *വെട്ടുക്കിളികൾ* മരുഭൂമിയിലെ മണലിനടിയിലാണ് മുട്ടകൾ നിക്ഷേപിക്കുക. മുട്ട വിരിഞ്ഞ് പൂപ്പദശയും കഴിഞ്ഞു പറക്കപറ്റുമ്പോൾ അവ കൂട്ടംകൂട്ടമായി മണലിനടിയിൽനിന്നു പുറത്തു വരുന്നു. ഈ വസ്തുതയ്ക്ക് അപ്പോകലിപ്റ്റിക് ശൈലിയിൽ പൈശാചിക പരിവേഷം നല്കി രചിച്ചതാവാം ഇവിടുത്തെ ചിത്രം.

അവരെ അഴിച്ചുവിടുന്ന *നക്ഷത്രം* പിശാചിന്റെതന്നെ പ്രതീകമാണ്. ആകാശത്തുനിന്നു വീണ നക്ഷത്രം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരുന്ന ദൈവദൂതനല്ല. വീഴ്ച അധഃപതനത്തെ ആണല്ലോ സൂചിപ്പിക്കുന്നത്. അധഃപതിച്ച മാലാഖമാരായ അശുദ്ധാത്മാക്കളെ ദൈവം പാതാളത്തിൽ അടച്ചു പൂട്ടി സൂക്ഷിക്കുന്നുവെന്ന സങ്കല്പം അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ കാണുന്നതാണ് (ഏനോക് 18,12-16; 86,1). ദൈവം തന്റെ പദ്ധതി നടപ്പാക്കാൻ പ്രപഞ്ചശക്തികളെയും പൈശാചിക ശക്തികളെയും ഉപയോഗിക്കുന്നു എന്ന വിശ്വാസമാണ് ഈ ചിത്രത്തിനു പിന്നിലുള്ളത്. *താക്കോൽ നല്കപ്പെട്ടു*; *വെട്ടുക്കിളികളോടു കല്പിച്ചു*; *മനുഷ്യരെ പീഡിപ്പിക്കാൻ അനുവദിച്ചു* (9,4-5); *ദൂതന്മാരെ അഴിച്ചുവിട്ടു* (9,14-15) എന്നിങ്ങനെയുള്ള പരാമർശങ്ങൾ ഇവിടെ സംഭവിക്കുന്നതെല്ലാം ദൈവിക പദ്ധതിയുടെ പൂർത്തീകരണമാണെന്നു സൂചിപ്പിക്കുന്നു.

**9,3-6.** ഈജിപ്തിന്മേൽ പതിച്ച എട്ടാമത്തെ മഹാമാരി വെട്ടുക്കിളികളായിരുന്നു (പുറ 10,4-6). വെട്ടുക്കിളികൾ വരുത്തുന്ന ഭീകരനാശത്തെയും അവയ്ക്കുമുമ്പിൽ മനുഷ്യനുണ്ടാകുന്ന സംഭ്രമത്തെയും ജോയേൽ പ്രവാചകൻ വർണ്ണിക്കുന്നുണ്ട് (ജോയേൽ 1-2). ഈ ബൈബിൾ ഭാഗങ്ങൾ യോഹന്നാന്റെ വിവരണത്തെ സ്വാധീനിച്ചിട്ടുണ്ട്. വെട്ടുക്കിളികൾ പച്ചയായതെല്ലാം തിന്നു നശിപ്പിക്കുന്നു. എന്നാൽ ഇവിടെ അവയുടെ രൂപവും ദൗത്യവും

വ്യത്യസ്തമാണ്. ദൈവത്തെ നിഷേധിക്കുകയും എതിർക്കുകയും ചെയ്യുന്നവർക്കെതിരേ ദൈവം അയയ്ക്കുന്ന പൈശാചിക ശക്തികളാണ് ഇവിടെ വെട്ടുകിളികളുടെ പ്രതീകത്തിലൂടെ ചിത്രീകരിക്കപ്പെടുന്നത്. ഇതും തുടർന്നു വരുന്നതുമായ ശിക്ഷാവിധികൾക്കെതിരേ തന്റെ വിശ്വസ്തർക്കു സംരക്ഷണം നല്കുന്നതിനുവേണ്ടിയാണ് അവരുടെമേൽ ദൈവം മുദ്രപതിച്ചത് (വെളി 7,3).

***അഞ്ചുമാസം*** എന്ന പീഡനകാലം പരിമിതവും ഹ്രസ്വവുമായ ഒരു കാലഘട്ടത്തെ സൂചിപ്പിക്കുന്നു. വെട്ടുക്കിളികളുടെ ആയുർദൈർഘ്യം അഞ്ചുമാസം ആയതിനാലാവണം ഈ കാലപരിധി നിശ്ചയിച്ചിരിക്കുന്നത്. മനുഷ്യരെ കൊല്ലുകയല്ല, പീഡിപ്പിക്കുക മാത്രമാണ് അവയുടെ ദൗത്യം. കഠിനമായ പീഡനം വഴി മാനസാന്തരത്തിനുള്ള അവസരമാണു പ്രദാനം ചെയ്യുക. എന്നാൽ അധർമ്മികൾ അതിനു തയ്യാറാവാതെ മരിക്കാനാണ് ആഗ്രഹിക്കുന്നത്.

**9.7-12** വെട്ടുക്കിളികളുടെ വിവരണത്തിന് ജോയേൽ പ്രവാചകൻ നല്കുന്ന വിവരണത്തോടു സാമ്യമുണ്ട് - സിംഹത്തിന്റേതുപോലുള്ള പല്ലുകൾ (ജോയേൽ 1,6), രഥങ്ങളുടേതു പോലുള്ള ശബ്ദം (ജോയേൽ 2,5). കുതിരകളോടുള്ള സാമ്യം ജോബിന്റെ പുസ്തകത്തിൽ കാണാം (ജോബ് 39,20). വെട്ടുക്കിളികളുടെ മുഖത്തിന് സിംഹത്തിന്റെ മുഖത്തോടു സാമ്യമുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. എണ്ണമറ്റ വെട്ടുക്കിളികൾ പറ്റം ചേർന്നു പറക്കുമ്പോഴുണ്ടാകുന്ന ആരവം തേരുരുളുന്ന ശബ്ദത്തിനു സമാനമാണ്. പൈശാചികമായ വൈരൂപ്യവും ഭീകരതയും പ്രകടമാക്കുന്നതിൽ കവിഞ്ഞ് ഈ വിശദാംശങ്ങൾക്ക് എന്തെങ്കിലും പ്രത്യേക പ്രതീകാത്മകതയുള്ളതായി വ്യഖ്യാതാക്കൾ കരുതുന്നില്ല. ദൈവം നിശ്ചയിച്ച ക്രമം തെറ്റിയ ചിത്രമാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. ആറാംകാഹളം വിളിച്ചുവരുത്തുന്ന കുതിരകളിലും ഇപ്രകാരമുള്ള വൈരൂപ്യവും ഭീകരതയും കാണാം. പാപം പ്രപഞ്ചത്തെ വിരൂപമാക്കുക മാത്രമല്ല പാപിയെ പീഡിപ്പിക്കുകയും അവസാനം നശിപ്പിക്കുകയും ചെയ്യുന്നു എന്ന സത്യവും ഈ ചിത്രത്തിലൂടെ അവതരിപ്പിക്കപ്പെടുന്നുണ്ട്.

രാജാവിനു നല്കിയിരിക്കുന്ന *അബദോൻ* എന്ന ഹെബ്രായ നാമത്തിന്റെ അർത്ഥം നാശം എന്നാണ്, *അപ്പോളിയോൺ* എന്നാൽ നശിപ്പിക്കുന്നവൻ എന്നും. പ്രകാശത്തിന്റെയും ജീവന്റെയും നാഥനായി സൂര്യദേവനായ അപ്പോളോയെ റോമാക്കാർ ആരാധിച്ചിരുന്നു. *അപ്പോളോ* എന്ന പേരിനെ അനുകരിച്ചാവണം *അപ്പോളിയോൺ* എന്ന പേരു നല്കിയിരിക്കുന്നത്. അങ്ങനെയെങ്കിൽ റോമാക്കാരുടെ അന്ധവിശ്വാസത്തിന്റെയും വിഗ്രഹാരാധയുടെയും മൗഢ്യം വെളിവാക്കുന്നതാണ് ഈ പ്രസ്താവന. അവർ



ആരാധിക്കുന്നതു ദൈവത്തെയല്ല, വിനാശം വിതയ്ക്കുന്ന പിശാചിനെയാണ് എന്ന് ഇതു സൂചിപ്പിക്കുന്നു.

## 6. ആറാമത്തെ കാഹളം 9,13-21

13. ആറാമത്തെ ദൂതൻ കാഹളം മുഴക്കി. അപ്പോൾ ദൈവസന്നിധിയിലുള്ള സു
വർണ്ണബലിപീഠത്തിന്റെ നാലു വളർകോണുകളിൽ നിന്ന് ഒരു സ്വരം ഞാൻ
14. കേട്ടു. അതു കാഹളം പിടിച്ചിരിക്കുന്ന ആറാമത്തെ ദൂതനോടു പറഞ്ഞു: യൂഫ്ര
ട്ടീസ് വൻനദിയുടെ കരയിൽ ബന്ധിതരായിക്കഴിയുന്ന നാലുദൂതന്മാരെ അഴി
15. ച്ചുവിടുക. ആ നാലു ദൂതന്മാരും വിമോചിതരായി. അവർ മനുഷ്യരിൽ മൂന്നി
ലൊരു ഭാഗത്തെ കൊന്നൊടുക്കാൻ നിശ്ചയിക്കപ്പെട്ടിരുന്ന മണിക്കൂറിനും ദിവസ
ത്തിനും മാസത്തിനും വർഷത്തിനും വേണ്ടി തയ്യാറാക്കി നിറുത്തിയിരുന്നവരാണ്.
16. ഞാൻ കുതിരപ്പടയുടെ എണ്ണം കേട്ടു: പതിനായിരങ്ങളുടെ ഇരുപതിനായിരം
17. മടങ്ങ്. ഞാൻ ദർശനത്തിൽ കുതിരകളെയും അവയുടെ പുറത്തിരുന്നവരെയും
കണ്ടു. അവർക്കു തീയുടെയും ഇന്ദ്രനീലക്കല്ലിന്റെയും ഗന്ധകത്തിന്റെയും നിറ
മുള്ള കവചങ്ങളുണ്ടായിരുന്നു. കുതിരകളുടെ തലകൾ സിംഹങ്ങളുടെ തലപോ
ലെ; അവയുടെ വായിൽനിന്ന് തീയും പുകയും ഗന്ധകവും പുറപ്പെട്ടിരുന്നു.
18. അവയുടെ വായിൽനിന്ന് പുറപ്പെട്ടിരുന്ന തീ, പുക, ഗന്ധകം എന്നീ മൂന്നു
19. മഹാമാരികൾമൂലം മനുഷ്യരിൽ മൂന്നിലൊരു ഭാഗം കൊല്ലപ്പെട്ടു.ആ കുതിര
കളുടെ ശക്തി വായിലും വാലിലും ആണ്. എന്തെന്നാൽ അവയുടെ വാലു
20. കൾ സർപ്പങ്ങളെപ്പോലെ. അവയ്ക്കു തലകളുണ്ട്. ആ തലകൾ കൊണ്ട്
ഉപദ്രവിക്കുന്നു. ഈ മഹാമാരികൾ മൂലം മനുഷ്യരിൽ കൊല്ലപ്പെടാതെ
അവശേഷിച്ചവർ പിശാചുക്കളെയും, കാണാനോ കേൾക്കാനോ നടക്കാ
നോ കഴിവില്ലാത്തതതും സ്വർണ്ണം, വെള്ളി, പിച്ചള, കല്ല്, തടി എന്നിവ
യാൽ നിർമ്മിക്കപ്പെട്ടതും ആയ വിഗ്രഹങ്ങളെയും ആരാധിക്കാതിരിക്കു
21. ന്നതിനുവേണ്ടി തങ്ങളുടെ കരവേലകളിൽനിന്നു മനസ്സുതിരിഞ്ഞില്ല. തങ്ങ
ളുടെ കൊലപാതകം, മന്ത്രവാദം, വ്യഭിചാരം, മോഷണം എന്നിവയിൽ നിന്നും
അവർ മനസ്സുതിരിഞ്ഞില്ല.

9,13 അഞ്ചും ആറും കാഹളങ്ങളുമായി ബന്ധപ്പെട്ട മഹാമാരികൾ തമ്മിൽ സാമ്യമുണ്ട്. ആറാമത്തേത് കൂടുതൽ ഭീകരമാണ്. ബലിപീഠത്തിന്റെ നാലു കോണുകളിലും കൊമ്പുകൾപോലെ ഉയർന്നുനില്ക്കുന്ന ഭാഗത്തെയാണ് *വളർകോണുകൾ* എന്നു വിളിക്കുന്നത് (പുറ 27,2). ഈ കൊമ്പുകളിൽ ബലിമൃഗത്തിന്റെ രക്തം പുരട്ടും (ലേവ്യർ 4,7). അവയിൽ പിടിച്ചുനില്ക്കുന്നവർക്കു സംരക്ഷണം ലഭിക്കും (പുറ 21,14; 1 രാജാ 2,28). ബലിയർപ്പിക്കപ്പെട്ട രക്തസാക്ഷികളുടെ നിലവിളിയ്ക്കുള്ള പ്രത്യുത്തരമാണ് (വെളി 6,10) ഇപ്പോൾ ബലിപീഠത്തിൽ നിന്നുയരുന്നത്. അതു ദൈവത്തിന്റെ തന്നെ സ്വരമാണ്.

9,14 *ബന്ധിതരായിക്കഴിയുന്ന നാലു ദൂതന്മാർ* ദൈവം തടഞ്ഞുനിറുത്തിയിരിക്കുന്ന പൈശാചികശക്തികളാണ്. ആകാശത്തുനിന്നുവീണ നക്ഷ

ത്രവുമായി (വെളി 9,1) ഇവയ്ക്കു സാമ്യമുണ്ട്. കാറ്റുകളെ തടഞ്ഞുനിറുത്തിയിരുന്ന ദൂതന്മാരിൽനിന്നും (വെളി 7,1) വ്യത്യസ്തരാണിവർ. ഇവർ ആരാണെന്ന് കൃത്യമായി നിർവ്വചിക്കുക സാധ്യമല്ല. യൂഫ്രട്ടിസ് നദിയെക്കുറിച്ചുള്ള പാരമർശം ചില ചരിത്രവസ്തുക്കളിലേക്ക് ശ്രദ്ധ തിരിക്കുന്നു. ഇസ്രായേലിനു ദൈവം വാഗ്ദാനം ചെയ്ത നാടിന്റെ കിഴക്കെ അതിർത്തി യൂഫ്രട്ടിസ് നദിയായിരുന്നു (ഉൽപ 15,18). അതിനും കിഴക്കുള്ളതു വിജാതീയരുടെ ദേശമാണ്. യൂഫ്രട്ടീസിനു കിഴക്കുനിന്നാണ് വൻ സാമ്രാജ്യശക്തികളായ അസ്സീറിയായും ബാബിലോണും ഇസ്രായേലിനെ ആക്രമിച്ചു കീഴടക്കിയത്. പുതിയ നിയമകാലത്ത് റോമാസാമ്രാജ്യത്തിന്റെ കിഴക്കെ അതിർത്തി യൂഫ്രട്ടീസ് നദിയായിരുന്നു. അതിനപ്പുറത്തു പാർത്തിയാക്കാരുടെ നാടാണ്. റോമാക്കാർക്ക് പാർത്തിയൻ സൈന്യത്തോടുണ്ടായിരുന്ന ഭയം നാം കണ്ടുകഴിഞ്ഞു (വെളി 6,2). ആറാംപാത്രവുമായി ബന്ധപ്പെട്ട് ഇവർ വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട് (വെളി 16,12). ഈ ചരിത്രപശ്ചാത്തലത്തിൽ ഭീകരമായൊരു യുദ്ധത്തിന്റെ പൈശാചിക സ്വഭാവം വ്യക്തമാക്കുന്നതാണ് ഈ ദൂതന്മാരും അവർ നയിക്കുന്ന കുതിരപ്പടയും.

**9,15** ദൈവത്തിന്റെ നിശ്ചിത പദ്ധതിയനുസരിച്ചാണ് ലോകചരിത്രം മുന്നോട്ടു നീങ്ങുന്നത് എന്ന് ഈ വാചകം സൂചിപ്പിക്കുന്നു. വെട്ടുക്കിളികൾ മനുഷ്യരെ പീഡിപ്പിച്ചതേയുള്ളു. എന്നാൽ ഈ ദൂതന്മാരും അവർ നയിക്കുന്ന കുതിരപ്പടയും മനുഷ്യരെ കൊല്ലാൻവേണ്ടി അയ്ക്കപ്പെടുകയാണ്. *മൂന്നിൽ ഒരുഭാഗം* എന്ന പരാമർശം കാഹളങ്ങളുമായി ബന്ധപ്പെട്ട മറ്റു മഹാമാരികളിലും കണ്ടതാണ്. *നാല്* എന്ന സംഖ്യ സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ സൂചിപ്പിക്കുന്നതാകയാൽ ഈ *നാലു ദൂതന്മാർ* ഭൂമി മുഴുവനിലും വസിക്കുന്ന മനുഷ്യർക്കെതിരേയാണ് നീങ്ങുന്നത് എന്ന സൂചന ലഭിക്കുന്നു.

**9,16–19** ഇരുപതുകോടി എന്ന കുതിരപ്പടയുടെ എണ്ണം അവയുടെ ഭീകരതയും സംഹാരാശക്തിയും സൂചിപ്പിക്കുന്നു. എണ്ണമറ്റ എന്ന അർത്ഥമാണ് ഈ സംഖ്യയ്ക്കുള്ളത്. കുതിരകളുടെ വിവരണം വെട്ടുക്കിളികളുടേതുപോലെ ഭീകരതയും വൈരൂപ്യവും വെളിവാക്കുന്നതാണ്. ഇവിടെയും വിശദാംശങ്ങൾ ഓരോന്നിനും പ്രത്യേകമായ അർത്ഥമുള്ളതായി വ്യഖ്യാതാക്കൾ കരുതുന്നില്ല. കുതിരകളുടെ വായിൽനിന്നു പുറപ്പെടുന്ന തീയും ഗന്ധകവും ദൈവം അയയ്ക്കുന്ന ശിക്ഷയുടെ (ഉൽപ 19,23–28) പ്രതീകങ്ങളാണ്. തുടർന്നുള്ള വിവരണങ്ങൾ ഇവയുടെ പൈശാചികസ്വഭാവം വ്യക്തമാക്കുന്നു. ജീവന്റെ ദൈവമായി പേഗൻ മതങ്ങൾ ആരാധിച്ചിരുന്ന *സർപ്പം* വെളിപാടു പുസ്തകത്തിൽ സാത്താന്റെതന്നെ പ്രതീകമാണ്.

വായിൽനിന്നു തീ തുപ്പുകയും വാൽകൊണ്ടു പരുക്കേല്പിക്കുകയും ചെയ്യുന്ന ഈ ഭീകരജീവികൾ ടാങ്കും പീരങ്കിയും യുദ്ധക്കപ്പലും പോലുള്ള



ആധുനികയുദ്ധോപകരണങ്ങളുടെ പ്രവചനരൂപത്തിലുള്ളതും പ്രതീകാത്മകവുമായ ചിത്രീകരണമായി കാണുന്നവരുണ്ട്. യുഗാന്തത്തെക്കുറിച്ചു ലഭിച്ച ഉൾക്കാഴ്ച തനിക്കു പരിചിതമായ പ്രതീകത്തിലൂടെ ഏറ്റം ഭയാനകമായി ചിത്രീകരിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത് എന്നതിൽ കവിഞ്ഞ് ഏതെങ്കിലും ഒരു പ്രത്യേക യുദ്ധോപകരണത്തിന്റെ വിവരണമാണ് ഇവിടെ നല്കുന്നത് എന്നു കരുതാനാവില്ല. ഈ വിവരണത്തിലും പഴയനിയമത്തിന്റെ സ്വാധീനമുണ്ട്. ഭീകരജീവിയായി സങ്കല്പിക്കപ്പെടുന്ന മുതലയെക്കുറിച്ച് ജോബിന്റെ പുസ്തകത്തിലെ വിവരണവും (ജോബ് 41,18–21) നാശം വിതയ്ക്കുന്ന കുതിരപ്പടയെക്കുറിച്ചുള്ള പ്രവാചകന്മാരുടെ ചിത്രീകരണവും (ഏശ 5,28; ജറെ 4,13; ഹബ 1,8) പൈശാചികശക്തിയുടെ പ്രതീകമായ സർപ്പത്തിന്റെ ചിത്രവും കൂട്ടിച്ചേർത്തതാണ് കുതിരപ്പടയുടെ ദൃശ്യം. ദൈവം അയയ്ക്കുന്ന യുഗാന്ത ശിക്ഷയാണിത്.

**9,20–21** പടിപടിയായി കാഠിന്യം വർദ്ധിക്കുന്ന മഹാമാരികളുടെ ലക്ഷ്യം വ്യക്തമാക്കുന്നതാണ് ഈ വാക്യങ്ങൾ. *മനസ്സു തിരിഞ്ഞില്ല* എന്ന പ്രസ്താവന പാപത്തിൽ തുടരുന്ന മനുഷ്യന്റെ ഹൃദയകാഠിന്യത്തെ വെളിപ്പെടുത്തുന്നു. മാനസാന്തരത്തിനായി ദൈവം നല്കുന്ന ആഹ്വാനങ്ങളാണ് മേൽ വിവരിച്ച ശിക്ഷകളത്രയും. ഈജിപ്തിലെ ഫറവോയെന്നതുപോലെ ഇവിടെ അധർമ്മികളും ഈ ഭീകരതയെല്ലാം അനുഭവിച്ചിട്ടും മനസ്സുതിരിയാൻ തയ്യാറാവുന്നില്ല. *കരവേലകൾ* എന്നത് ബൈബിളിൽ വിഗ്രഹത്തിന്റെ പര്യായമാണ്. വിഗ്രഹങ്ങളെ ആരാധിക്കുന്നവർ ദൈവത്തെ ഉപേക്ഷിച്ച് പിശാചിനെ ആരാധിക്കുന്നു എന്നും വിഗ്രഹാരാധന മറ്റു സകല തിന്മകളിലേക്കും നയിക്കുന്നു എന്നും ഉള്ള ബൈബിളിന്റെ പൊതുവായ പഠനമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

## 7. തുറന്നചുരുളും പ്രവാചകദൗത്യവും 10,1–11

അധർമ്മികളുടെമേൽ അഴിച്ചുവിടപ്പെട്ട പൈശാചിക പീഡനങ്ങളുടെ ഭീകര ചിത്രത്തിനുശേഷം വിശ്വാസികൾക്കു പ്രത്യാശ നല്കുന്ന മറ്റൊരു ദൃശ്യം ഇവിടെ അവതരിപ്പിക്കുന്നു. ആറും ഏഴും കാഹളങ്ങൾക്കിടയിൽ തിരുകിയ ഇടവേളപോലെയാണ് 10–11 അധ്യായങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ആറും ഏഴും മുദ്രകൾക്കു മധ്യേ കണ്ട ഇടവേളയോട് പ്രത്യക്ഷത്തിൽ ഇതിനു സാമ്യമുണ്ട്. എന്നാൽ അടുത്തുപരിശോധിക്കുമ്പോൾ ഘടനാപരമായി ഈ അധ്യായങ്ങൾക്കു മറ്റൊരു സ്ഥാനമാണുള്ളത് എന്നു കാണാം. അഞ്ചാം അധ്യായത്തിൽ കണ്ട മുദ്രിതമായ ചുരുളിനോടു ബന്ധപ്പെട്ടവയാണ് മുദ്രകൾ, കാഹളങ്ങൾ, പാത്രങ്ങൾ എന്നീ സപ്തഗണങ്ങൾ. മുദ്രിതമായ വലിയ ചുരുൾ പ്രപഞ്ചത്തെ സംബന്ധിച്ച ദൈവികപദ്ധതിയെയാണ് സൂ

ചിപ്പിക്കുന്നത്. എന്നാൽ ഇവിടെ തുറന്ന ഒരു ചെറിയ ചുരുൾ അവതരിപ്പിച്ചുകൊണ്ട് പുതിയൊരു പ്രമേയത്തിനു തുടക്കം കുറിക്കുന്നു. ചുരുൾ ഭക്ഷിക്കാൻ ആവശ്യപ്പെടുന്നതിലൂടെ പുതിയൊരു ദൗത്യം തന്നെ ഏല്പിക്കുന്നതായി വി.ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. 11,15-19 ൽ ഏഴാമത്തെ കാഹളം അവതരിപ്പിച്ചതിനുശേഷം 12,1-15,4 ൽ ഈ പുതിയ പ്രമേയത്തിലേക്കു ഗ്രന്ഥകാരൻ മടങ്ങിവരുന്നു. ഒരുമിച്ചു പോകേണ്ട ഈ ഭാഗങ്ങളെ രണ്ടായിതിരിച്ച് കാഹളങ്ങളുടെ സപ്തഗണവുമായി ബന്ധിച്ചിരിക്കുന്നതിനാൽ വലിയ ചുരുളുമായി അഭേദ്യം ബന്ധപ്പെട്ടതാണ് ചെറിയ ചുരുൾ എന്ന് യോഹന്നാൻ വ്യക്തമാക്കുന്നു. *ശൃംഖലീകരണം* എന്ന രചനാസങ്കേതം ആദ്യഭാഗത്തു നാം കണ്ടതാണ്.

1. മേഘാവൃതനും ശക്തനുമായ വേറൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവ
രുന്നതു ഞാൻ കണ്ടു. അവന്റെ ശിരസ്സിനു മീതെ മഴവില്ല്; മുഖം സൂര്യനെ
2. പ്പോലെ; പാദങ്ങൾ അഗ്നിസ്തംഭങ്ങൾ പോലെയും. അവന്റെ കൈയിൽ
നിവർത്തിയ ചെറിയൊരു ചുരുൾ ഉണ്ടായിരുന്നു. അവൻ വലത്തുകാൽ കട
3. ലിലും ഇടത്തുകാൽ കരയിലും ഉറപ്പിച്ചു. സിംഹഗർജ്ജനംപോലെ വലിയ
4. സ്വരത്തിൽ അവൻ വിളിച്ചുപറഞ്ഞു. അപ്പോൾ ഏഴ് ഇടിനാദങ്ങൾ മുഴങ്ങി.
ആ ഏഴ് ഇടിനാദങ്ങൾ മുഴങ്ങിയപ്പോൾ ഞാൻ എഴുതാൻ ഒരുങ്ങി. അപ്പോൾ
സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരം പറയുന്നതു കേട്ടു: ആ ഏഴ് ഇടിനാദങ്ങൾ പറ
5. ഞ്ഞതു മുദ്രിതമായിരിക്കട്ടെ. അതു രേഖപ്പെടുത്തരുത്. കടലിലും കരയിലും
നിലയുറപ്പിച്ചവനായി ഞാൻ കണ്ട ദൂതൻ വലത്തുകൈ സ്വർഗ്ഗത്തിലേക്കുയർ
6. ത്തി, ആകാശവും അതിലുള്ളവയും, ഭൂമിയും അതിലുള്ളവയും, സമുദ്രവും
അതിലുള്ളവയും സൃഷ്ടിച്ച, നിത്യം ജീവിക്കുന്നവനെക്കൊണ്ട് ആണയിട്ടു;
7. ഇനി കാലവിളംബം ഉണ്ടാവുകയില്ല. ഏഴാമത്തെ ദൂതൻ മുഴക്കാനിരിക്കുന്ന
കാഹളധ്വനിയുടെ ദിവസങ്ങളിൽ തന്റെ ദാസരായ പ്രവാചകന്മാരെ ദൈവം
8. അറിയിച്ച രഹസ്യം നിവർത്തിയാകും. സ്വർഗ്ഗത്തിൽ നിന്നു കേട്ട സ്വരം
വീണ്ടും എന്നോടു പറഞ്ഞു: നീ പോയി കടലിലും കരയിലും നിലയുറപ്പിച്ചി
9. രിക്കുന്ന ദൂതന്റെ കൈയിൽനിന്ന് ആ നിവർത്തിയ ചുരുൾ എടുക്കുക. ഞാൻ
ദൂതന്റെ അടുത്തുചെന്ന് ആ ചെറിയ ചുരുൾ ചോദിച്ചു. അവൻ പറഞ്ഞു :
ഇതെടുത്തു വിഴുങ്ങുക. നിന്റെ ഉദരത്തിൽ ഇതു കയ്പായിരിക്കും. എന്നാൽ
10. വായിൽ തേൻപോലെ മധുരിക്കും. ഞാൻ ദൂതന്റെ കൈയിൽനിന്നു ചുരുൾ
എടുത്തു വിഴുങ്ങി. അത് എന്റെ വായിൽ തേൻപോലെ മധുരിച്ചു. എന്നാ
ൽ വിഴുങ്ങിയപ്പോൾ എന്റെ ഉദരത്തിൽ അതു കയ്പായി മാറി. വീണ്ടും
11. എന്നോടു പറഞ്ഞു. നീ ഇനിയും അനേകം ജനതകളെയും രാജ്യങ്ങളെയും
ഭാഷകളെയും രാജാക്കന്മാരെയും കുറിച്ചു പ്രവചിക്കണം.

**10,1** "ഇങ്ങോട്ടു കയറിവരൂ" (വെളി 4,1) എന്ന ആഹ്വാനം മുതൽ യോഹന്നാൻ സ്വർഗ്ഗത്തിൽ നിന്നു സംഭവങ്ങൾ നിരീക്ഷിക്കുന്ന പ്രതീതിയാണു നല്കിയത്. ഇപ്പോൾ വീണ്ടും ഭൂമിയിൽനിന്നു കാണുന്നതുപോലെ വിവരണങ്ങൾ നല്കുന്നു. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്ന ദൂതൻ ദൈവി



കസാന്നിധ്യത്തിൽ നിന്നാണു വരുന്നത്. അവന്റെ വർണ്ണനയിൽ ദൈവികമായ പല അംശങ്ങളും ഉൾച്ചേർത്തിരിക്കുന്നു. ശിരസ്സിനുമീതെയുള്ള മഴവില്ല് സ്വർഗ്ഗീയ സിംഹാസനത്തിനുചുറ്റും കണ്ടതാണ് (വെളി 4,3). ദൂതന്റെ മുഖവും പാദങ്ങളും മനുഷ്യപുത്രന്റേതിനോടു സാമ്യമുള്ളതാണ് (വെളി 1,15-16). ഈ കാരണങ്ങളാൽ ഈ ദൂതൻ ക്രിസ്തു തന്നെയാണ് എന്ന് ചിലർ കരുതുന്നു. എന്നാൽ ക്രിസ്തുവിനെ ഒരിക്കലും ഒരു ദൂതനായി വെളിപാടു ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നില്ല. ദൈവത്തിന്റെ സന്ദേശവാഹകൻ അവിടുത്തെ മഹത്വത്തിലും ശക്തിയിലും പങ്കുചേരുന്നു എന്ന സൂചനയാണ് ഈ വിവരണങ്ങൾ നല്കുക.

**10,2** ദൂതന്റെ കൈയിലെ ചുരുൾ സിംഹാസനസ്ഥന്റെ കൈയിലെ ചുരുളിൽനിന്നു (വെളി 5,1) വ്യത്യസ്തമാണ്. സിംഹാസനസ്ഥന്റെ കൈയിൽ ഇരുന്നത് അകത്തും പുറത്തും എഴുതിയ വലിയ ചുരുൾ ആയിരുന്നു. അതു മുദ്രവച്ചതുമായിരുന്നു. എന്നാൽ ദൂതന്റെ കൈയിലുള്ളത് ചെറുതും തുറന്നതുമാണ്. ആദ്യത്തേതിനേക്കാൾ പരിമിതമാണ് ഇതിന്റെ ഉള്ളടക്കം എന്ന സൂചനയാണ് ഈ വിശേഷണങ്ങൾ നല്കുന്നത്. ഒരു കാൽ കടലിലും മറ്റേ കാൽ കരയിലുമായി നിലയുറപ്പിച്ചിരിക്കുന്നത് ദൂതന്റെ അസാധാരണമായ വലുപ്പത്തെയും ഒപ്പം അധികാരത്തെയും സൂചിപ്പിക്കുന്നു.

**10,3** ദൂതന്റെ ഭീമാകാരത്തിനു യോജിച്ചതാണ് അവന്റെ വലിയ ശബ്ദം. തന്റെ ശത്രുക്കളുടെമേൽ ശിക്ഷാവിധി നടപ്പാക്കാൻ വരുന്ന ദൈവത്തിന്റെ ശബ്ദമാണ് സിംഹഗർജ്ജനം പോലെ മുഴങ്ങുന്നത് (ഹോസി 11,10; ജോയേൽ 3,16; ആമോ 1,2; 3,8). ഏഴ് ഇടിനാദങ്ങൾ തങ്ങളുടേതായ ശബ്ദത്തിൽ സംസാരിച്ചു എന്നാണ് ഗ്രീക്കുമൂലത്തിന്റെ വാച്യാർത്ഥം. ഇടിനാദങ്ങൾ 29-ാം സങ്കീർത്തനത്തിൽ ഏഴുതവണ ആവർത്തിക്കുന്ന കർത്താവിന്റെ ശക്തമായ സ്വരത്തെ അനുസ്മരിപ്പിക്കുന്നു; ദൈവമാണ് സംസാരിക്കുന്നത് എന്ന് വ്യക്തമാക്കുന്നു.

**10,4** ഇടിനാദങ്ങൾ പറഞ്ഞതു വെളിപ്പെടുത്താനുള്ളതല്ല. രഹസ്യം മുദ്രവച്ചു സൂക്ഷിക്കാനുള്ള കല്പന ദാനിയേലിനു ലഭിച്ച നിർദ്ദേശത്തെ (ദാനി 12,4) അനുസ്മരിപ്പിക്കുന്നു. അവാച്യമായ ദൈവാനുഭൂതിയുണ്ടായ വി. പൗലോസിന്റെ അനുഭവത്തോട് (2 കോറി 12,4) ഇതിനു സാമ്യമുണ്ട്.

**10,5-7** ദൈവത്തെ സാക്ഷിനിർത്തി സത്യം ചെയ്യുന്നു എന്നു സൂചിപ്പിക്കാനാണ് ദൂതൻ വലത്തുകൈ സ്വർഗ്ഗത്തിലേയ്ക്കുയർത്തുന്നത് (ദാനി 12,7). രക്തസാക്ഷികളുടെയും പീഡിതജനത്തിന്റെയും പ്രാർത്ഥന (വെളി 6,10) യ്ക്കുള്ള മറുപടിയാണ് ഇവിടെ നല്കുന്നത്. ഇനി കാലവിളംബം ഉണ്ടാവുകയില്ല എന്ന പ്രഖ്യാപനം പീഡിതരായ വിശ്വാസികൾക്കു പ്രത്യാശ പകരുന്നു.

സൃഷ്ടികർമ്മത്തിൽ ലക്ഷ്യം വയ്ക്കുകയും കുഞ്ഞാടിന്റെ രക്തത്തിലൂടെ സാധ്യമാക്കുകയും ചെയ്ത രക്ഷാപദ്ധതിയാണ് പ്രവാചകന്മാരിലൂടെ ദൈവം അറിയിച്ച രഹസ്യം. ദൈവരാജ്യത്തിന്റെ സംസ്ഥാപനം എന്നും ഇതിനെ വിളിക്കാം. *പ്രവാചകന്മാരെ അറിയിച്ച* എന്നു വിവർത്തനം ചെയ്തിരിക്കുന്നത് *സദ്വാർത്ത അറിയിച്ച* (euaggelizein) എന്നർത്ഥമുള്ള ഗ്രീക്കുപദമാണ്. ശത്രുക്കളുടെമേൽ വിജയം വരിച്ച് ദൈവം തന്റെ ഭരണം സ്ഥാപിക്കുന്നതിനെയാണ് സദ്വാർത്ത അഥവാ സുവിശേഷം ആയി ബൈബിൾ അവതരിപ്പിക്കുന്നത് (ഏശ 40,9; 52,7). യേശു പ്രഘോഷിച്ചതും യേശുവിൽ സാക്ഷാൽക്കരിക്കപ്പെട്ടതുമായ സദ്വാർത്തയും ദൈവഭരണത്തിന്റെ സംസ്ഥാപനമാണ്. ദൈവം തന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കും, എന്തെന്നാൽ അവിടുന്ന് സ്രഷ്ടാവും ജീവന്റെ നാഥനുമാണ്. കാഹളത്തിന്റെ നാളുകളിൽ എന്നല്ലാതെ കൃത്യമായി ഒരു ദിവസമോ മണിക്കൂറോ അതിനായി നിശ്ചയിക്കുന്നില്ല.

**10,8-10** എസെക്കിയേലിന്റെ ദൗത്യദർശനവുമായി (എസെ 2,8-3,3) ഈ വിവരണത്തിന് അടുത്ത സാമ്യമുണ്ട്. യോഹന്നാനെ വീണ്ടും ഒരു പ്രവാചകദൗത്യം ഏല്പിക്കുന്നതാണ് ഈ ദർശനം എന്നതിൽ സംശയമില്ല. ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്നവനാണ് പ്രവാചകൻ. പ്രഘോഷിക്കുന്നതിനുമുമ്പേ വചനം സ്വീകരിച്ച് സ്വന്തമാക്കണം എന്ന് സ്വർഗ്ഗത്തിൽനിന്നു കേട്ടതും ദൂതൻ ആവർത്തിച്ചതുമായ "എടുത്തു ഭക്ഷിക്കുക" എന്ന കല്പന അനുശാസിക്കുന്നു.

യോഹന്നാനു ലഭിച്ച ചുരുൾ നിവർത്തിയതാണെങ്കിലും എന്താണ് അതിൽ എഴുതിയിരിക്കുന്നതെന്നു പറയുന്നില്ല. വായിൽ മധുരവും ഉദരത്തിൽ കയ്പും ഉളവാക്കുന്നതിനാൽ ചുരുളിന്റെ ഉള്ളടക്കം ഒരേ സമയം സന്തോഷവും ദുഃഖവും പ്രദാനം ചെയ്യുന്നതാണെന്ന് ഊഹിക്കാം. ദൈവരാജ്യത്തിന്റെ സംസ്ഥാപനം ആസന്നമായിരിക്കുന്നു എന്നതാണ് സന്തോഷകരമായ വാർത്ത. എന്നാൽ ഇത് വിശ്വാസികളെ സംബന്ധിച്ചിടത്തോളം വലിയ പീഡനത്തിലൂടെ മാത്രമേ സാക്ഷാത്ക്കരിക്കപ്പെടുകയുള്ളു എന്നതാണ് ദുഃഖകാരണം. തുടർന്നു വിവരിക്കുന്ന രണ്ടു സാക്ഷികളുടെ അനുഭവം ഈ രണ്ടു പ്രതികരണങ്ങളുടെയും കാരണം വിശദമാക്കുന്നുണ്ട്. എന്നാൽ ഇതു മാത്രമല്ല ചുരുളിന്റെ ഉള്ളടക്കം. ഏഴാം കാഹളം മുഴക്കിക്കഴിയുമ്പോൾ കടന്നുവരുന്ന ദൃശ്യങ്ങൾ - സ്ത്രീയും സർപ്പവും മൃഗങ്ങളും (വെളി 12,1-15,4) തുറന്ന ചുരുളിന്റെ ഉള്ളടക്കമായിത്തന്നെ പരിഗണിക്കണം. ചുരുക്കത്തിൽ, സഭയെ സംബന്ധിക്കുന്ന ദൈവികപദ്ധതിയാണ് തുറന്ന ചെറിയ ചുരുളിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് അനുമാനിക്കാം.



*നീ ഇനിയും പ്രവചിക്കണം:* ഒഴിഞ്ഞുമാറാനാവാത്ത ദൈവിക ദൗത്യമാണിത്. പ്രവാചകദൗത്യം കയ്പേറിയ അനുഭവമായിത്തീരുന്നതിന് ബൈബിളിൽ ഉദാഹരണങ്ങൾ ഏറെയുണ്ട് (ആമോ 7,12; ജറെ 15,10-21; 20,8-9; 26,9-11; എസെ 3,14; മർക്കോ 6,17-29). ഇപ്രകാരം ഒരനുഭവം ആയിരിക്കാം ചുരുൾ വിഴുങ്ങിയപ്പോൾ ഉദരത്തിൽ കയ്പായി മാറി എന്നു പറയുന്നതുകൊണ്ട് യോഹന്നാൻ അർത്ഥമാക്കുന്നത്.

## B. രണ്ടു സാക്ഷികൾ 11,1-14

1. ദണ്ഡുപോലുള്ള ഒരു മുഴക്കോൽ എനിക്കു നൽകപ്പെട്ടു. എന്നോട് ഇങ്ങനെ
പറയുകയും ചെയ്തു: നീ എഴുന്നേറ്റ് ദൈവത്തിന്റെ ആലയത്തെയും ബലി
2. പീഠത്തെയും അവിടെ ആരാധിക്കുന്നവരെയും അളക്കുക. ദേവാലയത്തിന്റെ
മുറ്റം അളക്കേണ്ടാ. കാരണം, അതു ജനതകൾക്കു നല്കപ്പെട്ടതാണ്. നാല്പ
3. ത്തിരണ്ടു മാസം അവർ വിശുദ്ധനഗരത്തെ ചവുട്ടി മെതിക്കും. ചാക്കുടുത്ത്
ആയിരത്തിയിരുനൂറ്റിയറുപതു ദിവസം പ്രവചിക്കാൻ ഞാൻ എന്റെ രണ്ടു
4. സാക്ഷികളെ ചുമതലപ്പെടുത്തും. അവർ ഭൂമിയുടെ നാഥന്റെ മുമ്പിൽ നില്
5. ക്കുന്ന രണ്ട് ഒലിവുമരങ്ങളും രണ്ട് ദീപപീഠങ്ങളും ആണ്. ആരെങ്കിലും
അവരെ ഉപദ്രവിക്കാൻ ഇച്ഛിച്ചാൽ അവരുടെ വായിൽ നിന്ന് അഗ്നി പുറപ്പെട്ട്
ശത്രുക്കളെ ദഹിപ്പിച്ചുകളയും. അവരെ ഉപദ്രവിക്കാൻ പുറപ്പെടുന്നവർ ഇങ്ങനെ
6. കൊല്ലപ്പെടണം. തങ്ങളുടെ പ്രവചന ദിവസങ്ങളിൽ മഴപെയ്യാതിരിക്കാൻവേണ്ടി
ആകാശം അടയ്ക്കാനുള്ള അധികാരം അവർക്കുണ്ട്. ജലാശയങ്ങളെ രക്ത
മാക്കി മാറ്റാനും ആഗ്രഹിക്കുമ്പോഴൊക്കെ സകല മഹാമാരികളുംകൊണ്ടു
7. ഭൂമിയെ പ്രഹരിക്കാനും അവർക്കധികാരമുണ്ട്. അവർ തങ്ങളുടെ സാക്ഷ്യം
നിറവേറ്റിക്കഴിയുമ്പോൾ പാതാളത്തിൽനിന്നു കയറി വരുന്ന മൃഗം അവരോടു
8. യുദ്ധം ചെയ്ത് അവരെ കീഴടക്കി കൊല്ലും. സോദോം എന്നും ഈജിപ്ത്
എന്നും പ്രതീകാർത്ഥത്തിൽ വിളിക്കുന്ന മഹാനഗരത്തിന്റെ തെരുവിൽ അവ
രുടെ മൃതദേഹം കിടക്കും. അവിടെ വച്ചാണ് അവരുടെ നാഥൻ ക്രൂശിക്കപ്പെട്ടത്.
9. ജനതകളിലും ഗോത്രങ്ങളിലും ഭാഷകളിലും രാജ്യങ്ങളിലും നിന്നുള്ളവർ
മൂന്നര ദിവസം അവരുടെ മൃതദേഹങ്ങൾ നോക്കിനില്ക്കും. മൃതദേഹങ്ങൾ
10. സംസ്കരിക്കാൻ അവർ അനുവദിക്കുകയില്ല. ഭൂവാസികൾ അവരെക്കുറിച്ചു
സന്തോഷിക്കും; ആഹ്ലാദം പ്രകടിപ്പിച്ച് അവർ അന്യോന്യം സമ്മാനങ്ങൾ
കൈമാറും. കാരണം, ഇവരാണ് ഭൂമിയിൽ വസിക്കുന്നവരെ പീഡിപ്പിച്ചിരുന്ന
11. രണ്ടു പ്രവാചകന്മാർ. മൂന്നര ദിവസത്തിനുശേഷം ദൈവത്തിൽ നിന്നുള്ള
ജീവാത്മാവ് അവരിൽ പ്രവേശിച്ചു. അവർ എഴുന്നേറ്റു നിന്നു. അവരെ നോക്കി
12. നിന്നവർ വല്ലാതെ ഭയപ്പെട്ടു. സ്വർഗ്ഗത്തിൽ നിന്ന് ഒരു വലിയ സ്വരം തങ്ങളോട്
ഇങ്ങനെ പറയുന്നത് അവർ കേട്ടു: ഇങ്ങോട്ടു കയറി വരുവിൻ. അപ്പോൾ ശത്രു
ക്കൾ നോക്കിനില്ക്കെ അവർ ഒരു മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി.
13. ആ മണിക്കൂറിൽ വലിയ ഭൂകമ്പമുണ്ടായി. പട്ടണത്തിന്റെ പത്തിലൊന്നു
നിലം പതിച്ചു. ഭൂകമ്പത്തിൽ മനുഷ്യരിൽ ഏഴായിരംപേർ കൊല്ലപ്പെട്ടു.
ശേഷിച്ചവർ ഭയവിഹ്വലരായി, സ്വർഗ്ഗസ്ഥനായ ദൈവത്തെ മഹത്വപ്പെടുത്തി.

14. രണ്ടാമത്തെ ദുരിതം കടന്നുപോയി. ഇതാ മൂന്നാമത്തെ ദുരിതം വേഗം വരുന്നു.

**11,1** യോഹന്നാനെ വീണ്ടും ഒരു ദൗത്യം ഏല്പിച്ചു കൊണ്ടാണ് ഈ ഭാഗം ആരംഭിക്കുന്നത്. ചുരുൾ വിഴുങ്ങിയതുപോലെ തന്നെ ഒരു പ്രതീകാത്മ പ്രവൃത്തിയുടെ ആത്മീയാനുഭവമാണ് മുഴക്കോൽ സ്വീകരിക്കുന്നതും ദൈവാലയത്തെ അളക്കുന്നതും. അളക്കുന്നത് സംരക്ഷണം വാഗ്ദാനം ചെയ്യുന്നതിന്റെ പ്രതീകമായി മനസ്സിലാക്കണം. വെളി 7,1-8 ൽ കണ്ട സംരക്ഷണമുദ്രയുടെ സ്ഥാനമാണ് ഇതിനുള്ളത്.

ഏ.ഡി. 70-ൽ നശിപ്പിക്കപ്പെട്ട ജറുസലെം ദേവാലയം കാൽ നൂറ്റാണ്ടിനുശേഷം ഗ്രന്ഥമെഴുതുന്ന യോഹന്നാന് അളക്കാൻ സാധിക്കുകയില്ല. അതിനാൽ ഇവിടെ ദേവാലയം പ്രതീകമായി നിലകൊള്ളുന്നു എന്ന് അനുമാനിക്കാം. ക്രിസ്തുവിന്റെ സഭയെ ദേവാലയമായി ചിത്രീകരിക്കുന്ന അനേകം പുതിയ നിയമ ഭാഗങ്ങളുണ്ട് (1 കോറി 3,16-17; എഫേ 2,19-22; 1 പത്രോ 2,5). ഈ പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ സഭയ്ക്ക് സംരക്ഷണം വാഗ്ദാനം ചെയ്യുന്നതാണ് ദേവാലയം അളക്കൽ എന്നു കരുതുന്നതിൽ തെറ്റില്ല.

**11,2** ദേവാലയത്തിനു മുൻപിൽ സ്തൂപങ്ങളാലും കമാനങ്ങളാലും വലയിതമായ, വിജാതീയർക്കു പ്രവേശനം അനുവദിച്ചിരുന്ന അങ്കണമാണ് ദേവാലയത്തിന്റെ മുറ്റം എന്ന് ഇവിടെ വിശേഷിപ്പിക്കുന്നത്. ദേവാലയം അളന്നു തിരിച്ചു സംരക്ഷണം നല്കുമ്പോൾ മുറ്റം അളക്കാതെയിടുന്നത് യുഗാന്ത പീഡനങ്ങളിൽ വിജാതീയർക്കു സംരക്ഷണം ലഭിക്കുകയില്ല എന്ന സൂചന നല്കുന്നു എന്നു കരുതുന്നവരുണ്ട്. എന്നാൽ തുടർന്നുവരുന്ന നാല്പത്തിരണ്ടു മാസത്തെ ചവുട്ടി മെതിക്കൽ മറ്റൊരു ദിശയിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്.

ഏ.ഡി. എഴുപതിൽ റോമൻ സൈന്യം ജറുസലെം പട്ടണത്തിന്റെ മതിലുകൾ തകർത്ത് അകത്തുകടന്നപ്പോൾ, ചെറുത്തു നിന്ന യഹൂദപോരാളികൾ ദേവാലയത്തിലേക്കു പിന്മാറി. ദേവാലയം ഒരിക്കലും നശിപ്പിക്കപ്പെടുകയില്ലെന്ന് അവർ വിശ്വസിച്ചിരുന്നു. ദേവാലയത്തിന്റെ പുറത്തെ വിജാതീയരുടെ അങ്കണത്തിൽ റോമൻ പടയാളികൾ പ്രവേശിച്ചപ്പോഴും ഉള്ളിൽ ബലിയർപ്പണം നടന്നിരുന്നു.

*നാല്പത്തിരണ്ടു മാസം* (വെളി 13,5) എന്ന കാലപരിധി പലതരത്തിൽ തുടർന്നു പ്രത്യക്ഷപ്പെടുന്നുണ്ട് - 1260 ദിവസം (വെളി 11,3; 12,6). സമയവും സമയങ്ങളും സമയത്തിന്റെ പകുതിയും (വെളി 12,14). സിറിയൻ രാജാവായ അന്തിയോക്കസ് നാലാമൻ ജറുസലെം ദേവാലയം അശുദ്ധമാക്കുകയും ഇസ്രായേൽക്കാർക്കെതിരേ കഠിനമായ മതമർദ്ദനം അഴിച്ചുവിടുകയും



ചെയ്ത കാലയളവിൽ നിന്നായിരിക്കണം (168 ഡിസംബർ - 165 ജൂൺ) മൂന്നരവർഷം പീഡനകാലത്തിന്റെ പ്രതീകമായി രൂപംകൊണ്ടത് (ദാനി 7,25; 12,7). പൂർണ്ണസംഖ്യയായ ഏഴിന്റെ പകുതി ക്ലേശങ്ങലുടെ കാലമായി ഏലിയായുടെ കാലം മുതലേ പരിഗണിക്കപ്പെട്ടിരുന്നു (1 രാജാ 17-18; ലൂക്കാ 4,25). അതികഠിനവും എന്നാൽ പരിമിതവുമായ പീഡനങ്ങളുടെ ഒരു കാലയളവിനെ ഈ പ്രതീകം സൂചിപ്പിക്കുന്നു.

വിജാതീയർ വിശുദ്ധനഗരം ചവുട്ടിമെതിക്കും എന്ന പ്രവചനം യേശുവിന്റെ തന്നെ വാക്കുകളാണ് (ലൂക്കാ 21, 24). ജറുസലെമിന്റെ പതനത്തെക്കുറിച്ചുള്ള ഈ പ്രവചനം യോഹന്നാൻ ഇവിടെ വീണ്ടും പ്രതീകാത്മകമായി അവതരിപ്പിക്കുന്നതായി കരുതാം. വെളിപാടുഗ്രന്ഥത്തിൽ വിശുദ്ധനഗരം സഭയുടെതന്നെ പ്രതീകമാണ്. വിജാതീയർക്ക് ഏല്പിച്ചു കൊടുക്കുന്ന മുറ്റവും അവർ ചവുട്ടിമെതിക്കുന്ന നഗരവും സഭയ്ക്കു നേരിടേണ്ടിവരുന്ന പീഡനങ്ങളെയാവാം സൂചിപ്പിക്കുക. സഭയ്ക്കുണ്ടാകുന്ന ആന്തരീകമായ സംരക്ഷണവും ബാഹ്യമായ പീഡനവും സൂചിപ്പിക്കുന്നതാണ് ഈ രണ്ടു വാക്യങ്ങൾ. മധുരവും കയ്പും പ്രദാനം ചെയ്യുന്ന ചുരുളും, ദേവാലയം അളക്കുകയും മുറ്റം അളക്കാതെയിടുകയും ചെയ്യുന്ന മുഴക്കോലും നല്കുന്നത് ഒരേ സന്ദേശം തന്നെയാണ്. പീഡനത്തെയും സംരക്ഷണത്തെയും കുറിച്ച് സാക്ഷികളുടെ പ്രതീകത്തിലൂടെ തുടർന്നു വിവരിക്കുന്നു.

**11,3** ഏതൊരു കാര്യത്തിന്റെയും സത്യാവസ്ഥ നിർണ്ണയിക്കാൻ രണ്ടു പേരുടെയെങ്കിലും സാക്ഷ്യം ആവശ്യമാണ് (നിയ 19,15) എന്ന അനുശാസനം സാക്ഷികളുടെ സംഖ്യ നിർണ്ണയിക്കുന്നതിൽ പ്രേരകമായിട്ടുണ്ട്. ഇവർ പറയുന്നതു സത്യമാണ്. ചാക്കുടുക്കുന്നത് അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും പ്രതീകമാകയാൽ മാനസാന്തരത്തിനു ക്ഷണിക്കുന്ന പ്രവാചകന്മാരാണ് ഈ രണ്ടു സാക്ഷികൾ എന്ന് അനുമാനിക്കാം. എന്നാൽ ആരാണ് ഇവർ എന്ന കാര്യത്തിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായമുണ്ട്. ഇവരുടെ പ്രവർത്തനങ്ങളെയും അന്ത്യത്തെയും കുറിച്ചുള്ള വിവരണങ്ങൾ ഇവരുടെ വ്യക്തിത്വത്തിലേക്കു വെളിച്ചം വീശുന്നതാണ്.

11,4-6 *ഒലിവുമരങ്ങളെയും ദീപങ്ങളെയും* കുറിച്ചുള്ള പരാമർശം സഖറിയാ 4,2-3ൽ നിന്നെടുത്തതാവാം. അഗ്നിയും വരൾച്ചയും ഏലിയായെയും (2 രാജാ 1,9-14; 1 രാജാ 17,1) രക്തവും മഹാമാരികളും മോശയേയും (പുറ 7-10) അനുസ്മരിപ്പിക്കുന്നതിനാൽ ഈ രണ്ടു സാക്ഷികൾ മോശയും ഏലിയായും ആണെന്നു കരുതുന്ന വ്യാഖ്യാതാക്കൾ ഏറെയുണ്ട്. എന്നാൽ യേശുവിനെ പുതിയ മോശയും (അപ്പ 3,21-23) സ്നാപകയോഹന്നാനെ ഏലിയായും (മർക്കോ 9,13) ആയി ചിത്രീകരിക്കുന്ന പുതിയനിയമ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ ഈ വ്യാഖ്യാനം സംശയാസ്പദമായിത്തീരുന്നു.

തന്നെയുമല്ല, രണ്ടു സാക്ഷ്യകളുടെ അന്ത്യത്തെക്കുറിച്ചു തുടർന്നു പറയുന്ന കാര്യങ്ങൾ മോശയെയും ഏലിയായെയും കുറിച്ചുള്ള പ്രതീക്ഷകളുമായി പൊരുത്തപ്പെടുന്നതല്ല. "സാക്ഷികൾ" മറ്റാരോ ആണ്.

**11,7** പാതാളത്തിൽനിന്നു കയറിവരുന്ന മൃഗം ദൈവത്തിനും ദൈവ ജനത്തിനും എതിരായി നില്ക്കുന്ന പൈശാചിക ശക്തിയാണ്. വെളിപാടു പുസ്തകത്തിൽ ഈ മൃഗം വീണ്ടും പലവിധത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട് (വെളി 13,1.11; 17,3). സാക്ഷികൾക്കെതിരേ യുദ്ധം ചെയ്യും എന്നു പറയുമ്പോൾ സാക്ഷികൾ വെറും രണ്ടു വ്യക്തികൾ മാത്രമാണോ എന്ന സംശയം ഉദിക്കുന്നു. കൊല്ലും എന്ന പ്രഖ്യാപനം കൂടിയാവുമ്പോൾ സാക്ഷികൾ എന്ന പദത്തിന് രക്തസാക്ഷികൾ എന്ന അർത്ഥം ലഭിക്കുന്നു.

**11,8** അവരുടെ നാഥൻ ക്രൂശിക്കപ്പെട്ട നഗരം പ്രത്യക്ഷത്തിൽ ജറുസലെം പട്ടണമാണ്. ഈജിപ്ത് അടിമത്തത്തിന്റെ നാടാണ്, സോദോം സകല മ്ലേഛതകളുടെയും പട്ടണവും. പ്രവാചകന്മാർ ജറുസലെമിനെ പ്രതീകാത്മകമായി സോദോം എന്നു വിളിച്ചിട്ടുണ്ട് (ഏശ 1,9-10). എന്നാൽ റോമൻ പടയാളികൾ തകർത്ത ജറുസലെം നഗരത്തിൽ ഈ സാക്ഷികൾ വധിക്കപ്പെടും എന്നത് പ്രതീകാർത്ഥത്തിലേ മനസ്സിലാക്കാൻ കഴിയൂ. യോഹന്നാൻ എഴുതുന്ന കാലത്ത് മ്ലേഛതകളുടെ മഹാനഗരമായി നിലനിന്നത് റോമായായിരുന്നു. റോമായാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നതെങ്കിൽ അവിടെ വച്ചു വധിക്കപ്പെട്ട രണ്ടു സാക്ഷികൾ സഭയുടെ നടത്തൂണുകളായിരുന്ന വി.പത്രോസും വി.പൗലോസും ആയിരിക്കണം എന്നു ചിലർ കരുതുന്നു. എന്നാൽ തുടർന്നുള്ള വിവരണങ്ങൾ ഈ വ്യാഖ്യാനവും അപര്യാപ്തമാക്കുന്നു.

**11,9** മൂന്നരവർഷത്തെ പ്രസംഗത്തെ അനുസ്മരിപ്പിക്കുന്നതാണ് മൂന്നരദിവസം. ഹ്രസ്വമായൊരു കാലയളവ് എന്നേ ഇതിന് അർത്ഥമുള്ളു. കൊന്നതിനുശേഷം മൃതദേഹം സംസ്കരിക്കാൻ അനുവദിക്കാതിരിക്കുക ഒരാൾക്കു നല്കാവുന്നതിൽ ഏറ്റം വലിയ ശിക്ഷയാണ് (തോബി 1,16-20). ലോകജനതകൾ മുഴുവൻ കാവൽനില്ക്കുന്നതിനാൽ രണ്ടു മൃതദേഹങ്ങൾ മാത്രമല്ല ഇവിടെ വിവക്ഷിക്കുന്നത് എന്നനുമാനിക്കാം.

**11,10** ഇവരുടെ മരണത്തിൽ ഭൂവാസികൾ മുഴുവൻ സന്തോഷിക്കുന്നു. കാരണം, തങ്ങളുടെ വചനവും പ്രവൃത്തിയും വഴി അവരെ പീഡിപ്പിച്ചവരാണ്, അവർ കുറ്റക്കാരാണെന്നു തെളിയിച്ചവരാണ്, ഈ സാക്ഷികൾ. ക്രിസ്ത്യാനികളെ പേഗൻ ജനതകൾ വെറുക്കുകയും ആവേശത്തോടെ ക്രൂരമായി പീഡിപ്പിക്കുകയും വധിക്കുകയും ചെയ്തിരുന്ന ചരിത്രപശ്ചാത്തലം ഇവിടെ പ്രസക്തമാകുന്നു. ഒറ്റപ്പെട്ട രണ്ടു വ്യക്തികൾ മാത്രമല്ല,



ക്രിസ്തുവിന്റെ സഭ മുഴുവനുമാണ് ഇവിടെ 'രണ്ടുസാക്ഷികൾ' എന്ന പ്രതീകത്തിലൂടെ അവതരിപ്പിക്കപ്പെടുന്നത്. ദീപപീഠങ്ങൾ സഭയുടെ പ്രതീകമാണെന്നു നാം കണ്ടുകഴിഞ്ഞു (വെളി 1,20).

**11,11-12** രക്തസാക്ഷികൾക്കു ദൈവം നല്കുന്ന സമ്മാനമാണ് ഇവിടെ വിവരിക്കുന്നത്. അസ്ഥികളുടെ താഴ്‌വരയെക്കുറിച്ച് എസെക്കിയേലിനുണ്ടായ ദർശനത്തെ (എസെ 37,1-14) അനുസ്മരിപ്പിക്കുന്നതാണ് ഈ വിവരണം. മരിച്ചവരുടെ പുനരുത്ഥാനവും സ്വർഗ്ഗാരോപണവുമായി ഈ വിവരണം പ്രത്യക്ഷത്തിൽ തോന്നിയേക്കാം. എന്നാൽ ദൈവത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ടു മൃതിയടഞ്ഞവർ അവിടുത്തെ സന്നിധിയിൽ സന്തോഷവാന്മാരായിക്കഴിയുന്നു എന്ന സത്യം പ്രഖ്യാപിക്കുന്ന പ്രതീകങ്ങളാണ് ഇവ; 6,11-ൽ രക്തസാക്ഷികൾക്കു നല്കപ്പെട്ട ധവളവസ്ത്രം പോലൊരു പ്രതീകം.

**11,13** ദൈവികശിക്ഷയുടെ അടയാളമാണ് ഭൂകമ്പം. യേശുവിന്റെ മരണസമയത്തുണ്ടായി ഭൂകമ്പത്തെ (മത്താ 27,51) ഇത് അനുസ്മരിപ്പിക്കുന്നു. തന്റെ വിശ്വസ്തസാക്ഷികളെ വധിച്ചവരുടെമേൽ ദൈവം വിധി പ്രസ്താവിച്ചിരിക്കുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു. *അവർ ദൈവത്തെ മഹത്വപ്പെടുത്തുന്നത്* മാനസാന്തരത്തിന്റെ അടയാളമായി കരുതുന്നവരുണ്ട്. എന്നാൽ വെളിപാടുഗ്രന്ഥത്തിന്റെ പൊതുവായ വീക്ഷണം കണക്കിലെടുക്കുമ്പോൾ രക്ഷാകരമായ മാനസാന്തരമല്ല, ശിക്ഷാവിധിയുടെ മുമ്പിലുള്ള കുറ്റസമ്മതമാവണം വെളി 1,7-ൽ കണ്ടതിനോടു സമാനമാണ് ഈ ദൃശ്യവും.

**11,14** ആറാം കാഹളവുമായി ഈ വിവരണത്തെ ബന്ധിപ്പിക്കുന്നതാണ് *രണ്ടാമത്തെ ദുരിതം കടന്നുപോയി* എന്ന പ്രസ്താവന. മൂന്നാമത്തെ ദുരിതത്തെക്കുറിച്ചുള്ള സൂചന അന്ത്യകാഹളം ഇനിയും മുഴക്കിയിട്ടില്ല എന്ന് അനുസ്മരിപ്പിക്കുന്നു.

## 9. ഏഴാമത്തെ കാഹളം 11,15-19

15. ഏഴാമത്തെ ദൂതൻ കാഹളം മുഴക്കി. അപ്പോൾ സ്വർഗ്ഗത്തിൽ ഇങ്ങനെ പറയു
ന്ന വലിയ സ്വരങ്ങളുണ്ടായി: ലോകത്തിന്റെ ഭരണാധികാരം നമ്മുടെ കർത്താ
വിന്റേതും അവിടുത്തെ അഭിഷിക്തന്റേതും ആയിരിക്കുന്നു. അവിടന്ന് എന്നേ
16. ക്കും ഭരിക്കും. അപ്പോൾ ദൈവസന്നിധിയിൽ സിംഹാസനങ്ങളിലിരിക്കുന്ന
ഇരുപത്തിനാലു ശ്രേഷ്ഠന്മാർ സാഷ്ടാംഗം പ്രണമിച്ച് ദൈവത്തെ ആരാധി
17. ച്ചുകൊണ്ടു പറഞ്ഞു: ആയിരുന്നവനും ആയിരിക്കുന്നവനും സർവ്വശക്തനും
ദൈവവുമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു. എന്തെന്നാൽ,
18. അങ്ങു വലിയ ശക്തി പ്രയോഗിക്കാനും ഭരിക്കാനും തുടങ്ങി. ജനതകൾ രോഷാ
കുലരായി. അങ്ങയുടെ ക്രോധം സമാഗതമായി. മരിച്ചവരെ വിധിക്കാനും
അങ്ങയുടെ ദാസരായ പ്രവാചകന്മാർക്കും വിശുദ്ധർക്കും അങ്ങയുടെ നാമ

ത്തെ ഭയപ്പെടുന്ന ചെറിയവർക്കും വലിയവർക്കും പ്രതിഫലം നല്കാനും ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കാനുമുള്ള സമയവും സമാഗതമായി.

19. അപ്പോൾ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ ആലയം തുറക്കപ്പെട്ടു. അതിൽ അവിടുത്തെ വാഗ്ദാനപേടകം കാണപ്പെട്ടു. മിന്നൽപിണരുകളും ഉച്ചഘോഷങ്ങളും ഇടിമുഴക്കങ്ങളും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി.

**11,15** മൂന്നാമത്തെ ദുരിതം പ്രതീക്ഷിച്ചിരിക്കുന്നവരുടെ മുമ്പിൽ ഏഴാമത്തെ ദൂതൻ കാഹളം മുഴക്കുമ്പോൾ പ്രത്യക്ഷമാകുന്നത് സ്വർഗ്ഗീയ സദസ്സിന്റെ ഒരു ദൃശ്യമാണ്. മുമ്പുകണ്ട സ്വർഗ്ഗീയാരാധനയുടെ ദൃശ്യങ്ങളുമായി (വെളി 4-5; 7,9-12) ഇതിനു സാമ്യമുണ്ട്. എന്നാൽ ദൈവത്തെ പ്രകീർത്തിക്കുന്നതിന്റെ കാരണം വ്യത്യസ്തമാണ്. ലോകത്തിന്റെ ഭരണാധികാരി ആര് എന്ന ചോദ്യത്തിന് നിർണ്ണായകമായ ഉത്തരം നല്കിക്കൊണ്ട് സ്വർഗ്ഗവാസികൾ ഇവിടെ ദൈവത്തെ സ്തുതിക്കുന്നു. കുഞ്ഞാടിന്റെ സിംഹാസനാരോഹണമാണ് ഇവിടെ പ്രകീർത്തിക്കപ്പെടുന്നത്. ദൈവരാജ്യത്തിന്റെ സംസ്ഥാപനം എന്ന രഹസ്യം (വെളി 10,7) പൂർത്തിയായിക്കഴിഞ്ഞു എന്ന പ്രഘോഷണം ദൈവത്തിന്റെ മേഖലയിൽ യാഥാർത്ഥ്യമായതും ചരിത്രത്തിൽ ഇനിയും പൂർത്തിയാകേണ്ടതുമാണ്.

**11,16-17** ശ്രേഷ്ഠന്മാരുടെ ആരാധനാഗീതത്തിൽ ദൈവത്തിനു നല്കുന്ന വിശേഷണങ്ങൾ ഇതിനകം പലതവണ കണ്ടു കഴിഞ്ഞു. എന്നാൽ ആയിരുന്നവനും ആയിരിക്കുന്നവനും എന്നതിനോടുകൂടെ ചേർക്കുന്ന വരാനിരിക്കുന്നവനും എന്ന വിശേഷണം (വെളി 1,4.8;4,8) ഇവിടെ കാണുന്നില്ല. രക്ഷിക്കാൻ ഇനിയും വരാനിരിക്കുന്നവനായിട്ടല്ല, രക്ഷാകർമ്മം പൂർത്തിയാക്കിയവനായിട്ടാണ് ദൈവം ഇവിടെ പ്രകീർത്തിക്കപ്പെടുന്നത് (വെളി 16,5) തിന്മയ്ക്കെതിരേയുള്ള യുദ്ധത്തിൽ ദൈവം പ്രകടമാക്കുന്നതാണ് ഇവിടെ പരാമർശിക്കപ്പെടുന്ന വലിയ ശക്തി (ലൂക്കാ 11,21-22).

**11,18** രണ്ടാം സങ്കീർത്തനം ആനുകാലികമായി വ്യാഖ്യാനിച്ചുകൊണ്ട് ദൈവത്തെ സ്തുതിക്കുന്ന ശ്രേഷ്ഠന്മാരുടെ കീർത്തനം ദൈവഭരണം ഭൂമിയിൽ സ്ഥാപിതമാകുന്നതിന്റെ രണ്ടു വശങ്ങൾ എടുത്തുകാട്ടുന്നു. അധർമ്മികളുടെ ക്രോധത്തിനെതിരേ ക്രോധം ജ്വലിച്ച്, ഭൂമിയെ നശിപ്പിക്കുന്ന ശക്തികളെ ദൈവം നശിപ്പിക്കുന്ന ശിക്ഷാവിധിയാണ് ഒരു വശം. മറുവശമാകട്ടെ, ദൈവം തന്റെ വിശ്വസ്തർക്കു നല്കുന്ന നിത്യഭാഗ്യവും. *കയ്രോസ്* എന്ന ഗ്രീക്കു പദമാണ് ഇവിടെ *സമയം* എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ദൈവം ചരിത്രത്തിൽ ഇടപെട്ട് തന്റെ ദാസർക്കു രക്ഷ പ്രദാനം ചെയ്യുന്ന നിർണ്ണായക മുഹൂർത്തമാണത്. അധർമ്മികൾക്ക് ഈ കയ്രോസ് ശിക്ഷയുടെ അവസരമാണ്.



**11,19** ജറുസലെം ദേവാലയത്തിലെ ശ്രീകോവിൽ എന്നു വിളിക്കുന്ന അതിവിശുദ്ധ സ്ഥലത്തിനു സമാന്തരമായ ഇടമാണ് ദൈവത്തിന്റെ ആലയം എന്നു വിളിക്കപ്പെടുന്നത്. അവിടെ സ്ഥിതി ചെയ്തിരുന്ന വാഗ്ദാനപേടകം സാധാരണ മനുഷ്യർക്ക് അദൃശ്യമായിരുന്നു. എന്നാൽ പേടകം ഇപ്പോൾ വിശ്വാസികൾക്കെല്ലാം ദൃശ്യമായിരിക്കുന്നു. ഈ ദർശനം ആസന്നമായിരിക്കുന്ന മഹാപീഡനങ്ങൾക്കു മധ്യേ വിശ്വാസികൾക്കു ധൈര്യം പകരുന്നു. നബുക്കദ്നേസർ രാജാവ് ജറുസലെം നശിപ്പിക്കുന്നതിനുമുമ്പേ ജറെമിയാ പ്രവാചകൻ ഒളിച്ചുവച്ച വാഗ്ദാനപേടകം യുഗാന്തത്തിൽ മിശിഹാ വരുമ്പോൾ വീണ്ടും പ്രത്യക്ഷപ്പെടും എന്ന യഹൂദ പാരമ്പര്യത്തിന്റെ (2 മക്ക 2,1-8) പ്രതിഫലനവും ഈ ദൃശ്യത്തിൽ കാണാം. ദൈവം പ്രത്യക്ഷപ്പെടുന്നതിന്റെ (theophany) സൂചനയാണ് മിന്നൽപിണരും മറ്റും. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം തിന്മയ്ക്കെതിരേയുള്ള അന്തിമപോരാട്ടത്തിനായി പ്രത്യക്ഷപ്പെടുന്ന സൂചനയോടെ ഈ രംഗം അവസാനിക്കുന്നു. വാഗ്ദാനപേടകത്തിന്റെ ദൃശ്യം സപ്തകാഹളങ്ങളുടെ അവസാനവും അടുത്ത ഭാഗത്തിന്റെ തുടക്കവുമാണ്. സഭയും സാമ്രാജ്യവും തമ്മിൽ നടക്കുന്ന ജീവന്മരണ പോരാട്ടത്തിലേക്കും അതിന്റെ അന്തരാർത്ഥത്തിലേക്കുമാണ് സ്ത്രീയുടെയും സർപ്പത്തിന്റെയും പ്രതീകത്തിലൂടെ അടുത്തതായി ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നത്.

B B B B B

# 7 സ്ത്രീയും സർപ്പവും
## 12,1-15,4

സഭയും സാമ്രാജ്യവും തമ്മിലുള്ള ബന്ധവും അതിന്റെ പിന്നിലുള്ള ആഴമേറിയ അർത്ഥവും അനാവരണം ചെയ്യുന്ന ഈ ഭാഗം വെളിപാടു പുസ്തകത്തിന്റെ കേന്ദ്രമാണ്. രണ്ടു സാക്ഷികളുടെ പ്രതീകത്തിലൂടെ അവതരിപ്പിച്ച ചിത്രത്തിന്റെ വിശദീകരണമായി ഇതിനെ പരിഗണിക്കാം. പ്രത്യക്ഷത്തിൽ ദുർബ്ബലമായ സഭയ്ക്കെതിരേ കരയും കടലും അടക്കി ഭരിക്കുന്ന റോമാസാമ്രാജ്യം ഭീകരജന്തുവെന്നപോലെ നടത്തുന്ന അതികഠിനമായ ആക്രമണങ്ങൾ, യഥാർത്ഥത്തിൽ നന്മയും തിന്മയും തമ്മിൽ നടക്കുന്ന പോരാട്ടമാണെന്ന് യോഹന്നാൻ വെളിപ്പെടുത്തുന്നു. പഴയ നിയമത്തിൽനിന്നും അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽനിന്നും എടുത്ത അനേകം പ്രതീകങ്ങൾ വഴിയാണ് ആനുകാലിക യാഥാർത്ഥ്യങ്ങളുടെ ഈ ചിത്രം അവതരിപ്പിക്കുന്നത്. പേഗൻമിത്തോളജിയിലെ ചില പ്രതീകങ്ങളും ഈ വിവരണത്തിനു സഹായിച്ചിട്ടുണ്ട്.

ഇതരഭാഗങ്ങളെന്നപോലെ സപ്തഗണമായി അക്കമിട്ടുതിരിച്ചല്ല ഈ ഭാഗം അവതരിപ്പിക്കുന്നത്. എങ്കിലും, "ഞാൻ കണ്ടു" എന്ന ആമുഖം, മാറിവരുന്ന ദൃശ്യങ്ങൾ മുതലായ രചനാസങ്കേതങ്ങൾ വഴി ഇതും ഏഴായിതിരിച്ചിരിക്കുന്നു. ഇവ പരസ്പരം ബന്ധപ്പെട്ടതും എന്നാൽ വ്യതിരക്തവുമായ ഏഴു ദൃശ്യങ്ങളാണ്. ഒരു മഹാനാടകമെന്ന രീതിയിൽ അവതരിപ്പിക്കുന്ന ഈ വലിയ സംഘട്ടനത്തിൽ ഏഴു കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നു. സ്ത്രീ, ശിശു, മിഖായേലും ദൂതന്മാരും, കുഞ്ഞാടും അനുയായികളും, എന്നിവർ ഒരു ഭാഗത്ത്; സർപ്പവും അവന്റെ ദൂതന്മാരും, കടലിൽനിന്നു കയറിവന്നമൃഗം, കരയിൽനിന്നു കയറിവന്ന മൃഗം എന്നിവർ മറുഭാഗത്ത്.

മറ്റു ഭാഗങ്ങളിലെന്നപോലെ ഇവിടെയും പൈശാചിക ഭീകരതയും സ്വർഗ്ഗീയ മനോഹാരിതയും, അതികഠിനമായ പീഡനങ്ങളും പീഡിതരുടെ വിജയഘോഷങ്ങളും ഇടകലർത്തി അവതരിപ്പിക്കുന്നു. പണ്ടേ പരാജയപ്പെട്ട പൈശാചികശക്തിയുടെ അനിവാര്യമായ ഉന്മൂലനത്തിലേക്ക് അതിവേഗം കുതിയ്ക്കുന്ന രക്ഷാചരിത്രത്തിന്റെ അവതരണമാണ് ഇവിടെ ഇതൾ വിടർത്തുന്നത്. ഈ ചരിത്രത്തിൽ ക്രിസ്തുവിശ്വാസികൾക്ക് തങ്ങളുടെ സ്ഥാനവും തങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളുടെ അർത്ഥവും ഗ്രഹിക്കാനാവും. ഏതെങ്കിലും ഒരു രാഷ്ട്രീയശക്തിയ്ക്കോ സാമ്രാജ്യശക്തിയ്ക്കോ എതിരായല്ല, തിന്മയുടെ മൂർത്തിമദ്ഭാവമായ സാത്താനെതിരായിട്ടാണ് തങ്ങൾ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നത് എന്നു ഗ്രഹിക്കുമ്പോൾ പ്രായോഗികതയുടെയും അനുരൂപണത്തിന്റെയും പേരിൽ ക്രൈസ്തവ വിശ്വാസത്തിൽ മായം ചേർക്കാനോ ധാർമ്മികതയിൽ വിട്ടുവീഴ്ച വരുത്താനോ അവർക്കു കഴിയുകയില്ല. ആനുകാലിക യാഥാർത്ഥ്യങ്ങളുടെ പ്രവാചകവ്യാഖ്യാനം വിശ്വാസികളെ ക്രിസ്തുവിശ്വാസത്തിൽ ഉറപ്പിക്കാനും പീഡനങ്ങളിൽ പതറാതെ ധൈര്യപ്പെടുത്താനും വേണ്ടിയുള്ളതാണ്.

### 1. സ്ത്രീയും സർപ്പവും 12,1-18

രക്ഷാചരിത്രത്തിന്റെ സംക്ഷിപ്തമായൊരു വിവരണമാണ് ഈ അധ്യായത്തിൽ നമുക്കു ലഭിക്കുന്നത്. രക്ഷകനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്ന ദൈവജനവും രക്ഷ അപ്രാപ്യമാക്കാൻ ശ്രമിക്കുന്ന സാത്താനും സ്ത്രീയുടെയും സർപ്പത്തിന്റെയും പ്രതീകങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. രക്ഷകന്റെ വരവും മഹത്വീകരണവും സഭയുടെ ഈ ഭൂമിയിലെ പ്രവർത്തനങ്ങളുമാണ് തുടർന്ന് അവതരിപ്പിക്കുന്നത്. യേശുവിന്റെ മഹത്വീകരണംവഴി സാത്താനുണ്ടായ പരാജയത്തെ സ്വർഗ്ഗത്തിൽ നടന്ന യുദ്ധമായി ചിത്രീകരിച്ചിരിക്കുന്നു. നിർണ്ണായകമായ യുദ്ധത്തിൽ പരാജയപ്പെട്ടെങ്കിലും ദൈവജനത്തെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന സാത്താന്റെ ചിത്രമാണ് തുടർന്ന് അവതരിപ്പിക്കുന്നത്.

### a. രണ്ട് അടയാളങ്ങൾ 12,1-6

1. സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു: സൂര്യനെ ഉടയാടയാക്കിയ ഒരു
സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്ര
2. ങ്ങൾകൊണ്ടുള്ള കിരീടം. അവൾ ഗർഭിണിയായിരുന്നു. പ്രസവവേദനയാൽ
3. അവൾ നിലിവിളിച്ചു. പ്രസവക്ലേശത്താൽ അവൾ ഞെരുങ്ങി. സ്വർഗ്ഗത്തിൽ
മറ്റൊരടയാളംകൂടി കാണപ്പെട്ടു. ഇതാ അഗ്നിമയനായ ഒരു വലിയ സർപ്പം.
4. അതിന് ഏഴുതലയും പത്തു കൊമ്പും. തലകളിൽ ഏഴു കിരീടങ്ങൾ. അതിന്റെ
വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വാരിക്കൂട്ടി ഭൂമിയി
ലേക്ക് എറിഞ്ഞു. ആ സ്ത്രീ പ്രസവിക്കുന്ന ശിശുവിനെ വിഴുങ്ങാൻ സർപ്പം
5. അവളുടെ മുമ്പിൽ കാത്തുനിന്നു. അവൾ ഒരാൺകുട്ടിയെ പ്രസവിച്ചു. സകല
ജനപദങ്ങളെയും ഇരുമ്പുദണ്ഡുകൊണ്ട് മേയിക്കാനുള്ളവനാണ് അവൻ.
അവളുടെ ശിശു ദൈവത്തിന്റെയും അവിടുത്തെ സിംഹാസനത്തിന്റെയും
അടുത്തേക്കു സംവഹിക്കപ്പെട്ടു. ആ സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി.
6. അവിടെ ആയിരത്തിയിരുനൂറ്റിയറുപതു ദിവസം അവളെ പോറ്റുന്നതിന് ദൈവം
സജ്ജമാക്കിയ ഒരു സ്ഥലമുണ്ടായിരുന്നു.

**12,1-2** ദൈവം വസ്ത്രമെന്നപോലെ പ്രകാശം അണിഞ്ഞിരിക്കുന്നു (സങ്കീ 104,2). ഉത്തമഗീതങ്ങളിലെ മണവാട്ടി "സൂര്യനെപ്പോലെ തേജസ്വിനി"യാണ് (ഉത്ത 6,10). ദൈവത്തിന്റെ മഹത്വവും മനോഹാരിതയും സൂചിപ്പിക്കുന്ന പ്രകാശം വസ്ത്രംപോലെ ധരിച്ചിരിക്കുന്നവൾ ദൈവത്തിന്റെ മഹത്വത്തിൽ പങ്കുചേരുന്ന മനോഹരിയാണ്. ചന്ദ്രനെ പാദപീഠമാക്കുന്നത് അവളുടെ അധികാരത്തെയും നക്ഷത്രകിരീടം രാജത്വത്തെയും സൂചിപ്പിക്കുന്നു. പന്ത്രണ്ടു നക്ഷത്രങ്ങൾ ഇസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങളുടെ പ്രതീകമാണ്. അതിമനോഹരിയും മഹത്വപൂർണ്ണയുമായ ഈ രാജ്ഞി ആരാണ്? തുടർന്നുള്ള വിശദീകരണങ്ങൾ അവളുടെ വ്യക്തിത്വത്തിലേക്കു വെളിച്ചം വീശുന്നു.

പ്രസവക്ലേശത്താൽ ഞെരുങ്ങുന്ന ആ ഗർഭിണിയുടെ ശിശു ജനതകളെ ഇരുമ്പുദണ്ഡുകൊണ്ട് ഭരിക്കാനുള്ളവനാണ് എന്ന വിശദീകരണം രക്ഷകനായ മിശിഹായാണ് ആ ശിശു എന്നു വ്യക്തമാക്കുന്നു. അതിനാൽ യേശുവിന്റെ അമ്മയായ മറിയമാണ് ഇവിടെ ചിത്രീകരിക്കപ്പെടുന്നത് എന്നു കരുതുന്നവരുണ്ട്. യേശുവിന്റെ അമ്മയെന്നനിലയിൽ മറിയം മിശിഹായുടെ മാതാവാണെങ്കിലും മരുഭൂമിയിലേക്കുള്ള പലായനവും സർപ്പത്തോടുള്ള അവളുടെ നിരന്തരപോരാട്ടവും ഒരു മനുഷ്യവ്യക്തിയിൽ മാത്രം പൂർത്തിയാവുന്നതല്ല.

മിശിഹായുടെ വരവിനുവേണ്ടി ആകാംക്ഷാപൂർണ്ണവും ദുഃഖപൂരിതവുമായ കാത്തിരിപ്പിനെ പ്രവാചകന്മാർ പ്രസവവേദനയോടു താരതമ്യപ്പെടുത്തിയിട്ടുണ്ട് (ഏശ 26,17; 66,7; മിക്കാ 5,3). ഇസ്രായേലിനെ ദൈവത്തിന്റെ തന്നെ വധുവായി പ്രവാചകന്മാർ ചിത്രീകരിച്ചിരുന്നു (ഹോസി 2,19-20; ഏശ 54,5). മിശിഹായുടെ മാതാവായ ഇസ്രായേലായിരിക്കണം ഗർഭിണിയായ സ്ത്രീയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്. എന്നാൽ പഴയനിയമ സമൂഹം മാത്രമല്ല ഇവിടെ വിവക്ഷിക്കപ്പെടുന്നത്. മിശിഹായുടെ ജനനത്തിനുശേഷം മരുഭൂമിയിൽ പീഡിതയും അതേസമയം സുരക്ഷിതയുമായി കഴിയുന്ന അവൾ ക്രിസ്തുവിന്റെ സഭയുടെ പ്രതീകമാണ്. സഭയെ ക്രിസ്തുവിന്റെ വധുവായി വി പൗലോസ് ചിത്രീകരിക്കുന്നുണ്ട് (2 കോറി 11,2; എഫേ 5,22-27). വെളിപാടു പുസ്തകംതന്നെ സഭയെ കുഞ്ഞാടിന്റെ മണവാട്ടിയായി അവതരിപ്പിക്കുന്നു (വെളി 19,7;21,9). ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് ഇവിടെ ചിത്രീകരിക്കപ്പെടുന്ന സ്ത്രീ വിശ്വസ്തമായ ദൈവജനത്തെ സൂചിപ്പിക്കുന്നു എന്നതാണ്.

സഭ മനുഷ്യദൃഷ്ടിയിൽ ദുർബ്ബലയും പീഡിതയും അവമാനിതയുമാണെങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ മനോഹരിയും മഹത്വപൂർണ്ണയുമാണ്. സൂര്യദേവനായ അപ്പോളോയുടെ മാതാവും സ്വർഗ്ഗീയറാണിയുമായി റോമക്കാർ റോമാ ദേവതയെ ആരാധിച്ചിരുന്നു. എന്നാൽ സൂര്യനെ ധരിക്കുന്ന രാജ്ഞി റോമായല്ല, ക്രിസ്തുവിന്റെ സഭയാണ് എന്ന വ്യംഗ്യമായൊരു അവകാശവാദവും ഈ ചിത്രത്തിൽ കാണാം. സഭയുടെ പ്രതീകമെന്ന നിലയിലാണ് യേശുവിന്റെ അമ്മയായ മറിയത്തെ ഈ ദൃശ്യവുമായി ബന്ധപ്പെടുത്തുന്നത്.



**12,3-4** അതിമനോഹരമായ ഒരു ദൃശ്യത്തിനുശേഷം വികൃതവും അതിഭീകരവുമായ മറ്റൊരുചിത്രം പ്രത്യക്ഷപ്പെടുന്നു. ഭീകരനായ സർപ്പം സാത്താന്റെ തന്നെ പ്രതീകമാണെന്ന് വെളി 12,9 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ത്രീയുടെ ചിത്രമെന്നതുപോലെ ഇതും ഒരു അടയാളമാണ്. അഗ്നിപോലെ ചുവന്ന നിറം കൊലപാതകത്തെയും രക്തച്ചൊരിച്ചിലിനെയും സൂചിപ്പിക്കുന്നു. സാത്താൻ "ആദിമുതലേ കൊലപാതകിയാണ്" (യോഹ 8,44) എന്ന വചനത്തെ അനുസ്മരിപ്പിക്കുന്നതാണ് അവന്റെ നിറം. ഏഴുതലയും പത്തു കൊമ്പും വലിയ അധികാരത്തിന്റെയും ശക്തിയുടെയും പ്രതീകങ്ങളാണ്. കിരീടങ്ങൾ രാജാധികാരത്തെ സൂചിപ്പിക്കുന്നു (ദാനി 7,7;8,23-25). പൂർണ്ണസംഖ്യയായ ഏഴ് പ്രപഞ്ചം മുഴുവൻ അടക്കി ഭരിക്കുന്നവനായി സർപ്പത്തെ ചിത്രീകരിക്കുന്നു. കുഞ്ഞാടിന്റെ അതേ അധികാരം സാത്താനും അവകാശപ്പെടുന്നു എന്നു കാണിക്കുന്നതാണ് ഈ വിശേഷണങ്ങൾ. നക്ഷത്രങ്ങളെ വാരിക്കൂട്ടി ഭൂമിയിലേക്ക് എറിയുന്നത് ഭീകരമായ ശക്തിയുടെ പ്രകടനമാണ് (ദാനി 8,10). ഭീകരനായ പുരാതനസർപ്പത്തെക്കുറിച്ച് പഴയനിയമത്തിൽ അനേകം പരാമർശങ്ങളുണ്ട്. റാഹാബ്, ലെവിയാഥാൻ എന്ന പേരുകളിലും ഇത് അറിയപ്പെടുന്നു (ഉൽപ 3,1; ഏശ 51,9; സങ്കീ 74,13-14; ജോബ് 40,15-24).

സ്ത്രീ പ്രസവിക്കുന്ന ശിശുവിനെ വിഴുങ്ങാൻ സർപ്പം കാത്തുനില്ക്കുന്നത് മനുഷ്യരക്ഷ അസാദ്ധ്യമാക്കാനുള്ള സാത്താന്റെ ശ്രമങ്ങളുടെ മുഴുവൻ പ്രതീകമാണ്. ദൈവജനത്തിനും മിശിഹായ്ക്കും എതിരേ നടന്ന പീഡനങ്ങളുടെ അനേകം ചിത്രങ്ങൾ ഇത് അനുസ്മരിപ്പിക്കുന്നു. ദൈവത്തെ ആരാധിക്കാൻ വിടാതെ ദൈവജനത്തെ അടിമയാക്കിവച്ച ഫറവോയും, പ്രവാസത്തിലേക്കു നയിച്ച നബുക്കദ്നേസറും, കഠിനമായി പീഡിപ്പിച്ച അന്തിയോക്കസ് നാലാമനും, മിശിഹായെ വധിക്കാൻ ശ്രമിച്ച ഹേറോദേസും എല്ലാം ഈ ചിത്രത്തിനു പിന്നിൽ മിന്നിമറയുന്നു. പരസ്യജീവിതകാലത്ത് രക്ഷാപദ്ധതിക്കു തുരങ്കം വയ്ക്കാനായി സാത്താൻ നടത്തിയ പ്രലോഭനങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 4,1-13; 22,28). യേശുവിനെ മരണശിക്ഷയ്ക്ക് ഏല്പിച്ചു കൊടുക്കുന്നതിന്റെ പിന്നിലും സാത്താന്റെ പ്രവർത്തനം ദൃശ്യമാകുന്നു (ലൂക്കാ 22,3-6; യോഹ 13,2). ദൈവജനത്തെ നശിപ്പിക്കാൻ ശ്രമിക്കുന്ന സാമ്രാജ്യശക്തികൾക്കെല്ലാം പിന്നിൽ നില്ക്കുന്നത് പുരാതനസർപ്പം തന്നെയാണെന്ന് യോഹന്നാൻ സൂചിപ്പിക്കുന്നു. ദൈവികശിശുവിനെ വധിക്കാൻ ശ്രമിക്കുന്ന സർപ്പത്തിന്റെ കഥകൾ മിക്കവാറും എല്ലാ പുരാതനമതങ്ങളുടെയും ഇതിഹാസങ്ങളിലുണ്ട്. അതിനാൽ

അനുവാചകർക്ക് എളുപ്പം ഗ്രഹിക്കാനാവുന്നതാണ് ഈ ചിത്രം.

**12,5** സ്ത്രീ പ്രസവിച്ച ശിശു മിശിഹായാണെന്ന് അവന്റെ വിശേഷണം വ്യക്തമാക്കുന്നു. ഇരുമ്പുദണ്ഡുകൊണ്ടു മേയിക്കുന്നത് ദൈവജനത്തിന് ശത്രുക്കളിൽനിന്നു സംരക്ഷണം നല്കുന്ന മിശിഹായാണ് (സങ്കീ 2,9; ഏശ 11,4). ദൈവത്തിന്റെ അടുക്കലേക്കു സംവഹിക്കപ്പെട്ടത് മിശിഹായുടെ ഉത്ഥാനവും സ്വർഗ്ഗാരോഹണവും വഴി നടന്ന മഹത്വീകരണത്തെ സൂചിപ്പിക്കുന്നു. പരസ്യജീവിതത്തെക്കുറിച്ച് അറിയാഞ്ഞിട്ടല്ല, രക്ഷാചരിത്രത്തിലെ ഏറ്റം പ്രധാനപ്പെട്ട രണ്ടു മുഹൂർത്തങ്ങളായതുകൊണ്ടാണ് മനുഷ്യാവതാരവും മഹത്വീകരണവും മാത്രം എടുത്തു പറയുന്നത്. മിശിഹാ സാത്താന്റെ പദ്ധതികളെ പരാജയപ്പെടുത്തി എന്നു കാണിക്കുകയാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം.

**12,6** മരുഭൂമിയിൽ സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ ചിത്രം സഭയുടെ ചിത്രമാണ്. പീഡനങ്ങൾക്കു മധ്യേ ദൈവം അവൾക്കു സംരക്ഷണം നല്കുന്നു. ആയിരത്തി ഇരുന്നൂറ്റിയറുപതുദിവസം പീഡനത്തിന്റെ കാലമായ മൂന്നരവർഷം തന്നെയാണ്. രണ്ടുസാക്ഷികൾ പ്രസംഗിച്ചതും (വെളി 11,3) ഈ കാലയളവുതന്നെ. യേശുവിന്റെ സ്വർഗ്ഗാരോഹണം മുതൽ മടങ്ങിവരവു വരെയുള്ള കാലഘട്ടത്തെയാണ് ഇതു സൂചിപ്പിക്കുന്നത്.

ഈജിപ്തിൽനിന്നു പലായനം ചെയ്ത ജനത്തിന് ദൈവം മരുഭൂമിയിൽ നാല്പതുവർഷം സംരക്ഷണം നല്കി. ജെസബെൽ രാജ്ഞിയെ ഭയന്ന് ഏലിയാ മരുഭൂമിയിലേക്കാണ് ഒളിച്ചോടിയത് (1 രാജ 19,3). അന്തിയോക്കസ് നാലാമന്റെ മതമർദ്ദനകാലത്ത് മത്താത്തിയാസും കൂട്ടരും മരുഭൂമിയിലേക്കു പലായനം ചെയ്തു (1 മക്കാ 2,28-29). ഹേറോദേസിനെ ഭയന്ന് ജോസഫും മേരിയും ശിശുവായ യേശുവിനെയുംകൊണ്ട് പലായനം ചെയ്തതും മരുഭൂമിയിലൂടെയാണ്. റോമാക്കാർക്കെതിരേ യഹൂദർ യുദ്ധം ആരംഭിക്കുന്നതിനു തൊട്ടുമുമ്പ് (ഏ.ഡി.66) ജറുസലെമിലുണ്ടായിരുന്ന ക്രൈസ്തവർ യേശുവിന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് (മർക്കോ 13,14) ജോർദ്ദാനു കിഴക്ക് പെല്ലാ എന്ന പട്ടണത്തിലേക്കു പലായനം ചെയ്തതായി സഭാ ചരിത്രകാരനായ യൂസേബിയൂസ് രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവം തന്റെ ജനത്തെ വീണ്ടും മരുഭൂമിയിലേക്കു നയിക്കും എന്നു പ്രവാചകന്മാരിലൂടെ അരുളിച്ചെയ്തിട്ടുണ്ട് (ഹോസി 2,14). പലായനത്തിന്റെയും മരുഭൂമിയിലെ സങ്കേതത്തിന്റെയും ചിത്രം ഇപ്രകാരമുള്ള അനേകം സ്മരണകൾ ഉണർത്തുന്നു. ക്രിസ്തുവിന്റെ സഭ ലോകത്തിൽ, ലോകത്തിന്റേതല്ലാതെ ജീവിക്കുന്നത് (യോഹ 15,19) മരുഭൂമിയിൽ വസിക്കുന്നതിനു തുല്യമാണ്.

## b. സ്വർഗ്ഗത്തിലെ വിജയം 12,7-12

7. അനന്തരം സ്വർഗ്ഗത്തിൽ ഒരു യുദ്ധമുണ്ടായി. മിഖായേലും അവന്റെ ദൂതന്മാരും
സർപ്പത്തോടു പോരാടി. സർപ്പവും അവന്റെ ദൂതന്മാരും എതിർത്തു യുദ്ധം



8. ചെയ്തു. എന്നാൽ അവർ പരാജിതരായി. അതോടെ സ്വർഗ്ഗത്തിൽ അവ
9. ർക്ക് ഇടമില്ലാതായി. ആ വലിയ സർപ്പം, സർവ്വലോകത്തെയും വഞ്ചിക്കുന്ന
സാത്താനെന്നും പിശാചെന്നും വിളിക്കപ്പെടുന്ന ആ പുരാതന സർപ്പം, ഭൂമി
യിലേക്കു വലിച്ചെറിയപ്പെട്ടു. അവനോടുകൂടെ അവന്റെ ദൂതന്മാരും വലിച്ചെ
10. റിയപ്പെട്ടു. സ്വർഗ്ഗത്തിൽ ഒരു വലിയ സ്വരം വിളിച്ചു പറയുന്നതു ഞാൻ കേട്ടു:
ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവിടുത്തെ
അഭിഷിക്തന്റെ അധികാരവും ആഗതമായിരിക്കുന്നു. എന്തെന്നാൽ, രാപകൽ,
ദൈവസമക്ഷം നമ്മുടെ സഹോദരർക്കെതിരേ കുറ്റം ആരോപിച്ചുകൊണ്ടിരുന്ന
11. കുറ്റാരോപകൻ വലിച്ചെറിയപ്പെട്ടു. അവരാകട്ടെ കുഞ്ഞാടിന്റെ രക്തം കൊ
ണ്ടും സ്വന്തം സാക്ഷ്യത്തിന്റെ വചനം കൊണ്ടും അവന്റെമേൽ വിജയം നേടി.
12. ജീവൻ നല്കാനും അവർ തയ്യാറായി. അതിനാൽ സ്വർഗ്ഗമേ, അതിൽ വസി
ക്കുന്നവരേ, ആനന്ദിക്കുവിൻ. എന്നാൽ ഭൂമിയേ, സമുദ്രമേ, നിങ്ങൾക്കു ദുരി
തം! ചുരുങ്ങിയ സമയമേ തനിക്കുള്ളൂ എന്നറിഞ്ഞ്, വലിയ കോപത്തോടെ
പിശാചു നിങ്ങളുടെ അടുത്തേക്ക് ഇറങ്ങിയിട്ടുണ്ട്.

**12,7-9** മിഖായേലും ദൂതന്മാരും സർപ്പത്തിനും അവന്റെ ദൂതന്മാർക്കും എതിരേ നടത്തുന്ന യുദ്ധത്തെ മനുഷ്യസൃഷ്ടിക്കുമുമ്പേ നടന്ന സാത്താന്റെ പതനത്തിന്റെ ചിത്രീകരണമായി (ഏശ 14,12-13; 2 ഏനോക്ക് 29,4-5) പലരും വ്യാഖ്യാനിക്കാറുണ്ട്. സാഹചര്യത്തിൽനിന്ന് അടർത്തിയെടുത്ത് ഒറ്റപ്പെട്ട സംഭവമായി കണ്ടാൽ മാത്രമേ ഇപ്രകാരം ഒരു വ്യാഖ്യാനം സ്വീകരിക്കാനാവൂ. എന്നാൽ പുതിയ നിയമത്തിന്റെ പൊതുവായ കാഴ്ചപ്പാടിലും യോഹന്നാന്റെതന്നെ വിശദീകരണങ്ങളിലും (ലൂക്കാ 4,1-13; 10,18; യോഹ 12,31; 16,11; 1 യോഹ 3,8) സാത്താന്റെ പതനം മിശിഹായിലൂടെയാണ് സംഭവിച്ചത്. സ്ത്രീ പ്രസവിച്ച ശിശു ദൈവത്തിന്റെ അടുത്തേക്ക് സംവഹിക്കപ്പെട്ടു എന്നു പറഞ്ഞതിന്റെ വിശദീകരണമാണ് ഇവിടെ ഒരു യുദ്ധത്തിന്റെ പ്രതീകത്തിലൂടെ അവതരിപ്പിക്കുന്നത്. യേശു തന്റെ മഹത്വീകരണത്തിലൂടെ നേടിയ വിജയത്തിൽ ദൈവദൂതന്മാരും പങ്കുചേരുന്നു എന്നും സാത്താനെ പരാജയപ്പെടുത്തുന്നതിൽ അവരും തങ്ങളുടെ പങ്കു വഹിക്കുന്നു എന്നും ഈ യുദ്ധം സൂചിപ്പിക്കുന്നു. മനുഷ്യർ ഈ വിജയത്തിൽ പങ്കുചേരുന്നതിന്റെ ചിത്രം തുടർന്ന് അവതരിപ്പിക്കുന്നുണ്ട് (വെളി 12,11).

*മിഖായേലും ദൂതന്മാരും* - ദൈവത്തിനു തുല്യൻ ആര് (മി-കാ-ഏൽ) എന്നാണ് പേരിന്റെ അർത്ഥം. ഏകദൈവ വിശ്വാസത്തിന്റെ പരസ്യമായ പ്രഖ്യാപനമാണ് ഈ പേര്. ദാനിയേലിന്റെ പുസ്തകത്തിൽ ദൈവത്തിന്റെ സൈന്യാധിപനും ഇസ്രായേലിന്റെ സംരക്ഷകനുമായി മിഖായേൽ പ്രത്യക്ഷപ്പെടുന്നു (ദാനി 10,12; 12,1). ഇതിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട ക്രിസ്തീയ പാരമ്പര്യം സഭയുടെ കാവൽ ദൂതനായി മിഖായേലിനെ കാണുന്നു. സാത്താന്റെ ആക്രമണങ്ങൾക്കെതിരേ സഭയ്ക്കു സംരക്ഷണം നല്കുന്ന ദൈവത്തിന്റെ മുഖ്യദൂതനാണദ്ദേഹം.

*സ്വർഗ്ഗത്തിൽ അവർക്ക് ഇടമില്ലാതായി* – സാത്താന്റെ പതനത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. വെളി 12,10-ൽ ഇതു കൂടുതൽ വിശദമാക്കുന്നുണ്ട്. സാത്താനു നല്കിയിരിക്കുന്ന വിശേഷണങ്ങൾ അവന്റെ ശക്തിയെയും അവൻ ഉയർത്തുന്ന ഭീഷണിയുടെ ഗൗരവത്തെയും സൂചിപ്പിക്കുന്നു. കലഹം സൃഷ്ടിക്കുന്നവൻ എന്നർത്ഥമുള്ള *ദിയാബോളോസ് (diabolos-devil)* എന്ന ഗ്രീക്കു പദമാണ് പിശാച് എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. സാത്താനും പിശാചും ഒരേ അർത്ഥത്തിൽ തന്നെ ഉപയോഗിക്കുന്ന പേരുകളാണ്. *പുരാതന സർപ്പം* എന്ന വിശേഷണം ആദ്യപാപത്തിലേക്കു വിരൽ ചൂണ്ടുന്നു (ഉൽപ്പ 3,1–5). *ഭൂമിയിലേക്കു വലിച്ചെറിയപ്പെട്ടു*-സാത്താന്റെ പതനവും ഉന്മൂലനവും ഘട്ടം ഘട്ടമായിട്ടാണ് ചിത്രീകരിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നു പുറന്തള്ളപ്പെട്ടതോടെ ആദ്യഘട്ടം പൂർത്തിയായി. രണ്ടാംഘട്ടം ഭൂമിയിലാണ്. ക്രിസ്തുവിശ്വാസികൾ നേരിടുന്ന മതപീഡനത്തിന്റെ അന്തരാർത്ഥം ഗ്രഹിക്കാൻ സഹായിക്കുന്നതാണ് ഈ പരാമർശം.

**12,10** സാത്താന്റെ പതനത്തെ ദൈവരാജ്യത്തിന്റെ സംസ്ഥാപനമായി സ്വർഗ്ഗവാസികൾ പ്രകീർത്തിക്കുന്നു. രക്തസാക്ഷികളുടെ ഉൽകണ്ഠാപൂർണ്ണമായ പ്രാർത്ഥനയ്ക്കു (വെളി 6,10) മറുപടി ലഭിച്ചതായി ഈ കീർത്തനം പ്രഘോഷിക്കുന്നു. കുറ്റാരോപകൻ എന്നാണ് *സാത്താൻ* എന്ന വാക്കിന്റെ അർത്ഥം. ദൈവത്തിന്റെ മുമ്പിൽ മനുഷ്യർക്കെതിരേ കുറ്റം ആരോപിക്കുന്നവനായിട്ടാണ് സാത്താൻ പഴയനിയമത്തിൽ പ്രത്യക്ഷപ്പെടുന്നത് (ജോബ് 1,6–11; സഖ 3,1). പുതിയ നിയമത്തിലും ഇപ്രകാരമൊരു സൂചനയുണ്ട് (ലൂക്കാ 22,31). പൗരന്മാരുടെ കുറ്റങ്ങൾ കണ്ടുപിടിച്ച് അധികാരികളെ അറിയിക്കാനായി ചുമതലപ്പെടുത്തുന്ന ചാരന്മാരുടെ ജോലിയാണ് സാത്താന്റേത്. എന്നാൽ ഇനി അവന്റെ ആരോപണങ്ങൾ വിലപ്പോവുകയില്ല. *നമ്മുടെ സഹോദരർ* എന്നു വിശേഷിപ്പിക്കുന്നത് രക്തസാക്ഷികളെയാണ്.

**12,11** യേശുവിന്റെ മരണമാണ് മനുഷ്യർക്കു സാത്താന്റെമേൽ വിജയം സാധ്യമാക്കുന്നത്. യേശുവിനോടു വിശ്വസ്തത പുലർത്താൻവേണ്ടി പീഡനങ്ങളും മരണവും ഏറ്റുവാങ്ങിയവരാണ് രക്തസാക്ഷികൾ (വെളി 7,14). തിന്മയുടെമേൽ വിജയം വരിക്കാൻ കുരിശിന്റെ മാർഗ്ഗം മാത്രമേ മനുഷ്യനു നല്കപ്പെട്ടിട്ടുള്ളു (മത്താ 10,38–39; മർക്കോ 8,35; യോഹ 12,24–25). യേശുവിന്റെ മരണത്തോട് സ്വന്തം സഹനവും മരണവും വഴി താദാത്മ്യപ്പെടുന്നവർക്കേ അവന്റെ വിജയത്തിൽ പങ്കുചേരാൻ കഴിയൂ.

ക്രിസ്തുവിശ്വാസികൾ നേരിടുന്ന മതപീഡനത്തിന്റെ അർത്ഥം വ്യക്തമാക്കുന്നതാണ് ഈ വാക്യം. 'വേഗം വരുന്നു' എന്നു പറഞ്ഞ മൂന്നാമത്തെ ദുരിതമായി (വെളി 11,14) ഇതിനെ വ്യാഖ്യാതാക്കൾ കരുതുന്നു. മിശിഹായോടും മാലാഖമാരോടും പരാജയപ്പെട്ട സാത്താന്റെ പകയാണ് മതപീഡനത്തിനു കാരണം. ചുരുങ്ങിയ സമയം എന്നത് മൂന്നരവർഷം അഥവാ



1260 ദിവസം എന്നതിനു തുല്യമായ സമയമാണ്. സ്വർഗ്ഗത്തിൽ പരാജയപ്പെട്ടെങ്കിലും ഭൂമിയിൽ സാത്താൻ തന്റെ ആധിപത്യം തുടരുന്നു. നാശം സുനിശ്ചിതമാണെന്നബോധ്യം അവന്റെ ക്രോധം വർദ്ധിപ്പിക്കുന്നു. ആ ക്രോധത്താൽ ക്രിസ്തുവിശ്വാസികൾ ഏറെ സഹിക്കേണ്ടിവരും.

## c സർപ്പം സ്ത്രീക്കെതിരേ 12,13–18

13. താൻ ഭൂമിയിലേക്ക് എറിയപ്പെട്ടു എന്നു കണ്ടപ്പോൾ, ആൺകുട്ടിയെ പ്രസ
14. വിച്ച സ്ത്രീയെ അന്വേഷിച്ച് സർപ്പം പുറപ്പെട്ടു. സർപ്പത്തിന്റെ വായിൽനിന്നു
രക്ഷപ്പെട്ട് തന്റെ സങ്കേതമായ മരുഭൂമിയിലേക്കു പറന്നുപോകാൻവേണ്ടി ആ
സ്ത്രീക്കു വൻകഴുകന്റെ രണ്ടു ചിറകുകൾ നല്കപ്പെട്ടു. സമയവും സമയ
ങ്ങളും സമയത്തിന്റെ പകുതിയും അവൾ അവിടെ സംരക്ഷിക്കപ്പെടേണ്ടി
15. യിരുന്നു. സ്ത്രീയെ ഒഴുക്കിക്കളയാൻ സർപ്പം തന്റെ വായിൽനിന്ന് നദിപോ
16. ലെ ജലം അവളുടെ പിന്നാലെ പുറപ്പെടുവിച്ചു. എന്നാൽ ഭൂമി അവളെ സഹാ
യിച്ചു. അതു വായ് തുറന്ന് സർപ്പം വായിൽനിന്ന് ഒഴുക്കിയ നദിയെ വിഴുങ്ങി
17. ക്കളഞ്ഞു. അപ്പോൾ സർപ്പം സ്ത്രീയുടെ നേരെ കോപിച്ചു. ദൈവകല്പന
കൾ കാക്കുന്നവരും യേശുവിനു സാക്ഷ്യം വഹിക്കുന്നവരുമായി അവളുടെ
സന്താനങ്ങളിൽ ശേഷി ച്ചിരുന്നവരോടു യുദ്ധം ചെയ്യാൻ അതു പുറപ്പെട്ടു.
18. അതു കടലിന്റെ മണൽത്തിട്ടയിൽ നിലയുറപ്പിച്ചു.

**12,13–14** സ്വർഗ്ഗത്തിലെ വിജയത്തിനുശേഷം പരാജിതനായ സാത്താന്റെ പരാക്രമങ്ങളിലേക്ക് ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. ക്രിസ്തുവിനോടുള്ള സാത്താന്റെ വിരോധമാണ് സഭയ്ക്കെതിരേയുള്ള പീഡനങ്ങളിലൂടെ പ്രകടമാകുന്നത്. മരുഭൂമിയിലേക്കുള്ള പലായനം ആദ്യത്തെ ദൃശ്യത്തിൽ (12,6) കണ്ടതാണ്. കഴുകന്റെ ചിറകുകൾ ഈജിപ്തിൽനിന്നു പുറപ്പെട്ട ജനത്തിന് ദൈവം നല്കിയ സംരക്ഷണത്തെ അനുസ്മരിപ്പിക്കുന്നു (പുറ 19,4). ശത്രുക്കളിൽനിന്ന് അതിവേഗം രക്ഷപ്പെടാൻ വേണ്ടിയാണ് ചിറകുകൾ നല്കുന്നത്. ദൈവം സഭയ്ക്കു നല്കുന്ന കരുണാമസൃണവും വാത്സല്യപൂർണ്ണവുമായ സംരക്ഷണത്തിന്റെ സൂചനയാണിത്. സമയവും സമയങ്ങളും സമയത്തിന്റെ പകുതിയും മൂന്നരവർഷത്തെ സൂചിപ്പിക്കുന്നു (ദാനി 7,25). ക്രിസ്തുവിന്റെ മടങ്ങിവരവുവരെയുള്ള കാലയളവാണിത്.

**12,15** സഭയെ നശിപ്പിക്കാനുള്ള സാത്താന്റെ പരിശ്രമങ്ങളാണ് വെള്ളപ്പൊക്കത്തിന്റെ പ്രതീകത്തിലൂടെ അവതരിപ്പിക്കുന്നത്. ഇസ്രായേൽ ജനം കടന്ന ചെങ്കടലിന്റെയും (പുറ 14,1–25) ജോർദ്ദാന്റെയും (ജോഷ്വാ 3,1–17) സ്മരണ ഉണർത്തുന്നതാണ് ഈ ചിത്രം. ഇസ്രായേലിന്റെ ആദ്യജാതന്മാരെ നദിയിൽ മുക്കിക്കൊല്ലാൻ ഫറവോ നല്കിയ ആജ്ഞയും (പുറ 1,22) ഈ ചിത്രത്തിന്റെ പശ്ചാത്തലത്തിലുണ്ട്. വലിയ പീഡനങ്ങളെയും ക്ലേശങ്ങളെയും വെള്ളപ്പൊക്കത്തോടുപമിക്കുക പഴയനിയമത്തിൽ സാധാരണമാണ് (സങ്കീ 18,4; 124,4; ഏശ 43,2). ആദിമസഭ അകമേനിന്നു നേരിട്ട ഭിന്നതകളും

പാഷണ്ഡതകളും വിശ്വാസമാന്ദ്യവും, പുറമേനിന്ന് ഏല്ക്കേണ്ടിവന്ന ക്രൂരമായ പീഡനങ്ങളുമാണ് പ്രതീകങ്ങളിലൂടെ ഇവിടെ അവതരിപ്പിക്കുന്നത്.

**12,16** സഭയെ കാത്തുസൂക്ഷിക്കുന്ന ദൈവപരിപാലനയുടെ ചിത്രമാണിത്. ചില സ്ഥലങ്ങളിൽ ഭൂമിക്കടിയിൽ അപ്രത്യക്ഷമാകുന്ന നദികളുടെ ചിത്രം ഈ പ്രതീകത്തിനു കാരണമായിട്ടുണ്ടാവാം. ഇപ്രകാരം ഒരു നദി കൊളോസോസിനു സമീപത്തുണ്ടായിരുന്നെന്ന് ചരിത്രകാരന്മാർ പറയുന്നു. 'നരകകവാടങ്ങൾ സഭയ്ക്കെതിരേ പ്രബലപ്പെടുകയില്ല' (മത്താ 16,18) എന്ന നാഥന്റെ വാക്കുകളെ അനുസ്മരിപ്പിക്കുന്നതാണ് ഈ സംരക്ഷണം.

**12,17** സഭയെ ഒന്നടങ്കം നശിപ്പിക്കാൻ കഴിയാതെ വന്നപ്പോൾ സഭയുടെ അംഗങ്ങൾക്കെതിരേ സാത്താൻ തിരിയുന്നു. യേശുവിനോടുള്ള വിശ്വസ്തതയും സഭയിലുള്ള അംഗത്വവുമാണ് മതപീഡനം വിളിച്ചുവരുത്തുന്നത് (മത്താ 10,22). എന്നാൽ സർപ്പത്തിന്റെ ഈ ശ്രമവും വിജയിക്കുകയില്ല എന്ന് അവന്റെ നില സൂചിപ്പിക്കുന്നു. മണൽത്തിട്ടയിൽ കാലുറയ്ക്കുകയില്ല (മത്താ 7,26-27). കടലിനെക്കുറിച്ചുള്ള പരാമർശം കടലുകൾക്കു മുകളിൽ ആധിപത്യം ഉറപ്പിച്ചിരിക്കുന്ന റോമാസാമ്രാജ്യത്തിന്റെ ചിത്രം അനുവാചകരുടെ മനസ്സിൽ ഉണർത്തുന്നു. ഇത് അടുത്ത ദൃശ്യങ്ങൾക്കുള്ള രംഗം ഒരുക്കുന്നു.

## 2. കടലിൽനിന്നു കയറിയവന്ന മൃഗം (13,1-10)

സഭാസന്താനങ്ങളെ പീഡിപ്പിക്കാനായി (12,17) സർപ്പം ഉപയോഗിക്കുന്ന രണ്ടുപകരണങ്ങളുടെ ചിത്രമാണ് അടുത്ത രണ്ടു ദൃശ്യങ്ങളിൽ അവതരിപ്പിക്കുന്നത്. കടലിൽനിന്നും കരയിൽനിന്നും കയറിവരുന്ന മൃഗങ്ങൾ തമ്മിൽ സാമ്യവും അടുത്ത ബന്ധവുമുണ്ട്. സഭയെ പീഡിപ്പിക്കുന്ന റോമാസാമ്രാജ്യത്തിന്റെ രണ്ടു ചിത്രങ്ങളാണ് രണ്ടു മൃഗങ്ങളുടെ പ്രതീകങ്ങളിലൂടെ യോഹന്നാൻ വരച്ചുകാട്ടുന്നത്. ക്രിസ്തുവിന്റെ സാക്ഷികളെ പീഡിപ്പിക്കുന്ന പാതാളത്തിൽനിന്നു കയറിവന്ന മൃഗവും (വെളി 11,7) മഹാവേശ്യയായ ബാബിലോണിനെ വഹിക്കുന്ന മൃഗവും (17,3) ഇവിടെ വിവരിക്കുന്ന ആദ്യത്തെ മൃഗത്തിന്റെതന്നെ പകർപ്പുകളാണ്. ക്രിസ്തുവിശ്വാസികളെ നശിപ്പിക്കുന്ന സാമ്രാജ്യശക്തിയെ ഭീകരമൃഗങ്ങളായി ചിത്രീകരിച്ചുകൊണ്ട് സാമ്രാജ്യത്വത്തിന്റെ മൃഗീയതയും പൈശാചികത്വവും ഗ്രന്ഥകാരൻ തുറന്നുകാട്ടുന്നു. മർദ്ദകഭരണം നടത്തുന്ന സാമ്രാജ്യശക്തികളെ ഭീകരമൃഗങ്ങളായി ചിത്രീകരിക്കാൻ ഗ്രന്ഥകാരൻ ദാനിയേലിന്റെ പുസ്തകത്തിൽ നിന്നാവണം പ്രചോദനം സ്വീകരിച്ചത് (ദാനി 7,2-8).

രണ്ടു മൃഗങ്ങളുടെയും ചിത്രങ്ങൾക്ക് കുഞ്ഞാടിന്റെ ചിത്രവുമായി സാമ്യമുണ്ട്. ക്രിസ്തുവിന്റെ പ്രതിയോഗി അഥവാ അന്തിക്രിസ്തു ആയി



ട്ടാണ് മൃഗങ്ങൾ ഇവിടെ പ്രത്യക്ഷപ്പെടുന്നത്. ദൈവവും സാത്താനും തമ്മിലുള്ള യുദ്ധം ക്രിസ്തുവും മൃഗവും തമ്മിലും, ക്രിസ്തുവിന്റെ സാക്ഷികളും സർപ്പത്തിന്റെ കാര്യസ്ഥന്മാരും തമ്മിലും ഉള്ള യുദ്ധമായി അവതരിപ്പിക്കുന്നു.

1. കടലിൽ നിന്നു കയറിവരുന്ന ഒരു മൃഗത്തെ ഞാൻ കണ്ടു. അതിനു പത്തു
കൊമ്പും ഏഴുതലയും കൊമ്പുകളിൽ പത്തു കിരീടങ്ങളും തലകളിൽ ദൈവ
2. ദൂഷണപരമായ ഒരു നാമവുമുണ്ടായിരുന്നു. ഞാൻ കണ്ട മൃഗം പുള്ളിപ്പുലി
യേ പ്പോലിരുന്നു. അതിന്റെ കാലുകൾ കരടിയുടേതുപോലെ, വായ് സിംഹ
ത്തിന്റേതുപോലെയും. സർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ
3. അധികാരവും അതിനു കൊടുത്തു. അതിന്റെ തലകളിലൊന്നു മാരകമായി
മുറിപ്പെട്ടതുപോലെ തോന്നി. എങ്കിലും മരണകരമായ ആ മുറിവു സുഖമാക്ക
4. പ്പെട്ടു. ഭൂമി മുഴുവൻ ആ മൃഗത്തെക്കുറിച്ച് ആശ്ചര്യപ്പെട്ടു. മൃഗത്തിന് അധികാ
രം നല്കിയതു നിമിത്തം അവർ സർപ്പത്തെ ആരാധിച്ചു. ഈ മൃഗത്തെപ്പോലെ
ആരുണ്ട്? ഇതിനോടു പോരാടാൻ ആർക്കു കഴിയും? എന്നു പറഞ്ഞുകൊണ്ട്
5. അവർ മൃഗത്തേയും ആരാധിച്ചു. വൻപും ദൈവദൂഷണവും പറയുന്ന ഒരു
വായ് അതിനു നല്കപ്പെട്ടു. നാല്പത്തിരണ്ടുമാസം പ്രവർത്തനം നടത്താൻ
6. അതിന് അധികാരവും നല്കപ്പെട്ടു. ദൈവത്തിനെതിരേ ദൂഷണം പറയാൻ
അത് വായ് തുറന്നു. അവിടുത്തെ നാമത്തെയും അവിടുത്തെ വാസസ്ഥല
7. ത്തെയും സ്വർഗ്ഗത്തിൽ നിവസിക്കുന്നവരെയും അതു ദുഷിച്ചു പറഞ്ഞു. വിശു
ദ്ധരോടു പടപൊരുതി അവരെ കീഴ്പെടുത്താൻ അതിന് അനുവാദം നല്ക
പ്പെട്ടു. സകല ഗോത്രങ്ങളുടെയും ജനതകളുടെയും ഭാഷകളുടെയും രാജ്യ
8. ങ്ങളുടെമേൽ അതിന് അധികാരവും നല്കപ്പെട്ടു. വധിക്കപ്പെട്ട കുഞ്ഞാടിന്റെ
ജീവഗ്രന്ഥത്തിൽ ലോകസ്ഥാപനം മുതൽ പേരെഴുതപ്പെടാത്തവരായി
9. ഭൂമിയിൽ വസിക്കുന്ന സർവ്വരും അതിനെ ആരാധിക്കും. ചെവിയുള്ളവൻ
10. കേൾക്കട്ടെ. തടവിലാക്കപ്പെടേണ്ടവൻ തടവിലേക്കു പോകുന്നു. വാളുകൊണ്ടു
വധിക്കുന്നവൻ വാളിനാൽ വധിക്കപ്പെടണം. ഇവിടെയാണു വിശുദ്ധരുടെ
ക്ഷമാപൂർവ്വമായ ഉറച്ചുനില്പും വിശ്വാസവും.

**13,1-2** കടലിനെക്കുറിച്ചുള്ള പരാമർശവും, മൃഗത്തിന്റെ ബാഹ്യരൂപമായ ഏഴു തലയും പത്തുകൊമ്പും ഇതിനെ സർപ്പവുമായി ബന്ധിപ്പിക്കുന്നു (വെളി 12,3-18). പൈശാചിക ശക്തികളായ ഭീകരജീവികളുടെ വാസസ്ഥലമായിട്ടാണ് പുരാതന മതങ്ങൾ കടലിനെ കരുതിയിരുന്നത്. അവിടെനിന്നു കയറിവരുന്ന മൃഗം പൈശാചികമായിരിക്കും. മൃഗത്തിന്റെ ചിത്രീകരണത്തിൽ ദാനിയേലിന്റെ ദർശനത്തിന്റെ (ദാനി 7,2-8) സ്വാധീനം വ്യക്തമാണ്. രണ്ടിലും മൃഗങ്ങൾ കടലിൽ നിന്നാണു കയറിവരുന്നത്. ദാനിയേലിൽ നാലു മൃഗങ്ങൾ നാലു സാമ്രാജ്യങ്ങളെ സൂചിപ്പിക്കുന്നു. അവയുടെ പ്രതീകങ്ങളായ പുള്ളിപ്പുലി, കരടി, സിംഹം, ഏഴുതലകൾ, പത്തു കൊമ്പുകൾ ഇവ ഒറ്റമൃഗത്തിൽ സമ്മേളിക്കുന്ന ചിത്രം അവതരിപ്പിച്ചുകൊണ്ട് സകല സാമ്രാജ്യങ്ങളുടെയും ഭീകരത ഒത്തുചേർന്നതാണ് താൻ കണ്ട മൃഗം എന്നു യോഹ

ന്നാൻ സൂചിപ്പിക്കുന്നു.

*തലയും കൊമ്പും കിരീടവും* മൃഗത്തെ സർപ്പത്തിന്റെ തനിപ്പകർപ്പായി ചിത്രീകരിക്കുന്നതിനു പുറമേ, സാമ്രാജ്യത്തെ ഭരിച്ച രാജാക്കന്മാരുടെ പ്രതീകങ്ങളായും നിലകൊള്ളുന്നു. യേശുവിന്റെ മരണംമുതൽ വെളിപാടു പുസ്തകം രചിക്കപ്പെടുന്നതുവരെയുള്ള കാലയളവിൽ ഏഴു ചക്രവർത്തിമാർ റോമാ ഭരിച്ചു. ടൈബീരിയസ് ഏ.ഡി. 14-37; കലിഗുള 37-41; ക്ലോഡിയസ് 41-54; നീറോ 55-68; വെസ്പസിയാൻ 69-79; ടെറ്റസ് 79-81; ഡെമീഷ്യൻ 81-96 എന്നീ ഏഴു ചക്രവർത്തിമാരുടെ പ്രതീകമായിരിക്കണം ഏഴുതലകൾ. ഏ.ഡി. 68-69ൽ ഗാൽബാ, ഓത്തോ, വിത്തേള്ളിയൂസ് എന്നീ മൂന്നു സേനാധിപന്മാർ ചുരുങ്ങിയ സമയത്തേക്ക് റോമിൽ രാജാധികാരം കൈവശപ്പെടുത്തിയതിന്റെ സൂചന കിരീടമണിഞ്ഞ പത്തുകൊമ്പുകളുടെ പ്രതീകത്തിൽ കാണാം. തലകളിലുള്ള ദൈവദൂഷണപരമായ നാമം റോമൻചക്രവർത്തിമാർ അവകാശപ്പെട്ട ദൈവികതയിലേക്കു ശ്രദ്ധ തിരിക്കുന്നു. സർപ്പം തന്റെ ശക്തിയും അധികാരവും മൃഗത്തിനു നല്കി എന്നു പറയുന്നതിലൂടെ സ്വയം ദൈവമായി പ്രഖ്യാപിക്കുന്ന രാജാവും, ദൈവത്വം അവകാശപ്പെടുന്ന സാമ്രാജ്യവും പൈശാചികമാണ് എന്നു ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. റോമാസാമ്രാജ്യത്തോടുള്ള ക്രിസ്തുവിശ്വാസികളുടെ കഠിനമായ എതിർപ്പും ചക്രവർത്തിമാരുടെ അവകാശവാദങ്ങളുടെ തിരസ്കരണവും വെളിപ്പെടുത്തുന്നതാണ് ഈ പ്രസ്താവന. മൃഗത്തെ ക്രിസ്തുവിന്റെ പ്രതിയോഗിയായി ചിത്രീകരിക്കുന്നതിന്റെ സൂചനയും ദൃശ്യമാകുന്നു. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നവനാണ് ക്രിസ്തു; കടലിൽ നിന്നു കയറിവന്നവൻ മൃഗം. ക്രിസ്തു പിതാവിൽനിന്ന് സർവ്വ അധികാരവും സ്വീകരിച്ചതുപോലെ മൃഗം സർപ്പത്തിൽ നിന്ന് സർവ്വ അധികാരവും സ്വീകരിച്ചു.

**13,3** തലകളിൽ ഒന്നിനു മാരകമായ മുറിവേറ്റിട്ടും സുഖപ്പെട്ടത് കൊല്ലപ്പെട്ടതായി തോന്നുന്ന കുഞ്ഞാട് നില്ക്കുന്നതിനെ അനുസ്മരിപ്പിക്കുന്നു. ക്രിസ്തുവിന്റെ പ്രതിയോഗിയും അനുകരണവുമായി മൃഗത്തെ ചിത്രീകരിക്കാനുള്ള ശ്രമം ഇവിടെ തുടരുന്നു. നീറോ ചക്രവർത്തി മരിച്ചില്ലെന്നും പാർത്തിയാക്കാരുടെ സഹായത്തോടെ റോമാ ആക്രമിച്ചു കീഴടക്കാൻ വരുമെന്നും ഉള്ള ഒരു വിശ്വാസം റോമാക്കാരുടെ ഇടയിൽ പ്രചാരത്തിലിരുന്നു. മാരകമായ മുറിവു സുഖപ്പെട്ടത് നീറോയെക്കുറിച്ചുള്ള സൂചനയാവാം. റോമാസാമ്രാജ്യത്തിന്റെ അസൂയാർഹമായ വളർച്ചയും കലാപങ്ങളെ അതിജീവിക്കാനുള്ള കഴിവും സകല ജനതകളിലും ആശ്ചര്യം ഉളവാക്കുന്നതായിരുന്നു.

**13,4** ചക്രവർത്തിയെ ആരാധിക്കുന്ന ആചാരം സാമ്രാജ്യത്തിൽ അതിവേഗം വ്യാപിച്ചതിന്റെ സൂചനയാണ് ഇവിടെ ലഭിക്കുന്നത്. അതേസമയം ചക്രവർത്തിയെ ആരാധിക്കുന്നവർ സാത്താനെയാണ് ആരാധിക്കുന്നതെന്ന്



തറപ്പിച്ചു പറയുകയും ചെയ്യുന്നു. ഈ മൃഗത്തെപ്പോലെ ആരുണ്ട്? എന്ന ചോദ്യം "കർത്താവേ, ദേവന്മാരിൽ അങ്ങേയ്ക്കു തുല്യനായി ആരുണ്ട്?" (പുറ 15,11) എന്ന സ്തുതിപ്പിന്റെ അനുകരണമാണ്.

**13,5-8** വൻപും ദൈവദൂഷണവും പറയുന്ന വായ് അന്തിയോക്കസ് എപ്പിഫാനോസിന് ദാനിയേൽ നല്കിയ വിശേഷണമാണ് (ദാനി 7,8). മൃഗത്തിന്റെ തലകളിൽ എഴുതിയ നാമം (വെളി 13,1) ഇവിടെ കൂടുതൽ വിശദമാക്കുന്നു. റോമൻ ചക്രവർത്തിയുടെ അവകാശവാദവും ചക്രവർത്തിയ്ക്ക് അർപ്പിക്കുന്ന ആരാധനയും ദൈവദൂഷണമായേ ക്രിസ്തുവിശ്വാസികൾക്കു കാണാൻ കഴിയൂ (2 തെസ്സ 2,4). 5-7 വാക്യങ്ങളിൽ *നല്കപ്പെട്ടു* എന്ന പദം നാലുതവണ ആവർത്തിച്ചിരിക്കുന്നു. ദൈവം നല്കി എന്നാണ് ഇതിന്റെ അർത്ഥം. പ്രത്യക്ഷത്തിൽ മൃഗത്തിന്റെ അധികാരവും ശക്തിയും സർപ്പത്തിൽനിന്നു ലഭിച്ചതാണെങ്കിലും ദൈവം കല്പിച്ചനുവദിക്കുന്നിടത്തോളം മാത്രമേ അതിനു പ്രവർത്തിക്കാൻ കഴിയൂ. ദൈവദൂഷണം പറയാനും ദൈവജനത്തെ പീഡിപ്പിക്കാനും ദൈവം അനുവദിച്ചതുകൊണ്ടുമാത്രമാണ് മൃഗത്തിനു കഴിയുന്നത്. രക്തസാക്ഷികളുടെ മരണം മൃഗത്തിന്റെ വിജയമായി തോന്നാമെങ്കിലും യഥാർത്ഥത്തിൽ മരണത്തിലൂടെ അവരാണ് വിജയികളാവുന്നത് (വെളി 15,2). ദൈവവിരുദ്ധമായ രാജാധികാരത്തെയും പൊതുജനാഭിപ്രായത്തെയും അംഗീകരിച്ച് തിന്മയ്ക്കു വഴങ്ങുന്നവർക്കു നിത്യജീവൻ നഷ്ടപ്പെടും.

**13,9-10** മൃഗത്തെയും പീഡനത്തെയും കുറിച്ചുള്ള പ്രതിപാദനത്തിനു മധ്യേ ഒരു പ്രവാചകവചനമായിട്ടാണ് ഈ വാക്യം അവതരിപ്പിച്ചിരിക്കുന്നത്. പീഡാസഹനവും മരണവും ക്രിസ്തുവിശ്വാസിക്ക് അനിവാര്യമാണ് എന്ന് ഇത് അനുസ്മരിപ്പിക്കുന്നു. തടവറയും മരണവും അവന് ഒഴിവാക്കാൻ കഴിയുകയില്ല. വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുമ്പോൾ വാളുകൊണ്ട് അതിനെ എതിർക്കാൻ ക്രൈസ്തവനു സാധിക്കുകയില്ല. ജറെ 15,2-ൽ നിന്നെടുത്തതാണ് ആദ്യഭാഗം. രണ്ടാമത്തേത് യേശു നല്കിയ താക്കീതിന്റെ (മത്താ 26,52) സ്വതന്ത്രമായ അവതരണമാണ്. പീഡകർക്കുള്ള താക്കീതും ശിക്ഷാവിധിയുമാണിത്. ക്രൈസ്തവന്റെ ആയുധം വാളല്ല, ക്ഷമാപൂർവ്വമായ ഉറച്ചുനില്പും ക്രിസ്തുവിനോടുള്ള വിശ്വസ്തതയുമാണ്.

## 3. കരയിൽനിന്നു കയറിവന്ന മൃഗം 13,11-18

11. ഭൂമിയിൽനിന്നു കയറിവരുന്ന വേറൊരു മൃഗത്തെ ഞാൻ കണ്ടു. അതിനു
കുഞ്ഞാടിന്റേതുപോലുള്ള രണ്ടു കൊമ്പുകളുണ്ടായിരുന്നു. അതു സർപ്പത്തെ
12. പ്പോലെ സംസാരിച്ചു. അത് ആദ്യത്തെ മൃഗത്തിന്റെ എല്ലാ അധികാരവും
അതിന്റെ മുമ്പിൽ പ്രയോഗിക്കുന്നു. മാരകമായ മുറിവു സുഖപ്പെട്ട ആദ്യത്തെ
മൃഗത്തെ ആരാധിക്കാൻ അതു ഭൂമിയെയും ഭൂവാസികളെയും നിർബന്ധി
13. ക്കുന്നു. ആകാശത്തു നിന്നു ഭൂമിയിലേക്ക് അഗ്നിയിറക്കുകപോലും ചെയ്ത്

14. മനുഷ്യരുടെ മുമ്പാകെ അതു വലിയ അടയാളങ്ങൾ പ്രവർത്തിക്കുന്നു. മൃഗത്തിന്റെ മുമ്പിൽ പ്രവർത്തിക്കാൻ തനിക്കനുവദിക്കപ്പെട്ടിരുന്ന അടയാളങ്ങൾ വഴി അതു ഭൂവാസികളെ വഴിതെറ്റിക്കുന്നു. വാളുകൊണ്ടു മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന്റെ പ്രതിമയുണ്ടാക്കാൻ അതു ഭൂവാസികളോടു പറയുന്നു.
15. മൃഗത്തിന്റെ പ്രതിമയ്ക്ക് ജീവശ്വാസം പകരാൻ അതിന് അനുവാദം നല്കപ്പെട്ടു. മൃഗത്തിന്റെ പ്രതിമ സംസാരിക്കാനും മൃഗത്തിന്റെ പ്രതിമയെ ആരാ
16. ധിക്കാത്തവരെ കൊല്ലിക്കാനും വേണ്ടിയായിരുന്നു അത്. ചെറിയവരും വലിയവരും, ധനികരും ദരിദ്രരും, സ്വതന്ത്രരും അടിമകളുമായ എല്ലാവരുടെയും വലത്തുകൈയിലോ നെറ്റിയിലോ മുദ്രകുത്താൻ അതു നിർബന്ധിക്കുന്നു.
17. മൃഗത്തിന്റെ നാമമോ നാമസംഖ്യയോ മുദ്രകുത്തപ്പെടാത്തവർക്ക് കൊടുക്കൽ
18. -വാങ്ങൽ അസാധ്യമാക്കാൻ വേണ്ടിയാണത്. ഇവിടെയാണ് ജ്ഞാനം ആവശ്യമായിരിക്കുന്നത്. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ കണക്കുകൂട്ടട്ടെ. അത് ഒരു മനുഷ്യന്റെ സംഖ്യയാണ്. ആ സംഖ്യ അറുനൂറ്റിയറുപത്തിയാറ്.

**13,11-12** ആദ്യത്തെ മൃഗം റോമാസാമ്രാജ്യത്തിന്റെ രാഷ്ട്രീയ പരമാധികാരത്തെ സൂചിപ്പിച്ചപ്പോൾ രണ്ടാമത്തെ മൃഗം മതപരവും ഭരണപരവുമായ മേഖലകളിൽ പ്രാദേശികാധികാരികളിലൂടെ തന്റെ അധികാരം നടപ്പിലാക്കുന്ന സാമ്രാജ്യത്തിന്റെ ഭരണകൂടത്തെയാണ് സൂചിപ്പിക്കുന്നത്. ഇതിനെ വ്യാജ പ്രവാചകൻ എന്നും വിശഷിപ്പിക്കുന്നുണ്ട് (വെളി 16,13; 19,20). ആദ്യത്തെ മൃഗത്തിന്റെ അധികാരമാണ് രണ്ടാമത്തേതും ഉപയോഗിക്കുന്നത്. കുഞ്ഞാടിന്റേതുപോലുള്ള കൊമ്പുകൾ ക്രിസ്തുവിന്റെ പ്രതിയോഗിയായി ഇതിനെയും ചിത്രീകരിക്കുന്നു. സർപ്പത്തെപ്പോലെ സംസാരിക്കുന്നത് നുണയുടെയും വഞ്ചനയുടെയും സൂചനയാണ് (ഉൽപ 3,1-5; വെളി 12,9). രാജാരാധന നിർബന്ധമാക്കുന്നതിന് മുൻകൈ എടുത്ത ഏഷ്യയെയാണ് രണ്ടാമത്തെ മൃഗം സൂചിപ്പിക്കുന്നതെന്ന് ചിലർ കരുതുന്നു.

**13,13-14** ***ആകശത്തുനിന്ന് അഗ്നിയിറക്കുന്നത്*** ഏലിയായെ (1 രാജാ 18,38) അനുസ്മരിപ്പിക്കുന്നു. വ്യാജ മിശിഹായ്ക്ക് വഴിയൊരുക്കുന്ന വ്യാജ ഏലിയാ ആണ് ഈ മൃഗം. അത്ഭുതങ്ങൾ കാണിച്ച് വിശ്വാസികളെപോലും വഴിതെറ്റിക്കുന്ന വ്യാജപ്രവാചകന്മാരെക്കുറിച്ച് യേശു മുന്നറിയിപ്പു നല്കിയിട്ടുണ്ട് (മത്താ 24,24). ചക്രവർത്തിയുടെ പ്രതിമ സ്ഥാപിക്കുക രാജാരാധനയുടെ ഭാഗമായിരുന്നു.

**13,15** വ്യാജപ്രവാചകൻ പ്രവർത്തിക്കുന്ന വ്യാജാത്ഭുതങ്ങളുടെ ഒരു ദാഹരണമാണ് പ്രതിമയ്ക്കു സംസാരശക്തി നല്കുന്നത്. വേറെങ്ങോനിന്നാണ് ശബ്ദം വരുന്നതെന്നു തോന്നത്തക്കവിധം സംസാരിക്കൻ കഴിവുള്ള മനുഷ്യരുണ്ട് (Ventriloquism). ഇതുപോലുള്ള തന്ത്രങ്ങളും ജാലവിദ്യകളും കാട്ടുന്നതിൽ പല പുരാതനമതങ്ങളിലെയും പുരോഹിതന്മാർ പ്രഗത്ഭരായിരുന്നു. ഇപ്രകാരമുള്ള അത്ഭുതങ്ങളിലൂടെ രാജാരാധന പ്രചരിപ്പിക്കുന്നതിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.



**13,16-17** *മൃഗത്തിന്റെ മുദ്ര* - രാജാരാധന നിർബന്ധമാക്കുന്നതിന്റെ മറ്റൊരു ഘട്ടമാണ് ഇവിടെ വിവരിക്കുന്നത്. രാജാവിനെ ദൈവമായി അംഗീകരിക്കുന്നതിന്റെ ദൃശ്യമായ അടയാളമില്ലാത്തവർക്ക് ജീവിതം അസാധ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. എന്താണ് ഈ മുദ്ര എന്നതിനെ കുറിച്ചു തർക്കമുണ്ട്. രാജപ്രതിമയ്ക്കു ധൂപമർപ്പിക്കുമ്പോൾ ലഭിക്കുന്ന സാക്ഷിപത്രമാണിതെന്നു ചിലർ കരുതുന്നു. യഹൂദർ കൈയിലും നെറ്റിയിലും കെട്ടിയിരുന്ന തൊങ്ങൽപോലുള്ള എന്തോ ആയിരിക്കണം ഇതെന്നു മറ്റു ചിലർ. എന്തായാലും കുഞ്ഞാടിന്റെ മുദ്ര (വെളി 7,3; 14,1)യുമായുള്ള ഇതിന്റെ സാദൃശ്യം വ്യക്തമാണ്. പരസ്യമായി പക്ഷം ചേരാൻ എല്ലാവരും നിർബന്ധിതരാകുന്നു. ഒന്നുകിൽ ക്രിസ്തുവിന്റെകൂടെ, അല്ലെങ്കിൽ സാമ്രാജ്യശക്തിയായ മൃഗത്തിന്റെകൂടെ. ഇവയ്ക്കു മധ്യേ ഇടമില്ല.

**13,18** ഏറെ വിവാദവിഷയമായിട്ടുള്ള ഒരു വാക്യമാണിത്. പല പുരാതനഭാഷകളിലും സംഖ്യകളെ സൂചിപ്പിക്കാൻ അക്കങ്ങളില്ലായിരുന്നു; പകരം അക്ഷരങ്ങളാണുപയോഗിച്ചിരുന്നത്. ഓരോ അക്ഷരത്തിനും ഒരു പ്രത്യേക മൂല്യം നിർണ്ണയിച്ചിരുന്നു. ഇതിൽനിന്നാണ് നാമസംഖ്യ എന്ന പ്രയോഗം വരുന്നത്. ഓരോ പേരിലും ഉള്ള അക്ഷരങ്ങളുടെ മൂല്യം കണക്കുകൂട്ടി നാമസംഖ്യ നിർണ്ണയിക്കുന്നു. മൃഗത്തിന്റെ സംഖ്യയായ 666 ഏതു മനുഷ്യനെ സൂചിപ്പിക്കുന്നു എന്ന കാര്യത്തിൽ അഭിപ്രായ ഐക്യമില്ല. അനേകം പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിൽ ഏറ്റം സ്വീകാര്യമായി വ്യാഖ്യാതാക്കൽ കരുതുന്നത് നീറോയുടെ പേരാണ്. നീറോ സീസർ എന്നു ഹീബ്രുവിലെഴുതി കണക്കുകൂട്ടിയാൽ കിട്ടുന്നത് 666 ആണ്. ഹീബ്രുഭാഷയിൽ വ്യഞ്ജനങ്ങൾക്കേ അക്ഷരങ്ങളുള്ളു. സ്വരങ്ങൾ കുത്തുകൾ വഴിയാണ് സൂചിപ്പിക്കുന്നത്. നീറോ സീസർ എന്ന പേരിന്റെ അക്ഷരങ്ങളും അവയുടെ മൂല്യങ്ങളും: N-50; R-200; W-6; N-50; Q-100; S-60; R-200 = 666. മരിച്ചിട്ടും ജീവിക്കുന്നു എന്നു കരുതപ്പെടുന്ന നീറോ ക്രിസ്തുവിന്റെ പ്രതിയോഗിയായി കരുതപ്പെടുന്നു. ക്രൂരതയുടെയും സകലവിധ വഷളത്തങ്ങളുടെയും മൂർത്തിമദ്ഭാവമായിരുന്നു അയാൾ. ക്രിസ്ത്യാനികൾക്കെതിരേ ആസൂത്രിതമായ മതമർദ്ദനം ആരംഭിച്ച നീറോ സാത്താന്റെ അവതാരമായി പരിഗണിക്കപ്പെട്ടു. പൂർണ്ണതയിൽ ഒന്നു കുറഞ്ഞ സംഖ്യയാണ് ആറ്. അതു മൂന്നു തവണ ആവർത്തിക്കുമ്പോൾ അപൂർണ്ണതയുടെ പൂർണ്ണത, അഥവാ സമ്പൂർണ്ണതിന്മയുടെ പ്രതീകമാകുന്നു.

## 4. കുഞ്ഞാടും അനുയായികളും 14,1-5

1. ഞാൻ കണ്ടു: ഇതാ, കുഞ്ഞാടു സീയോൻ മലമേൽ നില്ക്കുന്നു. അവനോടു കൂടെ നൂറ്റിനാല്പത്തിനാലായിരംപേരും. അവരുടെ നെറ്റിയിൽ അവന്റെ
2. നാമവും അവന്റെ പിതാവിന്റെ നാമവും എഴുതപ്പെട്ടിരിക്കുന്നു. പെരുവെള്ളത്തിന്റെ ഇരമ്പൽപോലെയും വലിയ ഇടിനാദം പോലെയും സ്വർഗ്ഗത്തിൽനിന്ന്

3. ഒരു സ്വരം ഞാൻ കേട്ടു. വീണക്കാർ വീണമീട്ടുന്നതുപോലൊരു സ്വരം. അവർ
സിംഹാസനത്തിന്റെയും നാലു ജീവികളുടെയും ശ്രേഷ്ഠന്മാരുടെയും മുമ്പാ
കെ ഒരു പുതിയ ഗാനം ആലപിക്കുന്നു. ഭൂമിയിൽനിന്നു വിലയ്ക്കുവാങ്ങപ്പെട്ട
നൂറ്റിനാല്പത്തിനാലായിരം പേരൊഴികെ ആർക്കും ആ ഗാനം പഠിക്കാൻ
4. കഴിഞ്ഞില്ല. അവർ സ്ത്രീകളോടു ചേർന്ന് മലിനരാകാത്തവരാണ്. കാരണം,
അവർ ബ്രഹ്മചാരികളാണ്. അവരാണ് കുഞ്ഞാടിനെ അതു പോകുന്നിടത്തെ
ല്ലാം അനുഗമിക്കുന്നവർ. അവർ ദൈവത്തിനും കുഞ്ഞാടിനുമുള്ള ആദ്യഫ
5. ലമായി മനുഷ്യരിൽനിന്നു വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. അവരുടെ അധര
ങ്ങളിൽ വ്യാജം കാണപ്പെട്ടില്ല; അവർ നിഷ്കളങ്കരാണ്.

**14,1** അടുത്തെത്തിയിരിക്കുന്ന പീഡനങ്ങളുടെ ഭീകരചിത്രങ്ങൾക്കു ശേഷം അതിനും അപ്പുറത്ത് വിശ്വാസികൾക്കു കൈവരാനിരിക്കുന്ന വിജയത്തിന്റെ മനോഹരദൃശ്യത്തിലേക്കു ഗ്രന്ഥകാരൻ ശ്രദ്ധതിരിക്കുന്നു. ജറുസലെം ദേവാലയം സ്ഥിതിചെയ്തിരുന്ന മലയാണ് സീയോൻ മല. ദൈവത്തിന്റെ നഗരിയും വസതിയും ആയ സ്വർഗ്ഗത്തിന്റെ പ്രതീകമാണത്. ദൈവത്തിന്റെ വാസസ്ഥലം സ്വർഗ്ഗവാസികൾ തന്നെയാണ് എന്നും നാം കണ്ടു കഴിഞ്ഞു (വെളി 7,15; 13,6). സഭയുടെ പ്രതീകമായിട്ടാണ് പുതിയ നിയമത്തിൽ സീയോനും ജറുസലെമും വ്യാഖ്യാനിക്കപ്പെടുന്നത് (ഹെബ്രാ 12,22; ഗലാ 4,26; വെളി 21,2). വിജയംവരിച്ച സഭയുടെ മധ്യത്തിൽ നില്ക്കുന്ന ക്രിസ്തുവിന്റെ ചിത്രമാണ് യോഹന്നാൻ ഇവിടെ അവതരിപ്പിക്കുന്നത്. സീയോൻ മലയും കുഞ്ഞാടിന്റെ അനുയായികളും ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ടു പ്രതീകങ്ങളാണ്. കുഞ്ഞാടിനോടൊപ്പം നില്ക്കുന്ന 144,000 പേർ വെളി 7,4-8ൽ കണ്ട മുദ്രിതരായവരെ അനുസ്മരിപ്പിക്കുന്നു. അവരുടെ നെറ്റിയിൽ പതിച്ച മുദ്ര കുഞ്ഞാടിന്റെയും പിതാവിന്റെയും നാമമാണെന്ന് ഇവിടെ വിശദീകരിക്കുന്നു. വിജയംവരിക്കുന്നവർക്കു മനുഷ്യപുത്രൻ നല്കിയ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണിത് (വെളി 3,12). പീഡനങ്ങൾക്കു മധ്യേ ഭൂമിയിൽ വസിക്കുന്ന സഭയുടെ പ്രതീകമാണ് മുദ്രിതർ. കുഞ്ഞാടിന്റെ കൂടെ സീയോൻ മലയിൽ നില്ക്കുന്നവരാകട്ടെ വിജയം വരിച്ചവരുടെ പ്രതീകവും.

സീയോൻ മലയിൽ നില്ക്കുന്ന കുഞ്ഞാടിന്റെയും അവന്റെ മുദ്ര സ്വീകരിച്ച അനുയായികളുടെയും ചിത്രവും, മണൽത്തിട്ടയിൽ നില്ക്കുന്ന സർപ്പത്തിന്റെയും മൃഗത്തിന്റെ മുദ്ര സ്വീകരിച്ച അനുയായികളുടെയും ചിത്രവും തമ്മിൽ വ്യക്തമായ വൈരുദ്ധ്യമുണ്ട്. മലമുകളിൽ നില്ക്കുന്നത് ഉറപ്പിന്റെയും സുരക്ഷിതത്വത്തിന്റെയും അടയാളമാണ് (സങ്കീ 27,5).

**14,2-3** വിജയംവരിച്ച സഭയുടെ സ്തുതികീർത്തനമാണ് സ്വർഗ്ഗത്തിൽ മുഴങ്ങുന്നത്. ഗാംഭീര്യവും മാധുര്യവും നിറഞ്ഞതാണ് അവരുടെ ഗാനത്തിന്റെ സ്വരം. സ്വർഗ്ഗീയ സദസ്സിൽ അവർ ആലപിക്കുന്ന പുതിയ കീർത്തനം അവർക്കു ലഭിച്ച രക്ഷയുടെ പ്രകീർത്തനമാണ്. *വിലയ്ക്കുവാങ്ങപ്പെട്ടവർ* എന്ന പ്രയോഗത്തിന് യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവർ എന്ന അർത്ഥമാണുള്ളത് (വെളി 5,9). അതേസമയം ക്രിസ്തുവിനോടു വിശ്വസ്തത പുലർത്താൻവേണ്ടി എന്തുവിലയും കൊടുക്കാൻ തയ്യാറാകുന്നവർക്കു മാത്രമേ ആ ഗാനം പഠിക്കാനും ആലപിക്കാനും കഴിയൂ എന്ന് അടുത്തവാക്യം വ്യക്തമാക്കുന്നു. സമ്പൂർണ്ണമായ ആത്മസമർപ്പണത്തിലൂടെ ദൈവത്തിനു നല്കുന്ന നന്ദിയുടെയും സ്തുതിയുടെയും ആരാധനയാണ് ഈ നവ്യഗാനം.

**14,4** യാതൊരുവിധ ലൈംഗിക വേഴ്ചയിലും ഏർപ്പെടാതെ നിത്യബ്രഹ്മചാരികളായി കഴിയുന്നവർക്കു മാത്രമേ കുഞ്ഞാടിനെ അനുഗമിക്കാൻ കഴിയുകയുള്ളൂവെന്നും രക്ഷ പ്രാപിച്ചവരിൽതന്നെ അതിവിശുദ്ധരുടെ ഒരു പ്രത്യേക ഗണമാണ് ഈ 144,00 പേർ എന്നും ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നവരുണ്ട്. ദൈവരാജ്യത്തിനുവേണ്ടി വൈവാഹികജീവിതം ഉപേക്ഷിക്കുന്നവരെക്കുറിച്ചുള്ള യേശുവിന്റെ വചനവും (മത്താ 19,12) ബ്രഹ്മചാരികൾക്കും കന്യകകൾക്കും വി. പൗലോസ് നല്കുന്ന പ്രത്യേക സ്ഥാനവും (1 കോറി 7,8-9) ഈ വ്യാഖ്യാനത്തിനു പിൻബലമായിട്ടുണ്ട്. എന്നാൽ, വിവാഹത്തിനു ബൈബിൾ, പ്രത്യേകിച്ചും പുതിയനിയമം (ഉൽപ 1,27-28; 2,18; മത്താ 19,4-5; എഫേ 5,22-33) നല്കുന്ന പ്രാധാന്യം കണക്കിലെടുക്കുമ്പോൾ മനുഷ്യരെ മലിനമാക്കുന്ന ഒന്നായി അതിനെ പരിഗണിക്കാനാവില്ല. തന്നെയുമല്ല, 144000 പേർ സഭയുടെതന്നെ പ്രതീകമായി നിലകൊള്ളുന്നതിനാൽ ബ്രഹ്മചാരികളായ പുരുഷന്മാർക്കു മാത്രമേ അതിൽ അംഗത്വമുള്ളൂ എന്ന നിഗമനം തികച്ചും അസ്വീകാര്യമാണ്. അതിനാൽ *വേശ്യാവൃത്തി, ബ്രഹ്മചര്യം* എന്നീ പദങ്ങൾക്കു ബൈബിൾ പൊതുവായി നല്കുന്ന അർത്ഥത്തിൽ വേണം ഈ വാക്യങ്ങൾ മനസ്സിലാക്കാൻ.

കർത്താവിനോടുള്ള വിശ്വസ്തതയാണ് ബ്രഹ്മചര്യം; അവിശ്വസ്തത വേശ്യാവൃത്തിയും. പഴയനിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ ഈ അർത്ഥത്തിലാണ് രണ്ടു പദങ്ങളും പൊതുവായി ഉപയോഗിക്കുന്നത് (ജറെ 2,22-24; എസെ 16; 2 കോറി 11,2). വെളിപാടു പുസ്തകത്തിൽത്തന്നെ കർത്താവിനോടുള്ള അവിശ്വസ്തതയും വിഗ്രഹാരാധനയുമാണ് വേശ്യാവൃത്തിയായി ചിത്രീകരിക്കുന്നത് (വെളി 17,1-6). കുഞ്ഞാടിനെ അനുഗമിക്കുന്നത് ജീവിതകാലത്ത് കുരിശുമെടുത്ത് ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ സൂചനയാണ് (മർക്കോ 8,34; മത്തായി 19,21). *ആദ്യഫലം* എന്ന പദത്തിന് ബലിയർപ്പണവുമായി ബന്ധമുണ്ട് (നിയ 26,2). ആദ്യഫലം ബലിയർപ്പിക്കുന്നത് വിളവു മുഴുവൻ കർത്താവിനു നല്കുന്നതിന്റെ പ്രതീകമാ

ണ്. ആദ്യഫലം എപ്രകാരമായിരിക്കുമോ അപ്രകാരമായിരിക്കും വിളവുമുഴുവൻ (1 കോറി 15,20-23). മരണംവരെ വിശ്വസ്തത പുലർത്തുകയും കർത്താവിനു സ്വീകാര്യമായ ബലിയായി തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്തവരാണ് കുഞ്ഞാടിന്റെകൂടെ നില്ക്കുന്നത് എന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നു. ഇവരെപ്പോലെതന്നെ ആയിരിക്കും തുടർന്നുവരുന്ന വിശ്വസ്തരുടെ സമൂഹം മുഴുവനും.

**14,5** സർപ്പത്തിന്റെ അനുയായികളിൽനിന്നു ക്രിസ്ത്യാനികളെ വേർതിരിച്ചു കാണിക്കുന്നതാണ് *വ്യാജമില്ലായ്മ*. പ്രലോഭനങ്ങൾക്കു വഴങ്ങി, സത്യദൈവത്തിനു പകരം സാത്താന്റെ പ്രതിനിധിയായ ചക്രവർത്തിയെ ദൈവമായി ഏറ്റുപറയാത്തവരാണ് അധരങ്ങളിൽ വ്യാജമില്ലാത്തവർ. *നിഷ്കളങ്കർ* എന്നത് ജീവിതവിശുദ്ധിയെ മാത്രമല്ല അർത്ഥമാക്കുന്നത്. ദൈവത്തിനു ബലിയർപ്പിക്കുന്ന മൃഗങ്ങൾ കളങ്കമില്ലാത്തവയായിരിക്കണം എന്ന കല്പനയിൽ ഉപയോഗിക്കുന്ന പദമാണിത്. കർത്താവിനു തങ്ങളെത്തന്നെ ബലിയായി സമർപ്പിച്ചവരാണിവർ എന്ന സൂചന ഈ പദത്തിൽനിന്നും ലഭിക്കുന്നു.

## 5. മൂന്നു ദൂതന്മാർ 14,6-13

ഒന്നിനുപിറകെ ഒന്നായി കടന്നുവരുന്ന ദൂതന്മാർ പ്രവാചക ശൈലിയിൽ നടത്തുന്ന മൂന്നു പ്രഖ്യാപനങ്ങളാണ് ഈ ദൃശ്യത്തിൽ അവതരിപ്പിക്കുന്നത്. ആദ്യത്തെ ദൂതൻ സത്യദൈവത്തെ ആരാധിക്കാൻ ക്ഷണിക്കുന്നു; രണ്ടാമത്തെ ദൂതൻ ശിക്ഷാവിധി പ്രഖ്യാപിക്കുന്നു; മൂന്നാമത്തെ ദൂതൻ നിത്യശിക്ഷയുടെ ഭീകരത എടുത്തുകാട്ടി വിശ്വസ്തതയ്ക്ക് ആഹ്വാനം ചെയ്യുന്നു. വിശ്വസ്തർക്കുള്ള സമ്മാനം വിളിച്ചറിയിക്കുന്ന ഒരു സ്വർഗ്ഗീയ പ്രഖ്യാപനത്തോടെ ദൃശ്യം അവസാനിക്കുന്നു.

6. മധ്യാകാശത്തിൽ പറക്കുന്ന വേറൊരു ദൂതനെ ഞാൻ കണ്ടു. ഭൂമിയിലുള്ളവ
രോടും സകല രാജ്യങ്ങളോടും ഗോത്രങ്ങളോടും ഭാഷകളോടും ജനതകളോ
ടും വിളംബരം ചെയ്യാനുള്ള ഒരു സനാതനസുവിശേഷം അവന്റെ പക്കലുണ്ട്.
7. അവൻ ഉച്ചസ്വരത്തിൽ വിളിച്ചുപറയുന്നു: ദൈവത്തെ ഭയപ്പെടുകയും അവി
ടുത്തേക്കു മഹത്വം നല്കുകയും ചെയ്യുവിൻ. എന്തെന്നാൽ, അവിടുത്തെ
വിധിയുടെ മണിക്കൂർ വന്നു കഴിഞ്ഞു. ആകാശത്തെയും ഭൂമിയെയും സമു
8. ദ്രത്തെയും നീരുറവകളെയും സൃഷ്ടിച്ചവനെ ആരാധിക്കുവിൻ. മഹാബാബി
ലോൺ വീണുപോയി. ഭോഗാസക്തിയുടെ വീഞ്ഞു സകലജനതകളെയും കുടി
പ്പിച്ചിരുന്ന അവൾ നിലംപതിച്ചു എന്നു പറഞ്ഞുകൊണ്ട് രണ്ടാമതൊരു ദൂതൻ
9. അനുഗമിച്ചു. മൂന്നാമതൊരു ദൂതൻ ഉച്ചസ്വരത്തിൽ ഇങ്ങനെ വിളിച്ചുപറഞ്ഞു
കൊണ്ട് അവനെ അനുഗമിച്ചു: ആരെങ്കിലും മൃഗത്തെയോ അതിന്റെ പ്രതിമ
യെയോ ആരാധിക്കുകയോ, നെറ്റിയിലോ കയ്യിലോ മുദ്ര സ്വീകരിക്കുകയോ



10. ചെയ്താൽ അവൻ ദൈവകോപത്തിന്റെ പാത്രത്തിൽ അവിടുത്തെ ക്രോധ
ത്തിന്റെ വീഞ്ഞു കലർപ്പില്ലാതെ പകർന്നു കുടിക്കും; വിശുദ്ധ ദൂതന്മാരുടെയും
കുഞ്ഞാടിന്റെയും മുമ്പാകെ അഗ്നിയാലും ഗന്ധകത്താലും അവൻ പീഡിപ്പി
11. ക്കപ്പെടുകയും ചെയ്യും. അവരുടെ പീഡനത്തിന്റെ പുക എന്നേക്കും ഉയരു
ന്നു. മൃഗത്തെയും അതിന്റെ പ്രതിമയെയും ആരാധിക്കുന്നവർക്കും അതി
12. ന്റെ നാമമുദ്ര സ്വീകരിക്കുന്നവർക്കും രാപകൽ ആശ്വാസമില്ല. ഇവിടെയാണ്
ദൈവത്തിന്റെ കല്പനകളും യേശുവിലുള്ള വിശ്വാസവും പാലിക്കുന്ന വിശു
13. ദ്ധരുടെ ക്ഷമാപൂർവ്വമായ ഉറച്ചുനില്പ്. അനന്തരം സ്വർഗ്ഗത്തിൽനിന്നു പറയുന്ന
ഒരു സ്വരം ഞാൻ കേട്ടു: എഴുതുക ഇപ്പോൾ മുതൽ കർത്താവിൽ മൃതിയട
യുന്നവർ അനുഗൃഹീതരാണ്. അതേ, തീർച്ചയായും അവർ തങ്ങളുടെ അധ്വാ
നത്തിൽ നിന്നു വിരമിച്ച് സ്വസ്ഥരാകും. കാരണം അവരുടെ പ്രവൃത്തികൾ
അവരെ അനുഗമിക്കുന്നു.

**14,6-7** ദുരിതങ്ങൾ വിളിച്ചറിയിച്ച കഴുകനെപ്പോലെ (വെളി 8,13) ഈ ദൂതനും മധ്യാകാശത്തിലാണു പറക്കുന്നത്. സനാതനവും സാർവ്വലൗകികവുമായ സുവിശേഷം മധ്യാകാശത്തിൽനിന്നും പ്രഘോഷിക്കുന്നത് എല്ലാവർക്കും കേൾക്കാൻ വേണ്ടിയാണ്. വളരെ ലളിതമാണ് ദൂതന്റെ ആഹ്വാനം. പ്രപഞ്ചസ്രഷ്ടാവായ ദൈവത്തെ ഭയപ്പെടുക, മഹത്വപ്പെടുത്തുക, ആരാധിക്കുക. മൃഗീയമായ സാമ്രാജ്യമോ അതിന്റെ അധിപതിയായ ചക്രവർത്തിയോ അല്ല, സ്രഷ്ടാവുമാത്രമാണ് ദൈവം, ഇതാണ് സദ്വാർത്ത.

***14,8 മഹാബാബിലോൺ വീണുപോയി*** എന്ന പ്രഖ്യാപനം പഴയനിയമത്തിലെ രണ്ടു പ്രവചനങ്ങൾ (ഏശ 21,9; ജറെ 51,8) കൂട്ടിച്ചേർത്തതാണ്. അനേകവർഷങ്ങൾക്കുശേഷം യാഥാർത്ഥ്യമായിത്തീരാനിരുന്ന ബാബിലോണിന്റെ പതനം സംഭവിച്ചു കഴിഞ്ഞതായി പ്രവാചകന്മാർ വിളിച്ചറിയിച്ചു. ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ ചരിത്രത്തെ കാണുന്ന പ്രവാചക വീക്ഷണത്തിന്റെ പ്രത്യേകതയാണിത്. ഇതേ ശൈലി തന്നെ യോഹന്നാനും ഉപയോഗിക്കുന്നു.

ജറുസലെം നഗരത്തെ നശിപ്പിക്കുകയും ദേവാലയം ചുട്ടെരിക്കുകയും അനേകംപേരെ തടവുകാരാക്കി നാടുകടത്തുകയും ചെയ്ത ബാബിലോൺ ഇസ്രായേൽക്കാരുടെ മനസ്സിൽ സകല തിന്മകളുടെയും മർദ്ദക ഭരണകൂടങ്ങളുടെയും സാമ്രാജ്യ ശക്തികളുടെയും പ്രതീകമായിത്തീർന്നു. ഇസ്രായേൽ ജനത്തെ പീഡിപ്പിച്ച സിറിയൻ ചക്രവർത്തി അന്തിയോക്കസ് നാലാമൻ ദാനിയേലിന്റെ പുസ്തകത്തിൽ ബാബിലോൺ ചക്രവർത്തിയായ നബുക്കദ്നേസറായി മാറുന്നു. അപ്പോക്കലിപ്റ്റിക്ക് ഗ്രന്ഥങ്ങളിൽ മർദ്ദക സാമ്രാജ്യങ്ങളെല്ലാം ബാബിലോണാണ്. ഇവിടെ റോമാസാമ്രാജ്യത്തെയാണ് മഹാബാബിലോൺ എന്നു വിളിക്കുന്നത്. *ഭോഗാസക്തിയുടെ വീഞ്ഞ്* വിഗ്രഹാരാധനയെ സൂചിപ്പിക്കുന്നു (വെളി 17,1-5). വീണുപോയി എന്ന പ്രഖ്യാപനം 17-18 അധ്യായങ്ങളിൽ വിവരിക്കാൻ പോകുന്നതിനെ മുൻകൂട്ടി അറിയിക്കുന്ന

ഒരു പ്രവചനമാണ്.

**14,9-12** മൃഗങ്ങളുടെ ദൃശ്യങ്ങളിൽ കണ്ടതിന്റെ മറുവശമാണ് ഇവിടെ അവതരിപ്പിക്കുന്നത്. രാജാരാധനയിൽ പങ്കുചേരാത്തവർക്ക് സാമ്രാജ്യം വധശിക്ഷ വിധിച്ചു. ഇവിടെ അതിനെക്കാൾ ഭീകരമായ ശിക്ഷയാണ് വിധിക്കുന്നത്. രാജകോപത്തെഭയന്ന് വിഗ്രഹാരാധനയിൽ പങ്കുചേരുന്നവർ ദൈവകോപത്തിനിരയാകും. ഭീകരമായ ശിക്ഷാവിധിയുടെ പ്രതീകങ്ങളാണ് *കോപത്തിന്റെ പാനപാത്രവും ക്രോധത്തിന്റെ വീഞ്ഞും* (ഏശ 51,17; ജറെ 25,15). അഗ്നിയും ഗന്ധകവും സോദോമിന്റെ നാശം മുതൽ (ഉൽപ 19,24) ദൈവികശിക്ഷയുടെ പ്രതീകങ്ങളാണ്. നിത്യശിക്ഷയെക്കുറിച്ച് സംശയത്തിനു പഴുതില്ലാതെ പഠിപ്പിക്കുന്ന ചുരുക്കം പുതിയനിയമഭാഗങ്ങളിൽ ഒന്നാണിത്. വിശുദ്ധർക്കു കണ്ടുരസിക്കാൻ വേണ്ടിയല്ല അധർമ്മികളുടെ നിത്യശിക്ഷ; അധർമ്മത്തിൽ ആരും തുടരാതിരിക്കാൻവേണ്ടി നല്കുന്ന കർശനമായ താക്കീതാണത്. ദൈവസ്നേഹത്താൽ പ്രചോദിതരായി തിന്മയിൽ നിന്നകന്നു നില്ക്കാത്തവർ നിത്യശിക്ഷയെ ഭയന്നെങ്കിലും കർത്താവിനോടു വിശ്വസ്തത പുലർത്തണം.

**14,13** നിത്യശിക്ഷയുടെ ഭീകരചിത്രത്തിനുശേഷം ഒരാശ്വാസവചനം മുഴങ്ങുന്നു. വെളിപാടുപുസ്തകത്തിലെ സപ്തഭാഗ്യങ്ങളിൽ രണ്ടാമത്തേതാണിത്. രക്തസാക്ഷിത്വത്തെ മുന്നിൽ കാണുന്ന ക്രിസ്ത്യാനികളെയാണ് മുഖ്യമായും ഇവിടെ ഉദ്ദേശിക്കുന്നത്. *അതേ, തീർച്ചയായും* എന്ന ആവർത്തനവും എഴുതാനുള്ള നിർദ്ദേശവും ഈ സന്ദേശത്തിന് ഗ്രന്ഥകാരൻ നല്കുന്ന അതുല്യമായ പ്രാധാന്യം വ്യക്തമാക്കുന്നു. മരണം അവസാനമല്ല, സകല പീഡനങ്ങളിലും ക്ലേശങ്ങളിലും അദ്ധ്വാനങ്ങളിലും നിന്നുള്ള വിശ്രമമാണ് എന്ന പഠനം രക്തസാക്ഷികൾക്കു മാത്രമല്ല, എല്ലാ വിശ്വാസികൾക്കും സന്തോഷപ്രദമാണ്. മരണംവരെ ക്രിസ്തുവിനോടു വിശ്വസ്തത പുലർത്തുന്നവരാണ് ക്രിസ്തുവിൽ മരിക്കുന്നവർ (1 കോറി 15,18; 1 തെസ 4,14). ഈ ഭൂമിയിൽ ക്രിസ്തുവിന്റെ പ്രമാണങ്ങളനുസരിച്ചു ചെയ്യുന്ന പ്രവർത്തനങ്ങൾ ഒന്നും വ്യർത്ഥമാകില്ല. *ഇപ്പോൾമുതൽ* എന്നത് യേശുവിന്റെ മഹത്വീകരണത്തെ സൂചിപ്പിക്കുന്നതാവണം. ക്രിസ്തുവിന്റെ മരണവും ഉത്ഥാനവുമാണ് വിശ്വാസികളുടെ പ്രതീക്ഷയ്ക്കു നിദാനം.

## 6. വിളവെടുപ്പ് 14,14-20

അന്തിമവിധിയുടെ രണ്ടു വിവരണങ്ങൾ സമാന്തരമായി അവതരിപ്പിക്കുന്ന ഒരു ദൃശ്യമാണിത്. നിത്യഭാഗ്യവും നിത്യശിക്ഷയും ചിത്രീകരിച്ച നാലും അഞ്ചും ദൃശ്യങ്ങളിലെ ആശയംതന്നെ മറ്റു പ്രതീകങ്ങളിലൂടെ ഇവിടെ വരച്ചുകാട്ടുന്നു.

14. പിന്നെ ഞാൻ കണ്ടു: ഇതാ ഒരു വെൺമേഘം; മേഘത്തിന്മേലിരിക്കുന്ന മനു



ഷ്യപുത്രനെപ്പോലെ ഒരുവൻ. അവന്റെ ശിരസ്സിൽ സ്വർണ്ണക്കിരീടവും കൈ
15. യിൽ മൂർച്ചയുള്ള അരിവാളുമുണ്ട്. ദൈവാലയത്തിൽനിന്നു മറ്റൊരു ദൂതൻ
മേഘത്തിൽ ഇരിക്കുന്നവനോട് ഉച്ചസ്വരത്തിൽ വിളിച്ചുപറഞ്ഞു: അരിവാൾ
എടുത്തു കൊയ്യുക. എന്തെന്നാൽ, കൊയ്യാനുള്ള മണിക്കൂർ വന്നുകഴിഞ്ഞു.
16. ഭൂമിയിലെ വിളവു പാകമായിക്കഴിഞ്ഞു. അപ്പോൾ മേഘത്തിലിരിക്കുന്നവൻ
തന്റെ അരിവാൾ ഭൂമിയിലെക്കെറിഞ്ഞു. ഭൂമി കൊയ്യപ്പെട്ടു. സ്വർഗ്ഗത്തിലെ
17. ദേവാലയത്തിൽനിന്നു മൂർച്ചയുള്ള അരിവാളുമായി മറ്റൊരു ദൂതൻ ഇറങ്ങി
18. വന്നു. വേറൊരു ദൂതൻ ബലിപീഠത്തിൽ നിന്നു പുറത്തു വന്നു. അവന് അഗ്നി
യുടെമേൽ അധികാരം ഉണ്ടായിരുന്നു. മൂർച്ചയുള്ള അരിവാൾ ഉള്ളവനോട്
അവൻ വലിയസ്വരത്തിൽ വിളിച്ചു പറഞ്ഞു: നിന്റെ അരിവാൾ അയച്ച് ഭൂമി
യിലെ മുന്തിരിക്കുലകൾ ശേഖരിക്കുക. എന്തെന്നാൽ, മുന്തിരിപ്പഴം പാകമാ
19. യിരിക്കുന്നു. അപ്പോൾ ദൂതൻ അരിവാൾ ഭൂമിയിലേക്കെറിഞ്ഞു. ഭൂമിയിലെ
മുന്തിരിവിള ശേഖരിച്ച് ദൈവത്തിന്റെ ക്രോധമാകുന്ന വലിയ മുന്തിരിച്ചക്കി
20. ലിട്ടു. പട്ടണത്തിനു വെളിയിലുള്ള ചക്കിലിട്ടു മുന്തിരിപ്പഴം ചവിട്ടിപ്പിഴിഞ്ഞു.
ചക്കിൽനിന്നു കുതിരകളുടെ കടിഞ്ഞാൺവരെ ഉയരത്തിൽ, ആയിരത്തിയ
റുനൂറു സ്താദിയോൺ നീളത്തിൽ രക്തപ്രവാഹം ഉണ്ടായി.

**14,14-16** മേഘങ്ങളിൽ ഇരിക്കുന്ന മനുഷ്യപുത്രനെപ്പോലെ ഒരുവൻ (ദാനി 7,13) അന്തിമവിധി പ്രസ്താവിക്കാൻ വരുന്ന ക്രിസ്തുതന്നെയാണ് (മത്താ 26,64; 25,31). സ്വർണ്ണകിരീടം രാജാധികാരത്തിന്റെയും അരിവാൾ വിധിയുടെയും പ്രതീകങ്ങളാണ്. ഒരു ദൈവദൂതൻ മഹത്വീകൃതനായ ക്രിസ്തുവിനു കല്പന നല്കുന്നതിൽ അപാകത തോന്നിയേക്കാം. എന്നാൽ "ദൈവാലയത്തിൽനിന്നു പുറത്തുവന്ന ദൂതൻ" എന്ന വിശേഷണം പിതാവായ ദൈവത്തിന്റെ തീരുമാനമാണ് ഇവിടെ വിളച്ചറിയിക്കുന്നത് എന്നു വ്യക്തമാക്കുന്നു. ദൂതൻ കല്പിക്കുകയല്ല, ദൈവഹിതം അറിയിക്കുക മാത്രമാണു ചെയ്യുക (ലൂക്കാ 22,43). വിളവിന്റെ നാഥൻ പിതാവായ ദൈവമാണ് (മത്താ 9,38), വിധിയുടെ സമയം നിശ്ചയിക്കുന്നതും അവിടുന്നുതന്നെ (മർക്കോ 13,32). കൊയ്ത്തിന്റെ മണിക്കൂർ വിധിയ്ക്കായി ദൈവം നിശ്ചയിച്ചിരിക്കുന്ന സമയമാണ്.

വിധിക്കു രണ്ടുവശമുണ്ട്. അതു വിശ്വസ്തർക്കു രക്ഷയും അവിശ്വസ്തർക്കു ശിക്ഷയും നല്കുന്നു. ഇതിൽ ഏതാണ് ഇവിടെ ചിത്രീകരിക്കുന്നത് എന്നതിൽ ഭിന്നാഭിപ്രായമുണ്ട്. ജോയേൽ 3,13ന്റെ വെളിച്ചത്തിൽ ഇതും അടുത്ത ദൃശ്യവും ശിക്ഷാവിധിയെ സൂചിപ്പിക്കുന്നു എന്നു ചിലർ കരുതുന്നു. മത്താ 13,30 ന്റെ വെളിച്ചത്തിൽ രക്ഷയും ശിക്ഷയും ഉൾക്കൊള്ളുന്നതാണ് ഈ പ്രതീകം എന്നു മറ്റു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ കൊയത്ത് രക്ഷാവിധിയെയും മുന്തിരി ശേഖരിക്കൽ ശിക്ഷാവിധിയെയും സൂചിപ്പിക്കുന്നു എന്ന വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം. രക്ഷയുടെയും ശിക്ഷയുടെയും ചിത്രങ്ങൾ മാറിമാറി അവതരിപ്പിക്കുന്നത് വെളിപാടുപുസ്ത

കത്തിന്റെ ഒരു പ്രത്യേകതയാണ്.

**14,17-20** അരിവാളുമായി വരുന്ന ദൂതൻ വിധി നടപ്പാക്കാനാണു വരുന്നത്. എന്നാൽ ഇത് അധർമ്മികൾക്കുള്ള ശിക്ഷാവിധിയാണ്. രക്തസാക്ഷികളുടെ നിലവിളിക്കും വിശുദ്ധരുടെ പ്രാർത്ഥനയ്ക്കും (വെളി 6,10; 8,3) ദൈവം മറുപടി നല്കുന്നു എന്ന സൂചനയാണ് ദൂതൻ ബലിപീഠത്തിൽ നിന്നു വരുന്നതിൽനിന്നു ലഭിക്കുന്നത്. അഗ്നിയുടെമേലുള്ള അധികാരം ബലിപീഠത്തിൽ നിന്നെടുത്ത അഗ്നിഭൂമിയിലേക്ക് എറിഞ്ഞ് ദൂതന്റെ (വെളി 8,5) സ്മരണ ഉണർത്തുന്നു. പുതിയനിയമകാലത്ത് പലസ്തീനായിൽ ഉപയോഗത്തിലിരുന്ന മുന്തിരിച്ചക്കിന് രണ്ടു തട്ടുകളുണ്ടായിരുന്നു. കരിങ്കല്ലുതുരന്നോ ഇഷ്ടികകെട്ടിയോ ഉണ്ടാക്കുന്ന മുകളിലത്തെത്തട്ടിൽ മുന്തിരിപ്പഴം ഇട്ട് ചവിട്ടിപ്പിഴിയുന്നു. അതിൽനിന്ന് ഓവിലൂടെ വരുന്ന മുന്തിരിച്ചാർ താഴെവച്ചിരിക്കുന്ന പാത്രത്തിൽ ശേഖരിക്കുന്നു. ദൈവത്തിന്റെ ശിക്ഷാവിധിയ്ക്കായി ഉപയോഗിച്ചിരിക്കുന്ന ഭീകരമായ ഈ ചിത്രം പഴയനിയമത്തിൽ പലതവണ പ്രത്യക്ഷപ്പെടുന്നുണ്ട്. (വിലാ 1,15; ഏശ 63,1-6; ജോയേൽ 3,13).

*പട്ടണത്തിനു വെളിയിൽ* എന്ന സ്ഥലനിർണ്ണയം പല ധ്വനികൾ ഉണർത്തുന്നു. ജറുസലെം പട്ടണത്തിനു വെളിയിലുള്ള ജോസഫാത്ത് താഴ്‌വരയിൽവച്ച് ദൈവം ജനതകളുടെമേൽ വിധിപ്രസ്താവിക്കും (ജോയേൽ 3,2); പട്ടണത്തിനു കിഴക്കുള്ള ഒലിവുമലയിൽവച്ചു ദൈവം ജനതകൾക്കെതിരേ പൊരുതും (സഖ 14,4) എന്നീ പ്രവചനങ്ങൾ ശിക്ഷാവിധിയുടെ ചിത്രീകരണത്തിനു പശ്ചാത്തലമാണ്. പട്ടണത്തിനു വെളിയിൽവച്ചാണ് ക്രിസ്തു വധിക്കപ്പെട്ടത്. മരണശിക്ഷ നടപ്പാക്കുന്നതു പട്ടണത്തിനു വെളിയിൽവച്ചാണ് (ഹെബ്രാ 13,12; യോഹ 19,20). ക്രോധത്തിന്റെ മുന്തിരിച്ചക്കിൽ നിന്നൊഴുകുന്ന രക്തം വലിയൊരു രക്തപ്രളയം സൃഷ്ടിക്കുന്നു എന്ന പ്രതീതി ജനിപ്പിക്കുന്നു. ഇതിനപുറമേ 1600 സ്താദിയോൺ എന്ന അളവ് മറ്റൊന്നുകൂടി സൂചിപ്പിക്കുന്നു. പ്രപഞ്ചത്തെ മുഴുവൻ സൂചിപ്പിക്കുന്ന സംഖ്യയായ നാലിനെ നാലുകൊണ്ടു ഗുണിച്ച്, വീണ്ടും നൂറുകൊണ്ടു ഗുണിച്ചുകിട്ടുന്ന സംഖ്യയാണിത്. ശിക്ഷാവിധി പ്രപഞ്ചത്തെ മുഴുവൻ ഗ്രസിക്കുന്നു എന്ന സൂചന ഈ സംഖ്യയിൽനിന്നു ലഭിക്കുന്നു.

## 7. വിജയഗീതം 15,1-4

ഘടനാപരമായി ഈ വാക്യങ്ങൾ രണ്ടു ഭാഗങ്ങളെ കൂട്ടിച്ചേർക്കുന്ന കണ്ണിയാണ് 15,1 *അടയാളം* എന്ന പദത്തിലൂടെ *സ്ത്രീയും സർപ്പവും* എന്ന ഭാഗത്തോടു ബന്ധപ്പെടുത്തുന്നു. എന്നാൽ മഹാമാരികളേന്തിയ ഏഴു ദൂതന്മാരെ അവതരിപ്പിച്ചുകൊണ്ട് തുടർന്നുവരുന്ന സപ്തഗണത്തിന്റെ ആമുഖമായി നില്ക്കുകയും ചെയ്യുന്നു. 2-4 വാക്യങ്ങൾ കഴിഞ്ഞഭാഗത്തിന്റെ സമാപനമാണ്. അതേസമയം 8,2-5 എന്നതുപോലെ അടുത്തതിന്റെ തുടക്കത്തിൽ ഇടയ്ക്കുചേർത്തതായും കരുതാം. പുസ്തകത്തിൽ വിവിധഭാഗങ്ങളെ ഒരു ചങ്ങലപോലെ കോർത്തിണക്കുന്ന ശൃംഖലികരണം എന്ന രചനാസങ്കേതത്തിന്റെ മറ്റൊരുദാഹരണമാണിത്.

1. സ്വർഗ്ഗത്തിൽ മഹത്തും വിസ്മയാവഹവുമായ മറ്റൊരടയാളം ഞാൻ കണ്ടു: ഏഴുമഹാമാരികളേന്തിയ ഏഴു ദൂതന്മാർ. ഈ മഹാമാരികൾ അവസാനത്തേതാണ്. എന്തെന്നാൽ, ഇവയോടെയാണ് ദൈവത്തിന്റെ ക്രോധം അവസാനി
2. ക്കുന്നത്. അഗ്നിമയമായ പളുങ്കുകടൽപോലെ ഒരു കാഴ്ച ഞാൻ കണ്ടു. മൃഗത്തിന്റെമേലും അവന്റെ പ്രതിമയിൻ മേലും അവന്റെ നാമ സംഖ്യയിൻമേലും വിജയംവരിച്ച്, ദൈവത്തിന്റെ വീണയുമായി പളുങ്കുകടലിൽ നില്ക്കുന്നവരെയും ഞാൻ കണ്ടു. അവർ ദൈവത്തിന്റെ ദാസനായ മോശയുടെയും
3. കുഞ്ഞാടിന്റെയും ഗീതങ്ങൾ ഇങ്ങനെ ആലപിച്ചു: സർവ്വശക്തനും ദൈവവുമായ കർത്താവേ, അങ്ങയുടെ പ്രവൃത്തികൾ മഹനീയവും വിസ്മയാവഹവുമാണ്. ജനതകളുടെ രാജാവേ, അങ്ങയുടെ മാർഗ്ഗങ്ങൾ നീതി പൂർണ്ണവും
4. സത്യസന്ധവുമാണ്. കർത്താവേ, അങ്ങേ നാമത്തെ ഭയപ്പെടാത്തവനും മഹത്വപ്പെടുത്താത്തവനും ആരുണ്ട്? എന്തെന്നാൽ അങ്ങു മാത്രമാണ് പരിശുദ്ധൻ. സകല ജനതകളും വന്ന് അങ്ങയെ ആരാധിക്കും. എന്തെന്നാൽ അങ്ങയുടെ ന്യായവിധികൾ വെളിവാക്കപ്പെട്ടിരിക്കുന്നു.

**15,1** സ്വർഗ്ഗമാണ് വീണ്ടും രംഗം. ശിക്ഷാവിധിയിലേക്കു ഗ്രന്ഥകാരൻ വീണ്ടും ശ്രദ്ധതിരിക്കുന്നു. അധർമ്മികളുടെ രക്തപ്രളയം സൃഷ്ടിച്ചിട്ടും ശിക്ഷ പൂർത്തിയായിട്ടില്ല എന്നും കൂടുതൽ ഭീകരമായവ ഇനിയും വരാനിരിക്കുന്നതേയുള്ളു എന്നും മുൻകൂട്ടി അറിയിച്ചുകൊണ്ട് അനുവാചകരുടെ ആകാംക്ഷ വർദ്ധിപ്പിക്കുന്നു.

**15,2** സാത്താന്റെ കടലിനും (വെളി 12,18) രക്തക്കടലിനും (വെളി 14,20) ബദലെന്നപോലെയാണ് സ്വർഗ്ഗത്തിലെ കടൽ. സ്വർഗ്ഗീയ സദസ്സിന്റെ ആദ്യവിവരണത്തിൽ കണ്ടതാണ് പളുങ്കുകടൽ പോലുള്ള ദൃശ്യം (വെളി 4,6). അഗ്നിമയമായ എന്ന വിശേഷണം പുതിയ ഘടകമാണ്. അവാച്യമാംവിധം മനോഹരണാണ് സ്വർഗ്ഗം എന്നു പറയുകയാണ് ഈ വിശേഷണത്തിന്റെ മുഖ്യലക്ഷ്യം. അഗ്നിയുടെ നിറം ചുവപ്പായതിനാൽ വിശ്വാസികൾ കടന്നുപോന്ന രക്തസാക്ഷിത്വത്തെ സൂചിപ്പിക്കുന്നതാണ് ഈ വിശേഷണം എന്നും ചില വ്യാഖ്യാതാക്കൾ കരുതുന്നു. കടലിൽ നില്ക്കുന്നവർ മോശയുടെ കീർത്തനം ആലപിക്കുന്നതിനാൽ അഗ്നിസ്തംഭത്തിന്റെ പ്രകാശം പ്രസരിച്ച ചെങ്കടലിന്റെ സ്മരണയും ഇവിടെ ഉണരുന്നു. ദൈവവവും മനുഷ്യരും തമ്മിൽ ഇനിയും അനന്തമായ അന്തരവും അകലവും നിലനില്ക്കുന്നുവെന്നും കടൽ സൂചിപ്പിക്കുന്നു. സാമ്രാജ്യശക്തിയുടെ ദൈവികാവകാശവാദങ്ങളെ നിഷേധിച്ചുകൊണ്ട് ദൈവത്തോടുള്ള വിശ്വസ്തതയിലൂടെ

വിജയം വരിച്ചവരാണവർ. *ദൈവത്തിന്റെ വീണ* എന്നതിന് ഏറ്റം മനോഹരവും ശ്രേഷ്ഠവുമായ വീണ എന്നാണ് അർത്ഥം. അത്യുത്തമം എന്നു സൂചിപ്പിക്കാൻ *ദൈവത്തിന്റെ* എന്ന വിശേഷണം ചേർക്കുക സെമിറ്റിക് ഭാഷയുടെ ഒരു പ്രത്യേകതയാണ്.

**15,3-4** വിജയികളുടെ ഗീതത്തിനു രണ്ടു വിശേഷണം നല്കിയിരിക്കുന്നു. *മോശയുടെ ഗീതം* പുറപ്പാടു സംഭവത്തിലേക്കും ഈജിപ്തിലെ അടിമത്തത്തിൽനിന്നു ലഭിച്ച മോചനത്തിലേക്കും ശ്രദ്ധ തിരിക്കുന്നു (പുറ 15,1-17); *കുഞ്ഞാടിന്റെ ഗീതം* യേശുവിന്റെ പെസഹാരഹസ്യത്തിലൂടെ ലഭിച്ച രക്ഷയിലേക്കും. യേശുവിലൂടെ ലഭ്യമായ സമഗ്രമോചനത്തിന്റെ പ്രതീകവും മുന്നാസ്വാദവുമായിരുന്നു മോശയിലൂടെ ലഭിച്ചത്. ഫറവോയും റോമൻ ചക്രവർത്തിയും മനുഷ്യനെ അടിമത്തത്തിൽ തളച്ചിടുന്ന പൈശാചികശക്തിയുടെ പ്രതീകങ്ങളാണ്. യഥാർത്ഥമോചനം പാപത്തിലും മരണത്തിലും നിന്നുള്ള മോചനമാണ്; അതാകട്ടെ യേശു ക്രിസ്തുവിലൂടെ ദൈവം സൗജന്യമായി നല്കുന്ന ദാനമത്രെ.

ദൃശ്യപ്രപഞ്ചത്തിനപ്പുറമുള്ള സ്വർഗ്ഗീയ സൗന്ദര്യത്തിലേക്കു കണ്ണു തുറക്കുന്ന വിജയികൾ മറ്റെല്ലാം മറക്കുന്നു. അവരുടെ മുമ്പിൽ തെളിഞ്ഞു നില്ക്കുന്നത് ദൈവത്തിന്റെ മഹത്വമാണ്; അവരുടെ മനസ്സിൽ നിറഞ്ഞു തുളുമ്പുന്നത് അവിടുത്തെ രക്ഷാകര പ്രവൃത്തികളുടെ സ്മരണയും. അവർ ആലപിക്കുന്ന ഗാനം പഴയ നിയമത്തിലെ അനേകം ഗാനങ്ങളിൽ നിന്നു തിരഞ്ഞെടുത്ത വാക്കുകൾകൊണ്ടു രചിച്ചതാണ് (സങ്കീ 92,5; 98,1; 145,6; 86,10; 72,11; 98,2). സഭയും സാമ്രാജ്യവും തമ്മിലുള്ള സംഘട്ടനത്തെ ചിത്രീകരിക്കുന്ന ഭാഗത്തിന്റെ സമാപനമെന്ന നിലയിൽ ഈ ഗാനത്തിൽ പ്രകീർത്തിക്കുന്ന ദൈവത്തിന്റെ വിശേഷണങ്ങളുടെയും രക്ഷാകര പ്രവൃത്തിയുടെയും പിന്നിൽ ചക്രവർത്തിയുടെ അവകാശവാദങ്ങളുടെ പരോക്ഷമായ നിഷേധം പ്രതിധ്വനിക്കുന്നുണ്ട്. സകല ജനതകളും നീതിമാനായ ദൈവത്തെ ആരാധിക്കും എന്ന വിശ്വാസം സാർവ്വത്രിക രക്ഷയെ പ്രഘോഷിക്കുന്നതോടൊപ്പം സാമ്രാജ്യത്വത്തിന്റെ അന്ത്യം വിളിച്ചറിയിക്കുകയും ചെയ്യുന്നു.

B B B B B



# 8 ക്രോധത്തിന്റെ ഏഴു പാത്രങ്ങൾ 15,5-16,21

അധർമ്മികളുടെമേൽ പതിക്കാൻ പോകുന്ന ശിക്ഷാവിധിയുടെ മറ്റൊരു ചിത്രീകരണമാണ് ക്രോധത്തിന്റെ പാത്രങ്ങളിലൂടെ അവതരിപ്പിക്കുന്നത്. മുദ്രകളുടെയും കാഹളങ്ങളുടെയും സപ്തഗണങ്ങളോട് ഈ ചിത്രീകരണത്തിനു സാമ്യമുണ്ട്. ഇവിടെ വിവരിക്കുന്ന ശിക്ഷകളെല്ലാം തന്നെ പുറപ്പാടു സംഭവത്തോടു ബന്ധപ്പെട്ടതും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അവതരിപ്പിച്ചതും ആണ്. ഈ മഹാമാരികൾ പ്രപഞ്ചത്തെയും മനുഷ്യരെയും മുഴുവനായി ഗ്രസിക്കുന്നു എന്നത് ശിക്ഷാവിധിയുടെ കാഠിന്യം വർദ്ധിപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഏഴു മഹാമാരികൾ രക്ഷാദൃശ്യത്തിന്റെ ഇടവേളയില്ലാതെ കടന്നുവരുന്നതും ഈ സപ്തഗണത്തെ മുൻസപ്തഗണങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു. റോമാനഗരത്തിന്റെയും സാമ്രാജ്യത്തിന്റെയും മേലാണ് ഈ മഹാമാരികൾ പതിക്കുന്നത്. അടുത്ത ഭാഗത്തു വിശദമായി അവതരിപ്പിക്കുന്ന മഹാബാബിലോണിന്റെ പതനത്തിന് ഈ ശിക്ഷാവിധികൾ കളമൊരുക്കുന്നു.

## 1. പാത്രങ്ങളേന്തിയ ദൂതന്മാർ 15,5-8

5. ഇതിനുശേഷം ഞാൻ കണ്ടു: സ്വർഗ്ഗത്തിൽ സാക്ഷ്യകൂടാരത്തിന്റെ ശ്രീകോ
6. വിൽ തുറക്കപ്പെട്ടു. ഏഴു മഹാമാരികളേന്തിയ ഏഴു ദൂതന്മാർ ശ്രീകോവിലിൽ
നിന്നു പുറത്തുവന്നു. അവർ ശുദ്ധമായ ധവളവസ്ത്രം ധരിച്ചിരുന്നു. വക്ഷ
7. സ്സിൽ പൊന്നുകൊണ്ടുള്ള ഇടക്കച്ച കെട്ടിയിരുന്നു. നാലുജീവികളിൽ ഒന്ന്,
എന്നെന്നും ജീവിക്കുന്നവനായ ദൈവത്തിന്റെ ക്രോധം നിറച്ച ഏഴുപൊൻപാ
8. ത്രങ്ങൾ ഏഴു ദൂതന്മാർക്കു കൊടുത്തു. ദൈവത്തിന്റെ മഹത്വത്തിന്റെയും
ശക്തിയുടെയും ധൂപം കൊണ്ടു ശ്രീകോവിൽ നിറഞ്ഞു. ഏഴുദൂതന്മാരുടെ
ഏഴു മഹാമാരികളും അവസാനിക്കുവോളം ഒരുവനും ശ്രീകോവിലിൽ പ്രവേ
ശിക്കാൻ കഴിഞ്ഞില്ല.

**15,5-6** ഏഴാം കാഹളത്തിന്റെ അവസാനം (വെളി 11,19) കാണപ്പെട്ട ദൃശ്യവുമായി ഇതിനു സാമ്യമുണ്ട്. *സാക്ഷ്യകൂടാരത്തിന്റെ ശ്രീകോവിൽ* എന്ന പദപ്രയോഗത്തിന് സാക്ഷ്യകൂടാരമാകുന്ന ശ്രീകോവിൽ എന്നും അർത്ഥമുണ്ട്. ദൈവത്തിന്റെ വാസസ്ഥലത്തെ കൂടാരം എന്നു വിശേഷിപ്പിക്കുന്നതിലൂടെ പുറപ്പാടു സംഭവത്തിലേക്കു ശ്രദ്ധക്ഷണിക്കുന്നു. ഏഴു ദൂതന്മാരെ 15,1-ൽ അവതരിപ്പിച്ചു കഴിഞ്ഞതാണ്. അവർ സാക്ഷ്യകൂടാര

ത്തിൽനിന്നു വരുന്നത് ദൈവമാണ് അവരെ അയയ്ക്കുന്നത് എന്നു സൂചിപ്പിക്കുന്നു. ആദ്യദർശനത്തിലെ മനുഷ്യപുത്രന്റേതിനോടു സാമ്യമുള്ളവേഷം (വെളി 1,13) അവരെ രാജകീയ പുരോഹിതന്മാരായി ചിത്രീകരിക്കുന്നു. യുഗാന്ത ലിറ്റർജി ആഘോഷിക്കാൻ വരുന്ന ഈ സ്വർഗ്ഗീയ പുരോഹിതന്മാർ ആരാധനയും നീതിനിർവ്വഹണവും തമ്മിലുള്ള ബന്ധം ഒരിക്കൽകൂടി അനുസ്മരിപ്പിക്കുന്നു.

**15,7** ഓരോമുദ്രയും തുറന്നപ്പോൾ നാലുജീവികളിൽ ഒന്ന് ഓരോ മഹാമാരികളെ വിളിച്ചുവരുത്തിയതിനെ അനുസ്മരിപ്പിക്കുന്നതാണ് (വെളി 6,1-8) ഇവിടെ ദൂതന്മാർക്കു പാത്രം നല്കുന്നത്. ക്രോധം നിറച്ച പൊൻപാത്രങ്ങൾ പഴയനിയമത്തിലെ രണ്ടു ചിത്രങ്ങളെ അനുസ്മരിപ്പിക്കുന്നു. ബലിപീഠത്തിൽനിന്നു ചാരവും മറ്റ് അവശിഷ്ടങ്ങളും നീക്കംചെയ്യാൻ ഉപയോഗിച്ചിരുന്ന കോരികയുടേതാണ് (പുറ 27,3) ഒന്ന്; മറ്റേചിത്രം ക്രോധത്തിന്റെ വീഞ്ഞുനിറച്ച പാത്രത്തിന്റേതും (ജറെ 25,15; വെളി 14,10).

**15,8** ദൈവികശക്തിയുടെയും മഹത്വത്തിന്റെയും പ്രതീകമാണ് ധൂപവും മേഘവും. ഇവ ശ്രീകോവിലിൽ നിറഞ്ഞു നില്ക്കുന്ന ചിത്രം പഴയനിയമത്തിൽ പലതവണ പ്രത്യക്ഷപ്പെടുന്നുണ്ട് (പുറ 40,34-35; 1 രാജാ 8,10-11; ഏശ 6,4). ഇവിടെ അധർമ്മം തുടച്ചുനീക്കുന്ന ശിക്ഷാവിധിയിലൂടെയാണ് ദൈവത്തിന്റെ ശക്തിയും മഹത്വവും പ്രകടമാകുന്നത്. ഏഴു മഹാമാരികളും അവസാനിക്കുന്നതുവരെ ആർക്കും ശ്രീകോവിലിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല എന്ന പ്രസ്താവന ഭയാനകമായ ഒരു സത്യം വിളിച്ചറിയിക്കുന്നു. അന്തിമവിധിയ്ക്കു വരുന്ന ദൈവത്തിന്റെ മുമ്പിൽ യാചനയ്ക്കും മധ്യസ്ഥപ്രാർത്ഥനയ്ക്കും സ്ഥാനമില്ല. കരുണയ്ക്കായുള്ള മാധ്യസ്ഥ്യം നിഷേധിക്കപ്പെടുന്നതിന്റെ ഉദാഹരണങ്ങൾ പഴയനിയമത്തിലുമുണ്ട് (ജറെ 14,11-12; 15,1).

## 2. ആദ്യത്തെ ആറു പത്രങ്ങൾ 16,1-12

1. ശ്രീകോവിലിൽനിന്ന് ആ ഏഴു ദൂതന്മാരോടു പറയുന്ന ഒരു വലിയ സ്വരം
ഞാൻ കേട്ടു: നിങ്ങൾ പോയി ദൈവകോപത്തിന്റെ ആ ഏഴു പാത്രങ്ങൾ
2. ഭൂമിയിലേക്ക് ഒഴിക്കുക. ഒന്നാമൻ പോയി തന്റെ പാത്രം ഭൂമിയിലേക്ക് ഒഴിച്ചു.
അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ ആരാധിക്കുന്ന
വരുമായ മനുഷ്യരുടെ ശരീരത്തിൽ ദുർഗന്ധം വമിക്കുന്ന വ്രണങ്ങളുണ്ടായി.
3. രണ്ടാമൻ തന്റെ പാത്രം കടലിലേക്കൊഴിച്ചു. അപ്പോൾ കടൽ മരിച്ചവന്റെ
4. രക്തം പോലെയായി. കടലിലെ സർവ്വജീവികളും ചത്തു. മൂന്നാമൻ തന്റെ
5. പാത്രം നദികളിലും നീരുറവകളിലും ഒഴിച്ചു. അവ രക്തമായി മാറി. അപ്പോൾ
ജലത്തിന്റെ ദൂതൻ പറയുന്നതു ഞാൻ കേട്ടു: ആയിരിക്കുന്നവനും ആയിരു
6. ന്നവനും പരിശുദ്ധനുമായ അങ്ങ് ഈ വിധികളിൽ നീതിമാനാണ്. എന്തെന്നാ
ൽ, അവർ വിശുദ്ധരുടെയും പ്രവാചകന്മാരുടെയും രക്തംചൊരിഞ്ഞു. അങ്ങ്
അവർക്ക് രക്തം കുടിക്കാൻ കൊടുത്തു. അതാണ് അവർ അർഹിക്കുന്നത്.
7. അപ്പോൾ ബലിപീഠം പറയുന്നതു ഞാൻ കേട്ടു: അതേ, സർവ്വശക്തനും
ദൈവവുമായ കർത്താവേ, അങ്ങയുടെ വിധികൾ സത്യവും നീതിയും നിറഞ്ഞ
8. താണ്. നാലാമൻ തന്റെ പാത്രം സൂര്യന്റെ മേലൊഴിച്ചു. അപ്പോൾ മനുഷ്യരെ
9. അഗ്നികൊണ്ടു ദഹിപ്പിക്കാൻ അതിന് അനുവാദം നല്കപ്പെട്ടു. അത്യുഷ്ണ
ത്താൽ മനുഷ്യർ വെന്തെരിഞ്ഞു. ആ മഹാമാരികളുടെമേൽ അധികാരമുണ്ടാ
യിരുന്ന ദൈവത്തിന്റെ നാമം അവർ ദുഷിച്ചു. അവർ അവിടുത്തെ മഹത്വ
10. പ്പെടുത്താനായി മനസ്സുതിരിഞ്ഞില്ല. അഞ്ചാമൻ തന്റെ പാത്രം മൃഗത്തിന്റെ
സിംഹാസനത്തിൻ മേലൊഴിച്ചു. അപ്പോൾ അതിന്റെ രാജ്യം കുരിരുട്ടിലാണ്ടു.
11. മനുഷ്യർ കഠിനവേദനകൊണ്ടു നാവുകടിച്ചു. വേദനയും വ്രണങ്ങളും മൂലം
അവർ സ്വർഗ്ഗസ്ഥനായ ദൈവത്തെ ദുഷിച്ചതല്ലാതെ തങ്ങളുടെ പ്രവൃത്തിക
12. ളിൽ നിന്നു മനസ്സുതിരിഞ്ഞില്ല. ആറാമത്തെ ദൂതൻ തന്റെ പാത്രം യൂഫ്രട്ടീസ്
മഹാനദിയിൽ ഒഴിച്ചു. അപ്പോൾ അതിലെ ജലം വറ്റിപ്പോയി. കിഴക്കുനിന്നുള്ള
രാജാക്കന്മാർക്കു വഴിയൊരുക്കപ്പെടാൻ വേണ്ടിയായിരുന്നു അത്.

**16,1-2** ശ്രീകോവിലിൽ നിന്നുമുഴങ്ങുന്ന ശബ്ദം ശിക്ഷാവിധി വിളിച്ചറിയിക്കുന്ന ദൈവത്തിന്റെ ശബ്ദമാണ് (ഏശ 66,6). ഈജിപ്തുകാരുടെമേൽ പതിച്ച ആറാമത്തെ മഹാമാരിയെ അനുസ്മരിപ്പിക്കുന്നതാണ് വ്രണങ്ങൾ (പുറ 9,8-11). മൃഗത്തിന്റെ മുദ്ര സ്വീകരിച്ചവർ ഇപ്പോൾ ദൈവത്തിന്റെ ശിക്ഷ മുദ്രപോലെ വ്രണങ്ങളായി ഏറ്റുവാങ്ങാൻ നിർബന്ധിതരാകുന്നു.

**16,3-7** അടുത്ത രണ്ടു ശിക്ഷകൾ കടൽ ജലത്തെയും ശുദ്ധജലത്തെയും രക്തമാക്കി മാറ്റുന്നു. ഈജിപ്തിലെ ആദ്യത്തെ മഹാമാരിയെ (പുറ 7,19-21) അനുസ്മരിപ്പിക്കുന്ന ഈ ശിക്ഷ രണ്ടും മൂന്നും കാഹളങ്ങളുമായി ബന്ധപ്പെട്ടതിനോടു സാമ്യമുണ്ട്. മനുഷ്യന്റെ നിലനില്പിന് ആവശ്യമായ ജലമാണ് ഇവിടെ നശിപ്പിക്കപ്പെടുന്നത്. യഹൂദചിന്താഗതിയനുസരിച്ച് പഞ്ചഭൂതങ്ങൾക്ക് മേൽനോട്ടക്കാരായി ദൈവം ദൂതന്മാരെ നിശ്ചയിച്ചിരുന്നു. വായുവിന്റെയും (വെളി 7,1) അഗ്നിയുടെയും (വെളി 14,18)മേൽ അധികാരമുള്ള ദൂതന്മാരെ നാം കണ്ടുകഴിഞ്ഞു.

മർദ്ദിതരായ വിശ്വാസികളെ രക്ഷിക്കുമ്പോഴും അധർമ്മികളെ ശിക്ഷിക്കുമ്പോഴും പ്രകടമാകുന്നത് ദൈവത്തിന്റെ വിശുദ്ധിയും നീതിയുമാണ്. രക്തം ചൊരിഞ്ഞവരെ രക്തം കുടിപ്പിക്കുന്നത് മാനുഷികമായ പ്രതികാരമല്ല, നീതിയുടെ സംസ്ഥാപനമാണ്. ശിക്ഷാഭീതി കൂടാതെ ആരും അധർമ്മത്തിൽ തുടരരുത്. ജലത്തിന്റെ ദൂതനും ബലിപീഠവും ദൈവനീതിയെ പുകഴ്ത്തിപ്പാടുന്ന കീർത്തനങ്ങൾ തമ്മിൽ സാമ്യമുണ്ട്. വിജയികളായ രക്തസാക്ഷികൾ പാടിയ കീർത്തനവും (വെളി 15,2-4) ഇതേ ആശയം ഉൾക്കൊള്ളുന്നു. ബലിപീഠത്തെ വിധിയുമായി ബന്ധപ്പെടുത്തുന്നതിലൂടെ (വെളി 6,9;

8,3-5; 9,13; 11,1; 14,18) ബലിയർപ്പണവും നീതിനിർവ്വഹണവും തമ്മിലുള്ള അഭേദ്യമായ ബന്ധം വെളിപ്പെടുത്തുന്നു. ബലിയർപ്പിക്കപ്പെട്ട വിശ്വാസികളുടെ ശബ്ദമാണ് ബലിപീഠത്തിൽ നിന്നുയരുന്നത്.

**16,8-11** നാലാമത്തെ മഹാമാരി സൂര്യനെ പ്രഹരിക്കുമ്പോൾ ഉണ്ടാകുന്ന *അത്യുഷ്ണം* ആദ്യകാഹളവുമായി ബന്ധപ്പെട്ട അഗ്നിബാധയെ അനുസ്മരിപ്പിക്കുന്നു (വെളി 8,7). അഞ്ചാമത്തെ പാത്രം ഒഴിക്കുമ്പോഴുണ്ടാകുന്ന *അന്ധകാരം* നാലാം കാഹളത്തിന്റെ ഫലവുമായി (വെളി 8,12) സാമ്യമുള്ളതാണ്. സിംഹാസനം രാജാധികാരത്തിന്റെ പ്രതീകമാണ്. മൃഗത്തിന്റെ സിംഹാസനം റോമാസാമ്രാജ്യത്തെ സൂചിപ്പിക്കുന്നതായി കരുതാം. അന്ധകാരം ഈജിപ്തിലെ ഒൻപതാം മഹാമാരിയാണ് (പുറ 10,21-23). *അനുതപിച്ചില്ല* എന്നു രണ്ടു തവണ ആവർത്തിക്കുന്നതിലൂടെ ശിക്ഷാവിധിയുടെ ലക്ഷ്യവും മനുഷ്യന്റെ ഹൃദയകാഠിന്യവും വ്യക്തമാക്കുന്നു. മഹാമാരികൾക്കു മുമ്പിൽ ഫറവോയുടെ പ്രതികരണത്തെ അനുസ്മരിപ്പിക്കുന്നതാണ് മൃഗത്തിന്റെ അനുയായികളുടെ പ്രതികരണം. അനുതപിക്കുന്നില്ല എന്നു മാത്രമല്ല, അവർ കൂടുതൽ കൂടുതലായി ദൈവത്തെ വെറുക്കുകയും ദുഷിക്കുകയും ചെയ്യുന്നു.

**16,12** ആറാം കാഹളം മുഴങ്ങിയപ്പോൾ പാഞ്ഞടുത്ത കുതിരപ്പടയുമായി സാമ്യമുള്ളതാണ് ഈ മഹാമാരി. രണ്ടും യുദ്ധത്തെയാണ് സൂചിപ്പിക്കുന്നത്. യൂഫ്രട്ടിസിനു കിഴക്കുള്ള രാജാക്കന്മാർ പാർത്തിയാക്കാർ ആയിരിക്കണം. അവർക്കു വഴിയൊരുക്കാൻവേണ്ടിയാണ് നദി വറ്റിക്കുന്നത്. പേർഷ്യൻ ചക്രവർത്തിയായ സൈറസ് ബാബിലോൺ പിടിച്ചടക്കിയ സംഭവത്തെ അനുസ്മരിപ്പിക്കുന്നതാണ് യൂഫ്രട്ടിസ് നദി വറ്റിപ്പോകുന്നത്. സൈറസിന്റെ സൈന്യം അണകെട്ടി നദിയുടെ ഗതിമാറിയിട്ടാണ് അജയ്യമായിരുന്ന ആ നഗരം കീഴടക്കിയത്.

## 3. തവളകൾ - ഹർമഗെദോൻ 16,13-15

13. സർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും വ്യാജ പ്രവാചകന്റെ വായിൽനിന്നും പുറപ്പെട്ട തവളകൾപോലുള്ള മൂന്ന് അശുദ്ധാത്മാക്കളെ
14. ഞാൻ കണ്ടു. അവർ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിനത്തിലെ യുദ്ധത്തിനായി ലോകമെമ്പാടുമുള്ള രാജാക്കന്മാരെ ഒന്നിച്ചുകൂട്ടാൻ പുറപ്പെട്ടവരും
15. അടയാളങ്ങൾ കാണിക്കുന്നവരുമായ പൈശാചികാത്മാക്കളാണ്. ഇതാ ഞാൻ കള്ളനെപ്പോലെ വരുന്നു. നഗ്നനായി മറ്റുള്ളവരുടെ മുമ്പിൽ ലജ്ജിതനായി
16. ത്തീരാതെ വസ്ത്രം ധരിച്ച് ഉണർന്നിരിക്കുന്നവൻ ഭാഗ്യവാൻ. ഹെബ്രായ ഭാഷയിൽ ഹർമഗെദോൻ എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് അവർ അവരെ ഒന്നിച്ചുകൂട്ടി.

ഘടനാപരമായി ആറും ഏഴും പാത്രങ്ങൾക്കിടയിൽ തിരുകിയ ദൃശ്യം



പോലെയാണ് ഈ വാക്യങ്ങൾ കാണപ്പെടുന്നത്. 16,12-ൽ പരാമർശിച്ച കിഴക്കുനിന്നുള്ള രാജാക്കന്മാരും 16,14-ലെ ലോകമെമ്പാടും ഉള്ള രാജാക്കന്മാരും ഒന്നുതന്നെയാണെന്നു കരുതാനാവില്ല. ഹർമഗെദോനിൽ ഒരുമിച്ചുകൂടിയവർക്കെതിരേയുള്ള യുദ്ധം 19,17-20 ലാണ് വിവരിക്കുന്നത്. യുഗാന്തയുദ്ധത്തിനുള്ള കളമൊരുക്കൽ വിവരിച്ചുകൊണ്ട് ഈ ഭാഗത്തെ പുസ്തകത്തിന്റെ അവസാനഭാഗവുമായി ബന്ധിപ്പിച്ചിരിക്കുന്നു.

**16,13-14** *സർപ്പം, മൃഗം, വ്യാജപ്രവാചകൻ* എന്ന തിന്മയുടെ ത്രിമൂർത്തികൾ 12-13 അധ്യായങ്ങളിൽ കണ്ടവർ തന്നെയാണ്. കരയിൽനിന്നു കയറിവന്ന മൃഗമാണ് ഇവിടെയും 19,20 ലും വ്യാജപ്രവാചകനായി ചിത്രീകരിക്കപ്പെടുന്നത്. അശുദ്ധാത്മാക്കളാണെന്നും അവ തവളകളെപ്പോലെയാണെന്നും ഉള്ള വിശദീകരണം പ്രത്യേകം ശ്രദ്ധേയമാണ്. പുറപ്പാടു സംഭവത്തിലെ രണ്ടാമത്തെ മഹാമാരിയാണ് (പുറ 8,6) തവളകൾ. എന്നാൽ ഇവിടെ അവയുടെ അർത്ഥത്തിനു വ്യത്യാസമുണ്ട്.

എപ്പോഴും ശബ്ദിച്ചുകൊണ്ടിരിക്കുന്നതും ആരോചകവുമായ ജീവികളായിട്ടാണ് തവളകൾ കരുതപ്പെടുന്നത്. അവ വായിൽ നിന്നു പുറത്തുവന്നതാകയാൽ സംസാരത്തെ സൂചിപ്പിക്കുന്നു എന്നതിൽ സംശയമില്ല. ദൈവത്തിനും ദൈവജനത്തിനും എതിരേ കുറ്റാരോപണം നടത്തുന്ന സാത്താന്റെയും (വെളി 12,10) ദൈവദൂഷണം കോരിച്ചൊരിയുന്ന കടലിൽനിന്നു വന്ന മൃഗത്തിന്റെയും (വെളി 13,6) അടയാളങ്ങൾ കാണിച്ചു വഴിതെറ്റിക്കുന്ന വ്യാജപ്രവാചകന്റെയും (വെളി 13,13-14) സന്തതികളാണിവ. ചക്രവർത്തിയെ ദൈവമായി അംഗീകരിക്കാനും ആരാധിക്കാനുമുള്ള പ്രേരണയാണ് ഈ തവളകൾ മുഖ്യമായും സൂചിപ്പിക്കുന്നത്. എന്നാൽ, ദൈവനിഷേധവും ദൈവവിരോധവും കുത്തിവച്ച് നിരീശ്വരത്വത്തിലേക്കും മതവിരോധത്തിലേക്കും ജനങ്ങളെ നയിക്കുന്ന നുണപ്രചരണങ്ങളായും ഇവയെ കരുതാം. ദൈവനിഷേധത്തിന്റെയും സാമ്രാജ്യത്തെ ദൈവമായി ചിത്രീകരിക്കുന്നതിന്റെയും പൈശാചികസ്വഭാവം വ്യക്തമാക്കുന്നതാണ് ഈ ചിത്രം. ദൈവത്തിന്റെ മഹാദിനം യുഗാന്തയുദ്ധത്തിന്റെ ദിനമാണ് (വെളി 19,17-20). ലോകരാജാക്കന്മാർ എല്ലാം ദൈവത്തിനെതിരേ യുദ്ധത്തിന് ഒരുമിച്ചു കൂടുന്നചിത്രം രണ്ടാം സങ്കീർത്തനത്തെ അനുസ്മരിപ്പിക്കുന്നു (സങ്കീ 2,2).

**16,15** സപ്തഭാഗ്യങ്ങളിൽ മൂന്നാമത്തേതായ ഈ വാക്യം ഇടയ്ക്കു ചേർത്തതുപോലെയാണു നില്ക്കുന്നത്. ആദ്യദർശനത്തിൽ മനുഷ്യപുത്രൻ സാർദിസിലെയും (വെളി 3,8) ലാവോദിക്യായിലെയും (വെളി 3,18) സഭകൾക്കു നല്കുന്ന ഉപദേശങ്ങളുടെ പ്രതിധ്വനി ഇവിടെ കേൾക്കാം. നിരന്തരവും നിർബ്ബന്ധപൂർവ്വവുമായ നുണപ്രചരണങ്ങൾക്കെതിരേ നിതാന്തജാ

ഗ്രത പുലർത്താൻ ക്രിസ്തുനാഥൻ തന്റെ അനുയായികളെ ആഹ്വാനം ചെയ്യുന്നു.

**16,16** പൈശാചിക പ്രേരണകൾക്കു വഴങ്ങി ദൈവത്തിനെതിരേ യുദ്ധത്തിനു പുറപ്പെട്ട രാജാക്കന്മാർ *ഹർമഗെദോൻ* എന്ന സ്ഥലത്ത് സമ്മേളിച്ചു. *മെഗിദോമല* എന്നാണ് ഈ പേരിന്റെ അർത്ഥം. കാർമ്മൽ പർവ്വതനിരകളുടെ തെക്കെ അറ്റത്ത്, എസ്ദ്രലോൺ സമതലത്തിലുള്ള ചെറിയൊരു മലയാണ് മെഗിദോ. അന്താരാഷ്ട്ര പ്രാധാന്യമുള്ള രാജപാതകൾ ഇതിലെ കടന്നുപോയിരുന്നതിനാൽ ഇസ്രായേൽ ചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ച അനേകം യുദ്ധങ്ങൾ ഇവിടെ നടന്നിട്ടുണ്ട് (ന്യായാ 5,19; 2 രാജാ 9,27; 23,29). അങ്ങനെ ഹർമഗെദോൻ യുദ്ധക്കളത്തിന്റെ പര്യായമായിത്തീർന്നു. ദൈവജനത്തിനെതിരേ യുദ്ധത്തിനു വരുന്ന ലോകജനതകൾ ഇസ്രായേലിന്റെ മലകളിൽ മരിച്ചുവീഴും എന്ന് *ഗോഗ്-മാഗോഗ്* പ്രതീകങ്ങളിലൂടെ (എസെ 38,8; 39,4) എസെക്കിയേൽ നടത്തിയ പ്രവചനത്തിന്റെ സൂചനയും ഇവിടെ കാണാം. ഏതെങ്കിലും ഒരു പ്രത്യേകസ്ഥലം എന്നതിനേക്കാൾ ഒരു പ്രതീകമായിട്ടാണ് ഹർമഗെദോൻ എന്ന പേര് ഉപയോഗിച്ചിരിക്കുന്നത്. ദൈവം തിന്മയെ പൂർണ്ണമായി നശിപ്പിക്കും എന്ന സത്യം ഹർമഗെദോൻ യുദ്ധം എന്ന പ്രതീകത്തിലൂടെ അവതരിപ്പിക്കുന്നു. അത് എന്ന്, എവിടെവെച്ചു സംഭവിക്കുമോ അതായിരിക്കും ഹെർമഗെദോൻ. യഹോഷാഫാത്ത് താഴ്‌വര (ജോയേൽ 3,2) പോലൊരു പ്രതീകമാണ് ഹർമഗെദോൻ.

### 4. ഏഴാം പാത്രം 16,17-21

17. ഏഴാമൻ തന്റെ പാത്രം അന്തരീക്ഷത്തിലൊഴിച്ചു. അപ്പോൾ ശ്രീകോവിലിലെ സിംഹാസനത്തിൽനിന്ന് ഇപ്രകാരം പറയുന്ന ഒരു വലിയ സ്വരം പുറപ്പെട്ടു:
18. ഇതാ തീർന്നു. അപ്പോൾ മിന്നൽ പിണരുകളും ഉച്ചഘോഷങ്ങളും ഇടിമുഴക്കങ്ങളും ഭൂകമ്പവും ഉണ്ടായി, ഭൂമിയിൽ മനുഷ്യൻ ഉണ്ടായതുമുതൽ ഇന്നോളം
19. സംഭവിച്ചിട്ടില്ലാത്തവിധം അത്ര വലിയ ഭൂകമ്പം. മഹാനഗരം മൂന്നായി പിളർന്നു. ജനതകളുടെ പട്ടണങ്ങൾ നിലംപതിച്ചു. തന്റെ ഉഗ്രക്രോധത്തിന്റെ ചഷകം മട്ടുവരെ കുടിപ്പിക്കാൻവേണ്ടി മഹാബാബിലോണിനെ ദൈവം പ്രത്യേകം
20. ഓർമ്മിച്ചു. ദ്വീപുകളെല്ലാം ഓടിയൊളിച്ചു. പർവ്വതങ്ങൾ കാണാതായി. താലന്തുകളുടെ ഭാരമുള്ള വലിയകല്ലുകളുടെ പെരുമഴ ആകാശത്തുനിന്നു മനു
21. ഷ്യരുടെമേൽ പതിച്ചു. കന്മഴയാകുന്ന മഹാമാരി നിമിത്തം മനുഷ്യർ ദൈവത്തെ ദുഷിച്ചു. അത് അത്ര ഭയങ്കരമായിരുന്നു.

മഹാബാബിലോണിന്റെമേൽ പതിക്കുന്ന ശിക്ഷാവിധിയുടെ നാന്ദി എന്നവണ്ണമാണ് ഏഴാമത്തെ മഹാമാരി ചിത്രീകരിച്ചിരിക്കുന്നത്. അടുത്ത ഭാഗത്ത് (വെളി 17,1-19,10) ഇതു വിശദമായി അവതരിപ്പിച്ചിരിക്കുന്നു.

**16,17-18** ഭൂമിയ്ക്കുപരിയുള്ള വായുവിൽ ക്രോധപാത്രം ഒഴിക്കുന്നതിലൂടെ ശിക്ഷാവിധി സാർവ്വത്രികമാണെന്നു സൂചിപ്പിക്കുന്നു. ജലത്തിനു ശേഷം വായുവും ശാപഗ്രസ്ഥമായിത്തീരുന്നു. ***ഇതാ തീർന്നു*** എന്ന ഉദ്ഘോഷണം ഈ മഹാമാരികൾ അവസാനത്തേതാണ് എന്ന മുൻപ്രഖ്യാപനത്തെ (വെളി 15,1) അനുസ്മരിപ്പിക്കുന്നു. ദൈവവിരുദ്ധശക്തികൾ ക്കെതിരേ ദൈവകോപം അതിന്റെ സർവ്വഭീകരതയോടും കൂടെ ഇവിടെ പ്രത്യക്ഷപ്പെടുന്നു. ദൈവം തന്നെയാണ് മാറ്റമില്ലാത്ത വിധി പ്രഖ്യാപിച്ചിരിക്കുന്നത് എന്നു വ്യക്തമാക്കുന്നതാണ് ശ്രീകോവിലിലെ സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന സ്വരം. വിധിക്കാൻ വരുന്ന ദൈവത്തിന്റെ ഭീകരത വിളിച്ചറിയിക്കുന്നതാണ് മിന്നൽപിണരും ഉച്ചഘോഷങ്ങളും. ഇവ ഇതിനകം പലതവണ കണ്ടതാണ് (വെളി 4,5; 8,5; 11,19).

**16,19** പ്രത്യക്ഷത്തിൽ റോമായാണ് ഇവിടെ പരാമർശിക്കുന്ന മഹാനഗരം. മൂന്നായി പിളരുന്നത് സമൂലനാശത്തിന്റെ ചിത്രീകരണമാണ്. *ജനതകളുടെ പട്ടണങ്ങൾ* നിലംപതിക്കുന്നത് ലോകവ്യാപകമായ നാശത്തെ സൂചിപ്പിക്കുന്നു. റോമാ സാമ്രാജ്യവും സാമന്തരാജ്യങ്ങളും ഒന്നടങ്കം നിലംപതിക്കുന്നത് ദൈവനിഷേധത്തിലും അക്രമത്തിലും രക്തച്ചൊരിച്ചിലിലും അടിയുറച്ച തിന്മയുടെ ആധിപത്യസംസ്കാരം പരിപൂർണ്ണമായി നശിപ്പിക്കപ്പെടുന്നതിന്റെ ചിത്രമാണ്. മഹാബാബിലോണിനെ പ്രത്യേകം ഓർമ്മിച്ചു എന്ന പ്രസ്താവന അടുത്ത ഭാഗത്തിനു കളമൊരുക്കുന്നു.

**16,20-21** ഭീകരമായ ഭൂകമ്പത്താലുണ്ടായ നാശത്തിന്റെ ചിത്രീകരണമാണ് ദ്വീപുകളും പർവ്വതങ്ങളും അപ്രത്യക്ഷമാകുന്നത്. ആറാം മുദ്രയുമായി ബന്ധപ്പെട്ട മഹാമാരിയോട് (വെളി 6,14) ഇതിനു സാമ്യമുണ്ട്. കർത്താവിന്റെ ക്രോധത്തിന്റെ കൊടുങ്കാറ്റ് ഭീകരമായ കന്മഴ വിതറുന്നു. താലന്തിന്റെ ഭാരം ഏകദേശം 35 കിലോഗ്രാമമാണ്. ഇവയൊന്നും മാനസാന്തരത്തിലേക്കു നയിക്കുന്നില്ല എന്ന ദുഃഖകരമായ പ്രസ്താവനയോടെ ഈ ഭാഗം അവസാനിക്കുന്നു.

B B B B B

# ൯. ബാബിലോണിന്റെ പതനം
## ൧൭,൧-൧൯,൧൦

വെളിപാടുപുസ്തകം അവതരിപ്പിക്കുന്ന സഭയും സാമ്രാജ്യവും തമ്മിലുള്ള സംഘട്ടനം അതിന്റെ പരിസമാപ്തിയോടടുക്കുകയായി; പ്രപഞ്ചനാടകം അതിന്റെ അവസാനരംഗങ്ങളിൽ എത്തിക്കഴിഞ്ഞു. പീഡിതരുടെ നിലവിളിയ്ക്കും രക്തസാക്ഷികളുടെ പ്രാർത്ഥനയ്ക്കും അന്തിമമായ മറുപടി ലഭിക്കാൻ പോവുകയാണ്. കാത്തിരിപ്പിന്റെയും മാറ്റിവയ്ക്കലിന്റെയും സമയം കഴിഞ്ഞു. രണ്ടുതവണ മുൻകൂട്ടി അറിയിച്ച (വെളി 14,8; 16,19) മഹാബാബിലോണിന്റെ പതനം ഇവിടെ വിശദമായി ചിത്രീകരിക്കുന്നു. ഇതിലെ വിശദാംശങ്ങൾ പലതും മനസ്സിലാക്കാൻ പ്രയാസമുള്ളതാണെങ്കിലും റോമായുടെ ചിത്രമാണ് വി.ഗ്രന്ഥകാരൻ ഇവിടെ അവതരിപ്പിക്കുന്നത് എന്നതിൽ സംശയമില്ല.

പ്രവാചകന്മാർ തുടങ്ങിവച്ചതും അപ്പോകലിപറ്റിക് ഗ്രന്ഥകാരന്മാർ വികസിപ്പിച്ചതുമാണ് സാമ്രാജ്യങ്ങളെ മൃഗങ്ങളും വേശ്യകളുമായി ചിത്രീകരിക്കുന്ന പാരമ്പര്യം. അവയുടെ സുഖഭോഗാസക്തിയും സ്വയം ദൈവമായി ചിത്രീകരിക്കാനുള്ള പ്രവണതയും മൃഗീയമായ ക്രൂരതയുമാണ് ഈ ചിത്രങ്ങൾ പ്രതിഫലിപ്പിക്കുന്നത്. ചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിൽ കടന്നുപോയ റോമാസാമ്രാജ്യം തിന്മയുടെ പ്രത്യക്ഷീകരണങ്ങളിൽ ഒന്നു മാത്രമാണ്. മറ്റു രൂപഭാവങ്ങളിലും നാമങ്ങളിലും ആ ശക്തി വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. അവയുടെയെല്ലാം നാശത്തിന്റെ പ്രതീകാത്മകമായ ചിത്രീകരണമാണ് ഈ ഭാഗത്തു നല്കുന്നത്. സനാതനമായ ദൈവവചനം ഏതെങ്കിലും ഒരു പ്രത്യേക കാലഘട്ടത്തിന്റെ മാത്രം വ്യാഖ്യാനമായി ഒതുക്കി നിർത്താനാവില്ല. വേശ്യയും മണവാട്ടിയും ദൈവവിരുദ്ധശക്തികളുടെയും ദൈവജനത്തിന്റെയും പ്രതീകങ്ങളാണ്.

1. ഏഴു പാത്രങ്ങൾ പിടിച്ചിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോടു
പറഞ്ഞു: വരുക, പെരുവെള്ളത്തിന്മേൽ ഉപവിഷ്ടയായിരിക്കുന്ന മഹാവേശ്യ
2. യുടെ മേലുള്ള ശിക്ഷാവിധി നിനക്കു ഞാൻ കാണിച്ചുതരാം. അവളോടുകൂടെ
ഭൂമിയിലെ രാജാക്കന്മാർ വ്യഭിചാരം ചെയ്തു. അവളുടെ ദുർവൃത്തിയുടെ
3. വീഞ്ഞു കുടിച്ച് ഭൂവാസികൾ ഉന്മത്തരായി. ആ ദൂതൻ ആത്മാവിൽ എന്നെ
4. മരുഭൂമിയിലേക്കു നയിച്ചു. ദൈവദൂഷണപരമായ നാമങ്ങൾ നിറഞ്ഞതും, ഏഴു
തലയും പത്തു കൊമ്പും കടുംചെമപ്പു നിറവുമുള്ളതുമായ ഒരു മൃഗത്തിന്മേ
ലിരിക്കുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടു. ആ സ്ത്രീ ധൂമ്രവും കടുംചെമപ്പും
നിറമുള്ള വസ്ത്രം ധരിച്ചിരുന്നു; സ്വർണ്ണവും വിലപിടിച്ച രത്നങ്ങളും മുത്തു
കളും കൊണ്ട് അലംകൃതയുമായിരുന്നു. വേശ്യാവൃത്തിയുടെ അശുദ്ധികളും
മ്ലേച്ഛതകളും കൊണ്ടു നിറഞ്ഞ ഒരു പൊൻചഷകം അവളുടെ കൈയിലു
5. ണ്ടായിരുന്നു. അവളുടെ നെറ്റിത്തടത്തിൽ ഒരു നിഗൂഢനാമം എഴുതപ്പെട്ടി
രുന്നു: മഹാബാബിലോൺ - വേശ്യകളുടെയും ഭൂമിയിലെ മ്ലേച്ഛതകളുടെയും
6. മാതാവ്. ആ സ്ത്രീ വിശുദ്ധരുടെയും യേശുവിന്റെ സാക്ഷികളുടെയും രക്തം
കുടിച്ച് ഉന്മത്തയായിരിക്കുന്നതും ഞാൻ കണ്ടു. അവളെ കണ്ടപ്പോൾ ഞാൻ
അത്യധികം വിസ്മയിച്ചു.

**17,1** ക്രോധത്തിന്റെ പാത്രങ്ങളുമായി പ്രത്യക്ഷപ്പെട്ട ദൂതൻതന്നെ ബാബിലോണിന്റെ പതനം കാണിച്ചുകൊടുക്കുന്നതിലൂടെ ഈ ഭാഗത്തെ പാത്രങ്ങളുടെ സപ്തഗണവുമായി ബന്ധിപ്പിക്കുന്നു. ഈ ദൂതൻതന്നെ കുഞ്ഞാടിന്റെ മണവാട്ടിയെ കാണിച്ചു കൊടുക്കുന്നതിനാൽ (വെളി 21,9) വേശ്യയുടെയും മണവാട്ടിയുടെയും ചിത്രങ്ങൾ പരസ്പര വിരുദ്ധങ്ങളായി അവതരിപ്പിക്കുന്നു. ബാബിലോൺ നഗരത്തിനു ജറെമിയാ നല്കിയ വിശേഷണത്തെ (ജറെ 51,13) അനുസ്മരിപ്പിക്കുന്നതാണ് *പേരുവെള്ളത്തിന്മേൽ ഉപവിഷ്ടയായിരിക്കുന്നവളുടെ* ചിത്രം. യുഫ്രട്ടീസ് നദിയും അതിന്റെ കൈവഴികളും കനാലുകളുംവഴി ജലസമൃദ്ധിയുള്ള നഗരമായിരുന്നു ബാബിലോൺ. ടൈബർ നദീതീരത്ത് സ്ഥിതിചെയ്തിരുന്നു എന്നതിനേക്കാൾ, ശക്തമായ നാവികസേനയും വിപുലമായ കടൽ വ്യാപാരവും വഴി കടലുകളുടെമേൽ ആധിപത്യം സ്ഥാപിച്ചിരുന്നതിനാലാണ് റോമിനെ ഇപ്രകാരം വിശേഷിപ്പിക്കുന്നത്. 17,15ൽ ജലപ്പരപ്പിന്റെ അർത്ഥം ദൂതൻ തന്നെ വ്യാഖ്യാനിക്കുന്നുണ്ട്.

***മഹാവേശ്യ*** എന്ന വിശേഷണത്തിന് വ്യാഖ്യാതാക്കൾ രണ്ടു വിശദീകരണങ്ങൾ നല്കാറുണ്ട്. ദൈവത്തോട് അവിശ്വസ്തത കാട്ടിയ ഇസ്രായേലിനെ വേശ്യയായി ചിത്രീകരിക്കുന്ന പ്രവചനങ്ങളുടെ (ഏശ 1,21; ജറെ 2,20-37; എസെ 16) സ്വാധീനം ഈ വിശേഷണങ്ങളിൽ കാണുന്ന ചിലർ അവിശ്വസ്തയായിത്തീർന്ന സഭയെയാണ് മഹാവേശ്യയായി അവതരിപ്പിക്കുന്നത് എന്നു പഠിപ്പിക്കുന്നു. എന്നാൽ ദൈവവചനത്തിന്റെ വസ്തുനിഷ്ഠവും സൂക്ഷ്മവുമായ വിശകലനത്തിൽ നിന്നല്ല, കത്തോലിക്കാ സഭയോടുള്ള വിരോധത്തിൽ നിന്നും അവൾക്കെതിരായ മുൻവിധികളിൽ നിന്നുമാണ് ഈ വ്യാഖ്യാനം രൂപംകൊള്ളുന്നത്. സഭയെക്കുറിച്ചുള്ള നിശിതമായ വിമർശനങ്ങൾ സഭയ്ക്കുള്ള ഏഴു ലേഖനങ്ങളിൽ അവതരിപ്പിച്ചുകഴിഞ്ഞു, ഇവിടെ സഭയെ പീഡിപ്പിക്കുന്ന സാമ്രാജ്യശക്തിയുടെ മേലുള്ള ശിക്ഷയാണ് വിവരിക്കുന്നത്. അതിനാൽ ഇസ്രായേലിനെതിരേയുള്ള പ്രവചനങ്ങളല്ല, ദൈവജനത്തെ പീഡിപ്പിച്ച സാമ്രാജ്യങ്ങൾക്കെതിരായുള്ള പ്രവാചക വിമർശന

ങ്ങളും ശിക്ഷാവിധികളുമാണ് (ഏശ 23,16-17; നാഹും 3,4) ഈ വിശേഷണത്തിന്റെ പശ്ചാത്തലമായി നില്ക്കുന്നത്.

**17,2** റോമിനെ ദേവതയായും ചക്രവർത്തിയെ ദൈവമായും ആരാധിക്കുകയും റോമിന്റെ മ്ലേഛവും ചൂഷകവുമായ സംസ്കാരം സ്വന്തമാക്കുകയും ചെയ്ത ജനപദങ്ങൾ ഇവിടെ പരാമർശിക്കപ്പെടുന്നു (ജറെ 51,7). ദൈവവിരോധികളും നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ടവരും ആണ് അവർ എന്ന് 17,8-ൽ വ്യാഖ്യാനിക്കുന്നു. ഇവരാണ് റോമിന്റെ പതനത്തിൽ നഷ്ടം സഹിക്കുകയും വിലപിക്കുകയും ചെയ്യുന്നത്.

**17,3** താൻ ആത്മീയാനുഭൂതിയിൽ ലയിച്ച് ദൈവികവെളിപാടു സ്വീകരിച്ചതായി യോഹന്നാൻ നാലുതവണ രേഖപ്പെടുത്തിയിട്ടുണ്ട് (1,10; 4,2; 17,3; 21,10). മിശിഹായെ പ്രസവിച്ച സ്ത്രീ സംരക്ഷിക്കപ്പെടുന്ന മരുഭൂമിയിലേക്കുതന്നെയാണ് (വെളി 12,6-14) സഭയെ പീഡിപ്പിക്കുന്ന സാമ്രാജ്യശക്തിക്കു സംഭവിക്കാൻ പോകുന്ന നാശം കാണാൻ യോഹന്നാൻ നയിക്കപ്പെടുന്നത്. കടലിൽനിന്നു കയറിവന്നതായികണ്ട (13,1) മൃഗം തന്നെ ഇവിടെ പ്രത്യക്ഷപ്പെടുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും, അക്രമവും രക്തച്ചൊരിച്ചിലും വഴി അധികാരം ഉറപ്പിക്കുകയും ചെയ്യുന്ന റോമാസാമ്രാജ്യത്തിന്റെ പ്രതീകമാണ് ഈ മൃഗം. അതിന്റെ നിറം സർപ്പത്തിന്റെ നിറം തന്നെ (12,3). ദൈവം, കർത്താവ്, രക്ഷകൻ മുതലായ ദൈവിക നാമങ്ങൾ തന്റേതായി കരുതിയിരുന്ന റോമിന്റെ അവകാശവാദങ്ങളാണ് ദൈവദൂഷണപരമായ നാമങ്ങൾ.

**17,4** സ്ത്രീയുടെ വേഷവിധാനങ്ങൾ സീമാതാതമായ ഭൗതികസമ്പത്തിനെയും സുഖലോലുപതയെയും സൂചിപ്പിക്കുന്നു. കുഞ്ഞാടിന്റെ മണവാട്ടിയുടെ ലളിതമായ ശുഭ്രവസ്ത്രത്തിനു (19,8) കടകവിരുദ്ധമായി നില്ക്കുന്നതാണ് വശ്യമായ ഈ വസ്ത്രാലങ്കാരം. അവളുടെ കൈയിലെ പൊൻചഷകം വിഗ്രഹാരാധനയിലേക്കും ധാർമ്മികാധഃപതനത്തിലേക്കും നയിക്കുന്ന ചിന്താരീതി, ജീവിതശൈലി, ആചാരമര്യാദകൾ മുതലായവ സാമ്രാജ്യത്തിലുടനീളം നിർബന്ധപൂർവ്വം പ്രചരിപ്പിക്കുന്നതിന്റെ പ്രതീകമാണ് (ജറെ 51,7).

**17,5** ആളെ തിരിച്ചറിയാനുള്ള മാർഗ്ഗമാണ് നെറ്റിയിൽ എഴുതിയ പേര്. റോമിലെ വേശ്യാലയങ്ങളിലെ സ്ത്രീകൾ തങ്ങളുടെ പേരെഴുതിയ ആഭരണം നെറ്റിയിൽ ധരിച്ചിരുന്നു. ലോകത്തെ മുഴുവൻ വേശ്യാലയമാക്കിയ കുപ്രസിദ്ധ വേശ്യയാണ് ഇവിടെ ചിത്രീകരിക്കപ്പെടുന്നത് എന്ന് ഈ പേരിൽ നിന്നു മനസ്സിലാക്കാം. ക്രിസ്തുവിന്റെ അനുയായികൾ നെറ്റിയിൽ ധരിക്കുന്ന മുദ്രയുമായുള്ള വൈരുദ്ധ്യം (7,3; 9,4) ശ്രദ്ധേയമാണ്. *നിഗൂഢനാമം* - ബാബിലോൺ എന്ന നാമം പ്രതീകാത്മകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത് എന്നു



സൂചിപ്പിക്കുന്നു.

**17,6** മതപീഡനത്തിന്റെ ഭീകരമായ ചിത്രമാണ് ഈ വാക്യം വരച്ചുകാട്ടുന്നത്. രക്തം കുടിച്ച് ഉന്മത്തയായിരിക്കുന്നത് ക്രിസ്ത്യാനികൾക്കെതിരേ നടത്തിയ മതമർദ്ദനങ്ങളിൽ റോമാക്കാർ കണ്ടെത്തിയിരുന്ന പൈശാചിക സന്തോഷത്തെ ചിത്രീകരിക്കുന്നു. ക്രിസ്ത്യാനികളെ മൃഗീയമായി പീഡിപ്പിച്ചും വധിച്ചും രസിക്കാനുള്ള ഒരു ക്രൂരവിനോദമായിത്തീർന്നു മതപീഡനം. ലോകജനതകൾ വിസ്മയപൂർവ്വം വീക്ഷിക്കുകയും ബഹുമാനാദരവുകളോടെ അനുസരിക്കുകയും അത്യുത്സാഹത്തോടെ അനുകരിക്കുകയും ചെയ്യുന്ന സാമ്രാജ്യശക്തിയുടെ യഥാർത്ഥചിത്രം ഇവിടെ അനാവരണം ചെയ്തു കഴിഞ്ഞു. ഈ ചിത്രത്തിലെ ചില വിശദാംശങ്ങളുടെ വ്യാഖ്യാനമാണ് അടുത്ത വാക്യങ്ങളിൽ നല്കുന്നത്.

## 2. ദൂതൻ നല്കുന്ന വ്യാഖ്യാനം 17,7-18

7. അപ്പോൾ ദൂതൻഎന്നോടുപറഞ്ഞു:നീഎന്തുകൊണ്ടുവിസ്മയിക്കുന്നു? ആ സ്ത്രീ
യുടെയും അവളെ വഹിക്കുന്ന ഏഴുതലയും പത്തുകൊമ്പുമുള്ള മൃഗത്തിന്റെയും
8. രഹസ്യം ഞാൻ നിന്നോടു പറയാം. നീ കണ്ട മൃഗം ഉണ്ടായിരുന്നു; എന്നാൽ
ഇപ്പോൾ ഇല്ല. പാതാളത്തിൽ നിന്നു കയറി വരാനിരിക്കുന്ന അത് നാശത്തി
ലേക്കു പോകുന്നു. ലോകസ്ഥാപനം മുതൽ ജീവന്റെ പുസ്തകത്തിൽ പേരെ
ഴുതപ്പെട്ടിട്ടില്ലാത്ത ഭൂവാസികൾ, ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും
9. വരാനിരിക്കുന്നതുമായ ആ മൃഗത്തെ നോക്കി വിസ്മയിക്കും. ഇവിടെയാണു
ജ്ഞാനമുള്ള മനസ്സിന്റെ ആവശ്യം. ഏഴുതലകൾ ആ സ്ത്രീ ഉപവിഷ്ടയായി
10. രിക്കുന്ന ഏഴുമലകളാണ്. അവ ഏഴു രാജാക്കന്മാരുമാണ്. അഞ്ചുപേർ വീണു
പോയി. ഒരാൾ ഇപ്പോഴുണ്ട്. മറ്റൊരാൾ ഇനിയും വന്നിട്ടില്ല. അവൻ വരുമ്പോൾ
11. ചുരുങ്ങിയ കാലത്തേക്കേ ഇവിടെ വസിക്കുകയുള്ളു. ഉണ്ടായിരുന്നതും
ഇപ്പോൾ ഇല്ലാത്തതുമായ മൃഗം എട്ടാമത്തേതും ഏഴിൽപ്പെട്ടതുമാണ്. അതു നാശ
12. ത്തിലേക്കു പോകുന്നു. നീ കണ്ട പത്തുകൊമ്പുകൾ പത്തുരാജാക്കന്മാരാണ്.
അവർ ഇനിയും രാജത്വം സ്വീകരിച്ചിട്ടില്ല. എന്നാൽ ഒരു മണിക്കൂർ നേരത്തേക്ക്
അവർ മൃഗത്തോടൊത്ത് രാജാക്കന്മാരെപ്പോലെ അധികാരം സ്വീകരിക്കും.
13. അവർക്ക് ഒരേ മനസ്സാണുള്ളത്. തങ്ങളുടെ ശക്തിയും അധികാരവും അവർ
മൃഗത്തിന് ഏല്പിച്ചുകൊടുക്കുന്നു. ഇവർ കുഞ്ഞാടിനോടു യുദ്ധം ചെയ്യും.
14. കുഞ്ഞാട് അവരെ കീഴ്പ്പെടുത്തും. എന്തെന്നാൽ അവൻ നാഥൻമാരുടെ
നാഥനും രാജാക്കന്മാരുടെ രാജാവുമാണ്. അവനോടുകൂടെയുള്ളവർ വിളി
ക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമാണ്. പിന്നെ അവൻ
15. എന്നോടു പറഞ്ഞു: വേശ്യ ഇരിക്കുന്നതായി നീ കാണുന്ന ജലപ്പരപ്പ് ജനതക
ളും ജനസമൂഹങ്ങളും രാജ്യങ്ങളും ഭാഷകളുമാണ്. നീ കാണുന്ന പത്തുകൊ
16. മ്പുകളും മൃഗവും ആ വേശ്യയെ വെറുക്കും. അവളെ പരിത്യക്തയും നഗ്ന
യുമാക്കും. അവളുടെ മാംസം ഭക്ഷിക്കുകയും അവളെ അഗ്നിയിൽ ദഹിപ്പി
17. ക്കുയും ചെയ്യും. എന്തെന്നാൽ ദൈവത്തിന്റെ വചനം പൂർത്തിയാകുവോളം

അവിടുത്തെ ഉദ്ദേശ്യം നടപ്പാക്കുന്നതിനും ഏകമനസ്സോടെ പ്രവർത്തിക്കുന്ന
തിനും മൃഗത്തിനു തങ്ങളുടെ രാജത്വം നല്കുന്നതിനും ദൈവം അവരുടെ
18. ഹൃദയത്തിൽ തോന്നിച്ചു. നീ കാണുന്ന ആ സ്ത്രീ ഭൂമിയിലെ രാജാക്കന്മാരു
ടെമേൽ രാജത്വമുള്ള മഹാനഗരമാണ്.

**17,7** സ്ത്രീയുടെയും മൃഗത്തിന്റെയും രഹസ്യം ഒന്നു തന്നെയാണ്. എന്നാൽ ദൂതൻ നല്കുന്ന വ്യാഖ്യാനങ്ങൾ രഹസ്യത്തെ കൂടുതൽ നിഗൂഢമാക്കുന്നതേയുള്ളു. ഗ്രന്ഥകാരൻ വിശദീകരണങ്ങൾ മനഃപൂർവ്വം അവ്യക്തമാക്കിയിരിക്കുന്നു എന്ന പ്രതീതിയാണ് വായനക്കാർക്കു ലഭിക്കുക. ഇവയ്ക്കെല്ലാം തികച്ചും തൃപ്തികരമായ ഉത്തരം ഇനിയും ലഭ്യമല്ല. പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന വ്യാഖ്യാനമാണ് ഇവിടെ നല്കാൻ ശ്രമിക്കുന്നത്.

**17,8** ആത്മഹത്യ ചെയ്ത നീറോ മരിച്ചിട്ടില്ലെന്നും കിഴക്കുനിന്നു സൈന്യവുമായി വീണ്ടും വരുമെന്നും റോമിൽ പ്രചാരത്തിലിരുന്ന വിശ്വാസത്തിന്റെ പശ്ചാത്തലത്തിലാവണം ഈ വാക്യം രൂപപ്പെടുത്തിയത്. *“ഉണ്ടായിരുന്നു; ഇപ്പോൾ ഇല്ല, പാതാളത്തിൽ നിന്നുവന്ന് നാശത്തിലേക്കു പോകും”* എന്ന മൃഗത്തെക്കുറിച്ചുള്ള വിശദീകരണം “ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനും” (വെളി 1,4) ആയ ദൈവത്തിന്റെയും വധിക്കപ്പെട്ടിട്ടും ഉയിർത്തെഴുന്നേല്ക്കുകയും എന്നേക്കും ജീവിക്കുകയും ചെയ്യുന്ന കുഞ്ഞാടിന്റെയും ചിത്രങ്ങളുടെ വികലവും വൈരുദ്ധ്യാത്മകവുമായ അനുകരണമാണ്. സാമ്രാജ്യങ്ങൾ വന്നുപോകുന്നു. ദൈവം മാത്രം നിത്യം നിലനില്ക്കുന്നു. എത്രതവണ തകർന്നുവീണാലും വീണ്ടും പുതിയ രൂപത്തിലും ഭാവത്തിലും ഉയിർത്തെഴുന്നേല്ക്കുന്ന തിന്മയുടെ ശക്തിയാണ് പാതാളത്തിൽനിന്നു വന്ന് നാശത്തിലേക്കു പോകുന്ന മൃഗം. ലൗകികസാമ്രാജ്യങ്ങളെല്ലാം ഈ ശക്തിയുടെ പ്രത്യക്ഷീകരണങ്ങളാണ്. മനുഷ്യരിൽ വിസ്മയം ജനിപ്പിച്ച അസീറിയായും ബാബിലോണും പേർഷ്യയും ഗ്രീസും റോമായും ഒരേ ശക്തിയുടെ വിവിധ പകർപ്പുകൾ മാത്രം. അവയുടെയെല്ലാം വിധി ഒന്നുതന്നെ - നാശം. അവയെ വിസ്മയത്തോടെ വീക്ഷിക്കുകയും ആരാധിക്കുകയും ചെയ്യുന്നവർ ആരും ദൈവത്തിനുള്ളവരല്ല. വൻസാമ്രാജ്യങ്ങൾ ലോക ജനതകളുടെമേൽ ചെലുത്തുന്ന സ്വാധീനത്തിന് ക്രിസ്തുവിശ്വാസികൾ വഴിപ്പെടരുത് എന്ന വ്യംഗ്യമായൊരു താക്കീതും ഇവിടെ കാണാം.

**17,9** മൃഗത്തെക്കുറിച്ചുള്ള വിശദീകരണം എളുപ്പം മനസ്സിലാക്കാവുന്നതല്ലെന്നും അതിനാൽ ആരും പെട്ടെന്ന് ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കരുതെന്നും അനുവാചകരെ പ്രത്യേകം അനുസ്മരിപ്പിക്കുന്നതിനുവേണ്ടി *“ഇവിടെയാണ് ജ്ഞാനമുള്ള മനസ്സിന്റെ ആവശ്യം”* എന്ന മുന്നറിയിപ്പു നല്കുന്നു. ഇപ്രകാരം ഒരു മുന്നറിയിപ്പ് മൃഗത്തിന്റെ സംഖ്യയെക്കുറിച്ചും (13,18) നല്കുകയുണ്ടായി. മൃഗത്തിന്റെ *ഏഴു തലകൾക്ക്* രണ്ടു വ്യാഖ്യാനങ്ങൾ നല്കിയിരിക്കുന്നു. ഏഴു തലകൾ റോമാപട്ടണം സ്ഥിതി ചെയ്തിരുന്ന ഏഴു മലകളെ സൂചിപ്പിക്കുന്നു എന്നും അതിനാൽ മൃഗം റോമിന്റെ പ്രതീകമാണെന്നും കരുതാം. എന്നാൽ ഏഴു രാജാക്കന്മാർ ആരെന്ന കാര്യത്തിൽ വ്യക്തതയില്ല.



**17,10-11** ഏഴു രാജാക്കന്മാർക്കു നല്കുന്ന വിശദീകരണം കാര്യങ്ങൾ കൂടുതൽ അവ്യക്തമാക്കുന്നു. റോമിനെ ഭരിച്ച ഏഴു ചക്രവർത്തിമാരാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നതെങ്കിൽ, ഈ വാക്യങ്ങളിലെ രണ്ടു സൂചനകൾ ഒരു നിഗമനത്തിനു സഹായിക്കുന്നു. *“ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതുമായ മൃഗം എട്ടാമത്തേതും ഏഴിൽപ്പെട്ടതുമാണ്”* എന്ന പരാമർശം നീറോയെ കുറിച്ചായിരിക്കണം. മരിച്ച നീറോ മടങ്ങിവരുമെന്ന ഐതിഹ്യത്തിന്റെ വെളിച്ചത്തിൽ ഈ വിശദീകരണത്തെ മനസ്സിലാക്കാനാവും. *“ഇനിയും വരാനിരിക്കുന്നവൻ ചുരുങ്ങിയ കാലത്തേക്കേ ഇവിടെ വസിക്കുകയുള്ളു”* എന്നു പറയുന്നത് രണ്ടുവർഷം മാത്രം ഭരിച്ച ടൈറ്റസിനെക്കുറിച്ചായിരിക്കണം. ഈ നിഗമനങ്ങൾ ശരിയാണെങ്കിൽ ഇവിടെ പരാമർശിക്കുന്ന രാജാക്കന്മാർ അഗസ്റ്റസ്, ടൈബീരിയസ്, കലിഗുള, ക്ലോഡിയസ്, നീറോ വെസ്പസിയാൻ, ടൈറസ്, ഡൊമീഷ്യൻ എന്നീ എട്ടുപേരാണ്. പക്ഷേ ഈ വ്യാഖ്യാനത്തിന് രണ്ടു പ്രശ്നങ്ങളുണ്ട്.

വെളിപാടുപുസ്തകം എഴുതപ്പെട്ടത് ഡൊമീഷ്യന്റെ കാലത്താണ് എന്നതിൽ സംശയത്തിനിടയില്ല. എന്നാൽ മുകളിൽ അവതരിപ്പിച്ച വ്യാഖ്യാനപ്രകാരം പുസ്തകം എഴുതിയത് വെസ്പസിയാന്റെ കാലത്തായിരിക്കണം. ആനുകാലികസംഭവങ്ങളെ മുൻകൂട്ടി അറിയിച്ച പ്രവചനങ്ങളുടെ രൂപത്തിൽ അവതരിപ്പിക്കുന്ന അപ്പോകലിപ്റ്റിക് ശൈലിയുടെ ഭാഗമായി ഈ കാലപ്പിശകിനെ കണക്കാക്കാം. ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതുമായ മൃഗം എട്ടാമത്തേതാണെന്നു പറയുമ്പോൾ ഡൊമീഷ്യൻ ചക്രവർത്തി നീറോയുടെ പുനരവതാരമാണെന്ന സൂചനയാണു ലഭിക്കുക. സാമ്രാജ്യത്തിൽ പ്രചാരത്തിലിരുന്ന ഐതിഹ്യവും ഡൊമീഷ്യനിൽ പ്രകടമായ നീറോയെ വെല്ലുന്ന ക്രൂരതയും ഈ വ്യാഖ്യാനത്തിനു താങ്ങായി നില്ക്കുന്നു.

ജറുസലെം ദേവാലയത്തിൽ സ്വന്തം വിഗ്രഹം പ്രതിഷ്ഠിക്കാൻ ശ്രമിച്ച കലിഗുള മുതലുള്ള ഏഴു ചക്രവർത്തിമാരാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത് എന്നു മറ്റു ചിലർ കരുതുന്നു. അപ്പോൾ ഏഴും എട്ടും രാജാക്കന്മാർ ഇനിയും വരാനിരിക്കുന്നതായി കരുതണം. സാമ്രാജ്യത്തിന്റെ അന്ത്യം അടുത്തു എന്ന സൂചനയായിരിക്കും ഇതു നല്കുക.

രാജാക്കന്മാർ ആരൊക്കെയെന്നു കൃത്യമായി തിട്ടപ്പെടുത്താൻ ശ്രമിക്കാതിരിക്കയാവും വി.ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കാൻ സഹായിക്കുന്നത്. ഏഴ് പൂർണ്ണസംഖ്യായാകയാൽ ഏഴു രാജാക്കന്മാർ എന്നത് കൃത്യം ഏഴുപേർ ആയിരിക്കണമെന്നില്ല. റോമാസാമ്രാജ്യത്തെ ഭരിച്ച രാജാക്കന്മാർ മൊത്തമായിരിക്കും ഇവിടെ വിവക്ഷിക്കപ്പെടുക. *“അഞ്ചു പേർ വീണുപോയി. ഒരാൾ ഇപ്പോഴുണ്ട്. ഇനിയും വരാനിരിക്കുന്നയാൾ ചുരുങ്ങിയ കാലത്തേക്കു മാത്രമേ ഇവിടെ വസിക്കുകയുള്ളു”* എന്ന വിശദീകരണം സാമ്രാജ്യത്തിന്റെ അസ്ഥിരതയും അല്പായുസ്സും സൂചിപ്പിക്കുന്നതാവാം. 8-ാം വാക്യത്തിൽ അവതരിപ്പിച്ച ആശയം കൂടുതൽ നിഗൂഢമായ മറ്റൊരു പ്രതീകത്തിലൂടെ ആവർത്തിക്കുന്നതായി ഇതിനെ കരുതാം.

**17,11–14** *പത്തുകൊമ്പുകളെ* കുറിച്ചുള്ള പരാമർശത്തിൽ ദാനി 7,7.27ന്റെ സ്വാധീനം ദൃശ്യമാണ്. ഏഴുതലകളുടെ വ്യാഖ്യാനത്തിലെന്നപോലെ ഇവിടെയും അവ്യക്തത നിലനില്ക്കുന്നു. പത്ത് പൂർണ്ണസംഖ്യയായതിനാൽ ഒരു പ്രതീകമായേ കരുതാനാവൂ. മൃഗത്തോടൊത്ത് ഒരു മണിക്കൂർ നേരത്തേക്ക് രാജാധികാരം സ്വീകരിക്കുകയും ഏകമനസ്സോടെ മൃഗത്തോടു ചേർന്ന് കുഞ്ഞാടിനെതിരേ യുദ്ധത്തിനു പുറപ്പെടുകയും ചെയ്യുന്ന ഇവർ റോമാസാമ്രാജ്യത്തിന്റെ പ്രവിശ്യകളിലെ ഭരണാധിപന്മാർ ആയിരിക്കണം. ഈ ഗവർണർമാരുടെ  ഭരണകാലം ഒരു വർഷം മാത്രമായിരുന്നതിനാൽ ചുരുങ്ങിയ സമയത്തെ സൂചിപ്പിക്കുന്ന ഒരു മണിക്കൂർ എന്നു പറയുന്നതാവാം. റോമിന്റെ സാമന്തരും സഖ്യകക്ഷികളുമായ രാജാക്കന്മാരാണ് ഇവർ എന്ന വ്യഖ്യാനത്തിനും തുല്യ സാധ്യതയുണ്ട്. സാമ്രാജ്യത്തിൽ ഉടനീളം നിലനിന്ന ദൈവവിരുദ്ധ സംസ്കാരത്തെയും ക്രിസ്ത്യാനികൾക്കെതിരായ പീഡനങ്ങളെയും സൂചിപ്പിക്കുന്നതാവാം കുഞ്ഞാടിനെതിരേയുള്ള യുദ്ധം. കുഞ്ഞാടിനു നല്കിയിരിക്കുന്ന വിശേഷണം പഴയനിയമത്തിൽ യാഹ്വേയ്ക്കു നല്കുന്നതാണ് (നിയ 10,17). കുഞ്ഞാടിന്റെ അനുയായികൾക്കു നല്കുന്ന വിശേഷണങ്ങൾ സഭ എന്ന പേരിന്റെ തന്നെ വിശദീകരണം ഉൾക്കൊള്ളുന്നു. സഭ എന്നു വിവർത്തനം ചെയ്യുന്ന *എക്ളേസിയാ (Ecclesia)* എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം വിളിക്കപ്പെട്ടവരുടെ സമൂഹം എന്നാണ്. അവർ കുഞ്ഞാടിനോട് എന്നും വിശ്വസ്തരായിരിക്കും.

**17,15–18** അത്ലാന്റിക് സമുദ്രം മുതൽ യൂഫ്രട്ടീസ് നദിവരെയും ബ്രിട്ടാനിയാ മുതൽ എത്യോപ്യാ വരെയും വ്യാപിച്ചുകിടന്ന, ലോകം അന്നുവരെ കണ്ടതിൽ ഏറ്റം വിശാലമായ റോമാസാമ്രാജ്യത്തിന്റെ വിസ്തൃതിയെയും അധികാരത്തെയും വ്യക്തമാക്കുന്നതാണ് 15-ാം വാക്യം. തലസ്ഥാന നഗരിയായ റോമിനെ 18-ാം വാക്യം മഹാവേശ്യയായി ചൂണ്ടിക്കാട്ടുന്നു. അക്രമത്തിൽ അടിയുറച്ച സാമ്രാജ്യം ആഭ്യന്തരകലാപത്തിലൂടെ തകരുന്നതിന്റെ



വ്യക്തമായൊരു ചിത്രീകരണമാണ് 16-ാം വാക്യം നല്കുന്നത്. രണ്ടു സഹോദരിമാരുടെ പ്രതീകത്തിലൂടെ ഇസ്രായേലിനെതിരേ എസെക്കിയേൽ പ്രവാചകൻ നടത്തിയ നിശിതമായ വിമർശനങ്ങളുടെയും ഭീകരമായ ശിക്ഷയുടെ മുന്നറിയിപ്പിന്റെയും (എസെ 23) സ്വാധീനം ഇതിൽ ദൃശ്യമാണ്. മാംസം ഭക്ഷിക്കുന്നത് ജെസബെൽ രാജ്ഞിയുടെ അന്ത്യത്തെ (2 രാജാ 9,30–37) അനുസ്മരിപ്പിക്കുന്നു. മൃഗത്തെയും രാജാക്കന്മാരെയും വേശ്യയ്ക്കെതിരേ തിരിക്കുന്നതു ദൈവമാണ് എന്നു ദൂതൻ വിശദീകരിക്കുന്നു. ലോകരാഷ്ട്രങ്ങളും സാമ്രാജ്യശക്തികളും അന്തിമമായി ദൈവത്തിന്റെ അധികാരത്തിൻ കീഴിലാണ്. അവരും  ദൈവത്തിന്റെ കല്പനകളാണ് അനുസരിക്കുന്നത്. ലോകചരിത്രത്തിനു പ്രവാചകന്മാർ നല്കുന്ന വ്യാഖ്യാനം ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. റോമിന്റെ പാപങ്ങൾക്ക് ആനുപാതികമായ ശിക്ഷയാണ് ഇവിടെ പ്രഖ്യാപിക്കപ്പെടുന്നത്. മഹാവേശ്യ നഗ്നയാക്കപ്പെടും; രക്തം കുടിച്ച് ഉന്മത്തയായവളുടെ മാംസം ഭക്ഷിക്കും; ക്രിസ്ത്യാനികളെ ചുട്ടുകരിച്ച നഗരം അഗ്നിക്കിരയാകും. ഭീകരമായ ഈ ശിക്ഷയുടെ വിശദമായ ചിത്രീകരണം തുടർന്നു നല്കുന്നു.

## 3. ബാബിലോണിന്റെ പതനം 18,1–8

1. ഇതിനുശേഷം സ്വർഗ്ഗത്തിൽനിന്നു വേറൊരു ദൂതൻ ഇറങ്ങിവരുന്നതു ഞാൻ
കണ്ടു. അവനു വലിയ അധികാരം ഉണ്ടായിരുന്നു. അവന്റെ തേജസ്സുകൊണ്ട്
2. ഭൂമി പ്രകാശിച്ചു. അവൻ ശക്തമായ സ്വരത്തിൽ വിളിച്ചുപറഞ്ഞു:  വീണു!
മഹാ ബാബിലോൺ വീണു!  അവൾ പിശാചുക്കളുടെ വാസസ്ഥലവും, എല്ലാ
അശുദ്ധാത്മാക്കളുടെയും സങ്കേതവും, അശുദ്ധവും ബീഭൽസവുമായ സകല
3. പക്ഷികളുടെയും താവളവുമായി. എന്തെന്നാൽ, സകല ജനതകളും അവ
ളുടെ ഭോഗാസക്തിയുടെ മാദകമായ വീഞ്ഞു പാനം ചെയ്തു. ഭൂമിയിലെ രാജാ
ക്കന്മാർ അവളുമായി വ്യഭിചാരം ചെയ്തു. അവളുടെ സുഖഭോഗവസ്തുക്കൾ
4. വഴി വ്യാപാരികൾ ധനികരായി. സ്വർഗ്ഗത്തിൽനിന്ന് ഇങ്ങനെ പറയുന്ന വേറൊ
രു സ്വരം ഞാൻ കേട്ടു: എന്റെ ജനമേ, അവളിൽനിന്ന് ഓടിയകലുവിൻ. അല്ലെ
ങ്കിൽഅവളുടെപാപങ്ങളിൽ നിങ്ങളും പങ്കാളികളാകും.  അവളുടെമേൽപ
5. തിച്ച മഹാമാരികൾ നിങ്ങളെയും പിടികൂടും. എന്തെന്നാൽ അവളുടെ പാപ
ങ്ങൾ ആകാശത്തോളം  കൂമ്പാരം കൂടിയിരിക്കുന്നു. ദൈവം അവളുടെ അതി
6. ക്രമങ്ങൾ ഓർമ്മിക്കുകയുംചെയ്തിരിക്കുന്നു.അവൾ കൊടുത്തതു പോലെ തന്നെ
അവൾക്കും തിരികെ കൊടുക്കുവിൻ. അവളുടെ പ്രവൃത്തികൾക്ക് ഇരട്ടി പ്രതി
ഫലം നല്കുവിൻ. അവൾ കലർത്തിത്തന്ന പാനപാത്രത്തിൽ അവൾക്ക് ഇരട്ടി
7. കലർത്തിക്കൊടുക്കുവിൻ. അവൾ തന്നെത്തന്നെ എത്രത്തോളം മഹത്വപ്പെടു
ത്തുകയും സുഖഭോഗങ്ങൾ അനുഭവിക്കുകയും ചെയ്തുവോ അത്രത്തോളം
പീഡനവും വിലാപവും അവൾക്കു നല്കുവിൻ. എന്തെന്നാൽ അവൾ ഹൃദ
യത്തിൽ പറയുന്നു: ഞാൻ രാജ്ഞിയായി വാഴുന്നു, ഞാൻ വിധവയല്ല. എനി
8. ക്കൊരിക്കലും വിലപിക്കേണ്ടി വരുകയില്ല. തൻമൂലം ഒറ്റദിവസംകൊണ്ട് അവ

ളുടെമേൽ മഹാമാരികൾ വരും – മരണവും വിലാപവും ക്ഷാമവും. അഗ്നി യിൽ അവൾ ദഹിപ്പിക്കപ്പെടും. എന്തെന്നാൽ, അവളെ വിധിക്കുന്ന ദൈവ മായ കർത്താവു ശക്തനാണ്.

**18,1-3** മഹാ നഗരത്തിന്റെമേൽ ദൈവത്തിന്റെ അന്തിമവിധി പ്രസ്താവിക്കാനാണ് ദൂതൻ ഇറങ്ങിവരുന്നത്. ദൈവത്തിന്റെ മഹത്വം അവനിൽ പ്രകാശിക്കുന്നു. ദൈവിക സന്നിധിയിൽനിന്ന് പ്രമാണപ്പലകകളുമായി ഇറങ്ങി വന്ന മോശയുടെ മുഖം പ്രകാശിച്ചതിനെ (പുറ 34,29-35) ദൂതന്റെ തേജസ് അനുസ്മരിപ്പിക്കുന്നു. അതിലും ഉപരി, ദൈവത്തിന്റെ തേജസ്സുകൊണ്ട് ഭൂമി പ്രകാശിക്കുന്നതായിക്കണ്ട എസെക്കിയേലിന്റെ ദർശനത്തോട് (എസെ 43,2) ഇതിനു സാമ്യമുണ്ട്, മഹാനഗരത്തിന്റെ പതനവും അതിന്റെ കാരണവും 14,8-ൽ മുൻകൂട്ടി അറിയിച്ചതാണ്. ദൈവം മാറ്റമില്ലാത്ത വിധത്തിൽ ശിക്ഷാവിധി പ്രസ്താവിച്ചുകഴിഞ്ഞു എന്ന ഉറച്ച ബോധ്യമാണ് ചരിത്രത്തിൽ ഇനിയും യാഥാർത്ഥ്യമാകാത്ത കാര്യങ്ങൾ സംഭവിച്ചുകഴിഞ്ഞതായി ചിത്രീകരിക്കാൻ പ്രവാചകനെ പ്രേരിപ്പിക്കുന്നത്. സമൂലം നശിപ്പിക്കപ്പെട്ട്, തീർത്തും വിജനമായിത്തീർന്ന പട്ടണത്തിന്റെ ചിത്രമാണ് ഇവിടെ വിവരിക്കുന്നത്. പിശാചുക്കളും അശുദ്ധാത്മാക്കളും ബീഭത്സജന്തുക്കളും എല്ലാം നാശത്തിന്റെ ഭീകരത വർദ്ധിപ്പിക്കുന്ന പ്രതീകങ്ങളത്രെ. മഹാനഗരങ്ങളുടെയും സാമ്രാജ്യങ്ങളുടെയും നാശത്തെക്കുറിച്ചുള്ള അനേകം പ്രവചനങ്ങളുടെ സ്വാധീനം ഈ വിവരണത്തിൽ കാണാം (ഏശ 13,22; 34,11-15; ജറെ 9,10; 50,39; 51,8; എസെ 27,12-19; നാഹും 3,3-4). സുഖഭോഗവസ്തുക്കളുടെ വ്യാപാരത്തിലൂടെ ധനികരായവരെക്കുറിച്ചുള്ള പരാമർശം തുടർന്നു വിവരിക്കാൻ പോകുന്ന വ്യാപാരികളുടെ വിലാപത്തിനു വേദിയൊരുക്കുന്നു (വെളി 18,11-16).

**18,4-5** നാശത്തിനായി ഉഴിഞ്ഞുട്ടിരിക്കുന്ന നഗരത്തിൽ നിന്ന് ഓടിയകലാനുള്ള ആഹ്വാനത്തിലും അനേകം പ്രവാചകവചനങ്ങളുടെ ധ്വനി കേൾക്കാം (ഏശ 52,11; ജറെ 51,45). നാടും വീടും വിട്ട് പുതിയൊരു ദേശത്തേക്കുപോകാൻ അബ്രാഹത്തോടു ദൈവം ആവശ്യപ്പെട്ടപ്പോൾ തുടങ്ങിയതാണ് (ഉൽപ 12,1) ഈ ആഹ്വാനം. ജറുസലെമിൽ നിന്ന് ഓടിയകലാൻ യേശുനാഥൻ നല്കിയ മുന്നറിയിപ്പിന്റെ സ്മരണകളും (ലൂക്കാ 21,20-24) ഈ വാക്യം ഉണർത്തുന്നു. എന്നാൽ അക്ഷരാർത്ഥത്തിൽ റോമാ നഗരം വിട്ടു പലായനം ചെയ്യാനല്ല, ആ നഗരം പ്രതിനിധാനം ചെയ്യുന്നതും പ്രചരിപ്പിക്കുന്നതുമായ ജീവിതശൈലിയിലും ആചാരാനുഷ്ഠാനങ്ങളിലും പങ്കുചേരാതിരിക്കാനാണ് ഇവിടെ നിർദ്ദേശം നല്കുന്നത് (യോഹ 17,15; 1 കറി 5,10; 2 കോറി 6,14). സഭകൾക്കുള്ള ഏഴു ലേഖനങ്ങളിൽ ഈ വിഷയം വിശദമായി പ്രതിപാദിച്ചതാണ്. പേഗൻ ജീവിതശൈലിയോട് അനുരൂപപ്പെടാനുള്ള



പ്രലോഭനത്തിനെതിരേ വിശ്വാസികൾക്കു നല്കുന്ന ശക്തമായ താക്കീതാണിത്. ആകാശത്തോളം കൂമ്പാരം കൂടിയ പാപത്തിന്റെ ചിത്രം ബാബിലോണിനെക്കുറിച്ചുള്ള ജറെമിയായുടെ വിവരണത്തെ (ജറെ 51,9) അനുസ്മരിപ്പിക്കുന്നു. ശിക്ഷാവിധിക്കായി ദൈവം ബാബിലോണിനെ അനുസ്മരിക്കുന്നത് 16,19-ൽ കണ്ടതാണ്.

**18,6-8** മഹാനഗരത്തെ അവളുടെ അകൃത്യങ്ങളുടെപേരിൽ ശിക്ഷിക്കാൻ സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങുന്നസ്വരം വിശ്വാസികളോടല്ല, ശിക്ഷാവിധി നടപ്പാക്കാൻ കടപ്പെട്ടവരോടാണ് ഇവിടെ സംസാരിക്കുന്നത്. നീതിയുടെ സംരക്ഷണവും പുനഃസ്ഥാപനവും ലക്ഷ്യമാക്കിയുള്ള ശിക്ഷാവിധിയുടെ ചിത്രീകരണമാണ്, മാനുഷികമായ പകപോക്കലല്ല, ഇവിടെ അവതരിപ്പിക്കുന്നത്. അയല്ക്കാരനു നഷ്ടം വരുത്തുന്നവർ ഇരട്ടി മടക്കിക്കൊടുക്കണം എന്ന കല്പന പഴയനിയമത്തിലുണ്ട് (പുറ 22,4-9). കൊടുക്കുന്നതനുസരിച്ചുകിട്ടും എന്ന് യേശുവും അനുസ്മരിപ്പിച്ചിട്ടുണ്ട് (മത്താ 7,2). ഇരട്ടിയെക്കുറിച്ചുള്ള പ്രവാചക പ്രഖ്യാപനങ്ങളുടെ സ്വാധീനം (ജറെ 16,18; ഏശ 40,2) ഈ വാക്യങ്ങളിൽ ദൃശ്യമാണ്.

സ്വാർത്ഥലാഭവും സുഖഭോഗാസക്തിയും അതിനുവേണ്ടി നടത്തിയ ചൂഷണവും അക്രമങ്ങളുമാണ് ഇവിടെ ശിക്ഷിക്കപ്പെടുന്നത്. എന്നാൽ എല്ലാറ്റിലും ഉപരി മഹാനഗരത്തിന്റെ പാപം അവളുടെ അഹങ്കാരമാണ്. ദൈവത്തെ മറക്കുക മാത്രമല്ല, നിഷേധിക്കുകയും സ്വയം ദൈവമായി പ്രഖ്യാപിക്കുകയും ചെയ്യുന്ന, തനിക്കു താൻ പോരിമയാണ് ദൈവകോപവും നിത്യനാശവും വിളിച്ചു വരുത്തുന്ന ഏറ്റം വലിയ പാപം. ഈ അഹംഭാവം വളരെ പെട്ടെന്ന് അസ്തമിക്കും എന്ന് ഒറ്റദിവസം എന്ന സമയപരിധി സൂചിപ്പിക്കുന്നു. വെളിപാടുപുസ്തകത്തിൽ ചിത്രീകരിച്ച സകല മഹാമാരികളും ഒരുമിച്ച് അവളുടെമേൽ പതിക്കും. *ഒറ്റദിവസം* എന്നത് വീണ്ടും *ഒരു മണിക്കൂർ* എന്ന് മൂന്നുതവണ ആവർത്തിച്ചു പറയുന്നുണ്ട് (18,10.16.19). ദൈവത്തിന്റെ ശിക്ഷ അപ്രതീക്ഷിതമായി, പെട്ടെന്നായിരിക്കും വരുക. ഏതുവലിയ സാമ്രാജ്യത്തെയും ശിക്ഷിക്കാൻ കരുത്തുള്ളവനാണ് ദൈവം എന്ന് ഒരിക്കൽകൂടി അനുസ്മരിപ്പിക്കുന്നു.

## 4. ബാബിലോണിനെക്കുറിച്ചു വിലാപം 18,9-20

9. അവളോടൊത്തു വ്യഭിചാരം ചെയ്യുകയും ഭോഗജീവിതം നയിക്കുകയും ചെയ്ത ഭൂമിയിലെ രാജാക്കന്മാർ അവൾ കത്തിയെരിയുന്ന പുക കാണുമ്പോ
10. ൾ അവളെക്കുറിച്ചു കരയുകയും അലമുറയിടുകയും ചെയ്യും. അവളുടെ പീഡകളെക്കുറിച്ചുള്ള ഭയം നിമിത്തം അകലെ നിന്നുകൊണ്ട് അവർ പറയും: കഷ്ടം, കഷ്ടം, മഹാനഗരമേ! സുശക്തനഗരമായ ബാബിലോണേ! ഒരു മണി
11. ക്കൂർനേരം കൊണ്ടു നിന്റെ വിധി വന്നുകഴിഞ്ഞല്ലോ! ഭൂമിയിലെ വ്യാപാരികൾ

അവളെക്കുറിച്ചു കരയുകയും വിലപിക്കുകയും ചെയ്യുന്നു. എന്തെന്നാൽ,
12. അവരുടെ കച്ചവടസാധനങ്ങൾ ആരും വാങ്ങുന്നില്ല. കച്ചവടസാധനങ്ങൾ
ഇവയാണ്: സ്വർണ്ണം, വെള്ളി, രത്നങ്ങൾ, മുത്തുകൾ, മൃദുലവസ്ത്രം, ധൂമ്ര
വസ്ത്രം, പട്ട്, രക്താംബരം, സുഗന്ധമുള്ള പലതരം തടികൾ, ദന്തനിർമ്മിത
13. മായ വസ്തുക്കൾ, വിലയേറിയ തടി, പിച്ചള, ഇരുമ്പ്, വെണ്ണക്കല്ല്, എന്നിവ
യിൽ തീർത്ത പലതരം വസ്തുക്കൾ, കറുവാപ്പട്ട, സുഗന്ധവ്യഞ്ജനങ്ങൾ, സുഗ
ന്ധദ്രവ്യങ്ങൾ, മീറാ, കുന്തുരുക്കം, വീഞ്ഞ്, എണ്ണ, നേരിയമാവ്, ഗോതമ്പ്,
കന്നുകാലികൾ, ആടുകൾ, കുതിരകൾ, രഥങ്ങൾ, അടിമകൾ, അടിമകളല്ലാത്ത
14. മനുഷ്യർ. നിന്റെ ആത്മാവു കൊതിച്ച കനി നിന്നിൽ നിന്ന് അകന്നുപോയി.
ആഡംബരവും ശോഭയുമെല്ലാം നിനക്കു നഷ്ടപ്പെട്ടു. അവയൊന്നും ഇനി
15. ഒരിക്കലും നീ കാണുകയില്ല. അവൾ നിമിത്തം ധനികരായിത്തീർന്ന ഈ
വ്യാപാരികൾ അവളുടെ പീഡകളെക്കുറിച്ചുള്ള ഭയത്താൽ അകലെനിന്ന്
16. ഇങ്ങനെ പറഞ്ഞുകൊണ്ട് കരയുകയും വിലപിക്കുകയും ചെയ്യും: മൃദുല
വസ്ത്രവും ധൂമവസ്ത്രവും രക്താംബരവും ധരിച്ചതും, സ്വർണ്ണവും രത്നങ്ങ
ളും മുത്തുംകൊണ്ട് അലങ്കരിക്കപ്പെട്ടതുമായ മഹാനഗരമേ കഷ്ടം! കഷ്ടം!
17. എന്തെന്നാൽ, ഒറ്റമണിക്കൂർ കൊണ്ട് നിന്റെ ഈ ധനമത്രയും ശൂന്യമാക്കപ്പെ
ട്ടു. സകല കപ്പിത്താൻമാരും കപ്പൽയാത്രക്കാരും നാവികരും കടൽജോലി
18. ക്കാരും അകലെ മാറിനിന്നു. അവളുടെ ചിതാധൂമം കണ്ട് അവർ വിളിച്ചു പ
19. റഞ്ഞു: ഈ മഹാനഗരത്തിനു സദൃശമായി ആരുണ്ട്? അവർ തങ്ങളുടെ തല
യിൽ പൊടിവിതറുകയും കരഞ്ഞും വിലപിച്ചുംകൊണ്ടു വിളിച്ചുപറയുകയും
ചെയ്തു: മഹാനഗരമേ, കഷ്ടം! കഷ്ടം! കടലിൽ കപ്പലുകളുള്ളവരെല്ലാം
നീമൂലം സമ്പന്നരായി. പക്ഷേ ഒറ്റമണിക്കൂർകൊണ്ട് നീ ശൂന്യമാക്കപ്പെട്ടു.
20. അല്ലയോ സ്വർഗ്ഗമേ, വിശുദ്ധരേ, അപ്പസ്തോലന്മാരേ, പ്രവാചകന്മാരേ, അവ
ളെക്കുറിച്ച് ആഹ്ലാദിക്കുവിൻ. എന്തെന്നാൽ ദൈവം നിങ്ങൾക്കുവേണ്ടി അവ
ൾക്കെതിരേ വിധി പ്രസ്താവിച്ചു കഴിഞ്ഞു.

മഹാനഗരത്തിന്റെ ആരാധകരും ആശ്രിതരും ഗുണഭോക്താക്കളുമായ ജനങ്ങൾ മൂന്നു ഗണങ്ങളായി തിരിഞ്ഞ് നഗരത്തിന്റെ നാശത്തെക്കുറിച്ച് വിലപിക്കുന്ന ചിത്രം വളരെ വിശദമായി അവതരിപ്പിച്ചിരിക്കുന്നു. സ്വാർത്ഥ മോഹങ്ങൾക്കും സുഖലോലുപതയ്ക്കും സംഭവിച്ച ഭംഗങ്ങളാണ്, തകർന്നു വീണ നഗരത്തോടുള്ള ആത്മാർത്ഥമായ സ്നേഹമല്ല വിലാപത്തിനു കാരണം എന്നതു ശ്രദ്ധേയമത്രെ. ദൈവത്തെ മറന്ന മഹാനഗരങ്ങളെക്കുറിച്ചു പ്രവാചകന്മാർ പാടിയ ചരമഗാനങ്ങൾ ആറ്റിക്കുറുക്കിയെടുത്തതാണ് ഇവിടെ ആലപിക്കുന്ന വിലാപഗാനങ്ങൾ. ടയിർ നഗരത്തെക്കുറിച്ച് എസെക്കിയേൽ ആലപിച്ച ചരമഗാനത്തോട് (എസെ 27) ഈ വിലാപത്തിന് ഏറ്റം അടുത്ത സാമ്യമുണ്ട്. ഭൂമിയിലെ രാജാക്കന്മാരും (18,9-10) ഭൂമിയിലെ വ്യാപാരികളും (18,11-17a) കടൽവ്യാപാരികളും (18,17b-19) മാറിമാറി തങ്ങൾക്കു വന്നുഭവിച്ച നഷ്ടങ്ങൾ എണ്ണിപ്പറഞ്ഞു വിലപിക്കുമ്പോൾ ദൈവം നീതി നടത്തിയതിന്റെ പേരിൽ സ്വർഗ്ഗവാസികൾ ആഹ്ലാദിച്ചു ദൈവത്തെ സ്തുതിക്കുന്നു (18,20).



പുതുതായി ഒരു സന്ദേശവും ഈ ഭാഗത്ത് അവതരിപ്പിക്കുന്നില്ല; പല തവണ മുൻകൂട്ടി അറിയിച്ച റോമിന്റെ പതനത്തെ വിശദമായി വർണ്ണിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. വിലപിക്കുന്ന മൂന്നു വിഭാഗങ്ങളും കത്തിയെരിയുന്ന നഗരത്തെ രക്ഷിക്കാൻ അടുത്തുവരാതെ അകലെ മാറിനിന്നു വിലപിക്കുക മാത്രമേ ചെയ്യുന്നുള്ളു. മഹാനഗരത്തിനു പെട്ടെന്നുണ്ടായ നാശം അവരെയെല്ലാം ഭയവിഹ്വലരാക്കുന്നു. എന്നാൽ ഈ ഭയവും ദുഃഖവും മാനസാന്തരത്തിലേക്കു നയിക്കുന്നില്ല; നഷ്ടബോധവും നിരാശയും മാത്രമാണ് അവശേഷിക്കുന്നത്.

**18,9-10** വ്യഭിചാരവും ഭോഗജീവിതവും സാമന്തരാജാക്കന്മാർക്കും ആശ്രിതരായ ഭരണാധികാരികൾക്കും റോമാ നല്കിയിരുന്ന സംരക്ഷണത്തിന്റെയും സുഖലോലുപതയുടെയും അവർ റോമിനർപ്പിച്ചിരുന്ന ആരാധനയുടെയും വ്യാഖ്യാനമാണ്. അവരുടെ വിലാപംതന്നെ നഗരത്തിന്റെ നാശത്തെക്കുറിച്ചുള്ള പ്രവചനമായിത്തീരുന്നു. സമൃദ്ധിയുടെ ഉച്ചകോടിയിൽ കഴിയുന്ന നഗരത്തിനു ചരമഗാനം ആലപിക്കുന്നത് അതിന്റെ സമൂലനാശത്തെക്കുറിച്ചുള്ള ഉറപ്പ് വ്യക്തമാക്കുന്നു (ആമോ 5,1-2). *ഹാ കഷ്ടം* എന്ന വിലാപം രാജാക്കന്മാരും വ്യാപാരികളും കടൽ ജീവനക്കാരും ആവർത്തിക്കുന്നുണ്ട്. വെളി 8,13ൽ "ദുരിതം" എന്നു വിവർത്തനം ചെയ്ത അത് ഗ്രീക്കുപദമാണ് ഇവിടെ "ഹാ കഷ്ടം" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. കഴുകൻ അറിയിച്ച ദുരിതങ്ങളിൽ മൂന്നാമത്തേത് ബാബിലോണിന്റെ പതനം ആയിരിക്കണം.

**18,11-17a** റോമിന്റെ സമ്പന്നതയും സുഖലോലുപതയും വ്യക്തമാക്കുന്നതാണ് വ്യാപാരികളുടെ വിലാപം. പേരെടുത്തുപറയുന്ന 28 കച്ചവടച്ചരക്കുകളിൽ ബഹുഭൂരിഭാഗവും സുഖഭോഗവസ്തുക്കളാണ്. അവയിൽ ആനക്കൊമ്പ്, കറുവാപ്പട്ട, വിലയേറിയ തടി (ചന്ദനം, തേക്ക്, ഈട്ടി മുതലായവ) ഇന്ത്യയിൽനിന്നുപോലും എത്തുന്നതായിരുന്നു. ലോകത്തിലെ ഏറ്റം വിലപിടിച്ച വസ്തുക്കളെല്ലാം റോമിൽ എത്തിയിരുന്നു. വസ്തുക്കളും മൃഗങ്ങളും മാത്രമല്ല, മനുഷ്യരും കച്ചവടം ചെയ്യപ്പെട്ടിരുന്നു. ഒന്നാംനൂറ്റാണ്ടിന്റെ അവസാനം റോമാസാമ്രാജ്യത്തിൽ ഏകദേശം ആറുകോടി അടിമകളുണ്ടായിരുന്നത്രെ! മനുഷ്യരെ മൃഗങ്ങളെപ്പോലെ കച്ചവടം ചെയ്യുകയും ഉപയോഗിക്കുകയും വധിക്കുകയും ചെയ്യുന്ന സാമ്രാജ്യത്തിനു നിലനില്ക്കാനാവില്ല. ആഡംബരങ്ങൾക്കും സുഖലോലുപതയ്ക്കും പ്രൗഢിപ്രകടനങ്ങൾക്കും വേണ്ടി കോടിക്കണക്കിനു മനുഷ്യരുടെ അദ്ധ്വാനഫലം ധൂർത്തടിച്ച റോമാ ജീർണ്ണത ബാധിച്ച സംസ്കാരത്തിന്റെ ഉത്തമോദാഹരണമാണ്. ആത്മാവ് കൊതിച്ച കനി ദീർഘകാലത്തെ അധ്വാനത്തിനും കാത്തിരിപ്പിനുംശേഷം പഴുത്തു പാകമായപ്പോൾ പെട്ടെന്നു നശിച്ചുപോയ ഫലമാണ്.

**18,17b-19** കടൽവഴിയുള്ള വ്യാപാരത്തിലൂടെ ലാഭമുണ്ടാക്കുകയും കടലും കപ്പലുമായി ബന്ധപ്പെട്ട ജോലികളിലൂടെ ഉപജീവനം കഴിക്കുകയും ചെയ്തവരെല്ലാം തങ്ങളുടേതായ വിലാപഗാനം ആലപിക്കുന്നു. *"ഈ മഹാനഗരത്തിനു സദൃശ്യമായി ആരുണ്ട്"* എന്ന അവരുടെ ചോദ്യം "ഈ മൃഗത്തെപ്പോലെ ആരുണ്ട്" (13,4) എന്ന റോമിന്റെ ആരാധകരുടെ ചോദ്യത്തെ അനുസ്മരിപ്പിക്കുന്നു.

**18,20** ദീർഘമായ വിലാപങ്ങൾക്കുശേഷം രംഗം പെട്ടെന്നു മാറുന്നു. പീഡനവും ആശ്വാസവും, ഭീകരതയും മനോഹാരിതയും, ശിക്ഷയും രക്ഷയും ഇടകലർത്തി അവതരിപ്പിക്കുന്ന ശൈലി ഇവിടെയും ആവർത്തിക്കുന്നു. മഹത്വീകൃതമായ സഭയാണ് ആഹ്ലാദിക്കാൻ ആഹ്വാനം ചെയ്യപ്പെടുന്നത്. വിശ്വാസികളുടെമേൽ അന്യായമായി വിധിപ്രസ്താവിച്ച മഹാനഗരത്തിന്റെമേൽ ദൈവം ശിക്ഷാവിധി നടപ്പാക്കിക്കഴിഞ്ഞു. "അവൾ കൊടുത്തതുപോല അവൾക്കും തിരിച്ചുകൊടുക്കുവിൻ" (18,6) എന്ന നിർദ്ദേശം ഇവിടെ അനുവർത്തിക്കപ്പെട്ടിരിക്കുന്നു. "ഇനിയും എത്രനാൾ?" എന്ന ചോദ്യത്തിന് (6,10) അന്തിമമായ ഉത്തരം ലഭിച്ചതിനാൽ അവർക്കു സന്തോഷിക്കാം. സത്യത്തിന്റെയും നീതിയുടെയും അന്തിമമായ വിജയത്തിലുള്ള സന്തോഷമാണിത് (നിയ 32,43; ജറെ 51,48-49).

## 5. ബാബിലോണിന്റെ ഉന്മൂലനം 18,21-24

21. അനന്തരം ശക്തനായ ഒരു ദൂതൻ വലിയ തിരികല്ലുപോലുള്ള ഒരു കല്ലെടുത്തു കടലിലേക്കെറിഞ്ഞിട്ടു പറഞ്ഞു: ബാബിലോൺ മഹാനഗരവും ഇതുപോലെ
22. വലിച്ചെറിയപ്പെടും. ഇനിയൊരിക്കലും അവൾ കാണപ്പെടുകയില്ല. വീണവായന ക്കാരുടെയും ഗായകരുടെയും കുഴലൂതുന്നവരുടെയും കാഹളം വിളിക്കുന്നവരുടെയും ശബ്ദം ഇനിയൊരിക്കലും നിന്നിൽ കേൾക്കുകയില്ല. കരകൗശലവിദഗ്ധരാരും നിന്നിൽ ഇനിമേൽ കാണപ്പെടുകയില്ല. തിരികല്ലിന്റെ
23. സ്വരം നിന്നിൽനിന്ന് ഉയരുകയില്ല. ഒരു ദീപവും ഇനിയൊരിക്കലും നിന്നിൽ പ്രകാശിക്കുകയില്ല. വധൂവരന്മാരുടെ സ്വരം ഇനിയൊരിക്കലും നിന്നിൽ കേൾക്കുകയുമില്ല. എന്തെന്നാൽ, നിന്റെ വ്യാപാരികൾ ഭൂമിയിലെ ഉന്നതന്മാരായിരുന്നു. നിന്റെ ആഭിചാരംകൊണ്ട് സകല ജനതകളെയും നീ വഴിതെറ്റി
24. ക്കുകയും ചെയ്തു. പ്രവാചകന്മാരുടെയും വിശുദ്ധരുടെയും ഭൂമിയിൽ വധിക്കപ്പെട്ട സകലരുടെയും രക്തം അവളിൽ കാണപ്പെട്ടു.

മഹാബാബിലോണായ റോം ചരിത്രത്തിൽനിന്നു പൂർണ്ണമായും അപ്രത്യക്ഷമാകുന്നതിനെ സൂചിപ്പിക്കുന്ന ഒരു പ്രതീകാത്മക പ്രവർത്തനമാണ് തിരികല്ലെടുത്ത് കടലിലേക്കെറിയുന്നത്. ബാബിലോണിന്റെ നാശത്തെ സൂചിപ്പിക്കാൻ ജറെമിയായും ഇതേ പ്രവൃത്തി ചെയ്തു (ജറെ 51,63-64). ഇതിനു മുമ്പ് രണ്ടുതവണ രണ്ടു ചുരുളുകളുമായി ബന്ധപ്പെട്ട് (5,2; 10,1) പ്രത്യക്ഷപ്പെട്ട ശക്തനായ ദൂതൻ ഇവിടെ വീണ്ടും പ്രത്യക്ഷപ്പെടുന്നത് രണ്ടു ചുരുളുകളുടെയും ഉള്ളടക്കം നിവർത്തിയാകുന്നതിനെ സൂചിപ്പിക്കാനാവും. നഗരത്തിന്റെ സമൂലനാശത്തിനു തെളിവാണ് അവിടെ തളംകെട്ടിക്കിടക്കുന്ന ശ്മശാനമൂകത. നിശബ്ദതയും അന്ധകാരവും മാത്രം അവശേഷിച്ചിക്കുന്ന ഈ ചിത്രത്തിലും പഴയനിയമ പ്രവചനങ്ങളുടെ (എശ 24,8-9; ജറെ 7,34; 16,9; എസെ 26,13) സ്വാധീനം കാണാം.

മഹാനഗരത്തിന്റെ ഉന്മൂലനത്തിന് മൂന്നു കാരണങ്ങൾ നല്കിയിരിക്കുന്നു. 1. വ്യാപാരികൾ *ഭൂമിയിലെ ഉന്നതന്മാരായിരുന്നു*. സുഖഭോഗവസ്തുക്കളുടെ വ്യാപാരത്തിലൂടെ സീമാതീതമായ സമ്പത്തു കയ്യടക്കിയ വർത്തകപ്രമാണിമാർ സ്വയം "ദൈവങ്ങൾ" ചമഞ്ഞു; അപ്രകാരം മറ്റുള്ളവർ അവരെ വണങ്ങി. 2. *ആഭിചാരംകൊണ്ടു വഞ്ചിച്ചു*. ജനത്തെ വഴിതെറ്റിക്കുന്ന റോമിന്റെ സുഖലോലുപ സംസ്കാരവും റോമാക്കാർ പ്രയോഗിച്ചിരുന്ന ദുർമന്ത്രവാദവും ഇവിടെ അനുസ്മരിക്കുന്നു. 3. *രക്തം*. മതപീഡനത്തെക്കുറിച്ച് ഒരിക്കൽകൂടി ആവർത്തിച്ചു പറയുന്നു. നിരപരാധികളുടെ രക്തം മറച്ചുവയ്ക്കാനാവില്ല (ഉൽപ 4,10; ഏശ 26,21; ജറെ 2,34); അതിനു ശിക്ഷയനുഭവിച്ചേ തീരൂ (മത്താ 23,35). മഹാനഗരമായ റോമായുടെമേൽ ദൈവം നടപ്പാക്കുന്ന ശിക്ഷാവിധി തികച്ചും നീതിയുക്തമാണെന്ന് ഈ കാരണങ്ങൾ തെളിയിക്കുന്നു.

## 6. സ്വർഗ്ഗത്തിൽ വിജയഗീതം 19,1-4

1. ഇതിനുശേഷം സ്വർഗ്ഗത്തിൽ ഇങ്ങനെ പറയുന്ന വലിയ ജനക്കൂട്ടത്തിന്റേതുപോലുള്ള ശക്തമായ സ്വരം ഞാൻ കേട്ടു: ഹല്ലേലൂയ്യാ! രക്ഷയും മഹത്വവും
2. ശക്തിയും നമ്മുടെ ദൈവത്തിന്റേതാണ്. എന്തെന്നാൽ, അവിടുത്തെ വിധികൾ സത്യവും നീതിപൂർണ്ണവുമാണ്. എന്തെന്നാൽ, വ്യഭിചാരംകൊണ്ടു ലോകത്തെ മലിനമാക്കിയ മഹാവേശ്യയെ അവിടുന്നു വിധിച്ചു. അവളുടെ കൈകൊണ്ടു ചിന്തിയ അവിടുത്തെ ദാസരുടെ രക്തത്തിന് അവിടുന്നു പ്രതികാരം
3. ചെയ്തു. രണ്ടാമതും അവർ പറഞ്ഞു: ഹല്ലേലൂയ്യാ! അവളുടെ പുക എന്നേ
4. ക്കും ഉയർന്നുകൊണ്ടിരിക്കുന്നു. അപ്പോൾ ഇരുപത്തിനാലു ശ്രേഷ്ഠന്മാരും നാലുജീവികളും ആമ്മേൻ, ഹല്ലേലൂയ്യാ! എന്നു പറഞ്ഞുകൊണ്ട് സാഷ്ടാംഗം പ്രണമിച്ച് സിംഹാസനസ്ഥനായ ദൈവത്തെ ആരാധിച്ചു.

മഹാനഗരത്തിന്റെ നാശത്തിൽ വിലപിച്ച മൂന്നു ഗണങ്ങൾക്കു സമാന്തരമായി സ്വർഗ്ഗത്തിൽ ദൈവദൂതന്മാർ, ശ്രേഷ്ഠന്മാരും ജീവികളും, വിജയംവരിച്ച സഭ എന്നീ മൂന്നു ഗണങ്ങൾ വിജയഗീതം ആലപിക്കുന്നു. 18,20-ൽ നല്കിയ ആഹ്വാനത്തിനു മറുപടിയെന്നോണമാണ് ഈ ഗീതങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. "സ്ത്രീയും സർപ്പവും" എന്ന ഭാഗത്തിന്റെ അവസാനം കണ്ട വിജയഗീതത്തെ (15,3-4) ഇത് അനുസ്മരിപ്പിക്കുന്നു.

**19,1** *കർത്താവിനെ സ്തുതിക്കുവിൻ (ഹല്ലെലൂ-യാഹ്‌വേ)* എന്നർത്ഥമുള്ള *ഹല്ലേലൂയ്യാ* എന്ന പദം പുതിയനിയമത്തിൽ ഇവിടെ മാത്രമേ കാണുന്നുള്ളു. ഈ കീർത്തനങ്ങളിലാകട്ടെ അതു നാലു തവണ (19,1.3.4.6) ഉപയോഗിച്ചിരിക്കുന്നു. യഹൂദരുടെയും ക്രിസ്ത്യാനികളുടെയും ആരാധനക്രമങ്ങളിൽ ഈ പദത്തിന് വലിയ സ്ഥാനമുണ്ട്. അനേകം സങ്കീർത്തനങ്ങൾ "ഹല്ലേലുയ്യാ" എന്ന പദം കൊണ്ടാണ് ആരംഭിക്കുന്നത്. 111-118; 146-150 എന്നിവ ഹല്ലേൽ സങ്കീർത്തനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. സ്വർഗ്ഗീയ ലിറ്റർജിയുടെ ഒരു ചെറിയ ചിത്രമാണ് ഗ്രന്ഥകാരൻ ഈ വിജയാഘോഷങ്ങളിലൂടെ അവതരിപ്പിക്കുന്നത്. കുഞ്ഞാട് ചുരുൾ സ്വീകരിച്ചപ്പോൾ കണ്ട ദൃശ്യവുമായി (5,8-14) ഇതിനു സാമ്യമുണ്ട്. മനുഷ്യർക്കു രക്ഷ നല്കുന്നതിലൂടെ പ്രകടമാകുന്ന ദൈവത്തിന്റെ ശക്തിയും മഹത്വവും ആദ്യമേ പ്രകീർത്തിക്കപ്പെടുന്നു.

**19,2-3** മഹാനഗരത്തിന്റെ മേൽ നടപ്പാക്കുന്ന അന്തിമവിധി നീതിയുക്തവും സത്യസന്ധവുമാണ് എന്ന് ഏറ്റുപറഞ്ഞ് സ്തുതികീർത്തനത്തിന്റെ കാരണം വ്യക്തമാക്കുന്നു. 15,3; 16,7 എന്നീ വാക്യങ്ങളിൽ നാം കണ്ടുകഴിഞ്ഞതാണ് ദൈവത്തിന്റെ വിധിയുടെ ഈ വിശേഷണങ്ങൾ. ദൈവനിഷേധകമായ ജീവിതശൈലിയും പഠനങ്ങളും വഴി ലോകജനതകളെ സത്യദൈവത്തിൽനിന്നകറ്റി പാപത്തിലേക്കു നയിച്ചു എന്ന ബാബിലോണിന്റെ കുറ്റം ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. രക്തസാക്ഷികൾ ആവശ്യപ്പെട്ട പ്രതികാരം (6,10) നടപ്പാക്കിക്കഴിഞ്ഞതായി ദൈവദൂതഗണം പ്രഘോഷിക്കുന്നു. *ദാസന്മാർ* എന്ന പദം ഗ്രന്ഥകർത്താവിനെക്കുറിച്ചും (1,1) അനേകം രക്തസാക്ഷികളെക്കുറിച്ചും ഉള്ള പരാമർശങ്ങളെ അനുസ്മരിപ്പിക്കുന്നു. ശിക്ഷ നിത്യമാണെന്നുള്ള സൂചനനല്കുന്നതാണ് എന്നേക്കും ഉയർന്നുകൊണ്ടിരിക്കുന്ന പുക (വെളി 14,11; ഏശ 34,10). ദൈവം നീതി നടപ്പാക്കുകതന്നെ ചെയ്യും എന്നു വിളിച്ചറിയിക്കുന്ന ശാശ്വതസ്മാരകമാണ് കത്തിയെരിയുന്ന മഹാനഗരത്തിൽനിന്നു നിരന്തരം ഉയർന്നുകൊണ്ടിരിക്കുന്ന പുക.

**19,4** സഭയുടെയും സൃഷ്ടപ്രപഞ്ചത്തിന്റെയും പ്രതീകങ്ങളും പ്രതിനിധികളുമായ ഇരുപത്തിനാലു ശ്രേഷ്ഠന്മാരും നാലു ജീവികളും (വെളി 4,4-8; 11,16) ദൈവദൂതകീർത്തനത്തെ തങ്ങളുടേതായി ഏറ്റുപറഞ്ഞുകൊണ്ട് സാഷ്ടാംഗം പ്രണമിക്കുന്നു. വെളിപാടു പുസ്തകത്തിൽ അവസാനമായി ഇവിടെയാണ് ഈ ഗണം പ്രത്യക്ഷപ്പെടുന്നത്.

## 7. വിവാഹത്തിന്റെ മുന്നറിയിപ്പ് 19,5-10

5. സിംഹാസനത്തിൽനിന്ന് ഇപ്രകാരം പറയുന്ന ഒരു സ്വരം പറപ്പെട്ടു: ദൈവത്തിന്റെ ദാസരും അവിടുത്തെ ഭയപ്പെടുന്നവരും ചെറിയവരും വലിയവരു



6. മായ നിങ്ങളെല്ലാവരും നമ്മുടെ ദൈവത്തെ സ്തുതിക്കുവിൻ. വലിയ ജനക്കൂട്ടത്തിന്റെയും പെരുവെള്ളത്തിന്റെയും ശക്തമായ ഇടിമുഴക്കത്തിന്റെയും ശബ്ദം പോലെയുള്ള ഒരു സ്വരം ഞാൻ കേട്ടു: ഹല്ലേലുയ്യാ! സർവ്വശക്തനും
7. നമ്മുടെ ദൈവവുമായ കർത്താവ് രാജഭരണം ആരംഭിച്ചിരിക്കുന്നു. നമുക്ക് ആനന്ദിക്കാം. ആഹ്ലാദിച്ച് ആർപ്പു വിളിക്കാം. അവിടുത്തേക്കു മഹത്വം നല്കാം. എന്തെന്നാൽ, കുഞ്ഞാടിന്റെ വിവാഹം സമാഗതമായി. അവിടുത്തെ
8. മണവാട്ടി അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു. ശോഭയേറിയതും നിർമ്മലവുമായ മൃദുലവസ്ത്രം ധരിക്കാനുള്ള അനുഗ്രഹം അവൾക്കു നല്കപ്പെട്ടിരിക്കുന്നു.
9. ആ വസ്ത്രം വിശുദ്ധരുടെ നീതിയുക്തമായ പ്രവൃത്തികളാണ്. അവൻ എന്നോടു പറഞ്ഞു: എഴുതുക, കുഞ്ഞാടിന്റെ വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ! അവൻ വീണ്ടും പറഞ്ഞു: ഇവ ദൈവത്തിന്റെ സത്യവചസ്സുക
10. ളാണ്. അപ്പോൾ ഞാൻ അവനെ ആരാധിക്കാനായി അവന്റെ കാല്ക്കൽ വീണു. എന്നാൽ അവൻ എന്നോടു പറഞ്ഞു: അരുത്. ഞാൻ നിന്റെയും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരന്മാരുടെയും ഒരു സഹദാസനാണ്. നീ ദൈവത്തെ ആരാധിക്കുക. യേശുവിന്റെ സാക്ഷ്യമാണ് പ്രവചനത്തിന്റെ ആത്മാവ്.

**19,5** ദൈവികസിംഹാസനത്തിൽ നിന്നുവരുന്ന സ്വരം ദൈവത്തിന്റെയോ കുഞ്ഞാടിന്റെയോ സ്വരമല്ല എന്ന് *നമ്മുടെ ദൈവം* എന്ന പ്രയോഗത്തിൽനിന്ന് അനുമാനിക്കാം. സിംഹാസനത്തിന് അകമ്പടി സേവിക്കുന്ന ജീവികളോ ദൂതന്മാരോ ആകാം ഈ ആഹ്വാനം നല്കുന്നത്. സ്വർഗ്ഗവാസികളോടൊപ്പം ഭൂമിയിലെ സഭയും ദൈവത്തെ സ്തുതിക്കാൻ ക്ഷണിക്കപ്പെടുന്നു. ദൈവത്തിന്റെ ദാസർ രക്തസാക്ഷികളും പ്രവാചകന്മാരും മാത്രമല്ല, ദൈവത്തെ ഭയപ്പെടുന്നവരായ സഭാംഗങ്ങൾ മുഴുവനുമാണ്. *ചെറിയവരും വലിയവരും* എന്ന പ്രയോഗം സഭയിലെ എല്ലാവരെയും ഉൾക്കൊള്ളിക്കുന്നു (വെളി 11,18).

**19,6-7** സഭാസമൂഹം ഒന്നടങ്കം വലിയ ശബ്ദത്തിൽ ആർത്തുവിളിച്ചു ദൈവത്തെ സ്തുതിക്കുന്നതിനു രണ്ടു കാരണങ്ങൾ നല്കിയിരിക്കുന്നു: 1. *ദൈവത്തിന്റെ രാജഭരണം ആരംഭിച്ചിരിക്കുന്നു*. ദൈവം എന്നും രാജാവാണെങ്കിലും ഭൂമിയിൽ അവിടുത്തെ ഭരണം സംസ്ഥാപിതമാകുന്നത് തിന്മയെ പൂർണ്ണമായി ഉന്മൂലനം ചെയ്തുകഴിയുമ്പോഴാണ്. "അങ്ങയുടെ രാജ്യം വരണമേ" (മത്താ 6,10) എന്നു പ്രാർത്ഥിക്കാൻ യേശു പഠിപ്പിച്ചത് ഈ രാജവാഴ്ചയ്ക്കുവേണ്ടിയാണ്. പ്രവാചകന്മാരിലൂടെ ദൈവം അറിയിച്ച രഹസ്യം (വെളി 10,7) സാക്ഷാൽക്കരിക്കപ്പെട്ടിരിക്കുന്നു. 18-ാം അദ്ധ്യായത്തിൽ വിവരിച്ച മഹാനഗരത്തിന്റെ നാശം ദൈവം തന്റെ രാജവാഴ്ച ഭൂമിയിൽ ആരംഭിച്ചതിന്റെ പ്രത്യക്ഷമായ അടയാളമാണ്.

2. *കുഞ്ഞാടിന്റെ വിവാഹം സമീപിച്ചിരിക്കുന്നു*. തിന്മയുടെ മേലുള്ള

സമ്പൂർണ്ണവിജയവും ദൈവത്തിന്റെ രാജവാഴ്ചയും, യേശുവും സഭയും തമ്മിലുള്ള ഗാഢവും അവിഭാജ്യവും സ്നേഹത്തിൽ അധിഷ്ഠിതവുമായ ഐക്യത്തിലേക്ക് നയിക്കുന്നു. ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധത്തെ ബൈബിളിൽ ഉടനീളം വിവാഹബന്ധമായി ചിത്രീകരിക്കുന്നുണ്ട് (ഹോസി 2,1-23; ഏശ 54,4-8; ജറെ 3,1-13; എസെ 16). ഉത്തമഗീതം മുഴുവൻ ഈ പ്രതീകത്തിന്റെ കാവ്യാത്മകമായ വ്യാഖ്യാനമാണ്. പുതിയനിയമത്തിൽ ക്രിസ്തുവും സഭയും തമ്മിലുള്ള ഗാഢമായ ഐക്യത്തെ വിവാഹത്തോട് ഉപമിച്ചിരിക്കുന്നു (മത്താ 22,1-14; മർക്കോ 2,19; യോഹ 3,29; 2 കോറി 11,2; എഫേ 5,23-32).

*അണിഞ്ഞൊരുങ്ങിയ മണവാട്ടി*യെക്കുറിച്ചുള്ള പരാമർശവും *വിവാഹം ആസന്നമായിരിക്കുന്നു* എന്ന മുന്നറിയിപ്പും അടുത്ത ഭാഗത്തു വിവരിക്കാൻ പോകുന്ന പരിസമാപ്തിയ്ക്കുള്ള ഒരുക്കമാണ്. സ്വർഗ്ഗത്തിൽ ലഭിക്കാൻ പോകുന്ന വലിയ സമ്മാനത്തെ ഓർത്ത് പീഡനങ്ങളുടെ മധ്യത്തിൽപോലും ആഹ്ലാദിക്കാനും സന്തോഷിച്ചു കുതിച്ചുചാടനും (ലൂക്കാ 6,22-23) യേശു തന്റെ ശിഷ്യഗണത്തോട് ആവശ്യപ്പെട്ടിരുന്നു. ആ സമ്മാനം കരഗതമായിലുള്ള സന്തോഷമാണ് ഇവിടെ പ്രകടമാക്കുന്നത്.

**19,8** കുരിശിൽ ചിന്തിയ തന്റെ രക്തത്താൽ ക്രിസ്തു സഭയെ കഴുകി വിശുദ്ധീകരിക്കുകയും എന്നേയ്ക്കും തന്റെ വധുവായി സ്വീകരിക്കുകയും ചെയ്തു (വെളി 7,14; എഫേ 5,26-27; കൊളോ 1,20). വെളിപാടു പുസ്തകത്തിൽ സഭ ക്രിസ്തുവിന്റെ മാതാവും (12,1-2) വധുവുമായി പ്രത്യക്ഷപ്പെടുന്നു; ശത്രുവും സാത്താന്റെ ഉപകരണവുമായ സാമ്രാജ്യശക്തിയാകട്ടെ വേശ്യയായും (17,1-6). സഭയുടെ നിർമ്മല വസ്ത്രത്തെ വിശുദ്ധരുടെ നീതിയുക്തമായ പ്രവൃത്തികളായി വ്യാഖ്യാനിക്കുമ്പോൾ ദാനമായി ലഭിച്ച രക്ഷകർത്താവിന്റെ പ്രമാണമനുസരിച്ചുള്ള ജീവിതത്തിലൂടെ സഭാതനയർ സ്വന്തമാക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു.

**19,9** സപ്തഭാഗ്യങ്ങളിൽ നാലാമത്തേതാണിത്. സ്വർഗ്ഗഭാഗ്യം എന്നത് നിഷ്ക്രിയമായ നിത്യവിശ്രമമല്ല, ക്രിസ്തുവിന്റെ വിവാഹവിരുന്നിലുള്ള പങ്കുചേരലാണ്. ദൈവം ഒരുക്കുന്ന വിരുന്നിനെക്കുറിച്ച് ഏശയ്യാ മുൻകൂട്ടി അറിയിച്ചു (ഏശ 25.6) നിത്യഭാഗ്യത്തെ വിരുന്നിലുള്ള പങ്കുചേരലിനോട് ക്രിസ്തുനാഥൻ പലതവണ ഉപമിക്കുകയുണ്ടായി (മത്താ 8,11; ലൂക്കാ 14,15-24). യേശു തന്റെ ഐഹികജീവിതകാലത്തു നടത്തിയ അനേകം വിരുന്നുകളും, സർവ്വോപരി അന്ത്യത്താഴവും ഈ നിത്യവിരുന്നിന്റെ മുന്നാസ്വാദനമാണു നല്കിയത് (ലൂക്കാ 22,16). *ദൈവത്തിന്റെ സത്യവചസ്സുകൾ* എന്ന വിശേഷണം ഈ ഒരു വാക്യത്തിനു മാത്രമല്ല 17,1 ൽ തുടങ്ങിയ ദൂതന്റെ വിശദീകരണത്തിനു മുഴുവൻ ബാധകമാണ്. ഇതേ വിശേഷണം 21,5; 22,6 എന്നീ വാക്യങ്ങളിൽ വെളിപാടു പുസ്തകത്തെ മുഴുവൻ ഉദ്ദേശിച്ചുകൊണ്ട് ആവർത്തിക്കുന്നുണ്ട്. പീഡനമേല്ക്കുന്ന വിശ്വാസികൾക്കു നിത്യഭാഗ്യത്തെ മുന്നിൽ കണ്ടുകൊണ്ട് മരണംവരെ ക്രിസ്തുവിനോടു വിശ്വസ്തത പുലർത്താൻ പ്രചോദനം നല്കുന്നതാണ് ഈ പ്രഖ്യാപനം.



**19,10** ദൈവത്തിന്റെ സന്ദേശം അറിയിക്കുന്ന ദൂതന്മാർ ദൈവത്തിന്റെ ദാസന്മാർ മാത്രമാണ്. അവരെ ആരാധിക്കാൻ പാടില്ല. ആരാധന ദൈവത്തിനു മാത്രമേ നല്കാവൂ എന്ന് ഊന്നിപ്പറയാൻ വേണ്ടി ഇതേ രംഗം 22,8 -ൽ ആവർത്തിക്കുന്നു. മാലാഖമാരോടുള്ള അതിരുകടന്ന ആരാധനാമനോഭാവത്തിനെതിരേയുള്ള ഒരു താക്കീതായി ഇതിനെ പരിഗണിക്കണം (കൊളോ 2,18; ഹെബ്രാ 1,13-14; 2,5).

*യേശുക്രിസ്തുവിന്റെ സാക്ഷ്യം* എന്നത് യേശുക്രിസ്തു നല്കുന്ന സാക്ഷ്യം എന്നും യേശുക്രിസ്തുവിനു നല്കുന്ന സാക്ഷ്യം എന്നും അർത്ഥമാക്കാം. ആദ്യത്തേത് സഭയിലൂടെ യേശുക്രിസ്തുവാണ് സംസാരിക്കുന്നത് എന്നും, രണ്ടാമത്തേത് സഭ തന്റെ ജീവിതവും പ്രഘോഷണവും വഴി യേശുക്രിസ്തുവിനു സാക്ഷ്യം നല്കുന്നു എന്നും പഠിപ്പിക്കുന്നു. യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു ലഭ്യമായ രക്ഷ പ്രഘോഷിക്കുകയും മരണംവരെയുള്ള വിശ്വസ്തതയിലൂടെ അതിനു സാക്ഷ്യം വഹിക്കുകയുമാണ് പ്രവാചക ദൗത്യത്തിന്റെ കാതൽ. രക്ഷയുടെ സന്ദേശം ക്രിസ്തുവാണ്, ക്രിസ്തു നല്കുന്നതുമാണ്; പ്രവാചകൻ ഭൂതൻ മാത്രം. അതിനാൽ ആരാധന നല്കേണ്ടത് ദൂതനും പ്രവാചകനുമല്ല, ദൈവത്തിനാണ്.

B B B B B

# ൧൦ സ്വർഗ്ഗീയ ജറുസലെം
## ൧൯, ൧൧-൨൨, ൫

സിംഹാസനസ്ഥന്റെ കൈയ്യിൽ നിന്നു മുദ്രിതമായ ചുരുൾ എടുക്കുന്നതോടെ തുടങ്ങിയ സംഭവപരമ്പരകളിൽ ഏഴാമത്തേതും അവസാനത്തേതുമാണ് ഇവിടെ ചിത്രീകരിക്കുന്നത്. തിന്മ എന്നേക്കുമായി ഉന്മൂലനം ചെയ്യപ്പെടുകയും ദൈവം മനുഷ്യരുടെ മധ്യേ ശാശ്വതമായി തന്റെ കൂടാരം ഉറപ്പിക്കുകയും ചെയ്യുന്നതോടെ രക്ഷാചരിത്രം ദൈവനിശ്ചിത ലക്ഷ്യത്തിൽ എത്തിച്ചേരുന്നു. സഭയുമായുള്ള ക്രിസ്തുവിന്റെ വിവാഹം, വിവാഹവിരുന്ന് മുതലായ അനേകം പ്രതീകങ്ങളിലൂടെ മുൻകൂട്ടി അറിയിച്ച നിത്യഭാഗ്യം പുതിയ പുതിയ പ്രതീകങ്ങളിലൂടെ വീണ്ടും ചിത്രീകരിക്കപ്പെടുന്നു.

ഇവിടെ വിവരിക്കുന്നതത്രയും യുഗാന്തത്തെ സംബന്ധിച്ച ദർശനങ്ങളും പ്രവചനങ്ങളുമാണ്. പ്രവചനങ്ങൾ പൂർത്തിയാകുമ്പോൾ മാത്രമേ അവയുടെ അർത്ഥം പൂർണ്ണമായി ഗ്രഹിക്കാനാവൂ.അതിനാൽ ഇവിടെ ചിത്രീകരിക്കുന്ന ദൃശ്യങ്ങളിൽ പലതും അവ്യക്തവും വ്യത്യസ്തങ്ങളായ വിശദീകരണസാധ്യതകളുള്ളതുമാണ്. സാത്താന്റെ ബന്ധനം, ഒന്നാം പുനരുത്ഥാനം, ക്രിസ്തുവിന്റെ ആയിരം വർഷത്തെ ഭരണം തുടങ്ങിയ ദൃശ്യങ്ങൾ ഏറെ തെറ്റിദ്ധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഇന്നും ഇരയായിത്തീരുന്നുണ്ട്.

ഭാവിയെ സംബന്ധിച്ച കാര്യങ്ങൾ പൂർണ്ണമായും അനാവരണം ചെയ്യപ്പെട്ടിട്ടില്ല എന്ന സത്യം അംഗീകരിച്ചേ മതിയാവൂ. ബൈബിളിൽ പൊതുവായും വെളിപാട് പുസ്തകത്തിന്റെ ഇതരഭാഗങ്ങളിൽ പ്രത്യകിച്ചും വ്യക്തമാക്കിയവയുടെയും, സഭയുടെ പരമ്പരാഗതവും ആധികാരികവുമായ പഠനത്തിന്റെയും വെളിച്ചത്തിലായിരിക്കണം ഇവയും വ്യാഖ്യാനിക്കേണ്ടത്. ലോകത്തിന്റെ ഭാവിയെയും യുഗാന്തത്തെയും സംബന്ധിച്ച കാര്യങ്ങൾ കൃത്യമായി വിവരിക്കുകയല്ല വെളിപാട് പുസ്തകത്തിന്റെ ലക്ഷ്യം. തിന്മ എത്രതന്നെ ഭീകരവും അജയ്യവുമായി തോന്നിയാലും ദൈവം അതിന് അറുതിവരുത്തുമെന്നും മരണം വരെ വിശ്വസ്തത പാലിക്കുന്നവർ നിത്യസമ്മാനത്തിന് അർഹരാകുമെന്നും ഉള്ള സത്യം ആവർത്തിച്ചുറപ്പിച്ച്, പീഡിതർക്കു പ്രത്യാശയും ചഞ്ചലചിത്തർക്കു ധൈര്യവും പ്രദാനം ചെയ്യാൻ വേണ്ടിയാണ് ഈ ഗ്രന്ഥം എഴുതപ്പെട്ടത് എന്ന കാര്യം ഇവിടെയും വിസ്മരിച്ചുകൂടാ.

മനുഷ്യന്റെ നൈസർഗ്ഗികമായ നന്മയിലോ തിന്മയെ കീഴടക്കാനുള്ള അവന്റെ ശക്തിയിലോ ഉള്ള ശുഭാപ്തി വിശ്വാസമല്ല, ചരിത്രത്തിന്റെ നാഥനായ ദൈവം തന്നെ ചരിത്രത്തെ താൻ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിൽ എത്തിക്കും എന്ന ബോധ്യമാണ് വെളിപാട് ഗ്രന്ഥത്തിൽ വീണ്ടും വീണ്ടും തെളിഞ്ഞുവരുന്നത്. റോമാസാമ്രാജ്യത്തിന് മേലുള്ള വിധി 18-ാം അധ്യായത്തിൽ വിവരിച്ചുകഴിഞ്ഞു. എന്നാൽ സാമ്രാജ്യ ശക്തികൾക്കു പിന്നിൽ നില്ക്കുന്ന സാത്താനെന്നും പിശാചെന്നും പുരാതന സർപ്പമെന്നും മൃഗമെന്നും വിളിക്കപ്പെടുന്ന തിന്മയുടെ ശക്തിയിന്മേൽ ദൈവം വരിക്കുന്ന വിജയമാണ് ചരിത്രത്തിന്റെ പരിസമാപ്തി കുറിക്കുന്ന ഈ ഭാഗത്തു വിവരിക്കുന്നത്.

### 1. യോദ്ധാവായ ക്രിസ്തു 19,11-16

11. സ്വർഗ്ഗം തുറക്കപ്പെട്ടതായി ഞാൻ കണ്ടു. ഇതാ ഒരു വെള്ളക്കുതിര. അതിന്റെ
പുറത്തിരിക്കുന്നവൻ വിശ്വസ്തനെന്നും സത്യവാനെന്നും വിളിക്കപ്പെടുന്നു.
12. അവൻ നീതിയോടെ വിധിക്കുകയും പടപൊരുതുകയും ചെയ്യുന്നു. അവന്റെ
നയനങ്ങൾ തീജ്വാലപോലെ. അവന്റെ ശിരസ്സിൽ അനേകം കിരീടങ്ങൾ.
അവന് ആലേഖനം ചെയ്യപ്പെട്ട ഒരു നാമം ഉണ്ട്. അത് അവനല്ലാതെ മറ്റാർക്കും
13. അറിഞ്ഞുകൂടാ. അവൻ രക്തത്തിൽ മുക്കിയ മേലങ്കി ധരിച്ചിരിക്കുന്നു.
14. അവന്റെ നാമം ദൈവവചനം എന്നാണ്. സ്വർഗ്ഗീയ സൈന്യങ്ങൾ നിർമ്മലവും
ധവളവുമായ മൃദുലവസ്ത്രമണിഞ്ഞ് വെള്ളക്കുതിരകളുടെ പുറത്ത് അവനെ
15. അനുഗമിക്കുന്നു. ജനതകളെ വെട്ടിവീഴ്ത്താൻ അവന്റെ വായിൽ നിന്ന് മൂർച്ച
യുള്ള ഒരു വാൾ പുറപ്പെടുന്നു. ഇരുമ്പുദണ്ഡുകൊണ്ട് അവൻ അവരെ
മേയ്ക്കും. സർവ്വശക്തനായ ദൈവത്തിന്റെ ഉഗ്രക്രോധത്തിന്റെ മുന്തിരിച്ചക്ക്
16. അവൻ ചവിട്ടുകയും ചെയ്യും. അവന് മേലങ്കിയിലും തുടയിലും എഴുതപ്പെട്ട
ഒരു നാമമുണ്ട്: രാജാക്കന്മാരുടെ രാജാവും നാഥൻമാരുടെ നാഥനും.

പുതിയനിയമത്തിന്റെ ഇതരഭാഗങ്ങളിൽനിന്ന് നമുക്ക് പരിചിതമായ ശാന്തശീലനും വിനീതഹൃദയനുമായ ക്രിസ്തുവിന്റേതിൽ നിന്ന് പ്രത്യക്ഷത്തിൽ തികച്ചും വിഭിന്നമാണ് യോദ്ധാവായ ക്രിസ്തുവിന്റെ ചിത്രം. അതിനാൽ ഇത് പുരാതന മിത്തോളജികളിൽ നിന്നും യോദ്ധാവായ യാഹ്‌വെയെക്കുറിച്ചുള്ള പഴയനിയമസങ്കല്പത്തിൽ നിന്നും ജേതാവായ മിശിഹായെക്കുറിച്ചുള്ള അപ്പോകലിപ്റ്റിക് വിവരണങ്ങളിൽ നിന്നും രൂപം കൊണ്ടതാണന്നു കരുതുന്നവരുണ്ട്. ദൈവികമഹത്വം മാറ്റിവച്ച്, മനുഷ്യനായി അവതരിച്ച്, ബലഹീനനായി പ്രത്യക്ഷപ്പെട്ട യേശുവിന്റെ ചിത്രമല്ല, തിന്മയുടെ മേൽ അന്തിമവിധി പ്രസ്താവിക്കാൻ വരുന്ന മഹത്വീകൃതനും വിധിയാളനുമായ മുനഷ്യപുത്രന്റെ ചിത്രമാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത് (മത്താ 25, 31-33; 2 തെസ്സ 1, 6-10). ക്രിസ്തവിനെക്കുറിച്ച് വെളിപാട് പുസ്തകത്തിൽ പറഞ്ഞ കാര്യങ്ങളുടെ ഒരു രത്നച്ചുരുക്കം ഈ ദർശനത്തിൽ കാണാം. ആരംഭത്തിലെ മനുഷ്യപുത്രദർശനവുമായി ഇതിനെ ബന്ധപ്പെടുത്തുന്നതാണ് *തീജ്വാല*

*പോലുള്ള നയനങ്ങളും വായിൽ നിന്നു പുറപ്പെടുന്ന വാളും* (വെളി 1, 14-16). സഭയുടെ മധ്യേ വസിച്ച് അവളെ സംരക്ഷിക്കുകയും ശാസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ക്രിസ്തു തിന്മക്കെയിരേയുള്ള അന്തിമ പോരാട്ടത്തിനു വരുന്നു.

**19,11** സ്വർഗ്ഗത്തിൽ ഒരു വാതിലും (4,1) പിന്നീട് ശ്രീകാവിലും (11,19;15,5) തുറക്കപ്പെടുന്നതായി കണ്ട യോഹന്നാൻ ഇപ്പോൾ *സ്വർഗ്ഗം* തന്നെ തുറക്കപ്പെടുന്നതായി കാണുന്നു. വെള്ളക്കുതിരയും അതിനു പുറത്തിരിക്കുന്നവനും 6,2-ൽ കണ്ടതിൽ നിന്നു വ്യത്യസ്തമാണ്. വെള്ളനിറം വിജയത്തിന്റെ സൂചന തന്നെ. വിശ്വസ്തനും സത്യവാനും എന്ന വിശേഷണം 3,14 ൽ കണ്ടതാണ്. പഴയനിയമത്തിൽ യാഹ്‌വേയുടെ വിശേഷണങ്ങളാണിവ. ദൈവത്തിന്റെ വിധിയുടെ നീതിപൂർണ്ണത വെളിപാട് പുസ്തകത്തിൽ ആവർത്തിച്ചുപറയുന്ന ഒരു പ്രമേയമാണ് (15,3; 5-7; 19,2). തിന്മയുടെ മേലുള്ള വിധി ഒരു യുദ്ധത്തിന്റെ പ്രതീകത്തിലൂടെയാണ് ഇവിടെ ചിത്രീകരിക്കുന്നത്.

**19,12** *തീജ്വാലപോലുള്ള നയനങ്ങൾ* (1,14) എല്ലാം കാണുന്നവയാണ്. *ശിരസ്സിലെ അനേകം കിരീടങ്ങൾ* സർവ്വാധികാരത്തെ സൂചിപ്പിക്കുന്നു. ഏഴു കിരീടങ്ങൾ ധരിച്ച സർപ്പത്തിന്റെയും (12,3) പത്തു കീരിടങ്ങൾ അണിഞ്ഞ മൃഗത്തിന്റെയും (13,1) അധികാരത്തെ വെല്ലുന്നതാണ് ക്രിസ്തുവിന്റെ അധികാരം. *നാമം* വ്യക്തിത്വത്തിന്റെ നിർവ്വചനമാണ്.മറ്റാർക്കും അറിഞ്ഞുകൂടാത്ത അവന്റെ നാമം യേശുവിന്റെ വ്യക്തിത്വത്തിന്റെ അഗാധതലത്തിലേക്കു വിരൽ ചൂണ്ടുന്നു (ലൂക്കാ 10,22). യേശുവിന്റെ ദൈവത്വമാണ് ഇവിടെ പരോക്ഷമായി ഏറ്റുപറയുന്നത്. അടുത്തവാക്യങ്ങളിൽ (19,13.16) നാമത്തെക്കുറിച്ചു വീണ്ടും പരാമർശിക്കുന്നുണ്ട്.

**19,13** *രക്തത്തിൽ മുക്കിയ മേലങ്കി* യുദ്ധത്തിലുള്ള വിജയത്തിന്റെ സൂചനയാണ്. കുരിശിൽ ചിന്തിയ സ്വന്തം രക്തമല്ല, വെട്ടിവീഴ്ത്തപ്പെട്ട ശത്രുക്കളുടെ രക്തമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. അധർമ്മത്തിന് അറുതിവരുത്തുന്ന യോദ്ധാവായ യാഹ്‌വേയുടെ ചിത്രവുമായി (ഏശ 63,2-3) ഇതിന് അടുത്ത ബന്ധമുണ്ട്. *ദൈവവചനം*-മറ്റാർക്കും അറിയാത്ത അവന്റെ നാമം ഇവിടെ വെളിപ്പെടുത്തുന്നു. മനുഷ്യാവതാരത്തെയും (യോഹ 1,14) വിധിപ്രസ്താവനയെയും (ഹെബ്രാ 4,12) സൂചിപ്പിക്കുന്നതാണ് ദൈവവചനം എന്ന നാമം.

**19,14** തിന്മക്കെതിരേ മാനുഷികമായ യുദ്ധമല്ല, മഹത്വീകൃതനായ ക്രിസ്തു നയിക്കുന്ന യുദ്ധമാണ് ഇവിടെ ചിത്രീകരിക്കുന്നത്. അവന്റെ സൈന്യങ്ങൾ ഭൂമിയിൽ പീഡനമേല്ക്കുന്നവരോ മരണത്തിലൂടെ വിജയം വരിച്ചവരോ ആയ മനുഷ്യരല്ല, സ്വർഗ്ഗീയസൈന്യങ്ങളാണ്. ദൈവദൂതന്മാരുടെ വ്യൂഹങ്ങളെക്കുറിച്ച് തന്റെ പീഡാനുഭവത്തിനു തൊട്ടുമുമ്പ് യേശു പറഞ്ഞതിനെ (മത്താ 26,53) ഈ ദൃശ്യം അനുസ്മരിപ്പിക്കുന്നു.



**19,15** *വായിൽ നിന്ന് പുറപ്പെടുന്ന വാൾ* (1,16) വിധി നടപ്പാക്കുന്ന വചനമാണ്. ബൈബിളിൽ വചനം നിർജ്ജീവമായ ശബ്ദമല്ല, ക്രിയാത്മകമായ ശക്തിയാണ്. ദൈവം പറയുന്നതു നിറവേറുന്നു (ഉല്പ 1,3). യേശുവിന്റെ വചനവും അതുപോലെ തന്നെയാണ് (യോഹ 4,50-53). വചനത്താൽ സൃഷ്ടിക്കുകയും വചനത്താൽ തിന്മയെ ഉന്മൂലനം ചെയ്യുകയും ചെയ്യുന്നവനാണ് ദൈവം. ആ വചനമാണ് ക്രിസ്തുവിന്റെ വായിൽ നിന്നു പുറത്തു വരുന്നത്. *ജനതകൾ* ദൈവത്തിനു വിരുദ്ധമായി നില്ക്കുന്ന ശക്തികളെ സൂചിപ്പിക്കുന്നു. *ഇരുമ്പുദണ്ഡും* (വെളി 2,27; 12,5) *ക്രോധത്തിന്റെ മുന്തിരിച്ചക്കും* (14,20) കണ്ടു കഴിഞ്ഞതാണ്. രണ്ടും ശിക്ഷാവിധിയുടെ സൂചന നല്കുന്നു.

**19,16** ഏവർക്കു എളുപ്പം ദൃശ്യമാകുന്ന വിധത്തിലാണ് അവന്റെ നാമം എഴുതിയിരിക്കുന്നത്. മേലങ്കിയിലും തുടയിലും എന്നത് തുടയുടെ മേൽ വീഴുന്നമേലങ്കിയുടെ ഭാഗത്ത് എന്നാണ് അർത്ഥമാക്കുന്നതെന്നു വ്യാഖ്യാതാക്കൾ കരുതുന്നു. *രാജാക്കന്മാരുടെ രാജാവും നാഥൻമാരുടെ നാഥനും* എന്ന യാഹ്‌വെയുടെ തന്നെ വിശേഷണം (നിയ 10,17) യേശുവിന്റെ ദൈവത്വവും (1തിമോ 6,15) ഒപ്പം സർവ്വലൗകികമായ അധികാരവും എടുത്തുകാട്ടുന്നു. അനേകം കിരീടങ്ങളുടെ പ്രതീകത്തിലൂടെ സൂചിപ്പിച്ച രാജത്വം വാക്കുകളിലൂടെ വ്യക്തമാക്കുന്നതാണിത്.

ഈ വാക്യങ്ങളിൽ യേശുവിനു നല്കിയിരിക്കുന്ന *വിശ്വസ്തൻ, സത്യവാൻ, ദൈവവചനം, രാജാക്കന്മാരുടെ രാജാവ്, നാഥന്മാരുടെ നാഥൻ* എന്നീ നാമങ്ങൾ അവന്റെ വ്യക്തിത്വത്തിന്റെ വിവിധവശങ്ങൾ വെളിപ്പെടുത്തുന്നതാണ്. എന്നാൽ ആ വ്യക്തിത്വം പൂർണ്ണമായി ഗ്രഹിക്കാൻ മനുഷ്യബുദ്ധിക്കു സാധ്യമല്ല എന്ന് *നിഗൂഢനാമം* അനുസ്മരിപ്പിക്കുന്നു.

## 2. നിർണ്ണായക യുദ്ധം 19, 17-21

17. സൂര്യനിൽ നില്ക്കുന്ന ഒരു ദൂതനെയും ഞാൻ കണ്ടു. അവൻ മധ്യാകാശ
ത്തിൽ പറക്കുന്ന സകല പക്ഷികളോടും വലിയ സ്വരത്തിൽ വിളിച്ചുപറഞ്ഞു:
18. ദൈവത്തിന്റെ മഹാവിരുന്നിനു വരുവിൻ. രാജാക്കന്മാരുടെ മാംസവും സൈ
ന്യാധിപന്മാരുടെ മാംസവും ശക്തന്മാരുടെ മാംസവും കുതിരകളുടെയും അവ
യുടെ പുറത്തിരിക്കുന്നവരുടെയും മാംസവും സ്വതന്ത്രരും അടിമകളും ചെറി
യവരും വലിയവരുമായ എല്ലാവരുടെയും മാംസവും ഭക്ഷിക്കുന്നതിന് ഒന്നി
19. ച്ചുകൂടുവിൻ. അപ്പോൾ അശ്വാരൂഢനോടും അവന്റെ സൈന്യനിരയോടും
യുദ്ധം ചെയ്യാൻ മൃഗവും ഭൂമിയിലെ രാജാക്കന്മാരും അവരുടെ സൈന്യ

20. ങ്ങളും ഒന്നിച്ചുകൂടിയിരിക്കുന്നതു ഞാൻ കണ്ടു. മൃഗം പിടിക്കപ്പെട്ടു. അതിനോടൊപ്പം അതിന്റെ മുമ്പാകെ അടയാളങ്ങൾ കാണിച്ച്, മൃഗത്തിന്റെ മുദ്ര സ്വീകരിക്കുകയും അതിന്റെ പ്രതിമയെ ആരാധിക്കുകയും ചെയ്തിരുന്നവരെ പാപത്തിലേക്ക് വശീകരിച്ചിരുന്ന വ്യാജപ്രവാചകനും പിടിക്കപ്പെട്ടു. ഇരുവരും

21. ഗന്ധകമെരിയുന്ന അഗ്നിതടാകത്തിലേക്കു ജീവനോടെ എറിയപ്പെട്ടു. ശേഷിച്ചിരുന്നവർ അശ്വാരൂഢന്റെ വായിൽനിന്നു പുറപ്പെട്ട വാളുകൊണ്ടു വധിക്കപ്പെട്ടു. പക്ഷികളെല്ലാം അവരുടെ മാംസം തിന്നു തൃപ്തിയടഞ്ഞു.

**19,17** യുദ്ധം ആരംഭിക്കുന്നതിനു മുമ്പുതന്നെ ഫലം പ്രഖ്യാപിച്ചു കഴിഞ്ഞു. തിന്മക്കെതിരേ ക്രിസ്തുവഴി നടത്തുന്ന യുദ്ധത്തിൽ ദൈവത്തിന്റെ വിജയം മുൻകൂട്ടി അറിയിച്ചതാണ് (17,14). യുദ്ധത്തിൽ വധിക്കപ്പെട്ടവരുടെ മാംസം ഭക്ഷിക്കാൻ ശവംതീനി പക്ഷികളെ വിളിച്ചുവരുത്തുന്നത് ദൈവത്തിന്റ വിജയത്തെക്കുറിച്ചുള്ള ഉറപ്പ് പ്രകടമാക്കുന്നു. വധിക്കപ്പെടാൻ പോകുന്ന ദൈവവിരുദ്ധശക്തികളുടെ വിവരണം നാം കണ്ടുകഴിഞ്ഞു.(6,15;13,16). സകല പക്ഷികൾക്കും കേൾക്കത്തക്കവിധത്തിൽ വിളിച്ചുപറയാൻ വേണ്ടിയാണ് ദൂതൻ മധ്യാകാശത്തിനു മുകളിൽ സൂര്യനിൽ നില്ക്കുന്നത്. മഹാവിരുന്നിന്റെ ബീഭത്സമായ ചിത്രീകരണത്തിൽ എസെ 39, 17–20 ന്റെ സ്വാധീനം ദൃശ്യമാണ്. നിത്യഭാഗ്യത്തിന്റെ പ്രതീകമായ കുഞ്ഞാടിന്റെ വിവാഹവിരുന്നിന് (വെളി 19,9) വിരുദ്ധമായി നില്കുന്ന നിത്യ ശിക്ഷയുടെ പ്രതീകമാണ് ഈ മഹാവിരുന്ന്. രണ്ടും ദൈവം തന്നെയാണ് ഒരുക്കുന്നത്.

**19,9–21** ഇവിടെ യുദ്ധത്തിനായി ഒരുമിച്ചു കൂടുന്ന ഭൂമിയിലെ രാജാക്കന്മാരും സൈന്യവും ഹർമഗദോനിൽ വിളിച്ചു കൂട്ടപ്പെട്ടവരാണ് (16,13–16). മൃഗവും വ്യാജപ്രവാചകനും ദൈവത്വം അവകാശപ്പെടുന്ന സാമ്രാജ്യ ശക്തിയുടെയും, ദൈവ നിഷേധകമായ ആശയങ്ങളും ആചാരങ്ങളും പ്രചരിപ്പിക്കുകയും അടിച്ചേല്പിക്കുകയും ചെയ്യുന്ന സംവിധാനങ്ങളുടെയും പ്രതികങ്ങളാണെന്നു നാം കണ്ടുകഴിഞ്ഞു (13,1–18; 16,13). ഇരുസൈന്യങ്ങളും യുദ്ധത്തിനൊരുങ്ങി അണിനിരന്നെങ്കിലും യുദ്ധത്തിന്റെ വിവരണമൊന്നും ഇവിടെ നല്കുന്നില്ല. കാരണം ദൈവകോപത്തിനു മുന്നിൽനിൽക്കാൻ ആർക്കും കഴിയുകയില്ല എന്നതു തന്നെ (വെളി 6,17). മൃഗവും വ്യാജപ്രവാചകനും പിടിക്കപ്പെട്ടു എന്നു പറയുന്നത് ദൈവത്തിന്റെ പ്രവൃത്തിയെ സൂചിപ്പിക്കുന്നു; അഗ്നിത്തടാകത്തിലേക്ക് ജീവനോടെ എറിയപ്പെടുന്നത് നിത്യശിക്ഷയെയും (വെളി 14, 10–11). അശ്വാരൂഢന്റെ വാൾ ക്രിസ്തു പ്രഖ്യാപിക്കുന്ന വിധി വാചകമാണ്. അവൻ പറയുന്നത് സംഭവിക്കുന്നു.

## 3. ആയിരം വർഷത്തെ ഭരണം 20, 1–6

വെളിപാട് പുസ്തകത്തിലെ ഏറ്റം ദുർഗ്രഹമായ ഭാഗങ്ങളിൽ ഒന്നാണിത്.



സാത്താന്റെ ബന്ധനവും മോചനവും, ഒന്നാമത്തെ പുനരുത്ഥാനം, ആയിരം വർഷത്തെ ഭരണം എന്നിവയുടെ അർത്ഥം എന്ത് എന്ന ചോദ്യത്തിന് തികച്ചും തൃപ്തികരമായ ഉത്തരം ഇനിയും ലഭ്യമല്ല. മുഖ്യമായും രണ്ടു വ്യാഖ്യാനങ്ങളാണ് പൊതുവേ നല്കപ്പെടുന്നത്.

1. **ഭൗതിക വ്യാഖ്യാനം:** ഇവിടെ പറഞ്ഞിരിക്കന്നവയെല്ലാം അക്ഷരാർത്ഥത്തിൽത്തന്നെ എടുക്കണം എന്നു കരുതുന്നവരുണ്ട്. സാത്താനെ പാതാളത്തിൽ ബന്ധിച്ചതിനുശേഷം മിശിഹാ ഈ ഭൂമിയിൽ തന്റെ ഭരണം ആരംഭിക്കും. തിരഞ്ഞെടുക്കപ്പെട്ട കുറച്ചുപേർക്കുമാത്രം ശാരീരികമായ പുനരുത്ഥാനം ലഭിക്കുകയും അവർ മിശിഹായോടൊപ്പം ഈ ഭൂമിയിൽ ജനതകളുടെ മേൽ ഭരണം നടത്തുകയും ചെയ്യും. സകലവിധ ഭൗതികസന്തോഷങ്ങളുടെയും അവസരമായിരിക്കും അത്. ഭൗമിക പറുദീസ എന്ന് ഇതിനെ വിളിക്കുന്നു. ആയിരം വർഷം കഴിയുമ്പോൾ സാത്താൻ ബന്ധനത്തിൽ നിന്ന് മോചിതനാവുകയും ജനങ്ങളെ ഒരുമിച്ചുകൂട്ടി വിശുദ്ധരുടെ പാളയത്തെ വളയുകയും ചെയ്യും. എന്നാൽ സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയിറങ്ങി ജനതകളെ ദഹിപ്പിക്കും; സാത്താൻ അഗ്നിത്തടാകത്തിലേക്ക് എറിയപ്പെടും. അതിനുശേഷം സ്വർഗ്ഗീയ പറുദീസായുടെ ആരംഭമായി.

ബി. സി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ യഹൂദരുടെ ഇടയിൽ പ്രചാരത്തിൽ വന്ന ചിന്താഗതിയുടെ സ്വാധീനം ഈ വ്യാഖ്യാനത്തിൽ കാണാം. അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ മിശിഹായുടെ ഭൂമിയിലെ ഭരണത്തെക്കുറിച്ചും അന്നുണ്ടാകുന്ന അസാധാരമണമായ സമൃദ്ധിയെക്കുറിച്ചും വിശദമായി പ്രദിപാദിക്കുന്നുണ്ട്. ഈ ചിന്താഗതിയുടെ വെളിച്ചത്തിൽ വെളിപാട് പുസ്തകം വ്യാഖ്യാനിച്ചവർ മിശിഹായുടെ ഭരണത്തെ അക്ഷരാർത്ഥത്തിൽ എടുത്തു. *മില്ലെനാരിയനിസം* (millenarianism) എന്നറിയപ്പെടുന്ന ഈ പാഷണ്ഡതക്ക് ചില ക്രിസ്തീയസമൂഹങ്ങളുടെ ഇടയിൽ ഇന്നും വലിയ സ്വാധീനമുണ്ട്. "എന്റെ രാജ്യം ഐഹികമല്ല" (യോഹ 18,36) എന്നു പറഞ്ഞ യേശുവിന്റെ വ്യക്തമായ പഠനത്തിനു കടകവിരുദ്ധമാണ് ഭൗതികമായ ഈ വ്യാഖ്യാനം. തന്നെയുമല്ല, ഇതുവരെ കണ്ടവയെല്ലാം പ്രതീകാത്മകമായി വ്യാഖ്യാനിച്ചശേഷം ഈ ഒരു ഭാഗം മാത്രം വ്യാച്യാർത്ഥത്തിലെടുക്കുന്നത് സ്വീകാര്യമായ നടപടിയല്ല. അതിനാൽ കത്തോലിക്കാ സഭയും മുഖ്യ പ്രോട്ടസ്റ്റന്റ് സഭകളും ഈ വ്യാഖ്യാനത്തെ തള്ളിക്കളഞ്ഞിരിക്കുന്നു.

2. **ആദ്ധ്യാത്മികവും പ്രതീകാത്മകവുമായ വ്യാഖ്യാനം:** ആരംഭത്തിൽ മില്ലെനാരിയസനിത്തിന്റെ വക്താവായിരുന്ന വി. അഗസ്റ്റിൻ ആ വ്യാഖ്യാനത്തിന്റെ മൗഢ്യം മനസ്സിലാക്കിയിട്ട് അവതരിപ്പിച്ചതാണ് ആധ്യാത്മിക വ്യാഖ്യാനം. അതനുസരിച്ച് സാത്താന്റെ ബന്ധനം യേശുവിന്റെ മഹത്വീകരണത്തോടെ സംഭവിച്ച സാത്താന്റെ പതനം തന്നെയാണ്. ആദ്യത്തെ പുനരു

ത്ഥാനം മാമ്മോദീസാ വഴി ലഭിക്കുന്ന ദൈവികജീവനിലുള്ള പങ്കുചേരലിനെ സൂചിപ്പിക്കുന്നു. ആയിരം വർഷത്തെ ഭരണമാകട്ടെ യേശുവിന്റെ സ്വർഗ്ഗാരോഹണം മുതൽ രണ്ടാം വരവുവരെയുള്ള സഭയുടെ കാലമാണ്. ഈ വ്യാഖ്യാനം കത്തോലിക്കർ പൊതുവേ സ്വീകാര്യമായി കരുതുന്നു. എന്നാൽ ഇവിടെയും ചിലപ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ട്. ഒന്നാമത്തെ പുനരുത്ഥാനത്തെക്കുറിച്ചുള്ള പരാമർശം മാമ്മോദീസാവഴി ലഭിക്കുന്ന പുതുജീവനായി വ്യാഖ്യാനിക്കുന്നത് അപര്യാപ്തമാണ്. കാരണം രക്തസാക്ഷിത്വം വരിക്കുകയും പീഡനമേല്ക്കുകയും ചെയ്തവർക്കു വീണ്ടും ജീവൻ ലഭിക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. തന്നെയുമല്ല, മാമ്മോദീസാ സ്വീകരിച്ചവരെല്ലാം ഈ ലേകത്തെ ഭരിക്കുന്നു എന്ന വിശദീകരണവും യാഥാർത്ഥ്യത്തിനു നിരക്കുന്നതല്ല.

രണ്ടാമത്തെ വ്യാഖ്യാനം അടിസ്ഥാനപരമായി സ്വീകരിച്ചുകൊണ്ട് അതിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടുകയാണ് ഇവിടെ കരണീയമായിരിക്കുന്നത്. വെളിപാട് പുസ്തകത്തിൽ പൊതുവായി അവതരിപ്പിച്ചിരിക്കുന്ന വീക്ഷണത്തിന്റെയും ബൈബിളിന്റെ, പ്രത്യകിച്ചും പുതിയ നിയമത്തിന്റെ പഠനങ്ങളുടെയും വെളിച്ചത്തിലായിരിക്കണം ഇവിടെയും വിശദീകരണം തേടേണ്ടത്. യഹൂദ അപ്പോകലിപ്റ്റിക് ചിന്തകളെയോ ആദ്യ നൂറ്റാണ്ടിൽത്തന്നെ പാഷണ്ഡതയായി സഭ ശപിച്ചുതള്ളിയ വ്യാഖ്യാനങ്ങളേയോ കൂട്ടുപിടിച്ചല്ല വെളിപാട് പുസ്തകത്തിലെ ഏതുഭാഗവും മനസ്സിലാക്കാൻ ശ്രമിക്കേണ്ടത്.

1. സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ ഇറങ്ങുന്നത് ഞാൻ കണ്ടു. അവന്റെ കൈയ്യിൽ
2. പാതാളത്തിന്റെ താക്കോലും വലിയ ഒരു ചങ്ങലയുമുണ്ട്. അവൻ ഉഗ്രസർപ്പത്തെ - സാത്താനും പിശാചുമായ പുരാതന സർപ്പത്തെ പിടിച്ച് ആയിരം വർഷത്തേക്കു ബന്ധനത്തിലാക്കി. അതിനെ പാതാളത്തിലേക്കെറിഞ്ഞ് വാതിൽ
3. അടച്ചു മുദ്രവച്ചു. ആയിരം വർഷം പൂർത്തിയാകുവോളം ജനതകളെ അവൻ വഴിതെറ്റിക്കാതിരിക്കുന്നതിനുവേണ്ടിയാണിത്. തദനന്തരം അല്പസമയത്തേക്ക്
4. അവൻ അഴിച്ചുവിടപ്പെടേണ്ടിയിരിക്കുന്നു. പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു. അവയിൽ ഇരുന്നവർക്കു വിധിക്കാൻ അധികാരം നല്കപ്പെട്ടിരുന്നു. കൂടാതെ യേശുവിനു നല്കിയ സാക്ഷ്യത്തെയും ദൈവവചനത്തെയും പ്രതി ശിരഛേദം ചെയ്യപ്പെട്ടവരുടെ ആത്മാക്കളെയും, മൃഗത്തേയോ അതിന്റെ പ്രതിമയെയോ ആരാധിക്കുകയും തങ്ങളുടെ നെറ്റിയിലും കൈയ്യിലും അതിന്റെ മുദ്ര സ്വീകരിക്കുകയും ചെയ്യാതിരുന്നവരെയും ഞാൻ കണ്ടു. അവർ ജീവൻ പ്രാപിക്കുകയും ആയിരം വർഷം ക്രിസ്തുവിനോടുകൂടി വാഴുകയും ചെയ്തു.
5. മരിച്ചവരിൽ അവശേഷിച്ചവർ ആയിരം വർഷം പൂർത്തിയാകുന്നതുവരെ ജീവൻ പ്രാപിച്ചില്ല ഇതാണ് ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ
6. പുനരുത്ഥാനത്തിൽ പങ്കുകൊള്ളുന്നവർ അനുഗ്രഹീതരും പരിശുദ്ധരുമാണ്. ഇവരുടെമേൽ രണ്ടാമത്തെ മരണത്തിന് ഒരധികാരവുമില്ല. ഇവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായിരിക്കും. ഇവർ അവനോടു കൂടെ ആയിരം വർഷം ഭരിക്കുകയും ചെയ്യും.



**20,1-3** *സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരുന്ന ദൂതൻ* ദൈവത്തിന്റെ ഹിതം നടപ്പാക്കുന്നവനാണ്. *താക്കോൽ* അധികാരത്തെ സൂചിപ്പിക്കുന്നു. പാതാളത്തിന്റെ താക്കോൽ വെളി 9,1ൽ കണ്ടതാണ്. എന്നാൽ ആകാശത്തനിന്ന് വീണ നക്ഷത്രവും സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്ന ദൂതനും രണ്ടാണെന്ന് നാം കണ്ടുകഴിഞ്ഞു. സാത്താനു വെളിപാട് പുസ്തകത്തിൽ ഇതുവരെ നല്കിയ നാമങ്ങൾ നാലും ഒരുമിച്ച് ഇവിടെ ആവർത്തിച്ചുകൊണ്ട് സകല തിന്മകളുടെയും ഉറവിടവും അടിസ്ഥാനകാരണവുമാണ് പരാമർശിക്കപ്പെടുന്നത് എന്നു വ്യക്തമാക്കുന്നു.

സാത്താന്റെ ബന്ധനം വെളിപാടു പുസ്തകത്തിൽ ഇതുവരെ കണ്ടവയുടെയും പുതിയ നിയമത്തിലെ പൊതുവായ വീക്ഷണത്തിന്റെയും വെളിച്ചത്തിൽ മനസ്സിലാക്കാനാവും. യേശുവിന്റെ മഹത്വീകരണം സാത്താന്റെ പരാജയമായിരുന്നു (വെളി 12,5). യേശുവിന്റെ വിജയത്തിൽ സ്വർഗ്ഗവാസികൾ പങ്കുചേരുന്നതിന്റെ സൂചനയായി സാത്താൻ സ്വർഗ്ഗത്തിൽ നിന്നു വലിച്ചെറിയപ്പെട്ടു (വെളി 12,7-10). സപ്തമുദ്രകളും കാഹളങ്ങളും പാത്രങ്ങളുമായി ബന്ധപ്പെട്ട മഹാമാരികൾ സാത്താന്റെ അനുയായികളുടെമേലുള്ള ശിക്ഷാവിധിയെ ചിത്രീകരിച്ചു. മഹാബാബിലോണിന്റെ പതനം (വെളി 17-18) സാത്താന്റെ ഉപകരണമായിത്തീർന്ന റോമിന്റെ നാശം വരച്ചുകാട്ടി. മൃഗവും വ്യാജപ്രവാചകനും അഗ്നിതടാകത്തിലേക്ക് എറിയപ്പെട്ടത് (വെളി 19,20) സാത്താന്റെ സേവകരായ സാമ്രാജ്യത്തിന്റെയും ദൈവവിരുദ്ധ പ്രചരണങ്ങളുടെയും അന്ത്യം കുറിച്ചു. അടുത്തതായി സാത്താൻ തന്നെ ബന്ധിക്കപ്പെപ്പെടുന്നു. ഇവയെല്ലാം കാലാനുക്രമമായി ഒന്നിനുപുറകെ മറ്റൊന്ന് എന്ന രീതിയിൽ മനസ്സിലാക്കണമെന്നില്ല, ഒരേ യാഥാർത്ഥ്യത്തിന്റെ വിവിധങ്ങളായ ചിത്രീകരണങ്ങളാകാം. അഥവാ തിന്മയുടെ ശക്തിയായ സാത്താന്റെമേൽ യേശുവരിച്ച വിജയത്തിന്റെയും ആ വിജയത്തിലുള്ള മനുഷ്യവർഗ്ഗത്തിന്റെ പങ്കുചേരലിന്റെയും ദൈവശാസ്ത്രപരമായ വ്യാഖ്യാനമാവാം.

യേശുവിന്റെതന്നെ രണ്ടുവാക്യങ്ങൾ ഇതിലേക്കു കൂടുതൽ വെളിച്ചം വീശുന്നു. താൻ പിശാചുക്കളെ പുറത്താക്കുന്നതു വിശദീകരിക്കാനായി ശക്തനെ ബന്ധിക്കുന്ന ഉപമയാണ് യേശു പറഞ്ഞത്. ശക്തനായവനെ അവനെക്കാൾ ശക്തനായവൻ കീഴടക്കി ബന്ധിച്ചുകഴിയുമ്പോൾ ആദ്യത്തെ ശക്തന്റെ വസ്തുവകകൾ കൊള്ളയടിക്കപ്പെടുന്നു. (മത്താ 12,29). യേശുവിന്റെ അത്ഭുതപ്രവർത്തനങ്ങൾ സാത്താൻ ബന്ധിതനായതിന്റെ അടയാളമായിരുന്നു. കുരിശുമരണവും പുനരുത്ഥാനവും വഴിയാണ് യേശു സാത്താനെ പൂർണ്ണമായി പരാജയപ്പെടുത്തിയത്; അഥവാ ബന്ധിച്ചത്. "ഞാൻ

ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ 16,33) എന്നു പറയുമ്പോഴും ഇതേ വിജയമാണ് യേശു സൂചിപ്പിക്കുന്നത്. യേശുവിന്റെ മഹത്വീകരണത്തിലൂടെ മനുഷ്യവർഗ്ഗത്തിനു ലഭ്യമാകുന്ന രക്ഷയുടെ മുന്നാസ്വാദനവും അടയാളവുമായിരുന്നു അത്ഭുതപ്രവൃത്തികൾ. സാത്താൻ പരാജിതനും ബന്ധിതനുമായെങ്കിലും അവന്റെ പ്രവർത്തനശക്തി പൂർണ്ണമായി നഷ്ടപ്പെട്ടില്ല. എന്നാൽ, യേശുവിൽ വിശ്വസിക്കുകയും അവന്റെ പ്രവൃർത്തികൾ ചെയ്തുകൊണ്ട് ദൈവത്തോടു ചേർന്നു നില്ക്കുകയും ചെയ്യുന്നവർക്ക് സാത്താനെ ഭയപ്പെടേണ്ടതില്ല എന്ന് ഈ ബന്ധിക്കൽ പഠിപ്പിക്കുന്നു. പ്രലോഭനങ്ങൾ ഉണ്ടവുകയില്ലെന്നല്ല, അവയിൽ വീണപോകാതെ താങ്ങിനിറുത്താൻ കഴിവുള്ളവനാണ് ദൈവം എന്ന സത്യമാണ് ഇത് വെളിവാക്കുന്നത്.

ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്ന റോമാസാമ്രാജ്യം മറ്റേതു സാമ്രാജ്യത്തേയുംപോലെ തകരുമെന്നും അതിനുശേഷം ദീർഘകാലം സമാധാനമുണ്ടാകുമെന്നുള്ള മാനുഷികമായ പ്രതീക്ഷയും ഈ ചിത്രത്തിനും തുടർന്നുവരുന്ന ആയിരം വർഷത്തെ ഭരണത്തിന്റെ ദൃശ്യത്തിനും പിന്നിലുണ്ടാവാം. എന്നാൽ ഒരു സാമ്രാജ്യം തകരുമ്പോൾ മറ്റൊന്നുയർന്നുവരുന്നതും ചരിത്രവസ്തുതന്നെ. അതിനാൽ സാമ്രാജ്യങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന തിന്മയുടെ ശക്തി പൂർണ്ണമായി നശിക്കപ്പെട്ടാലേ മനുഷ്യന്റെ വിമാനവീകരണത്തിന് (dehumanization) അറുതിവരൂ. പൂർണ്ണമായ ആ മോചനത്തിലേക്കാണ് വെളിപാട്ഗ്രന്ഥകാരൻ അനുവാചകരെ അനേകം പ്രതീകങ്ങളിലൂടെയും ചരിത്രത്തിന്റെ സർപ്പളചലനത്തിലൂടെയും നയിക്കുന്നത്.

സാത്താന്റെ ബന്ധനവും കാലികമാണെന്നും ഉന്മൂലനം ഇനിയും നടക്കാനിരിക്കുന്നതേയുള്ളൂ എന്നും അനുസ്മരിപ്പിക്കുന്നതാണ് ആയിരം വർഷങ്ങൾക്ക്ശേഷം അവൻ അഴിച്ചുവിടപ്പെടേണ്ടിയിരിക്കുന്നു എന്ന പ്രവചനം. 20,8-10ൽ വിവരിക്കാൻ പോകുന്നതിന്റെ മുൻപ്രഖ്യാപനമാണിത്.

**20,4-6** സിംഹാസനങ്ങളിൽ ഇരിക്കുന്നത് ആരെന്നും ആരെ വിധിക്കാനാണ് അവർക്ക് അധികാരം നല്കപ്പെട്ടിരുന്നതെന്നും ഗ്രന്ഥകാരൻ പറയുന്നില്ല. ദാനിയേലിന്റെ മനുഷ്യപുത്രദർശനവുമായി ഈ ദർശനത്തിനുള്ള ബന്ധത്തിൽ നിന്ന് (ദാനി 7,10) സ്വർഗ്ഗീയകോടതിയുടെ ചിത്രമാണിതെന്ന് ഊഹിക്കാം. തുടർന്ന് രക്തസാക്ഷികളുടെയും വിശ്വസ്തരുടെയും ചിത്രം അവതരിപ്പിക്കുന്നതിനാൽ അവരുടെമേൽ ആയിരിക്കണം വിധി പ്രസ്താവിക്കുന്നത്. രക്തസാക്ഷികളുടെ പ്രാർത്ഥനയും നിലവിളികളും അവർക്കു ലഭിച്ച പ്രത്യുത്തരവും (വെളി 6,10-11) ഇവിടെ കണക്കിലെടുക്കാം. മരണത്തിലൂടെ വിജയം വരിച്ചവർ സ്വർഗ്ഗത്തിൽ ദൈവത്തെ സ്തുതിക്കുന്ന പല ദൃശ്യങ്ങൾ ഗ്രന്ഥകാരൻ അവതരിപ്പിച്ചുകഴിഞ്ഞു (7,9-12; 14,1-5; 15,2-4; 19,6-8).



മരണംവരെ ക്രിസ്തുവിനോടു വിശ്വസ്തത പുലർത്തിയവർക്ക് ലഭിക്കുന്ന നിത്യജീവനും സ്വർഗ്ഗഭാഗ്യവുമാണ് *ഒന്നാമത്തെ പുനരുത്ഥാനം.*

അനശ്വരമായ നിത്യഭാഗ്യം ലഭിച്ചവർ *ക്രിസ്തുവിനോടൊത്ത് ആയിരം വർഷം ഭരിക്കുക* എന്നതിന് ആധിപത്യം സ്ഥാപിക്കുക എന്ന് മാത്രമല്ല അർത്ഥമുള്ളത്. ക്രിസ്തവിന്റെ രാജത്വത്തിൽ പങ്കുചേരുന്നതാണ് ഇവിടെ വിവക്ഷിക്കപ്പെടുന്ന ഭരണം. അത് ലൗകികഭരണാധികാരികളുടേതിൽ നിന്നും വ്യത്യസ്തമാണ് (ലൂക്കാ 22,24-30). മരണത്തിലൂടെ വിജയം വരിക്കുന്നവർക്കു ക്രിസ്തു വാഗ്ദാനം ചെയ്തതാണ് ഈ രാജത്വം (വെളി 3,21). അവർ ആയിരം വർഷം ഭരിക്കും എന്ന് വീണ്ടും 6-ാം വാക്യത്തിൽ ആവർത്തിക്കുന്നു. പൗരോഹിത്യവുമായി ബന്ധപ്പെടുത്തിയാണ് അവിടെ രാജത്വം അവതരിപ്പിക്കുന്നത്. അതിനാൽ ആയിരം വർഷത്തെ ഭരണം സ്വർഗ്ഗഭാഗ്യം നേടിയവരുടെ രാജകീയ പൗരോഹിത്യത്തെ സൂചിപ്പിക്കുന്നു എന്ന് അനുമാനിക്കാം. അതുവഴി അവർ ലോകം ഭരിക്കുകയല്ല, ദൈവത്തിനും ക്രിസ്തവിനും സ്തുതിഗീതങ്ങളുടെ പുരോഹിതശുശ്രൂഷയർപ്പിക്കകകയും ദൈവഹിതം പൂർണ്ണമായി സ്വീകരിച്ച് ദൈവത്തിന്റെ രാജഭരണത്തിൽ പങ്കുകാരാവുകയുമാണ് ചെയ്യുന്നത്.

മൃഗത്തോടും സർപ്പത്തോടും വിശ്വസ്തത പുലർത്താനായി ദൈവത്തെ തള്ളിപ്പറഞ്ഞവരെക്കുറിച്ചാണ് 5-ാം വാക്യം പരാമർശിക്കുന്നത്. അവർ അന്തിമവിധിയുടെ സമയംവരെ മരിച്ചവരായി തുടരും എന്ന് ഇവിടെ പഠിപ്പിക്കുന്നു. നിത്യശിക്ഷയനുഭവിക്കാൻ വേണ്ടയായിരിക്കും അവർ ഉയിർപ്പിക്കപ്പെടുക.

*ആയിരം വർഷം* എന്നത് ദീർഘമായൊരു കാലയളവിനെ സൂചിപ്പിക്കുന്നു. അത് അവസാനിക്കുന്നത് അന്തിമവിധിയോടെയാണ്. ഭൂമിയിലെ സഭയുടെ സഹനത്തിന്റെ കാലമായ മൂന്നര വർഷത്തോട് സമാന്തരമാണ് സ്വർഗ്ഗത്തിലെ സഭയുടെ ഭരണത്തിന്റെ ആയിരം വർഷം (2 പത്രോ 3,8; സങ്കീ 90,4). വിശ്വാസികളെ സംബന്ധിച്ചിടത്തോളം മരണത്തോടെ ഈ ആയിരം വർഷം ആരംഭിക്കുന്നു. ഒന്നാമത്തെ പുനരുത്ഥാനമാകുന്ന സ്വർഗ്ഗഭാഗ്യത്തിൽ പങ്കുകൊള്ളുന്നവർക്ക് പിന്നീട് ശിക്ഷാവിധിയെയൊ നിത്യനാശമാകുന്ന രണ്ടാം മരണത്തെയോ ഭയപ്പെടേണ്ടതില്ല.

## 4. സാത്താന്റെ നാശം 20, 7-10

7. എന്നാൽ ആയിരം വർഷം പൂർത്തിയാകുമ്പോൾ സാത്താൻ ബന്ധനത്തിൽ
8. നിന്ന് മോചിതനാകും. ഭൂമിയുടെ നാലു കോണിലുമുള്ള ജനതകളെ വഴി തെറ്റിക്കാൻ അവൻ പുറത്തു വരും. ഗോഗ്, മാഗോഗ് എന്നിവയെ യുദ്ധത്തിനായി അവൻ ഒന്നിച്ചുകൂട്ടും. അവരുടെ സംഖ്യ കടൽപ്പുറത്തെ മണൽത്തരികളോളം

9. ആയിരിക്കും. അവർ ഭൂതലത്തിൽ കയറിവന്ന് വിശുദ്ധരുടെ പാളയവും
പ്രിയപ്പെട്ട പട്ടണവും വളഞ്ഞു. എന്നാൽ സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയിറങ്ങി
അവരെ വിഴുങ്ങി. അവരെ വഴി തെറ്റിക്കുന്ന പിശാചാകട്ടെ, മൃഗവും വ്യാജ
പ്രവാചകനും വസിച്ചിരുന്ന ഗന്ധകാഗ്നിത്തടാകത്തിലേക്ക് എറിയപ്പെട്ടു.
അവിടെ രാപകൽ നിത്യകാലത്തേക്ക് അവർ പീഡിപ്പിക്കപ്പെടും.

20,7-8 സാത്താന്റെ ബന്ധനം നിശ്ചിതകാലത്തേക്കു മാത്രമായിരുന്നു എന്ന് 20,3 ൽ മുൻകൂട്ടി അറിയിച്ചത് ഇവിടെ യാഥാർത്ഥ്യമാകുന്നു. യുഗാന്തത്തിനു തൊട്ടു മുമ്പ് വിശ്വാസികൾ വലിയ പ്രലോഭനത്തിനും പീഡനങ്ങൾക്കും വിധേയരാകും എന്ന് ക്രിസ്തുനാഥൻ പറഞ്ഞതിനെ (മത്താ 24,29; മർക്കോ 13,24) അനുസ്മരിപ്പിക്കുന്നതാണ് ഈ മോചനവും തുടർന്നുണ്ടാകുന്ന യുദ്ധവും. മിശിഹായുടെ ആയിരം വർഷത്തെ ഭരണകാലത്തും ഭൂമിയിൽ ദൈവവിരുദ്ധ ശക്തികൾ നിലനില്ക്കുന്നു എന്ന സൂചനയാണ് നാലു കോണുകളിലുമുള്ള ജനതകൾ എന്ന പരാമർശത്തിൽ നിന്നു ലഭിക്കുക ( വെളി 7,1). എത്രതവണ പരാജയപ്പെട്ടാലും വീണ്ടും പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരുന്ന തിന്മയുടെ ചിത്രം ഒരിക്കൽക്കൂടി ഇവിടെ വരച്ചുകാട്ടുന്നു. സാത്താന്റെ നൈസർഗ്ഗികമായ പ്രവൃത്തിയാണ് വഴി തെറ്റിക്കൽ. വ്യാജപ്രവാചകന്റെ ജോലിയാണിത്. ദൈവവിരുദ്ധപ്രചരണങ്ങളിലൂടെ സാത്താൻ ജനസമൂഹങ്ങളെ ദൈവത്തിനും ദൈവജനത്തിനും എതിരേ തിരിക്കുന്നു.

*മാഗോഗ് ദേശത്തെ ഗോഗ്* പുനരുദ്ധരിക്കപ്പെട്ട ഇസ്രായേലിനെതിരെ യുദ്ധത്തിനു വന്ന് ജറുസലേമിനു ചുറ്റും പാളയം അടിക്കുമെന്നും ദൈവം ഗോഗിനെ വധിക്കുമെന്നും തുടർന്ന് പുതിയ ജറുസലേമിനെ സൃഷ്ടിക്കുമെന്നും ഉള്ള എസക്കിയേലിന്റെ പ്രവചനങ്ങൾ (എസെ 38-39) സാത്താന്റെ നാശം, പുതിയ സൃഷ്ടി, പുതിയ ജറുസലേം (വെളി 21,1-27) എന്നിവയുടെ വിവരണത്തിനു പശ്ചാത്തലമായി നില്ക്കുന്നു. ഹർമഗദോൻ യുദ്ധത്തെ (വെളി 16,16; 19,17-21) അനുസ്മരിപ്പിക്കുന്നതാണ് ഇവിടെ വിവരിക്കുന്ന ഗോഗ് മാഗോഗ് യുദ്ധം. തിന്മയുടെ അവസാനത്തെ പോരാട്ടമാണിത്.

**20,9** മരുഭൂമിയിലൂടെയുള്ള ഇസ്രായേൽ ജനത്തിന്റെ യാത്ര അനുസ്മരിപ്പിക്കുന്നതാണ് *പാളയം* (സംഖ്യ 2,2-34). ഭൂമിയിലൂടെ സ്വർഗ്ഗത്തെ ലക്ഷ്യം വച്ച് യാത്രചെയ്യുന്ന തീർത്ഥാടകസമൂഹമായ സഭയാണ് ദൈവജനം എന്ന് പാളയത്തിന്റെ പ്രതീകം അനുസ്മരിപ്പിക്കുന്നു. *പ്രിയപ്പെട്ട പട്ടണം* ജറുസലേമിനെ സൂചിപ്പിക്കുന്നു. പാളയത്തിന്റെയും വിശുദ്ധനഗരത്തിന്റെയും പ്രതീകങ്ങൾ സംയോജിപ്പിച്ച ചിത്രം സഭയുടെ തീർത്ഥാടകസ്വഭാവും സഭയുടെ മധ്യേയുള്ള ദൈവത്തിന്റെ വാസവും ഒരുമിച്ചു ധ്വനിപ്പിക്കുന്നു. സാത്താന്റെ സൈന്യനിര യുദ്ധത്തിനൊരുങ്ങിയെങ്കിലും ഹർമഗദോനിൽ



എന്നപോലെ ഇവിടെയും യുദ്ധത്തിന്റെ വിവരണമില്ല. *സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയിറങ്ങി നശിപ്പിക്കുന്നത്* ദൈവത്തിന്റെ ശിക്ഷാവിധിയുടെ സൂചനയാണ് (2രാജാ 1,9-14; ലൂക്കാ 9,54; വെളി 11,5). ദൈവത്തിനെതിരേ ചെറുത്തുനില്ക്കാൻ ഒരു ശക്തിക്കും സാധിക്കുകയില്ല.

**20,10** സാത്താനെക്കുറിച്ചുള്ള അവസാനത്തെ പരാമർശമാണിത്. തിന്മയെ പൂർണ്ണമായും ഉന്മൂലനം ചെയ്യുകയും എന്നേക്കമായി നശിപ്പിക്കുകയും ചെയ്യുന്നതിന്റെ ചിത്രം അഗ്നിത്തടാകത്തിന്റെ പ്രതീകത്തിലൂടെ വരച്ചുകാട്ടുന്നു. പാതാളത്തിൽ നിന്നുമോചനമുണ്ട്; എന്നാൽ അഗ്നിത്തടാകം *നരകം* എന്നു വിളിക്കുന്ന നിത്യമായ പീഡനത്തിന്റെ സ്ഥലമാണ്. മൃഗവും വ്യാജപ്രവാചകനും വസിക്കുന്ന അഗ്നിത്തടാകം നാം കണ്ടുകഴിഞ്ഞു ( വെളി 19,20). അവരുടെ നേതാവായ സാത്താനും അവരോട് ചേരുന്നു.

## 5. അവസാനവിധി 20,11-15

11. വെണ്മയേറിയ ഒരു വലിയ സിംഹാസനവും അതിൽ ഇരിക്കുന്നവനെയും
ഞാൻ കണ്ടു. അവന്റെ മുമ്പിൽ നിന്ന് ഭൂമിയും ആകാശവും ഓടിയകന്നു.
12. അവക്ക് ഒരു സങ്കേതവും ലഭിച്ചില്ല. മരിച്ചവരെല്ലാവരും, വലിയവരും ചെറി
യവരും, സിംഹാസനത്തിനു മുമ്പിൽ നില്ക്കുന്നതു ഞാൻ കണ്ടു. ഗ്രന്ഥങ്ങൾ
തുറക്കപ്പെട്ടു. മറ്റൊരു ഗ്രന്ഥവും തുറക്കപ്പെട്ടു. അതു ജീവന്റെ ഗ്രന്ഥമാണ്.
ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന തങ്ങളുടെ പ്രവൃത്തികൾക്കനുസരണം മരി
13. ച്ചവർ വിധിക്കപ്പെട്ടു. തന്നിലുണ്ടായിരുന്ന മൃതരെ സമുദ്രം വിട്ടുകൊടുത്തു.
മരണവും പാതാളവും തങ്ങളിലുണ്ടായിരുന്ന മൃതരെയും വിട്ടുകൊടുത്തു.
അവരെല്ലാവരും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസൃതം വിധിക്കപ്പെട്ടു.
14. മൃത്യുവും പാതാളവും അഗ്നിത്തടാകത്തിലേക്ക് എറിയപ്പെട്ടു. ഇതാണു രണ്ടാ
15. മത്തെ മരണം-അഗ്നിത്തടാകം. ജീവന്റെ ഗ്രന്ഥത്തിൽ പേരെഴുതപ്പെട്ടതായി
കാണപ്പെടാത്തവരെല്ലാം അഗ്നിത്തടാകത്തിലേക്ക് എറിയപ്പെട്ടു.

**20,11** ദാനിയേലിന്റെ ദർശനത്തെ (ദാനി 7,9) അനുസ്മരിപ്പിക്കുന്നതാണ് അവസാനവിധിയുടെ ചിത്രീകരണം. പ്രപഞ്ചത്തിന്റെ നാഥനും വിധിയാളനും ദൈവം മാത്രമാണന്ന് ഈ ചിത്രം വ്യക്തമാക്കുന്നു. *വെണ്മയേറിയ വലിയ സിംഹാസനം* വിജയത്തിന്റെയും, വിശുദ്ധവും നീതിയുക്തവുമായ അധികാരത്തിന്റെയും പ്രതീകമാണ്. അതിൽ ഇരിക്കുന്നത് പിതാവായ ദൈവം തന്നെ (വെളി 4,2). ഭൂമിയും ആകാശവും ഓടിയകലുന്നത് ദൈവത്തിന്റെ മഹിമാപ്രഭാവത്തെയും അതിനു മുമ്പിൽ അധർമ്മികൾക്കുണ്ടാകുന്ന ഭയത്തെയും സൂചിപ്പിക്കുന്നു. ദൈവസന്നിധിയിൽ നിന്ന് ഒളിക്കാൻ ആർക്കും സാധിക്കുകയില്ല (സങ്കീ 139,7).

**20,12-13** മരിച്ചവരുടെ പുനരുത്ഥാനത്തിന്റെയും പൊതുവിധിയുടെയും ദൃശ്യമാണ് അടുത്തതായി കാണുന്നത്. സകല മരിച്ചവരും ഉയിർപ്പിക്കപ്പെ

ടുകയും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പിൽ നിർത്തപ്പെടുകയും ചെയ്യും എന്നു തറപ്പിച്ചുപറയാൻ വേണ്ടിയാണ് *സമുദ്രവും പാതാളവും മൃത്യുവും തങ്ങളിലുണ്ടായിരുന്ന മൃതരെ വിട്ടുകൊടുത്തു* എന്ന് പറയുന്നത്. എപ്രകാരം മരിച്ചാലും, മൃതശരീരത്തിന് എന്തു സംഭവിച്ചാലും എല്ലാവരും ഉയിർത്തെഴുന്നേറ്റ് വിധിയെ നേരിടേണ്ടിവരും എന്ന് ഇത് പഠിപ്പിക്കുന്നു. രണ്ടതരം ഗ്രന്ഥങ്ങളെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നുണ്ട്. മനുഷ്യന്റെ ചെയ്തികൾ രേഖപ്പെടുത്തിയിരിക്കുന്നതാണ് *ഗ്രന്ഥങ്ങൾ*; തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നത് *ജീവന്റെ ഗ്രന്ഥവും.* ദൈവത്തിന്റെ തിരഞ്ഞെടുപ്പും മനുഷ്യന്റെ ഉത്തരവാദിത്വവും സംയോജിപ്പിക്കുന്നതാണ് രണ്ടുതരം ഗ്രന്ഥങ്ങളുടെ ചിത്രം. ഓരോരുത്തരും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസൃതം വിധിക്കപ്പെടും എന്ന പഠനം പഴയനിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ തെളിഞ്ഞുനില്ക്കുന്നു (സങ്കീ 62,12; ജറെ 17,10; മത്താ 25,31-46; റോമ 2,6). ഈ ലോകത്തിൽ വച്ച് ഓരോരുത്തരും എടുക്കുന്ന തീരുമാനങ്ങളും ചെയ്യുന്ന പ്രവൃത്തികളുംവഴി തങ്ങളുടെ നിത്യമായ വിധി എഴുതപ്പെടുകയാണ് ചെയ്യുന്നത്. അതിന്റെ പരസ്യമായ പ്രഖ്യാപനം മാത്രമാണ് ദൈവം നടത്തുന്ന വിധി. *ജീവന്റെ പുസ്തകം* 3,5ൽ നാം കണ്ടതാണ്.

**20,14-15** സാത്താന്റെ പ്രലോഭനത്തിനു വഴങ്ങിയ മനുഷ്യനിൽ ആധിപത്യമുറപ്പിച്ച പാപത്തിന്റെ ഫലമാണ് *മരണം.* മനുഷ്യന്റെ അവസാനത്തെ ശത്രുവായി മരണത്തെ ചിത്രീകരിക്കുന്ന വി. പൗലോസ് മരണത്തിന്റെതന്നെ ഉന്മൂലനത്തെക്കുറിച്ചും പഠിപ്പിക്കുന്നുണ്ട് (റോമ 5,12; 1കോറി 15,54-56).

മരിച്ചവരുടെ വിശ്രമസ്ഥലവും പിശാചുക്കളുടെ സങ്കേതവും സാത്താന്റെ തടവറയുമായി ചിത്രീകരിക്കപ്പെടുന്നതിനാൽ *പാതാളവും* തിന്മയായി പരിഗണിക്കപ്പെടുന്നു. പാതാളവും മരണവും അഗ്നിത്തടാകത്തിലേക്ക് എറിയപ്പെടുന്നതോടെ തിന്മയുടെമേലുള്ള ദൈവത്തിന്റെ വിജയം പൂർണ്ണമാകുന്നു. തിന്മയുടെ ഉന്മൂലനം മാത്രമല്ല, സത്യത്തിന്റെയും നീതിയുടെയും സമ്പൂർണ്ണമായ പുനഃസ്ഥാപനവും വിളിച്ചറിയിക്കുന്നതാണ് അഗ്നിത്തടാകം. ജീവന്റെ ഗ്രന്ഥത്തിൽ പേരെഴുതപ്പെടാത്തവർ പ്രവൃത്തികളുടെ ഗ്രന്ഥത്തിൽ ശിക്ഷാർഹരായി കാണപ്പെട്ടവരാണ്. അവരുടെയും അന്ത്യം നിത്യശിക്ഷതന്നെ.

## 6. പുതിയ ആകാശം, പുതിയ ഭൂമി 21, 1-8

1. ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു, എന്തെന്നാൽ, ആദ്യ
ത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി. കടലും ഇല്ലാതായി.



2. വിശുദ്ധ നഗരമായ പുതിയ ജറുസലെം ഭർത്താവിനായി അണിഞ്ഞൊരു
ങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന്,
3. ഇറങ്ങി വരുന്നതു ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്ന് ഇങ്ങനെ പറയു
ന്ന വലിയ ഒരു സ്വരം ഞാൻ കേട്ടു: ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യ
രോടുകൂടെ. അവിടുന്നു അവരോടൊത്തു വസിക്കും. അവർ അവിടുത്തെ
ജനമായിരിക്കും. ദൈവം തന്നെ അവരോടുകൂടെ ആയിരിക്കുകയും ചെയ്യും.
4. അവിടുന്ന് അവരുടെ മിഴികളിൽനിന്ന് കണ്ണീരെല്ലാം തുടച്ചുനീക്കും. ഇനി
മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ വിലാപമോ മുറവിളിയോ വേദനയോ
5. ഉണ്ടാവുകയില്ല. എന്തെന്നാൽ പഴയതെല്ലാം കടന്നുപോയി. സിംഹാസനത്തിലി
രിക്കുന്നവൻ പറഞ്ഞു: ഇതാ സകലവും ഞാൻ നവീകരിക്കുന്നു. അവൻ വീ
ണ്ടും പറഞ്ഞു: എഴുതുക. എന്തെന്നാൽ ഈ വചനങ്ങൾ വിശ്വാസയോഗ്യവും
6. സത്യവുമാണ്. പിന്നെ അവൻ എന്നോടു പറഞ്ഞു: സംഭവിച്ചുകഴിഞ്ഞു. ഞാൻ
ആൽഫയും ഒമേഗയുമാണ്-ആദിയും അന്തവും. ദാഹിക്കുന്നവനു ജീവജല
7. ത്തിന്റെ ഉറവയിൽ നിന്ന് സൗജന്യമായി ഞാൻ കൊടുക്കും. വിജയം വരി
ക്കുന്നവന് ഇവയെല്ലാം അവകാശമായി ലഭിക്കും. ഞാൻ അവന് ദൈവവും
8. അവൻ എനിക്ക് മകനുമായിരിക്കുകയും ചെയ്യും. എന്നാൽ ഭീരുക്കൾ, അവി
ശ്വാസികൾ, ദുർമാർഗ്ഗികൾ, കൊലപാതകികൾ, വ്യഭിചാരികൾ, മന്ത്രവാദികൾ,
വിഗ്രഹാരാധകർ, കാപട്യക്കാർ എന്നിവരുടെ ഓഹരി തീയും ഗന്ധകവും എരി
യുന്ന തടാകമായിരിക്കും. ഇതാണു രണ്ടാമത്തെ മരണം.

വെളിപാടുപുസ്തകം അവതരിപ്പിക്കുന്ന പ്രപഞ്ചനാടകത്തിന്റെ ഉച്ചകോടിയും രക്ഷാചരിത്രത്തിന്റെ പൂർത്തികരണവുമാണ് ഇവിടെ ദൃശ്യമാകുന്നത്. തിന്മക്കെതിരേയുള്ള യുദ്ധം അവസാനിക്കുകയും തീർത്ഥാടകസമൂഹം ലക്ഷ്യത്തിലെത്തുകയും ചെയ്യുന്നതിന്റെ അതിമനോഹരമായ ചിത്രം പഴയനിയമപ്രവചനങ്ങളിൽനിന്നു തിരഞ്ഞെടുത്ത വിവിധ വർണ്ണങ്ങളിൽ വരച്ചു കാട്ടുന്നു.

**21,1** *പുതിയ ആകാശവും പുതിയ ഭൂമിയും* നവീകരിക്കപ്പെട്ട ലോകമാണ് (ഏശ 65,17; 66,22) പുതിയ സ്വഭാവത്തെ സൂചിപ്പിക്കുന്ന *'കയ്നോസ്'* എന്ന വിശേഷണമാണ് ഇവിടെ ഉപയോഗിക്കുന്നത്. പുതിയ നാമം (വെളി 2,17;3,12). പുതിയ ഗീതം (വെളി 5,9; 14,3) എന്നിവക്കായി ഉപയോഗിച്ചുകണ്ട പദമാണിത്. ഈ പദം ഇവിടെ നാലു തവണ ആവർത്തിച്ചുകൊണ്ട് ദൈവം നടത്തുന്ന നവീകരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. ഭൗതികമായ അർത്ഥത്തിലുള്ള ആകാശത്തിന്റെയും ഭൂമിയുടെയും പുതുക്കലല്ല, ദൈവവും മനുഷ്യനും തമ്മിലുള്ള പുതിയ ബന്ധത്തിന്റെ സംസ്ഥാപനമാണ് ഇവിടെ നവീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഗ്രന്ഥകാരൻ ഇത് തുടർന്നു വിശദമാക്കുന്നുണ്ട്. തിന്മക്കധീനമായ പഴയലോകം കടന്നുപോകുന്നതിന്റെ വിവരണം കണ്ടുകഴിഞ്ഞതാണ്. *കടൽ ഇല്ലാതായി* എന്നതു രണ്ടു സൂചനകൾ നല്കുന്നു. 1. ഭീകരജീവികളുടെ താവളവും യാത്രക്കാർക്ക് അപകട

കാരിയുമായ കടൽ തിന്മയുടെ പ്രതീകമായിരുന്നു (വെളി 13,1). കടൽ ഇല്ലാതാവുന്നത് തിന്മയുടെ ഉന്മൂലനത്തിന്റെ സൂചനനല്കുന്നു. ഇനി യാതൊന്നിനെയും ഭയപ്പെടേണ്ടതില്ല. 2. മനുഷ്യനും ദൈവത്തിനും ഇടയിലുള്ള അകലത്തിന്റെ സൂചനയാണ് പളുങ്കുകടൽ (വെളി 4,6;15,2). പാപം മൂലം സംജാതമായ ഈ അകലം ഇല്ലായായിരിക്കുന്നു എന്ന സൂചനയും കടലിന്റെ തിരോധാനത്തിൽനിന്നു ലഭിക്കുന്നു.

**21,2** മഹത്വീകരിക്കപ്പെട്ട സഭയുടെ ചിത്രം പുതിയ ജറുസലേമിന്റെയും മണവാട്ടിയുടെയും പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നു. പുതിയ ജറുസലേമിനെക്കുറിച്ച് അടുത്ത ഭാഗത്ത് (വെളി 21,9-20,5) വിശദമായി പ്രതിപാദിക്കുന്നുണ്ട്. വിശുദ്ധരുടെ സൽപ്രവൃത്തികളാൽ അണിഞ്ഞൊരുങ്ങിയ മണവാട്ടിയെ 19,7-8ൽ അവതരിപ്പിച്ചുകഴിഞ്ഞു. "സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്ന" ദൈവമാണ് സഭയെ രൂപപ്പെടുത്തുകയും നിർമ്മലയായി കാത്തുസൂക്ഷിക്കുകയും ചെയ്യുന്നത്.

**21,3.** പറുദീസായിൽ ആദിമനുഷ്യനോടൊത്ത് ഉലാത്തുകയും, ഇസ്രായേൽ ജനത്തിന്റെ മധ്യേ വാഗ്ദാനപേടത്തിൽ പ്രമാണങ്ങളിലൂടെ തന്റെ സാന്നിധ്യം പ്രകടമാക്കുകയും, യേശുവിൽ മാംസം ധരിച്ച് വചനമായി വസിക്കുകയും ചെയ്ത ദൈവം പ്രതീകങ്ങളില്ലാതെ ശാശ്വതമായി മനുഷ്യരുടെ മധ്യേ വസിക്കുന്നു. *ദൈവത്തിന്റെ കൂടാരവും* ജനത്തോടുള്ള ഉടമ്പടിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട് (ലേവ്യ 26, 11-12). ലംഘിക്കപ്പെട്ട സീനായ് ഉടമ്പടിയുടെ സ്ഥാനത്ത് ദൈവം പുതിയ ഉടമ്പടി വാഗ്ദാനം ചെയ്തു (ജറെ 31,33; എസെ 27,27). ഈ വാഗ്ദാനം പൂർത്തിയാവുന്നതിന്റെ ചിത്രമാണ് ഇവിടെ വരച്ചുകാട്ടുന്നത്. ദൈവവും ദൈവജനവും തമ്മിലുള്ള ഗാഢമായ ഐക്യമാണ് ഉടമ്പടിയുടെയും വാസത്തിന്റെയും പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നത്. ഈ ബന്ധത്തെ വിവാഹബന്ധമായി ചിത്രീകരിക്കുന്നു.

**21,4.** *വേദനയും മരണവും മുറവിളിയും കണ്ണീരും* തിന്മയ്ക്കധീനമായ പഴയലോകത്തിന്റെ ഭാഗങ്ങളാണ്. അവയ്ക്കെല്ലാം ദൈവം അറുതിവരുത്തും എന്ന പ്രതീക്ഷ പഴയനിയമപ്രവചനങ്ങളിൽ (ഏശ 35,10; 25,8; 65,19) പ്രധ്വനിക്കുന്നുണ്ട്. യേശു തന്നെ വാഗ്ദാനംചെയ്ത അഷ്ടഭാഗ്യങ്ങളുടെ (മത്താ 5,1-12) പൂർത്തീകരണം ഇവിടെ വിവരിക്കുന്നു. കണ്ണീർ തുടച്ചുനീക്കുന്ന ചിത്രം ഒരു മുന്നാസ്വാദനമെന്നപോലെ 7,17 ൽ നാം കണ്ടു കഴിഞ്ഞു. മരണത്തിന്റെ ഉന്മൂലനം 20,14 ൽ വിവരിച്ചു.

**21,5** സർവ്വശക്തനായ ദൈവം തന്നെയാണ് സിംഹാസനത്തിൽ നിന്ന് സംസാരിക്കുന്നത്. എല്ലാം സൃഷ്ടിച്ചവൻ എല്ലാറ്റിനെയും നവീകരിക്കുന്നു. പുതിയ സൃഷ്ടിക്കു തുല്യമായ നവീകരണം ദൈവത്തിനുമാത്രം സാധ്യ



മായ പ്രവൃത്തിയാണ്. പ്രപഞ്ചത്തിന്റെയും (ഏശ 65,17) മനുഷ്യവ്യക്തികളുടെയും (2കോറി 3,18; 4,16-18; 5,16-17) നവീകരണം യേശുക്രിസ്തുവിലൂടെ ദൈവം സാക്ഷാൽക്കരിക്കുന്നു. *എഴുതുക* എന്ന കല്പന സന്തോഷത്തിന്റെ ഈ സദ്വാർത്ത പീഡനത്താൽ മനം തളരുന്ന സഭക്ക് എത്തിച്ചുകൊടുക്കാൻ ദൈവം തന്നെയാണ് ആജ്ഞാപിക്കുന്നതെന്ന് ഊന്നിപ്പറയുന്നു. ഏഴു സഭകൾക്കുള്ള ലേഖനങ്ങളിൽ ആവർത്തിച്ച ഈ കല്പന വീണ്ടും രണ്ടു തവണകൂടി (വെളി 14,13; 19,9) നാം കണ്ടതാണ്.

**21,6** *സംഭവിച്ചുകഴിഞ്ഞു* ചരിത്രത്തിൽ ഇനിയും സംഭവിക്കേണ്ടതിനെ സംഭവിച്ചു കഴിഞ്ഞതായി അവതരിപ്പിക്കുന്നു. പ്രവാചകവചനമാണിത്. ദൈവത്തിന്റെ ദൃഷ്ടിയിൽ ഇത് യാഥാർത്ഥ്യമായിക്കഴിഞ്ഞു. ഒരേ അർത്ഥമുള്ള വിശേഷണങ്ങളാണ് *ആൽഫായും ഒമേഗയും, ആദിയും അന്തവും*. പിതാവായ ദൈവത്തെ എല്ലാറ്റിന്റെയും ഉറവിടവും ലക്ഷ്യവുമായി എടുത്തുകാട്ടുന്ന ഇതേ വിശേഷണങ്ങൾ യേശുക്രിസ്തുവിനും നല്കുന്നത് (വെളി 22,13) ശ്രദ്ധേയമത്രെ.

മനുഷ്യന്റെ അഗാധമായ ആഗ്രഹങ്ങളും അന്വേഷണങ്ങളും സഫലമാകുന്നത് ദൈവവുമായുള്ള ഐക്യത്തിൽ എത്തുമ്പോഴാണ്. അത് ദൈവം തന്നെ സാധ്യമാക്കും എന്ന് *ജീവജലത്തിന്റെ* പ്രതീകത്തിലൂടെ ഉറപ്പു നല്കുന്നു. ദൈവം തന്നെയാണ് ജീവജലത്തിന്റെ ഉറവ (ജറെ 2,13). നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന ജീവജലത്തിന്റെ ഉറവയെക്കുറിച്ച് യേശു നല്കിയ വാഗ്ദാനം (യോഹ 4,14; 7,37-38) ഇവിടെ പൂർത്തിയാകുന്നു.

**21,7-8** മരണംവരെ വിശ്വസ്തത പുലർത്തുന്നവരാണ് വിജയംവരിക്കുന്നവർ. സഭാസമൂഹത്തോടു മാത്രമല്ല, ഓരോ വ്യക്തിയോടും ദൈവം ഉടമ്പടി ചെയ്യുന്നു. വിശ്വാസികളുടെ ദൈവപുത്രസ്ഥാനത്തെക്കുറിച്ച് പുതിയനിയമത്തിൽ അനേകം പരാമർശങ്ങളുണ്ട് (യോഹ 1,12; റോമാ 8,17; 1യോഹ 3,2). പുത്രനായ ദൈവത്തിനു പിതാവായ ദൈവത്തോടുള്ള പ്രത്യക ബന്ധത്തിൽ നിന്ന് മനുഷ്യർക്കു ദൈവത്തോടുള്ള ബന്ധത്തെ വേർതിരിച്ചു കാണിക്കാൻവേണ്ടിയാണ് *ഞാൻ അവനു ദൈവമായിരിക്കും* എന്ന് പറയുന്നത്. നിത്യഭാഗ്യത്തിന് അർഹതയില്ലാത്തവരുടെ പട്ടികയിൽ എട്ടു വിശേഷണങ്ങളുണ്ട്. അവയിൽ ആദ്യത്തേത് ഭീരുത്വമാണ്. ക്രിസ്തുവിനോടുള്ള വിശ്വസ്തതയേക്കാൾ സ്വന്തം ജീവനെയും സുഖസൗകര്യങ്ങളെയും വിലമതിക്കുന്നവരാണ് *ഭീരുക്കൾ*. വിശ്വാസം നഷ്ടപ്പെടുത്തിയവരാണ് *അവിശ്വാസികൾ*. ഗ്രന്ഥം രചിക്കപ്പെട്ട മതപീഡനത്തിന്റെ പശ്ചാത്തലത്തിൽ മാത്രമല്ല, വിശ്വാസം ത്യാഗങ്ങൾ ആവശ്യപ്പെടുന്ന ഏതു സാഹചര്യത്തിലും ഈ താക്കീത് പ്രസക്തമാണ്. രണ്ടാമത്തെ മരണം നിത്യശിക്ഷയെ സൂചിപ്പിക്കുന്നു.

## 7. സ്വർഗ്ഗീയ ജറുസലെം 21,9–22,5

കുഞ്ഞാടിന്റെ മണവാട്ടിയായ മഹത്വീകൃതസഭയുടെ ചിത്രം സ്വർഗ്ഗീയ ജറുസലേമിന്റെ പ്രതീകത്തിലൂടെയാണ് ഇവിടെ വരച്ചുകാട്ടുന്നത്. പുതിയ ജറുസലേമിനെക്കുറിച്ചുള്ള എസെക്കിയേലിന്റെയും ഏശയ്യായുടെയും വിവരണങ്ങൾ (എസെ 40–42; ഏശ 65, 17–25) ഇതിനെ സ്വാധീനിച്ചിട്ടുണ്ട്. പഞ്ചേന്ദ്രിയങ്ങൾക്ക് അപ്രാപ്യവും മനുഷ്യഭാഷയിൽ അവർണ്ണനീയവുമായ സ്വർഗ്ഗീയ യാഥാർത്ഥ്യങ്ങളെ (1കൊറി 2,9) വർണ്ണിക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. വിവരണത്തിലെ ഓരോ ഘടകത്തിന്റെയും വിശദാംശങ്ങൾക്കല്ല, അവയെല്ലാംകൂടി ഉളവാക്കുന്ന പ്രതീതിക്കാണ് പ്രാധാന്യം നല്കേണ്ടത്.

9. അവസാനത്തെ ഏഴു മഹാമാരികൾ നിറഞ്ഞ ഏഴു പാത്രങ്ങൾ പിടിച്ചിരുന്ന
ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട് പറഞ്ഞു: വരൂ! കുഞ്ഞാടിന്റെ മണ
10. വാട്ടിയെ നിനക്കു ഞാൻ കാണിച്ചുതരാം. അനന്തരം അവൻ ഉയരമുള്ള
വലിയ ഒരു മലയിലേക്ക് ആത്മാവിൽ എന്നെ കൊണ്ടുപോയി. സ്വർഗ്ഗത്തിൽ
നിന്ന്, ദൈവസന്നിധിയിൽ നിന്ന്, ഇറങ്ങിവരുന്ന വിശുദ്ധനഗരിയായ ജറുസ
11. ലേമിനെ എനിക്കു കാണിച്ചുതന്നു. അതിനു ദൈവത്തിന്റെ തേജസ്സുണ്ടായി
രുന്നു. അതിന്റെ തിളക്കം അമൂല്യമായ രത്നത്തിനും അച്ഛസ്ഫടികസമാന
12. മായ സൂര്യകാന്തക്കല്ലിനുമൊപ്പം. അതിനു ബൃഹത്തും ഉന്നതവുമായ മതിലും
പന്ത്രണ്ടു കവാടങ്ങളും ഉണ്ടായിരുന്നു. ആ കവാടങ്ങളിൽ പന്ത്രണ്ടു ദൂതന്മാർ.
കവാടങ്ങളിൽ ഇസ്രായേൽ മക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകൾ
13. എഴുതപ്പെട്ടിരുന്നു. കിഴക്ക് മൂന്നു കവാടങ്ങൾ, വടക്കു മൂന്നു കവാടങ്ങൾ,
14. തെക്ക് മൂന്നു കവാടങ്ങൾ, പടിഞ്ഞാറ് മൂന്നു കവാടങ്ങൾ. നഗരത്തിന്റെ മതി
ലിനു പന്ത്രണ്ട് അടിസ്ഥാനങ്ങൾ ഉണ്ടായിരുന്നു; അവയിൻമേൽ കുഞ്ഞാടി
15. ന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പേരുകളും. എന്നോടു സംസാരിച്ചവന്റെ
അടുക്കൽ നഗരവും അതിന്റെ മതിലുകളും അളക്കാൻ സ്വർണ്ണംകൊണ്ടുള്ള
16. അളവുകോൽ ഉണ്ടായിരുന്നു. നഗരം സമചതുരമായി സ്ഥിതി ചെയ്യുന്നു.
അതിനു നീളത്തോളം തന്നെ വീതി. അവൻ ആ ദണ്ഡുകൊണ്ട് നഗരം അള
ന്നു–പന്തീരായിരം സ്താതിയോൺ. അതിന്റെ നീളവും വീതിയും ഉയരവും
17. തുല്യം. അവൻ അതിന്റെ മതിലും അളന്നു: മനുഷ്യന്റെ തോതനുസരിച്ച് നൂറ്റി
18. നാല്പത്തിനാലുമുഴം ; അതുതന്നെയായിരുന്നു ദൂതന്റെ തോതും. മതിലിന്റെ
പണി സൂര്യകാന്തംകൊണ്ട്. നഗരം അച്ഛസ്ഫടികസമാനമായ തനിത്തങ്കമാ
19. യിരുന്നു. നഗരമതിലിന്റെ അടിസ്ഥാനങ്ങൾ എല്ലാത്തരം രത്നങ്ങൾക്കൊണ്ട്
അലംകൃതം. ഒന്നാമത്തെ അടിസ്ഥാനം സൂര്യകാന്തം, രണ്ടാമത്തേത് ഇന്ദ്ര
20. നീലം, മൂന്നാമത്തേത് വൈഡൂര്യം, നാലാമത്തേത് മരതകം, അഞ്ചാമത്തേത്
ഗോമേദകം, ആറാമത്തേത് മാണിക്യം, ഏഴാമത്തേത് ചന്ദ്രകാന്തം, എട്ടാമത്തേത്
പത്മരാഗം, ഒമ്പതാമത്തേത് പുഷ്യരാഗം, പത്താമത്തേത് പവിഴം, പതിനൊന്നാ



21. മത്തേത് വജ്രം, പന്ത്രണ്ടാമത്തേത് സൗഗന്ധികം. പന്ത്രണ്ടു കവാടങ്ങൾ പന്ത്രണ്ടു
മുത്തുകളായിരുന്നു. കവാടങ്ങളിലോരോന്നും ഓരോ മുത്തുകൊണ്ട് ഉണ്ടാക്കപ്പെ
ട്ടിരുന്നു. നഗരത്തിന്റെ തെരുവീഥി അച്ഛസ്ഫടികതുല്യമായ തനിത്തങ്കമായിരുന്നു.
22. നഗരത്തിൽ ഞാൻ ദൈവാലയം കണ്ടില്ല. എന്തെന്നാൽ, സർവ്വശക്തനും
ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് അതിലെ ദൈവാലയം. നഗര
23. ത്തിനു പ്രകാശം നല്കാൻ സൂര്യന്റെയോ ചന്ദ്രന്റെയോ ആവശ്യമില്ല. എന്തെ
ന്നാൽ ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു. അതിന്റെ ദീപം കുഞ്ഞാടാണ്.
24. അതിന്റെ പ്രകാശത്തിൽ ജനതകൾ സഞ്ചരിക്കും. ഭൂമിയിലെ രാജാക്കന്മാർ
തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും. അതിന്റെ കവാടങ്ങൾ പകൽ
25. സമയം അടക്കപ്പെടുകയില്ല. അവിടെയാകട്ടെ രാത്രി ഇല്ലതാനും. ജനതകൾ
26. തങ്ങളുടെ മഹത്വവും ബഹുമാനവും അതിലേക്കു കൊണ്ടുവരും. എന്നാൽ,
27. കുഞ്ഞാടിന്റെ ജീവഗ്രന്ഥത്തിൽ പേരെഴുതപ്പെട്ടവരല്ലാതെ അശുദ്ധമായതൊ
ന്നും, മ്ലേച്ഛതയും കാപട്യവും പ്രവർത്തിക്കുന്ന ആരും, അതിൽ പ്രവേശി
ക്കുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ
22, 1. നിന്ന് പുറപ്പെടുന്നതും സ്ഫടികം പോലെ തെളിഞ്ഞതുമായ ജീവജലത്തിന്റെ
നദി അവൻ എനിക്കു കാണിച്ചുതന്നു. നഗരവീഥിയുടെ മധ്യത്തിൽ നദിയുടെ
2. ഇരുഭാഗങ്ങളിലായി, പന്ത്രണ്ടുതരം ഫലങ്ങൾ കായ്ക്കുന്ന ജീവന്റെ വൃക്ഷം
നില്ക്കുന്നു. അതു മാസം തോറും ഫലം തരുന്നു. ആ വൃക്ഷത്തിന്റെ ഇല
കൾ ജനതകളുടെ രോഗശാന്തിക്കുവേണ്ടിയുള്ളവയാണ്. ഇനിമേൽ ശപിക്ക
3. പ്പെട്ടതായി ഒന്നും ഉണ്ടായിരിക്കുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും
സിംഹാസനം അതിൽ ഉണ്ടായിരിക്കും. അവിടുത്തെ ദാസർ അവിടുത്തെ
4. ആരാധിക്കും. അവർ അവിടുത്തെ മുഖം ദർശിക്കും. അവിടുത്തെ നാമം അവ
5. രുടെ നെറ്റിത്തടത്തിൽ ഉണ്ടായിരിക്കും. ഇനിയൊരിക്കലും രാത്രിയുണ്ടാവുക
യില്ല. ദീപത്തിന്റെ വെളിച്ചമോ സൂര്യന്റെ പ്രകാശമോ അവർക്ക് ആവശ്യമില്ല.
എന്തെന്നാൽ ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കും. അവർ
എന്നേക്കും വാഴും.

**21,9–10** ക്രോധത്തിന്റെ പാത്രം പിടിച്ചിരുന്ന ഏഴു ദൂതന്മാരിൽ ഒരാൾ ദൃശ്യം കാണിച്ചുകൊടുക്കുന്നത് കുഞ്ഞാടിന്റെ മണവാട്ടിയും മഹാവേശ്യയും (വെളി 17,1) തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്ന വിശുദ്ധനഗരിയായ ജറുസലേമിന് മഹാബാബിലോണുമായി വൈരുദ്ധ്യാത്മകമായ ബന്ധമാണുള്ളത്. മഹാവേശ്യയെകാണാൻ മരുഭീമിയിലേക്ക നയിക്കപ്പെട്ട യോഹന്നാൻ മണവാട്ടിയെക്കാണാൻ മലയിലേക്ക് നയിക്കപ്പെടുന്നു (എസെ 40,2). ആത്മീയാനുഭൂതിയിലുണ്ടാകുന്ന ഒരു ദർശനമാണ് ഇവിടെയും വിവരിക്കുന്നത് (വെളി 1,10; 4,2; 17,3). മണവാട്ടിയെക്കുറിച്ചു പലതവണ മുൻകൂട്ടി അറിയിച്ചെങ്കിലും (വെളി 19,7; 21,2) ഇവിടെയാണ് വിശദമായി വർണ്ണിക്കുന്നത്.

**21,11-14** ദൈവത്തിന്റെ സാന്നിധ്യം സഭയെ രൂപാന്തരപ്പെടുത്തുകയും മഹത്വമണിയിക്കുകയും ചെയ്യുന്നു. ലക്ഷ്യത്തിൽ എത്തിക്കഴിഞ്ഞ സഭ ദൈവമഹത്വത്തിന് സുതാര്യമായിത്തീരുന്നു. ദൈവത്തിന്റെ തേജസ്സിനെക്കുറിച്ചുള്ള പരാമർശം എസെ 43,2-4 നോടും, മതിലിന്റെയും കവാടങ്ങളുടെയും വിവരണം എസെ 40,5; 48,30-34 നോടും ബന്ധപ്പെട്ടിരിക്കുന്നു. എസെക്കിയേലിന്റെ വിവരണത്തിൽ നഗരകവാടത്തിൽ എഴുതിയിരിക്കുന്നത് ഇസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങളുടെ പേരുകളാണ്. ആ കവാടത്തിലൂടെ ഓരോ ഗോത്രവും തങ്ങൾക്കായി നിശ്ചയിച്ചിരിക്കുന്ന കൃഷിഭൂമിയിലേക്കും മേച്ചിൽപുറങ്ങളിലേക്കും പോകുകയും വരുകയും ചെയ്തിരുന്നു. ഇവിടെ പുതിയ ഇസ്രായേലിന്റെ ചിത്രമാണ് യോഹന്നാൻ വർണ്ണിക്കുന്നത്. എല്ലാ ജനതകൾക്കും ഇതിൽ പ്രവേശനം അനുവദിച്ചിരുന്നു. (വെളി 21,24-27). സഭയുടെ കാതോലികത്വത്തിന്റെ സൂചനയാവാം നാലു വശത്തും മൂന്നുവീതമുള്ള വാതിലുകൾ. മതിലിന്റെ അടിസ്ഥാനങ്ങളിൽ പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പേരുകൾ എഴുതിയിരിക്കുന്നത് പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ഐക്യവും ദൈവജനത്തിന്റെ തുടർച്ചയും എടുത്തുകാട്ടുന്നു. അപ്പസ്തോലന്മാരുടെ സാക്ഷ്യവും പ്രഘോഷണവും വഴിയാണ് സഭ സ്ഥാപിക്കപ്പെടുന്നതും സഭയിലേക്ക് ജനതകൾ കടന്നുവരുന്നതും എന്നും അടിസ്ഥാനങ്ങളിലും കവാടങ്ങളിലും ഉള്ള പേരുകൾ സൂചിപ്പിക്കുന്നു (എഫേ 2,20).

**21,15-17** നഗരം അളക്കുന്നത് എസെക്കിയേലിന്റെ വിവരണവുമായി (എസെ 40-43) ബന്ധപ്പെട്ടിരിക്കുന്നു. പന്തീരായിരം സ്താദിയോൺ ഏകദേശം 2250 കിലോമീറ്റർ ആണ്. ഈ അളവിൽ തുല്യനീളവും വീതിയും ഉയരവുമുള്ള നഗരം വിഭാവനം ചെയ്യുക വിഷമമെങ്കിലും ജറുസലം ദേവാലയത്തിലെ അതിവിശുദ്ധസ്ഥലത്തിന്റെ മാതൃകയിലാണ് (1രാജാ 6,20) നഗരം നിർമ്മിച്ചിരിക്കുന്നത് എന്ന് ഈ ഘടന സൂചിപ്പിക്കുന്നു. ദൈവത്തിന്റെ സാന്നിധ്യം നിറഞ്ഞുനില്ക്കുന്ന ശ്രീകോവിൽതന്നെയാണ് പുതിയ ജറുസലെം.

**21,18-21** മതിലിന്റെയും നഗരത്തിന്റെയും നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന സ്വർണ്ണവും രത്നങ്ങളും മനോഹാരിത വർദ്ധിപ്പിക്കുന്നതിൽ കവിഞ്ഞ് അവയ്ക്ക് എന്തെങ്കിലും പ്രതീകാത്മകമായ അർത്ഥമുണ്ടെന്ന് അധികമാരും കരുതുന്നില്ല. പേരെടുത്തുപറയുന്ന പന്ത്രണ്ടു രത്നങ്ങൾ രാശിചക്രത്തിലെ പന്ത്രണ്ടു രാശികളെ സൂചിപ്പിക്കുന്നെന്നും അതിനാൽ ഇവിടെ വിവരിക്കുന്ന  നഗരം ബാബിലോണിയൻ ഇതിഹാസത്തിലെ ദേവലോകത്തിന്റെ മാതൃകയിൽ, അതിനെ വെല്ലുന്ന വിധത്തിലാണ് നിർമ്മിച്ചിരിക്കുന്നതെന്നും ചിലർ കരുതുന്നു. എന്നാൽ ഇപ്രകാരമൊരു വിശദീകരണത്തിന് വെളിപാട്ഗ്രന്ഥത്തിൽ നിന്ന് യാതൊരു സൂചനയും ലഭിക്കുന്നില്ല. പന്ത്രണ്ടു രത്നങ്ങൾ പ്രധാന പുരോഹിതന്റെ  മാർപ്പതക്കത്തിലെ രത്നങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് (പുറ 28,17-21).

**21,22-27** സ്വർഗ്ഗീയ ജറുസലെമിൽ ദൈവികസാന്നിധ്യം ഏവർക്കും ദൃശ്യമാംവിധം നിറഞ്ഞുനില്ക്കുന്നതിനാൽ പ്രത്യേകമായൊരു ദൈവാലയത്തിന്റെ ആവശ്യമില്ല. ദൈവാരാധന ഏതെങ്കിലും ഒരു പ്രത്യകസ്ഥലത്ത് ഒരുങ്ങിനില്ക്കാത്ത സമയം വരുന്നതായി യേശു സമരിയാക്കാരി സ്ത്രീയോട് പറഞ്ഞത് (യോഹ 4,21) ഇവിടെ യാഥാർത്ഥ്യമാകുന്നു. ദൈവമായ കർത്താവും കുഞ്ഞാടുമാണ് ദൈവാലയം എന്ന വിശദീകരണം വെളി 7,15-ൽ നല്കിയ വാഗ്ദാനത്തിന്റെ പൂർത്തികരണമാണ്. പ്രകാശത്തെക്കുറിച്ചുള്ള പരാമർശത്തിൽ ഏശ 60,9-20ന്റെ സ്വാധീനം കാണാം. നഗരത്തിന്റെ ദീപം കുഞ്ഞാടാണ് എന്ന പ്രഖ്യാപനം "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നുന്നു (യോഹ 8,12) എന്ന യേശുവിന്റെ വചനത്തെ അനുസ്മരിപ്പിക്കുന്നു. ജനതകളെയും രാജാക്കന്മാരെയുംകുറിച്ചുള്ള പരാമർശം (ഏശ 60,1-7) സഭയുടെ കാതോലികത്വത്തിലേക്കു വിരൽ ചൂണ്ടുന്നു. എല്ലാ ജനതകൾക്കും പ്രവേശനം അനുവദിച്ചിട്ടുള്ള, എപ്പോഴും തുറന്നിട്ടിരിക്കുന്ന വാതിലുകളോടുകൂടിയ നഗരമാണ് ക്രിസ്തുവിന്റെ സഭ. എന്നാൽ അവിശുദ്ധമായ യാതൊന്നും അതിൽ പ്രവേശിക്കുകയില്ല എന്നു പറയുന്നതിലൂടെ പാപികളെ വിശുദ്ധീകരിക്കുന്ന ഭൂമിയിലെ സഭയല്ല, വിശുദ്ധരുടെ മാത്രം നഗരമായ സ്വർഗ്ഗീയ സഭയാണ് ഇവിടെ വർണ്ണിക്കുന്നതെന്ന് അനുസ്മരിപ്പിക്കുന്നു.

**22,1** നഗരത്തിന്റെ ഘടനയും പ്രകാശവും അംഗത്വവും വിവരിച്ചതിനുശേഷം അതിന്റെ ജീവൻ നിലനിർത്തുന്ന ആഹാരത്തിലേക്കു ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം ഒന്നുതന്നെ എന്നത് ക്രിസ്തുവിനു പിതാവിനോടുള്ള തുല്യതയെ സൂചിപ്പിക്കുന്നു. സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന ജീവജലത്തിന്റെ *അരുവി* പിതാവിൽനിന്നും  പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവിന്റെ പ്രതീകമാണ് (യോഹ 7,38-39). എസെക്കിയേൽ കണ്ട നദിയെ (എസെ 47,1-12) അനുസ്മരിപ്പിക്കുന്നതാണ് ഈ അരുവിയും തുടർന്നു വിവരിക്കുന്ന ജീവന്റെ വൃക്ഷവും.

**22,2** *ജീവന്റെ വൃക്ഷം* പറുദീസായിലെ ജീവന്റെ വൃക്ഷത്തെ (ഉല്പ 3,22) അനുസ്മരിപ്പിക്കുന്നു. പാപംചെയ്ത മനുഷ്യനു നിഷേധിക്കപ്പെട്ട അതിന്റെ ഫലം യേശു തന്റെ വിശ്വസ്തർക്കു വാഗ്ദാനം ചെയ്തു (വെളി 2,7). ഇപ്പോൾ അത് എല്ലാവർക്കുമായി നല്കപ്പെട്ടിരിക്കുന്നു. നിത്യജീവന്റെ പ്രതീകമാണ് ഈ വൃക്ഷത്തിന്റെ ഫലവും രോഗശാന്തി നല്കുന്ന ഇലകളും.

സ്വർഗ്ഗീയ ജറുസലേമിൽ വിശപ്പും ദാഹവും രോഗവും മരണവുമില്ല എന്ന് ജീവജലത്തിന്റെ അരുവിയുടെയും ജീവന്റെ വൃക്ഷത്തിന്റെയും പ്രതീകങ്ങളിലൂടെ പഠിപ്പിക്കുന്നു.

**22,3** ചരിത്രത്തിന്റെ ആരംഭത്തിൽ മനുഷ്യനു നഷ്ടപ്പെട്ട പറുദീസായുടെ സ്ഥാനത്ത് കൂടുതൽ മനോഹരമായ സ്വർഗ്ഗീയപറുദീസാ ചരിത്രത്തിന്റെ അവസാനത്തിൽ മനുഷ്യനു ലഭിക്കുന്ന ചിത്രമാണ് യോഹന്നാൻ ഇവിടെ കാണുന്നത്. മനുഷ്യന്റെ പാപം മൂലം ഭൂമി ശപിക്കപ്പെട്ടതായിത്തീർന്നു (ഉല്പ 3,27). എന്നാൽ രക്ഷാചരിത്രം പൂർത്തിയാവുന്ന സ്വർഗ്ഗീയ ജറുസലേമിൽ ശപിക്കപ്പെട്ടതായി ഒന്നും ഉണ്ടായിരിക്കുകില്ല. പ്രപഞ്ചത്തിനും മനുഷ്യനും ശാപമോക്ഷം ലഭിക്കുന്നു.

**22,4-5** മനുഷ്യന്റെ ഏറ്റം തീവ്രമായ ആഗ്രഹമാണ് ദൈവദർശനം. മോശയ്ക്ക് നിഷേധിക്കപ്പെട്ടതും (പുറ 33,20) ഹൃദയശുദ്ധിയുള്ളവർക്കു യേശു വാഗ്ദാനം ചെയ്തതും (മത്താ 5,8) ആയ ഭാഗ്യം ഇവിടെ യാഥാർത്ഥ്യമായിരിക്കുന്നു. സ്വർഗ്ഗീയജറുസലേമിൽ ഉള്ളവരെല്ലാം ദൈവത്തിൽ നിന്നുള്ളവരാണെന്ന് അവരുടെ നെറ്റിത്തടത്തിലെ നാമം പരസ്യമായി പ്രഖ്യാപിക്കുന്നു (വെളി 14,1). പ്രകാശത്തെക്കുറിച്ചുള്ള പരാമർശം 21,22-23ൽ കണ്ടതിന്റെ ആവർത്തനമാണ്. ദൈവത്തിന്റെ രാജത്വത്തിൽ പങ്കുചേർന്ന്, രാജകുമാരന്മാരും രാജകുമാരിമാരുമായി ദൈവജനം മുഴുവൻ എന്നേക്കും വാഴുന്ന അതിമനോഹരമായ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് സ്വർഗ്ഗീയ ജറുസലെമിന്റെ വിവരണം സമാപിക്കുന്നത്.

B B B B B



## 11 ഉപസംഹാരം 22, 6-21

സ്വർഗ്ഗീയ ജറുസലെമിന്റെ ദർശനത്തോടെ വെളിപാട് പുസ്തകം ചിത്രീകരിക്കുന്ന രക്ഷാചരിത്രം അതിന്റെ ലക്ഷ്യത്തിലെത്തിക്കഴിഞ്ഞു. തുടർന്നുള്ള 16 വാക്യങ്ങൾ പുസ്തകത്തിന്റെ ഉപസംഹാരമാണ്. ദൈവദൂതൻ, യേശുക്രിസ്തു, യോഹന്നാൻ എന്നീ മൂന്നു പേരുടെ സാക്ഷ്യങ്ങൾ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. മൂവരുടെയും സാക്ഷ്യങ്ങൾ ഇടകലർത്തി അവതരിപ്പിക്കുന്നതിനാൽ ചില വാക്യങ്ങൾ ആരുടേതാണെന്ന് തീർച്ചയാക്കാൻ പ്രയാസമുണ്ട്. എന്നാൽ ഇതിന്റെയെല്ലാം സത്യാവസ്ഥക്കും ആധികാരികതക്കും ആധാരമായി നില്ക്കുന്നത് യേശുക്രിസ്തുതന്നെ ആകയാൽ ഓരോ വാക്യവും വാക്കും ആർ പറയുന്നു എന്നത് അതിൽതന്നെ പ്രസക്തമല്ല.

*ഞാൻ വേഗം വരുന്നു* എന്ന് ക്രിസ്തുനാഥൻ മൂന്നു തവണ ആവർത്തിച്ചു പറയുന്നു. അതിനു മറുപടിയെന്നോണം പരിശുദ്ധാത്മാവിനാൽ പ്രചോദിതരായ സഭയും ഗ്രന്ഥകാരനും *കർത്താവേ വരണമേ* എന്നു പ്രാർത്ഥിക്കുന്നു. സഭയും നാഥനും തമ്മിലുള്ള യുഗാന്ത സമാഗമത്തിനു വേണ്ടി അത്യാകാംക്ഷയോടെ കാത്തിരിക്കുന്ന ചിത്രം വരച്ചുകാട്ടിക്കൊണ്ട് ഗ്രന്ഥം ഉപസംഹരിക്കുന്നു. മുഖ്യപങ്കും ദർശനങ്ങളുടെയും പ്രവചനങ്ങളുടെയും ശൈലിയിൽ രചിച്ചിരിക്കുന്ന ഈ ഗ്രന്ഥം ഇടയലേഖനത്തിന്റെ ശൈലിയിൽ സമാപനാശീർവ്വാദംകൊണ്ട് അവസാനിപ്പിക്കുമ്പോൾ ഗ്രന്ഥകർത്താവ് അജപാലകന്റെ ദൗത്യംനിർവ്വഹിക്കുന്നു.

ഗ്രന്ഥത്തിന്റെ ആമുഖത്തിൽ (1,1-8) കണ്ട പല ആശയങ്ങളും വാക്യങ്ങളും ഇവിടെ പരാമർശിക്കുന്നുണ്ട്. *ക്ലിപ്തീകരണം* (inclusion) എന്ന രചനാസങ്കേതം ഇവിടെ ഉപയോഗിച്ചിരിക്കുന്നു. മുഖ്യമായും രണ്ടുകാര്യങ്ങൾ ഉപസംഹാരത്തിൽ ഗ്രന്ഥകാരൻ ഊന്നിപ്പറയുന്നു. 1. ഗ്രന്ഥം മുഴുവൻ വെളിപ്പെടുത്തപ്പെട്ട ദൈവവചനമാണ്. 2. അന്ത്യം ആസന്നമായിരിക്കുന്നു. എത്ര തവണ ആവർത്തിച്ചാലും മതിയാവില്ല എന്നു തോന്നുമാറ് ഈ സത്യം ഉപസംഹാരത്തിൽ വീണ്ടും പല തവണ ഊന്നിപ്പറയുന്നതിൽ നിന്ന് എത്രമാത്രം പ്രാധാന്യം ഗ്രന്ഥകാരൻ ഇതിനു നല്കുന്നു എന്ന് മനസ്സിലാക്കാം. ആദ്യ നൂറ്റാണ്ടിലെ, ഏഷ്യയിലെ, സഭകൾക്കു മാത്രമല്ല, എക്കാലത്തും എവിടെയും ജീവിക്കുന്ന വിശ്വാസികൾക്ക് ധൈര്യവും പ്രത്യാശയും പ്രദാനം ചെയ്യുന്നതാണ് യേശുവിന്റെ പ്രഖ്യാപനം.

6. അവൻ എന്നോട് പറഞ്ഞു: ഈ വചനങ്ങൾ വിശ്വാസയോഗ്യവും സത്യവുമാ
ണ്. ഉടനെ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ തന്റെ ദാസർക്കു കാണിച്ചു
കൊടുക്കാനായി പ്രവാചകാത്മാക്കളുടെ ദൈവമായ കർത്താവ് തന്റെ ദൂതനെ
7. അയച്ചിരിക്കുന്നു. ഇതാ ഞാൻ വേഗം വരുന്നു. ഈ ഗ്രന്ഥത്തിലെ പ്രവചന
8. ങ്ങൾ കാക്കുന്നവൻ ഭാഗ്യവാൻ. യോഹന്നാനായ ഞാൻ ഇവ കേൾക്കുകയും
കാണുകയും ചെയ്തപ്പോൾ അവ കാണിച്ചു തന്ന ദൂതനെ ആരാധിക്കാൻ ഞാൻ
9. അവന്റെ കാൽക്കൽ വീണു. അപ്പോൾ അവൻ എന്നോടു പറഞ്ഞു: അരുത്.
ഞാൻ നിന്റെയും നിന്റെ സഹോദരൻമാരായ പ്രവാചകൻമാരുടെയും ഈ
ഗ്രന്ഥത്തിലെ വചനങ്ങൾ കാക്കുന്നവരുടെയും സഹദാസനാണ്. ദൈവത്തെ
10. ആരാധിക്കുക. വീണ്ടും അവൻ എന്നോടു പറഞ്ഞു: ഈ ഗ്രന്ഥത്തിലെ പ്രവ
ചനങ്ങൾ നീ മുദ്രിതമായി സൂക്ഷിക്കേണ്ടാ. എന്തെന്നാൽ സമയം അടുത്തിരി
11. ക്കുന്നു. അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്തുകൊള്ളട്ടെ. പാപ
പങ്കിലൻ ഇനിയും പാപപങ്കിലനാകട്ടെ. നീതിമാൻ ഇനിയും നീതി പ്രവർത്തി
12. ക്കട്ടെ. വിശുദ്ധൻ ഇനിയും വിശുദ്ധീകരിക്കപ്പെടട്ടെ. ഇതാ ഞാൻ വേഗം
വരുന്നു. എന്റെ സമ്മാനവും ഞാൻ കൊണ്ടുവരുന്നുണ്ട്. ഓരോരുത്തർക്കും
സ്വന്തം പ്രവൃത്തികൾക്കനുസൃതം പ്രതിഫലം നല്കാനാണ് ഞാൻ വരുന്നത്.
13. ഞാൻ ആൽഫായും ഒമേഗയുമാണ് - ആദ്യനും അന്ത്യനും - ആദിയും അന്ത
14. വും. ജീവന്റെ വൃക്ഷത്തിൻമേൽ അവകാശം ലഭിക്കാനും കവാടങ്ങളിലൂടെ
നഗരത്തിലേക്ക് പ്രവേശിക്കാനും തങ്ങളുടെ അങ്കികൾ കഴുകി ശുദ്ധിയാക്കു
15. ന്നവർ ഭാഗ്യവാന്മാർ. നായ്ക്കളും മന്ത്രവാദികളും വ്യഭിചാരികളും കൊലപാ
തകികളും വിഗ്രഹാരാധകരും അസത്യത്തെ സ്നേഹിക്കുകയും അത് പ്രവർ
16. ത്തിക്കുകയും ചെയ്യുന്ന സകലരും പുറത്ത്. യേശുവായ ഞാൻ സഭകളെക്കു
റിച്ച് ഇവ നിങ്ങൾക്ക് സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി എന്റെ ദൂതനെ അയച്ചു.
ഞാൻ ദാവീദിന്റെ വേരും സന്തതിയുമാണ്. പ്രഭാപൂർണ്ണനായ പ്രഭാത നക്ഷത്രം.
17. ആത്മാവും മണവാട്ടിയും പറയുന്നു: വരുക. കേൾക്കുന്നവൻ പറയട്ടെ:
വരുക. ദാഹിക്കുന്നവൻ വരട്ടെ. ആഗ്രഹമുള്ളവൻ ജീവന്റെ ജലം സൗജന്യ
18. മായി സ്വീകരിക്കട്ടെ. ഈ പുസ്തകത്തിലെ പ്രവചനങ്ങൾ ശ്രവിക്കുന്ന എല്ലാ
വരോടും ഞാൻ സാക്ഷ്യപ്പെടുത്തുന്നു: ആരെങ്കിലും ഈ വചനങ്ങളോട്
എന്തെങ്കിലും കൂട്ടിച്ചേർത്താൽ ഈ പുസ്തകത്തിൽ വിവരിക്കപ്പെട്ടിരുക്കുന്ന
19. മഹാമാരികൾ ദൈവം അവന്റെ മേൽ അയയ്ക്കും. ഈ പുസ്തത്തിലെ പ്രവ
ചനങ്ങളിൽ നിന്ന് ആരെങ്കിലും എന്തെങ്കിലും എടുത്തുകളഞ്ഞാൽ, ഈ
പുസ്തകത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന വിശുദ്ധ നഗരത്തിലും ജീവന്റെ വൃ
20. ക്ഷത്തിലുമുള്ള അവന്റെ പങ്ക് ദൈവം എടുത്തുകളയും. ഇതു സാക്ഷ്യപ്പെടു
ത്തുന്നവൻ പറയുന്നു: അതേ ഞാൻ വേഗം വരുന്നു. ആമ്മേൻ. കർത്താവായ
21. യേശുവെ വരണമേ! കർത്താവായ യേശുവിന്റെ കൃപ എല്ലാവരോടും കൂടെ
ഉണ്ടായിരിക്കട്ടെ!

**22,6** കുഞ്ഞാടിന്റെ മണവാട്ടിയായ നിത്യനഗരത്തെ കാണിച്ചുകൊടുത്ത ദൂതൻ തന്നെയാണ് (21,9) ഇവിടെ സംസാരിക്കുന്നത്. യേശുക്രിസ്തു തന്റെ ദൂതനെ അയച്ച് ഇവ വെളിപ്പെടുത്തി എന്ന് ആമുഖത്തിൽ പറഞ്ഞ



തിനെ (1,1) അനുസ്മരിപ്പിക്കുന്നതാണ് ദൂതനെക്കുറിച്ചുള്ള പരാമർശം. വിശ്വസ്തനും സത്യവാനുമായ സാക്ഷിയെന്നു വിശേഷിപ്പിക്കുന്ന (വെളി 3,14; 19,11) യേശുവിന്റെ വാക്കുകളാണ് ദൂതൻ പറയുന്നത്. അതിനാൽ അത് സത്യമാണ്. അവനെ വിശ്വസിക്കാം. 21,5 ൽ സിംഹാസനസ്ഥനായ ദൈവം ഇതേ വിശേഷണം തന്റെ വചനങ്ങൾക്കു നല്കി. ദൈവവചമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ഈ വിശേഷണങ്ങൾ ഉറപ്പുനല്കുന്നു.

*ഉടനെ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ* ഈ വാക്യശകലം കൊണ്ടാണ് വെളിപാട് പുസ്തകം ആരംഭിച്ചത്. ഗ്രന്ഥത്തിൽ പലതവണ ആവർത്തിച്ചതും ഉപസംഹാരത്തിൽ വീണ്ടും ആവർത്തിച്ച് ഊന്നിപ്പറയുന്നതുമായ ആശയമാണിത്. *പ്രവാചകാത്മാക്കൾ* എന്നതിന് പ്രവാചകന്മാരെ പ്രചോദിപ്പിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്നാണർത്ഥം. ദൈവത്തിന്റെ സപ്താത്മാക്കളെക്കറിച്ചുള്ള പരാമർശങ്ങളെ (വെളി 1,4; 3,1; 4,5; 5,6) അനുസ്മരിപ്പിക്കുന്നതാണ് ഈ പ്രയോഗം. താൻ രചിച്ചിരിക്കുന്ന ഗ്രന്ഥം വെളിപ്പെടുത്തപ്പെട്ട സത്യമാണെന്നും അതിനെ ബൈബിളിന്റെ ഭാഗമായി കരുതണമെന്നും ഈ വാക്യത്തിലൂടെ ഗ്രന്ഥകാരൻ ആവശ്യപ്പെടുന്നു.

**22,7** യേശുക്രിസ്തവാണ് ഇവിടെ സംസാരിക്കുന്നത്. *വേഗം വരുന്നു* എന്ന് ഉപസംഹാരഭാഗത്ത് മൂന്നു തവണ ആവർത്തിക്കുന്നുണ്ട് (22,12.20). സഭയ്ക്കു പ്രത്യാശയും ധൈര്യവും നല്കുന്നതാണ് ഈ അറിയിപ്പ്. സപ്തഭാഗ്യങ്ങളിൽ ആറാമത്തേത് വചനം കാക്കുന്നവർക്കാണ് നല്കപ്പെടുക. 1,3-ൽ അവതരിപ്പിച്ച അതേ ആശയം ഇവിടെ ആവർത്തിക്കുന്നു. ഈ പുസ്തകം ഒരു പ്രവചനമാണെന്നും ഇതിനെ ദൈവവചനമായി സ്വീകരിച്ച് അനുസരിക്കണമെന്നും ക്രിസ്തനാഥൻ തന്നെ ആവശ്യപ്പെടുന്നു.

**22,8-9** ആമുഖത്തിലെന്നപോലെ (1,4) ഉപസംഹാരത്തിലും ഗ്രന്ഥകാരൻ തന്റെ പേര് വെളിപ്പെടുത്തുന്നുണ്ട്. ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു കല്പിതകഥകളോ വെറും ഭാവനാസൃഷ്ടിയോ അല്ല, താൻ കാണുകയും കേൾക്കുകയും ചെയ്തതാണ് എന്നു സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഇവിടെ വിശ്വസനീയതക്ക് ഉറപ്പു വരുത്തുന്നു. യോഹന്നാന്റെ ലിഖിതങ്ങളിൽ പൊതുവേ കാണുന്നതാണ് ഈ വ്യക്തിപരമായ സാക്ഷ്യം (യോഹ 19,35; 21,23; 1യോഹ 1,1). ദൂതനെ ആരാധിക്കാനുള്ള ശ്രമവും അതിനു ദൂതൻ നല്കുന്ന വിലക്കും, ദൈവത്തെമാത്രം ആരാധിക്കാനുള്ള ആഹ്വാനവും 19,10ൽ കണ്ടതാണ്. സഹോദരന്മാരായ പ്രവാചകന്മാരെക്കുറിച്ചുള്ള പരാമർശത്തിലൂടെ ഗ്രന്ഥകർത്താവിന്റെ പ്രവാചകത്വത്തിന് ദൂതൻ തന്നെ സാക്ഷ്യം നല്കുന്നു; അതോടൊപ്പം വചനം പാലിക്കാനുള്ള ആഹ്വാനം ആവർത്തിക്കുകയും ചെയ്യുന്നു.

**22,10** അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിലെ സന്ദേശം പൊതുവേ വിദൂര സ്ഥമായ ഭാവിയിൽ നിറവേറേണ്ടതും അതിനാൽ വരും തലമുറകൾക്കായി മുദ്രവച്ചു സൂക്ഷിക്കേണ്ടതും ആയിട്ടാണ് അവതരിപ്പിക്കുക (ദാനി 8,26). എന്നാൽ ഇവിടെ മറിച്ചാണു സംഭവിക്കുന്നത്. രഹസ്യമായി സൂക്ഷിക്കാൻ വേണ്ടിയല്ല, എല്ലാവരെയും അറിയിക്കാൻ വേണ്ടിയാണ് യോഹന്നാനു വെളിപാട് ലഭിച്ചത്. സമയം അടുത്തെത്തിയിരിക്കുന്നു എന്നതാണ് കാരണം.

ഗ്രന്ഥം എഴുതിയിട്ട് രണ്ടായിരത്തോളം വർഷം കഴിഞ്ഞിട്ടും യുഗാന്തം സംഭവിക്കായ്കയാൽ യോഹന്നാനു തെറ്റു പറ്റിയതാണന്നു പല വ്യാഖ്യാതാക്കളും കരുതുന്നു. ബൈബിൾ പഠിതാക്കളുടെ ഇടയിൽ ഇന്നും വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് കർത്താവിന്റെ മടങ്ങിവരവ് വൈകുന്നത് *(delay of the parousia)*. സങ്കീർണ്ണമായ വിവാദങ്ങളിലേക്കു കടക്കാതെ ബൈബിളിന്റെ പൊതുവായ കാഴ്ചപ്പാടിൽ നിന്ന് സമയത്തെക്കറിച്ചു ചില നിഗമനങ്ങൾ എടുക്കാനാവും. *കയ്റോസ് (Kairos)* എന്ന ഗ്രീക്ക് പദമാണ് ഇവിടെ *സമയം* എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. ദൈവം ചരിത്രത്തിൽ നിർണ്ണായകമായി ഇടപെട്ട് തിന്മയുടെ മേൽ വിധി പ്രസ്താവിക്കുന്ന സമയമാണ് കയ്റോസ്. യേശുവിന്റെ മരണം ഇപ്രകാരമൊരു സമയമായിരുന്നു. തന്റെ സമയം അറിയാതിരുന്ന ജറുസലെമിനെക്കറിച്ച് യേശു വിലപിക്കുമ്പോൾ (ലൂക്കാ 19,44) ജനസമൂഹത്തിനും വ്യക്തികൾക്കും ദൈവത്തിന്റെ സന്ദർശനത്തിന്റെതായ സമയം ഉണ്ടെന്നു സൂചിപ്പിക്കുന്നു. സഭയെ സംബന്ധിച്ചും ഇത് ബാധകമാണ്. നാഥൻ എപ്പോഴാണ് അന്തിമസമാഗമത്തിനായി എത്തുക എന്നറിയാത്തതിനാൽ എപ്പോഴും ഒരുങ്ങിയിരിക്കാൻ ആവശ്യപ്പെട്ട യേശുവിന്റെ വചനത്തെ അനുസ്മരിപ്പിക്കുന്നതാണ് (ലൂക്കാ 12,40; വെളി 3,3) ആസന്നമായിരിക്കുന്ന സമയത്തെക്കുറിച്ചുള്ള പ്രഖ്യാപനം.

**22,11** ആസന്നമായിരിക്കുന്ന ന്യായവിധിയുടെ പശ്ചാത്തലത്തിൽ ഈ വാക്യം മനസ്സിലാക്കണം. ഓരോരുത്തരും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസൃതം വിധിക്കപ്പെടും (വെളി 20,13) എന്ന മുന്നറിയിപ്പ് വിസ്മരിക്കാനവില്ല. ദൈവം മനുഷ്യർക്കു സ്വാതന്ത്ര്യം അനുവദിച്ചു നല്കിയിരിക്കുന്നുവെന്നും പരിപൂർണ്ണ സ്വാതന്ത്ര്യത്തോടെ ഓരോരുത്തരും ദൈവത്തിങ്കലേക്ക് തിരിഞ്ഞ് അവിടുത്തെ വചനം അനുസരിച്ചു ജീവിക്കണം എന്നും പല തവണ പഠിപ്പിച്ചു കഴിഞ്ഞു. അതിനു തയ്യാറാകാത്തവർ തങ്ങളുടെ പ്രവൃത്തികൾക്ക് ഉത്തരം പറയേണ്ടി വരും. എസെക്കിയേലിനു നല്കിയ ദൗത്യത്തിനു സമാനമായ (എസെ 3,27) ഒന്നാണിത്. ദുഷ്ടന്റെ ശക്തിയിലും അധർമ്മിയുടെ സമൃദ്ധിയിലും വിശ്വാസികൾ ആശ്ചര്യപ്പെടുകയോ പീഡനങ്ങളാൽ മനം തകരുകയോ അരുത്. തങ്ങളുടെ വിശ്വാസം ധീരതയോടെ



ഏറ്റു പറയുകയും മരണം വരെ വിശ്വസ്തരായി തുടർന്ന്, നീതിയിലും വിശുദ്ധിയിലും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യണം എന്ന് ഈ വാക്യം പഠിപ്പിക്കുന്നു.

**22,12** ഉത്ഥിതനായ ക്രിസ്തുവാണ് ഇവിടെ സംസാരിക്കുന്നത്. *വേഗം വരുന്നു* എന്ന് വീണ്ടും ആവർത്തിച്ചുകൊണ്ട് തന്റെ പുനരാഗമനത്തിനു വേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നവരെ ധൈര്യപ്പെടുത്തുന്നു. പ്രവൃത്തികൾക്കനുസൃതം പ്രതിഫലം നല്കും എന്ന വാഗ്ദാനവും താക്കീതും വെളിപാട് പുസ്തകത്തിൽ തന്നെ പലതവണ കണ്ടതാണ് (2,23; 14,13; 20,13). ബൈബിളിൽ പൊതുവേ കാണുന്ന ഈ പഠനം(ജറെ 17,10; റോമാ 2,6) പ്രവൃത്തിയല്ല, വിശ്വാസം മാത്രമാണ് രക്ഷ നല്കുന്നത് എന്നു വാദിക്കുന്നവർക്ക് ഒരു താക്കീതാണ്.

**22,13** യേശുക്രിസ്തുവിന്റെ ദൈവത്വം വെളിപ്പെടുത്തുന്നതാണ് ഇവിടെ നല്കിയിരിക്കുന്ന ആറു വിശേഷണങ്ങൾ. *ആൽഫയും ഒമേഗയും* വെളി 1,8; 21,6 ൽ ദൈവത്തിന്റെ വിശേഷണങ്ങളായി നാം കണ്ടു കഴിഞ്ഞു. *ആദ്യനും അന്ത്യനും* എന്ന വിശേഷണങ്ങൾ വെളി 1,17;2,8 ൽ ക്രിസ്തുവിനു നല്കിയതാണ്. *ആദിയും അന്തവും*-വെളി 21,6ൽ ദൈവത്തിനു നല്കിയ ഈ വിശേഷണങ്ങൾ എല്ലാറ്റിന്റെയും ഉറവിടവും ലക്ഷ്യവും ആയി യേശുവിനെ ഏറ്റുപറയുന്നു (യോഹ 1,3; കൊളോ 1,16)

**22,14** സപ്തഭാഗ്യങ്ങളിൽ അവസാനത്തേതാണ് ഇവിടെ വിവരിക്കുന്നത്. *അങ്കികൾ കഴുകി ശുദ്ധിയാക്കുന്നവർ* (വെളി 7,14) രക്തസക്ഷികൾ മാത്രമല്ല, യേശുവിന്റെ പെസഹാരഹസ്യത്തിൽ ക്രിയാത്മകമായി പങ്കുചേരുന്ന എല്ലാവരുമാണ്. ദാനമായി ലഭിക്കുന്ന രക്ഷ വിശ്വാസവും പ്രവൃത്തിയും വഴി സ്വീകരിക്കാനുള്ള ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വത്തെ ഇത് അനുസ്മരിപ്പിക്കുന്നു. *ജീവന്റെ വൃക്ഷം* (ഉല്പ 2,9; 3,22; വെളി 2,7; 22,2) നിത്യജീവനെയും *നഗരപ്രവേശനം* സ്വർഗ്ഗഭാഗ്യത്തെയും സൂചിപ്പിക്കുന്നു. എപ്പോഴും തുറന്നുകിടക്കുന്ന പന്ത്രണ്ടു കവാടങ്ങളുള്ള സ്വർഗ്ഗീയ ജറുസലെം ആണ് ഇവിടെ പരാമർശിക്കപ്പെടുന്ന നഗരം.

**22,15** നിത്യനഗരത്തിൽ പ്രവേശനം നിഷേധിക്കപ്പെടുന്നവരുടെ പട്ടികയ്ക്ക് നിത്യാഗ്നിക്കിരയാവുന്നവരുടെ പട്ടികയോട് (വെളി 21,8) സാമ്യമുണ്ട്. *നായ്ക്കൾ* എന്ന വിശേഷണം ആരെ സൂചിപ്പിക്കുന്നു എന്നതിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. പുതിയനിയമകാലത്ത് യഹൂദർ വിജാതീയരെ നായ്ക്കൾ എന്നു വിശേഷിപ്പിച്ചിരുന്നു. (മത്താ 15,26-27). ശുദ്ധാശുദ്ധാ വിവേചനം കൂടാതെ കിട്ടുന്നതെല്ലാം ഭക്ഷിക്കുന്നതിനാൽ വിജാതീയരോടുള്ള യഹൂദരുടെ അവജ്ഞയാണ് ഈ വിശേഷണത്തിനു പ്രേരകമായത്. രക്ഷപ്രപി

ക്കാൻ യഹൂദമതം സ്വീകരിക്കണമെന്നു നിർബന്ധിച്ചവരെ വി.പൗലോസ് നായ്ക്കൾ എന്നു വിളിച്ചുകൊണ്ട് (ഫിലി 3,2) ക്രിസ്തുവിനെ തിരസ്ക്കരിക്കുന്നവരുടെയെല്ലാം വിശേഷണമായി ഇതിനെ ഉപയോഗിച്ചു. വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട വേശ്യാവൃത്തിക്കു സ്വയം സമർപ്പിക്കുന്ന പുരുഷന്മാരെ പഴയനിയമത്തിൽ നായ്ക്കൾ എന്നു വിളിച്ചിരുന്നു. (നിയ 23,18). ഇവയുടെ വെളിച്ചത്തിൽ ക്രിസ്തുവിനെ തിരസ്ക്കരിച്ച് അധാർമ്മികതയിൽ മുഴുകി കഴിയുന്നവരെയാണ് നായ്ക്കളായി ഇവിടെ വിശേഷിപ്പിക്കുന്നത് എന്ന് കരുതാം. അസത്യത്തെ സ്നേഹിക്കുകയും അത് പ്രവർത്തിക്കുകയും ചെയ്യുന്നവർ സാത്താന്റെ അനുയായികളാണ്.

**22,16** ദൂതനിലൂടെ യോഹന്നാനു ലഭിച്ച വെളിപാട് താനാണ് നല്കിയതെന്ന് യേശുക്രിസ്തു തന്നെ സാക്ഷ്യപ്പെടുത്തുന്നു. വെളി 1,1 ലെ ഗ്രന്ഥകാരന്റെ വാക്കുകളെ ക്രിസ്തുനാഥൻ ഇവിടെ അംഗീകരിച്ചുറപ്പിക്കുന്നു. വീണ്ടും രണ്ടു വിശേഷണങ്ങൾകൂടി യേശു സ്വയം സ്വീകരിക്കുന്നു. രണ്ടും മിശിഹായെ സംബന്ധിച്ച പ്രവചനങ്ങളുടെ പൂർത്തീകരണമാണ്. ഏശ 11,1 മിശിഹായെ ജെസ്സെയുടെ കുറ്റിയിൽ നിന്നു കിളിർക്കുന്ന മുളയായി ചിത്രീകരിച്ചു. *ദാവീദിന്റെ വേര്* എന്ന വിശേഷണം ഈ പ്രവചനത്തെ അനുസ്മരിപ്പിക്കുന്നു. വെളി 5,5ൽ ദൂതൻ കുഞ്ഞാടിന് ഈ വിശേഷണം നല്കുകയുണ്ടായി. *സന്തതി* എന്നത് ഇതിന്റെ വിശദീകരണവും ദാവീദിന്റെ പുത്രനായ മിശിഹായെക്കുറിച്ചുള്ള പ്രവചനത്തിന്റെ (2സാമു7,12-17) പൂർത്തീകരണവുമാണ്. *പ്രഭാതനക്ഷത്രം* ബാലാമിന്റെ പ്രവചനത്തെ അനുസ്മരിപ്പിക്കുന്നു. രാത്രി അവസാനിക്കാറായി; സൂര്യോദയം അടുത്തെത്തിയിരിക്കുന്നു എന്നു വിളിച്ചറിയിക്കുന്നതാണ് പ്രഭാതനക്ഷത്രം. ഈ വിശേഷണം സ്വയം സ്വീകരിക്കുന്നതിലൂടെ തിന്മയുടെ ഭരണം അവസാനിക്കാറായി എന്നും ദൈവരാജ്യം ഉടനെ സ്ഥാപിക്കപ്പെടുമെന്നും സംശയത്തിനിട നല്കാതെ യേശു പ്രഖ്യാപിക്കുന്നു. വെളി 2,28ൽ നല്കിയ വാഗ്ദാനത്തിന്റെ വിശദീകരണം കൂടിയാണ് ഈ വിവരണം.

**22,17** *വരുക* എന്ന ക്ഷണം മൂന്നുതവണ ആവർത്തിക്കുന്നുണ്ട്. ആദ്യത്തെ രണ്ടു ക്ഷണങ്ങൾ ക്രിസ്തവിനോടുള്ള ഒരു പ്രാർത്ഥനയായി കരുതുന്നവരുണ്ട്. അങ്ങനെയെങ്കിൽ 20-ാം വാക്യത്തിലെ, “കർത്താവായ യേശുവേ വരേണമേ” എന്ന പ്രാർത്ഥനതന്നെ ആയിരിക്കും ഇത്. എന്നാൽ മൂന്നു ക്ഷണവും ഒരേ അർത്ഥത്തിൽത്തന്നെ എടുക്കണം എന്ന വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം. *ആത്മാവ്* സഭയിൽ നിരന്തരം വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവു തന്നെയാണ്; *മണവാട്ടി* യാകട്ടെ സഭയും. സഭയ്ക്കുള്ള ലേഖനങ്ങൾ ഓരോന്നും ആത്മാവിന്റെ ആഹ്വാനത്തോടെ അവസാനിച്ചതുപോലെ വെളിപാട് ഗ്രന്ഥവും ആത്മാവിന്റെ ക്ഷണത്തോടെ അവസാനിക്കുന്നു. രക്ഷയുടെ സന്ദേശം സ്വീകരിക്കുന്നവർ തങ്ങൾക്കു കിട്ടിയ സദ്വാർത്ത തുടർന്നു പ്രഘോഷിക്കാൻ കടപ്പെട്ടിരിക്കുന്നു എന്ന് അനുസ്മരിപ്പിക്കുന്നതാണ് *കേൾക്കുന്നവൻ പറയട്ടെ* എന്ന അനുശാസനം. ദൈവീകജീവനുവേണ്ടി ദാഹിക്കുന്നവർ ജീവജലത്തിന്റെ ഉറവിടമായ ദൈവത്തിലേക്കു (ജറെ 2,13) വരണം. ദൈവത്തിനു മാത്രമേ മനുഷ്യാത്മാവിന്റെ ദാഹം ശമിപ്പിക്കുവാൻ കഴിയൂ. സൗജന്യമായി നല്കപ്പെടുന്ന ജീവജലം ഏശയ്യാപ്രവാചകനിലൂടെ ദൈവം വാഗ്ദാനം ചെയ്തു (ഏശ 55,1). യേശുവിൽ ആ വാഗ്ദാനം പൂർത്തിയായി (യോഹ 4,14; 6,35; 7,37). വെളി 21,6ൽ ദൈവം തന്നെ നല്കിയ വാഗ്ദാനം സ്വീകരിക്കാനാണ് എല്ലാവരും ക്ഷണിക്കപ്പെടുന്നത്.

**22,18-19** ഈ പുസ്തകം മുഴുവൻ പ്രവചനമാണന്നും അത് വായിച്ച കേൾക്കാനുള്ളതാമെന്നും ആ മുഖത്തിൽ (വെളി 1,3) പറഞ്ഞത് ഇവിടെ ആവർത്തിച്ചുകൊണ്ട് ഇതിനെ ദൈവനിവേശിത ഗ്രന്ഥമായി അവതരിപ്പിക്കുന്നതാണ് ഈ വാക്യങ്ങൾ. ഇതു പറയുന്നത് ക്രിസ്തുതന്നെയാണ് എന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ദൈവം അയയ്ക്കും, ദൈവം എടുത്തുകളയും എന്ന താക്കീതുകൾ പുസ്തകത്തിന്റെ മറ്റു ഭാഗങ്ങളിൽ ക്രിസ്തു നല്കുന്നവയിൽ നിന്നു വ്യത്യസ്തമായതിനാൽ ഗ്രന്ഥകാരനായ യോഹന്നാൻ തന്നെയാണ് ഇവിടെ സംസാരിക്കുന്നതെന്ന് അനുമാനിക്കാം. കൂട്ടിച്ചേർക്കലും എടുത്തുകളയലും പുസ്തകം പകർത്തിയെഴുതുന്ന ആൾ മന:പൂർവ്വമല്ലാതെ വരുത്തുന്ന പിശകുകളോ ഗ്രന്ഥത്തിന്റെ മൂലരൂപവും ഗ്രന്ഥകർത്താവ് കൈമാറാൻ ഉദ്ദേശിച്ച അർത്ഥവും കണ്ടുപിടിക്കാൻ ആത്മാർത്ഥതയോടും ശാസ്ത്രീയനിഷ്കർഷതയോടും കൂടെ ശ്രമിക്കുന്ന പഠിതാക്കൾക്കു വന്നേക്കാവുന്ന തെറ്റുകളോ അല്ല, മറിച്ച് ഗ്രന്ഥത്തിലെ രക്ഷാകരസന്ദേശം സ്വാർത്ഥതാല്പര്യങ്ങൾക്കായി വളച്ചൊടിക്കുകയും അപ്രകാരം പഠിപ്പിക്കുകയും ചെയ്യുന്നതിനെയാണ് ഉദ്ദേശിക്കുന്നത്. ഇസ്രായേൽ ജനത്തിനു മോശയും (നിയ 4,2) ഗലാത്തിയാക്കാർക്കു വി.പൗലോസും (ഗലാ 1,8) നല്കിയതുപോലുള്ളതാണ് ഈ അനുശാസനം. സഭകൾക്കുള്ള ലേഖനങ്ങളിൽ നല്കിയ പ്രോത്സാഹനങ്ങളും ഉപദേശങ്ങളും താക്കീതുകളും ഗൗരവപൂർവ്വം സ്വീകരിച്ച്, കർത്താവിനോട് വിശ്വസ്തത പുലർത്താനുള്ള അവസാനത്തെ ആഹ്വാനമാണിത്. അതിനു തയ്യാറാകാത്തവർക്കു നിത്യഭാഗ്യം നഷ്ടമാകുമെന്നു മാത്രമല്ല, അവർ നിത്യശിക്ഷക്ക് ഇരയായിത്തീരുകയും ചെയ്യും എന്ന താക്കീത് ദൈവവചനത്തിനു ജീവിതത്തിൽ നല്കേണ്ട അതുല്യ പ്രാധാന്യത്തെ അടിവരയിട്ടുറപ്പിക്കുന്നു.

**22,20** ഈ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് ദൈവവചനമാണെന്ന് ക്രിസ്തുതന്നെ സാക്ഷ്യപ്പെടുത്തുന്നു. *ഞാൻ വേഗം വരുന്നു* എന്ന് ഉപ

സംഹാരഭാഗത്തു മൂന്നാംതവണ ആവർത്തിച്ചുകൊണ്ട് രണ്ടാം വരവിനെക്കുറിച്ച് ഉറപ്പുനല്കുന്നു. ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കാനോ, തിന്മയെ ഉന്മൂലനം ചെയ്തു സമ്പൂർണ്ണനീതി പുന:സ്ഥാപിക്കാനോ മനുഷ്യനു സ്വന്തം ശക്തിയാൽ സാധിക്കുകയില്ല. ചരിത്രത്തിന്റെ നാഥൻ മനുഷ്യനല്ല, ലോകത്തെ ജയിച്ച ക്രിസ്തവാണ്. അവന്റെ പുനരാഗമനത്തിൽ മാത്രമേ ചരിത്രം അതിന്റെ ലക്ഷ്യത്തിലെത്തുകയുള്ളു. ഇപ്രകാരമുള്ള വിശ്വാസമാണ് ക്രിസ്തുവിന്റെ വാഗ്ദാനത്തിലും സഭയുടെ പ്രാർത്ഥനയിലും പ്രതിഫലിക്കുന്നത്. *കർത്താവായ യേശുവേ വരണമേ* എന്ന പ്രാർത്ഥന ക്രിസ്തീയ ആരാധനസമൂഹങ്ങളിൽ നിന്നു നിരന്തരം ഉയരുന്ന യാചനയാണ്. *മാറാ നാതാ* (ഞങ്ങളുടെ കർത്താവേ വന്നാലും) എന്ന് അരമായ ഭാഷയിൽ വി. പൗലോസ് ഈ പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്നു (1 കോറി 16,22). നാഥന്റെ വരവിനുവേണ്ടി വിശ്വസ്തതാപൂർവ്വം, പ്രാർത്ഥനാസമേതം കാത്തിരിക്കുകയാണ് ഗ്രന്ഥകാരനും അനുവാചകരും. ക്രിസ്തുവിന്റെ പേരിൽ പീഡനങ്ങൾ അനുഭവിക്കുന്ന സഭാസമൂഹത്തിന്റെ നടുവിൽ നിന്നുകൊണ്ട് ഉരുവിടുന്ന ഈ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കും എന്ന ഉറച്ചവിശ്വാസം അടുത്ത വാക്യത്തിൽ ഗ്രന്ഥകാരൻ ഉച്ചത്തിൽ ഉദ്ഘോഷിക്കുന്നു.

**22,21** കൃപയും സമാധാനവും ആശംസിച്ചുകൊണ്ട് ആരംഭിച്ച ലേഖനം (വെളി 1,5) -വെളിപാടു ഗ്രന്ഥം- അതേ ആശംസകൊണ്ടുതന്നെ സമാപിക്കുന്നു.

B B B B B